കേരളപാണിനീയം

ഏ. ആർ. രാജരാജവർമ്മ

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and genearte various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

ഉള്ളടക്കം

ഉള്ളടക്കം iii
മുഖവുര vii

ഒന്ന് പീഠിക **1**
1 മലയാളദേശവും ഭാഷയും 3
1 അനുനാസികാതിപ്രസരം: 21
2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: 21
3 സ്വരസംവരണം: 22
4 പുരുഷഭേദനിരാസം: 25
5 ഖിലോപസംഗ്രഹം: 27
6 അംഗഭംഗം: 30
2 ഘട്ടവിഭാഗം 47
1 ആദ്യഘട്ടം — കരിന്തമിഴകാലം: 57
2 മധ്യഘട്ടം — മണിപ്രവാളരീതി 58
3 ആധുനികഘട്ടം 59
3 അക്ഷരമാല 61
4 വർണ്ണവികാരങ്ങൾ 77

രണ്ട് സന്ധിപ്രകരണം **93**
1 സന്ധിവിഭാഗം 95
1 ലോപസന്ധി 97
2 ആഗമസന്ധി 100
3 ദ്വിത്വസന്ധി 105
4 ആദേശസന്ധി 112
2 ശബ്ദവിഭാഗം 117
1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: 126
3 പ്രകൃതിപ്രത്യയങ്ങൾ 131

മൂന്ന് നാമാധികാരം **133**
1 ലിംഗപ്രകരണം 135
2 വചനപ്രകരണം 145
3 വിഭക്തിപ്രകരണം 159
1 നാമരൂപാവലി 168
4 വിഭക്ത്യാഭാസപ്രകരണം 175
1 ഇനി ഇരട്ടിപ്പ് 177
5 കാരകപ്രകരണം 183
6 തദ്ധിതപ്രകരണം 195
1 തന്മാത്രപ്രത്യയങ്ങൾ 196

നാല് ധാത്വധികാരം **203**
1 ധാത്വധികാരം 205
1 പ്രാരംഭം 205
2 പ്രകൃതി 205
3 സ്വഭാവം 206
2 കാലപ്രകരണം 207
1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ 214
2 കാലപ്രത്യയങ്ങളുടെ ആഗമം 232
3 പ്രകാരപ്രകരണം 235
4 പ്രയോഗപ്രകരണം 243
5 പ്രയോജകപ്രകൃതി 245
6 നാമധാതുപ്രകരണം 255
7 ഖിലധാതുക്കൾ 259
8 അനുപ്രയോഗം 261
1 ഒന്നാംവക, ഭേദകാനുപ്രയോഗം 265
2 രണ്ടാം വക; കാലാനുപ്രയോഗം 269
3 മൂന്നാംവക, പൂരണാനുപ്രയോഗം 271
9 നിഷേധപ്രകരണം 273

10 സമുച്ചയം 283
11 അംഗക്രിയ 285
1 പേരെച്ചം 289
2 വിനയെച്ചം 295
12 കൃതികൃത്തുക്കൾ 311
13 കാരകൃത്തുക്കൾ 315

അഞ്ച് ഭേദാധികാരം 317
1 ഭേദാധികാരം 319

ആറ് നിപാതാവ്യയാധികാരം 325
1 നിപാതാവ്യയാധികാരം 327

ഏഴ് ആകാംക്ഷാധികാരം 331
1 വാക്യപ്രകരണം 333
1 പദക്രമം 336
2 പൊരുത്തം 337
2 സമാസപ്രകരണം 343
3 ശബ്ദോൽപ്പത്തി 351
ധാതുപാഠം 365
കാരികാസൂചിക 375

ശ്രീഃ

സമർപ്പണം

മഹാമഹിമശ്രീമദ് കേരളവർമ്മദേവേഭ്യഃ
സി.എസ്.ഐ;എഫ്.എം.യു;എം.ആർ.എ.എസ്;എഫ്.ആർ.എച്ച്.എസ്.

പ്രഭൃതിബിരുദധാരിഭ്യഃ

ഭോ ഗുരുപാദാഃ,

സാലാതുരീയമുനിമന്ദരമഥ്യമാനഃ
കാത്യായനാമരസരിജ്ഝരപൂര്യമാണഃ
ശ്രീമദ്പതഞ്ജലിഘടോദ്ഭവചൂഷ്യമാണഃ
ശബ്ദാനുശാസനമഹാജലധിശ്ചകാസ്മി. (1)

ശ്രീഭാഷ്യകാരരസനാവലിലിഹ്യമാനാ-
ദ്യത്പൂരതോ വിഘസവിപ്ലുഷഉത്പ്രകീർണ്ണാഃ
ഉച്ചിത്യ കർമ്മകുശലൈഃ കില ജർമ്മനീയൈർ-
ഭാഷാനുശാസനനിപാനമതാനി നൂനം. (2)

ലോകാതിവർത്തിവിതതവ്യവസായസിന്ധൊഃ
സാരവഗാഢഗുരുഭിർഹരിബദ്ധതീർത്ഥൈഃ
യസ്യൈകദേശമവഗാഹ്യ നദീഷ്ണമാനീ
പാരം ഗതോ “f” ഹമിതിവല്ഗതി ഫല്ഗുചേതാഃ. (3)

തസ്യൈതസ്യ സമന്തതോ “f” പി ഹരിതാംകുലങ്കഷസ്യാംബുധേഃ
കല്ലോലേഷു കുതൂഹലാകുലതയാ നിഷ്ണാതവദ്ഭിശ്ചിരം
ശ്രീമദ്ഭിർഗിനീസുതപ്രണയിഭിർവിചീഷു സഞ്ചാരിതഃ
സോ “f” യം കിഞ്ചിദുപാഹരാമി ഭവതാം
സംയാത്രയാത്രാർജ്ജിതം. (4)

യദ്യാ “f” ലം കഥിതൈരഹോ! ന ഖലു ഭോഃ! സൂത്രാണി സംസീവ്യതാ
രീതിം കേരളവൈഖരീയസമുദാചാരോചിതം ഗ്രഹ്ണതാ
ശബ്ദാനാമനുശിഷ്ടിരാപദശിഖം സംവർമ്മിതേയം മയാ
ബദ്ധാ കേരളവർമ്മണൈവ ഗുരുണേത്യാദീയതാമദാരത്. (5)

അദ്ധ്യായപ്രവചനബോധസംപ്രയോഗൈർ-

വിദ്യാനാം വിവിധഗതീശ്ചതുർദശാനാം
സർവജ്ഞ! ത്വദയമധീത്യ യം ന്യംബ്ദനാം
ഗ്രന്ഥോ *f* യം വഹതു സ പാണിനീയഭൂയം (6)

പഞ്ചപാഠങ്ങളാലോതി പൂർണ്ണം വ്യാകരണം മുനി;
പഞ്ചപ്പാട്ടുകളഞ്ചാറു പറഞ്ഞേനിന്നിവൻ പുനഃ

അനന്തപുരം
1070 മകരം 18

ശ്രീമതാം പ്രിയശിഷ്യഃ
അ. രാ. രാജരാജവർമ്മാ

നവീകൃതം കേരളപാണിനീയം
നിവാപനിർണ്ണേനജനനീരജസ്കേ
നിവേദയ*f*ത്രൈവ ഗുരോ പദാബ്ജേ
നിവാരിതാശ്രുപ്രസരോ *f*ദ്യ യത്നാത്.

തിരുവനന്തപുരം
1092 വൃശ്ചികം 16

A. R. R. V

മുഖവുര

ഒരു ഭാഷയ്ക്കു വ്യാകരണം ചെയ്യുന്നതു രണ്ടു വിധം ആകാം. ആ ഭാഷയിലെ രൂപസിദ്ധിക്രമം, അന്വയസമ്പ്രദായം മുതലായതു് തൽക്കാലത്തെ നടപ്പനുസരിച്ചു പരീക്ഷിച്ചു നോക്കീട്ടു് അതിനെല്ലാം ഉപപത്തിയുണ്ടാക്കത്തക്ക വിധം ചില സിദ്ധാന്തങ്ങളെ കല്പിച്ചുകൊള്ളുക. ഇതു അഭ്യൂഹം എന്നു പറയുന്ന കേവലയുക്തിയെ അടിസ്ഥാനമാക്കിപ്പുറപ്പെടുന്ന മാർഗ്ഗമാകയാൽ ഇതിന്നു് ആഭ്യൂഹികപ്രസ്ഥാനമെന്നു പേർ. ഇങ്ങനെ അല്ലെങ്കിൽ വ്യാകരിക്കേണ്ടുന്ന ഭാഷയുടെ ഉൽപ്പത്തിമുതൽ നാളതുവരെയുള്ള ചരിത്രം ആരാഞ്ഞറിഞ്ഞു് പല പതനങ്ങളിലും ഉണ്ടായിട്ടുള്ള വ്യത്യാസങ്ങളെ കണ്ടു പിടിച്ചു് അതുകളുടെ പോക്കിനു ചേർന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുക. ഇതു് ആഗമത്തെ (ചരിത്രത്തെ) ആസ്പദമാക്കീട്ടുള്ള പുറപ്പാടാകയാൽ ഇതിന്നു് ആഗമികപ്രസ്ഥാനമെന്നും പേർ. എളുപ്പത്തിൽ എഴുതിയുണ്ടാക്കാവുന്നതു് ആഭ്യൂഹികവ്യാകരണമായിരിക്കും; എന്നാൽ ഉപയോഗമധികം ആഗമികവ്യാകരണംകൊണ്ടാണു്. വ്യാകരണത്തെ ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിക്കണമെങ്കിൽത്തന്നെ അതു് ആഗമികമാർഗ്ഗത്തിലുള്ളതായിരിക്കണം.

ഒരു നാമത്തിന്നു് ലിംഗവിഭക്തികളിലോ, ഒരു ധാതുവിന്നു് കാലപ്രകാരാദികളിലോ രൂപം ഇന്നവിധം എന്നുപദേശിക്കയല്ല വ്യാകരണത്തിന്റെ ശരിയായ പ്രവൃത്തി. നാട്ടുഭാഷകളെ സംബന്ധിച്ചിടത്തോളം ആ വക സംഗതികളിൽ അതാതു നാട്ടുകാർക്കു് വ്യാകരണാപേക്ഷ വരുന്നതു് അപൂർവ്വമാണു്. അക്ഷരം ഉച്ചരിക്കാറായ ദിവസംമുതൽ പെരുമാറിക്കൊണ്ടുവരുന്ന മാതൃഭാഷയിലെ രൂപഭേദങ്ങളെല്ലാംതന്നെ പരിചയംകൊണ്ടു സ്വയമേ കൈവശപ്പെട്ടുകൊള്ളും. വാസനയുണ്ടെങ്കിൽ സ്വല്പമായ പ്രയോഗപരിജ്ഞാനംകൊണ്ടു് കവിതചെയ്യാൻ കൂടി സാധിച്ചു എന്നുവരാം. എന്നാൽ ഇന്നതു തെറ്റു് ഇന്നതു ശരി എന്നു വിധിക്ക, പുതിയ ആശയങ്ങളെ ആവശ്യംപോലെ ആവിഷ്കരിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുക, പഴയ മാമൂലുകളും തറവാട്ടുസ്വത്തുക്കളും രക്ഷിച്ചുപോരുക, പരപരിഭവംകൊണ്ടു് കെടുതൽ തട്ടാതെ സൂക്ഷിക്ക, ദുസ്സ്വാതന്ത്ര്യത്താൽ ഉണ്ടാകുന്ന നിയമലംഘനങ്ങൾ നിമിത്തം വ്യാകുലീഭാവം വരാതിരിപ്പാൻ വേണ്ട ഏർപ്പാടുകൾ ചെയ്യ ഇതെല്ലാം വ്യാകരണംകൊണ്ടല്ലാതെ സാധിക്കയില്ല. എന്നുവേണ്ട, വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യംപോലെയാകുന്നു. ഭരണ

ത്തിലും തന്ത്രഭേദമുള്ളതുപോലെ ആഭ്യൂഹികവ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കും.

"കേരളപാണിനീയം" അതിന്റെ ആദ്യത്തെ ആവിർഭാവത്തിൽത്തന്നെ ആഗമം അടിസ്ഥാനപ്പെടുത്തി ചെയ്തിട്ടുള്ള ഒരു മലയാളവ്യാകരണമായിരുന്നു. എങ്കിലും പാണിനീയം എന്ന പേരിനു ചേർന്ന് അഭ്യൂഹസമ്പ്രദായത്തിന് ഒരു പ്രാധാന്യം അതിൽ അനുവദിച്ചിരുന്നു. വാസ്തവത്തിൽ വൈയാകരണസാർവ്വഭൗമനായ പാണിനിമഹർഷിയുടെ പ്രസ്ഥാനം ഛത്രിന്യായേന ആഗമികംതന്നെ എന്നു ലഘുപാണിനീയത്തിന്റെ രണ്ടാംഭാഗത്തിൽ സമർത്ഥിച്ചിട്ടുണ്ട്. മഹാഭാഷ്യകാരന്റെ പില്ക്കാലം ഉണ്ടായ വ്യാഖ്യാതാക്കന്മാരാണ് ആചാര്യനെ ദുസ്സ്വാതന്ത്ര്യാധിപയാക്കിത്തീർത്തത്. എന്നാൽ ബഹുലവിധികൾ, ആകൃതിഗണകല്പന, വ്യവസ്ഥിതവിഭാഷ മുതലായ ഏർപ്പാടുകളിൽനിന്നു തെളിയുംപ്രകാരം മഹർഷിക്കും സഹജമായിട്ട് അല്പം അധികാരഭ്രമം ഉണ്ടായിരുന്നു എന്നു സ്പഷ്ടമാണ്. പ്രക്രിയാനിഷ്കർഷം, വ്യത്യസ്താനുധാവനവ്യസനം, സർവ്വലോപിപ്രത്യയകല്പനം—ഇത്യാദികൾ ഏകച്ഛത്രാധിപത്യത്തിലുള്ള ദുരാഗ്രഹത്തിന്റെ വിലാസങ്ങളാണെന്നു സമ്മതിക്കയേ നിർവ്വാഹമുള്ളൂ.

പാണിനിമഹർഷിയുടെ പഴയ കരുവിൽ ഇട്ടു വാർത്തെടുക്കയാൽ മേൽച്ചൊന്ന ചില അറ്റകുറ്റങ്ങൾ "കേരളപാണിനീയ"ത്തിലും ഏറെക്കുറെ സംഭവിച്ചുപോയിരുന്നു. ആവക ന്യൂനതകൾക്കുകൂടെ യഥാശക്തി പ്രതിവിധി ചെയ്തിട്ടാണ് ഈ രണ്ടാംപതിപ്പിനെ മഹാജനസമക്ഷം അവതരിപ്പിക്കുന്നത്. ആകൃതിയിലും പ്രകൃതിയിലും മാത്രമല്ല, വേഷത്തിലും വിഷയത്തിലും കൂടി "കേരളപാണിനീയ"ത്തിന്റെ ഈ മുദ്രണത്തിൽ പറയത്തക്ക ഭേദഗതികൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. 'അഹർമ്മനവും യോഗ്യാദിയും' എല്ലാം കഴിച്ചാൽ 'കേരളപാണിനീയം' എന്ന പേർ മാത്രമേ ശേഷിക്കയുള്ളൂ. അതിനാൽ പ്രകൃതപുസ്തകം 1071ൽ പ്രസിദ്ധപ്പെടുത്തിയ "കേരളപാണിനീയ"ത്തിന്റെ ഒരു രണ്ടാം പതിപ്പാണെന്നു പറഞ്ഞറിയിക്കതന്നെ വേണ്ടിയിരിക്കുന്നു. പേരുംകൂടി മാറ്റിക്കളയാമെന്ന് എനിക്കു വിചാരമുണ്ടായി; പക്ഷേ, ചില സ്നേഹിതന്മാർ ആ സംഗതിയിൽ വിസംവദിക്കയാൽ അതു ചെയ്തില്ല. ഏതാനും ഭാഗങ്ങൾ അവിടവിടെ ആദ്യത്തെ പതിപ്പിൽ ഇരുന്ന പ്രകാരംതന്നെ ഇപ്പോഴത്തേതിലും സ്വീകരിച്ചിട്ടില്ലെന്നുമില്ല.

ഇരുപതിൽച്ചില്വാനം കൊല്ലങ്ങൾക്കുമുമ്പ് ബാല്യസുലഭമായ കൗതൂഹലത്തിന്റെ ഫലമായിട്ടെഴുതിയിരുന്ന ഒരു വ്യാകരണഗ്രന്ഥത്തെ നിശ്ശേഷം പരിശോധിച്ച്, വിധം മാറ്റി, പലേ പുതിയ സംഗതികളും ചേർത്തു വിസ്തരിച്ച് ഈ മട്ടിൽ പ്രസിദ്ധപ്പെടുത്തുന്നതിനു തൽക്കാലം എന്നെ പ്രേരിപ്പിച്ചത് മദ്രാസ് സർവ്വകലാശാലക്കാർ മലയാളത്തെ ബി.ഏ. പരീക്ഷയ്ക്കു നിശ്ചയിച്ചിട്ടുള്ള പല ഐച്ഛികവിഷയങ്ങളുടെ കൂട്ടത്തിൽ ഒന്നായി ഗണിക്കുകയും, നാട്ടുഭാഷാഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരങ്ങളായ മഹാരംഭങ്ങളെ നിത്യമെന്നപോല കൈക്കൊണ്ടുവരുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവണ്മെന്റുകാർ തലസ്ഥാനത്തുള്ള കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആ വിഷയത്തിലും വിനയാവസരം അനുവദിക്കയും ചെയ്തതാകുന്നു. സാഹിത്യസാഹ്യം മുതലായ മറ്റു ഗ്രന്ഥങ്ങളുടെ സംഗതിയിൽ എന്ന

പോലെ കേരളപാണിനീയത്തിന്റെ പുനർജ്ജന്മവും ക്ലാസ്സിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ നിന്നാകുന്നു. അതിനാൽ എന്റെ ഈ യത്നം മലയാളഭാഷയുടെ അഭ്യുദയത്തിന് അല്പമെങ്കിലും ഉപകരിക്കുമെങ്കിൽ അതിനാലുള്ള മെച്ചം എനിക്കുള്ളതിനെക്കാൾ പ്രസ്തുത സർവ്വകലാശാലയ്ക്കും പ്രസ്തുത ഗവണ്മെന്റിനും ആണെന്നു സമ്മതിച്ചേതീരൂ. അവർമൂലം മേലാലും നമ്മുടെ മാതൃഭാഷയ്ക്ക് അനേകവിധങ്ങളായ അനുഗ്രഹങ്ങൾ സിദ്ധിക്കട്ടെ.

പ്രസ്തുത ഗ്രന്ഥപ്രണയനത്തിൽ താഴെ പറയുന്ന പുസ്തകങ്ങൾ മറ്റുള്ളതിന്റെ കൂട്ടത്തിൽ എനിക്ക് അത്യന്തം ഉപകരിച്ചിട്ടുണ്ട്.

1. A Comparative Grammar of the Dravidian Languages — Rev. Robert Caldwell, D.D., LL.D
2. മലയാളവ്യാകരണം — Rev. H. Gundert, D.Ph.
3. തമിഴ് നന്നൂൽ (മൂലം) — ഭവനന്ദി
4. ടി. (English) — W. Joyas and S. Samuel Pillai
5. കർണ്ണാടകവ്യാകരണം (English) — Rev. Dr. F. Kittel
6. തെലുങ്കുവ്യാകരണം ആന്ധ്രശബ്ദചിന്താമണി — നന്നയ്യഭട്ടാരകപ്രണീതം
7. ടി. സുലഭവ്യാകരണം — വി. സുബ്ബറാവു
8. ടി. (English) — Rev. A.H. Arden, M.A.
9. Tamil Studies — M. Srinivasa Iyengar M.A.
10. ലീലാതിലകം (കൈയെഴുത്തുപുസ്തകം)

തിരുവനന്തപുരം
1092 വൃശ്ചികം 15

ഏ. ആർ. രാജരാജവർമ്മ

ഭാഗം ഒന്ന്

പീഠിക

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

മലയാളദേശവും ഭാഷയും

1. മലയാളം എന്ന വാക്ക് ആരംഭത്തിൽ ദേശനാമം മാത്രമായിരുന്നു. മലയാളനാട്ടിലെ ഭാഷ എന്ന അർത്ഥത്തിലാണ് നാം മലയാളഭാഷ എന്നു പറയാറുള്ളത്. ദേശത്തിന് മലയാളം എന്നും, ഭാഷയ്ക്ക് മലയാണ്മ അല്ലെങ്കിൽ മലയായ്മ എന്നും ഒരു വിവേചനം ഉണ്ടായിരുന്നത് ക്രമേണ നഷ്ടമായി. ആധുനിക മലയാളത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് ദേശനാമം തന്നെ ഭാഷയ്ക്കും ഉപയോഗിക്കാൻ തുടങ്ങിയത്. അതിനാൽ ഇപ്പോൾ മലയാണ്മ എന്നതിനു പഴയ മലയാളഭാഷ എന്നുകൂടി ചിലർ അർത്ഥം ഗ്രഹിക്കാറുണ്ട്.

2. മലയാളദേശത്തിന്റെ വിസ്താരവും വിഭാഗങ്ങളും പല കാലത്തും പലവിധമായിരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ ജില്ല ഇത്രയും കൂടിയ ഭൂഖണ്ഡത്തിനാണ് ഇപ്പോൾ ഇപ്പേർ. നാട്ടുകാരായ തമിഴർ പാണ്ടിക്കും മധുരയ്ക്കും പടിഞ്ഞാറു കിടക്കുന്ന മലംപ്രദേശത്തിന് 'മലനാട്'[1] എന്നു പേർ പറഞ്ഞുവന്നു. പശ്ചിമഘട്ടം എന്ന പർവ്വതപംങ്ക്തിയുടെ പടിഞ്ഞാറു വശത്തുള്ള ഭൂമിയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കാം. ആര്യാവർത്തത്തിൽ നിന്നു തെക്കോട്ടു കടന്നു വന്ന ആര്യന്മാർ ഈ ഭൂമിക്കു 'കേരളം' എന്ന് സംജ്ഞ ചെയ്തു. കേരം എന്നു പറയുന്ന നാളികേര വൃക്ഷങ്ങളുടെ ധാരാളതയെ ഈ പേർ സൂചിപ്പിക്കുന്നു.[2] ഇതിന്റെ അതിർത്തികൾ 'കന്യാകുമാരി മുതൽ ഗോകർണ്ണപര്യന്തം' എന്നാണു വച്ചിട്ടുള്ളത്. വീരഹത്യാപാപം തീരാൻ വേണ്ടി പരശുരാമൻ സമുദ്രരാജാവിനോടു് പിടിച്ചടക്കി ബ്രാഹ്മണർക്ക് ദാനം ചെയ്ത ഭൂമി എന്നുള്ള പുരാണപ്രസിദ്ധി പ്രകാരം സംസ്കൃതത്തിൽ ഈ ദേശത്തെ 'ഭാർഗ്ഗവക്ഷേത്രം' എന്നും വ്യവഹരിക്കാറുണ്ട്. മറുദേശങ്ങളിൽ നിന്നു കച്ചവടത്തിനു വന്ന അറബി മുതലായ വിദേശീയർ അറബിക്കടലിന്റെ കരയ്ക്കുണ്ടായിരുന്ന രാജ്യങ്ങൾക്കു പൊതുവേ 'മലബാർ' അല്ലെങ്കിൽ 'മലിബാർ' എന്നു പേർ പറഞ്ഞുവന്നു. ഈ വിഭാഗത്തിൽ കിഴക്കുപ

[1] 'മലൈനാടു' എന്ന തമിഴു രൂപം ഈ ഖണ്ഡത്തിൽത്തന്നെ താഴെ കൊടുത്തിട്ടുണ്ട്.

[2] കേരവൃക്ഷങ്ങൾ നമ്മുടെ നാട്ടിൽ വന്നുചേരുന്നതിനു നൂറ്റാണ്ടുകൾക്കു മുൻപ് ഈ നാട്ടിനു കേരളം എന്നു പേരു കിട്ടിയിരുന്നു. ക്രി. മു. നാലാം നൂറ്റാണ്ടിൽ കാത്യായനനു കേരളം എന്ന ദേശസംജ്ഞ അറിവുണ്ടായിരുന്നു. ചേരളം, ചേരലകം മുതലായി പല പദങ്ങളും കേരളപദത്തിന്റെ പ്രാഗ്രൂപമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ടിഞ്ഞാറുള്ള വ്യാപ്തിയുടെ നിശ്ചയം ഇല്ല. യൂറോപ്പുദേശക്കാർ തമിഴ ഭാഷയ്ക്കു കൂടി മലബാർ എന്ന പേർ പറഞ്ഞു വന്നിരുന്നു. തമിഴകം എന്നതിനെ 'ദിമിലികെ' എന്നാക്കി ഗ്രീക്കുകാർ ഈ നാട്ടിനു പേർ കൊടുത്തിരുന്നു.

'തൊൽകാപ്പിയം' എന്ന തമിഴഗ്രന്ഥപ്രകാരം സംസ്കൃതത്തിൽ 'കേരളം' എന്നു പറഞ്ഞു വരുന്ന 'ചേര'രാജ്യത്തിന്, 1. വേണാട്ട്, 2. പൂഴിനാട്ട്, 3. കർക്കാനാട്ട്, 4. ചീതനാട്ട്, 5. കുട്ടനാട്ട്, 6. കുടനാട്ട്, 7. മലയമാനാട്ട് എന്ന് ഏഴു വിഭാഗങ്ങൾ ഉണ്ടായിരുന്നു.[3] ഇതിൽ കുട്ടനാട്ട് എന്ന പേർ മദ്ധ്യതിരുവിതാംകൂറിലെ ചില താലൂക്കുകൾക്ക് ഇന്നും പറഞ്ഞുവരുന്നുണ്ട്. 'വേണാട്' എന്നതു് ആദികാലത്തു് ഇടവാ മുതൽ തെക്കോട്ടു മാത്രം വ്യാപിച്ചിരുന്ന തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പേർ ആയിരുന്നു. ഏറെക്കുറെ ചേര രാജ്യത്തിനുതന്നെ ആണ് തമിഴിലെ അർവ്വാചീന ഗ്രന്ഥകാരന്മാർ 'മലൈനാട്' അല്ലെങ്കിൽ 'മലൈമണ്ഡലം'[4] എന്നു പേരിട്ടതു്. ഒരുകാലത്തു് സേലം, കോയംപുത്തൂർ എന്ന ഇപ്പോഴത്തെ രണ്ടു ജില്ലകളും ചേര രാജാക്കന്മാരുടെ കീഴിലായിരുന്നു. പരശുരാമൻ കേരളത്തിൽ സപ്തകൊങ്കണങ്ങളെ നിർമ്മിച്ചു എന്നു
57 പുരാണാദികളിൽ കാണുന്നതു് ഈ ഏഴു നാടുകളെ ഉദ്ദേശിച്ചു തന്നെ ആയിരിക്കാം.

3. ഒരിക്കൽ മലയാളരാജ്യത്തു കടൽ കയറുകയും പിന്നീടു പിൻവാങ്ങുകയും ഉണ്ടായിട്ടുണ്ടെന്നു ഭൂവിജ്ഞാനീയ (geology) ശാസ്ത്രപ്രകാരം[5] കാണുന്നുണ്ട്. 'പരശുരാമൻ സമുദ്രത്തിൽ നിന്നു വീണ്ടെടുത്തു' എന്ന് പുരാണങ്ങൾ ഘോഷിക്കുന്നതും ഈ സംഭവത്തെ ഉദ്ദേശിച്ചായിരിക്കാം. ഇതു തന്നെ ആയിരിക്കയില്ലയോ വേറെ ചില ഇതിഹാസകഥകൾക്കും അടിസ്ഥാനം എന്ന് ഊഹിക്കുവാൻ വഴികാണുന്നു. പുരാണപ്രകാരം, അടുത്തു കഴിഞ്ഞ അവാന്തരപ്രളയം ദ്രമിളദേശത്താണ് ആരംഭിച്ചതു്. ദ്രമിളാധിപതിയായ സത്യവ്രതൻ കൃതമാലാ നദിയിൽ സന്ധ്യാവന്ദനത്തിനായിട്ട് കൈയിൽ കോരിയെടുത്ത ജലത്തിൽ ഒരു ചെറിയ മത്സ്യത്തെ കണ്ടുവെന്നും അതു ജലാഞ്ജലിയിൽ വിട്ടൊഴിയാതെ നില്ക്കയാൽ അതിനെ രാജാവ് ഗൃഹത്തിൽ കൊണ്ടുവന്നു സൂക്ഷിച്ചതിൽ ദിവസംപ്രതി ഇടുന്ന പാത്രം നിറഞ്ഞു വന്ന് നാലഞ്ചു ദിവസത്തിനുള്ളിൽ മഹാമത്സ്യമായിത്തീർന്ന് ഏഴു ദിവസത്തിനകം പ്രളയമുണ്ടാകുവാൻ പോകുന്ന വിവരവും, അപ്പോൾ ചെയ്യേണ്ടുന്ന കൃത്യങ്ങളും രാജാവിനെ ഗ്രഹിപ്പിച്ചിട്ട് സമുദ്രത്തിൽ പ്രവേശിച്ചുവെന്നും ആണല്ലോ മത്സ്യാവതാരകഥ. ദ്രമിള രാജ്യത്തിന്റെ കടലോരം ആണ് കേരളം; അതിന്റെ ഒരു അതിർത്തി കൃതമാലാ നദി ആയിരുന്നുവെന്ന് 'കൃതമാലാമലയാചലപശ്ചിമാംഭോധിമദ്ധ്യേ' എന്ന് ഇന്നും സങ്കല്പത്തിൽ പറഞ്ഞുവരുന്ന എലുകകളിൽ നിന്നു തെളിയുന്നുമുണ്ട്. അതിനാൽ, 'ആറാമതായ ചാക്ഷുഷമന്വന്തരത്തിന്റെ അന്തത്തിൽ ഉണ്ടായി' എന്നു ഘോഷിക്കുന്ന അവാന്തരപ്രളയം കേരളത്തിൽ സമുദ്രം കയറിയതു തന്നെ ആകരുതോ?

യുക്തിമാർഗ്ഗത്തിൽ കടന്ന് ആലോചിക്കുന്നതായാൽ മത്സ്യാവതാരത്തിന്റെ പ്രയോജനത്തിനും തമിഴദേശചരിത്രത്തിൽ ഉപപത്തികൾ ഊഹിപ്പാൻ വേണ്ടിടത്തോളം വഴികാ

---

3 ചില തൊൽകാപ്പിയവ്യാഖ്യാനങ്ങളിലാണ് ഈ നാടുകളുടെ പേരുകൾ കാണുന്നതു്.

4 'മലൈമണ്ടലം' എന്നു തമിഴിൽ എഴുതും.

5 'ഭൂഗർഭവിജ്ഞാനീയം' എന്നാണ് ഇക്കാലത്തു പറയാറുള്ളതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

ണന്നുണ്ട്. ഹയഗ്രീവമഹാസുരനാൽ അപഹരിക്കപ്പെട്ട വേദങ്ങളെ വീണ്ടെടുപ്പാനാണ് മഹാവിഷ്ണു മത്സ്യമായി അവതരിച്ചത്. ഇക്കഥ 'ഒരു കാലത്തു ലുപ്തങ്ങളായിപ്പോയ വർണ്ണാശ്രമ ധർമ്മാചാരങ്ങളെ ദ്രമിളദേശത്ത് പ്രത്യുജ്ജീവിപ്പിക്കേണ്ടുന്ന ആവശ്യം നേരിട്ടു' എന്ന സംഗതിയെപ്പറ്റിയുള്ള അർത്ഥവാദമാണെന്നും കല്പിക്കുവാൻ വിരോധമില്ല. ആദികാലത്ത് ചെറിയ സംഘങ്ങളായി തെക്കോട്ടു കടന്നു വന്ന ആര്യന്മാർ ആദിമനിവാസികളായ ദ്രാവിഡർക്കു കീഴടങ്ങി വളരെക്കാലം ഇരുന്നിട്ടുണ്ടെന്നു തമിഴുപഴമകളിൽ നിന്നു കാണുന്നുണ്ട്. വിശേഷിച്ചും കേരളത്തിൽ ആര്യന്മാർ സിന്ധുനദീമുഖത്തു നിന്നു പുരാതന കാലത്തു തന്നെ സമുദ്രയാത്ര ചെയ്ത് ഗോകർണ്ണം വഴി തെക്കോട്ടു വ്യാപിച്ച് കുടിപാർത്തിരുന്നിരിക്കുവാൻ ഇടയുണ്ട്. സംസ്കൃത ശബ്ദങ്ങളെ ഉച്ചരിക്കുന്നതിൽ മലയാളികൾക്ക്, ശേഷമുള്ള ദ്രാവിഡരിൽ ഒരു സംഘത്തിലും ഇല്ലാത്ത ചില വിശേഷവിധികൾ[6] ഈ ഊഹത്തിന് ഒരു പ്രധാന ലക്ഷ്യമാകുന്നു. 'ഡ'കാരത്തെ 'ള' കാരമാക്കി ഉച്ചരിക്കുന്ന സമ്പ്രദായം ഋഗ്വേദത്തിൽ മാത്രമാണുള്ളത് ഇന്നും കേരളീയരുടെ സംസ്കൃതോച്ചാരണത്തിൽ സാർവ്വത്രികമായി കാണുന്നു: സമ്രാഡ്ഭ്യാം = സമ്രാൾഭ്യാം, വഷട് = വഷൾ ഇത്യാദി.[7] ഇങ്ങനെ ആദ്യമായി കടൽ വഴി കടന്നു വന്ന ആര്യന്മാർ പശ്ചിമഘട്ടം കയറിക്കടന്ന് കിഴക്കോട്ടും വ്യാപിച്ചിരുന്നാലും പ്രധാനമായി കേരളത്തിൽത്തന്നെ കുടിപാർത്തിരിക്കാം. സംഘബലക്കുറവിനാൽ ഇവർ ചില ദ്രാവിഡാചാരങ്ങളെ സ്വീകരിക്കുകയും ആര്യമതാചാരങ്ങൾക്ക് ലോപം വരുത്തുകയും ചെയ്തിരിക്കാം. പിന്നീട് ക്രമേണ ആര്യാവർത്തത്തിൽ ആധിപത്യം സ്ഥാപിച്ചിട്ട് അവിടെ നിന്നും വിന്ധ്യപംക്തി ഉല്ലംഘിച്ച് ദക്ഷിണാപഥത്തെ ആക്രമിച്ച ആര്യസംഘങ്ങൾ പൂർവ്വാഗതന്മാരായ ഈ സ്വവർഗ്ഗക്കാരോടു കൂട്ടിമുട്ടിയപ്പോൾ അവരെ ഭ്രഷ്ടന്മാരെന്നും ലുപ്താചാരന്മാരെന്നും ആക്ഷേപിച്ചിരിക്കുവാൻ ഇടയുണ്ട്. ദ്രാവിഡരെ ജാതിഭ്രഷ്ടരായ ക്ഷത്രിയരെന്നു മനു പറയുന്നതു നോക്കുക:

> പൗണ്ഡ്രകാശ്ചൗഡദ്രവിഡാഃ കംബോജാ യവനാഃ ശകാഃ
> പാരദാഃ പഹ്ലവാശ്ചീനാഃ കിരാതാ ദരദാഃ ഖശാഃ
> ശനകൈസ്തു ക്രിയാലോപാദിമാഃ ക്ഷത്രിയജാതയഃ
> വൃഷലത്വം ഗതാ ലോകേ ബ്രാഹ്മണാദർശനേന ച.[8]
>
> (മനുസ്മൃതി X 43, 44)

പ്രളയാനന്തരം മഹാവിഷ്ണു വേദചോരനായ ഹയഗ്രീവനെ വധിക്കുകയും ആര്യാചാരങ്ങൾ യഥാവിധി നടപ്പിൽ വരികയും ചെയ്തു. ആചാരഭേദം സ്വീകരിച്ച പ്രഥമാഗതാര്യന്മാരിൽ പ്രളയാനന്തരം ശേഷിച്ചവരുടെ സന്താനങ്ങളായിരിക്കാം ഇപ്പോൾ കേരളത്തിൽ കാണുന്ന വേദമില്ലാത്ത നംപൂരി വർഗ്ഗക്കാർ എന്നും, 'കേരളത്തിലെ അനാചാരങ്ങൾ' എന്നു പറയു

---

6 'ഉണ്ടെന്നത്'' എന്നുകൂടി ചേർക്കണം.

7 വിരാഡ്—വിരാൾ, അഗ്നിം ഈഡേ—അഗ്നിം ഈളേ മുതലായ ഉദാഹരണങ്ങൾകൂടി നോക്കുക.

8 പൗണ്ഡ്രകന്മാർ, ചൗഡന്മാർ, ദ്രവിഡന്മാർ, കംബോജന്മാർ, യവനന്മാർ, ശകന്മാർ, പാരദന്മാർ, പഹ്ലവന്മാർ, ചീനന്മാർ, കിരാതന്മാർ, ദരദന്മാർ, **ന്മാർ ഈ ക്ഷത്രിയജാതികൾ പതുക്കെപ്പതുക്കെ ക്രിയാലോപംകൊണ്ടും ബ്രാഹ്മണാദർശനം കൊണ്ടും ലോകത്തിൽ ശൂദ്രന്മാരായിത്തീർന്നു—എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 117

ന്നവ എല്ലാം പ്രസ്തുത വിലക്ഷണാചാരങ്ങളുടെ അവശേഷങ്ങളാണെന്നും കൂടി കല്പിക്കുന്നതായാൽ എന്റെ അഭ്യൂഹം പൂർണ്ണമാകും. എന്നാൽ ഈവക സംഗതികൾ ദേശചരിത്രകാരന്റെ അധികാരത്തിൽ ഉൾപ്പെട്ടതാകയാൽ വൈയാകരണന് അതിൽ പ്രവേശിക്കുവാൻ അവകാശമില്ല.

4. മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു. എന്നാൽ എല്ലാ കാലത്തും ഗ്രന്ഥഭാഷ അല്ലെങ്കിൽ വരമൊഴി, നാടോടിഭാഷ അല്ലെങ്കിൽ വായ്മൊഴി എന്ന് ഒരു വ്യത്യാസം എല്ലാ ജീവത്ഭാഷകളിലും ഉള്ളതു പോലെ ഈ തമിഴിലും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷയ്ക്ക് 'ചെന്തമിഴ്' എന്നും നാടോടിഭാഷയ്ക്ക് 'കൊടുന്തമിഴ്' എന്നും ആണ് തമിഴ ഗ്രന്ഥകാരന്മാർ പേരിട്ടിരിക്കുന്നത്. പലവക കൊടുന്തമിഴുകൾ ഉണ്ടായിരുന്നതിൽ ഒന്നാണ് നമ്മുടെ മലയാളമായിത്തീർന്നത്.[9] ഇപ്പോഴത്തെ നിലയിൽ സംസ്കൃതത്തിന്റെ മണിയം പലതും മലയാള ഭാഷയിൽ കയറി ഫലിച്ചിട്ടുണ്ടെങ്കിലും അസ്തിവാരവും മേൽപ്പുരയും ഇന്നും തമിഴ പ്രതിഷ്ഠിച്ചിട്ടുള്ളതു തന്നെയാണ്. വിശേഷ വിധികളൊന്നും ഉള്ളിലേക്കു തട്ടീട്ടില്ല. മരം കൊണ്ടുള്ള നിര കളഞ്ഞു് ആ സ്ഥാനത്ത് ഇട്ടിക പടുത്തു ചുമരു കെട്ടുക, വാതായനങ്ങൾ പണിഞ്ഞ് ഇരുട്ടും മുട്ടും തീർക്കുക — ഇത്രയൊക്കെയേ സംസ്കൃതവർത്തകനു തന്റെ മലയാള ഗൃഹത്തിൽ പരിഷ്കാരം ചെയ്യുവാൻ സാധിച്ചിട്ടുള്ളു. ഈ സിദ്ധാന്തത്തെ മറ്റൊരിടത്തു പ്രസ്താവിക്കാം.

5. മലയാളത്തിന്റെ പ്രാഗ്രൂപം കൊടുന്തമിഴാണെന്നു പറഞ്ഞുവല്ലോ. ചെന്തമിഴ് തന്നെ ഏതു ഭാഷാ കുടുംബത്തിൽ ഉൾപ്പെട്ടതാണെന്നു തീർച്ചപ്പെടുത്തേണ്ടതുണ്ട്. തമിഴ് 'ദ്രാവിഡം' എന്നൊരു പ്രത്യേക കുടുംബത്തിൽ ഉൾപ്പെട്ട ഭാഷയാണ്.[10] ആ കുടുംബത്തിലെ അംഗങ്ങളെ താഴെ വിവരിക്കുന്നു.

1	2	3	4
1. തമിഴ്	3. കർണ്ണാടകം	4. തുളു	8. കുറുക്
2. മലയാളം		5. കൊടക്	9. മാൽട്ടോ
		6. തോഡാ	
		7. കോഡാ	

[9] മലയാളഭാഷയുടെ ഉദ്ഭവത്തെപ്പറ്റി പ്രബലമായ രണ്ടു സിദ്ധാന്തങ്ങളുണ്ടെന്നു സാമാന്യമായിപ്പറയാം. ഒരുകാലത്തു കേരളത്തിൽ സംസാരിച്ചിരുന്നത് തമിഴായിരുന്നെന്നും അതു ചില പ്രത്യേകസാഹചർയ്യങ്ങളിൽ മലയാളമായി പരിണമിക്കയാണുണ്ടായതെന്നും കാൽഡ്വൽ, ഹുണ്ടർട്ട്, കേരളപാണിനി, എൽ. വി. രാമസ്വാമി അയ്യർ, ഷൂൾ ബ്ലാക്ക്, എസ്. കെ. ചാറ്റർജി, ഏ. സി. ശേഖർ മുതലായവർ സിദ്ധാന്തിക്കുന്നു. രണ്ടാമത്തെ സിദ്ധാന്തമനുസരിച്ച്, ആദിദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണു മലയാളം. ഈ മതത്തിന്റെ പ്രചാരകന്മാരിൽ ആറ്റൂർ, ചേലനാട്ട് അച്യുതമേനോൻ, ഉള്ളൂർ, ഗോദവർമ്മ എന്നിവരാണു പ്രമുഖന്മാർ. ഒരേ മതം അവലംബിക്കുന്നവർക്കുതന്നെ അല്പാല്പം അഭിപ്രായഭേദങ്ങൾ വിശദാംശങ്ങളിലുണ്ട്. ഈ മതഭേദങ്ങളിൽ ചിലതിന്റെ സംഗ്രഹം 'കേരളഭാഷാവിജ്ഞാനീയ'ത്തിൽ (പുറം 125–138 ഡോ. കെ. ഗോദവർമ്മ) കാണാം.

[10] ഈ കുടുംബത്തിനു ദ്രാവിഡം എന്നു പേരിട്ടതു കാൽഡ്വലാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 163

5	6	7
10. ഗോണ്ഡി 11. ഗോണ്ഡ (ക്കൂയി)[11]	12. തെലുങ്ക്	13. ബ്രാഹ്വയി

ഇവയിൽ തമിഴ്-മലയാളങ്ങൾ ഒരു ഭാഷയുടെ തന്നെ രൂപാന്തരങ്ങൾ ആകുന്നുവെന്നു മുമ്പു തന്നെ പ്രസ്താവിച്ചല്ലോ. കർണ്ണാടകത്തിനും തമിഴിനോടും വലിയ അടുപ്പമുണ്ട്. തുളു, കൊടക്, തോഡാ, കോഡാ എന്ന തായ്‌വഴി തമിഴ്മലയാളങ്ങളുടേയും കർണ്ണാടകത്തിന്റേയും മദ്ധ്യത്തിൽ നില്ക്കുന്നു. അതിലും ഇവയ്ക്ക് അധികം ചാർച്ച കർണ്ണാടകത്തോടാകുന്നു. കുറുക്, മാൽട്ടോ എന്ന രണ്ടു ഭാഷകളുടെ നിലയും മുൻപറഞ്ഞ നാലെണ്ണത്തിന് ഏകദേശം ചേർന്നു തന്നെ ആണ്. ഗോണ്ഡി, ക്കൂയി എന്ന രണ്ടിനും തെലുങ്കിനോടു രക്തസംബന്ധം കൂടും.[12] തെലുങ്ക് പണ്ടേ തന്നെ മൂലകുടുംബത്തിൽ നിന്നു വളരെ അകന്നു പോയി. ബ്രാഹ്വയി ഒററതിരിഞ്ഞു ബലൂച്ചിസ്ഥാനത്ത് അകപ്പെട്ടു പോകയാൽ അതിന് അന്യഭാഷകളുടെ അതിക്രമം അധികം തട്ടീട്ടുണ്ട്. ദ്രാവിഡ ഭാഷകളിൽ തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം, തുളു, കൊടക് ഈ ആറു ഭാഷകൾക്കു ഗ്രന്ഥസാമഗ്രി കൊണ്ട് പുഷ്ടി ലഭിച്ചിട്ടുണ്ട്.[13] അവയുടെ അവരോഹക്രമത്തിലാണ് അവയെ ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്.

നേർവരയുടെ നീളംകൊണ്ട് അകൽച്ചയും, ചരിഞ്ഞ വരകൊണ്ടു ചാർച്ചയും കാണിക്കുന്ന പക്ഷം താഴെ കൊടുത്തിട്ടുള്ള വംശാവലി (ചിത്രം 1.1) ദ്രാവിഡ ഭാഷകൾക്കു മൂലഭാഷയുമായുള്ള അകൽച്ചയും അടുപ്പവും അന്യോന്യബന്ധവും കാണിക്കും: 6. ദ്രാവിഡവർഗ്ഗക്കാർ 195
'ദക്ഷിണാപഥം' എന്നു പറയുന്ന തെക്കേ ഇൻഡ്യയിലെ ആദ്യനിവാസികൾതന്നെ ആയിരിക്കണമെന്നാണ് പ്രബലമായ ഊഹം. ഇവർ ആര്യന്മാരുടെ ഇൻഡ്യാപ്രവേശനത്തിനു മുൻപ് വടക്കോട്ട് അങ്ങുമിങ്ങും വ്യാപിച്ചിരിക്കാം എന്നു മാത്രമേ ഉള്ളു. ആര്യന്മാരെപ്പോലെയും മുസൽമാന്മാരെപ്പോലെയും മറ്റും ഇവരും മറുദേശങ്ങളിൽനിന്നു വന്ന് കടിയേറിപ്പാർത്തതിന് ഒരു ലക്ഷ്യവും കാണുന്നില്ല. അതിനാൽ ഇവരുടെ ഭാഷകളും ഒരു പ്രത്യേകശാഖയിൽ നില്ക്കുന്നു. സംസ്കൃതത്തോടാകട്ടെ, അതിൽനിന്ന് ദൃഷിച്ചുണ്ടായ വടക്കേ ഇൻഡ്യയിലെ നാട്ടുഭാഷകളോടാകട്ടെ ദ്രാവിഡഭാഷകൾക്കു പറയത്തക്കതായി യാതൊരു ബന്ധവും ഇല്ല. ശബ്ദശാസ്ത്രകാരന്മാർ ഭാഷകൾക്കു ചില മഹാവിഭാഗങ്ങൾ ചെയ്തിട്ടുള്ളതിൽ സിഥിയൻ, ടാർട്ടാർ, തുറേനിയൻ എന്നും മറ്റും പറയുന്ന അനിരുക്തസ്വരൂപങ്ങളായ പല ശാഖകളോടും ദ്രാവിഡഭാഷാവർഗ്ഗത്തിനു ചാർച്ചയുള്ളതായി വാദങ്ങൾ പുറപ്പെട്ടിട്ടുണ്ടെങ്കിലും അതൊന്നും സിദ്ധാന്തദശയിൽ എത്തിക്കഴിഞ്ഞിട്ടില്ല. ഇക്കൂട്ടത്തിൽ ആസ്ത്രേലിയാ മഹാദ്വീപി

[11] കർണ്ണാടകദേശക്കാർ തങ്ങളുടെ ഭാഷയെ കന്നഡം എന്നാണു വിളിക്കുക. കൊടകന് 'കൂർഗ്' എന്നു പേരുണ്ട്. ആറാമത്തേതുമുതൽ പന്ത്രണ്ടാമത്തേതുവരെയുള്ള ഭാഷകളുടെ ശരിയായ പേരുകൾ ഇതാ: തൊദ (തുദ), കോത, കുറുക്, (ഒറാഒാ), മല'ത്തോ (രാജ്മഹാലി), ഗോണ്ഡി, കയി (ഖൊന്ദ്) ഇപ്പറഞ്ഞവയ്ക്കുപുറമേ കോലാമി, നൈകി, ഭീലി എന്നു മൂന്നു ഭാഷകളെക്കൂടി ദ്രാവിഡ ഗോത്രജങ്ങളായി ആധുനികഭാഷാശാസ്ത്രജ്ഞന്മാർ നിർദ്ദേശിക്കുന്നു.

[12] കൂർഗും തൊദയും കോതയും കർണ്ണാടകത്തോടും കയിയും ഗോണ്ഡിയും തമിഴുകർണ്ണാടകങ്ങളോടുമാണ് കൂടുതൽ അടുത്തുനില്ക്കുന്നതെന്നു പക്ഷാന്തരമുണ്ട്.

[13] തുളു, കൊടക് ഈ ഭാഷകളെ അപുഷ്ടങ്ങൾ (Uncultivated) ആയിരിക്കുകയാണു യുക്തതരം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 208



ചിത്രം 1.1: വംശാവലി

ന്റെ വടക്കുഭാഗങ്ങളിൽ പ്രചരിക്കുന്ന ഭാഷകൾക്കും ദ്രാവിഡഭാഷകൾക്കും തമ്മിൽ ചില
209 അംശങ്ങളിൽ കാണുന്ന യോജിപ്പുമാത്രം വക്തവ്യമായിട്ടുണ്ട്.

7. ആര്യന്മാർ ദക്ഷിണാപഥത്തിൽ പ്രവേശിച്ച് ആര്യമതാചാരങ്ങളും ആര്യപരിഷ്കാരങ്ങളും അവിടെ സ്ഥാപിച്ചുകൂട്ടത്തിൽ ആര്യഭാഷയായ സംസ്കൃതം ദ്രാവിഡഭാഷകളിൽ പ്രബലമായി സ്വാധികാരം ചെലുത്തുകയും ഉണ്ടായിട്ടുണ്ട്. സംസ്കൃതത്തിൽനിന്നു പദങ്ങൾ കടംവാങ്ങുകയും സംസ്കൃതവാക്യഭംഗികളേയും അലങ്കാരരീതികളേയും സ്വീകരിക്കുകയും ദ്രാവിഡഭാഷകളിൽ നടപ്പായി. എന്നു വേണ്ട, കാലക്ഷേപത്തിനു മുട്ടുണ്ടായിരുന്ന ചില ഭാഷകൾ സംസ്കൃതത്തിൽനിന്ന് വിഭക്തിരൂപങ്ങളേയും, ആഖ്യാതങ്ങളേയും, നിപാതങ്ങളേയും ദത്തെടുത്തു ചേർത്ത് 'മണിപ്രവാളം' എന്നൊരു പുതിയ വേഷം കെട്ടാനുംകൂടി ആരംഭിച്ചു. ഈവക വിശേഷവിധികളെല്ലാം ഗ്രന്ഥഭാഷയെ അല്ലാതെ നാടോടിഭാഷയെ ബാധിച്ചിട്ടില്ല. തറവാട്ടുമൂപ്പസ്ഥാനം വഹിക്കുന്ന തമിഴുമാത്രം പുതുമോടികളിൽ ഭ്രമിച്ച് പഴയ പാരമ്പര്യങ്ങളുപേക്ഷിക്കാതെ കഴിച്ചുകൂട്ടി. തെലുങ്ക് എന്ന സംജ്ഞ തന്നെ 'ത്രിലിംഗം' അല്ലെങ്കിൽ 'ത്രികലിംഗം' എന്ന സംസ്കൃതത്തിന്റെ തത്ഭവമായിത്തീർന്നു. 'കരൈനാട്ട്' 'കർണ്ണാടകം' എന്ന സംസ്കൃതവേഷം കെട്ടി. ഇക്കൂട്ടത്തിൽ 'തമിഴ്' എന്നതിന്റെ സംസ്കൃതീകരണമാണ്,[14] ദ്രാവിഡശബ്ദം.[15] തമിൾ-ദമിള-ദ്രമിളം-ദ്രവിളം-ദ്രവിഡം. കലകൂടസ്ഥന്റെ പേർ ഗോത്രനാമമാ

[14] മലയാളദേശക്കാർ സംസ്കൃതത്തിലെ ദ്രാവിഡശബ്ദത്തെ ഇന്നും ദ്രമിള എന്നാണ് എഴുതുന്നതും വായിക്കുന്നതും. ദ്രമിളം എന്നതിന്റെ രേഫാധിക്യം കാണുന്നത് ക്രമുകശബ്ദത്തിലെപ്പോലെ വെറുതേ വലിഞ്ഞുകയറിയതായിരിക്കാം. ക്രമുകം — കമുക്.

[15] 'ത്രിലിംഗ'ത്തിന്റെയോ 'ത്രികലിംഗ'ത്തിന്റെയോ തദ്ഭവമല്ല 'തെലുങ്ക്' എന്നു പലരും പറയുന്നു. കരുനാട്ട്, കർ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 229

യിത്തീരാറുള്ള മുറയ്ക്കാണ് 'ദ്രാവിഡം' എന്നത് ഭാഷാശാഖയ്ക്ക് പൊതുപ്പേരായിച്ചമഞ്ഞത്.

സംസ്കൃതഗ്രന്ഥകാരന്മാർ ദാക്ഷിണാത്യഭാഷകളെ 'ആന്ധ്രദ്രാവിഡങ്ങൾ' എന്നും വ്യവഹരിച്ചുകണ്ടിട്ടുണ്ട്. ഇത് ആന്ധ്രഭാഷയായ തെലുങ്കിന് തമിഴിനോടുള്ള അകൽച്ചയെ ആസ്പദമാക്കിച്ചെയ്തതായിരിക്കാം. 234

8. മണിപ്രവാളത്തിലെ സംസ്കൃതബാഹുല്യം കണ്ടു ഭ്രമിച്ച് പ്രമാണികന്മാരായ ഗ്രന്ഥകാരന്മാർപോലും സംസ്കൃതത്തിൽ ദ്രാവിഡം കലർന്നുണ്ടായ ഭാഷയാണ് 'മലയാളം' എന്നു ശങ്കിക്കുകയുണ്ടായിട്ടുണ്ട്. അതിനാൽ ദ്രാവിഡസംസ്കൃതങ്ങൾ ഭിന്നവർഗ്ഗങ്ങളിൽപ്പെട്ട ഭാഷകൾ ആണെന്നുള്ളതിലേക്കു ചില പ്രധാനലക്ഷ്യങ്ങൾ ഇവിടെ എടുത്തു കാണിക്കാം. ഒരു വർഗ്ഗത്തിൽപ്പെട്ട ജനസമുദായം മററുവർഗ്ഗത്തിൽപ്പെട്ട ജനസമുദായത്തോടു നിത്യസംസർഗ്ഗം ചെയ്യുമ്പോൾ രണ്ടു വർഗ്ഗങ്ങളുടേയും വേഷഭൂഷാദികൾ, ലൗകികാചാരങ്ങൾ, നടപടിക്രമങ്ങൾ — ഇതെല്ലാം കൂടിക്കലർന്നു ഭേദപ്പെടുമ്പോലെ അവരുടെ ഭാഷകളിലെ ശബ്ദസമുച്ചയവും ഭേദപ്പെടും. എന്നാൽ അങ്ങനെ വരുമ്പോഴും മതാചാരങ്ങൾ, കുടുംബപാരമ്പര്യങ്ങൾ, അവകാശക്രമങ്ങൾ മുതലായവ അപൂർവ്വമായിട്ടേ മാറിപ്പോകാറുള്ളു. അതുപോലെ ഭാഷകളുടെയും അന്വയക്രമം, രൂപനിഷ്പാദന സമ്പ്രദായം, ശൈലികൾ ഇതൊന്നും മാറുക സാധാരണയല്ല. പ്രകൃതത്തിൽ ആര്യന്മാരുടെ പരിഷ്കാരോൽക്കർഷവും പ്രാബല്യാധിക്യവും നിമിത്തം ദ്രാവിഡരുടെ മതാചാരങ്ങൾകൂടി മാറിപ്പോയി; എങ്കിലും ഭാഷകൾക്ക് ബാഹ്യവേഷസ്ഥാനം വഹിക്കുന്ന ശബ്ദങ്ങളിലല്ലാതെ ആന്തരതത്വമായ വ്യാകരണത്തിൽ യാതൊരു മാററവും ഉണ്ടായിട്ടില്ല. 247

9. സംസ്കൃതത്തിൽ നിന്നും പദം കടം വാങ്ങീട്ടുള്ളതും ചില അത്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ മാത്രമേയുള്ളു. വീടുകളിൽ പതിവായി പെരുമാറുന്ന വാക്കുകൾക്ക് സംസ്കൃതത്തിലും ദ്രാവിഡത്തിലും യാതൊരു സംബന്ധവും ഇല്ലെന്ന് താഴെക്കാണിക്കുന്ന നാമങ്ങളും കൃതികളും നിപാതങ്ങളും നോക്കിയാൽ ബോധ്യപ്പെടും.

I. നാമങ്ങൾ

സംസ്കൃതം	തമിഴ്	മലയാളം	കർണ്ണാടകം	തെലുങ്ക്	തുളു
പിതാ	തന്തൈ	തന്ത	തന്തെ	—	—
മാതാ	തായ്	തായ്	തായ്	തല്ലി	—
സൂനുഃ	മകൻ	മകൻ	മഗൻ	—	മഗ
ശിരഃ	തലൈ	തല	തലെ	തല	തരെ
അക്ഷി	കൺ	കണ്ണ്	കൺ	കന്നു	കണ്ണ്
നാസാ	മൂക്ക്	മൂക്ക്	മൂഗു	മൂക്ക്	മൂക്ക്
കരഃ	കൈയ്	കൈയ്	കയ്	ചേയി	കൈയ്
സൂര്യഃ	ഞായർ	ഞായർ	നേസർ	—	—

നാട്ട്, കന്നട, കമ്മിതുനാട്ട് മുതലായവ 'കർണ്ണാടക'ത്തിന്റെയും ദമിഡ, തിരാവിടം മുതലായവ 'ദ്രാവിഡത്തിന്റെയും ആദിമരൂപങ്ങളായി കല്പിക്കപ്പെട്ടിട്ടുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 393

I. നാമങ്ങൾ (തുടർച്ച)

സംസ്കൃതം	തമിഴ്	മലയാളം	കർണ്ണാടകം	തെലുങ്ക്	തുളു
ചന്ദ്രഃ	തിങ്കൾ	തിങ്കൾ	തിങ്കൾ	—	തിങ്കള്
ദ്യൗഃ	വാൻ	വാൻ	ബാൻ	വിന്ന	—
ദിവസഃ	നാൾ പകൽ	നാൾ പകൽ	നാൾ	നാഡു	—
രാത്രിഃ	ഇരവു	ഇരവ്	ഇരുൾ	ഇരുള	—
അഗ്നിഃ	തീ	തീ	തീ	—	തീ
ഗൃഹം	വീടു	വീട്	വീട്	വീഡു	—
ഗ്രാമഃ	ഊരു	ഊര്	ഊര്	ഊരു	ഊര്
ശ്വാ	നായ്	നായ്	—	—	നായ്[16]

മേൽക്കാണിച്ച സംസ്കൃത നാമങ്ങളെല്ലാം തന്നെയും ഇപ്പോൾ മലയാളത്തിൽ നടപ്പിൽവന്നിട്ടുണ്ടെങ്കിലും അതുകൾ ആഡംബരത്തിനു വേണ്ടി സംസ്കൃതത്തിൽ നിന്നും സ്വീകരിച്ച 'തത്സമങ്ങൾ' എന്നല്ലാതെ ഭാഷയുടെ സ്വന്തശബ്ദങ്ങളല്ല. നഖം, മുഖം, സുഖം, ദുഃഖം മുതലായ അത്യാവശ്യ പദങ്ങളും ഇപ്പോൾ സംസ്കൃതതത്സമങ്ങൾ മാത്രമായിക്കാണുന്നത് പഴയ ദ്രാവിഡപദങ്ങളെ ഉപേക്ഷിച്ചുകളഞ്ഞതിനാൽ മാത്രമാകുന്നു.

II. കൃതികൾ

സംസ്കൃതം	തമിഴ്	മലയാളം	കർണ്ണാടകം	തെലുങ്ക്	തുളു
ഭക്ഷണം	തിന്നുക	—	തിന്നു	തിനു	തിന്
പാനം	കുടിക്കുക	കുടി	കുടി	ത്രാഗു	—
ഗമനം	പോകുക	പോ	പോകു	പോവു	പോ
സ്ഥാനം	നില്ക്കുക	നിൽ	നില്ലു	നിലു	—
ധാവനം	ഓടുക	ഓടു	ഓടു	പാറു	—
വചനം	ചൊല്ലുക	ചൊൽ	സൊല്	—	—
ശ്രവണം	കേൾക്കുക	കേൾ	കേളു	—	കേണ്
ഹനനം	കൊല്ലുക	കൊൽ	കൊല്ലു	—	കെര്
ആസനം	ഇരിക്കുക	ഇരി	ഇരു	—	—
ആഗമനം	വരുക	വരു	ബാ	രാക	ബല[17]

[16] ഇവയിൽ ചിലതൊക്കെ മലയാളീകരിച്ച പദങ്ങളാണ്. ഉദാഹരണത്തിന്, 'മഗ' എന്നാണ് 'മഗൻ' എന്നല്ല കർണ്ണാടകരൂപം. 'മഗെ' എന്നൊരു തെലുങ്കുപദവുമുണ്ട്.

[17] തമിഴ് തുടങ്ങിയ ഭാഷകളിൽ ധാതു മാത്രമാണു കൊടുത്തിരിക്കുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 529

III. നിപാതങ്ങൾ

സംസ്കൃതം		ദ്രാവിഡം
ച	ഉം	ത, മ, ക (സമുച്ചയം അർത്ഥം)
വാ	ഓ	ത, മ, ക, തെ (വികല്പം അർത്ഥം)
ഏവ	ഏ	ത, മ, ക, തു, തെ (അവധാരണം)

സർവ്വനാമങ്ങളെല്ലാം ദ്രാവിഡങ്ങളിൽ ഏകരൂപങ്ങളും സംസ്കൃതത്തിൽനിന്നും ഭിന്നങ്ങളുമാണ്.

IV. സർവ്വനാമങ്ങൾ

സംസ്കൃതം	ദ്രാവിഡം
തദ്	അ
ഏതദ്	ഇ
കിമ്	എ
ത്വ, യുഷ്മദ്	നിൻ
മ, അസ്മദ്	എൻ
അദസ്	ഉ

554

10. ഇനി വ്യാകരണത്തിന്റെ ഏർപ്പാടുകളെപ്പറ്റി നോക്കാം.

(1) ഏഴു വിഭക്തി, ഓരോന്നിനും മൂന്നു വചനം. ഓരോ വചനത്തിനും പ്രത്യേകം പ്രത്യയം എന്ന് ഇരുപത്തിയൊന്നായിപ്പിരിയുന്ന സംസ്കൃതത്തിലെ രൂപാവലീകോലാഹലമൊന്നും ദ്രാവിഡങ്ങൾക്കില്ല. രൂപനിഷ്പാദനത്തിലും ആദ്യത്തെ അഞ്ചുവചനം ദൃഢം, ശേഷമെല്ലാം ശിഥിലം എന്നുള്ള പ്രക്രിയാഭേദമില്ല. ദ്രാവിഡങ്ങളിലാകട്ടെ, പ്രഥമയ്ക്ക് പ്രത്യയം ഇല്ല. ശേഷം എല്ലാ വിഭക്തികളിലും പ്രകൃതി ഒന്നുപോലെതന്നെ. വചനം രണ്ടേ ഉള്ളൂ; അതിനുള്ള പ്രത്യയം ഒന്നു വേറെ ആകുകയാൽ വിഭക്തിപ്രത്യയം വചനം തോറും മാറേണ്ട. വിഭക്തിസംബന്ധം കുറിക്കുന്നതിന് പ്രത്യയം മാത്രമല്ല, ഗതികളും ഉണ്ട്. 'മിടുക്കന്മാരെക്കൊണ്ട്' എന്ന വിഭക്തിരൂപം അപഗ്രഥിച്ചു നോക്കുക:

$$\text{മിടുക്ക്} + \begin{cases} \text{അൻ} & — \text{ പുല്ലിംഗപ്രത്യയം} \\ \text{മാർ} & — \text{ ബഹുവചനപ്രത്യയം} \\ \text{എ} & — \text{ ദ്വിതീയാവിഭക്തി} \\ \text{കൊണ്ട്} & — \text{ കരണാർത്ഥത്തിലുള്ള ഗതി} \end{cases}$$

സംസ്കൃതത്തിലാകട്ടെ 'പടുംഭിഃ' എന്നതിൽ 'ഭിസ്' എന്ന ഒരു പ്രത്യയം മാത്രമേ ഉള്ളു, ഇവയെല്ലാം കുറിക്കുന്നതിന്. എന്നു മാത്രമല്ല, ആ പ്രത്യയത്തിനുതന്നെ, കർത്താവ്,

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 576

ഹേതു, സാഹിത്യം, ദ്വാരത എന്നീ അർത്ഥങ്ങളും ആവാം.[18]

(2) സംസ്കൃതത്തിലല്ലാതെദ്രാവിഡങ്ങളിൽ വികരണഭേദം,[19] പദഭേദം, (ആത്മനേപദ പരസ്മൈ പദങ്ങൾ), കർത്തരി, കർമ്മണി, ഭാവേ എന്ന പ്രയോഗഭേദം ഇതൊന്നും ഇല്ല. കാലപ്രകാരങ്ങൾക്ക് അവാന്തരഭേദങ്ങളും കുറയും. നിഷേധം, സമുച്ചയം, വികല്പം ഇതുകൾ ചെയ്യുന്ന സമ്പ്രദായം അത്യന്തഭിന്നമാണ്. പററുവിനകൾക്കും സംസ്കൃതത്തിലെ ആഖ്യാതകങ്ങൾക്കും തമ്മിൽ വലുതായ അന്തരമുണ്ട്. മുററുവിനകൾക്ക് (ആഖ്യാതകങ്ങൾക്ക്) സംസ്കൃതത്തിലില്ലാത്തതായ ലിംഗഭേദം ഒന്നു വിശേഷാൽ ഉണ്ട്.

(3) വ്യപേക്ഷകസർവ്വനാമം ദ്രാവിഡങ്ങളിൽ ഇല്ല. അതിന്റെ പ്രവൃത്തി പേരെച്ചം നടത്തുന്നു. അലിംഗബഹുവചനം ദ്രാവിഡത്തിനുള്ള ഒരു വിശേഷമാണ്. അചേതനവാചികളായ നാമങ്ങൾക്കും അതുകളെ പരാമർശിക്കുന്ന സർവ്വനാമങ്ങൾക്കും ലിംഗഭേദമില്ലാത്തതും അതുപോലെതന്നെ. ഉദാഹരണം:

സംസ്കൃതം	ദ്രാവിഡം
സിംഹഃ സിംഹീ	ആൺസിംഹം പെൺസിംഹം

നപുംസകനാമങ്ങൾക്കു ബഹുവചനം വേണ്ട; സംഖ്യാവിശേഷണം ചേർത്താൽ പ്രയോഗിക്കരുതെന്നുകൂടിയുണ്ട്: പത്തു രൂപാ, എട്ടു പശു.

(4) ഭേദകങ്ങൾക്കു ദ്രാവിഡത്തിൽ ലിംഗവചനവിഭക്തികൾക്കു പൊരുത്തം ഇല്ല.[20] പടു -പടീയസ്-പടിഷ്ഠ എന്ന മട്ടിലുള്ള അതിശായനരൂപവും ദ്രാവിഡഭാഷകളിൽ ഇല്ല.

(5) [21]ദ്രാവിഡഭാഷകളുടെ സ്ഥിതി 'സംശ്ലിഷ്ടകക്ഷ്യ'യിലും സംസ്കൃതത്തിന്റെ സ്ഥിതി

---

[18] വിഭക്തിപ്രകരണം നോക്കുക.

[19] ധാതുവിനോട്ട് കാലം, പ്രകാരം ഇവയെ കുറിക്കുന്ന പ്രത്യങ്ങൾ ചേരുമ്പോൾ ധാതുവിനോടു ചേർന്ന് അതിനു വികാരമുണ്ടാക്കുന്ന പ്രത്യയങ്ങളാണ്. വികരണപ്രത്യയങ്ങൾ. ഉദാ: ഭൂ + തി > ഭൂ + അ + തി > ഭവതി. ഇവിടത്തെ 'അ' വികരണപ്രത്യയമാണ്. ഉ, നാ തുടങ്ങി വേറെയും ഇത്തരം പ്രത്യയങ്ങളുണ്ട്.

[20] കേരളപാണിനി വിഭാവകം എന്നു പറയുന്ന ഭേദകത്തിനു ലിങ്ഗവചനപ്പൊരുത്തം പലേടത്തും ദീക്ഷിക്കാറുണ്ട്. ഉദാ: സമർത്ഥയായ സ്ത്രീ, സമർത്ഥയായ പുരുഷൻ, സമർത്ഥരായ മനുഷ്യർ.

[21] ഭാഷയെ സംസാരിക്കുന്ന ജനങ്ങൾക്കുള്ളതുപോലെ ജനനം, മരണം മുതലായ ചില ജന്തുധർമ്മങ്ങൾ ഭാഷയ്ക്കുമുള്ളതായി ഉപചാരേണ വ്യവഹരിക്കാം. ഒരു ജനസമുദായം ഏതുവരെ ഒരു ഭാഷയെ പരമ്പരയായി സംസാരിച്ചുവരുന്നുവോ അതുവരെ ആ ഭാഷ ജീവിച്ചിരിക്കുന്നു. നമ്മുടെ മലയാളം, ഇംഗ്ലീഷ്, മഹാരാഷ്ട്രം, തമിഴ് മുതലായവയൊക്കെ ജീവത്മാഷകൾതന്നെ. സംസ്കൃതം, ലാറ്റിൻ, പെർഷ്യൻ (പാരസീകം) മുതലായി ഇപ്പോൾ സംസാരിച്ചുവരാത്ത ഭാഷകൾ മൃതഭാഷകൾക്കുദാഹരണമായിത്തീരുന്നു. ഭാഷയ്ക്ക് ഗോത്രം (തറവാട്ട്) ഉള്ളതിനാലാണ് മലയാളം ദ്രാവിഡഗോത്രത്തിൽ ജനിച്ചതാണെന്ന് നാം വ്യവഹരിക്കുന്നതു്. ശൈശവം, കൗമാരം, യൗവനം, വാർദ്ധക്യം എന്നു മനുഷ്യനു നാലവസ്ഥകളുള്ളതിനും എതിര് ഭാഷയിൽ കാണുന്നുണ്ട്. എന്നാൽ ഇതിൽ സ്വല്പം വ്യത്യാസവും ഉണ്ട്. മനുഷ്യൻ ജീവിച്ചിരിക്കുന്നപക്ഷം ഈ അവസ്ഥകൾ ക്രമേണ അനുഭവിച്ചേതീരൂ എന്നു നിർബ്ബന്ധമുണ്ട്. ഭാഷയ്ക്ക് ഈ നിർബ്ബന്ധമില്ലെന്നു മാത്രമല്ല, അവസ്ഥകൾക്ക് ഒരു കാലവ്യവസ്ഥയും ഇല്ല. ഒരു ഭാഷ എന്നെന്നേക്കും ബാല്യദശയിൽത്തന്നെ ഇരുന്നുവെന്നുവരുന്നതും മറ്റൊരു ഭാഷ യൗവനദശയിൽത്തന്നെ ജനിച്ചുവെന്നുവരുന്നതും ഒട്ടും അസാധാരണമല്ല. സൗകര്യമുള്ളപക്ഷം ഭാഷ ഈ അവസ്ഥകളെ മുറയ്ക്കു പ്രാപിക്കുമെന്നേ പറയുവാൻ പാടുള്ളൂ. ഇനി അവസ്ഥകളുടെ അല്ലെങ്കിൽ കക്ഷികളുടെ സ്വഭാവം ഒന്നു

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 662

'വൈകൃതകക്ഷ്യ'യിലും ആകുന്നു.

(6) സംസ്കൃതത്തിലെ മഹാപ്രാണങ്ങളും ഊഷ്മാക്കളും ദ്രാവിഡത്തിലില്ല. ദ്രാവിഡത്തിലെ ഴ, റ, ണ,സംസ്കൃതത്തിലും ഇല്ല.[22]

വിവരിക്കണമല്ലോ:

(i) പ്രാകൃതകക്ഷ്യ (ശൈശവം): ഇതിൽ ശബ്ദങ്ങൾ സമപ്രധാനങ്ങളായും അന്യോന്യസംബന്ധം കാണിക്കുന്നതിന് ഒരു വഴിയില്ലാത്തതായും ഇരിക്കുന്നു. ചീനഭാഷയെ ഈ വർഗ്ഗത്തിനു മുഖ്യോദാഹരണമായിപ്പറയാം.

(ii) സംശ്ലിഷ്ടകക്ഷ്യ (കൗമാരം): ഇതിൽ സംബന്ധത്തെക്കുറിക്കാനായി ചില ശബ്ദങ്ങൾ ഉണ്ടെങ്കിലും അവയ്ക്കു മറ്റു പദങ്ങളെപ്പോലെതന്നെ സ്വതന്ത്രമായും നിലക്കുന്നതിനു വിരോധമില്ല. തമിഴ് തന്നെ ഇതിനുദാഹരണം.

(iii) വൈകൃതകക്ഷ്യ (യൗവനം): ഇതിൽ സംബന്ധം കുറിക്കുന്ന ശബ്ദങ്ങൾ തേഞ്ഞുതേഞ്ഞു പ്രത്യയങ്ങളായിത്തീരുന്നു. അവയ്ക്കു പ്രകൃതിയിൽനിന്നും വേർപെട്ടാൽപ്പിന്നെ ഒരർത്ഥവുമില്ല. സംസ്കൃതം ഉദാഹരണം.

(iv) അപഗ്രഥിതകക്ഷ്യ (വാർദ്ധക്യം): വാർദ്ധക്യം രണ്ടാം ബാല്യമാണെന്നു പറയുന്നതിന് അനുരൂപമായി ഈ കക്ഷ്യയിൽ സംബന്ധവാചകങ്ങൾ തിരികെ പ്രകൃതികളിൽനിന്നും വേർപെട്ടു നില്ക്കുന്നു. ഇംഗ്ലീഷ് ഉദാഹരണം.

ഈ കക്ഷ്യകളുടെ (സംഘടിതകക്ഷ്യ എന്നൊന്നുകൂടി ആധുനികഭാഷാവിജ്ഞാനീയം സ്വീകരിക്കുന്നു — പ്ര സാ.) സ്വഭാവം സ്പഷ്ടമാകുന്നതിനുവേണ്ടി ഭിത്തികെട്ടുന്നതിനെ ഒരു ദൃഷ്ടാന്തമായി എടുക്കാം. ഒന്നാമതിലെ വാക്യം ഇഷ്ടികകൾ മീതേക്കുമീതേ പെറുക്കിവച്ചുണ്ടാക്കിയ ഭിത്തിക്കു തുല്യമായിരിക്കുന്നു. രണ്ടാമതിലേതിൽ ചില ഇഷ്ടികകളെത്തന്നെ ചെരിച്ചും മറ്റും വെച്ച് വിടവുകൾ അടച്ചുകാണുന്നു. മൂന്നാമതിൽ ഇഷ്ടികകളെത്തന്നെ പൊടിച്ചുതേച്ചും എല്ലാ ഇഷ്ടികകളെയും തമ്മിൽ യോജിപ്പിക്കുന്നു. നാലാമതിൽ പിരിയാണിയും മറ്റുംപോലെ ചേർപ്പുകൾക്കു പരിഷ്കാരം ചെയ്യുന്നു. ധനംനിമിത്തം, ധനംകൊണ്ട്. ധനത്താൽ, ധനമതിനാൽ എന്ന് ഒരേ അർത്ഥത്തിൽ പ്രയോഗിക്കുന്നതു് ഏകദേശം നാലു കക്ഷ്യകൾക്കും മുറയ്ക്കു് ഉദാഹരണമാക്കിപ്പറയാം.

മലയാളത്തിന്റെ ഇപ്പോഴത്തെ നില സംശ്ലിഷ്ടകക്ഷ്യയിൽനിന്നും വൈകൃതകക്ഷ്യയിലേക്കു കയറുവാനുള്ള പടിവാതിലിലാകുന്നു. ഭാഷയെ ഇങ്ങനെ കൈകൊടുത്തു വൈകൃതകക്ഷ്യയിലേക്ക് പിടിച്ചുകയറ്റുന്നതു് സംസ്കൃതമാണ്. അതിനാൽ ഭാഷയിൽ ഇപ്പോൾ സംബന്ധങ്ങളെ കാണിക്കുന്നതിനു മുമ്പുണ്ടായിരുന്ന നിപാതം, അനുപ്രയോഗം മുതലായ ശബ്ദങ്ങൾ തേഞ്ഞുതേഞ്ഞു പ്രത്യയത്തിന്റെ സ്വഭാവത്തെ അടഞ്ഞിരിക്കുന്നു. 'ഉടയതമ്പുരാൻ', 'നിറമുടയ (നിറമുള്ള) പദാർത്ഥം' ഇത്യാദികളിൽ ഇന്നും പ്രയോഗിച്ചുവരുന്ന 'ഉടയ' എന്ന ശബ്ദമായിരുന്നു മുമ്പു ഷഷ്ഠീവിഭക്തിയെ കുറിച്ചിരുന്നതു്. ഇപ്പോൾ അതു സങ്കോചിച്ച് 'ഉടെ', 'ടെ', 'റെ' എന്ന ഷഷ്ഠീപ്രത്യയമായിത്തീരുന്നു; എങ്കിലും,

'അവനുടയ പടജ്ജനം ച ഘോരം' (കൃ. ച.)
'അതിനുടയ സമാപ്താവസ്മദീയാവരോധം' (മണി. ശാ.)

എന്നും മറ്റും ഇപ്പോഴും പ്രയോഗിക്കാറുണ്ട്. ഇതിന്മണ്ണം, 'വേണം' എന്ന ഒരു അനുപ്രയോഗത്തിൽനിന്ന് 'ഏണം' > 'എണം' > 'അണം' എന്ന പ്രത്യയം ഉണ്ടായി. 'കൃഷ്ണഗാഥ' മുതലായ ശുദ്ധമലയാളകാവ്യങ്ങൾ വായിക്കുമ്പോൾ 'ഇതിൽനിന്ന്' എന്നതിൽനിന്നും 'ഈന്ന്' > 'ഇന്ന്' എന്നൊരു പഞ്ചമീ പ്രത്യയം ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നു പറയാം.

ഇങ്ങനെ ഭാഷയ്ക്കു് ഇപ്പോൾ വൈകൃതകക്ഷ്യയിലേക്ക് ഒരു ചായ്വു വന്നു കൂടിയിരിക്കുന്നതിനാൽ ഈ വ്യാകരണത്തിൽ ഇതിൻ അനുരൂപമായി കഴിയുന്നിടത്തോളം സംസ്കൃതരീതിയനുസരിച്ചു ദ്യോതകശബ്ദങ്ങളെ പ്രത്യയങ്ങളാക്കിയാണു ഗണിച്ചിരിക്കുന്നതു്.

[22] 34-ആം ഖണ്ഡത്തിൽ ള, ഴ ഇവയെക്കൂടി ദ്രാവിഡത്തിലെ അധികാക്ഷരങ്ങളായി പറഞ്ഞിട്ടുണ്ട്. ഹസ്വമായ എകാര-ഒകാരങ്ങൾ പ്രാകൃതത്തിലുണ്ടെങ്കിലും സംസ്കൃതത്തിലില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 669

672 (7) ഉദാത്താദിസ്വരഭേദം ദ്രാവിഡത്തിൽ ഒരിക്കലും ഉണ്ടായിരുന്നില്ല.[23]

11. മലയാളം തമിഴിന്റെ ഒരു ഉപഭാഷയാണെന്ന് ആദ്യംതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.[24] അത് പ്രധാനഭാഷയായ തമിഴിൽനിന്നും ഭേദപ്പെട്ട് ഒരു പ്രത്യേകഭാഷ എന്ന നിലയിൽ വന്നുചേർന്നത് എത്രകാലംകൊണ്ടാണ് എന്നും അതിലേക്കുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു എന്നും ആണ് ഇനി ആലോചിപ്പാനുള്ളത്. എല്ലാ ഭാഷകൾക്കും രുചിഭേദംനിമിത്തം ദേശ്യ ഭേദങ്ങൾ വരാറുണ്ട്; മലയാളത്തിനുതന്നെ ഇപ്പോൾ മദ്ധ്യമലയാളത്തിനുപുറമെ തെക്കൻഭാഷ, വടക്കൻഭാഷ എന്ന വകഭേദം നാം കല്പിക്കാറുണ്ടല്ലോ. അതുപോലെ തമിഴിന്.

തെൻ പാണ്ടി കുട്ടം കുടം കർക്കാ വേൺപൂഴി
പൻറിയരുവാവതൻ വടക്കു നൻറായ
ചീതം മലാടു പുനനാടു ചെന്തമിഴ് ചേ
രേതമിൽ പന്നിരുനാട്ടെൺ.[25]

എന്ന വചനപ്രകാരം പന്ത്രണ്ടു നാടുകളിലായിട്ട് ദേശ്യഭേദങ്ങളുണ്ടായിരുന്നു. ഇപ്പോഴത്തെ മധുരജില്ലയിൽ നടപ്പായിരുന്ന ഭാഷയ്ക്ക് ''ചെന്തമിഴ്'' എന്നും മേൽപറഞ്ഞ പന്ത്രണ്ടുദേശങ്ങളിൽ നടപ്പായിരുന്ന ഭാഷയ്ക്ക് കൊടുന്തമിഴ് എന്നും ആണ് തമിഴ്ഗ്രന്ഥകാരന്മാർ പേർ കൊടുത്തിരുന്നത്. പന്ത്രണ്ടുദേശങ്ങൾ എടുത്തു പറഞ്ഞതിൽ കുട്ടം, കുടം, കർക്കാ, വേൺ, പൂഴി ഈ അഞ്ചും ഇന്നത്തെ കേരളഖണ്ഡത്തിൽ ഉൾപ്പെട്ടവയാണ്.[26] ഈ അഞ്ചു നാടുകളിലെ കൊടുന്തമിഴ് മലയാളമായി പരിണമിക്കുവാനുള്ള കാരണമെന്ത്?

---

[23] വേറെയും ചില മൗലികഭേദങ്ങൾ ദ്രാവിഡത്തിനും സംസ്കൃതത്തിനും തമ്മിലുണ്ട്. 'കേരളഭാഷാവിജ്ഞാനീയം', പുറം 49–57 നോക്കുക.

[24] ഇന്നത്തെ തമിഴും പ്രാചീന തമിഴ്രേഖകളിലെ ഭാഷയും ഉൾപ്പെട്ട, 'സ്വരൂപപ്പെട്ട', തമിഴല്ല കേരളപാണിനി ഇവിടെ ഉദ്ദേശിക്കുന്നത്. ചെന്തമിഴിൽ നിന്നു ഭിന്നമായ ഒരു ഭാഷയാണു മലയാളമായിത്തീർന്നത് എന്ന് ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം പ്രസ്താവിക്കുന്നുണ്ടല്ലോ. കൊടുന്തമിഴ് എന്ന പ്രയോഗം തമിഴ്വ്യാകരണഗ്രന്ഥങ്ങളിലും സംഘകൃതികളിലും കാണുന്നില്ല. ഇതു 10-ആം നൂറ്റാണ്ടിനുശേഷം ഉണ്ടാക്കിയതായിരിക്കാം. 12-ആം ഖണ്ഡത്തിൽ വിലോപസംഗ്രഹം വിവരിക്കുന്നിടത്ത് (5b) കാൽഡ്വലിന്റെ മതം അനുഭവിച്ചിരിക്കുന്നതും നോക്കുക.

[25] 13-ആം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മൈലൈനാതൻ ഈ പഴയ വെൺപാവ് ഉദ്ധരിച്ചിട്ടുണ്ട്. തെൻപാണ്ടി, കുട്ടം, കുടം, കർക്കാ, വേൺ (വേണാട്, പൂഴി, പൻറി, അരുവാ, അതൻ വടക്കു (അതിനു വടക്കുള്ള അരുവാ വടതലൈനാട്), നൻറായ ചീതം (നല്ല ചീതനാട്), മലാട് (മലയമാനാട്), 'പുനനാട്' ഇവയാണ്. ചെന്തമിഴ് ചേർ (ചെന്തമിഴ് ചേർന്ന) ഏതമിൽ (കുറ്റമറ്റ) പന്നിരുനാട്ടെൺ (പന്ത്രണ്ടു നാടുകളുടെ സംഖ്യ)—എന്ന് അർത്ഥം. 'ചെന്തമിഴ് ചേർന്ന' എന്നതിന് 'ചെന്തമിഴ് പ്രചരിക്കുന്ന' എന്നും 'ചെന്തമിഴു പ്രചരിക്കുന്ന പ്രദേശത്തോടു ചേർന്ന കിടക്കുന്ന' എന്നും രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്.

[26] 'കൊല്ലം മുതൽ പൊന്നാനിവരെയുള്ള നാടിനു കുട്ടനാട് എന്നു പേർ. അതിനു വടക്കു കോഴിക്കോടുവരെ കുടനാടും അതിനു വടക്കു കോരപ്പുഴവരെ പൂഴിനാടും വ്യാപിക്കുന്നു. കർക്കാനാട് കോയമ്പത്തൂർജില്ലയുടെ പടിഞ്ഞാറു ഭാഗം ആകുന്നു. വേണാടു കൊല്ലത്തിനു നാഞ്ചനാട്ടിനും ഇടയ്ക്കുകിടക്കുന്ന തിരുവിതാംകൂറിന്റെ ഒരാംശമാണ്''—ഉള്ളൂർ. (കേരളസാഹിത്യചരിത്രം, വാല്യം ഒന്ന് പുറം. 22.)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 712

(1) മലയാളദേശത്തിന്റെ കിടപ്പ് കിഴക്കേ അതിർത്തിമുഴുവൻ വ്യാപിക്കുന്ന പർവ്വതപംക്തികൊണ്ടു മറ്റു തമിഴനാടുകളിൽനിന്നും വേർപെട്ട് ഒറ്റതിരിഞ്ഞായിപ്പോയത്:

ആദികാലത്ത് തെക്കേ ഇൻഡ്യയുടെ തെക്കേ അറ്റം ചേരം, ചോളം, പാണ്ഡ്യം എന്നു മൂന്നു രാജ്യങ്ങളായി വിഭജിച്ചിരുന്നു. അതിൽ പശ്ചിമഘട്ടങ്ങളുടെ പടിഞ്ഞാറുവശവും കൊങ്ങുദേശവും ഉൾപ്പെട്ടിരുന്നു. മൂന്നു സ്വതന്ത്രരാജ്യങ്ങളായിരുന്നെങ്കിലും അന്യോന്യം കലഹങ്ങളും ഒന്നിനു മറ്റു രണ്ടു രാജ്യങ്ങളുടെ മേൽക്കോയ്മ ഉണ്ടെന്നുള്ള അഭിമാനവും, അതുമൂലം പലയുദ്ധങ്ങളും ഉണ്ടായിരുന്നു. യുദ്ധങ്ങളിലെ ജയം അനുസരിച്ച് മേൽക്കോയ്മയും മാറി മാറി വന്നുകൊണ്ടിരുന്നു. മൂവരശർക്കു പുറമേ പല്ലവർ, ചാലൂക്യർ, രാഷ്ട്രകൂടർ മുതലായ വെദേശികരുടെ ആക്രമങ്ങളും നടന്നിട്ടുണ്ട്. ഈ രാജ്യപരിവർത്തനകോലാഹലങ്ങളിൽ എല്ലാ തമിഴ്നാടുകൾക്കും ഒഴിക്കുവാൻ പാടില്ലാത്തവിധത്തിൽ പരസ്പരസംസർഗ്ഗം വേണ്ടിവന്നു. അന്നത്തെ രാജ്യഭരണ സമ്പ്രദായവും പ്രസ്താവയോഗ്യമാണ്. രാജധാനിയും അതിനു ചുറ്റുമുള്ള ദേശവും മാത്രമേ നേരേ രാജാവിന്റെ കീഴിൽ വർത്തിച്ചിരുന്നുള്ളു. ശേഷം ഭാഗമെല്ലാം നാടുവാഴികളായ ഉദ്യോഗസ്ഥന്മാരാണ് ഭരിച്ചുവന്നത്. ഓരോ രാജ്യവും നാടുകളായി വിഭജിച്ച്, ഓരോ നാട്ടിനും ഭരിക്കുന്നതിന് അധികാരികളായി പ്രഭുക്കന്മാരെ നിയമിച്ചിരുന്നു. നാടുവാഴികളായ പ്രഭുക്കന്മാർ പ്രായേണ തങ്ങളുടെ അധികാരം കുലപരമ്പരയായി വഹിച്ചുകൊണ്ടിരുന്നതിനാൽ അവരിൽ ചിലർ പ്രബലന്മാരായിത്തീർന്ന് പേരിനു മാത്രം രാജാവിനു കീഴടങ്ങിക്കൊണ്ടു കാര്യത്തിൽ സ്വതന്ത്രന്മാരായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇക്കൂട്ടത്തിൽ കുട്ടനാടിന്റെ അധിപതിയായിരുന്ന[27] ചെംകുട്ടവൻ എന്ന പ്രഭുവിനെപ്പറ്റി[28] പഴയ തമിഴ്ഗ്രന്ഥങ്ങളിൽ പല കഥകളും കാണുന്നുണ്ട്. എന്നുവേണ്ട 'പതിറ്റിപ്പത്ത്' എന്ന തമിഴകാവ്യം ചേരരാജാക്കന്മാരുടെയും മലയാളനാടുകൾ ഭരിച്ചിരുന്ന നാടുവാഴികളുടെയും പരാക്രമങ്ങളെ വർണ്ണിച്ച് മലയാളനാട്ടിൽ ഉണ്ടായിരുന്ന കവികൾ നിർമ്മിച്ചിട്ടുള്ളതാകുന്നു. പതിറ്റിപ്പത്തിന്റെ ആദ്യത്തെയും ഒടുവിലത്തെയും പാട്ടൊഴിച്ചു ശേഷം പാട്ടുകൾ ഇപ്പോഴും നടപ്പുണ്ട്. ഇതിൽ ഏഴാമത്തെ പാട്ട് 'ചെല് വക്കടുങ്കോ വാഴിയാതൻ' എന്ന ചേരരാജാവിനെ സംബോധനം ചെയ്ത് 'കപിലർ' എന്ന ബ്രാഹ്മണകവി ഉണ്ടാക്കിയിട്ടുള്ളതാണ്. ഇക്കവി പാണ്ടിയിൽ തിരുവടവൂർ എന്ന ദേശത്തു ജനിച്ച്, മലയാളത്തിൽവന്നു താമസിച്ച ആളും 'പൊയ്യു പറയാത്തവൻ' എന്നർത്ഥമായ 'പൊയ്യാനാവിർക്കപിലർ' എന്ന വിരുതുപേർ ലഭിച്ച മഹാനും ആകുന്നു. ഇദ്ദേഹത്തിന്റെ കവിതകളിലെല്ലാം മലനാട്ടിലെ പ്രഭുക്കന്മാരാണു നായകന്മാർ. 'ഐങ്കുറുനൂറു', 'ചിലപ്പതികാരം' മുതലായി വേറെയും കേരളീയകൃതികളായ തമിഴകവിതകൾ ഉണ്ട്. അടുത്തകാലത്ത് കൊല്ലവർഷാരംഭംവരെ

[27] കുട്ടം എന്ന നാടുവാഴുന്നവൻ കുട്ടവൻ എന്നു വ്യുത്പത്തി. 'അൻ' എന്നതു തമിഴിലെ 'തദ്ധാജപ്രത്യയം' ആകുന്നു. ഇതുപോലെ 'കൊങ്ങു'നാട്ടിലെ രാജാവ് കൊങ്ങൻ, എന്നുള്ള തമിഴ് വാക്കിനെ സംസ്കൃതീകരിച്ചതാണ് കൊങ്കണ ശബ്ദം. ആദ്യത്തിൽ രാജവാചകമായിരുന്ന പദം പിന്നീടു തിരികെ ദേശവാചകമായും പരിണമിച്ചു. (കോങ്കണസ്യ രാജ്യം കോങ്കണം)—'ജനപദേ ലുപ്.'.

[28] ചെംകുട്ടവൻ ചക്രവർത്തിയായിരുന്നുവെന്ന് ഇന്നു തെളിഞ്ഞിട്ടുണ്ട്. ചെംകുട്ടവൻ, പതിരുപ്പത്തു— ഇങ്ങനെയാണ് തമിഴരുപങ്ങൾ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 753

തമിഴിൽ കവിപാടീട്ടുള്ള കേരളീയരെക്കുറിച്ച് അറിവുണ്ട്. 'ഐയ്യനരിതനാർ' എന്ന കേരളീയതമിഴ്കവി ക്രിസ്ത്വബ്ദത്തിന്റെ ഏഴാം ശതകത്തിലോ എട്ടാമത്തേതിലോ ജീവിച്ചിരുന്നതായിക്കാണുന്നു.[29] 'മുകുന്ദമാല' എന്ന സംസ്കൃതസ്തോത്രത്തിന്റെ കർത്താവായ കുലശേഖര ആൾവാരെപ്പറ്റി തിരുവിതാംകൂർകാർ എല്ലാവരും കേട്ടിരിക്കുമല്ലോ. ഈ രാജകവിയും തമിഴ്ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

മേൽക്കാണിച്ചപ്രകാരം തമിഴ്രാജ്യവും മലയാളരാജ്യവും ഒരേ രാജാവിന്റെ കീഴിൽ ഇരുന്നിടത്തോളംകാലം തമിഴ്ഭാഷയും മലയാളഭാഷയും ഒന്നുതന്നെ ആയിരുന്നു. കേരളീയകൃതികളിൽ ചെന്തമിഴിൽനിന്നും വ്യത്യസ്തങ്ങളായ ചില രൂപങ്ങളും (ഒല്ലാർ), പദങ്ങളും (പോത്തു്, പട്ടി, കെനില മുതലായവ) കാണുന്നില്ലെന്നില്ല; എന്നാൽ അതുകളെല്ലാം ദേശ്യഭേദങ്ങളെന്നേ ഗണിക്കപ്പെട്ടിട്ടുള്ളു. ചിലപ്പതികാരം തമിഴിലെ പ്രധാനപ്പെട്ട അഞ്ചു മഹാകാവ്യങ്ങളിൽ ഒന്നായിട്ടാണ് തമിഴർ ഇന്നും പറഞ്ഞുവരുന്നതു്. മറ്റു തമിഴ്നാടുകൾക്കൊപ്പം മലനാട്ടിലും മൂവരശരിൽ ഒരാൾ ഭരിക്കുക എന്ന ഏർപ്പാട്ട് പെരുമാക്കന്മാരുടെ കാലത്തോടുകൂടി അവസാനിച്ചു. 'കേരളോൽപത്തി' എന്ന പുരാണഗ്രന്ഥത്തെ വിശ്വസിക്കുന്നപക്ഷം പെരുമാക്കന്മാർ തന്നെ രാജപ്രതിനിധികൾ എന്നല്ലാതെ സാക്ഷാൽ രാജാക്കന്മാരായിരുന്നില്ല. ചരിത്രപ്രകാരം നോക്കുന്നതായാലും പെരുമാക്കന്മാർ മൂവരശരിൽ ഒരാളുടെ വെസ്രായിമാരായിരുന്നിരിക്കുവാൻ ഇടയുണ്ട്. രാഷ്ട്രകൂടർ, ചാലൂക്യർ മുതലായ വിജിഗീഷുക്കളുടെ ആക്രമണങ്ങളാൽ പാണ്ഡ്യചോളചേരന്മാരുടെ ശക്തി കുറഞ്ഞതിനു പുറമേ ചില വംശങ്ങൾ ക്ഷയിക്കുകയും ഒന്നു മറ്റൊന്നിൽ ലയിക്കുകയും എല്ലാം ഉണ്ടായി. ക്രി. അ. 1293-ന് അടുത്തു പരലോകംപ്രാപിച്ച സുന്ദരപാണ്ഡ്യരാജാധിരാജനോടുകൂടി മൂവരശരുടെ ശക്തി അസ്തമിച്ചു. 1310-ആം വർഷത്തിൽ മലിക്ക് കഫൂർ എന്ന മഹമ്മദീയവിജിഗീഷു തെക്കേ ഇൻഡ്യയിൽ കടന്ന് രാജ്യമാസകലം കൊള്ളചെയ്തു് സർവ്വസ്വവും കുത്തിക്കവർന്നുകൊണ്ടുപോകുകയും ചെയ്തു. ഈ അനാഥസ്ഥിതിയിൽ കൊല്ലത്തു് ദേശിംഗനാടിന്റെ അധിപതിയായിരുന്ന രവിവർമ്മകുലശേഖരരാജാവ് പാണ്ഡ്യചോളദേശങ്ങളെ വെട്ടിപ്പിടിച്ച് കാഞ്ചീപുരരാജധാനിയിൽ രാജാധിരാജനായി സ്വല്പകാലം വാഴുകയുണ്ടായി. എന്നാൽ കേരളീയരുടെ ദുർഭാഗ്യത്താൽ അദ്ദേഹത്തിലും രാജലക്ഷ്മി സ്ഥിരയായി വസിച്ചില്ല. ഇതിനുമേൽ വിജയനഗരത്തിലെ ഹിന്ദുരാജാക്കന്മാർക്കും ആർക്കാട്ടിലെ നഭാക്കന്മാർക്കും മറ്റും ശക്തിയും ഊർജ്ജവും ലഭിച്ചിട്ടുണ്ടെങ്കിലും ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ ടിപ്പുവിനെ ജയിച്ച് മലബാറിൽ പ്രവേശിച്ചതു വരെ ഉള്ള ദീർഘമായ കാലത്തെങ്ങും മലയാളവും പാണ്ടിയും ഒരേ രാജാവിന്റെ സാക്ഷാൽ ഉള്ള ശാസനയിൽ ഉൾപ്പെട്ടിരിക്കുകയുണ്ടായിട്ടില്ല.

'ഒടുവിലത്തെ പെരുമാൾ, ഭാസ്കരരവിവർമ്മ ചേരമാൻ പെരുമാളായാലും ശരി, പള്ളി

[29] മാന്തരം ചേരലിരുമ്പൊറൈ എന്ന ചേരരാജാവിന്റെ ആജ്ഞ അനുസരിച്ച് കൂടലൂർകിഴാർ എന്ന പണ്ഡിതൻ സഞ്ചയിച്ച 500 പാട്ടുകളാണ് ഐങ്കുറുനൂറ്. ചൊംകട്ടവന്റെ അനുജനായ ഇളംകോവടികളാണ് ചിലപ്പതികാരത്തിന്റെ കർത്താവ്. അയ്യനരിതനാറിന്റെ കൃതിക്കു 'പുറപ്പൊരുൾ വെൺപാമാ എന്നു പേര്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-04.tex/Line: 790

ബാണപ്പെരുമാളായാലും ശരി, സ്വരാജ്യം മുഴുവനും തന്റെ മക്കൾക്കും മരുമക്കൾക്കും പകുത്തു കൊടുത്തു' എന്നാണല്ലോ നമ്മുടെ പഴമ. അന്നുമുതൽ മലയാളത്തുകാർക്കു പാണ്ടിക്കാരുമായുള്ള നിത്യസംസർഗ്ഗം അവസാനിച്ചു. രാജ്യകാര്യം സംബന്ധിച്ച് ഒരുത്തർക്കും അങ്ങോട്ടുമിങ്ങോട്ടും കടന്നിട്ടാവശ്യമില്ല. ആവശ്യങ്ങളുണ്ടായിരുന്നിടത്തോളം കാലം മാർഗ്ഗനിരോധകമായി ഗണിക്കപ്പെട്ടിട്ടില്ലായിരുന്ന മലയാചലപംക്തി ഇക്കാലംമുതൽ തങ്ങൾക്ക് ഒരു വലിയ പ്രതിബന്ധമായിട്ടും തീർന്നു. തീർത്ഥാടനംചെയ്യുന്ന ഭക്തന്മാരും ദേശസഞ്ചാരത്തിനിറങ്ങുന്ന ഉത്സാഹികളും അല്ലാതെ സാധാരണക്കാർ മലയിടുക്കുകളിലുള്ള ദുർഘടവഴികളിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുക എന്നുള്ളതു വളരെ അപൂർവ്വമായിത്തുടങ്ങി. രണ്ടു സംഘക്കാർക്കും തങ്ങളിലുള്ള പെരുമാറ്റം ചുരുങ്ങിയപ്പോൾ അവരവരുടെ ഭാഷകൾക്കും ദേശ്യഭേദങ്ങൾ വർദ്ധിച്ചുവന്നു. ചിലപ്രതികാരത്തിലും മറ്റും ഉണ്ടായിരുന്ന വ്യത്യസ്തപ്രയോഗങ്ങളിൽ തുലോം പ്രബലപ്പെട്ട മാറ്റങ്ങൾ മലയാളത്തിലെ കൊടുന്തമിഴിൽ കടന്നുകൂടി.

(2) മറുനാട്ടുകാർക്കില്ലാത്ത പല വിശേഷവിധികളും മലയാളത്തുകാർക്കുണ്ടായിരുന്നതിനാൽ അവർക്ക് ഒരു പ്രത്യേകസംഘമായിതിരിയുന്നതിനുണ്ടായ സൗകര്യം:

മരുമക്കത്തായം, മുൻകുടുമ, മുണ്ടുടുപ്പ് മുതലായതെല്ലാം മലയാളത്തിലെ വിലക്ഷണാചാരങ്ങളാകുന്നു. ഇതൊന്നും ഈ നാട്ടിൽ പുത്തനായിട്ടുണ്ടായതല്ല. 'പതിറ്റിപ്പത്തി'ൽ പ്രസംസിച്ചിരിക്കുന്ന പ്രഭുക്കന്മാരും രാജാക്കന്മാരും മരുമക്കത്തായം അനുഷ്ഠിച്ചിരുന്നവരാണെന്ന് ആ ഗ്രന്ഥത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്.[30] നിത്യസഹവാസം ഉണ്ടായിരുന്നകാലത്ത് ഈവക വൈലക്ഷണ്യങ്ങളൊന്നും ഒരു വിശേഷവിധിയായി പാണ്ടിക്കാർ ഗണിച്ചിരുന്നില്ല. എങ്കിലും ഇതുകളിൽ അവർക്കു തൃപ്തി പോരായിരുന്നു എന്നു തെളിയുന്നുണ്ട്. 'മലയാളനാടു വാഴുന്നതിന് രാജാക്കന്മാരില്ലാതെ വന്നിട്ട് നമ്പൂരിമാർ അപ്പോഴപ്പോൾ പരദേശത്തുചെന്ന് പെരുമാക്കന്മാരെ അവരോധിച്ചുകൊണ്ടു വന്നിരുന്നു' എന്ന് കേരളോൽപ്പത്തിക്കാരൻ ഘോഷിക്കുന്ന ഐതിഹ്യത്തിന് നിദാനം ഈ നീരസം ആയിരിക്കണമെന്ന് ഊഹിപ്പാൻ വഴിയുണ്ട്. പരശുരാമനെ പഴിപറഞ്ഞു് നമ്പൂരിമാർ ക്ഷത്രിയരാജാക്കന്മാരെ സ്വജാതിയിൽ വിവാഹം ചെയ്തു മക്കത്തായം അനുഷ്ഠിപ്പാൻ അനുവദിക്കാതിരുന്നതു് തങ്ങളുടെ ശക്തിക്കു കുറവുവന്നേക്കുമോ എന്നു ശങ്കിച്ചിട്ടായിരിക്കാം. 'പാണ്ഡ്യചോളരാജ്യങ്ങൾകൂടി ജയിച്ച് വേഗവതീ (വൈകാ) തീരത്തു വച്ചു രാജ്യാഭിഷേകം ചെയ്ത ദേശിംഗനാട്ടിലെ രവിവർമ്മ കുലശേഖരൻ' ഒരു പാണ്ഡ്യരാജകുമാരിയെ വിവാഹം ചെയ്തതിനുശേഷം അവരുടെ സന്താനങ്ങളുടെ സ്ഥിതി എന്തായിരുന്നു എന്നറിവാൻ മാർഗ്ഗം കാണുന്നില്ല. ഏതായാലും 'മരുമക്കത്തായം മുതലായ അനാചാരങ്ങൾ മലയാളരാജ്യത്തെ ഒറ്റതിരിക്കുന്നതിനും അതുവഴിയായി മലയാളഭാഷയെ തമിഴിൽ നിന്ന് അകറ്റുന്നതിനും സഹായിച്ചു' എന്നു നിശ്ചയമാണ്.

[30] കേരളീയരുടെ മരുമക്കത്തായസമ്പ്രദായത്തെപ്പറ്റി പതിറ്റുപ്പത്തിൽ ഒരു സൂചനയൊന്നുമില്ല. ആ കാവ്യത്തിന്റെ നിർമ്മാണകാലത്തിനുശേഷം അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ഈ ദായക്രമം കേരളത്തിൽ ആവിർഭവിച്ചതെന്ന് ചരിത്രപണ്ഡിതന്മാർ വാദിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 818

(3) നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡസംസ്കാരവും:

ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ ബ്രാഹ്മണരും, ബൗദ്ധരും, ജൈനരും ആയ ആര്യന്മാർ തെക്കേ ഇൻഡ്യയിലേക്കു കടന്നിട്ടുണ്ട്; എന്നാൽ അവർ ഒറ്റയൊറ്റ കുടുംബങ്ങളായിട്ടല്ലാതെ വലിയ സംഘങ്ങളായിട്ടു വന്നിട്ടില്ല. ആര്യബ്രാഹ്മണർ ഗ്രാമമടച്ച് കേരളത്തിലേക്കു കുടിയേറിപ്പാർക്കുവാൻ ആരംഭിച്ചതും ക്രിസ്ത്വബ്ദം ആറാം ശതകം മുതലാണ്. അക്കാലത്ത് കദംബരാജവംശത്തിന്റെ പ്രവർത്തകനായ [31]മയൂരവർമ്മ രാജാവ് ഗോകർണ്ണത്തുനിന്നും കേരളത്തിലേക്ക് ആര്യബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി കുടിപാർപ്പിച്ചതായിട്ട് ലക്ഷ്യങ്ങൾ ഉണ്ട്. അതിനുശേഷം പാണ്ഡ്യൻ, ചോളൻ മുതലായ മറ്റു രാജാക്കന്മാരും അവരിൽനിന്നും അധികാരം ലഭിച്ച മറ്റു പെരുമാക്കന്മാരും പല പ്രാവശ്യമായി കേരളത്തിൽ ബ്രാഹ്മണപ്രതിഷ്ഠ ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് ബ്രാഹ്മണരെ ഗ്രാമംകൊടുത്തു പ്രതിഷ്ഠിച്ച് പുണ്യം സമ്പാദിച്ച കേരളരാജാവ് ചിറയ്ക്കലെ കോലത്തിരിയാണ്. അദ്ദേഹം രണ്ടുതവണയായി 'സാഗരം' (237) എന്നും 'സമുദ്രം' (257) എന്നും സംഖ്യയുള്ള ബ്രാഹ്മണഗ്രഹങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വലിയേ വന്നുകയറിയ മതാന്തരസ്ഥരായ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കുംകൂടി പലവിധം പദവികളും അവകാശങ്ങളും അധികാരങ്ങളും കൊടുക്കത്തക്ക ഔദാര്യമുള്ള നാട്ടുകാർ തങ്ങൾ ക്ഷണിച്ചുവരുത്തിയവരും സ്വമതസ്ഥരുമായ നമ്പൂരിമാർക്ക് സൽക്കാരപൂരസ്സരം സകലാധികാരങ്ങളും ഉദകപൂർവ്വം ദാനംചെയ്യുവാൻ മടിക്കുമെന്നു സന്ദേഹിക്കുവാൻ പോലും ഇടയില്ല. അതിനാൽ നമ്പൂരിമാർക്ക് സ്വഗ്രാമങ്ങളിൽ സർവ്വവിധാധികാരങ്ങളും ലഭിച്ചിരിക്കണം. ക്രിസ്ത്വബ്ദം 629-നും 645-നും മദ്ധ്യേ ഇൻഡ്യ സന്ദർശിച്ച ഹിയ്യൂങ്സാങ് എന്ന ചീനദേശ്യനായ തീർത്ഥയാത്രക്കാരൻ തെക്കേ ഇൻഡ്യയിൽ പറയത്തക്കതായ ആര്യജനനിവേശങ്ങൾ കണ്ടതായി എഴുതിയിട്ടില്ല. ക്രിസ്ത്വബ്ദം 774-ൽ വീരരാഘവ ചക്രവർത്തി കൊടുങ്ങല്ലൂർവച്ച് ഇരവികോർത്താൻ എന്ന കച്ചവടക്കാരന് മണിഗ്രാമാധിപത്യം കൊടുത്ത ചെമ്പുപട്ടയത്തിൽ[32] പന്നിയൂർ, ചൊവ്വര എന്ന ബ്രാഹ്മണഗ്രാമക്കാരെ വേണാടിന്റെയും കൂട്ടനാടിന്റെയും ഉടയവരോടൊപ്പമായ നിലയിൽ സാക്ഷിവച്ചുകാണുന്നതിനാൽ 774-മാണ്ടിനിടയ്ക്ക് നമ്പൂരിമാർക്ക് കേരളത്തിൽ പറയത്തക്ക ചില അധികാരങ്ങൾ സിദ്ധിച്ചു കഴിഞ്ഞിരിക്കുന്നു എന്നും തെളിയുന്നു. മയൂരവർമ്മ രാജാവ്

[31] 'പരശുരാമൻ പഞ്ചനദത്തുനിന്നും ബ്രാഹ്മണരെ കൊണ്ടുവന്നു' എന്ന് കേരളോൽപത്തിയിൽ കാണുന്നതും കേവലം മിഥ്യ എന്നു വിചാരിപ്പാനില്ല. ആരംഭത്തിൽ നാം ചെയ്തിട്ടുള്ള ഊഹം നോക്കുക. പരശുരാമൻ ബ്രാഹ്മണരെ പഞ്ചനദത്തിൽനിന്നും നയിച്ചത് പഴയകാലത്താണ്. അഗസ്ത്യൻ വിന്ധ്യപർവ്വതം കിഴക്കിത്താഴ്ത്തിയിട്ട് തെക്കോട്ടു കടന്നു. പരശുരാമൻ സമുദ്രംവഴി കേരളത്തിൽ പ്രവേശിച്ചു. 'സമുദ്രം വഴി വന്നതിനാൽ സമുദ്രത്തെ മാറ്റി ഭൂമി സൃഷ്ടിച്ചു' എന്നു പുരാണകഥയുണ്ടായി. 'അഗസ്ത്യൻ സമുദ്രം കുടിച്ചുവറ്റിച്ചു' എന്നും ഒരു ഇതിഹാസമുണ്ടല്ലോ. അതുംകൂടി കേരളസൃഷ്ടിക്ക് ഉപകരിച്ചതായി പറഞ്ഞിരുന്നുവെങ്കിൽ പരശുരാമന് ശ്രമം വളരെ കുറയുമായിരുന്നു പുരാണകഥകളുടെ അടിസ്ഥാനം സ്പഷ്ടമാകുന്നതുവരെ അതുകളിലെ കഴപ്പത്തിന് സമാധാനമുണ്ടാകുന്നതല്ല.

[32] ഈ പട്ടയത്തിന്റെ കാലം ഏ.ഡി. 1225 ആണെന്നു പ്രബലമായ ഒരഭിപ്രായമുണ്ട്. ഇരവികോർത്തനൻ എന്നും ഇരവിക്കുത്തൻ എന്നും ഏടുകളിൽനിന്നു ചിലർ വായിക്കുന്നു. ഇരവിക്കുതൻ എന്നു പദച്ഛേദം ചെയ്യണമെന്നും അങ്ങനെ സംജ്ഞാനാമം ഇരവി എന്നു മാത്രമാണെന്നു മനസ്സിലാകുമെന്നും മറ്റുചിലർ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 866

ആറാംശതവർഷാരംഭത്തിൽ ബ്രഹ്മപ്രതിഷ്ഠചെയ്തിട്ടുള്ള സംഗതി മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഇതെല്ലാം കൂട്ടിച്ചേർത്തുനോക്കുമ്പോൾ, 600 മുതൽ 774 വരെയുള്ള ഒന്നേമുക്കാൽ ശതാബ്ദത്തിനകത്തായിരിക്കാം നമ്പൂരിമാർ കേരളത്തിൽ പ്രതിഷ്ഠ ഉറപ്പിച്ചത് എന്ന് ഊഹിക്കാവുന്നതാണ്. കൊല്ലവർഷാരംഭവത്സരമായ 825-ആം വർഷത്തിനോടടുത്താണ് നാം പ്രസ്താവിക്കുന്ന കാലഘട്ടം. എകദേശം ഇതിനടുത്താണ് പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചതും ശ്രീശങ്കരാചാര്യസ്വാമികൾ അവതരിച്ചു ദിഗ്വിജയംചെയ്ത് അദ്വൈതശാങ്കരമതം സ്ഥാപിച്ചതും. ഈ രണ്ടു സംഗതികളിൽ ഒന്നിന്റെ സ്മാരകമായിട്ടാണ് കൊല്ലവർഷം എന്നൊരബ്ദം ആരംഭിച്ചത് എന്നുംകൂടി പ്രബലമായ അഭിപ്രായമുണ്ട്. മൂവരശരുടെ കലങ്ങൾ ക്ഷയിച്ച് തെക്കേ ഇൻഡ്യയിൽ രാജ്യാവകാശ വഴക്കുകളും കുഴപ്പങ്ങളും അനാഥാവസ്ഥയും ആരംഭിച്ചത് ഈ ഘട്ടത്തിനു സമീപിച്ചാണ്.

ഇതൊരു നല്ല തരം എന്നു കരുതി നമ്പൂരിമാർ അവരുടെ അധികാരങ്ങളെ കൈകടത്തി പ്രയോഗിച്ചുതുടങ്ങി. മേല്ക്കാണിച്ച സംഭവങ്ങൾ അവരുടെ ഉയർന്നതരം ആശകൾക്ക് അനുകൂലിച്ചു. പ്രത്യേകിച്ചും മരുമക്കത്തായം മുതലായ കേരളീയ വിലക്ഷണാചാരങ്ങൾ അവരുടെ ആശാസിദ്ധിക്കു വേണ്ടതിലധികം ഉപകരിച്ചു. പണ്ട് ക്ഷത്രിയരാജാക്കന്മാർ നിർബന്ധമായിട്ടനുഷ്ഠിക്കാതിരുന്ന മരുമക്കത്തായം അവരും അനുഷ്ഠിക്കണമെന്നു വിധിച്ചു. നാട്ടിലെ രക്ഷാധികാരികളായ 'അറുന്നൂറർ', 'പതിനായിരത്താർ' എന്നും മറ്റും പറയുന്ന നായർയോഗക്കാരാകട്ടെ പ്രസ്തുത സംഗതിയിൽ ഒട്ടും പ്രതിബന്ധം ആചരിച്ചില്ല. നാട്ടുമാമൂലുകൾ നാട്ടിൽ കുടി പാർക്കുന്നവരെല്ലാം തന്നെ ആചരിക്കണമെന്നായിരുന്നു അവരുടെ സ്വദേശാഭിമാനഭ്രമം. ഇതിനുപുറമേ 'അതിജാജ്വല്യമാനം' എന്നു പണ്ടേതന്നെ കീർത്തികേട്ടിരിക്കാവുന്ന ആര്യപരിഷ്കാരത്തിന്റെ ആചാര്യന്മാരും അനുഷ്ഠാതാക്കളും ഈ നമ്പൂരിമാർ ആയിരുന്നല്ലോ. ആര്യനാഗരികങ്ങളുടെ നാനാമാർഗ്ഗങ്ങളെല്ലാം തങ്ങളുടെ കൈവശമായിരുന്നു എന്നത് ഇവർക്കും ഒരു വലിയ മെച്ചമായിരുന്നു. ചുരുക്കത്തിൽ നവാഭ്യാഗതന്മാരായ ആര്യന്മാരുടെയും പ്രാചീനനിവാസികളായ ദ്രാവിഡരുടെയും വർഗ്ഗങ്ങൾക്ക് കൂടിക്കലരുന്നതിനു വേണ്ടിയിരുന്ന ഉപകരണങ്ങളെല്ലാം യോജിച്ചുവന്നു. രണ്ടുംകൂടിച്ചേർന്ന് ഒരു കഷായമായി. യോഗം നന്നായി ചേർന്നതിനാൽ കഷായത്തിന് വീര്യം സ്വയമേ കൂടുതലായിരുന്നു. പോരെങ്കിൽ നസ്രാണി ക്രിസ്ത്യാനികൾ അതിന് ഒരു മേമ്പൊടിയും ചേർത്തു. അതു സേവിക്കയാൽ കേരളലക്ഷ്മിക്ക് ശരീരപുഷ്ടിയും ബുദ്ധിവികാസവും ഓജസ്സും വർദ്ധിക്കുകയും ചെയ്തു.

പാണ്ഡ്യചോളദേശങ്ങളിലേക്കാൾ കേരളത്തിൽ ആര്യദ്രാവിഡവ്യതികരത്തിന് യോഗബലം കൂടുതലായിരുന്നു. വിവാഹംമൂലമുള്ള ആര്യരക്തസംബന്ധം മറ്റു ദേശങ്ങളിൽ ഇത്രത്തോളം ദ്രാവിഡർക്ക് സിദ്ധിക്കുവാൻ സൗകര്യം ലഭിച്ചില്ല. അതിനാൽ കേരളീയരുടെ ആര്യപരിഷ്കാരത്തിന് അതനുസരിച്ച് ഒരു മാറ്റുകൂടുമെന്ന് സമ്മതിക്കേണ്ടതുണ്ട്. 'നമ്പൂരിമാർ നാട്ടുകാരോടു് യോജിപ്പാൻവേണ്ടി വർണ്ണാശ്രമധർമ്മങ്ങൾക്ക് ലോപം വരുത്തി' എന്നൊരപവാദത്തിനും ഇടയാക്കിയില്ല. പരമാർത്ഥം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

നിഷ്പക്ഷപാതമായി ആലോചിക്കുന്നതായാൽ സ്മൃതിയിൽ വികൽപം അനുവദിച്ചിട്ടുള്ളിടത്ത് മറ്റു നാട്ടുകാർ ആദരിക്കാത്ത കോടികളെ ഇവർ സ്വീകരിച്ചു എന്നേ ഉള്ളൂ. 'ജ്യേഷ്ഠഭ്രാതാവിനുമാത്രം വൈദികഗാർഹസ്ഥ്യം; ശേഷം പേർക്കു സ്നാതകവൃത്തി മതി' എന്ന് ഒരു സൗകര്യം അവർ നടപ്പാക്കി എങ്കിൽ അതിനുപകരം ബ്രഹ്മചര്യവ്രതത്തിലും ഗൃഹസ്ഥാചാരങ്ങളിലും തീവ്രനിർബന്ധങ്ങളും ചെയ്യാവുന്നതാണ്. രജസ്വലാവിവാഹം നിഷേധിക്കായ്കയാൽ കന്യകമാർ വയസ്സു ചെന്നിരിക്കാറുണ്ടെങ്കിൽ വിധവകൾക്ക് ശിരോമുണ്ഡനാദികൾ വേണ്ടെന്നു കൽപിച്ചിട്ടുമുണ്ട്. ഈവക ആചാരപരിവർത്തനങ്ങൾ ലഹളയൊന്നുംകൂടാതെ രമ്യമായി നടന്നതിൽ ആശ്ചര്യം തോന്നുന്നു. ഒഴുകിവരുന്ന നദി കായലിൽ ചെന്നുചേരുമ്പോലെ വന്നുകയറിയവരായ ആര്യർ ഇരിപ്പുകാരായ ദ്രാവിഡരിൽ ലയിച്ചതേ ഉള്ളൂ. ഭിന്നവർഗ്ഗക്കാരായ ജനങ്ങൾ കൂടിക്കലർന്നതുപോലെ അവരുടെ ഭാഷകളും യഥായോഗ്യം യോജിച്ചു. 'ദ്രവിഡഹിമഗിരിഗളിത' യായ കൊടുന്തമിഴ്ഭാഷ ഈ വിധത്തിൽ 'സംസ്കൃതവാണീകളിന്ദുജാമിളിത' യായിട്ട് മലയാളമായി ചമഞ്ഞു. കാളിന്ദീസംഗമം ഗംഗയ്ക്ക് പുഷ്ടികരവും മാഹാത്മ്യഹേതുകവും ആണെന്നു വിചാരിക്കുന്ന പക്ഷം മലയാളത്തിന് കൊടുന്തമിഴായിരുന്ന അവസ്ഥയെക്കാൾ ഉൽക്കർഷവും കൽപിക്കാവുന്നതാണ്.

906

12. ഇനി കൊടുന്തമിഴായിരുന്ന ഭാഷ ഏതുവിധം മലയാളമായിച്ചമഞ്ഞു എന്നാണ് ആലോചിപ്പാനുള്ളത്. ദേശ്യഭേദങ്ങളെക്കൊണ്ടുമാത്രം ഭാഷാഭേദം കൽപിക്കുന്നതിന് ന്യായം ഇല്ല. അത്രതന്നെയുമല്ല, ദേശ്യഭേദങ്ങൾ 'പതിറ്റുപ്പത്ത്' മുതലായ കൃതികളും ഉണ്ടായിരുന്നു എന്നും, എങ്കിലും അതുകൾ ഇന്നും തമിഴ്ഗ്രന്ഥങ്ങളായിത്തന്നെ ഗണിക്കപ്പെടുന്നു എന്നു നാം കണ്ടുവല്ലോ. അതിനാൽ ഇന്നയിന്ന ഇനങ്ങളിൽ മലയാളം തമിഴിൽനിന്നു വ്യത്യാസപ്പെടും എന്ന് തരംതിരിക്കത്തക്കവിധം ചില പൊതുനിയമങ്ങൾ ഉണ്ടെന്നു കാണിച്ചാൽ മാത്രമേ മലയാളത്തിന് ഒരു സ്വതന്ത്രഭാഷയെന്നുള്ള നില സിദ്ധിക്കുകയുള്ളൂ. അങ്ങനെ വല്ല നിയമവും ഉണ്ടോ എന്നു പരിശോധിക്കാം. താഴെ വിവരിക്കുന്ന നയങ്ങൾ അനുസരിച്ച് മലയാളം തമിഴിൽനിന്നു വേർതിരിയുന്നു.[33]

(1) അനുനാസികാതിപ്രസരം

(2) തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം

(3) സ്വരസംവരണം

(4) പുരുഷഭേദനിരാസം

(5) ഖിലോപസംഗ്രഹം

(6) അംഗഭംഗം.

[33] മലയാളം തമിഴിൽ നിന്നാണ് ഉണ്ടായത് എന്നതിനു തെളിവുകൾ എന്ന നിലയ്ക്കല്ല, മലയാളത്തിനും തമിഴിനും തമ്മിലുള്ള മൗലികഭേദങ്ങൾ എന്ന നിലയ്ക്കാണ് ഈ നയങ്ങൾ കേരളപാണിനി നിർദ്ദേശിക്കുന്നത്. എങ്കിലും, അദ്ദേഹം അവയിൽ ചിലതു വിവരിക്കുന്ന രീതി, തമിഴിൽനിന്നു (ചെന്തമിഴിൽ നിന്ന്) ജനിച്ചതാണ് മലയാളം എന്ന ധാരണ ഉളവാക്കാൻ പോരും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 928

1 അനുനാസികാതിപ്രസരം:

അനുനാസികവർണ്ണം തനിക്ക് അടുത്തു പിന്നാലേ വരുന്ന വർണ്ണം ഖരമാണെങ്കിൽ അതിനെക്കൂടി കടന്നുകയറി ആക്രമിച്ച് അനുനാസികമാക്കിത്തീർക്കും; അനുനാസികം മുൻപും ഖരം പിൻപും ആയി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലംചെയ്യും; ഖരത്തിന്റെ ഉച്ചാരണം വേർതിരിച്ചു കേൾക്കാതെ ആകും. അതിനാൽ,

ങ്ക = ങ്ങ; ഞ്ച = ഞ്ഞ;[34] ന്ത = ന്ന; മ്പ = മ്മ; ൻറ = ന്ന.

ഉദാഹരണം:

നിങ്കൾ	=	നിങ്ങൾ	വന്താൻ	=	വന്നാൻ
നെഞ്ചു്	=	നെഞ്ഞു്	തിരുമ്പുക	=	തിരുമ്മുക
തിന്താൻ	=	തിന്നാൻ	പഞ്ചി	=	പഞ്ഞി
ചിമ്പുക	=	ചിമ്മുക	ചെൻറാൻ	=	ചെന്നാൻ
മാങ്കായ്	=	മാങ്ങാ	ഒൻറു	=	ഒന്ന്
പഞ്ചം	=	പഞ്ഞം	കൻറു	=	കന്ന്.

ഖരവർണ്ണം ഒരു പ്രത്യയത്തിന്റെ ആദ്യക്ഷരമായി വരുന്നിടത്തെല്ലാം ഈ നിയമം സാർവ്വത്രികമായിക്കാണും. അങ്ങനെയുള്ള പ്രത്യയങ്ങൾ രണ്ടെണ്ണം ഉണ്ട്—'തു' എന്ന ഭൂതകാലചിഹ്നം, 'കൾ' എന്ന ബഹുവചനം; മറ്റുള്ളിടത്തു് ഈ നിയമം ചിലപ്പോൾ പ്രവർത്തിക്കുമെന്നേ ഉള്ളൂ.[35] അനുനാസികത്തിന് അടുത്തുവരുന്ന വർണ്ണത്തേക്കൂടി തന്നിൽ ലയിപ്പിച്ച് സാത്ത്യം കൊടുക്കത്തക്ക ഒരു പ്രഭാവശക്തി മലയാളത്തിൽ കടന്നുകൂടുകയാൽ അതു് മലയാളികളുടെ സംസ്കൃതോച്ചാരണത്തേയും ത്ം ബാധിക്കാറുണ്ട്. സംസ്കൃതത്തിലാകുമ്പോൾ ഖരത്തെക്കാളധികം മൃദുവിനാണ് ഈ മാറ്റം സംഭവിക്കുക:

മങ്ഗലം	—	മങ്ങലം;	അഞ്ജനം	—	അഞ്ഞനം;
മണ്ഡപം	—	മണ്ണപം;	ചന്ദനം	—	ചന്നനം;
അമ്ബാ	—	അമ്മ.[36]			

എന്നാൽ തദ്ഭവങ്ങളിലല്ലാതെ തത്സമങ്ങളിൽ അനുനാസികാതിപ്രസരം എഴുതുമ്പോൾ ചെയ്യാറില്ല.

2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം:

തവർഗ്ഗം എന്നു പറഞ്ഞാൽ തമിഴക്ഷരമാലപ്രകാരം 'ത', 'ന' എന്ന് രണ്ടു വർണ്ണങ്ങളേ ഉള്ളല്ലോ. ഇവയെ യഥായോഗം കൂട്ടിച്ചേർത്താൽ 'ത്ത', 'ന്ന', 'ന്ത' എന്നു മൂന്നു കൂട്ടക്ഷരം കൂടിയു

[34] ടവർഗ്ഗത്തിനുമാത്രം ഈ മാറ്റം ഇല്ല. 'ണ്ട' എന്നതു് 'ണ്ണ' എന്ന് ആകുകയില്ല.

[35] തൊങ് കുക, തുഞ്ചം, തന്ത, ചെമ്പു്, നിന്റെ മുതലായവയിൽ അനുനാസികാതിപ്രസരമില്ലെന്ന് അർത്ഥം. 'കൾ' പ്രത്യയം ചേർന്നാലും അനുനാസികാതിപ്രസരം വരാത്ത 'താങ്കൾ' മുതലായ രൂപങ്ങളുണ്ട്.

[36] 'അമ്മ'യാണ് 'അമ്ബ' ആയതെന്നും ഒരുപക്ഷമുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 972

ണ്ടാകും. ഇതുകൾക്കു മുൻവരുന്ന സ്വരം 'അ', 'ഇ', 'എ', 'ഐ' എന്ന താലവ്യങ്ങളിൽ ഏതെങ്കിലുമായാൽ അതിന്റെ താലവ്യധർമ്മം ഈ ദന്ത്യങ്ങളിൽക്കൂടി വ്യാപിച്ച് അതുകളെക്കൂടി താലവ്യങ്ങളാക്കും. ദന്ത്യത്തിന് താലവ്യാദേശം ചെയ്യുകയാലാണ് ഈ നയത്തിന് "താലവ്യാദേശം' എന്നുകൂടി പേരിട്ടതു്. ആദേശം ചെയ്യുന്നതു് പൊരുത്തം നോക്കി വേണം. എങ്ങനെ എന്നാൽ:

ത	—	ച
ന	—	ഞ
ത്ത	—	ച്ച
ന്ന	—	ഞ്ഞ
ന്ത	—	ഞ്ച

ഈ നയവും പ്രത്യയങ്ങളെ സംബന്ധിച്ചിടത്തോളമേ സാർവ്വത്രികമായി കാണുകയുള്ളു.[37] അതിനാൽ 'ത്തു', 'ന്തു' എന്നവസാനിക്കുന്ന ഭൂതകാലരൂപങ്ങളാണ് ഇവിടെ മുഖ്യോദാഹരണങ്ങൾ. 'ന്ത' എന്നതു് 'ഞ്ച' എന്നു മാറുമ്പോൾ മുൻചൊന്ന അനുനാസികാതിപ്രസരംകൂടി വന്ന് അവസാനത്തിൽ 'ഞ്ഞ' എന്നു കലാശിക്കും എന്നോർക്കുക:

അല	—	അലൈന്താൻ	=	അലഞ്ചാൻ	=	അലഞ്ഞാൻ
അറി	—	അറിന്താൻ	=	അറിഞ്ചാൻ	=	അറിഞ്ഞാൻ
പിടി	—	പിടിത്താൻ	=	പിടിച്ചാൻ		
വെ	—	വൈത്താൻ	=	വൈച്ചാൻ (വെച്ചാൻ, വച്ചാൻ)		
വാ	—	വായ്ന്തു	=	വായ്ച്ചു		
ചീ	—	ചീന്തു	=	ചീഞ്ചു	=	ചീഞ്ഞു
തേ	—	തേന്തു	=	തേഞ്ചു	=	തേഞ്ഞു
ഐന്തു്	=	അഞ്ചു്				
നെരുക്കം	=	ഞെരുക്കം				
നാൻ	=	ഞാൻ				
നണ്ടു	=	ഞണ്ട്				
നരമ്പു	=	ഞരമ്പു്[38]				

3 സ്വരസംവരണം:

സ്വരങ്ങളെ വേണ്ടിടത്തോളം വിട്ടു് തുറന്ന് വെളിവായിട്ടു് ഉച്ചരിക്കാതെ അടച്ചൊതുക്കിപ്പിടിച്ച് ഉച്ചരിക്കുകയാകുന്നു ഇതിന്റെ സ്വഭാവം.

[37] പ്രത്യത്തിനും താലവ്യാദേശംവരാത്ത 'പിടിത്തം' മുതലായ രൂപങ്ങളുണ്ടല്ലോ.

[38] താലവ്യസ്വരത്തിനു പരമായി വരാത്ത ദന്ത്യത്തിനും ചിലപ്പോൾ താലവ്യാദേശം വരുമെന്നു കാണിക്കാനാണ് നെരുക്കം > ഞെരുക്കം തുടങ്ങിയ ഉദാഹരണങ്ങൾ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1019

a) ഉകാരോച്ചാരണത്തിലാണ് ഇതു പ്രധാനമായി കാണുന്നത്. സംവരണം ചെയ്ത് (മൂടിപ്പിടിച്ച്) ഉച്ചരിക്കുന്നതുകൊണ്ട് അതിനു 'സംവൃതോകാരം' എന്നു പേർ കൊടുത്തിരിക്കുന്നു.[39] ഇതു തമിഴിലും ഇല്ലാത്തതല്ല. എന്നാൽ തമിഴിൽ ഇത് ഒരു ഉച്ചാരണവൈലക്ഷണ്യം എന്നു മാത്രമല്ലാതെ വ്യാകരണ പ്രക്രിയയെയോ അർത്ഥത്തെയോ സ്പർശിക്കുന്നില്ല. മലയാളത്തിലാകട്ടെ മുൻവിനയച്ചത്തിനും മുറ്റുവിനയ്ക്കും ഉള്ള ഭേദം കുറിക്കുന്നതു പലേടത്തും ഉകാരത്തിന്റെ ധ്വനിഭേദംകൊണ്ടാണ്. ശരിയായ വിവൃതോകാരമായാൽ 'മുറ്റുവിന' എന്നു പറയുന്ന ആഖ്യാതരൂപം; സംവൃതോകാരമായാൽ 'മുൻവിനയെച്ചം' എന്നു പറയുന്ന പൂർവ്വകാലക്രിയാംഗം എന്നാകുന്നു നിയമം:

മുറ്റുവിന	—	കണ്ടു;	മുൻവിനയെച്ചം	—	കണ്ട്
മുറ്റുവിന	—	കേട്ടു;	മുൻവിനയെച്ചം	—	കേട്ട്
സംജ്ഞാപദം	—	വേലു;	ആയുധം	—	വേല്
സംജ്ഞാപദം	—	ചങ്കു;	ഹൃദയം	—	ചങ്ക്

സംവൃതത്തെ ഒരു സ്വരമായി ഗണിക്കാറില്ല.[40] കേവലമായ വ്യഞ്ജനത്തെ ഉച്ചരിച്ചു നിറുത്തുന്നതിനുള്ള അസൗകര്യം പരിഹരിപ്പാൻവേണ്ടി കൊടുക്കുന്ന ഒരു സ്വരലാഞ്ഛനയെന്നേ വ്യാകരണത്തിൽ അതിനെ കല്പിച്ചിട്ടുള്ളൂ. അതിനാൽ മറ്റൊരു സ്വരം അടുത്തുവന്നാൽ ഇതു സർവ്വത്ര ലോപിക്കും; ദ്വിത്വത്തിനും മറ്റും ഇതു നിമിത്തമാകുകയില്ല. തമിഴ്വ്യാകരണത്തിലാകട്ടെ മറ്റു സ്വരങ്ങൾക്കൊപ്പം സംവൃതത്തിനും വിലയുണ്ട്. തമിഴ്മട്ടനുസരിച്ച് 'മുത്തുക്കുട', 'മാട്ടുപ്പൊങ്കൽ' ഇത്യാദി ചില ദ്വിത്വം വരുത്തിയിട്ടുള്ള പ്രയോഗങ്ങൾ ഇന്നും മലയാളത്തിൽ അവശേഷിച്ചു കിടക്കുന്നുണ്ട്.

b) പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ വരുന്ന ഐകാരം ചുരുങ്ങി അകാരമാകും.[41] ഉദാ:

തമിഴ്	—	മഴൈ	ഇലൈ	വിലൈ	ഉടൈയ	അടൈന്താൻ	ഐന്ത്
മലയാളം	—	മഴ	ഇല	വില	ഉടയ	അടഞ്ഞാൻ	അഞ്ച്

ഒടുവിലത്തെ ഉദാഹരണം പോലെ അപൂർവ്വമായി അന്ത്യമല്ലാത്ത ഐകാരവും അകാരമായിത്തീരാറുണ്ട്. അ + അ + ഇ എന്നു മൂന്നു സ്വരം ചേർന്നുണ്ടായ സന്ധ്യ

[39] ആധുനികഭാഷാശാസ്ത്രജ്ഞന്മാർ ഒരു തത്ത്വം ആസ്പദമാക്കി സ്വരങ്ങളെ open, close (വിവൃതം, സംവൃതം) എന്നു വിഭജിക്കാറുണ്ട്. അതനുസരിച്ച് 'ഉ – വിനേക്കാൾ വിവൃതമാണ് 'ഉ്'. മറ്റൊരു ഉപാധി ആശ്രയിച്ച് Front, Back, Central (മുൻ, പിൻ, നടു) എന്നും സ്വരങ്ങളെ തരംതിരിക്കാം. അതനുസരിച്ചാണെങ്കിൽ ഉകാരം പിൻസ്വരവും 'ഉ്' കേന്ദ്രീകൃതസ്വരവുമാണ്. അതിനാൽ, കേന്ദ്രീകൃതോകാരം എന്ന് 'ഉ്' — നെ വിളിക്കുകയില്ലേ ഭേദം?

[40] വൃത്തശാസ്ത്രത്തിൽ ഗണിക്കുന്നു.

[41] തമിഴിൽ പദാന്ത്യത്തിൽ കാണുന്ന ഐകാരമല്ല. തൽസ്ഥാനത്തു മലയാളത്തിൽ കാണുന്ന അകാരമാണ് ആദിമം എന്ന പ്രബലമായ ഒരു പക്ഷമുണ്ട്. പ്രത്യയാന്ത്യത്തിലേ ഐകാരം ചുരുങ്ങി അകാരമായിത്തീരുന്നതിന് കേരളപാണിനി ഉദാഹരണങ്ങൾ കൊടുക്കുന്നില്ല. തനിമൈ > തനിമ, മറുതലൈ > മറുതല മുതലായവയായിരിക്കാം അദ്ദേഹം ഉദ്ദേശിക്കുന്ന ഉദാഹരണങ്ങൾ. തമിഴിലെ 'ഐ' എന്ന ദ്വിതീയാവിഭക്തിക്കു സമാനമായി മലയാളത്തിൽ 'എ' ആണുള്ളതെന്നും പറയേണ്ടതുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1049

ക്ഷരമാകുന്ന 'ഐ'കാരം എന്നാണ് സംസ്കൃതത്തിൽ ഗണിക്കപ്പെടുന്നത്. എന്നാൽ മലയാളത്തിനു തമിഴിലെ ഉച്ചാരണമാണ് ആവശ്യം.

> 'അമ്മുനികരം യകരമെൻറിവെ യെയ്തിനൈയൊ-
> ത്തിചൈക്കുമവ്വോടുവും വവ്വുമൗവോരന്ന.'[42]

എന്ന നന്നൂൽസൂത്രത്തിന്റെ സ്വാരസ്യം നോക്കുമ്പോൾ ഐ ഔ എന്ന സ്വരങ്ങളുടെ ഘടന ഇന്നവിധമെന്നു തെളിയുന്നു:

ഐ	=	അ + ഇ	അല്ലെങ്കിൽ	അ + യ്
ഔ	=	അ + ഉ	അല്ലെങ്കിൽ	അ + വ്

ഐകാരം രണ്ടുവിധമായി പിരിക്കാവുന്നതിൽ ആദ്യത്തേത് കർണ്ണാടകവും രണ്ടാമത്തേത് മലയാളവും സ്വീകരിച്ചു.[43]

തമിഴ്	മലയാളം	കർണ്ണാടകം
മഴൈ	മഴയ്	മഡഇ, മഡെ

'മഴയ്' എന്ന യകാരം സന്ധിയിലേ തെളിഞ്ഞു കാണുകയുള്ളൂ. ഈ സ്വഭാവവിശേഷംകൊണ്ട് ഇങ്ങനെ ഉണ്ടാകുന്ന അകാരത്തെ ശരിയായ അകാരത്തിൽനിന്നും വേർതിരിച്ചറിയുവാൻ മാർഗ്ഗമുണ്ട്:

> തടെ — തട = തടയുന്നു
> തട — തട = തടവുന്നു

എന്ന മാതിരിയിൽ ഐകാരത്തിന്റെ സ്ഥാനത്തുവന്ന അകാരത്തിന് സന്ധിയിൽ യകാരവും ശുദ്ധമായതിനു വകാരവും തുണയായി വരും, ഈ ഭേദം പ്രമാണിച്ചു മലയാളത്തിലെ അകാരത്തെ 'താലവ്യം' എന്നും 'ശുദ്ധം' എന്നും വ്യാകരണത്തിൽ വേർതിരിക്കേണ്ടിവന്നിട്ടുണ്ട്.[44] തമിഴിലെ ഐകാരത്തെ കർണ്ണാടകക്കാർ ഏകാരമായിട്ടാണു മാറ്റുന്നത്. അതിനാൽ കർണ്ണാടകസ്പർശമുള്ള മലയാളദേശങ്ങളിൽ അടുത്തകാലംവരെ ചില രൂപങ്ങളിൽ, വിശേഷിച്ചും 'ക്ക' കൊണ്ടാരംഭിക്കുന്ന പ്രത്യയം പരമാകുമ്പോൾ അകാരത്തിനു പകരം എകാരം എഴുതിക്കൊണ്ടിരുന്നു. 'മഴെക്ക' 'മറെക്കുന്നു' ഇത്യാദി. ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ പലേടത്തും ഈ വിധം അച്ചടിച്ചു കാണും.

---

[42] അമ്മുൻ (അകാരത്തിനു പരമായി) ഇകരം യകരം എന്റിവൈ (ഇകാരം യകാരം എന്നിവ) എയ്തിൻ (വന്നാൽ) ഐയൊത്തു (ഐപോലെ) ഇചൈക്കും (ഉച്ചരിക്കും) അവ്വോട്ട് ഉവ്വും വവ്വും (അകാരത്തിനു പരമായ ഉകാരമോ വകാരമോ വന്നാൽ) ഔവോർ അന്ന (ഔപോലെ) ഉച്ചരിക്കും.

[43] ആദിദ്രാവിഡത്തിലേ 'തല' മുതലായ നാമങ്ങളുടെ അന്ത്യത്തിലേ അകാരമാണ് തമിഴിൽ ഐകാരമായി പരിണമിച്ചതെന്നും മലയാളവും തെലുങ്കും പൂർവ്വരൂപങ്ങൾ കാത്തുപോരുന്നുവെന്നും കാൽഡ്വൽപോലും സൂചിപ്പിച്ചിട്ടുണ്ട്. 'അവൈ', 'അവ' എന്നിവയിൽ 'അവ' ആണ് ആദിമം എന്നതു സർവ്വ സമ്മതം തന്നെ.

[44] 'അവർണ്ണം ശുദ്ധമായ കണ്ഠത്തിനുപുറമേ താലവ്യമായിട്ടും ഓഷ്ഠ്യമായിട്ടുംകൂടിയുണ്ട്' എന്ന കേരളപാണിനി 'ശബ്ദശോധിനി'യിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1089

c) പൊതുനിയമം ചെയ്യത്തക്ക വിധത്തിലല്ലെങ്കിലും അകാര – എകാരങ്ങളും, ഇകാര – ഉകാരങ്ങളും ചിലയിടത്തു മാറ്റിമറിച്ചു കാണും:

തമിഴ്	മലയാളം
ചൊല്ലെണം	ചൊല്ലണം
പരുമാററം	പെരുമാറ്റം
പടുക	പെടുക
പുറാവു	പിറാവ് > പ്രാവ്
പിരാൻ	പുരാൻ
ചൊല്ലിൻറാൻ	ചൊല്ലുന്നു
നാട്ടിൻപുറം	നാട്ടുമ്പുറം
സമയത്തിൻകൽ	സമയത്തുങ്കൽ[45]

ഇതിൽ 'എണം' എന്നതു് 'അണം' എന്നു് ആയതും, 'ഇൻറാ' എന്നതു് 'ഉന്നു' ആയതും സാർവ്വത്രികമാകുന്നു.

4 പുരുഷഭേദനിരാസം:

തമിഴിലെ കാലവാചകങ്ങളായ ആഖ്യാതങ്ങൾക്കു് കർത്താവിനോടുള്ള പൊരുത്തത്തിനു വേണ്ടി ലിംഗം, പുരുഷൻ, വചനം ഇതുകളെക്കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്തു് രൂപഭേദം വരുത്താറുണ്ടു്. മലയാളഭാഷ ഇതെല്ലാം ഒന്നോടെ ഉപേക്ഷിച്ചു.[46]

തമിഴ്	മലയാളം	
അവൻ വന്താൻ	അവൻ	വന്നു
അവൾ വന്താൾ	അവൾ	
അവർ വന്താർ	അവർ	
നീ വന്തായ്	നീ	
നീങ്കൾ വന്തീർകൾ	നിങ്ങൾ	
നീർ വന്തീർ	നിങ്ങൾ	
നാൻ വന്തേൻ	ഞാൻ	
നാങ്കൾ വന്തോം	ഞങ്ങൾ	

[45] ഇവയിൽ പലതും വാമൊഴിയിൽ ചില ദേശങ്ങളിൽ മാത്രം നടപ്പുള്ള തമിഴ്രൂപങ്ങളാണ്. 'കൽ' പ്രത്യയം നാടോടിത്തമിഴിൽപ്പോലും അപൂർവ്വമാകുന്നു.

[46] മലയാളഭാഷയിൽ പുരുഷപ്രത്യയങ്ങളുടെ നിരാസമല്ല അഭാവമാണു കാണുന്നതെന്നു ചിലർ വാദിക്കുന്നു. കേരളപാണിനിക്കുതന്നെ ഇല്ലാതിരുന്നതല്ല ഈ അഭിപ്രായം. 53, 109 എന്നീ കാരികളുടെ ഉപപാദനം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-04.tex/Line: 1155

നമ്പൂരിബ്രാഹ്മണർ ഇതിൽ സഹായിച്ചിരിക്കണം. സംസ്കൃതമോ അതിന്റെ വല്ല പ്രാകൃതമോ സംസാരിച്ചുകൊണ്ടിരുന്നിരിക്കേണ്ടവരായ നമ്പൂരിമാർക്ക് ആഖ്യാതത്തിനു കർത്താവിനോടു പൊരുത്തം വേണമെന്നുള്ളത് ഒരു അപൂർവ്വസംഗതിയായി തോന്നിയിരിക്കുവാൻ ഇടയില്ല. എന്നാൽ ഈ വിഷയത്തിൽ സംസ്കൃതത്തിനും തമിഴിനും വലിയ അന്തരം ഉണ്ട്. സംസ്കൃതത്തിൽ ലിംഗപ്പൊരുത്തം വേണ്ട. തമിഴിൽഅതുംകൂടി വേണം. മലയാളം ഒന്നുമേ വേണ്ടെന്നുവച്ചു. പുരുഷവചനഭേദംതന്നെ ശരിയായി നോക്കി പ്രയോഗിക്കുന്നതു ശ്രമം എന്നു വിചാരിച്ചിരുന്നവർ ലിംഗഭേദം എന്നു മൂന്നാമതൊന്നുകൂടി ചേർക്കണമെന്നുവന്നപ്പോൾ 'എന്നാൽ എല്ലാം ഒന്നോടെ പോകട്ടെ' എന്നു തള്ളിക്കളഞ്ഞിരിപ്പാൻ നല്ല ന്യായം ഉണ്ട്. വിശേഷിച്ചും ആഖ്യാതത്തിൽ പുരുഷാദിഭേദം കുറിക്കുന്നതിനു തമിഴിലുള്ള ഏർപ്പാട് പിഷ്ടപേഷംപോലെ കുറെ അനാവശ്യകമെന്നു തോന്നിപ്പോകാവുന്നതാണ്. 'ഞാൻ', 'നീ', 'മററുള്ളവർ' എന്നാണല്ലോ പുരുഷഭേദം. ഈ ഭേദം ക്രിയാരൂപത്തിൽ കാണിക്കുന്നതിന് അതാതു സർവ്വനാമങ്ങളുടെ അംശങ്ങൾതന്നെ എടുത്തു തേച്ചുരച്ച് 'പ്രത്യയം' എന്നു പറഞ്ഞു ചേർക്കുകയാണ് എല്ലാ ഭാഷകളും ചെയ്യുന്നത്. എന്നാൽ വൈകൃതകക്ഷ്യയിൽ ഇരിക്കുന്ന സംസ്കൃതം മുതലായ ഭാഷകളിൽ പ്രത്യയസ്ഥാനം വഹിക്കുന്നത് സർവ്വനാമങ്ങളുടെ തേഞ്ഞുമാഞ്ഞ കഷണങ്ങൾ ആണെന്നുള്ളത് ശബ്ദശാസ്ത്രകാരന്മാർക്ക് ഊഹിക്കാവുന്നതല്ലാതെ സാധാരണക്കാർക്കു സ്പഷ്ടമായി കാണാവുന്നതല്ല. സംശ്ലിഷ്ടകക്ഷ്യയിൽ കിടക്കുന്ന തമിഴിലാകട്ടെ, സർവ്വനാമങ്ങളുടെയും പുരുഷപ്രത്യയങ്ങളുടെയും അഭേദം പച്ചയായിട്ടു തെളിഞ്ഞുപോയി.

സംസ്കൃതത്തിൽ:

ഏകവചനം	ബഹുവചനം
സ കരോതി	തേ കുർവ്വന്തി
ത്വം കരോഷി	യൂയം കുരുഥ
അഹം കരോമി	വയം കുർമ്മഃ

'അഹം' ഇത്യാദി സർവ്വനാമരൂപങ്ങൾക്കും 'മി' ഇത്യാദി പ്രത്യയങ്ങൾക്കും തമ്മിൽ ഒരടുപ്പവും സ്ഥൂലദൃഷ്ടിയിൽ കാണുന്നില്ല. ഇനി തമിഴിലെ സ്ഥിതി നോക്കുക:

അന്ത പൊത്തയൻ	ഉളറിനാൻ
മാമനാർ	ചൊന്നാർ
നീർ	ചൊന്നീർ
നീങ്കൾ	ചൊന്നീർകൾ
നാൻ (=ഏൻ)	ചൊന്നേൻ
നാങ്കൾ (നോം)	ചൊന്നോം
അതു അപ്പടി	വന്തതു

ഈ ഉദാരഹണങ്ങളിൽ കർത്തൃസ്ഥാനത്തു നില്ക്കുന്ന സർവ്വനാമങ്ങളും അതുകളിൽ കാണുന്ന

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1183

ലിംഗവചനപ്രത്യയങ്ങളും തന്നെയാണ് ആഖ്യാതരൂപങ്ങളിലും ആവർത്തിക്കപ്പെട്ടിരിക്കുന്നതെന്നു സ്പഷ്ടമായി തെളിയുന്നു. 'സംഖ്യാവിശേഷണം ചേർക്കുന്നപക്ഷം നപുംസകനാമങ്ങൾക്ക് ബഹുവചനം വേണ്ട' എന്നു തീർച്ചപ്പെടുത്തിയിട്ടുള്ള ദ്രാവിഡഭാഷയ്ക്ക് ഈ ആവൃത്തി ഒട്ടും യോജിക്കുന്നതല്ലെന്ന യുക്തി കരുതി മലയാളികൾ പുരുഷാദിഭേദത്തെ നിശ്ശേഷം ഉപേക്ഷിച്ചു.

വാസ്തവത്തിൽ കാൽഡ്വൽ സായ്പ് അഭിപ്രായപ്പെടുമ്പോലെ തമിഴിൽ ശരിയായ ഒരാഖ്യാതരൂപമേ ഇല്ല. 'പാർത്തു' എന്നത് 'പാർ എന്ന പ്രകൃതിയുടെ ഭൂതകാലരൂപമാണ്. അതിൽ 'ആൻ', 'ആൾ' എന്ന ലിംഗപ്രത്യയങ്ങളിൽ ഒന്നുചേർത്താൽ അതു കർത്താവിനോടുള്ള പൊരുത്തം കൊണ്ട് 'മുററുവിന' എന്നു പറയുന്ന പ്രധാനക്രിയാപദം ആയിത്തീരും. 'അ' എന്ന ചുട്ടെഴുത്ത് (പ്രഥമപുരുഷ സർവ്വനാമം) ആണ് ചേർക്കുന്നതെങ്കിൽ പററുവിനയിൽ (അപ്രധാനക്രിയാപദങ്ങളിൽ അല്ലെങ്കിൽ അംഗക്രിയകളിൽ) ഉൾപ്പെട്ട പേരെച്ചമായി ചമയും. 'നാൻ പാർത്ത (പാർത്തു + അ) പുസ്തകമാനതു' ഇത്യാദ്യുദാഹരണം. 'പാർത്ത' എന്ന പേരെച്ചത്തിൽ പിന്നീട് 'അൻ', 'അൾ', 'അർ', 'തു' എന്ന ലിംഗപ്രത്യയങ്ങൾ ചേർത്താൽ, 'പാർത്തവൻ', 'പാർത്തവൾ', 'പാർത്തവർ', 'പാർത്തതു്' എന്ന കാരകകൃത്തുകൾ (Nominal agent) ഉണ്ടാകും. 'പാർത്തു' എന്ന ഭൂതകാലരൂപം ഒരു ഭേദഗതിയും ചെയ്യാതെ തനിയേ നിന്നാൽ വിനയെച്ചരൂപമാണ്. ഉദാഹരണം:

'പുസ്തകം പാർത്തു ചൊല്ലറേൻ' (ചൊൽകിറേൻ).

ഇങ്ങനെയാണ് തമിഴ് വ്യാകരണത്തിന്റെ ഗതി. ഇതിൽ 'പാർത്തു' എന്ന രൂപം തനിയേ നിന്നാൽ വിനയെച്ചവും 'ആൻ', 'ആൾ' ഇത്യാദി ലിംഗങ്ങളുടെ കുറികൾ ചേർത്താൽ മുററുവിനയും ആകുമല്ലോ. ഇവിടെ മലയാളി ചെയ്ത ഭേദഗതി ഇത്രയേ ഉള്ളു: ലിംഗാദിഭേദങ്ങൾ ആവശ്യമല്ല; അതിനു പകരം തമിഴിൽ 'കുററിയൽ ഉകരം' (സംവൃതം) ആയി കല്പിച്ചിരിക്കുന്ന 'തു' എന്ന പ്രത്യയത്തിലെ 'ഉ'കാരത്തെ ബലംകൊടുത്ത് ഉറപ്പിച്ചാൽ മുററുവിന ആയി; ഉകാരത്തെ ദുർബ്ബലമായിത്തന്നെ വെച്ചേച്ചാൽ 'വിനയെച്ചം' എന്നതു തമിഴ് മുറതന്നെ. ആഖ്യാതങ്ങളുടെ ഒടുവിലത്തെ ഉകാരത്തിനു ബലംകൊടുത്തിട്ടുണ്ടെന്നുള്ളത് — 'വന്നുശരത്സമയമംബുദമൊന്നകന്നു' — ഇത്യാദി പ്രയോഗങ്ങൾകൊണ്ടു സ്പഷ്ടമാകും. 'പാർത്തല്ല', 'പാർത്തിരിക്കുന്ന' ഇത്യാദി വിനയെച്ചരൂപങ്ങളിലാകട്ടെ ഉകാരം ലോപിക്കുന്നതിനാൽ, അവിടെ അതിനെ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു എന്നും തെളിയുന്നു. ഈവിധം മലയാളത്തിൽ ലിംഗപുരുഷ വചനങ്ങളെ ഉപേക്ഷിക്കുക എന്നത് വളരെ ലഘുവായി സാധിച്ചു.

5 ഖിലോപസംഗ്രഹം:

'ഖിലം' എന്നാൽ അപ്രയുക്തം; ഒരു കാലത്ത് നടപ്പുണ്ടായിരുന്നിട്ടും കാലക്രമത്തിൽ പ്രയോഗമില്ലാതെ വന്നത്. അങ്ങനെയുള്ള പ്രകൃതികളെയും പ്രത്യയങ്ങളെയും ഉപേക്ഷിക്കാതെ ഉപയോഗിക്കുകയാണ് അതുകളുടെ ഉപസംഗ്രഹം.[47] തമിഴിൽ ഒരേ വ്യാകരണസംബന്ധം

[47] പ്രത്യയങ്ങൾക്കു മാത്രമേ കേരളപാണിനി ഉദാഹരണങ്ങൾ കൊടുക്കുന്നുള്ളു. പീടിക, പിഴ, അളിയൻ, കളരി, എക്കൽ മുതലായവ തമിഴിൽ ലുപ്ത പ്രചാരമായിപ്പോയ പദങ്ങൾക്ക് ഉദാഹരണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1220

കുറിക്കുന്നതിന് 'നന്നൂലി'ൽ പരിഗണനം ചെയ്തിട്ടുള്ള പ്രകാരം വെകല്പികങ്ങളായി പലേ പ്രത്യയങ്ങളുണ്ടായിരുന്നു. അവയിൽ മിക്കതും നാട്ടുഭാഷയിൽ നടപ്പില്ലാതായി. കവിതയിൽത്തന്നെയും എല്ലാം പ്രയോഗിച്ചു കാണുന്നില്ല. അങ്ങനെയുള്ള ഖിലരൂപങ്ങളിൽ ചിലതിനു മലയാളത്തിൽ നടപ്പുവന്നിട്ടുണ്ട്. ഒന്നുരണ്ട് ഉദാഹരിക്കാം.

a) പിൻവിനയെച്ചം: സംസ്കൃത്തിലെ 'തും' (തുമുൻ) എന്ന പ്രത്യയത്തിന്റെ സ്ഥാനത്തിൽ ഭാവിയായ അംഗക്രിയയെ കുറിക്കുന്ന 'ആൻ' എന്ന പ്രത്യയം തമിഴിൽ ഇപ്പോൾ ലുപ്തപ്രചാരമായിപ്പോയി. വർത്തമാനക്രിയയെ കുറിക്കുന്ന നടുവിനയെച്ചംതന്നെ ആണ് ഭാവ്യർത്ഥത്തിലും ഉപയോഗിക്കുന്നത്. ഉദാ:

തമിഴ്	മലയാളം
കുളിക്കവന്തേൻ	കുളിക്കാൻവന്നു
വാചിക്കപ്പോകിറേൻ	വായിക്കാൻ പോകുന്നു
ഇരുക്കച്ചൊന്നാർ	ഇരിക്കാൻ ചൊന്നാർ (പറഞ്ഞു)

തമിഴിൽ നടുവിനയെച്ചം ഉപയോഗിക്കേണ്ടുന്ന സ്ഥലങ്ങളിൽ ചിലയിടത്തു മലയാളം മുൻവിനയെച്ചമാക്കീട്ടുണ്ട്.

തമിഴ്		മലയാളം
ചൊല്ലത്തുടങ്കിനാൻ	=	ചൊല്ലിത്തുടങ്ങി
ചൊല്ലക്കൂടാതു	=	ചൊല്ലിക്കൂടാ

ആകെക്കൂടെ മലയാളത്തിൽ ശരിയായ നടുവിനയെച്ചത്തിന്റെ ഉപയോഗം വളരെ ചുരുങ്ങിപ്പോയി. 'ചൊല്ലപ്പെട്ടു' എന്ന കർമ്മണിപ്രയോഗം, 'ചൊല്ലവേണം—വേണ്ടാ' ഇത്യാദി വിധായകപ്രകാരങ്ങൾ;[48] 'ചൊല്ലാം' (= ചൊല്ല + ആം) എന്ന അനുജ്ഞായകപ്രകാരം ഇത്രയും ദിക്കിലേ ഇപ്പോൾ നടുവിനയെച്ചം ഉപയോഗിക്കാറുള്ളു. വിനയെച്ചപ്രകരണം നോക്കുക.

'ഇൽ' എന്ന സംഭാവകവിനയെച്ചത്തിന്റെ പ്രയോഗത്തിലും ഭേദഗതികൾ വന്നിട്ടുണ്ട്. പ്രത്യയങ്ങളെ നേരേ നടുവിനയെച്ചത്തിൽ ചേർക്കുക എന്ന സമ്പ്രദായം അപൂർവ്വമായി; അതിനുപകരം 'എൻ' എന്ന നിരൂപകകൃതിയുടെ പാക്ഷികവിനയെച്ചത്തെ[49] ഒരു ഘടകനിപാതമായിട്ടു ഉപയോഗിക്കുകയാണ് അധികം നടപ്പ്. 'പോകിൽ' എന്നതിനുപകരം 'പോകുന്നെങ്കിൽ', 'പോയെങ്കിൽ', 'പോകുമെങ്കിൽ' എന്നു പ്രയോഗിച്ചുവരുന്നു. പഴയ രൂപം കാലാംശത്തെ കുറിക്കുന്നില്ല; പുതിയ രൂപ

[48] വിധിമാർഗ്ഗത്തിലും നിഷേധമാർഗ്ഗത്തിലുമുള്ള വിധായകം എന്ന അർത്ഥത്തിലാണ് 'വിധായകപ്രകാരങ്ങൾ' എന്ന ബഹുവചനത്തിന്റെ പ്രയോഗം.

[49] 'എൻ' എന്ന നിരൂപകകൃതിയുടെ പാക്ഷികവിനയെച്ചം = 'എങ്കിൽ' എന്ന പദം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1264

ങ്ങളിൽ കാലഭേദംകൂടി സ്പഷ്ടമാകുന്നുണ്ട്.[50] തമിഴിന് ഉണ്ടായിരുന്ന ധോരണിയും ആഡംബരവും കളഞ്ഞു് വിനയെച്ചങ്ങളുടെ വിനിയോഗത്തെ മലയാളം ആവശ്യകതയും ഉപയോഗവും നോക്കി ഒന്നു പരിഷ്കരിച്ചിട്ടുണ്ട്.

b) നിയോജകമദ്ധ്യമബഹുവചനം: മലയാളം മറ്റുവിനകൾക്ക് പുരുഷഭേദം വേണ്ടെന്ന് ഉപേക്ഷിച്ചു. എന്നാൽ അതിനുള്ള കാരണം പുരുഷപ്രത്യയസ്ഥാനം വഹിക്കുന്നതു് സർവ്വനാമരൂപങ്ങൾതന്നെ ആകുകയാൽ കർത്താവിലും ക്രിയാപദത്തിലും അതുകളുടെ ആവൃത്തി സ്പഷ്ടമായി കാണുന്നതിൽ ഉണ്ടാകുന്ന അസ്വാരസ്യംമാത്രമാകുന്നു. ആവൃത്തി തോന്നാത്തിടത്തു് പുരുഷഭേദംകൂടി കുറിക്കുക മലയാളത്തിന് ഇഷ്ടം തന്നെയാണ്. അതിനാൽ നിയോജകപ്രകാരത്തിന്റെ മധ്യമപുരുഷനിൽമാത്രം മലയാളവും പുരുഷഭേദം സ്വീകരിച്ചിട്ടുണ്ട്. കേവലധാതുവിലോ 'ഉം' എന്ന ഭാവികാലം ചേർത്ത രൂപത്തിലോ 'ഇൻ' എന്ന് പ്രത്യയം ചേർത്താൽ മദ്ധ്യമബഹുവചനം ഉണ്ടാകും. ഉദാ:

ധാതു	കേവലം	ഭാവികാല-രൂപത്തിൽ നിന്ന്	തമിഴ്
വരു് =	വരിൻ!	വരുവിൻ!	വാരും
കേൾ =	കേൾപ്പിൻ! കേൾക്കിൻ!	കേൾക്കുവിൻ!	കേളും
കാൺ =	കാണിൻ! കാണ്മിൻ!	കാണുവിൻ!	കാണ്മിൻ കാണും കാണ്മിനീർ
ചെയ് =	ചെയ്യിൻ! ചെയ്വിൻ	ചെയ്യുവിൻ!	ചെയ്മിൻ! ചെയ്യും ചെയ്മിനീർ[51]

തമിഴിൽ 'ഇൻ' പ്രത്യയം അപൂർവ്വമായിട്ടു കവിതകളിൽ മാത്രമേ കണ്ടിട്ടുള്ളൂ. 'ഉം' എന്ന പ്രത്യയമാണ് സാധാരണ ഉപയോഗിച്ചുകാണുന്നതു്. അതിലും 'ഇൻ' എന്ന പ്രത്യയസ്വരൂപം വേർതിരിച്ച് നന്നൂൽസൂത്രത്തിൽ എടുത്തു കാണിച്ചിട്ടില്ല; ശേഷമുള്ളതിന്റെ കൂട്ടത്തിൽ 'മിൻ' എന്ന ഒരു രൂപം മാത്രമേ കൊടുത്തിട്ടുള്ളൂ.[52] സന്ധികാര്യങ്ങൾകൊണ്ടു് 'ഇൻ' പ്രത്യയം ആദ്യാഗമങ്ങൾ ചേർന്ന് 'യിൻ', 'വിൻ', 'ക്കിൻ', 'പ്പിൻ', 'മിൻ' എന്നെല്ലാം ആകൃതിയിൽ വരാം. ഇതുപോലെതന്നെ നന്നൂലിൽ പിൻവിനയെച്ചപ്രത്യയമായ 'ആൻ' എന്നതിനേയും പൊതുവായി നിർദ്ദേശിക്കാതെ 'വാൻ' 'പാൻ' എന്ന് ഏതാനും രൂപങ്ങളെ മാത്രമേ എടുത്തിട്ടുള്ളൂ. ഇതിൽനിന്നും, 'ഇൻ' എന്ന മധ്യമബഹുവചനപ്രത്യയവും, 'ആൻ' എന്ന പിൻവിനയെച്ച പ്രത്യയവും 'നന്നൂൽ' കാരനായ ഭവനന്ദിയുടെ കാലത്തുതന്നെ അപ്രയുക്തങ്ങളുടെ കൂട്ടത്തിലായിക്കഴിഞ്ഞിരിക്കുന്നു'എന്നു തെളിയുന്നു. അതിനാൽ, തമിഴിൽ വ്യാകരണം സ്ഥിരപ്പെടുംമുൻപുതന്നെ മലയാളം അതിൽനിന്നും ഭിന്നിച്ച് പലവഴിയിലും സ്വാതന്ത്ര്യം കാണിക്കുവാൻ ആരംഭിച്ചിരിക്കുന്നു എന്ന് ഊഹിക്കാം. ഈവക തെളിവുകളെ

[50] 'പോകിൽ' എന്നതിൽ കാലസൂചനയില്ല; 'പോകുന്നെങ്കിൽ, പോകുമെങ്കിൽ' മുതലായവയിൽ കാലഭേദം സ്പഷ്ടമാകുന്നു — എന്ന് അർത്ഥം.

[51] കാണ്മിനീർ, ചെയ്മിനീർ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾക്കു തമിഴ് വ്യാകരണഗ്രന്ഥങ്ങളിൽ സാധൂകരണമില്ല.

[52] മിൻ' എന്ന രൂപം തൊൽകാപ്പിയത്തിലും ഉണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1330

അടിസ്ഥാനപ്പെടുത്തിയിട്ടാണ്, ഡാക്ടർ കാൽഡ്വൽ, 'തമിഴ്ഭാഷ സ്വരൂപപ്പെട്ടും മുൻപുതന്നെ മലയാളം അതിൽനിന്നുംവേർതിരിഞ്ഞു തുടങ്ങിയിട്ടുണ്ട്' എന്ന് അഭിപ്രായപ്പെടുന്നത്. 'മലയാളം തമിഴിൽനിന്നും ദുഷിച്ച ഒരു പ്രാകൃതമേ ആകുകയുള്ളൂ' എന്ന്[53] തമിഴർ അപവദിക്കുന്നതാകട്ടെ, അവരുടെ സ്വഭാഷാഭിമാന വിജൃംഭിതം എന്നേ ഗണിക്കുവാനുള്ളൂ.

മധ്യബഹുവചനരൂപങ്ങൾ ഉദാഹരിച്ചതിൽ ഭാവികാലരൂപവും തമിഴിൽ നിയോജ്യകാർത്ഥത്തിൽ പ്രയോഗിക്കാറുള്ളതായി കാണിച്ചുവല്ലോ. ഈ നടപ്പ് മലയാളത്തിലും ഉണ്ട്; 'ഭാവിരൂപം രണ്ടുള്ളതിൽ തമിഴർ എടുത്ത രൂപം അല്ല മലയാളികൾ എടുത്തത്' എന്നുമാത്രം ഭേദം. തമിഴിൽ 'ഉം' എന്ന ഭാവിക്കും മലയാളത്തിൽ 'ഊ' എന്ന ഭാവിക്കും ആണ് നിയോഗാർത്ഥത്തിൽ പ്രയോഗം. ഉദാ:

തമിഴ്	മലയാളം
നീർ ഇങ്കെ വാരും! ഇരും!	താൻ ഇവിടെ വരൂ! ഇരിക്കൂ!

6 അംഗഭംഗം:

ചില പഴയ ദ്രാവിഡപ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളഭാഷ സൗകര്യത്തിനു വേണ്ടി അക്ഷരലോപംചെയ്ത് ചുരുക്കിയിട്ടുണ്ട്. ഈവക രൂപങ്ങൾ വാലും തലയും മുറിക്കുമ്പോൾ ഉണ്ടാകാവുന്ന വെരൂപ്യം കൊണ്ട് കണ്ടാൽ അറിയാത്തവിധം മാറിപ്പോയിരിക്കുന്നു. ഇവയിൽ ചിലതിന്റെ ആഗമത്തെപ്പറ്റി വൈയാകരണന്മാർക്കുതന്നെ തർക്കം തീർന്നിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ.[54]

a) 'ക്കു' എന്ന ഉദ്ദേശികാ (ചതുർത്ഥി) വിഭക്തിയുടെയും 'ഉടയ' എന്ന സംബന്ധികാ (ഷഷ്ഠി) വിഭക്തിയുടെയും ചിഹ്നങ്ങൾ — ഇതുകളെ ചിലയിടത്ത് ചില നിയമങ്ങൾ അനുസരിച്ച് 'ഉ' എന്നും, 'ഉടെ', 'ടെ' എന്നും അക്ഷരലോപം ചെയ്ത്[55] ചുരുക്കിയിട്ടുണ്ട്. ഉദാ:

അവൻ	—	അവന്, അവന്ന്	അവനുടെ; (അവൻടെ = അവന്റെ)
അവൾ	—	അവൾക്ക്	അവളുടെ

നാമപ്രകൃതി സ്വയം തന്നെയോ 'ഇൻ' എന്ന ഇടനില ചേർത്തോ 'ൻ' എന്നവസാനിക്കുന്നിടത്തു മാത്രമേ 'ഉ' ('ൻ' ചേർന്ന് 'ന' എന്നോ 'ന്ന' എന്നോ ആകാം) എന്നും

[53] The statements of D. Caldwel that 'the separation of Malayalam from Tamil evidently took place at a very early period, before the Tamil was cultivated and refined' and that 'Tamil bids fare to supersede the Malayalam' are thus opinions which need stronger evidence before they could be accepted.' Tamil studies – M. Srinivasa Iyengar, M.A.

[54] ഇവിടെയും കേരളപാണിനി പ്രത്യയങ്ങൾക്കു മാത്രമേ ഉദാഹരണങ്ങൾ കൊടുക്കുന്നുള്ളൂ. നെരു തലൈ > ഇന്നലെ, പെയർ > പേർ മുതലായവയായിരിക്കാം പ്രകൃതികൾക്കുള്ള ഉദാഹരണങ്ങൾ.

[55] 59-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1400

'ടെ' എന്നും ഉള്ള അതിസങ്കോചിതങ്ങളായ രൂപങ്ങൾ വരികയുള്ളു എന്നാണു നിയമം. 'അതിന്നു', മരത്തിന്നു' ഇത്യാദി രൂപങ്ങളിൽ 'ഇൻ' എന്നതു് ഇടനിലയാണെന്നു ഗ്രഹിക്കാതെ മലയാളത്തിൽ 'ഇന്നു' (ഇ + ൻ + ഉ) എന്നു് വിശേഷാൽ ഒരു ചതുർത്ഥിപ്രത്യയമുണ്ടെന്നും, ആ പ്രത്യയം 'തനതു' ഇത്യാദി സംബന്ധിതദ്ധിതങ്ങളിൽ കാണുന്നതും സംസ്കൃതത്തിലെ 'തസ്യേദമ്'' എന്ന വിഗ്രഹവാചകത്തിന്റെ സ്ഥാനം വഹിക്കുന്നതും ആയ 'അതു' എന്നതിൽ നിന്നും ഉത്ഭവിച്ചതാണെന്നും ഡാക്ടർ ഗ്രണ്ടർട്ടു് അഭിപ്രായപ്പെടുന്നു. 'ടെ' എന്നതിന്റെ ഉത്ഭവവും 'അതു' എന്നതിൽനിന്നുതന്നെ എന്നാണു് സായ്പിന്റെ പക്ഷം എന്നു തോന്നുന്നു. വേറെ ഒരു സായ്പു് (ഡാക്ടർ സ്റ്റീവൻസൺ) 'ടെ' എന്നതിനെ കർണ്ണാടകത്തിലെ 'റെ' എന്ന സംബന്ധികാപ്രത്യയത്തോടു യോജിപ്പിക്കുന്നു. ഡാക്ടർ കാൽഡ്വലാകട്ടെ, ആദ്യം പറഞ്ഞ, രണ്ടു സായ്പന്മാരേയും ഖണ്ഡിക്കുന്നു, എങ്കിലും, അവൻ + ടെ' (= അവന്റെ) എന്നതിലെ 'ടെ' നിസ്സന്ദേഹമായിട്ടു് ('I doubt not' he say) 'അതു' എന്നതിന്റെ ദുഷിച്ച രൂപംതന്നെ എന്നു ശപഥംചെയ്യുന്നു. ഈ പക്ഷത്തിൽ 'അവന്റേതു' എന്നുള്ള പ്രയോഗത്തിൽ (അവൻ + അതു = അവന്റെ; അവന്റെ + അതു=അവന്റേതു) 'അതു' എന്നതിന്നു് ആവൃത്തി വരുന്നല്ലോ എന്നു സ്വയമേ ആക്ഷേപിച്ചും കൊണ്ടു് ഈമാതിരി ആവൃത്തി മറ്റു ഭാഷകളിലും കാണാറുണ്ടെന്നു സമാധാനപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ പ്രകൃതവിഷയത്തിൽ ഡാക്ടറന്മാർ മൂന്നുപേർക്കും മൂന്നുവിധമാണു് അഭിപ്രായം. ഗ്രണ്ടർട്ടിനെ തെറ്റിച്ചതു് നിശ്ചയമായിട്ടു് നിഘണ്ടുകാരൻ ബെയിലിസായ്പു് ആണു്. അദ്ദേഹം തന്റെ നിഘണ്ടുവിൽ നാമങ്ങളെ കു-വക, നു-വക എന്നു തരംതിരിച്ചിട്ടുണ്ടു്, 'ക്കു' എന്നു് ചതുർത്ഥിയിൽ അവസാനിക്കുന്ന നാമങ്ങൾ 'കു-വക', 'നു' എന്നവസാനിക്കുന്നവ 'നു-വക' എന്നർത്ഥം. വാസ്തവത്തിൽ ഒരു നാമത്തിന്റേയും ചതുർത്ഥി 'നു' എന്നു് അവസാനിക്കുന്നില്ല. 'ൻ' എന്നു് അവസാനിക്കുന്ന നാമങ്ങളിലേ 'ഉ്' മാത്രം ചേർന്നു് ചതുർത്ഥീരൂപം ഉണ്ടാകുകയുള്ളു എന്ന നിയമം ഇവർ ധരിച്ചിട്ടില്ലെന്നു തോന്നുന്നു. വ്യഞ്ജനാന്തങ്ങൾക്കൊക്കെയും 'ഇൻ' ഇടനില ചേർക്കേണ്ടതുള്ളതുകൊണ്ടു്[56] പലവിധം നാമങ്ങളും 'ൻ' എന്നവസാനിക്കും; അപ്പോൾ പ്രത്യയം 'ഇന്നു' എന്നാണെന്നു കല്പിക്കുന്നപക്ഷം, നാമങ്ങളെ നു-വക, കു-വക എന്നു തരംതിരിക്കേണ്ടിവരുന്നതിൽ ഒരാശ്ചര്യവും ഇല്ല. 'അവൻടെ' എന്നെഴുതാതെ 'അവന്റെ' എന്നു് 'റ' എഴുതിവരുന്ന സമ്പ്രദായം കണ്ടാണു് സ്റ്റീവൻസൺ' ഭ്രമിച്ചുവശായതു്. അദ്ദേഹത്തിന്റെ നാമധേയംതന്നെ ശരിയായ ഇംഗ്ലീഷു് ഉച്ചാരണപ്രകാരം മലയാളത്തിൽ എഴുതുകയാണെങ്കിൽ 'സ്റ്റീവൻസൺ' എന്നാണു് വരുക എന്നദ്ദേഹം ഗ്രഹിച്ചിരുന്നെങ്കിൽ ഈ അപകടത്തിൽ ചാടുകയില്ലായിരുന്നു. 'ന്റെ' എന്ന കൂട്ടക്ഷരത്തിന്റെ ഉച്ചാരണം മറ്റെങ്ങുമില്ലാത്ത ഒരു വിശേഷപ്പെട്ട ധ്വനിയിൽ ആണെന്നും nde (ൻടെ)[57] പോലെയാണെന്നും അറിഞ്ഞതിന്റെ ശേഷം കൂടി കാൽഡ്വൽ 'അതും ഇതും' പിടിക്കാൻ

[56] 56-ആം കാരിക നോക്കുക.

[57] തമിഴിലെ ഖരങ്ങൾക്കു് പദമദ്ധ്യത്തിൽ മൃദുവിന്റെ ഉച്ചാരണമാണു്; അതിനാൽ ഇംഗ്ലീഷിൽ 'd' എഴുതിയാലും തമിഴിലായാൽ 'ട' തന്നെ എഴുതണം. തവർഗ്ഗത്തിലെ മൃദുവിനാണു് കാൽഡ്വെൽ d എന്നു് എഴുതാറു്.

ഈ പതിപ്പു് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണു്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-04.tex/Line: 1400

പോയതിന് ഒരു സമാധാനവും കാണുന്നില്ല. എന്നാൽ തങ്ങളുടെ ജീവിതകാലം മുഴുവൻ നമ്മുടെ ഭാഷ അഭ്യസിക്കുന്നതിലേക്കു വ്യയം ചെയ്തു് ചരിത്രത്തിനും യുക്തിക്കും ചേർന്ന് അതുകളുടെ വ്യാകരണനിയമങ്ങളെ വ്യവസ്ഥപ്പെടുത്തിത്തന്നിട്ടുള്ള സായ്പന്മാരെ നാം ധന്യവാദപുരസ്സരം അഭിനന്ദിക്കുകയല്ലാതെ പരിഹസിക്കുകയല്ല വേണ്ടതു്. 'ന്റെ' എന്ന ഉച്ചാരണം നാം എത്രതന്നെ പറഞ്ഞു കേൾപ്പിച്ചാലും വൈദേശികന്മാർക്കു ശരിയായി ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. ഇതിലെ 'റ' എന്ന എഴുത്തിനെ ഉച്ചരിക്കുന്നതു് ശരിയായ റകാരം പോലെ അല്ലെന്നു് ഏതു മലയാളിയും
1400 സമ്മതിക്കും. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ,[58]

'എൻെറല്ലാം കേട്ടവനൊരു നുറുങ്ങാശ്വസിക്കിന്റെ നേരം'

എന്നും മറ്റും മലയാളത്തിൽത്തന്നെ വട്ടെഴുത്തുമട്ടിൽ എഴുതിയിട്ടുള്ളതു വായിച്ചു നോക്കട്ടെ. ഇവിടെ 'റ' യുടെ ധ്വനി 'ട' യുടേയും 'ത' യുടേയും മദ്ധ്യേ ആണ്; അതുകൊണ്ടു തന്നെ ആണ് ഇതിന് ഇംഗ്ലീഷിലെ 't'-യോടു ധ്വനിസാമ്യം പറഞ്ഞതു്. 'റ' ഒറ്റയായിരുന്നാൽ അതു സ്പഷ്ടമാവുകയില്ല; ഇരട്ടിച്ചു് 'റ്റ' ആകുമ്പോൾ അതു് വേണ്ടുംവണ്ണം തെളിയും. ഉദാ: attest = അറ്റെസ്റ്റ്. എന്നാൽ 'ൻെററ' എന്നുവേണ്ടേ എഴുതാൻ എന്നു ചോദിച്ചാൽ ൻ-ന് പിൻപു് ഇരട്ടിച്ച വർണ്ണം യോജിക്കുകയില്ല; അനുനാസികങ്ങൾക്കപ്പുറം ഒരെഴുത്തും ഇരട്ടിക്ക പതിവില്ല. ഇരട്ടിക്കുമ്പോൾ ഉള്ള ധ്വനി ഒറ്റയ്ക്കു കൊടുത്താൽ ആവശ്യം നടക്കുകയും ചെയ്യും. ഉച്ചാരണത്തിൽ നിർബന്ധമുള്ളവർ 'ൻെററ' എന്നു് ഇരട്ടിച്ചുതന്നെ എഴുതിയിരുന്നുവോ എന്നു നിർണ്ണയിപ്പാനും ഇപ്പോൾ നമുക്കു തരമില്ല.

'ൻെറ' എന്നു് ഇപ്പോൾ എഴുതി വരുന്ന ലിപിവിന്യാസം ദ്രാവിഡത്തിലെ ധ്വനിവിജ്ഞാനീയ സിദ്ധാന്തങ്ങൾക്കു് അത്യന്തം യോജിച്ചതാണെന്നു പ്രതിപാദിക്കാം. സംസ്കൃതപ്രകാരം സ്പർശാക്ഷരങ്ങൾക്കു് അഞ്ചു വർഗ്ഗങ്ങൾ ഉള്ളതിനു പുറമേ തമിഴിൽ ആറാമതൊരു വർഗ്ഗം കൂടിയുണ്ടു്. സംസ്കൃത്തിൽ ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം എന്നു് ഓരോ വർഗ്ഗത്തിലും ഐയഞ്ചാണ് അക്ഷരം. ഇതിൽ അതിഖരം ഖരത്തിന്റെയും ഘോഷം മൃദുവിന്റെയും, മഹാപ്രാണീകരണം മാത്രമാണെന്നു് ഉച്ചരിച്ചു നോക്കിയാൽ സ്പഷ്ടമാകും. അതിനാൽ സ്വരങ്ങളിലെ ഹ്രസ്വദീർഘഭേദം പോലെ സ്പർശങ്ങളിൽ അല്പപ്രാണമഹാപ്രാണഭേദം ജാതിഭേദം ഉളവാക്കുകയില്ല. ഈ യുക്തിപ്രകാരം നോക്കുമ്പോൾ സംസ്കൃതത്തിൽ ഓരോ വർഗ്ഗത്തിനും ഖരം, മൃദു, അനുനാസികം എന്നു മൂന്നു വർണ്ണങ്ങളേ ഉള്ളു; ഈ മൂന്നെണ്ണം തമിഴിലെ വർഗ്ഗങ്ങളിലും ഉണ്ടു്; മൃദുക്കളെ എഴുതിക്കാണിക്കുന്നതിനു പ്രത്യേകം ലിപികളെ ഏർപ്പെടുത്തിയിട്ടില്ല എന്നു മാത്രമേ ഉള്ളു. പദാദിയിൽ മാത്രം ഖരത്തിന് സ്വന്തമായ ഉച്ചാരണം; പദമദ്ധ്യത്തിലായാൽ അതിനെ മൃദുവാക്കി ഉച്ചരിക്കണം — എന്നാണ് തമിഴിന്റെ ഏർപ്പാടു്. അതിൻ പ്രകാരം 'മകൻ' എന്നു് എഴുതിയാലും 'മഗൻ' എന്നപോലെയാണ് വായിക്കേണ്ടതു്. ഇപ്പോഴത്തെ മലയാളത്തിൽ ൻ-യ്ക്കും, ന-യ്ക്കും വേറെ ചിഹ്നം

[58] വിശദാംശങ്ങൾക്കു് അക്ഷരമാലാപ്രകരണം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1427

ഏർപ്പെടുത്താത്തതുപോലെ ചെയ്ത ഒരു സൗകര്യമെന്നേ ഉള്ളു ഇതു്. തമിഴിലെ വർഗ്ഗാക്ഷരങ്ങളാവിത്:

(1)	ക, ങ;	(2)	ച, ഞ;	(3)	ട, ണ;
(4)	[59] റ, ന;	(5)	ത, ന;	(6)	പ, മ.

കണ്ഠാദ്യോഷ്ഠാന്തമായിട്ടു് ഉള്ളിൽ നിന്നു പുറത്തേക്കുള്ള ക്രമത്തിൽ 'റ' വർഗ്ഗത്തിന്റെ നില നാലാമതായിട്ടാണു വരുക. അതിന്റെ സ്ഥാനം ദന്തമൂലമാകുന്നു. ഉച്ചാരണം മൂർദ്ധന്യത്തിന്റെയും ദന്ത്യത്തിന്റെയും മദ്ധ്യേ നിൽക്കും. 'റ' കാരം പദമദ്ധ്യത്തിലല്ലാതെ പദാദിയിൽ വരാത്തതിനാൽ മൃദുഖരോച്ചാരണഭേദം ഇതിന് ഏർപ്പെട്ടിട്ടില്ല. എങ്കിലും, മറ്റു വർഗ്ഗങ്ങളെപ്പോലെ ഇതിനെയും ആര്യഭാഷാധ്വനികൾകൊണ്ടു പൂരിപ്പിക്കുവാൻ പ്രയാസമില്ല. മലയാളത്തിൽ ലിപികളില്ലായ്കയാൽ റോമൻലിപികളെ ഉപയോഗിക്കാം:

ഖരം	അതിഖരം	മൃദു	ഘോഷം	അനുനാസികം
t	th	d	dh	n

ഈ ലിപികൾക്ക് ഇംഗ്ലീഷിലുള്ള ഉച്ചാരണം ആണ് വിവക്ഷിതം. Enter എന്ന ഇംഗ്ലീഷ് വാക്ക് r കളഞ്ഞുച്ചരിച്ചാൽ 'എന്റെ' എന്ന മലയാളത്തിന്റെ ഉച്ചാരണമാകും എന്നു പറഞ്ഞാൽ കഴിഞ്ഞു.

ഇനി 'ഉടെ' എന്നതിലെ ഉകാരം ലോപിച്ചതിന്റെശേഷം ടകാരത്തിന് ഈവിധം മാറ്റം ചെയ്തതെന്തിന് എന്ന ചോദ്യത്തിനു സമാധാനം പറയേണ്ടതുണ്ടു്. ഇതു് സന്ധികാര്യങ്ങളിൽ ഒന്നാണ്. ക + ഉ = കണ്ടു; വിൺ + തലം = വിണ്ടലം; മരം + കൾ = മരങ്ങൾ; നിൻ + കൾ = നിങ് കൾ ഇത്യാദി സന്ധികൾ നോക്കുക. അനുനാസികവും ഖരവും മുൻപിൻപായി ചേർന്നു വന്നാൽ ഖരത്തെ അനുനാസികത്തിന്റെ വർഗ്ഗത്തിലുള്ള ഖരമാക്കണം — ഖരത്തെ മുന്നനുനാസികത്തോടു സവർണ്ണനം (assimilation) ചെയ്യണം (പൊരുന്തിക്കണം) — അനുനാസികാൽ പരമായ ഖരത്തിന് പൂർവ്വസവർണ്ണം വേണം — അനുനാസികത്തിനപ്പുറം സ്വവർഗ്ഗഖരമേ നിന്നുകൂടു — എന്ന് ഒരു സാമാന്യനിയമം ഈ ഉദാഹരണങ്ങളിൽനിന്നും തെളിയുന്നു. ഈ മാതിരി ഒരു സൂത്രം നന്നൂലിൽ ഉണ്ടുതാനും. എന്നാൽ അതിനെ ഒരു പൊതുനിയമമാക്കി കൊടുത്തിട്ടില്ല. ഈ സന്ധിസൂത്രപ്രകാരം 'ഉടെ' യുടെ ഉകാരം ലോപിച്ച്[60] 'ടെ' മുൻനില്ക്കുന്ന 'ൻ' എന്ന ണകാരത്തോടു ചേരുമ്പോൾ ടകാരത്തിനു സ്വവർഗ്ഗഖരമായ 'റ'

[59] ഇതിന്റെ ധ്വനി 'എന്റെ എന്നിടത്തു കാണുന്ന 'റ' എന്ന ലിപിയുടെ ധ്വനിയാണ്; അല്ലാതെ 'നിറയുക' എന്നിടത്തുള്ളതിന്റേതല്ല എന്നു നല്ലവണ്ണം ഓർക്കണം. ഇതിനു പ്രത്യേകം ഒരു ലിപി വേണ്ടതാണെന്നു മേൽ കാണിക്കും.

[60] 'ൻ' എന്നവസാനിക്കുന്ന നാമങ്ങളിൽ മാത്രമേ 'ഉടെ' എന്നതിന്റെ ഉകാരം ലോപിക്കുകയുള്ളു. 'അൻ', 'ആൻ' എന്ന ലിംഗപ്രത്യയവും, 'ഇൻ' എന്ന ഇടനിലയും ചേർന്ന പല നാമങ്ങളും 'ൻ' എന്ന് അവസാനിക്കുകയും ചെയ്യും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1464

കാരം[61] ആദേശമായി വരുന്നു.

ഇത്രയുംകൊണ്ട് 'ൻറ' എന്നതിന്റെ ലിപിവിന്യാസവും ഉച്ചാരണവും ശരി എന്നു സിദ്ധിച്ചു. ഇതിനുമേൽ ഒരു ചോദ്യമുണ്ടാകും: വന്താൻ = വന്നാൻ എന്നിടത്തെപ്പോലെ മുൻചൊന്ന അനുനാസികാതിപ്രസരനയപ്രകാരം ഖരമായ 'റ' എന്നതിന് അനുനാസികമായ 'ണ' എന്നതിൽ ലയംവന്ന് 'ണ്ണ' എന്നാകാത്തതെന്ത്? ഇതിനും സമാധാനം പറയാം. ഖരത്തിനു മുന്നനുമാസികം ആദേശം വരുന്നതു[62] ഖരം പ്രത്യയാദിയിലുള്ളതായാലേ നിത്യമായിട്ടുള്ളു. ഇവിടെ പ്രത്യയം 'ഉടെ' എന്നാകയാൽ 'ടെ' പ്രത്യയാദി ഖരമല്ല; ഉകാരം ലോപിച്ചതിനുമേൽ പ്രത്യയാദിസ്ഥാനം വരുന്നതിനെ വകവച്ചിട്ടും ഇല്ല. എന്നുമാത്രമല്ല, 'എണ്ണ' എന്ന ദ്വിതീയൈകവചനരൂപത്തിനു തുല്യമായിപ്പോകുമെന്ന് ഒരു തരക്കേടും ഉണ്ട്. ടവർഗ്ഗത്തിനെന്നപോലെ അനുനാസികാതിപ്രസരം റ വർഗ്ഗത്തിനും വേണ്ട.

എന്നാൽ ഈ പ്രസംഗത്തിൽ എല്ലാറ്റിനും ഉപരി ഒരു ആക്ഷേപം പുറപ്പെടുന്നു, 'റ', 'ണ', എന്ന 'റ' വർഗ്ഗം ആറാമതൊന്നാണെന്നു പറഞ്ഞുവല്ലോ. ആ സ്ഥിതിക്ക് അനുനാസികാതിപ്രസരനയപ്രകാരം ൻ + റ എന്ന് ണകാരറകാരയോഗമെല്ലാം റകാരം പ്രത്യയാദികൂടിയാണെങ്കിൽ അതിനു സാർവ്വത്രികമായിട്ടു മുന്നനുനാസികം ആദേശം വന്ന്, 'ണ്ണ' എന്നുവേണം മാറുന്നതിന്; കാണുന്നതോ അങ്ങനെയല്ല; 'ന്ന' എന്നു മാറുന്നതായിട്ടാണ്. എങ്ങനെ എന്നാൽ:

ചെയ്യിൻറു	=	ചെയ്യിന്നു	=	ചെയ്യുന്നു (ണ്ണ– എന്നല്ല)
കുൻറു			=	കുന്നു (ണ്ണ് – എന്നല്ല)
ഒൻറു			=	ഒന്നു (ണ്ണ് – എന്നല്ല)

ഈ ആക്ഷേപത്തിനും ശരിയായ പരിഹാരം ഉണ്ട്.

'ൻറ' എന്ന കൂട്ടക്ഷരത്തെ തമിഴരിൽ സാധാരണക്കാർ ഉച്ചരിക്കുന്നത് ഒരു വിലക്ഷണസമ്പ്രദായത്തിലാണ്.

കുൻറു — കുൻദ്റു — (kundru)
ഒൻറു — ഒൻദ്റു — (ondru)[63]

ഇതിലെ റകാരധ്വനി മലയാളികൾക്ക് ഒട്ടും രസിച്ചിട്ടില്ല; അവർ അതിനെ തീരെ വേണ്ടെന്നുവച്ചു. അപ്പോൾ മലയാളപ്രകാരം പ്രകൃതശബ്ദങ്ങൾ,

ഒൻദു (ondu) കുൻദു (kundu)[64]

[61] ണകാരം ഉൾപ്പെടുന്ന വർഗ്ഗത്തിലെ ഖരമായ റകാരം — എന്നർത്ഥം.

[62] ഖരത്തിലെ ആദേശമായി വരുന്നതു ഖരത്തിനുമുൻപുള്ള അനുനാസികമാണ് എന്നർത്ഥം.

[63] തമിഴിലെ ഉച്ചാരണം യഥർത്ഥത്തിൽ 'കൻ4്റു' എന്നാണ്. ഈ 'ൻ4്റു'–വിനെ കാൽഡ്വൽ 'ndru' എന്നാണ് എഴുതിയിട്ടുള്ളത്. മലയാളത്തിലേ 'എന്റെ' എന്നതിലേ 'ന്റെ' ഉച്ചാരണത്തെയും അദ്ദേഹം ndre or nde എന്നാണ് എഴുതുന്നത്.

[64] ഈ വാക്കുകളിൽ 'ഒൻ' 'കൻ', ഇവയാണ് ധാതുക്കളെന്നും 'ദു(ദ)' പ്രത്യയമാണെന്നും ഒരു വാദമുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1514

എന്ന മട്ടിലായി, റകാരം ലോപിച്ചപ്പോൾ ദകാരത്തിന് പ്രാധാന്യം സിദ്ധിച്ചു. ഈ കൂട്ടക്ഷരത്തിൽ ണകാരവും ദകാരവും ഭിന്നവർഗ്ഗങ്ങളാകയാൽ സവർണ്ണനം വേണം. പതിവിൻപ്രകാരം (കൺ + തു = കണ്ടു) അനുനാസികത്തോടു് ഖരത്തിന് (ഇവിടെ മൃദുവിന്) പൊരുത്തം വരത്തക്കവിധം സവർണ്ണീകരിക്കുന്നതായാൽ 'പുനരായാന്മഹാകപിഃ' എന്ന മട്ടിൽ നിരസിച്ചുകളഞ്ഞ റകാരംതന്നെ പിന്നെയും ചാടിവീഴും. അതിനാൽ നേരെ മറിച്ച് മൃദുവിനോടു് പൊരുന്താൻവേണ്ടി അനുനാസികത്തെ മാറ്റി. അപ്പോൾ 'ണ്ദു' എന്നതു് 'ന്ദു' എന്നായി.[65] ഈ സ്ഥിതിയിൽ വന്നതിനുശേഷം അനുനാസികാതിപ്രസരനയം പ്രയോഗിക്കുമ്പോൾ 'മന്ദം' എന്നതു് 'മന്നം' എന്നു് ആകുന്നതുപോലെ, 'കുന്ദു' എന്നതു 'കുന്നു' എന്നും 'ഒന്ദു' എന്നതു് 'ഒന്നു' എന്നും വേഷം മാറിച്ചമഞ്ഞു. തമിഴിലെ 'ണ്റ ' എല്ലാം മലയാളത്തിൽ മുറപ്രകാരം 'ണ്ണ' ആകാതെ ഈ വിധത്തിൽ 'ന്ന' ആയിത്തീർന്നു.

ഇനി തമിഴിലെ ഉച്ചാരണം ഈ വിധം വരുവാനുള്ള കാരണം ഊഹിക്കുക തന്നെ; അതിലേക്ക് ആരംഭിക്കുമുമ്പ് നാം പുതുതായി കൽപിച്ച വർഗ്ഗത്തിന്റെ ഖരത്തിന് ഒരു പുതിയ ലിപിയുംകൂടി കൊടുക്കണം; അല്ലാഞ്ഞാൽ അതിനെ 'നിറയുക' എന്ന വാക്കിലെ റകാരമാണെന്നു വിചാരിച്ചുപോകും. എന്നു മാത്രമല്ല, നമ്മുടെ വിചാരണയിൽ റകാരത്തെപ്പറ്റിയും പ്രസ്താവിക്കേണ്ടതുണ്ട്. അതിനാൽ 'ൻെറ' എന്നതിലേ 'റ'യ്ക്കു് '൪' എന്നു് ചിഹ്നനം ചെയ്യാം. ഇതു് തമിഴ് ഗ്രന്ഥത്തിൽ[66] ടകാരത്തിന്റെ ചിഹ്നമാകുന്നു. പുതിയ വർണ്ണത്തിന്റെ ധ്വനി ടകാരത്തിനും തകാരത്തിനും മദ്ധ്യേ ആകയാൽ തമിഴ് ഗ്രന്ഥടകാരലിപി അതിന് യോജിക്കുകയുംചെയ്യും. അപ്പോൾ പുതിയവർഗ്ഗം '൪', 'ണ' എന്ന വർണ്ണങ്ങളാണ്. അതിൽ'൪' 'ഖരവും' 'ണ' അനുനാസികവും ങകാരംപോലെ ൪കാരവും സാധാരണയിൽ ഒറ്റയായി[67] നിൽക്കുന്നില്ല. ഒന്നുകിൽ ഇരട്ടിക്കും; അല്ലെങ്കിൽ സ്വവർഗ്ഗത്തിൽ വേറെ ഒരു വർണ്ണമുള്ളതിനോടു ചേർന്നു കൂട്ടക്ഷരമായി വരും.

ഉദാ:

ങ		൪	
അങ്ങനെ	മരങ്ൾ	തീ൪൪ി	എണ്൪
ഇങ്ങനെ	തൊങ്കുന്നു	തെ൪൪ു	എണ്൪ു (= എന്നു)

[65] നിൻ + കൾ എന്നതു നിങ് + കൾ ആയതുപോലെ.

[66] തമിഴ് ഗ്രന്ഥാക്ഷരത്തിൽ.

[67] അപൂർവ്വമായിട്ടു് ഒറ്റയായും കാണും: പിന്-൪ക, ചിണ് = ചി൪ു ഈ രൂപങ്ങളിൽ ണ എന്ന അനുനാസികത്തെ ഖരമാക്കിയപ്പോൾ, പൊരുത്തപ്രകാരം ണ-കാരത്തിന് ൪ വന്നിരിക്കുന്നു. ൪ എന്ന ലിപിക്കു നടപ്പില്ലാതെ വന്നതിനാലാണ് ഇപ്പോൾ 'പിറകു' 'ചിറ്'–(ചെറു) എന്നു് എഴുതിപ്പോരുന്നതു്. സ്ഥാനപ്പൊരുത്തം കൂടാതെ അക്ഷരമാറ്റം ഒരിടത്തും കാണുകയില്ല. 'നില്ക്കുന്നു' – 'നിറുത്തുന്നു' എന്നതിൽ 'ല' എന്നതു 'റ' ആയിക്കാണുന്നതും പക്ഷേ, ൪ ആകേണ്ടതായിരിക്കാം. ൪കാരത്തിന് ദന്തമൂലവും, ലകാരത്തിന് ദന്തവും ആണല്ലോ സ്ഥാനം. ഇപ്രകാരം തന്നെ 'വില്ലുക' എന്ന കൃതിയുടെ ഭൂതരൂപം വില് + തു = വിത്തു = വി൪ു = വിറു എന്നാകുന്നതു് തകാരസ്ഥാനത്തു് ൪ കാരം ചെയ്തിട്ടാണ്. ത്ത-യു ൪ു യും ഇതുപോലെ പലയിടത്തും മാറുന്നുണ്ട്. ഒന്നുരണ്ടു വാക്കുകളിൽ നേരെമറിച്ചു റകാരസ്ഥാനത്തു് ൪കാരം വന്നിട്ടും കാണുന്നുണ്ട്. ഉദാ: ഉറവാൾ = ഉ൪വാൾ–ഉടവാൾ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-04.tex/Line: 1545

ഇനി 'നിറയുക' എന്നതിലെപ്പോലെ തമിഴ്–മലയാളങ്ങളിൽ 'റ' എന്ന് സംസ്കൃതത്തിൽ ഇല്ലാത്ത ഒരു വർണ്ണം ഉണ്ടല്ലോ. അതിന്റെ ആഗമവും സ്വഭാവവും നോക്കാം. മറ്റു ദ്രാവിഡഭാഷകളിൽ ആദികാലത്ത് ഇങ്ങനെ ഒരു വർണ്ണം ഉണ്ടായിരുന്നിരിക്കാം; എങ്കിലും ഇപ്പോൾ അത് തമിഴിലും മലയാളത്തിലും മാത്രമേ കാണുന്നുള്ളു. തെലുങ്കിൽ 'ശകടരേഫം' എന്നു പറഞ്ഞു കവികൾ മാത്രം ചിലയിടത്ത് ഇതിനെ എഴുതാറുണ്ടെന്നേ ഉള്ളു; എഴുതിയാലും ഉച്ചാരണത്തിൽ ഭേദം ഇല്ലെന്നായി.

തമിഴ്	മലയാളം	കർണ്ണാടകം	തെലുങ്ക്	തുളു
നൂറു	നൂറ്	നൂരു	നൂരു	നൂദു = 100

മേൽക്കാണിച്ച വാക്കിൽ തെലുങ്കും കർണ്ണാടകവും 'ര' ഉപയോഗിക്കുന്നതിനാൽ രേഫത്തിന്റെ വകഭേദംതന്നെയാണ് 'റ' എന്ന് ഊഹിക്കാം. വേറെയും ലക്ഷ്യങ്ങൾ ഉണ്ട്: 'മലര് + പൊടി = മലറ്പ്പൊടി. ഇതിൽ 'പൊടി' ചേരുമ്പോൾ മലരിന്റെ 'ര' എന്നതു് 'റ' ആയിത്തീരുന്നു. ഉച്ചാരണ സ്വഭാവം ആലോചിച്ചാൽ 'ര' യെ ഖരമാക്കിയാൽ 'റ' വരും എന്ന് ബോധപ്പെടും. അപ്പോൾ മൃദുവായ രേഫത്തെ ഖരമാക്കുന്നതാണ് 'റ'കാരം എന്നു സിദ്ധിച്ചു. 'ഖര' എന്നു പറഞ്ഞെങ്കിലും ക, ച, ട, ത, പ എന്ന മറ്റു ഖരങ്ങളിൽ ഇല്ലാത്ത നാദമോ ഘോഷമോ ഏതെങ്കിലും ഒരു ധ്വനിവിശേഷംകൂടി അതിൽ ഉണ്ടു്.

റകാരത്തെ ഇരട്ടിക്കേണ്ടി വന്നാൽ ഉച്ചാരണം എങ്ങനെ? മുൻചൊന്ന വിശേഷധ്വനിയോടുകൂടി ഇരട്ടിച്ചു പറയുവാൻ സാധിക്കുകയില്ല. അപ്പോൾ ആ അംശം വിട്ടേച്ചു് ഇരട്ടിക്കണം. അതു വിട്ടാൽ രേഫധ്വനി ശേഷിക്കും. ഇങ്ങനെ വരുന്ന ഉച്ചാരണമാകുന്നു 'കുറ്റം' (= കുര്റം) ഇത്യാദികളിൽ കേൾക്കുന്നതു്. വർണ്ണദ്വിത്വത്തിൽ ഈവിധം ഏതാനും അംശം വിട്ടേച്ചു് ഇരട്ടിക്കുക എന്നതു് ഒരു വിശേഷവിധി എന്നു പറയുവാൻ ഇല്ല. സംസ്കൃതത്തിൽ ഘോഷങ്ങളെ ഇരട്ടിക്കുന്നതു നോക്കുക: ഭ്ഭ = ബ്ഭ; ഡ്ഡ = ദ്ധ; ഇവിടെ ഘോഷത്തിലെ മഹാപ്രാണാംശം നീക്കിവച്ചിട്ടാണ് ഇരട്ടിപ്പ്; ഇരട്ടിച്ചതിന്റെ പൂർവ്വഭാഗം മൃദുപ്പെട്ടുപോകുന്നു. അപ്പോൾ ഘോഷത്തെ ഇരട്ടിച്ചാൽ മൃദുവും ഘോഷവും കൂട്ടിച്ചേർത്ത ഫലമേ ഉള്ളു. അതുപോലെതന്നെയല്ലേ 'റ'-യെ ഇരട്ടിക്കുമ്പോൾ പൂർവ്വഭാഗം 'ര'-യും ഉത്തരഭാഗം 'റ'-യും ആകുന്നത്? ഇരട്ടിച്ച റകാരത്തെ മലയാളികൾ ഉച്ചരിക്കുന്നതിൽ കുറെ ഭേദമുണ്ട്; അവർ കുര്റം എന്നല്ല കുര്രം എന്നാണ് ശബ്ദിക്കുന്നതു്. അതുകൊണ്ടു് മലയാളത്തിൽ റകാരത്തെ അല്ല, രേഫത്തെ ആണ് ഇരട്ടിക്കുക പതിവ് എന്ന് പറയേണ്ടിയിരിക്കുന്നു. തെലുങ്കരും കർണ്ണാടകരും റ-യെ മുഴുവൻ കളഞ്ഞുകൂട്ടത്തിൽ മലയാളികൾ ദ്വിത്വത്തിൽ 'റ' വേണ്ടാ, 'ര' തന്നെമതി എന്നു വെച്ചതായി സമാധാനപ്പെടാം.

ഇത്രയും സംഗതികൾ തീർച്ചപ്പെട്ടുവല്ലോ. ഇനി ഇരട്ടിച്ച ഴകാരം ചേർത്തുണ്ടാക്കി വെച്ചിട്ടുള്ള തെ 'തെഴ്ഴ്', 'തീഴ്ഴി' എന്ന വാക്കുകളേയും ഇരട്ടിച്ച റകാരം കൊണ്ടുണ്ടാക്കുന്ന 'മാറ്റം', 'നീറ്റൽ' എന്ന വാക്കുകളെയും അടുത്തടുത്തു ചുരിച്ച് അതുകളുടെ ധ്വ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1587

നികളെ ഒത്തുനോക്കുക. രണ്ടും ഒന്നുപോലെതന്നെ ഇരിക്കും. രേഫത്തിനും ൻകാരത്തിനും ഒറ്റയായി നിൽക്കുമ്പോൾതന്നെ ധ്വനിസാമ്യം വേണ്ടുവോളം ഉണ്ട്; ഇരട്ടിച്ചാൽപ്പിന്നെ രണ്ടും തിരിച്ചറിയുവാൻതന്നെ പ്രയാസം ആകട്ടെ; "ഒന്ന് ൻകാരം ഇരട്ടിച്ചതും, മറ്റേത് റകാരം ഇരട്ടിച്ചതും ആകണമെന്നുണ്ടോ? രണ്ടും എതെങ്കിലും ഒന്നിന്റെതന്നെ ഇരട്ടിപ്പാണെന്നുതന്നെ വിചാരിച്ചുകൊള്ളാം" എന്ന് ഒരു ആശങ്കയ്ക്ക് ഇവിടെ വകയുണ്ട്. അതു തീർക്കാം:

കേവലം	പ്രയോജകം
നീങ്ങുന്നു	നീക്കുന്നു
മുങ്ങുന്നു	മുക്കുന്നു
കാണുന്നു	കാട്ടുന്നു
ഉണ്ണുന്നു	ഊട്ടുന്നു
തിണ്ണുന്നു	തീൻ്റുന്നു
തെണ്ണുന്നു	തെൻ്റുന്നു.

മേൽക്കാണിച്ച രൂപങ്ങൾ 'ധാത്വന്താനുനാസികത്തെ സ്വവർഗ്ഗഖരമാക്കി ഇരട്ടിച്ചാൽ കേവലപ്രകൃതി പ്രയോജകപ്രകൃതിയായി വരും' — എന്ന നിയമത്തിന് ഉദാഹരണങ്ങളാകുന്നു.[68] ഇതിൽ ങ' എന്നത് 'ക' ആയതുപോലെയും, 'ണ' എന്നത് 'ട' ആയതുപോലെയും 'ന'എന്നത് 'ൻ'-ആയി എന്ന് തെളിയുന്നു. അതിനാൽ 'തെൻ്റുന്നു', 'തീൻ്റുന്നു' എന്ന വാക്കുകളിൽ റകാരത്തിന്റെ സ്പർശമേ ഇല്ലെന്നു സമ്മതിച്ചേ തീരൂ. ഇനി,

മാറുന്നു — മാററുന്നു; നീറുന്നു — നീററുന്നു,

എന്ന രൂപനിഷ്പത്തി നോക്കുക, അകർമ്മധാതുക്കളുടെ അന്ത്യവർണ്ണം ഇരട്ടിച്ചാൽ കേവലം പ്രയോജകമായിത്തീരും എന്ന നിയമപ്രകാരം[69] ഉണ്ടാകുന്ന രൂപങ്ങളാണ് ഇവ. ഇവയ്ക്ക് ൻകാരത്തോട് യാതൊരു ബന്ധവും ഇല്ലെന്നും സ്പഷ്ടമാകുന്നു. അതിനാൽ ൻ-യും ററ-യും ഉച്ചാരണത്തിൽ മിക്കതും എന്നല്ല മുഴുവൻതന്നെ ഏകരൂപങ്ങളാണെന്നു സിദ്ധമായി.

ൻകാരത്തിന് ൻ എന്നിരട്ടിച്ചിട്ടോ ണ്ൻ എന്ന് സ്വവർഗ്ഗാനുനാസികം ചേർത്തിട്ടോ അല്ലാതെ ഉപയോഗമില്ലെന്നു കാണിച്ചിട്ടുണ്ട്. അപ്പോൾ ധ്വനിമാത്രം പ്രമാണമാക്കി എഴുതുന്നതായാൽ ഇംഗ്ലീഷിൽ connection എന്നതിനുപകരം connexion എന്നും എഴുതാറുള്ളതുപോലെ 'തീൻ്റുന്നു' എന്നെഴുതേണ്ടിടത്ത് 'തീററുന്നു' എന്ന് ആളുകൾ എഴുതുവാൻ തുടങ്ങിയിരിക്കണം. ശരിയായ ആഗമം മറന്നുപോയിട്ടു മാത്രമല്ല; ധാടിക്കു വേണ്ടിയും എഴുത്തിൽ ഈവക സാമർത്ഥ്യം കാട്ടുന്ന മട്ട് എല്ലാ ഭാഷകളിലും

[68] 124-ആം കാരിക നോക്കുക.
[69] 124-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1650

കാണും. 'I owe you' എന്നതിന് ഇംഗ്ലീഷിൽ 'I.O.U.' എന്ന് സംക്ഷേപരൂപം സൃഷ്ടിച്ച ആളുടെ മനോധർമ്മം നോക്കുക! ആരംഭത്തിൽ 'തെറ്റ്' എന്ന് 'ററ' ചേർത്തെഴുതുന്നതു തെറ്റെന്ന് വെയാകരണന്മാർ ശഠിച്ചിരിക്കാമെങ്കിലും കാലക്രമത്തിൽ അവർക്കും 'അടിക്കുന്ന വഴിയേ പോകാഞ്ഞാൽ പോകുന്ന വഴിയേ അടി'ക്കേണ്ടിവന്നിരിക്കും. ഇത്രയും ആയിക്കഴിഞ്ഞതിന്റെ ശേഷം 'ന്ഴ' എന്നൊരു കൂട്ടക്ഷരത്തിനു മാത്രം വേണ്ടി ഴ എന്ന ഒരു ലിപിയെ വ്യാകരണക്കാർ എത്ര ഭദ്രമായി സൂക്ഷിച്ചാലും അത് എത്രകാലം നിലനില്ക്കും? "തീററുന്നു എന്നിടത്ത് ഇരട്ട റ ആണെങ്കിൽ ന്ഴ എന്നതിന് ഒററ 'റ' ധാരാളം മതിയാകും" എന്ന് ജനങ്ങൾ സ്വാതന്ത്ര്യം കാണിച്ചു തുടങ്ങി. ഇങ്ങനെ ഴകാരത്തിന്റെ കഥ അവസാനിച്ചു. നാം അതിനെ ശവക്കല്ലറയിൽ നിന്നു കുഴിച്ചെടുത്ത് കഴുകി മിനുക്കി പ്രദർശിപ്പിച്ചുവെന്നേ ഉള്ളു. എന്നാൽ 'പശു ചത്താലും മോരിലെ പുളി പോകുകയില്ല' എഴുത്തിൽ മാത്രമേ തമിഴർ[70] 'തെററു ചെയ്തിറാർ' ഉള്ളു. ഉച്ചാരണത്തിൽ ഴകാരത്തിന്റെ അധിവാസം ഇന്നും ഉണ്ടെന്നു തൃപ്തിപ്പെടാം. ചെയ്തിന്ഴ്റാൻ എന്ന ഇപ്പോഴത്തെ ഉച്ചാരണത്തിൽ റകാരധ്വനി, കൂടിക്കലർന്നിട്ടുണ്ടെന്നു മാത്രമേ ദോഷമുള്ളു. റ എഴുതിക്കാണുന്നതു കൊണ്ട് അതിന്റെ ധ്വനി, പൂർവവാസനകൊണ്ട് തങ്ങൾ അറിയാതെ വരുന്ന ഴകാരധ്വനി ഇങ്ങനെ രണ്ടും കലർന്ന് തമിഴർ ഉച്ചരിക്കുന്നു. ന്ഴ (ൻറ) എന്ന മലയാളത്തിലെ ഷ്യേകവചനരൂപത്തിൽ മാത്രമേ ഇപ്പോൾ ഴകാരത്തിന്റെ ശരിയായ ഉച്ചാരണം ശേഷിച്ചു കിടപ്പുള്ളു. അതിന്റെ ഉത്ഭവം തേടിപ്പിടിക്കുവാനായി പുറപ്പെട്ടപ്പോഴാണല്ലോ അന്യായമായി സർവസ്വവും അപഹരിച്ചു നാടുകടത്തു ശിക്ഷയിൽ തള്ളിവിട്ടിരുന്ന ഈ സാധുവായ വർണ്ണത്തിന്റെ വക ചില വിലപിടിച്ച സ്വത്തുക്കൾ അന്യാധീനപ്പെട്ടു കിടക്കുന്നതു കണ്ടെത്തുവാനും അതുകൾ വഴിയായി ചെന്ന്, കണ്ടാൽ ആളറിയാത്തവിധം ചടച്ചു ക്ഷീണിച്ച് മൃതപ്രായനായി കിടന്നിരുന്ന ഉടമസ്ഥനെത്തന്നെ നിശ്ചയിച്ചറിഞ്ഞ് മഹാജനസമക്ഷം അവതരിപ്പിക്കുവാനും നമുക്ക് ഇടയായതു്. മലയാളികളും കൂടി ഴകാരോച്ചാരണം ദൂഷിപ്പിക്കാഞ്ഞത് വലിയ ഭാഗ്യമായി.

എന്നാൽ നാം ഇത്രയും ശ്രമപ്പെട്ട് പ്രത്യുജ്ജീവിപ്പിച്ചുകൊണ്ടുവന്ന ഴകാരത്തിന് ഏതുകാലത്തെങ്കിലും അക്ഷരമാലയിൽ ഒരു പ്രത്യേകലിപി ഉണ്ടായിരുന്നതായി ഊഹിപ്പാൻ വഴിയുണ്ടോ? ഈ ചോദ്യത്തിന് ഉത്തരം എളുപ്പത്തിൽ പറയാവുന്നതല്ല. അക്ഷരമാല പലപ്പോഴും മാറിമാറി വന്നിട്ടുണ്ട്. ഇപ്പോഴത്തെ അക്ഷരമാല തമിഴിൽ സ്ഥിരപ്പെട്ടതു് 14-ആം ശതവർഷത്തിലാണ്. അതിനു വളരെ മുൻപുതന്നെ ഴകാരത്തിന്റെ സ്ഥാനത്തെ റകാരം കടന്നാക്രമിച്ചിരിക്കണം. വ്യാകരണഗ്രന്ഥങ്ങളിൽനിന്ന് വല്ലതും തുമ്പുണ്ടാകുമോ എന്നു നോക്കിയാൽ ആ ഗ്രന്ഥകാരന്മാർ അക്ഷരമാലയിലെ വർണ്ണങ്ങളുടെ ഉച്ചാരണത്തെപ്പറ്റിയല്ലാതെ ലിപിയെപ്പറ്റി ഒന്നും

[70] 'ന്ഴ' എന്നു 'റ' ചേർത്തുള്ള ഉച്ചാരണം തിരുനെൽവേലി, യാപ്പാണം മുതലായ തെക്കൻദേശങ്ങളിലേ നടപ്പുള്ളു. മധുര, കുംഭകോണം മുതലായ ദിക്കുകളിൽ ന്ഴ എന്നു 'ഴ' ചേർത്തുതന്നെയാണ് ഉച്ചരിച്ചുവരുന്നതു്. അതിനാൽ തമിഴരിലും പാണ്ടിക്കാരെ മാത്രമേ ഉച്ചാരണദോഷം ബാധിച്ചിട്ടുള്ളൂ; ചോളദേശത്തുകാരുടെ ഉച്ചാരണം ഇന്നും ശരിയായിട്ടുതന്നെ ആണെന്ന് പ്രാമാണികന്മാരായ തമിഴപണ്ഡിതന്മാർ പറയുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1667

പറഞ്ഞിട്ടില്ല; വല്ലതും പറഞ്ഞിരുന്നാലും ലിപികൾ പലപ്രാവശ്യം ഭേദപ്പെടുത്തിയ കൂട്ടത്തിൽ അത് നമുക്ക് ഇപ്പോൾ തിരിച്ചറിയുവാൻ പാടില്ലാത്തവിധത്തിൽ ആക്കിയിട്ടുണ്ട്. വൈയാകരണന്മാർ എഴുതിയിരുന്ന ലിപികളും അതുകളുടെ ധ്വനികളും ഇപ്പോൾ നാം എങ്ങനെ അറിയും? പഴയ ഗ്രന്ഥങ്ങളെല്ലാം പുതിയ അക്ഷരമാലയിൽ പകർത്തിയിട്ടേ നാം കണ്ടിട്ടുള്ളൂ. എന്നുമാത്രമല്ല, തമിഴിലെ പ്രധാന വൈയാകരണനായ 'തൊൽകാപ്പിയർ' തന്നെ എട്ടാം ശതവർഷത്തിൽ ജീവിച്ചിരുന്നതായിട്ടാണ് ഡാക്ടർ ബർണൽ സ്ഥാപിക്കുന്നത്; നന്നൂൽകാരനായ 'ഭവനന്ദി'[71] അതിലും അർവ്വാചീനനാണ്.

'വല്ലിനം കചടതപറ വെന വാറേ'[72]
'മെല്ലിനം ങഞണനമ വെന വാറേ'[73]

എന്നും സൂത്രങ്ങളാൽ ഭവനന്ദി റയെ ഖരങ്ങളുടെ കൂട്ടത്തിലും നയെ അനുനാസികങ്ങളുടെ കൂട്ടത്തിലും മറ്റ് അഞ്ചുവർഗ്ഗങ്ങളോടു ചേർത്തു പരിഗണിച്ചതും,

'അണ്ണം നുണി നാ ണിയുറിററ് റണ വരും'[74]

എന്ന് റങ്ങൾക്ക് ഒരേ സ്ഥാനത്തിൽ ഉൽപ്പത്തി പറഞ്ഞതും നോക്കുമ്പോൾ ഇന്ന് റകാര ചിഹ്നമായിക്കാണുന്ന ற എന്ന ലിപി ഴകാര ചിഹ്നമായിരുന്നിരിക്കുകയില്ലേ എന്നു ശങ്കിപ്പാൻ വഴിയുണ്ട്. റകാരം രേഫത്തിന്റെ ഒരു വകഭേദംമാത്രമേ ഉള്ളൂ എന്നുവച്ച് അതിനെ ശബ്ദശാസ്ത്രകാരന്മാർ ഗണിച്ചില്ലായിരിക്കാം. എന്നാൽ അപ്പോൾ 'അരിയുകയും' 'അറിയുകയും' ഒന്നായിപ്പോകും; പൊയ്ക്കൊള്ളട്ടെ! കർണ്ണാടകത്തിൽ എങ്ങനെയാണോ അതുപോലെ തമിഴിലും' എന്നു വിചാരിച്ചുകൊള്ളാം. മലയാളത്തിൽ ണകാരത്തിനും നകാരത്തിനും ഒരു ലിപിയേ ഉള്ളൂവല്ലോ; നാം ശരിയായി എഴുത്തു വായിച്ചു വരുന്നില്ലേ? അതുപോലെ തമിഴരും കഴിച്ചുകൂട്ടിയിരിക്കാം. ഇങ്ങനെ കല്പിക്കുകയാണെങ്കിൽ ഴയ്ക്കും റയ്ക്കും കൂടി ற എന്നൊരു ലിപി ആയിരുന്നു എന്നാണ് കല്പനചെയ്യുവാൻ കുറേക്കൂടി നന്ന്. 'തീററ' എന്നിടത്ത് ഴഴ-യ്ക്കു പകരമായും 'മാററം' എന്നിടത്ത് ററ-യ്ക്കുതന്നെ ചിഹ്നമായിട്ടും 'ററ' എന്ന ലിപി ഉപയോഗിച്ചു എന്നിരിക്കട്ടെ. മലയാളത്തിൽ 'നനച്ചു' എന്നെഴുതിക്കാണുമ്പോൾ ആദ്യത്തേതിനെ നാം നകാരമായിട്ടും രണ്ടാമതത്തേതിനെ ണകാരമായിട്ടും വായിക്കുന്നതുപോലെ ഭവനന്ദിയും വായിച്ചിരുന്നിരിക്കാം.

സംസ്കൃതക്കാരായ ആര്യന്മാരുടെ ആഗമനമായിരിക്കണം ദ്രാവിഡരുടെ അക്ഷരമാലയിൽ കുഴപ്പങ്ങൾ ഉണ്ടാക്കിത്തീർത്തത്. ഴ, റ രണ്ടും സംസ്കൃത്തിൽ ഇല്ലാത്ത ദ്രാ

[71] 'പവണന്തി' എന്നു തമിഴ്.

[72] വല്ലിനം (= ഖരങ്ങൾ) ക ച ട ത പ റ എന (= എന്ന്) ആറേ (= ആറാണ്)

[73] മെല്ലിനം (= അനുനാസികങ്ങൾ) ങ ഞ ണ ന മ ണ എന (= എന്ന്) ആറേ (= ആറാണ്).

[74] അണ്ണം നു ണനാ (= അണ്ണക്കിൽ നാക്കിന്റെ അറ്റം) നണ ഉറി = നല്ലവണ്ണം തൊടുമ്പോൾ) (റണ വരും = റ ണകൾ ഉണ്ടാകും).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1713

വിഡവർണ്ണങ്ങളാണ്; അതുകളിലാണ് വലിയ കുഴപ്പം കാണുന്നതും. തൊൽകാപ്പിയം തന്നെ ഐന്ദ്രവ്യാകരണം നോക്കി ഉണ്ടാക്കിയിട്ടുള്ളതാണ്. സംസ്കൃതത്തിൽ ടവർഗ്ഗമേ ഇല്ലായിരുന്നു. അതിന്റെ സ്ഥാനത്ത് (ഇപ്പോൾ ട വർഗ്ഗം കാണുന്നിടത്ത്) തവർഗ്ഗമാണ് ഉപയോഗിച്ചിരുന്നത്. പ്രാതിശാഖ്യക്കാർ 'വിനാമം' എന്നും, പാണിനീയന്മാർ ണത്വം, ഷ് ടുത്വം മൂർദ്ധന്യാദേശം എന്നും പറയുന്ന വർണ്ണവികാരങ്ങൾ നോക്കുക. തമിഴിലാകട്ടെ, ദന്ത്യമായ തവർഗ്ഗത്തിന്റെ കീഴിലായിട്ട് ട വർഗ്ഗം, ഴ വർഗ്ഗം, എന്ന് രണ്ടു വർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ആര്യാവർത്തത്തിൽത്തന്നെ ആര്യരും ദ്രാവിഡരും കൂടിക്കലർന്നപ്പോൾ ആര്യർ തവർഗ്ഗത്തിൽനിന്നും സ്ഫുടാന്തരമായ ടവർഗ്ഗത്തെ ദ്രാവിഡരിൽനിന്നു സ്വീകരിച്ചു. ദ്രാവിഡദേശത്തുതന്നെ ആര്യർ വ്യാപിച്ചപ്പോൾ, ദ്രാവിഡർ തവർഗ്ഗ-ടവർഗ്ഗങ്ങളുടെ മദ്ധ്യേ നില്ക്കുകയാൽ അസ്ഫുടഭേദമായ ഴവർഗ്ഗത്തെ ഉപേക്ഷിച്ചു. തമിഴിൽ വർഗ്ഗം എന്നു പറഞ്ഞാൽ ഖരം, അനുനാസികം എന്ന് രണ്ടേ ഉള്ളുവല്ലോ അതിൽ ഖരമായ ഴകാരത്തെ മൂർദ്ധന്യമധ്യമമായ രേഫത്തിലും, അതിനെ ഖരീകരിച്ച റകാരത്തിലും ഉൾപ്പെടുത്തിയിട്ട് അനുനാസികമായ ണകാരത്തെ മാത്രം സ്വീകരിച്ചു. ഈ ണകാരവും ദന്ത്യാനുനാസികമായ തവർഗ്ഗനകാരവും തമ്മിലുള്ള ഭേദം സൂക്ഷ്മമാകയാൽ ഉച്ചാരണത്തിൽ രണ്ടും ഒന്നുപോലെ ആയിത്തീരുകയും ചെയ്തു. ഈ വിധം ആയിരിക്കാം ഇപ്പോൾ കാണുന്ന കുഴപ്പം സംഭവിച്ചത്.

ഇക്കാലത്താകട്ടെ, തമിഴിലെ ഉച്ചാരണം വളരെ മോശപ്പെട്ടിരിക്കുന്നു. ந-കൾക്കും ர-ற-കൾക്കും (നകൾക്കും, ര-റകൾക്കും) എഴുത്തിലല്ലാതെ ഉച്ചാരണത്തിൽ ഒരു ഭേദവും കാണുന്നില്ല. 'അറിയുകയും' 'അരിയുകയും' എഴുതിക്കണ്ടാൽ വേറെ; തമിഴിൽ ഉച്ചരിച്ചാൽ ഒന്നുതന്നെ. 'ന' എന്നും എന്നും 'ണ' എന്നും ഉള്ള ലിപികളെ എവിടെ ഉപയോഗിക്കണമെന്ന് വ്യാകരണം വായിച്ചവനേ അറിയാവൂ. ഡാക്ടർ കാൽഡ്വെൽ തന്നെ നണ-കൾക്ക് എഴുത്തിൽ മാത്രമേ ഭേദമുള്ളു എന്നു തള്ളിക്കളഞ്ഞു. അദ്ദേഹം ഈ വർണ്ണങ്ങൾക്കുള്ള വാസ്തവഭേദത്തെ സൂക്ഷിച്ചുനോക്കിയിരുന്നെങ്കിൽ നാം പ്രത്യുജ്ജീവിപ്പിച്ച ഴകാരത്തെ ഇതിനു മുൻപുതന്നെ കണ്ടുപിടിക്കുമായിരുന്നു. തമിഴിന്റെ അവസ്ഥ നോക്കുമ്പോൾ മലയാളത്തിലെ ഉച്ചാരണരീതി വളരെ ഉയർന്ന നിലയിലാണ്. നകാരത്തിനും ണകാരത്തിനും വെവ്വേറെ ലിപികൾ ഇല്ലെങ്കിലും മലയാളികൾ രണ്ടു വർണ്ണങ്ങളെയും വേണ്ടിടത്ത് വേർതിരിച്ച് ഉച്ചരിക്കുന്നു. രേഫറകാരങ്ങൾക്കു ലിപിഭേദവുംകൂടി ഉള്ളതിനാൽ ചെറിയ കുട്ടികൾക്കു പോലും ഉച്ചാരണത്തിൽ തെററുവരാറില്ല. എന്തിനേറെപ്പറയുന്നു, മലയാളികൾ 'ൻെറ' എന്ന് നകാരവും റകാരവും എഴുതിയാലും 'ന്ഴ' എന്ന് ണകാര ഴകാരങ്ങളെത്തന്നെ ഉച്ചരിക്കുന്നു. ഈ പ്രകരണം പ്രസക്താനുപ്രസക്തിയാൽ വളരെ നീണ്ടുപോയി. ഇനിയെങ്കിലും അതു നിർത്തിയിട്ടു പ്രകൃതത്തിൽ പ്രവേശിക്കാം.

'ഉടയ' എന്ന ഷഷ്ഠീവിഭക്തിചിഹ്നത്തെ ആദ്യം അന്തലോപംചെയ്ത് 'ഉടെ' എന്നാക്കി; ആദിലോപവുംകൂടി ചെയ്ത് 'ടെ = ഴ' എന്നാക്കിത്തീർത്തതു കാലക്രമത്തി

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1743

ലായിരിക്കാം. 'ടെ' എന്ന അതിസങ്കോചിതരൂപം 'ൻ' മുൻപിൽ ഉള്ളിടത്തു മാത്രമേ സർവ്വസമ്മതമായിത്തീർന്നുള്ളു. 'അവന്റെ' 'നാത്തുൻെറ' എന്ന രൂപങ്ങൾപോലെ 'കുട്ടീടെ' എന്ന സങ്കോചരൂപം ഗ്രന്ഥഭാഷയിൽ ഉപയോഗിക്കാറില്ല. 'ക്കു്' എന്ന ചതുർത്ഥിയുടെ ഇരട്ടിച്ച കകാരം ലോപിപ്പിച്ചത് 'അവനുക്കു്', 'വീട്ടുക്കു്'[75] ഇത്യാദി രൂപങ്ങളിൽ സംവൃതോകാരത്തിനു പിൻപ് വ്യഞ്ജനം വരുമ്പോൾ ഉണ്ടാകുന്ന ദുശ്ശ്രവതനിമിത്തമായിരിക്കാം. 'അവൾ-ക്കു്', 'അവർ-ക്കു്' ഇത്യാദിപോലെ ഇരട്ടിച്ച കകാരം യോജിക്കുന്നിടത്തു ലോപംചെയ്യാറുമില്ല. സംവൃതത്തെ കഴിയുന്നതും ലേശാക്കി (?) ഉച്ചരിക്കണമെന്നാണ് മലയാളത്തിന്റെ പോക്കു്.

b) വേണ്ടും > വേണും > വേണം > ഏണം > എണം > അണം. 'ചെയ്യവേണ്ടും' എന്നിരുന്നതു് ഈ വിധത്തിൽ 'ചെയ്യണം' എന്നായിച്ചമഞ്ഞു. ഇതുപോലെതന്നെ 'ആകും > ആം'

ഉദാ: ചെയ്യ ആകും > ചെയ്യാം.

ഇക്കാണിച്ച ആറു നയങ്ങൾമൂലം ഉണ്ടായിട്ടുള്ള വികാരങ്ങൾക്കു പുറമേ സംസ്കൃതത്തിലെ അക്ഷരമാല സ്വീകരിച്ചതുമുതൽ മലയാളത്തിനു പലവിധത്തിലും വേഷഭേദങ്ങൾ ഏർപ്പെട്ടുണ്ടു്. എങ്ങനെ എന്നാൽ,

(1)	തിരുക്കാൽ	=	തൃക്കാൽ	ഋകാരസ്വീകാരം
	എതിർവശം	=	എതൃവശം	
	അതിർത്തി	=	അതൃത്തി	
(2)	നണയുന്നു	=	നനയുന്നു	നകാരണകാരങ്ങൾക്കു ലിപിഭേദമില്ലായ്കു
	എണോടു	=	എന്നോടു	
	അണ്യായം	=	അന്യായം	
(3)	ഗ് രന്ഥം	=	ഗ്രന്ഥം	രേഫറകാരങ്ങളെ ഒരേ ചിഹ്നംകൊണ്ടു കുറിക്കുക
	പ്റകാരം	=	പ്രകാരം	
	മര്യാദ	=	മര്യാദ	
	മറ്കടം	=	മക്കടം	
(4)	ഇടമ്	=	ഇടം	മകാരത്തിന്റെ സ്ഥാനത്ത് അനുസ്വാരം
	ധനമ്	=	ധനം	
(5)	പാല്	=	പാൽ	ലകാരചില്ലിനു പകരം തകാര ചില്ല്
	മരത്തില്	=	മരത്തിൽ	

ഒന്നു്, അതു്, കാടു് എന്നു് സംവൃതോകാരം വേണ്ടിടത്തു് ഒന്ന, അത, കാട എന്നു് അകാരം എഴുതുന്ന സമ്പ്രദായവും, എ, ഒ എന്ന സ്വരങ്ങളെ ഹ്രസ്വദീർഘ ഭേദം

[75] ഇത്തരം രൂപങ്ങൾ പ്രാചീനമലയാളശാസനങ്ങളിലും മറ്റും കാണുന്നുണ്ടു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1809

കൂടാതെ ഏകരൂപമായി എഴുതുന്ന മട്ടും സംസ്കൃതാക്ഷരമാലയുടെ പ്രവേശനത്തോടു കൂടി മലയാളത്തിൽ കടന്നുകൂടുകയുണ്ടായി. എന്നാൽ, ഈ ദോഷങ്ങൾ ഇപ്പോൾ പരിഹൃതപ്രായങ്ങളായി എന്നു സമാധാനപ്പെടാം. 'സംവൃതത്തിന് ഏതെങ്കിലും ഒരു ചിഹ്നം വേണ്ടതാണ്' എന്നും, 'ഏ, ഓ ദീർഘങ്ങൾക്ക് -(djvu 37) കെട്ടുപുള്ളി ഉപയോഗിക്കണം' എന്നും എല്ലാ അച്ചുകൂടക്കാരും സമ്മതിച്ചിട്ടുണ്ട്.

1811

13. മേൽപ്രതിപാദിച്ച നയങ്ങളെ ഉപയോഗിച്ചാൽ മലയാളത്തെ തമിഴും തമിഴിനെ മലയാളവും ആക്കാം എന്നു ബോധപ്പെടുന്നതിനായി ഏതാനും ഉദാഹരണങ്ങളെ താഴെ ചേർക്കുന്നു:

മലയാളം

കററക്കാർമൽക്കുഴലികളൊരോ രാഗഭേദം പുണർത്തീ-
ട്ടിററിറ്റോലും മധുരസമയം ചിന്തുപാടും ദശായാം
മുററംതോറും കിളികളതിനെക്കേട്ടിരുന്നക്കണക്കേ
മുറ്റും പാടിൻറടമയി! സഖേ! മററമങ്ങേതു പിന്നെ.

— ഉണ്ണുനീലിസന്ദേശം

തമിഴ്

കറൈറക്കാർമർക്കുഴലികളൊരോ രാകപേതം പുണർത്തീ-
ട്ടിററിറേറാലും മധുരചമയം ചിന്തുപാടും തചായാം
മുററംതോറും കിളികളതനൈക്കേട്ടിരുന്തക്കണക്കേ
മുററും പാടുകിൻറ ഇടം ഏ തോഴ മററമപ്പുറത്തു പിമ്പു.[76]

മലയാളം

ഇങ്ങനെ പോയങ്ങു ഭംഗികളോടുമേ
തങ്ങിന പൂങ്കാവിൽ പുക്കനേരം
മെല്ലവേ ചൊല്ലിനാൻ വല്ലവീനായക-
നല്ലേലും ചായലാരെല്ലാരോടും
പൂമണമായോരു കാഴ്ചയും കൈക്കൊണ്ടു
ളുമകലർന്നൊരു തെന്നലിവൻ
സേവിപ്പാനായിങ്ങു വന്നതു കണ്ടാലും
മേവുമിപ്പൂങ്കാവുതന്നിലൂടെ?

— കൃഷ്ണഗാഥ

[76] ഇവിടെയും തൊട്ടുതാഴെയും കൊടുത്തിട്ടുള്ള പദങ്ങളെല്ലാം ശുദ്ധമായ തമിഴല്ല. ഉദാഹരണത്തിന്: ഓരോ എന്നു തമിഴരൂപമില്ല. 'ഒവ്വരു' എന്നോ 'ഓരൊരു' എന്നോ മാറ്റിയാലേ ശുദ്ധമായ തമിഴാവൂ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

തമിഴ്

ഇങ്ങനം പോയങ്ങു പങ്കികളോടുമേ
തങ്കിന പൂങ്കാവിൽ പുക്കനേരം
മെല്ലവേ ചൊല്ലിനാൻ വല്ലവീനായക-
നല്ലേലും ചായലാരെല്ലാരോടും
പൂമണമായോരു കാട്ചിയും കൈയ്ക്കൊണ്ടു
ളുമൈ കലർന്തൊരു തെന്നലിവൻ
ചേവിപ്പാനായിങ്ങു വന്തതു കാൺ
മേവുമിപ്പൂങ്കാവുതന്നിലൂടെ.

തമിഴ്

പേയരേ യെനക്കു യാവരും യാനുമോർ
പേയനേ യേവർക്കും ഇതു പേശിയേൻ?
ആയനേ അരങ്കാ എൻറഴൈക്കിന്റേൻ;
പേയനായൊഴിന്തേനെൻപിരാനുക്കേ.

മലയാളം

പേയരേയെനിക്കേവരും ഞാനുമൊരു
പേയേയേവർക്കും ഇതു ചൊല്ലിയെന്ത്
ആയനേ രംഗേശാ എന്നഴലുന്നേൻ
പേയായൊഴിഞ്ഞേനെൻ തമ്പുരാനു താൻ.

തമിഴ്

വാനാളും മാമതിപോൽ വെൺകുടൈക്കീഴ മന്നവർത-
ങ്കോനാകി വീററിരുന്തു കൊണ്ടാടും ചെലവറിയേൻ
തേനാർ പൂഞ്ചോലൈത്തിരുവെങ്കിടമലൈമേൽ
കാനാറായ്പ്പായും കരുത്തുടൈയേനാവേനേ

— പെരുമാൾതിരുമൊഴി

മലയാളം

വാനാളും മാമതിപോൽ വെൺകുടക്കീഴ മന്നവർതൻ-
കോനായി വെന്നിരുന്നു കൊണ്ടാടും മട്ടറിയേണ്ടാ!
തേനാർന്ന പൂഞ്ചോലയെഴും തിരുവെങ്കിടമലമേൽ
കാട്ടാറായ് പായാനഭിപ്രായമുടയോനാവൂ ഞാൻ.

തമിഴ്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-04.tex/Line: 1897

മുമ്മൈ ചാല്വലകുക്കെല്ലാ മൂലമന്തിരത്തൈ മുററും
തമ്മൈയേ തമക്കു നൽകും തനിപ്പെരുമ്പതത്തൈത്താനേ
ഇമ്മൈയേയെഴുമൈ നോയ്ക്കു മരുന്തിനൈ യിരാമനെന്നും
ചെമ്മൈചേര് നാമം തന്നൈക്കൺകകളിറെറരിയെക്കണ്ടാൻ.

— കമ്പരാമായണം

മലയാളം

ത്രിത്വമാർന്ന മൂന്നാകുമൂലകിന്നെല്ലാം മൂലമന്ത്രത്തെ മുററും
തന്നെത്താൻ തന്നാളുകൾക്കു നൽകും തനിപ്പെരുംപദത്തെത്താൻ
ഇജ്ജന്മത്തിലേ ഏഴു നോവിന്നും മരുന്നിനെ രാമനെന്നും
ചെമ്മചേരും നാമം തന്നെക്കൺകളാൽ തെരിയെക്കണ്ടാൻ.

തെലുങ്കു്

താമസിംചി സേയ തഗദു എട്ടി കാര്യംബു
വേഗിരംപൻ അദിയു വിഷമം അഗനു

മലയാളം

താമസിച്ചു ചെയ്യ തകാത്ത കാര്യത്തെ
വേഗിപ്പിക്കിൻ അതും വിഷമം ആകും.

തെലുങ്കു്

പച്ചികായ തെച്ചി പഡവേയ ഫലം ഔനേ?
വിശ്വാഭിരാമ വിനര വേമ!

മലയാളം

പച്ചക്കായ് എടുത്തു പഴുക്കവെയ്ക്കവേ ഫലമാകുമോ,
വിശ്വാഭിരാമനായ അല്ലയോ വേമ, കേളെടോ!

തെലുങ്കു് ദേവീ ഈ സഭ വിദ്വാംസുല മയമൈ ഉന്നദി. കാവുന ഇപ്പുഡു ചേയവലയു പനിനി വിനുമു. പൂർവ്വമു കാളിദാസകവിചേ രചയിംപബഡിന അഭിജ്ഞാനശാകുന്തളം അനു നാടകമു ലോകമുന വിലസില്ലുചു ഉന്നദിഗദാ?

മലയാളം ദേവീ ഈ സഭ വിദ്വാന്മാർമയമായി ഇരിക്കുന്നു. ആകയാൽ ഇപ്പോൾ ചെയ്യ വേണ്ടുന്ന പണിയെ (വേലയെ) കേൾക്കു! പൂർവ്വം കാളിദാസകവിയാൽ രചിക്കപ്പെട്ട അഭിജ്ഞാനശാകുന്തളം എന്ന നാടകം ലോകത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നില്ലയോ?

കർണ്ണാടകം (ശ്ലോകം)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ആ ദേവിയിം ശൂന്യവിദാഗി ലോകം
മൈ ദോർപ്പദീരാരനെയബ്ദമീഗള്
വൈദേഹിയെംബീ പെസരും നിരസ്തം
മൈ ദാള്ദു ബാളില്ലവെ രാമനിന്നും.
— ഛന്ദസ്സാരം.

(പദച്ഛേദം: ആ ദേവിയിം ശൂന്യ ഇദു ആഗി ലോകം മൈ തോർപ്പദു. ഈർ-ആർ-അനെ അബ്ദം ഈഗള്. വൈദേഹി എംബ ഈ പെസരും നിരസ്തം. മമൈദാള്ദുബാളി ഇല്ലവെ രാമൻ ഇന്നും).

മലയാളം ആ ദേവിയാൽ (യോടു) ശൂന്യമായിട്ടു ലോകം മെയ്യ് തോന്നിപ്പിക്കുന്ന (ആവിർഭവിക്കുന്ന). ഈരാറാമത്തെ (12) അബ്ദം ഇപ്പോൾ വൈദേഹി എന്ന ഈ പേരും നിരസ്തം; മെയ്യ് ധരിച്ചിട്ട് വാഴുക ഇല്ലയോ രാമൻ ഇന്നും.

കർണ്ണാടകം പൂർവ്വദല്ലി ഉദ്ദാലകന പത്നിയു പതിഗെ അനുരൂപളാഗി നഡെയദെ ഇദ്ദുദരിന്ദല്ലവെ കല്ലാഗി ഹോദദു. അനസൂയാദേവിയു പതിഗെ അനുഗുണവാഗി നഡെദദ്ദരിന്ദ സൂര്യനു സഹാ ഉദയിസദേ ഹോഗി ദേവഗർളിന്ദലു സ്തോത്രമാഡിസി കൊണ്ഡള്. സീതാദേവിയു അരണ്യക്കെ ഹോഗുത്തിദ്ദ പതിയന്നു അനുസരിസി അവന ഹിന്ദയേ അരണ്യക്കെ താനു ഹൊരഡലു ശ്രീരാമനു നീനു അരണ്യക്കെ ബരവേഡവെന്ദു നന്നന്തെ നീനു ഏകെ കഷ്ടപഡബേ കെന്ദു കേളിദനു.

മലയാളം പൂർവ്വത്തിൽ ഉദ്ദാലകന്റെ പത്നി പതിക്ക് അനുരൂപയായി നടക്കാതെ ഇരുന്നതിനാലല്ലേ കല്ലായിപ്പോയതു്. അനസൂയാദേവി പതിക്ക് അനുഗുണമായി നടന്നതിനാൽ സൂര്യനുംകൂടി ഉദിക്കാതെപോയിട്ട് ദേവതകളാലും സ്തോത്രംചെയ്യിച്ചുകൊണ്ടാൾ. സീതാദേവി അരണ്യത്തിനുപോയിക്കൊണ്ടിരുന്ന പതിയെ അനുസരിച്ച് അവന്റെ പിന്നാലെ അരണ്യത്തിനു താനും പുറപ്പെടവേ ശ്രീരാമൻ നീ അരണ്യത്തിനു വരവേണ്ടാ എന്നും, എന്നെപ്പോലെ നീയും എന്തിനു കഷ്ടപ്പെടവേണമെന്നും കേട്ടാൻ.

തമിഴും പഴമലയാളവും ഒന്നുതന്നെ എന്നു പറയാമെന്നിരിക്കെ തെലുങ്കും കർണ്ണാടകവും വളരെ അകന്നിട്ടുണ്ടെന്നു കാണിപ്പാനാണ് ആ ഭാഷകൾകൂടി എടുത്ത് തർജ്ജമചെയ്തു കാണിച്ചതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

2

ഘട്ടവിഭാഗം

മലനാട്ടിലെ കൊടുന്തമിഴായിരുന്ന ഭാഷ ഇപ്പോൾ നാം സംസാരിക്കുന്ന മലയാളമായിപ്പരിണമിക്കാനുള്ള നിമിത്തങ്ങളെയും സന്ദർഭങ്ങളെയും പ്രതിപാദിച്ചു തീർന്നു. ഇനി പുരാതനദശയ്ക്കും ആധുനികദശയ്ക്കും മദ്ധ്യേ പ്രകൃതഭാഷയ്ക്ക് ഏതേതു് അന്തരാളദശകൾ അല്ലെങ്കിൽ ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് വിചാരണ ചെയ്യാം: ഒരു തേങ്ങ മണ്ണിൽ കുഴിച്ചിട്ടാൽ അതു തെങ്ങായി കാച്ചുവരുംമുൻപേ അതിന് പല അവസ്ഥകളും ഉണ്ടല്ലോ. നാമ്പു മുളച്ചു ഓല വിരിയുന്നതുവരെ ഒരു ഘട്ടം; ഓല വിരിഞ്ഞാൽ തടിവിരിയുന്നതു വരെ രണ്ടാം ഘട്ടം; തടി ആയാൽ കായ്ക്കുവാൻ തുടങ്ങും; ക്രമേണ മൂത്തു വലുതാകും എന്നല്ലാതെ പിന്നീടു് ആകൃതിഭേദത്തിനൊന്നും വകയില്ല. ഈ ദൃഷ്ടാന്തത്തിൽ കാണുന്നതുപോലെ മലയാളഭാഷയ്ക്കും മൂന്നു മഹാദശകളെ കല്പിക്കാം: കൊല്ലവർഷാരംഭഘട്ടമായ ക്രിസ്ത്വബ്ദം 825 ന മേലേ മലയാളം ഒരു സ്വതന്ത്രഭാഷയുടെ നിലയിൽ എത്തിയുള്ളു എന്നു് മുൻപുതന്നെ പ്രതിപാദിച്ചിട്ടുണ്ടു്.[1] അതിനാൽ കൊല്ലവർഷാരംഭത്തിനു മുൻപുള്ള കാലത്തെ, മാതാവായ "തമിഴിന്റെ" അല്ലെങ്കിൽ "മൂലദ്രാവിഡ ഭാഷയുടെ" ഗർഭത്തിൽ വസിച്ചിരുന്ന കാലമായി ഗണിച്ചാൽ മതിയാകും. അക്കാലത്തു് ഉണ്ടായിട്ടുള്ള "പതിറ്റിപ്പത്ത്" മുതലായ കൃതികളെ തമിഴ്ഗ്രന്ഥങ്ങളായിട്ടാണല്ലോ ഇന്നും വിചാരിച്ചുപോരുന്നതു്. ആവക കൃതികൾ കേരളവാസികളാൽ നിർമ്മിതങ്ങളാണെങ്കിലും തമിഴർ അതുകളെ നമുക്കു വിട്ടുതരുകയും ഇല്ല. അതിനാൽ കൊടുന്തമിഴിൽ എഴുതിയിട്ടുള്ള കൃതികളെപ്പറ്റി മലയാള ഭാഷാചരിത്രത്തിന് ഒന്നും പറയുവാൻ അവകാശം ഇല്ല.

കേരളഭാഷയെ മൂന്നു ഘട്ടങ്ങളായി വിഭജിക്കാം:

ആദ്യഘട്ടം — ബാല്യാവസ്ഥ — കരിന്തമിഴകാലം: കൊല്ലവർഷം 1–500 വരെ, ക്രിസ്ത്വബ്ദം 825–1325.

[1] "കൊലവർഷത്തിന് ഇപ്പുറമേ മലയാളത്തിൽ ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളു" എന്നു് 53-ആം കാരികയുടെ വ്യാഖ്യാനത്തിൽ പറയുകയാൽ, കൊല്ലവർഷത്തുനു മുൻപുതന്നെ മലയാളം ഒരു സ്വതന്ത്രഭാഷയായിത്തീർന്നിരുന്നുവെന്നു വ്യഞ്ജിക്കുന്നുണ്ടു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex / Line: 31

മദ്ധ്യഘട്ടം — കൗമാരാവസ്ഥ — മലയാണ്മക്കാലം: കൊല്ലവർഷം 500–800, ക്രിസ്ത്വബ്ദം 1325–1625

ആധുനികഘട്ടം — യൗവനാവസ്ഥ — മലയാളകാലം: കൊല്ലവർഷം 800 മുതൽ ഇതുവരെ, ക്രിസ്ത്വബ്ദം 1625 മുതൽ ഇതുവരെ.[2]

1. കരിന്തമിഴായിപ്പിറന്ന കേരളഭാഷ അഞ്ഞൂറു സംവത്സരക്കാലം ബാല്യവയസ്സിന് തുല്യമായ കരിന്തമിഴവസ്ഥയിൽ ഇരുന്നിട്ട്, അതിൽ പകുതിയിലധികംകാലം വ്യാപിക്കുന്ന കൗമാരപ്രായം "മലയാണ്മ" എന്നു പറയുന്ന ദശയിൽ കഴിച്ചുകൂട്ടിയിട്ട് യൗവനാവസ്ഥയിൽ "മലയാളം" എന്ന നാമധേയം ഗ്രഹിച്ചിരിക്കുന്നു.

   നമ്മുടെ ഭാഷയെ തമിഴിൽനിന്നും ഭിന്നിപ്പിച്ച് സ്വതന്ത്രഭാഷയാക്കിത്തീർക്കുവാൻ ഉത്സാഹിച്ചത് ആര്യന്മാരുടെ സംസ്കൃതം ആണെങ്കിലും അതിന് ബാല്യദശയിൽ വളരെ അധികാരം ഭരിക്കാനൊന്നും സാധിച്ചിരിക്കുകയില്ല. മുൻചൊന്ന നയങ്ങളിൽ പുരുഷപ്രത്യയനിരാസവും അനുനാസികാതിപ്രസരവും മാത്രമേ അക്കാലത്ത് വ്യാപരിച്ചിരിക്കുവാൻ ഇടകാണുന്നുള്ളൂ.[3] ബാലികയായ കേരളഭാഷയുടെ രക്ഷാകർത്തൃസ്ഥാനം തമിഴിനുതന്നെ ആയിരുന്നു. അതിനാലാണ് കരിന്തമിഴ് എന്ന് തമിഴ്പ്പദം ചേർന്ന നാമധേയം ആ അവസ്ഥയ്ക്കു കൊടുത്തത്. സംസ്കൃതപദങ്ങളെ സ്വീകരിക്കാതിരുന്നിരിക്കുകയില്ല. എന്നാൽ അതു-ക-ളെല്ലാം തത്ഭ-വ-ങ്ങ-ള-ല്ലാതെ തത്സ-മ-ങ്ങ-ളാ-യി-രി-ക്കു-ക-യി-ല്ല; അക്കാലത്ത് തമിഴുമായുള്ള സംസർഗ്ഗം ക്രമേണ ക്ഷയിക്കുകയും സംസ്കൃതവുമായുള്ള ബന്ധം വർദ്ധിക്കുകയും ചെയ്തുവന്നു. ഭേദഗതികൾ ആദ്യമായി ഗ്രഹ്യഭാഷയിൽ കടന്നു കൂടിയിട്ട് മുറയ്ക്ക് ഗ്രന്ഥഭാഷയെയും ബാധിച്ചിരിക്കണം. എന്നാൽ അക്കാലത്തു ചമച്ചിട്ടുള്ള കൃതികൾ വളരെ ചുരുക്കമായിട്ടേ നമുക്കു ലഭിച്ചിട്ടുള്ളൂ. കവികളും കൃതികളും ഉണ്ടാകാതെവരുവാൻ ഇടയില്ല. ആവക പുരാതനകൃതികളിൽ നാലഞ്ചെണ്ണമെങ്കിലും വെളിപ്പെട്ടുവരുംമുൻപ് വെറും ഊഹംകൊണ്ട് അക്കാലത്തെ ഭാഷാചരിത്രത്തെ സങ്കല്പിച്ചുണ്ടാക്കുന്നത് സാഹസമായിരിക്കും. "യാത്രാംഗ"ത്തിലെ നാലുപാദം, "ഭദ്രകാളിപ്പാട്ടി"ലെ ചില ഭാഗങ്ങൾ, ചില പുരാതനകീർത്തനങ്ങൾ ഇതെല്ലാം കരിന്തമിഴ്കാലത്തിന്റെ ആരംഭത്തിൽ ഉള്ളതായിരിക്കുവാൻ ഇടയുണ്ട്; രാമചരിതം അതിന്റെ അവസാനത്തുണ്ടായ കാവ്യമായിരിക്കാം.

---

[2] പുഷ്കളങ്ങളായ എല്ലാ ദ്രാവിഡഭാഷകളുടെയും വികാസചരിത്രത്തെ മൂന്നു ഘട്ടങ്ങളിലായി വിഭജിക്കുകയായിരുന്നു പതിവ്. ഇന്നാകട്ടെ, കർണ്ണാടകത്തിനെന്നപോലെ മലയാളത്തിനും രണ്ടു ഘട്ടങ്ങൾ മാത്രം കല്പിക്കുന്ന പ്രബലമായ പ്രവണത കാണുന്നു. അതനുസരിച്ച്, എഴുത്തച്ഛന്റെ കാലംവരെ പ്രാചീനഘട്ടവും അതിനു പിൻപ് അർവാചീനഘട്ടവുമാണ്.

[3] താലവ്യാദേശം, സ്വരസംവരണം, അംഗഭംഗം മുതലായവയും ക്രി. പി. പത്താംനൂറ്റാണ്ടിലുണ്ടായ ശാസനങ്ങളിലെ ഭാഷയിൽ വ്യാപിച്ചിരുന്നതായി ഇന്നു തെളിഞ്ഞിട്ടുണ്ട്. കേരളപാണിനി പറയുന്ന നയങ്ങൾ ആറും പതിന്നാലാംനൂറ്റാണ്ടിൽ വ്യാപിച്ചിരുന്നുവെന്നതിന് ലീലാതിലകം അസന്ദിഗ്ധമായ ലക്ഷ്യമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

2. "മലയാണ്മ" എന്ന ഘട്ടത്തിൽ കൗമാരവയസ്സിന് അനുരൂപമായ ദുസ്സ്വാതന്ത്ര്യം കാണുന്നുണ്ട്. തമിഴ് തനിക്കുണ്ടായിരുന്ന രക്ഷാകർത്തൃത്വം സ്വമനസ്സാലേ ഒഴിഞ്ഞുകൊടുക്കുന്നില്ല; എന്നാൽ സംസ്കൃതം ബലാൽക്കാരമായി തനിക്കാണെന്ന് ഭാവിച്ചുതുടങ്ങി. അക്കാലത്തു കളിയായിച്ചെയ്തിട്ടുള്ള ഒറ്റശ്ലോകങ്ങളിൽ മാത്രമല്ല

> താൾപ്പൂട്ടയന്തി തകരാഃ കറികൊയ്തു ശേഷാഃ
> ... ...
> മണ്ടന്തി പാന്ഥനിവഹാഃ പടിബന്ധപേട്യാ
> "കൊട്ടത്തേങ്ങാഭിരപ്പൈഃ ..."

ഇത്യാദിപോലെ ദ്രാവിഡപ്രകൃതികളിൽ സംസ്കൃതവിഭക്തികളും ലകാരങ്ങളും ചേർത്തുള്ള പ്രയോഗങ്ങൾ കാണുന്നത്; "ഉണ്ണുനീലിസന്ദേശം" മുതലായി കാര്യമായി വെച്ചിട്ടുള്ള കൃതികളിലും ഈ വക കോമാളിരൂപങ്ങൾ ധാരാളമുണ്ട്.

> "മാകന്ദാനാം തണലിൽ മണലിൽ കുഞ്ചിഭിശ്ചലാഗ്രഃ" 60
> "അത്യാമോദാൽ പുനരയി! സഖേ! പാലവും പിന്നിടേഥാഃ" 115
> "മാടമ്പീനാമവിടെ വസതാം ധന്യമാകും നിവാസം" 118
> "ചേടീവക്ത്രം പുനരൊരു കരംകൊണ്ടുതാൻ പൊത്തിയിത്വാ" 139

ഇത്യാദികൾ നോക്കുക. ഈ ദുസ്സ്വാതന്ത്ര്യത്തിൽനിന്നും ആയിരിക്കണം മണിപ്രവാളകവിതയുടെ ഉൽപ്പത്തി. തമിഴ്കാവ്യങ്ങൾക്കു പ്രചാരം കുറഞ്ഞ് നാട്ടുഭാഷ ഭേദിച്ചുവരുന്തോറും ചെന്തമിഴിന്റെ അർത്ഥം ഗ്രഹിക്കുന്നത് ജനങ്ങൾക്ക് അസാദ്ധ്യമായിത്തുടങ്ങി; സംസ്കൃതത്തിന്റെ പുതുമയും പ്രൗഢിയും കാവ്യരസികന്മാരെ ആകർഷിക്കുകയും ചെയ്തു. പ്രഭുത്വവും പഠിത്തവും ഉള്ള രാജാക്കന്മാരും നമ്പൂരിമാരും സംസ്കൃതത്തെ അല്ലാതെ നാട്ടുഭാഷയെ ആദരിച്ചില്ല; എന്നാൽ നാട്ടുഭാഷയോടു ബന്ധം ഇല്ലാതെ സംസ്കൃതത്തിൽത്തന്നെ കവിതചെയ്താൽ കേട്ടുരസിക്കുവാൻ ആളുകൾ ചുരുങ്ങുകയും ചെയ്യും. ഈ സ്ഥിതിക്ക് രണ്ടുംകലർന്ന കവിതയ്ക്കുവേണ്ടി ഒരു ഭാഷ സൃഷ്ടിക്കുകയേ നിർവ്വാഹമുള്ളുവല്ലോ. ഇതാണ് മണിപ്രവാളഭാഷ.

രണ്ടു ഭാഷകളും കലർത്തുക എന്നു വരുമ്പോൾ സംസ്കൃതപ്രകൃതികളിൽ ദ്രാവിഡവിഭക്തികളും മററുപ്രത്യയങ്ങളും ചേർക്കുന്നതുപോലെ മറിച്ച് ദ്രാവിഡപ്രകൃതികളിൽ സംസ്കൃതവിഭക്തിലകാരാദികൾ ചേർക്കുന്നതിലും എന്താണു ന്യായവിരോധം? "ഒന്ന് ശരി; മറേറതു് തെററ്" എന്ന് നമുക്കു തോന്നുന്നുവെങ്കിൽ അതു് പഴക്കത്താലുണ്ടായ പക്ഷപാതമെന്നേ പറഞ്ഞു കൂടൂ. എന്നാൽ ന്യായാന്യായങ്ങളെ വിചാരിച്ചല്ലെങ്കിലും സംസ്കൃതവിഭക്ത്യാദിപ്രത്യയങ്ങൾ ചേർത്ത് ദ്രാവിഡപ്രകൃതികളിൽനിന്നും രൂപാവലി നിർമ്മിക്കുക എന്ന ഏർപ്പാടു് നടക്കാത്തതാണെന്ന് നമ്മുടെ പൂർവ്വികന്മാരും എളുപ്പത്തിൽ മനസ്സിലാക്കി. സംസ്കൃതത്തിലെ രൂപനിഷ്പാദനസമ്പ്രദായം സന്ധികൊണ്ടും ആഗമാദേശാദിവികാരങ്ങൾകൊണ്ടും പ്രകൃതി തിരിച്ചറിയുവാൻ പാടില്ലാത്തവിധം പലയിടത്തും ഭേദപ്പെട്ടുപോകും. മുൻകാണിച്ച (ഉ.സം.60) "കുഞ്ചിഭിഃ" എന്ന തൃതീയാബഹു വചനത്തിൽ വലിയ വികാരമൊന്നും കാണുന്നില്ലെ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ങ്കിലും അതിന്റെതന്നെ "കുഞ്ചയഃ" എന്ന പ്രഥമാബഹുവചനമോ "കുഞ്ചേഃ" എന്ന ഷഷ്ഠ്യേകവചനമോ "കുഞ്ചൗ"എന്ന സപ്തമ്യേകവചനമോ നോക്കിയാൽ സന്ധി കൊണ്ടുള്ള വൈരൂപ്യം തെളിയും. എന്നു മാത്രമല്ല, "മകൻ", "മകൾ" ഇത്യാദി ലിംഗപ്രത്യയമുള്ള ദ്രാവിഡശബ്ദങ്ങൾക്ക് സംസ്കൃതവിഭക്തി ഒട്ടും ഘടിക്കുകയും ഇല്ല. ക്രിയാപദങ്ങളുടെ സ്ഥിതിയോ ഇതിലും കഷ്ടമാണ്. "മണ്ടന്തി" എന്ന ലട്ട് ഒരുവിധം കഴിച്ചുകൂട്ടാമെങ്കിലും, "അമണ്ടൽ", "അമണ്ടൻ" ഇത്യാദി ലങ്രൂപങ്ങൾ ഒരിക്കലും യോജിക്കുകയില്ല. ആത്മനേപദി, പരസ്മൈപദി, ഉഭയപദി, സേട്ട്, അനിട്ട്, വേട്ട് സർവ്വധാതുകം, ആർദ്ധധാതുകം, ഗുണ്യം, അഗുണ്യം ഇത്യാദി ഭേദോപാധികളെല്ലാം നോക്കി അറിഞ്ഞ് ധാതുക്കളുടെ രൂപം നിർണ്ണയിക്കുന്നതു സംസ്കൃതത്തിൽത്തന്നെ ശ്രമസാദ്ധ്യമായിരിക്കുന്നു; പിന്നെയാണോ വേറൊരു ഭാഷയിൽ ഈവക കൃത്രിമങ്ങളെല്ലാം പ്രവർത്തിപ്പിക്കുന്നത്? അതിനാൽ സംസ്കൃതവ്യാകരണ പ്രകാരം ഭാഷാശബ്ദങ്ങൾക്ക് രൂപാവലിചെയ്യുക എന്നതു് അസാദ്ധ്യമെന്ന് മണിപ്രവാള പ്രവർത്തകന്മാർക്ക് ഉടനേ ബോധപ്പെട്ടു. ആവക പ്രയോഗങ്ങൾ ധാടിക്കു വേണ്ടി ഇടയ്ക്കിടെ തട്ടിവിട്ടിരിക്കാം എന്നല്ലാതെ ധാരാളമായി സ്വീകരിച്ചിരിപ്പാൻ ഇടയില്ല.

മറിച്ച് സംസ്കൃതപ്രകൃതികൾ എടുത്തു് ഭാഷാവ്യാകരണപ്രകാരം അവയ്ക്ക് രൂപങ്ങളുണ്ടാക്കി പ്രയോഗിക്കുക എന്നതു് ധാരാളവുമായി. മദ്ധ്യേമദ്ധ്യേ സംസ്കൃതവിഭക്തിരൂപങ്ങളെയും ക്രിയാ പദങ്ങളെയും അവ്യയങ്ങളെയും പ്രയോഗിക്കാം എന്നും ഏർപ്പാടു ചെയ്തു. തെലുങ്ക്, കർണ്ണാടകം എന്നീ സ്വസ്വഭാഷകളും ഈ വിധത്തിൽത്തന്നെയാണ് മണിപ്രവാളഭാഷയെ കല്പിച്ചതു്. തമിഴരും മണിപ്രവാളം പരീക്ഷിച്ചു നോക്കിയില്ലെന്നില്ല; പക്ഷേ, അതു് ആ ഭാഷയിൽ വേരൂന്നുവാൻ ഇടയാകാതെ ക്ഷയിച്ചുപോയി. മണിപ്രവാളത്തിൽ മണിയുടേയും പ്രവാളത്തിന്റേയും ചേരുമാനം ഇന്നവിധം വേണമെന്നുള്ളതിലേക്ക് തീവ്രനിയമങ്ങൾ "ലീലാതിലകം" എന്ന പുസ്തകത്തിൽ ചെയ്തുകാണുന്നതിനാൽ ഈ മിശ്രഭാഷയ്ക്ക് മലയാളദേശത്തു മാത്രമല്ല, ദ്രാവിഡഭൂഖണ്ഡം മുഴുവനും ഒരുകാലത്തു് എത്ര പ്രാബല്യം സിദ്ധിച്ചിരുന്നു എന്ന് ഊഹിക്കാം. സംസ്കൃതത്തിലെ നാമങ്ങളെയും ധാതുക്കളെയും ഭാഷയിലെടുത്താൽ രൂപസിദ്ധിക്കുവേണ്ടി അതുകളെ പെരുമാറുന്നതിനു വേണ്ടുന്ന തത്ഭവപ്രക്രിയകളും ഇക്കാലത്താണ് ഏർപ്പെട്ടതു്. പ്രധാനപ്പെട്ട ചമ്പൂഗ്രന്ഥങ്ങൾ എല്ലാം ഈ ഘട്ടത്തിൽ ഉണ്ടായ കൃതികളായിരിക്കണം.

സംസ്കൃതകവികൾക്കേ മണിപ്രവാളകവിത ചെയ്യാൻ സാധിക്കുകയുള്ളുവല്ലോ. അതിനാൽ ആരംഭത്തിലെ മണിപ്രവാളഗ്രന്ഥകാരന്മാരെല്ലാം നമ്പൂരിമാർ ആയിരുന്നു. അവർ സംസ്കൃതത്തിലെ വ്യാകരണത്തെ എന്നപോലെ വൃത്തശാസ്ത്രത്തെയും ഭാഷയിൽ അവതരിപ്പിച്ചു. "ഉണ്ണുനീലിസന്ദേശം", "ചന്ദ്രോത്സവം", "ചമ്പുക്കൾ" ഇതെല്ലാം സംസ്കൃതവൃത്തങ്ങളിൽ വിരചിതങ്ങളായ പദ്യങ്ങളാൽ ഉപകല്പിതമാകുന്നു. ഈവക കവിതകളിൽ പരിപൂർണ്ണ സംസ്കൃതങ്ങളായ ശ്ലോകങ്ങളും അപൂർവ്വമല്ല. സംസ്കൃതത്തിൽത്തന്നെ ശ്ലോകം ചമച്ചിട്ട് വല്ല മൂലയിലും മുക്കിലും ഒന്നോ രണ്ടോ ഭാഷാപദം പ്രയോഗിച്ചാൽ ശ്ലോകം മുഴുവൻ മണിപ്രവാളമായി. എന്നാൽ ഒരു ശാസ്ത്രഗ്രന്ഥം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ചെയ്യുകയാണെങ്കിൽ അതിനു മലയാളം തൊട്ടുതെറിപ്പിച്ച മണിപ്രവാളം പോലും പോരാ, ശുദ്ധസംസ്കൃതംവേണം എന്നായിരുന്നു അന്നത്തെ വിചാരം;[4] അതാണ് "ലീലാതിലകം" സംസ്കൃതത്തിലെഴുതുവാൻ ഉള്ള കാരണം. മധ്യഘട്ടത്തിലെ മണിപ്രവാളകവികളായ ബ്രാഹ്മണരുടെ കൂട്ടത്തിൽ ചെറുശ്ശേരി ഒരാൾ മാത്രമേ സംസ്കൃതഭ്രമം കയറിമറിഞ്ഞു് ഭാഷയെ അനാദരിക്കാതിരുന്നിട്ടുള്ളൂ. ഇതരവർഗ്ഗക്കാരാകട്ടെ, തമിഴിന് ജാത്യാലുള്ള പ്രാധാന്യം മറന്നു കളഞ്ഞില്ല. അവർ "കവിപാടിയത്" തമിഴ്വൃത്തങ്ങളിൽത്തന്നെ ആയിരുന്നു; സൗകര്യത്തിനുവേണ്ടി സംസ്കൃതപദങ്ങളെയും സമാസങ്ങളെയും അപൂർവ്വമായി വിഭക്ത്യന്തങ്ങളെയുംകൂടി ഉപയോഗിച്ചു എന്നേ ഉള്ളൂ. ഇക്കൂട്ടത്തിൽ പ്രധാനികൾ നിരണംകവിയായ കണ്ണശ്ശപ്പണിക്കരും അയ്യപ്പിള്ള ആശാനും ആകുന്നു.[5] ഈ ഘട്ടത്തിലും തച്ചൊള്ളിപ്പാട്ട് മുതലായ ചില കൃതികൾ സംസ്കൃതബന്ധം ഒട്ടും കൂടാതെ ഉണ്ടായിട്ടുണ്ട്. ഭാഷയുടെ ഉപചയത്തെപ്പററി നോക്കുമ്പോൾ ഇക്കാലത്ത് മുൻചൊന്ന ആറു നയങ്ങളിൽ ഓരോന്നിനും, ഗ്രഹ്യഭാഷയിൽ ശാശ്വതികമായ പ്രതിഷ്ഠ ലഭിക്കുകയാൽ ഗ്രന്ഥഭാഷയിലും പ്രവേശം പ്രായേണ സർവ്വസമ്മതമായി സിദ്ധിച്ചു.

3. ഇത്രയുംകാലംകൊണ്ട് കേരളഭാഷയ്ക്ക് പ്രായംതികഞ്ഞു് തന്റേടം വന്നു. ഇനിമേൽ ഒരു രക്ഷകർത്താവിന് കീഴടങ്ങി ഇരിക്കുന്ന ആവശ്യം ഇല്ല. യൗവനദശയിൽ എത്തിയ സ്ഥിതിക്ക് മേലാൽ സഹായത്തിനു വേണ്ടതു് രക്ഷകർത്താവല്ല; ഭർത്താവാണ്. ബാല്യംമുതൽതന്നെ ഉള്ള സഹവാസത്താൽ മനസ്സിന് നന്നേ ഇണങ്ങിയ ഒരു വരൻ അടുത്തുതന്നെ ഉണ്ടായിരുന്നു താനും. ദ്രാവിഡ ഗോത്രജാതയായ "സൗഭാഗ്യവതി കേരളഭാഷ" ആര്യവംശാലങ്കാരഭൂതനായ "ചിരഞ്ജീവി സംസ്കൃതവര"ന്റെ സ്വയംവര വധുവായ്ച്ചമഞ്ഞു് മേല്ക്കുമേൽ ഉല്ലസിക്കുന്നു. ഈ ശോഭനമായ സംബന്ധം അല്ലെങ്കിൽ വിവാഹം വേണ്ടുംവണ്ണം ആലോചിച്ച് ഭംഗിയായി നടത്തിയ ആൾ സാക്ഷാൽ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്ന മഹാൻ ആകുന്നു. സംസ്കൃത വല്ലഭയായിച്ചമഞ്ഞ മലയാളഭാഷയ്ക്ക് തമിഴിന്റെ ജീർണ്ണവും വർണ്ണകലുഷവും ആയ അക്ഷരമാലാകഞ്ചുകം ഒട്ടും പര്യാപ്തമല്ലെന്നായി. കേരളീയ വിവാഹസമ്പ്രദായത്തിൽ "മുണ്ടു കൊടുക്കുക"യാണല്ലോ ഒരു പ്രധാനക്രിയ. ഭാഷകൾക്കു വസ്ത്രസ്ഥാനം വഹിക്കുന്നതു് അക്ഷരമാലയാണ്; അതിനാൽ മലയാളഭാഷ സംസ്കൃതദത്തമായ ആര്യ എഴുത്ത് ഇക്കാലത്തു സ്വീകരിച്ചു.[6] അക്ഷരമാല മാറിയതോടുകൂടി മലയാളത്തിന്റെ ബാഹ്യവേഷം ആകെപ്പാടെ മുഴുവൻ ഭേദപ്പെടുകയും ചെയ്തു.

മണിപ്രവാളത്തിന് പ്രാചീനന്മാർ വളരെ നിഷ്കർഷിച്ച് ലക്ഷണം ചെയ്തിട്ടുണ്ട്. ഈയിടെ കണ്ടുകിട്ടിയ "ലീലാതിലകം" എന്ന ഗ്രന്ഥം മലയാളഭാഷയിൽ കവിത ആരംഭിച്ച അക്കാലത്തുതന്നെ മഹാന്മാർ ചെയ്തിട്ടുള്ള വ്യവസ്ഥകളെ എല്ലാം വ്യക്തമായിപ്രസ്താവിക്കുന്നുണ്ട്.

---

4 'മുഹൂർത്തവിധി' മുതലായ ജ്യോതിഷഗ്രന്ഥങ്ങളും 'ആലത്തൂർ മണിപ്രവാളം' തുടങ്ങിയ വൈദ്യഗ്രന്ഥങ്ങളും മണിപ്രവാളത്തിലാണ് രചിക്കപ്പെട്ടതെന്നു ലീലാതിലകത്തിൽനിന്നു മനസ്സിലാക്കാം

5 അയ്യപ്പിള്ള ആശാന്റെ കാലം കൊല്ലം ഒൻപതാം നൂറ്റാണ്ടാണെന്നത്രേ ആധുനികമതം.

6 എഴുത്തച്ഛനു വളരെ മുൻപുതന്നെ ആർയ്യ എഴുത്ത് മലയാളത്തിൽ നടപ്പിലിരുന്നുവെന്ന് ഇന്നു തെളിഞ്ഞിട്ടുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 199

"ലീലാതിലകം"[7] എന്നതു് മണിപ്രവാളകവിതയെപ്പററി സംസ്കൃതത്തിൽ ചമച്ചിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിന് "ശില്പം" എന്ന പേരുള്ള എട്ടു വിഭാഗങ്ങൾ ഉണ്ടു്. മണിപ്രവാളത്തിന്റെ സ്വരൂപവും ലക്ഷണവും ഒന്നാംശില്പത്തിൽ വിവരിച്ചിരിക്കുന്നു. മണിപ്രവാളശരീരനിരൂപണമാണ് രണ്ടാംശില്പം. ഇതിൽ ഭാഷയുടെ നിരുക്തവും നാമങ്ങളുടെയും ക്രിയാപദങ്ങളുടെയും രൂപനിഷ്പത്തിയും അടങ്ങിയിരിക്കുന്നു. മൂന്നാംശില്പം സന്ധിവിവരണം ആകുന്നു. ദോഷാലോചനം നാലാം ശില്പത്തിലും, ഗുണവിചാരം അഞ്ചാംശില്പത്തിലും ചെയ്തിരിക്കുന്നു, ശബ്ദാലങ്കാരം ആറിലും അർത്ഥാലങ്കാരം ഏഴിലും എന്നു്. അലങ്കാരപ്രതിപാദനപരങ്ങളാണ് അടുത്ത രണ്ടു ശില്പങ്ങൾ. ഒടുവിലത്തേതായ എട്ടാംശില്പം രസനിരൂപണത്തിനായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ഈവിധം ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും കൂടിക്കലർന്നതാണ് "ലീലാതിലകം". ഗ്രന്ഥകർത്താവിന്റെ പേർ അറിയുന്നതിനു മാർഗ്ഗമില്ല. കാശികാവൃത്തി, കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളുടെ തോതിലാണ് ഈ ഗ്രന്ഥം ചമച്ചിട്ടുള്ളതു്. കാശികാവൃത്ത്യാദികളിലെപ്പോലെ ലീലാതിലകകാരനും മൂലഭൂതങ്ങളായ ചില സൂത്രങ്ങളെ എടുത്തു് വ്യാഖ്യാനിക്കുകയും ഉദാഹരിക്കുകയും ചെയ്തിട്ടു് അതിനുപരി പലവിചാരണകളും സ്വതന്ത്രമായിചെയ്യുന്നു. സൂത്രങ്ങൾ സ്വയം പ്രണീതങ്ങളല്ല; പുരാണങ്ങളാണെന്നു് പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ചിലയിടത്തു് "ച" ശബ്ദം ഉത്തര സൂത്രത്തിൽനിന്നും "അനുകർഷിക്കണം" എന്നും മററും പ്രസ്താവിച്ചുകാണുന്നു. സൂത്രവും വൃത്തിയും ഒരാൾതന്നെ നിർമ്മിച്ചതാണെങ്കിൽ ഈവക റിമാർക്കുകൾക്കു് ആവശ്യം ഇല്ല. സൂത്രകാരൻ വേറെ ഒരാൾ ആണെന്നു് അതിനാൽ കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആ ആചാര്യൻ ആരാണെന്നു് ഊഹിക്കുന്നതിനു് ലീലാതിലകം മുഴുവൻ ശ്രദ്ധയോടുകൂടി വായിച്ചിട്ടും എനിക്കു സാധിച്ചിട്ടില്ല. ലീലാതിലകം എഴുതിയ ആൾ തമിഴിലും സംസ്കൃതത്തിലും ഒന്നുപോലെ പ്രാമാണികത്വം ലഭിച്ച ഒരു മഹാൻ ആയിരുന്നു എന്നുമാത്രം നിസ്സംശയമായിപ്പറയാം. ഇതിൽ ഉദാഹരണത്തിനു് എടുത്തിട്ടുള്ള ശ്ലോകങ്ങൾ മിക്കതും അശ്രുതപൂർവ്വങ്ങളാണ്; എന്നാൽ ഉണ്ണുനീലിസന്ദേശത്തിലെ ചില ശ്ലോകങ്ങൾ ഉദാഹരിച്ചു കാണുകയാൽ ആ സന്ദേശഗ്രന്ഥത്തിനു മേലാണ് ലീലാതിലകം രചിക്കപ്പെട്ടതു് എന്നുമാത്രം ഊഹിക്കാം.

"മണിപ്രവാളത്തിന്റെ ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും ആണ് ലീലാതിലകം" എന്നു പറഞ്ഞുവല്ലൊ. അതിൽ ആലങ്കാരികസിദ്ധാന്തങ്ങൾക്കു പറയത്തക്ക ഭേദങ്ങളൊന്നും ഇതേവരെ വന്നിട്ടില്ല; ശബ്ദശാസ്ത്ര നിയമങ്ങളിലാകട്ടെ ചില ഭേദഗതികൾ സംഭവിച്ചിട്ടുണ്ട്: "ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്ന പ്രഥമസൂത്രപ്രകാരം സംസ്കൃതത്തിലെ വിഭക്ത്യന്തങ്ങളായ നാമങ്ങളും ക്രിയാപദങ്ങളും ഇടകലർന്നുള്ള ഭാഷാപ്രയോഗമാണ് "മണിപ്രവാളം". നാം ഇപ്പോൾ "ഭാഷ" എന്നു പറയുന്ന മലയാളത്തിനു് അന്നു "തമിഴ്" എന്നായിരുന്നു പേർ. ഇതനുസരിച്ചാണ് "ഭാഷാവ്യാഖ്യാനം" എന്ന അർത്ഥത്തിൽ "തമിഴ്ക്കുത്ത്" എന്ന പദം ഇന്നും നാം ഉപയോഗിച്ചുവരുന്നതെന്നു തോന്നുന്നു. "മണിപ്രവാളം" എന്ന പദത്തിന്റെ വ്യുത്പത്തിതന്നെ അർവ്വാചീനന്മാർ വ്യാഖ്യാനിക്കുമ്പോലെ അല്ല. "മണി" എന്നാൽ "മാണിക്യം" എന്നു പറയുന്ന ചുമപ്പുകല്ലും, "പ്രവാളം" പവിഴവും; മണിസ്ഥാനീയങ്ങളായ ദ്രാ

[7] കൊല്ലം 1084-ൽ ആണ് ലീലാതിലകം ആദ്യമായി മംഗളോദയം വഴി വെളിച്ചംകണ്ടതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-05.tex/Line: 223

വിഡ(മലയാള)പദങ്ങളും പ്രവാളസ്ഥാനീയങ്ങളായ വിഭക്ത്യന്തസംസ്കൃതപദങ്ങളും ചേർന്ന ഭാഷ മണിപ്രവാളം. മാണിക്യത്തിനും പവിഴത്തിനും നിറം ഒന്നാകയാൽ ഇണങ്ങിച്ചേരുന്നപക്ഷം ജാതിഭേദം തെളിയാത്തതുപോലെ മലയാളവും സരളസംസ്കൃതവും സരസമായി കലർത്തിയാൽ ഭാഷാഭേദം തോന്നുകയില്ലെന്നാണ് യുക്തി. ഇതു് "വസന്തതിലകം" മുതലായ സംസ്കൃതവൃത്തങ്ങളിൽ കവിത എഴുതുന്നതിനു മാത്രം ഉപയോഗിക്കേണ്ടുന്ന ഭാഷയാണ്.[8] ഒററപ്പദങ്ങളും ദീർഘദീർഘ സമാസങ്ങളും അടിക്കടി സംസ്കൃതത്തിൽ നിന്നു കടം വാങ്ങി വിഭക്തിരൂപം മാത്രം മലയാളവ്യാകരണപ്രകാരമാക്കി ഒരു കാതംവഴി നീളത്തിൽ ഗദ്യങ്ങൾ എഴുതിക്കൂട്ടിയാലും അതു "മണിപ്രവാളം" ആകുകയില്ല. ഇതിന് "തമിഴ്" എന്നു തന്നെ പേർ. "രാമായണം തമിഴ്", "ഭാരതം തമിഴ്" എന്നു മുതലായ പേരുകളോടുകൂടി പല ഗദ്യഗ്രന്ഥങ്ങളും ചാക്യാന്മാർവശം ഇന്നും ഇരിപ്പുണ്ട്. അവർ എന്തോ ഒരു ഭക്തിജാഡ്യം കൊണ്ടോ രഹസ്യോദ്ഘാടന വൈമുഖ്യം കൊണ്ടോ ആവക ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുവാൻ മടിക്കുന്നു. ഇക്കൂട്ടത്തിൽ "രാമായണംതമിഴ"കളിൽ ഒന്ന് എന്റെ കൈവശം കിട്ടിയിട്ടുള്ളതിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചു കാണിക്കാം:

"അതിഭയങ്കരമായി ത്രിംശദ്യോജനായതമാകിന ആത്മശരീരത്തെ ചുരുക്കി ആർജ്ജിത — മാർജ്ജാരമാത്രഗാത്രനായി ഗോപുരദ്വാരത്തുങ്കലകത്തു പോകുവാനുപക്രമിക്കുവന്നവൻ ലങ്കാലക്ഷ്മിയാൽ പരിഭൃതനായി ലങ്കാലക്ഷ്മിയെ ലങ്കയിൽനിന്നും നിരാകരിച്ച് അദ്വാരേണ ഉള്ള പ്രവേശമത്ര ശത്രുഭവനത്തിങ്കൽ വിഹിതമായിട്ടുള്ളത് എന്നിങ്ങനെ ലങ്കാലക്ഷ്മിയുടെ ഉപദേശം നിമിത്തമായി അവിടെനിന്നും പിൻവാങ്ങി കുതിച്ചുകടന്ന് ഇടത്തുകാലകത്തു വെച്ച് അകത്തുപുക്ക് നിന്നരുളിച്ചെയ്യുന്നോൻ. "എങ്ങനെ എപ്രദേശത്തുങ്കലോ ആ ഉദ്യാനം യാതൊരേടത്തു ദേവി ശിംശപാശ്രിതയായി അധിവസിച്ചരുളുന്നു എന്ന് സമ്പാതിയാൽ അഭിഹിതമായി. എന്നാൽ എവിടത്തുങ്കലോ ആ ഉദ്യാനം എന്നരുളിച്ചെയ്തു് ഉദ്യാനാന്വേഷണതത്പരനായി പെരുമാറുന്നവൻ അകമ്പസദനം, നികുംഭഭവനം, സുപ്തഘനഭവനം, വജ്രദംഷ്ട്രാലയം, മേഘനാദസദനം എന്നേവമാദി നിശാചരഭവനങ്ങളിൽ വെദേഹിയെ അന്വേഷിച്ചു സഞ്ചരിക്കുന്ന കാലത്ത് വിഭീഷണഭവനമകം പുക്ക് അവനുടെ നാരായണസ്തുതികൾ കേട്ടു പ്രസന്നഹൃദയനായി കുംഭകർണ്ണാലയത്തെ പ്രാപിച്ച് അവനുടെ മഹീദ്ധ്രസമാനമാകിന ശരീരത്തിനുടെ ദർശനത്താൽ ആശ്ചര്യോപേതനായി അവിടെ നിന്നും പിന്നെയും വിമാനത്തിന്മേൽ കരേറി നോക്കുന്ന കാലത്തു വിവിധരത്നരചിതാനേക സ്തംഭസങ്കീർണ്ണമായി മൗക്തികമാലാമനോഹരമായി മണിദീപനികരപരിഹൃതമസ്സഞ്ചയമായി കനകദണ്ഡങ്ങളാകിന വെകൊററകുടകൾ തപനീയമയങ്ങളാകിന താലവൃന്തങ്ങൾ ചന്ദ്രമരീചിധവളങ്ങളാകിന ചാമരങ്ങൾ എന്നേവമാദികളോടുംകൂടി മധുപാനമത്തനായി മണ്ഡോദരീസഹിതനായി കിടന്നുറങ്ങുന്ന ദശകന്ധരനുടെ ശോഭാതിശയത്തെ കണ്ടു് ആശ്ചര്യോപേതനായി മണ്ഡോദരിയുടെ വെധവ്യലക്ഷണത്തെക്കണ്ടു് വെദേഹിയല്ലെന്നറിഞ്ഞു് അവിടെ നിന്നും പിന്നെയും നാനാദേശങ്ങളിൽ വെദേഹിയെ അന്വേഷിച്ചു സഞ്ചരിക്കുന്ന കാലത്ത് അനന്യസാധാരണയാകിന ലങ്കാസമൃദ്ധിയെക്കണ്ടു് ആശ്ചര്യോപേതനായി അരുളിചെ

[8] ലീലാതിലകത്തിൽ മാലോപമയ്ക്കും ശരനോപമയ്ക്കും കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ ഗദ്യത്തിലാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 264

യ്യുന്നോൻ. "ഏനെ ഈ രാക്ഷസ നഗരിയുടെ വരയായിരുന്ന ലക്ഷ്മി ഇരുന്നവാറെത്രയും ആശ്ചര്യമത്ര! അധർമ്മ-ചാ-ര-നി-ര-ത-നാ-യി -പാപ-കർമ്മ-ത-ത്പ-ര-നായി ഗോഘ്ന-നായി സുരാ-പ-നായി ശ്രീരാ-ഘ-വ-ധർമ്മ-ദാ-ര-ചോ-ര-നാ-യി-രി-ക്കുന്ന രാക്ഷ-സേ-ശ്വ-ര-നുടെ വര-യാ-യി-രുന്ന ലക്ഷ്മി ഇരു-ന്ന-വാ-റെ-ത്രയും ആശ്ചര്യ-മത്ര! ലക്ഷ്മി, ഖലാന്വേഷിണിയായിരിപ്പൊരുത്തി എന്നതും പരമാർത്ഥമത്ര. സത്യമേ ഈ ദശഗ്രീവൻ പടഹപണവാദിവാദിത്രസഹിതനായി അതിബലപരാക്രമരാകിന നിശാചരവീരന്മാരോടുംകൂടി ത്രിദശനഗരത്തെ പ്രാപിച്ച് അമർത്ത്യന്മാരെ ആയോധനത്തുങ്കൽ ജയിച്ച് അവരുടെ അശ്വരത്നം, ഗജരത്നം, വൃക്ഷരത്നം, സ്ത്രീരത്നം എന്നുവേണ്ടാ യാവചില വസ്തുക്കൾ സ്വർഗ്ഗസാരഭൂതങ്ങളാ കിനവ അവററകളെ ഒക്കെയും ബലാത്കാരേണ അപഹരിച്ചുകൊണ്ടു പോന്നാൻ പോൽ ദശഗ്രീവൻ എന്നു കേട്ടിരിപ്പൂ; അതും പരമാർത്ഥമത്ര എന്നരുളിച്ചെയ്തു. പിന്നെയും ഉദ്യാനാന്വേഷണതത്പരനായി പെരുമാറുന്നവൻ. ഉടനേ ത്രിഗുണസമൃദ്ധനായി പോന്നു വീയുന്ന മന്ദമാരുതനെക്കൊണ്ടനുഭവിച്ച് പ്രസന്നഹൃദയനായി അരുളിച്ചെയ്യുന്നോൻ "ഏനെ ഈ മൃദുപവനാഗമനം കൊണ്ടു് ഉദ്യാനം മുൻഭാഗത്തുങ്കലാവൂ എന്നു ഞാൻ കല്പിക്കുന്നു. എന്ത് എന്ന് അഗസ്ത്യാരാധനാർത്ഥം അവതീർണ്ണമാരാകിന വിദ്യാധരസ്ത്രീകളുടെ കബരീഭാരാവസക്തകളാകിന മന്ദാരമാലകളുടെ സൗരഭ്യത്തെ തടവി അളിപാളീകൃജിതനടവീജലശകലാവലീസംയോഗസുഖ ശീതളനായി പോന്നു വീയുന്ന വായുഭഗവാൻ "പുത്രാ! ഹനുമാനേ ഇങ്ങിങ്ങു പോരിക! ഇവിടെ പുരോഭാഗത്തുങ്കൽ അശോകവനികോദ്യാനം! ഇന്ദീവരലോചനനുടെ ഭാര്യ ഇവിടെ അധിവസിച്ചരുളുന്നു. എന്നാൽ വൈദേഹിയെക്കണ്ടു് ദേവീവൃത്താന്തത്തെ ദേവനോടറിയിക്കുക! നിന്നുടെ സ്വാമിയാകിന സുഗ്രീവനുടെ കാര്യത്തേയും സാധിക്കുക! പുത്രാ! ഹനുമാനേ! എന്നിങ്ങനെ സമുദ്രലംഘനപരിശ്രാന്തനാകിന എന്നെ ആലിംഗനംചെയ്ത് ആശ്വസിപ്പിക്കുന്നിതോ എന്നു തോന്നുമാറു വീയുന്നു. എന്നാൽ ഈ പുരോഭാഗത്തുങ്കൽ കാണാകുന്നത് അശോകവനികോദ്യാനം എന്നു വന്നുകൂടും. എന്നാലിതുങ്കലകത്തു പുക്കറിവൂ ഞാനെന്നരുളിച്ചെയ്ത് അകത്തുപുക്കു നോക്കുന്ന കാലത്തു കാണായി ഉദ്യാനം."

"സന്ദർഭേ സംസ്കൃതീകൃതാ ച" എന്ന സൂത്രപ്രകാരം:

> "പൂപൂകിരേ പന്തലകത്തു സൂകരാ-
> ശ്ചൂചൂടിരേ മാല പറിച്ചൊരോർത്തരേ (ഓരോരുത്തരെ)
> തതല്ലിരേ തമ്മിലതീവഘോരമായ്
> മമണ്ടിരേ കൊണ്ടു മണാട്ടിതന്നെയും."

ഇത്യാദികളിലെപ്പോലെ മലയാളധാതുക്കൾക്ക് സംസ്കൃതരൂപം കൊടുക്കുക എന്ന വിലോമസമ്പ്രദായം അന്നു നടപ്പായിരുന്നു. അതിനാൽത്തന്നെയാണ് ഉണ്ണുനീലീസന്ദേശത്തിൽ "മാടമ്പിനാം", "പിന്നിടേഥാഃ" "പൊത്തയിത്വാ" ഇത്യാദി ഉദാഹരിച്ചപ്രകാരം വിചിത്രരൂപങ്ങൾ പ്രയോഗിച്ചു കാണുന്നത്.

> "ദ്രമിഡസംഘാതാക്ഷരനിബന്ധമെതുകമോനവൃത്തവിശേഷയുക്തം പാട്ട്."

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 288

ഈ സൂത്രത്തിന്റെ താൽപര്യം ഇവിടെ തർജ്ജമചെയ്യാം. ശബ്ദങ്ങൾ സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചാലും എഴുത്തിൽ തമിഴക്ഷരങ്ങൾതന്നെ ഉപയോഗിച്ച് "എഴുതുക" എന്നു പറഞ്ഞിരുന്ന ദ്വിതീയാക്ഷരപ്രാസമോ "മോന" എന്നു പറഞ്ഞിരുന്ന ആദ്യക്ഷരപ്രാസമോ (ഇതിന്റെ സ്വഭാവം പാദത്തെ രണ്ടു ഭാഗമാക്കി മുറിച്ചിട്ട് രണ്ടു ഭാഗത്തിലും സ്ഥാനച്ചേർച്ച കൊണ്ടു സാമ്യമുള്ള സവർണ്ണാക്ഷരങ്ങളെ പ്രയോഗിക്കുക ആകുന്നു). രണ്ടുമോ[9] ചേർത്തു തമിഴ്വൃത്തങ്ങളിൽ ചമച്ചിട്ടുള്ള കൃതികൾക്കു "പാട്ട്" എന്നു പേർ. പാട്ടിനു കൊടുത്തിട്ടുള്ള.

തരതലന്താനളന്ത (ാ) പിളന്ത (ാ) പൊന്നൻ-
തനകചെന്താർ വരുന്താമൽ വാണന്തന്നെ
കരമരിന്ത (ാ) പെരുന്താനവന്മാരുടെ
കരളെരിന്ത (ാ) പുരാനേ മുരാരീ കണാ
ഒരു വരന്താ പരന്താമമേ നീ കനി-
ന്തുരകചായീ പിണിപ്പവ്വ നീന്താവണ്ണം
ചിരതരന്താൾ പണിന്തേനയ്യോ താങ്കെന്നെ
തിരുവനന്ത (ാ) പുരന്തങ്കമാനന്തനേ."

എന്ന ഉദാഹരണം രാമചരിതത്തിൽനിന്നായിരിക്കാം എന്ന് ഊഹിപ്പാൻ വഴിയുണ്ട്.[10] ഈ ഊഹം ശരിയാണെങ്കിൽ രാമചരിതകാരനായ വഞ്ചിമഹാരാജാവിന് ഇപ്പുറമാണ് ലീലാതിലകത്തിന്റെ ഉത്ഭവം എന്നു തെളിയുന്നു. എന്നാൽ എതുക (ദ്വിതീയാക്ഷരപ്രാസം) മണിപ്രവാളത്തിലും ചിലപ്പോൾ ഉപയോഗിച്ചു വരുന്നു എന്നു മററുദാഹരണശ്ലോകങ്ങളിൽ നിന്നു കാണുന്നുണ്ട്.[11]

ലീലാതിലകത്തിൽ കാണുന്ന ലക്ഷ്യങ്ങളിൽനിന്നും നമുക്കു ലഭിക്കുന്ന ഭാഷാചരിത്ര വാസ്തവങ്ങൾ എന്തെല്ലാമെന്നു നോക്കാം: ആദികാലത്ത് മലയാളദേശത്തു നാടോടിയായി സംസാരിച്ചിരുന്ന ഭാഷയ്ക്ക് "തമിഴ്" എന്നായിരുന്നു പേർ. സാക്ഷാൽ തമിഴിന് "പാണ്ടിത്തമിഴ്' എന്നും ഈ നാട്ടിലേതിന് "മലയാംതമിഴ്" എന്നും ഭേദം കല്പിച്ചിരിക്കാം. "മലയാംതമിഴ്" എന്നതു് "മലയാണ്മ" എന്നു ചുരുങ്ങിയിരിക്കണം. നാടോടിഭാഷയിൽ നിന്നും സ്വല്പം ഉയർന്ന് ഒരു ഗ്രന്ഥഭാഷ ഉണ്ടായിരുന്നു. അതു് ഗദ്യമെഴുന്നതിനു ചുരുക്കമായിട്ടേ ഉപയോഗിച്ചിരുന്നുള്ളു. പദ്യകരണം രണ്ടു വഴിക്കായിരുന്നു: ഒന്നാമതു്, ആദ്യക്ഷരപ്രാസമോ ദ്വിതീയാക്ഷരപ്രാസമോ (അന്താദിപ്രാസമോ) നിയമേന ഉപയോഗിച്ച് തമിഴ്വൃത്തങ്ങളിൽ സംസ്കൃതപ്രയോഗം ചുരുക്കി പ്രയോഗിക്കുന്നപക്ഷവും തത്ഭവരീതിയിൽ അക്ഷരഭേദം ചെയ്ത് സംസ്കൃതവർണ്ണമാല ഉപയോഗിക്കാതെ വട്ടെഴുത്തിൽ എഴുതിയിട്ടുള്ള പാട്ടുകളുടെ മട്ട്. രണ്ടാമതു്, സംസ്കൃതവിഭക്ത്യന്തം ചേർത്ത് നിയതമായുള്ള പ്രാസനിർബന്ധംകൂടാതെ

[9] പാട്ടിൽ എതുകയും മോനയും വേണം എന്നാണു ലീലാതിലകത്തിൽ കാണുന്നതു്.

[10] ഈ പാട്ട് രാമചരിതത്തിൽ കാണുന്നില്ല.

[11] പാണ്ഡ്യരുടെ എതുകതന്നെയായ പാദാന്തപ്രാസം (ദ്വിതീയാക്ഷരപ്രാസം) മണിപ്രവാളത്തിന്റെ ശബ്ദാലങ്കാരങ്ങളിലൊന്നായി ആറാംശില്പത്തിൽ നിർദ്ദേശിക്കുന്നുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 326

രസപ്രധാനമായ വസന്തതിലകാദിവൃത്തങ്ങളിൽ രചിച്ചിട്ടുള്ള മണിപ്രവാളമാർഗ്ഗം. സംസ്കൃതപ്രാധാന്യത്താൽ മണിപ്രവാളകൃതികൾ ആര്യഎഴുത്തിൽത്തന്നെ എഴുതണമെന്നു കൂടി നിർബന്ധം ഉണ്ടായിരുന്നു. "രാമചരിതം" മുതലായതിന് പാട്ടിനും, "ഉണ്ണുനീലിസന്ദേശം" മുതലായതു് മണിപ്രവാളത്തിനും ഉദാഹരണങ്ങൾ. "രാമചരിത"ത്തിന്റെ വഴിപിടിച്ച് അയ്യപ്പിള്ള ആശാൻ കണ്ണശ്ശപ്പണിക്കർ മുതൽപേർ മുറയ്ക്കു പാട്ടുകൾ എഴുതി. ഇക്കൂട്ടത്തിൽ ഒടുവിലത്തേതായിരിക്കണം "കൃഷ്ണപ്പാട്ട്".[12] ഉണ്ണുനീലിസന്ദേശത്തിന്റെ മാതൃകയിലും കൃതികൾ പലതും ഉണ്ടായിരിക്കണം. എന്നാൽ ഒററശ്ലോകങ്ങൾ അല്ലാതെ പ്രബന്ധങ്ങൾ ഏറെ വെളിപ്പെട്ടു കഴിഞ്ഞിട്ടില്ല. "ചെല്ലൂർമാഹാത്മ്യം" മുതലായ ചമ്പൂപ്രബന്ധങ്ങൽ ആയിരിക്കണം ഈ വർഗ്ഗത്തിലെ അർവ്വാചീനകൃതികൾ.

മേൽ പ്രസ്താവിച്ചപ്രകാരം ഇടയ്ക്കു തടഞ്ഞു് രണ്ടു കൈവഴികളായിപ്പിരിഞ്ഞു് നെടുകെ ഒഴുകിക്കൊണ്ടിരുന്ന കേരളകവിതാസരസ്വതിയെ വീണ്ടും കൂട്ടിച്ചേർത്തു് ഒരേ പ്രവാഹമാക്കിവിട്ട മഹാപുരുഷൻ തുഞ്ചത്തു് രാമാനുജൻ എഴുത്തച്ഛനാകുന്നു. അദ്ദേഹംചെയ്ത ഏർപ്പാടുകൾ ആവിതു: (1) മണിപ്രവാളത്തിൽ എന്നപോലെ പാട്ടുകളിലും ആവശ്യം അനുസരിച്ച് ലളിതസംസ്കൃത വിഭക്ത്യന്തങ്ങളെ ഉപയോഗിക്കാം. (2) വിഭക്ത്യന്തങ്ങളായാലും പ്രകൃതികൾ മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സ്വരമായി ഉപയോഗിക്കുന്ന സ്ഥിതിക്ക് അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാംതന്നെ ആര്[13]യ എഴുത്തിൽ എഴുതണം. (3) ഭാഷാദ്വയസങ്കരത്തിൽ സംസ്കൃതപ്രകൃതികളെ മലയാളവിഭക്തികൾ ചേർത്തു പ്രയോഗിക്കുന്നതു ശരിയായ വഴി; നേരേമറിച്ച് മലയാളപ്രകൃതികളെ സംസ്കൃതവിഭക്തിചേർത്തു "മാടമ്പിനാം", ഇത്യാദിപോലെ പ്രയോഗിക്കുന്ന വിലോമസമ്പ്രദായം തെററ്. (4) സംസ്കൃതച്ഛന്ദശ്ശാസ്ത്രത്തിലെ വർണ്ണനിയമത്തെയും മാത്രാനിയമത്തെയും തമിഴ് വൃത്തങ്ങളിൽക്കൂടി പ്രവേശിപ്പിച്ച് പുതുതായി "കിളിപ്പാട്ട്" മുതലായ മലയാളവൃത്തങ്ങളെ നടപ്പിൽവരുത്തി. ഈ വ്യവസ്ഥപ്രകാരം തമിഴും സംസ്കൃതവും കലർന്നുണ്ടായ ഭാഷയാണ് മലയാള നാട്ടിൽ ഇന്നും നടന്നുവരുന്ന ഗ്രന്ഥഭാഷ. ഇതിൽ സംസ്കൃതവിഭക്ത്യന്തപ്രയോഗം ക്രമേണ കുറഞ്ഞുവരുന്നുണ്ട്. "പച്ചമലയാള"ത്തിലും കവികൾ കൈവയ്ക്കാതിരുന്നിട്ടില്ല. എന്നാൽ അതിന്ന് പ്രചാരം ലഭിക്കുന്നതു സംശയംതന്നെ; നാടോടിയായ ഗൃഹ്യഭാഷയിലും പഠിത്തക്കാരുടെ ഇടയിൽ സംസ്കൃതശബ്ദപ്രയോഗം ക്രമേണ വർദ്ധിച്ചുവരുന്നു. മലയാളം തമിഴിന്റെ ഉപഭാഷയായിട്ടാണോ ഉത്ഭവിച്ചതു് എന്ന സംഗതിയിൽ ഇനി യാതൊരു തർക്കത്തിനും വകയില്ല. ലീലാതിലകകാരൻ ഇതു വിളിച്ചുപറഞ്ഞിട്ടുണ്ട്: "കേരളാനാം ദ്രമിഡശബ്ദവാച്യത്വാദപഭ്രംശേന തദ്ഭാഷാ "തമിഴ്" ഇത്യുച്യതേ ചോള കേരളപാണ്ഡ്യഷ്വദ്രമിഡശബ്ദസ്യ വാ പ്രസിദ്ധ്യാ പ്രവൃത്തിഃ; കർണ്ണാടാന്ധ്രാഅപി ദ്രമിഡാ ഇതികേചിത്; തന്ന; തേഷാം ദ്രമിഡവേദവിലക്ഷണഭാഷാവത്വാതു്,[14] ദ്രമിഡസംഘാതപാഠാഭാവാച്ച്" ചോളം, കേരളം,

[12] അയ്യപിള്ള ആശാന്റെ രാമകഥപ്പാട്ടിനെക്കാൾ പ്രാചീനമാണ് കൃഷ്ണപ്പാട്ട് (കൃഷ്ണഗാഥ). കണ്ണശ്ശന്മാരുടെയും കൃഷ്ണഗാഥാകാരന്റെയും ജീവിതകാലങ്ങൾക്കു തമ്മിൽ വലുതായ അന്തരം ഇല്ലതാനും.

[13] ഇവയെല്ലാം എഴുത്തച്ഛനുമുൻപ് നടപ്പിൽവന്നിരുന്നു.

[14] "തേഷാം ന്യാക്ഷണ ദ്രമിഡവേദവിലക്ഷണത്വാത്" എന്നാണ് ഗ്രന്ഥത്തിൽ. "കാരണം, അവരുടെ ഭാഷ ദ്രമിഡവേദമായ തിരുവായ്മൊഴിയിൽനിന്നു പൂർണ്ണമായും വ്യത്യസ്തമാണ്" എന്നു സാരം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 353

പാണ്ഡ്യം ഈ മൂന്നു ദേശങ്ങളിലേയും ഭാഷ തമിഴിന്റെ വകഭേദങ്ങളാണ്. കർണ്ണാടകവും തെലുങ്കുംകൂടി ഇതിൽ ഉൾപ്പെട്ടതാണെന്നും ചിലർക്കു പക്ഷമുണ്ട്; എന്നാൽ ആ ഭാഷകൾ ദ്രമിഡവേദമായ തിരുവായ്മൊഴിയിലെ ഭാഷയിൽനിന്നും ഭിന്നിച്ചവയാകയാൽ അതുകളെ തമിഴിൽ ഉൾപ്പെടുത്തുന്നതു ശരിയല്ല. ആ ഭാഷകൾക്ക് അക്ഷരമാലയും വേറെയാണ്.

ലീലാതിലകമാണ് ആദ്യമായ മലയാളവ്യാകരണം. വ്യാകരണത്തിന്റെ പ്രധാനവിഷയങ്ങളെല്ലാം അതിൽ നന്നൂലിന്റെ മട്ടിൽ രചിച്ചിട്ടുള്ള സൂത്രങ്ങളെക്കൊണ്ടു പ്രതിപാദിച്ചിരിക്കുന്നു. സൂത്രപാഠം സംസ്കൃതത്തിലായിപ്പോയല്ലോ എന്ന് ആശ്ചര്യപ്പെടാനില്ല;[15] തെലുങ്കിലും ആദ്യമുണ്ടായ വ്യാകരണം [16] സംസ്കൃതസൂത്രരൂപമാണ്. തമിഴിലെ നന്നൂലും തെലുങ്കിലെ ആന്ധ്രശബ്ദചിന്താമണിയും കണ്ടിട്ട് അതേരീതിയിൽ അന്ന് "മണിപ്രവാളം" എന്നു പറഞ്ഞിരുന്ന മലയാളത്തിന് ഒരു വ്യാകരണം എഴുതിയതായിരിക്കണം "ലീലാതിലകം" എന്നതിനു സംശയം ഇല്ല. ഈ വിലയേറിയ ഗ്രന്ഥം ഇതേവരെ വെളിപ്പെടാതെ കിടന്നതിലാണ് ആശ്ചര്യം തോന്നുന്നത്. ഏതായാലും ലീലാതിലകം കണ്ടുകിട്ടിയതോടുകൂടി അടുത്തകാലംവരെ "മലയാളം യാതൊരു വ്യവസ്ഥയും ഇല്ലാത്ത ഒരു നികൃഷ്ടഭാഷ ആയിരുന്നു" എന്നും, "മലയാളത്തിന് ആദ്യമായി ഒരു വ്യാകരണം നിർമ്മിക്കുന്നതിന് ഒരു യൂറോപ്യ പണ്ഡിതൻ വേണ്ടിവന്നു" എന്നും ഉള്ള അപഖ്യാതിയും അഭിമാനക്കുറവും നീങ്ങിയല്ലോ എന്നു സന്തോഷിക്കാം.

ഓരോ ഘട്ടത്തിലും ഉണ്ടായിട്ടുള്ള കൃതികളിൽനിന്നും ഉദാഹരണത്തിനായി ഏതാനും ഭാഗങ്ങൾ താഴെ കാണിക്കുന്നു:

1 ആദ്യഘട്ടം — കരിന്തമിഴകാലം:

(പദ്യം)

"കുലച്ചിൽ വന്തണയൊല്ലായെന്നും നിനവുകൊണ്ടു മൂവുലകുവാനുളാർ
കുലത്തെയും കിരണപന്തിയാൽ കുറവെടുത്തു കാപ്പതിവനേ കാണാ
എലിക്കു മീതു വരുർവാരുണാ ചിവനുമീശനും പിന്നളകേശനും
മലർപ്പെണ്ണൻപിലകും മാലു നാമുഖനും മററുരപ്പതുമിമ്മൂർത്തിയേ"
— രാമചരിതം

381

(ഗദ്യം: ക്രിസ്തുവർഷം 775 ഏപ്രിൽ,[17] കൊല്ലവർഷാരംഭത്തിന് 50 വർഷം മുൻപ്)

ഹരിഃശ്രീ ഗണപതായേ നമ

ശ്രീഭ്രപാലനരപതി വീരകേരളശക്രവർത്തി ആദിയായി മുറമുറെയേ പല ന്നൂറായിരത്താണ്ടു ചെങ്കോലു നടത്തായിനിൻറ ശ്രീ വീര-രാ-ഘ-വ-ശ-ക്ര-വർത്തി

[15] തെലുങ്കുവ്യാകരണം — നണ്ണയഭട്ടാരകൻ 1180 ക്രിസ്ത്വബ്ദത്തിനിടയ്ക്കു സംസ്കൃതത്തിൽ സൂത്രരൂപമായി ചമച്ചത്.
[16] നന്നയഭട്ടന്റെ ആന്ധ്രശബ്ദചിന്താമണി — ക്രി. പി. 11-ആം നൂറ്റാണ്ട്.
[17] വീരരാഘവപ്പട്ടയത്തിന്റെ കാലം ഏ. ഡി. 13-ആം നൂറ്റാണ്ടാണെന്ന് ആധിനികമതം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 384

തിരു-വി-രാജ്യം ചെല്ലാ-യിൻറ മകരത്തുൾ വ്യാഴം മീനഞായററു ഇരുപത്തൊന്റു ചെന്റ ശനി രോഹിണിനാൾ പെരുംകോയിലകത്തിരുന്നരുളെ മകോതെർ പട്ടണത്തു ഇരവി കോർത്തനായ ചേരമാൻ ലോകപ്പെരും ചെട്ടിക്കു മണിക്കിരാമപട്ടം കുടുത്തോം. വിളാപാടയും, പവനത്താങ്കം, വെറുപേരും, കുടത്തുവളെഞ്ചിയമും, വളെഞ്ചിയത്തിൽ തനിച്ചെട്ടും, മ(ൻ) ച്ചൊല്ലും, മുന്നടയും, പഞ്ചവാദ്യമും, ശംഖും, പകൽവിളക്കും, പാവാടയും, ഐന്തോളമും, കൊററക്കുടയും, വടുകപ്പുറയും, ഇടുപിടിത്തോരണമും, നാലുചേരിക്കും തരിച്ചെട്ടും കുടുത്തോം. വാണിയരും ഐംകമ്മാളരെയും അടിമക്കുടുത്തോം. നഗരത്തുക്കു കർത്താവായ ഇരവികോർത്തനക്കു, പുറകൊണ്ടളന്തു നിറകൊണ്ടു ത്തുക്കി നൂൽകൊണ്ടു പാകിയെണ്ണിൻറതിലും എടുക്കിൻറതിലും ഉവി(പ്പി)നോടു ശർക്കരയോടു കസ്തൂരിയോടു വിളക്കെണ്ണയോടു ഇടയിൽ ഉള്ളതു എപ്പേർപ്പെട്ടതിനും തരകും അതിനടുത്ത ചുങ്കമും കൂട കൊടുങ്കല്ലൂർ അഴിവഴിയോടു ഗോപുരത്തോടു വിശേഷാൽ നാലു തളിയും, തളി-ക്കടുത്ത കിരാമത്തോടിടയിൽ നീർമുതലായി ചെപ്പേടു എഴുതിക്കുടുത്തോം. ചേരമാൻ ലോകപ്പെരുച്ചെട്ടിയാന ഇരവികോർത്തനക്കു. ഇവൻ മക്കൾമക്കൾക്കേ വഴിവഴിയേ വേറാകക്കുടുത്തോം. ഇതറിയും പൻറിയൂർ കിരാമമും(ം) ചോക്കിരിക്കിരാമമും അറിയേകുടുത്തോം. വേണാടും ഓടനാടുമറിയക്കുടുത്തോം. ഏറനാടു വള്ളുവനാടു മറിയക്കുടുത്തോം. ചന്ദ്രാദിത്യകളുള്ള നാളെക്കു കുടുത്തോം. ഇവർകളറിയ ചെപ്പേടെഴുതിയ ചേരമാൻ ലോകപ്പെരുന്തട്ടാൻ നമ്പിച്ചെടയൻ കൈയെഴുത്തു.

— കൊച്ചീരാജ്യചരിത്രം

2 മധ്യഘട്ടം — മണിപ്രവാളരീതി

(പദ്യം)

"ആമ്പൽപ്രിയാഭരണമുകിന കാളകൂടം
കൂമ്പും കുരാൽമിഴി തുളുമ്പില കെങ്കവെള്ളം
ചാമ്പോഴമെന്മനസി ചാമ്പലണിഞ്ഞ കോലം
കാമ്പോടുകൂട മരുവീടുക മന്മഥാരേഃ"
— ലീലാതിലകം

"ത്തുകം പൂന്തേൻ പരിമളഭരം നമ്പുതോലും നടപ്പാൻ
മേവും കാവും പഥിയുഴറി നീ തിർക്കുറണ്ടിക്കു ചെൻറ്
ദേവം തസ്മിൻ തൊഴുതു വഴിമേൽ നിൻറു നേരേ നടന്നാൽ
കൂവീടപ്പാൽ പഥി പനയനാർകാവു മംഗല്യകീർത്തേ!"
— ഉണ്ണുനീലീസന്ദേശം, 113

(പദ്യം — പാട്ടുരീതി)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 410

"അരക്കർകുലം വേരറുക്കവേണമെൻറമരർകളും
അലൈകടലിൽ ചെൻറു മുറയിട്ടതും
ആഴിവർണ്ണനന്നരുളിച്ചെയ്തതും
മുനിവരന്റെ ഹോമകുണ്ഡംതന്നിൽനിന്നു
ദിവ്യനായകനുദയം ചെയ്തതും
ദശരഥൻ മകിഴ്ന്തു വാങ്കിക്കൊണ്ടതും
കൊണ്ടുടൻ തൻ ഭാര്യമാർക്കു പായസം കൊടുത്തതും
കുവലയത്തിൽ മങ്കമാർ ഭുജിത്തതും."
— രാമകഥപ്പാട്ട്, അയ്യപ്പിള്ള ആശാൻ

"മുനിവൊടഹങ്കാരാദികളെല്ലാം ഉററവിചാരംകൊണ്ടു കളഞ്ഞേ
കനിവൊടു ശമദസന്തോഷാദികൾ കൈക്കൊണ്ടാരണതത്പരായേ
അനുപമരാകിയ ഭൂദേവന്മാരവരവരേ മമ ദൈവതമെന്നാൽ
മനസി നിനച്ചതു ചെയ്തുമുടിക്കാം മറയവരരുളാലിന്നിനിയെല്ലാം"
— കണ്ണശ്ശരാമായണം

428

(ഗദ്യം)

"അനിലാനലേന്ദുപുരന്ദരോപേന്ദ്രസമാനപരാക്രമനാകിന സവിതൃകുലനാഥദൂതൻ ശ്രീഹനുമാൻ സായങ്കാലത്തുങ്കൽ സകലകലാപരിപൂർണ്ണനാകിന ചന്ദ്രദേവനുടെ ചന്ദ്രികാസ്പർശത്തിനാൽ അപനീതാധ്വശ്രമനായി ആലംബശിഖിരത്തിന്മേൽ നിന്നിറങ്ങി." — സുന്ദരകാണ്ഡം തമിഴ്

3 ആധുനികഘട്ടം

(പദ്യം)

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പ്പു ശമിപ്പതുണ്ടോ?"

"ജലത്തിലെപ്പോളകളെന്നപോലെ
ചലം മനുഷ്യർക്കു ശരീരബന്ധം;
കുലം ബലം പുത്രകളത്രജാലം
ഫലംവരാ മൃത്യുവരും ദശയാം."
— കുഞ്ചൻനമ്പ്യാർ

(പാട്ടുരീതി)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-05.tex/Line: 452

"രഘുകുലവരേഷ്ടദൂതൻ ത്രിയാമാചര-
രാജ്യമെഴുന്നുറുയോജനയും ക്ഷണാൽ
സരസബഹുവിഭവയുതഭോജനം നൽകിനാൻ
458 സന്തുഷ്ടനായിതു പാവകദേവനും".

(ഗദ്യം)— എഴുത്തച്ഛൻ

"അസ്തപർവ്വതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ അംബുജബന്ധുബിംബത്തിൽ നിന്നും അംബരമദ്ധ്യത്തിൽ വിസ്മരങ്ങളായി ബന്ധൂകബന്ധുരങ്ങളായ കിരണകന്ദളങ്ങൾ ഹിമാലയ മഹാഗിരിയുടെ തുംഗകളായ ശൃംഗപരമ്പരകളുടേയും, ബദരീനാഥക്ഷേത്രത്തിന്റേയും അദഭ്രശുഭ്രകളായ ഹിമസംഹതികളിൽ പ്രതിബിംബിച്ചു പ്രകാശിച്ചു. ദാക്ഷിണാത്യനായ ഒരു മന്ദമാരുതൻ സാനുപ്രദേശങ്ങളിൽ സമൃദ്ധങ്ങളായി വളർന്നിരിക്കുന്ന മഹീരുഹങ്ങളിൽ പ്രഭാതാൽപ്രഭൃതിവികസ്വരങ്ങളായി നിൽക്കുന്ന സുരഭിലതരങ്ങളായ കുസുമങ്ങളുടെ പരിമള ധോരണിയെ അധിത്യകകളിലേക്കു പ്രസരിപ്പിച്ചു. ഇപ്രകാരം യാതൊരു വ്യത്യാസവും പ്രതിബന്ധവും ഇല്ലാതെ സൂര്യരശ്മികൾ ഈ പർവ്വതോപരിഭാഗങ്ങളെ പരസ്സഹസ്രം സംവത്സരം ശോഭിപ്പിക്കുകയും ഈ പുഷ്പങ്ങളുടെ സൗരഭ്യം ഗിരിശൃംഗങ്ങളിലേക്ക് ഉദ്ഗമിക്കുകയും ചെയ്തുകൊണ്ടിരിക്കവേ, ദൂരദേശങ്ങളിൽ ജനങ്ങൾ പരസ്പരം സ്പർദ്ധിച്ച് യുദ്ധങ്ങളിൽ പ്രവർത്തിക്കുകയും പ്രബലങ്ങളായ രാജ്യങ്ങൾ ഉദ്ഭവിക്കുകയും ക്ഷയിക്കുകയും ബുദ്ധിമാന്മാർ ഈ പ്രപഞ്ചം ഇപ്രകാരം ഇരിക്കുന്നതിന്റെ കാരണത്തേയും ഉദ്ദേശ്യത്തെയും അവധാരണംചെയ്യുന്നതിന് നിഷ്പ്രയോജനമായി പ്രയത്നപ്പെടുകയും ചെയ്തുവന്നു."

— കേരളവർമ്മ (അക്ബർ)

"എന്താണ് ഇങ്ങനെ ആലോചിക്കുന്നത്. പരമാർത്ഥം പറയേണ്ടിവരുന്നതായ സ്ഥലങ്ങളിൽ ആളുകൾ മനുഷ്യരിൽനിന്നുള്ള ഭീതികൊണ്ടോ കാര്യത്തിൽ വരാവുന്ന കഷ്ടങ്ങളെയോ നഷ്ടങ്ങളെയോ ഓർത്തിട്ടോ വ്യഭിചരിച്ചുപറഞ്ഞാൽ അതിനുള്ള ദോഷം ഇന്നതാണെന്ന് നല്ല അറിവുള്ള ഒരാളാകയാൽ ഇങ്ങനെ മനസ്സിന് ഒരു വ്യഥ ഉണ്ടാവുന്നതാണെന്ന് എനിക്ക് നല്ല ഓർമ്മ എപ്പോഴും ഉണ്ട്. ഈ ഒരു ഓർമ്മ ഉണ്ടാകകൊണ്ടു തന്നെയാണ് ഞാൻ ഇങ്ങോട്ടു പോന്നതും."

—ചന്തുമേനവൻ (ശാരദ)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 2

3

അക്ഷരമാല

23. മലയാളത്തിലെ അക്ഷരമാലയിൽ താഴെ കാണിക്കുന്ന അക്ഷരങ്ങൾ അടങ്ങിയിരിക്കുന്നു:

(i) സ്വരം

സമാനാക്ഷരം	സന്ധ്യക്ഷരം[1]	ആകെ
ഹ്രസ്വം: അ ഇ ഉ ഋ ഌ	എ ഒ — —	7
ദീർഘം: ആ ഈ ഊ ൠ ൡ[2]	ഏ ഓ ഐ ഔ	9
	ആകെ	16

(ii) വ്യഞ്ജനം

	ഖരം	അതിഖരം	മൃദു	ഘോഷം	അനുനാസികം	വർഗ്ഗം	
	1	2	3	4	5		
1	ക	ഖ	ഗ	ഘ	ങ	കവർഗ്ഗം	സ്പർശം 25
2	ച	ഛ	ജ	ഝ	ഞ	ചവർഗ്ഗം	
3	ട	ഠ	ഡ	ഢ	ണ	ടവർഗ്ഗം	
4	ത	ഥ	ദ	ധ	ന	തവർഗ്ഗം	
5	പ	ഫ	ബ	ഭ	മ	പവർഗ്ഗം	

[1] 30-ആം ഖണ്ഡം '(3) സംസർഗ്ഗം' നോക്കുക. 'ഐ', 'ഔ' ഈ രണ്ടെണ്ണത്തെ മാത്രമേ സന്ധ്യക്ഷരം (diphthong) ആയി കാൽഡ്വൽ ഗണിക്കുന്നുള്ളൂ.

[2] ൠ ചേന്ന ഒരു പദവും ഇല്ലായ്കയാൽ ഈ സ്വരം മലയാളത്തിലെ അക്ഷരമാലയിൽ ആവശ്യകമല്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 35

യ	ര	ല	വ	അന്തഃസ്ഥം അല്ലെങ്കിൽ മധ്യമം – 4
ശ	ഷ	സ		ഊഷ്മാവ് – 3
ഹ				ഘോഷി – 1
ള	ഴ	റ[3]		ദ്രാവിഡമധ്യമം – 3
ണ				ദ്രാവിഡാനുനാസികം – 1

ആകെ 37

53

24. മേൽക്കാണിച്ച 53 ഉച്ചാരണങ്ങളിൽ ഓരോന്നും ഒരു വർണ്ണമാകുന്നു.[4] മലയാളവാക്കുകൾ ആസകലം ഇവെയ മാറ്റിയും മറിച്ചും കൂട്ടിച്ചേർത്താൽ ഉളവാകുന്നവേയ ഉള്ളു. 'ക' മുതൽ 'ണ' വരെ ഉള്ളവയിൽ സൗകര്യത്തിനുവേണ്ടി "അ" എന്ന ആദ്യവർണ്ണത്തെക്കൂടി ചേർത്താണ് ഉച്ചരിക്കുക സമ്പ്രദായം; അതിനാൽ അവയിൽ ക്, ഖ്, ഗ് ഇത്യാദി 'അ' വിട്ടുള്ള ഉച്ചാരണമേ ഇവിടെ ഗ്രാഹ്യമാകുന്നുള്ളു. '്' എന്ന ചന്ദ്രക്കലാചിഹ്നം അകാരത്തെ തള്ളി ഉച്ചരിക്കണമെന്നു കാണിക്കുന്നു. മേൽക്കാണിച്ച 53 എണ്ണങ്ങളെട ഉച്ചാരണത്തിന് ആണ് വർണ്ണമെന്നു പേർ ചെയ്തത്. ആ ഉച്ചാരണത്ത കുറിക്കുന്ന 'അ', 'ആ' മുതലായ ചിഹ്നങ്ങൾക്കാകട്ടെ, 'ലിപി' എന്നു പേർ. ലിപിയെ അല്ലാതെ വർണ്ണത്തെ എഴുതിക്കാണിപ്പാൻ നിർവ്വാഹം ഇല്ല. ഒരേ വർണ്ണത്തിനു തന്നെ ചിഹ്നമായിട്ട് ഓരോരോ ഭാഷക്കാർ ഓരോരോ ലിപികളെ ഉപേയാഗിക്കുന്നു. എങ്ങനെ എന്നാൽ: "അ" എന്ന് ഇവിടെ കാണിച്ച ഉച്ചാരണത്തിനു തമിഴിൽ அ എന്നും, ഗ്രന്ഥത്തിൽ 𑌅 എന്നും തെലുങ്കിൽ అ എന്നും, സംസ്കൃതത്തിൽ अ എന്നും, ഇംഗ്ലീഷിൽ A എന്നും ഇങ്ങനെ പലമാതിരി ലിപികൾ ഏർപ്പെട്ടിരിക്കുന്നു. അതിനാൽ വാസ്തവമായതു പദാർത്ഥം; അതിനെ കുറിക്കുന്ന ശബ്ദം വർണ്ണം; ആ വർണ്ണത്തെ ഓർമ്മിപ്പിക്കുന്ന എഴുത്ത് ലിപി. ഉച്ചരിക്കുന്നതും എഴുതുന്നതും പലവിധമായാലും ആന, ഗജം, എലിഫെന്റ് ഇതെല്ലാം തുമ്പിക്കൈയും വാലും മറ്റും ഉള്ള ഒരു വലിയ നാല്ക്കാലിജന്തുവിനെത്തന്നെ കുറിക്കുന്നു.

73

25. "സ്വരം"എന്നും, "വ്യഞ്ജനം" എന്നും ധ്വനികൾക്ക് രണ്ടു മഹാവിഭാഗം ചെയ്തതിൽ സ്വരങ്ങളെ മാത്രമേ തനിയേ ഒറ്റയായിട്ട് ഉച്ചരിക്കുവാൻ സാധിക്കുകയുള്ളൂ; വ്യഞ്ജനങ്ങളാകട്ടെ ഉച്ചാരണാർഹമാകണെമങ്കിൽ സ്വരസഹായം ആവശ്യപ്പെടുന്നു.[5] മാവ്, പിലാവ് മുതലായ മരങ്ങളെപ്പോലെ സ്വതന്ത്രങ്ങളാണ് സ്വരങ്ങൾ. അതുകളിൽ മുളച്ചുവരുന്ന ഇത്തിൾപോലെ പരാശ്രയികളാണ് വ്യഞ്ജനങ്ങൾ. അ, ഇ, ഉ എന്ന് സ്വരങ്ങൾ തനിയേ നിൽക്കും; വ്യഞ്ജനമാകട്ടെ, ക, കി, കു എന്ന് ആ സ്വരങ്ങളുടെ മുമ്പിൽ ശ്രവിക്കെപ്പെടുന്നേതയുള്ളു. 'ക്' എന്ന്

[3] 'റ'-യിൽനിന്നു ഭിന്നമായി '𑌴' എന്ന വർണ്ണം കേരളപാണിനി സ്വീകരിച്ചിട്ടില്ലതുകൊണ്ട് '𑌴' എന്ന ദ്രാവിഡ ഖരത്തെക്കൂടി അക്ഷരമാലയിൽ ഉൾപ്പെടുത്താം.

[4] വായിൽ നിന്നു പുറപ്പെടുന്ന ഒരൊറ്റ ധ്വനിക്കു വർണ്ണം എന്നു പേർ — വ്യാകരണമിത്രം.

[5] വ്യഞ്ജനങ്ങളെയും തനിയെ ഉച്ചരിക്കാൻ കഴിയുമെന്നാണ് ആധുനികഭാഷാവിജ്ഞാനീയം (Linguistics) പറയുന്നത്. വായിലൂടെ നിസ്സരിക്കുന്ന ശ്വാസവായു നിന്നോ തടസ്സമോ ഞെരുക്കമോ കൂടാതെ പുറത്തുപോകുമ്പോഴുണ്ടാകുന്ന ധ്വനി സ്വരവും വായു വായിൽവെച്ചു നില്ക്കുകയോ തടയപ്പെടുകയോ ഞെരുങ്ങുകയോ ചെയ്യുന്നുണ്ടെങ്കിൽ ആ ധ്വനി വ്യഞ്ജനവുമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 88

ഒറ്റയായിട്ട് എടുത്ത് ഉച്ചരിക്കുവാൻ സാധിക്കുന്നില്ല. 'ഉലക്' എന്നും മറ്റും ഉള്ള വാക്കുകളിൽ 'ക്' ഒറ്റയായി നിൽക്കുമ്പോലെ തോന്നാം; എന്നാൽ, അവിടെയും 'സംവൃതോകാരം' എന്നു പറയുന്ന ഒരു സ്വരം ഉണ്ടെന്ന് ഉപരി സ്പഷ്ടമാകും. ഏതെങ്കിലും ഒരു സ്വരച്ഛായ ചേരാതെ വ്യഞ്ജനം ഉച്ചരിച്ചു നോക്കിയാൽ വെളിയിൽ പുറപ്പെടുകയില്ല. വ്യഞ്ജനങ്ങൾക്ക് ഈവിധം സ്വര സഹായം അപരിഹാര്യമാകയാലാണ് എല്ലാ വ്യഞ്ജനങ്ങളേയും 'അ' ചേർത്ത് ഉച്ചരിക്കുക എന്ന് ഏർപ്പാട് ചെയ്തത്. 89

26. വൈശഷികന്മാർ "ലോകത്തിലെ വസ്തുക്കളെല്ലാം പഞ്ചഭൂതങ്ങളെക്കൊണ്ടു ചമച്ചതാണ്" എന്നു പറയുംപോലെയോ, അല്ലെങ്കിൽ ആധുനികരസതന്ത്രക്കാർ "സ്വർണ്ണം മുതലായ ലോഹങ്ങളാലും, ഗന്ധകം മുതലായ അലോഹങ്ങളാലും ഘടിതമാണു ജഗത്ത്" എന്നു പറയുമ്പോലെയോ ഭാഷയെ അപഗ്രഥനം ചെയ്താൽ അതിന്റെ മൂലതത്ത്വം സ്വരം, വ്യഞ്ജനം എന്ന് രണ്ടു വിധമായ വർണ്ണമാണെന്നതിനു സംശയമില്ല. എന്നാൽ വൈശേഷികന്മാരുടെ പൃഥ്വിവ്യാദി പഞ്ചപഞ്ചഭൂതങ്ങളെക്കാണ്ടും രസതന്ത്രക്കാരുടെ സ്വർണ്ണഗന്ധകാദികൊണ്ടും അല്ല നാം ലോകത്തിൽ പെരുമാറുന്നത്. നാം ഉപയോഗിക്കുന്ന പൃഥ്വിവ്യാദികളും സ്വർണ്ണഗന്ധകാദികളും മറ്റും മൂലതത്ത്വങ്ങളോടു കലരുകയാൽ അവരുടെ ദൃഷ്ട്യാ അത്യന്തം അശുദ്ധങ്ങളാണ്. അതുപോലെ ഭാഷാശാസ്ത്രപകാരം മൂലതത്ത്വമായ വർണ്ണത്തെ അല്ല, പല വർണ്ണങ്ങൾ കലർന്ന് ഉണ്ടാകുന്ന അക്ഷരം[6] ആണ് നാം എഴുതുന്നത്. 99

ഭ്, ഊ എന്ന് രണ്ടു വർണ്ണം ചേർന്നുണ്ടായതാണ് ഭ്ര എന്ന അക്ഷരം
ശ്, ര്, ഈ എന്ന് മൂന്നു വർണ്ണം ചേർന്നുണ്ടായതാണ് ശ്രീ എന്ന അക്ഷരം
സ്, ത്, ര്, ഈ എന്ന് നാലു വർണ്ണം ചേർന്നുണ്ടായതാണ് സ്ത്രീ എന്ന അക്ഷരം

മേൽക്കാണിച്ച യുക്തിപ്രകാരം ഉച്ചാരണസൗകര്യം പ്രമാണിച്ച് നാം വർണ്ണങ്ങൾ ചേർന്ന് ഉണ്ടാകുന്ന അക്ഷരങ്ങൾക്ക് അടയാളമിട്ട് ലിപികളെ കല്പിച്ചിരിക്കുന്നു. വർണ്ണങ്ങളെ മാത്രമായിട്ടു കാണിക്കേണ്ടിവരുമ്പോൾ ക്, ഖ് ഇത്യാദിയായി അകാരം കളയുന്നതിലേക്ക് പ്രത്യേകം ചിഹ്നം ചേർത്ത് വ്യഞ്ജനങ്ങളെ എഴുതുന്നു. സ്വരം സ്വയം ഉച്ചാരണക്ഷമം ആകുകയാൽ അത് ഒറ്റവർണ്ണമായ അക്ഷരമാകുന്നു എന്നുമാത്രം ഭേദം. തനിയേ ഉച്ചരിക്കുവാൻ പാടില്ലാത്ത വ്യഞ്ജനങ്ങളിൽ ഏതെങ്കിലും ഒരു സ്വരം ചേർത്ത് ഉച്ചരിക്കേണ്ടിവരുന്നതിനാൽ ഐകരൂപ്യത്തിനു വേണ്ടി എല്ലാറ്റിലും ഒന്നുപോലെ 'അ' എന്ന സ്വരം ചേർക്കുക എന്നാണ് ഏർപ്പാട്. അതിനാൽ നമ്മുടെ ലിപികളെല്ലാം അക്ഷരമാലയുടെ ചിഹ്നമാണ്; വർണ്ണമാലയുടേതല്ല.

നമ്മെപ്പോലെ മറ്റ് ഇൻഡ്യക്കാരും അക്ഷരമാലയെ എഴുതുന്നവരാണ്. യൂറോപ്പിലാകട്ടെ അക്ഷരമാലയല്ല വർണ്ണമാലയാണ് എഴുതുക പതിവ്. അതിനാൽ യൂറോപ്യൻഭാഷകൾ അഭ്യസിക്കുന്നതിൽ നമുക്ക് ചില അസൗകര്യങ്ങൾ നേരിടുന്നു. വ്യഞ്ജനങ്ങളെ സ്വരസഹായംകൂടാതെ ഉച്ചരിക്കുവാൻ പാടില്ലെന്നു കാണിച്ചുവല്ലാ. നാം അതിലേക്കുവേണ്ടി എല്ലാ വ്യഞ്ജനത്തിലും 'അ' ചേർത്ത് പറയുന്നു. യൂറോപ്പുകാർക്ക് ഈ വ്യവസ്ഥയില്ല. 118

[6] "സ്വരവും സ്വരസമ്മിളിതമായ വ്യഞ്ജനവുമാണ് അക്ഷരങ്ങൾ" — ഉള്ളൂർ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 119

ക് എന്ന വ്യഞ്ജനത്തെ ഇംഗ്ലീഷിൽ “കെ” എന്നാണു പറയുക.
സ് എന്ന വ്യഞ്ജനെത്തെ ഇംഗ്ലീഷിൽ “എസ്സ്” എന്നാണു പറയുക.
ബ് എന്ന വ്യഞ്ജനത്തെ ഇംഗ്ലീഷിൽ “ബി” എന്നാണു പറയുക.

നാം എല്ലാറ്റിലും ഒന്നുപോലെ ക, സ, ബ എന്ന് ‘അ’ ചേർത്തു പറകയാൽ വ്യവസ്ഥ ഉണ്ടു്. കെ, എസ്സ്, ബി എന്നിവ ഇംഗ്ലീഷിൽ അതാതു വർണ്ണങ്ങളുടെ പേരാണ്. നമുക്ക് ഇന്ന അക്ഷരം എന്ന് ഒരു പേരാക്കിപ്പറയേണ്ടിവരുമ്പോൾ അവിടെയും നാം ‘അ’ എന്ന സ്വരവും ‘കാരം’ എന്ന പ്രത്യയവും ചേർത്ത് കകാരം, സകാരം, ബകാരം എന്ന് ഏകരൂപമായിപ്പറയുന്നു. നാം അക്ഷരങ്ങളെ എഴുതുന്നതു കൊണ്ട് സ്പെല്ലിംഗ് (spelling) എന്ന് ഇംഗ്ലീഷിൽ പറയുന്ന
130 വർണ്ണനിയമക്ലേശം നമ്മുടെ ഭാഷകളിൽ ഇല്ല.

27. എഴുത്തിൽ അക്ഷരം പ്രധാനവും, അക്ഷരത്തിൽ സ്വരം പ്രധാനവും ആകയാൽ ലിപിയിലും സ്വരത്തിന് പ്രാധാന്യം കൊടുക്കണം എന്ന് നമുക്ക് തോന്നിയേക്കാം; എന്നാൽ അത് നേരേമറിച്ചാണ്. ജഡമായ ശരീരത്തെ വ്യാപരിപ്പിക്കുന്നത് ജീവനാണ്; എന്നാൽ മൂർത്തമായിട്ടു നാം കാണുന്നത് ശരീരമാകുന്നു. ‘ചേഷ്ടയില്ലാതായാൽ ശരീരത്തിൽനിന്നും ജീവൻ വേർപെട്ടുപോയി’ എന്ന് നാം ഊഹിക്കുന്നതേ ഉള്ളു; ‘ജീവൻ ഇന്ന ഇടത്ത് ഇരിക്കുന്നു’ എന്ന് ആരും കാണുന്നില്ല. ഇതുപോലെ കാഴ്ചയിൽ പ്രാധാന്യം വ്യഞ്ജനത്തിനാകയാൽ ലിപിവിന്യാസത്തിൽ വ്യഞ്ജനത്തെ പ്രധാനമാക്കി സ്വരങ്ങളെ അതിൽ അന്തർഭവിച്ചിട്ടുള്ളതായി കല്പിക്കുകയാണ് പതിവ്. ഈ യുക്തിപ്രകാരം തമിഴർ വ്യഞ്ജനത്തിന്“മെയ്” എന്നും, സ്വരത്തിന് ‘ഉയിർ’ എന്നും പേരുകൾ കൊടുത്തിരിക്കുന്നു. ‘ക’ എന്ന ലിപിയിൽ പ്രധാനമായിക്കാണുന്നത്‘ക്’’ എന്ന വ്യഞ്ജനം ആണെങ്കിലും അതിൽ അകാരം അന്തർഭവിച്ചിട്ടുണ്ട്. അകാരത്തിന്റെ ദീർഘമാണെങ്കിൽ ‘കാ’ എന്ന് ദീർഘചിഹ്നം കൂട്ടിച്ചേർക്കുന്നു. ഇകാരമാണെങ്കിൽ ‘കി’ എന്ന് മുകളിൽ ‘വള്ളി’ എന്നി പറയുന്ന ‘ ി ‘ ചിഹ്നം ചേർക്കണം; ഉകാരമായാൽ ‘കു’ എന്ന് താഴെ ഒരു കുനിപ്പ്; എകാരമായാൽ ‘കെ’ എന്ന് ഇടത്തുപുറത്തു പുള്ളി- ‘െ’ എന്ന ചിഹ്നം- ഇത്യാദി. വ്യഞ്ജനങ്ങളിലും സംസ്കൃതമധ്യമങ്ങൾ സ്വരാംശം ചേർന്നവയാകയാൽ അതുകളെയും അടയാളങ്ങളെക്കൊണ്ടു കുറിക്കുക നടപ്പായി. (യ ര ല വ).

144

ക്യ = ക്യ; ക്ര = ക്ര; ക്ല = ക്ല; ക്വ = ക്വ; ര്ക = ർക.

ലിപിയിൽ സ്വരം അപ്രധാനമായിപ്പോയതുകൊണ്ട് വ്യഞ്ജനത്തിൽ സ്വരം ചേർന്നാൽ അതിനെ ‘കൂട്ടക്ഷരം’ എന്നു പറയാറില്ല. ‘ക’ എന്നതു ക് + അ ആണെങ്കിലും അത് ഒരു കൂട്ടക്ഷരം അല്ല. ക്ല, ക്ഷ, സ്മ, ശ്ര ഇത്യാദി വ്യഞ്ജനയോഗങ്ങളെ മാത്രമേ കൂട്ടക്ഷരം എന്നു
151 പറയാറുള്ളു.

28. എഴുത്തച്ഛന്റെ കാലംവരെ മലയാളികൾ വട്ടെഴുത്താണ് ഉപയോഗിച്ചിരിക്കുന്നത്. അടുത്തകാലം വരെ മലയാളദേശത്തിൽ ഈ എഴുത്തിന് പ്രചാരം ഉണ്ടായിരുന്നു. ഇന്നും ചില പുരാതനങ്ങളായ പ്രമാണങ്ങളും മറ്റും ഈ അക്ഷരത്തിൽ എഴുതിയതായിട്ട് ഗൃഹസ്ഥന്മാരുടെ ആധാരപ്പെട്ടികളിൽ കാണും. വട്ടെഴുത്ത് തമിഴരുടെ അക്ഷരമാലയായിരുന്നതിനാൽ അതിൽ തമിഴക്ഷരങ്ങൾ മാത്രമേ ഉള്ളു; സംസ്കൃതാക്ഷരങ്ങൾക്ക് ലിപികൾ ഏർപ്പെട്ടിട്ടില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ശാസനങ്ങളിലും മറ്റും ആവശ്യപ്പെട്ടാൽ ബ്ബ്ബ്ബ്ബ്ബ്[7] ഇത്യാദികൾ തമിഴ് ഗ്രന്ഥാക്ഷരത്തിൽ നിന്നും കടംവാങ്ങി ഉപയോഗിച്ചു കാണും. ഈ ന്യൂനത പരിഹരിക്കുവാൻ വേണ്ടിയാണ് എഴുത്തച്ഛൻ ഗ്രന്ഥാക്ഷരങ്ങളെ എടുത്ത് തലയും വാലും മുറിച്ച് മേനിയാക്കി മലയാളത്തിൽ ഇപ്പോൾ നടപ്പുള്ള അക്ഷരമാല തീർത്തത്.[8] എന്നാൽ 'മലയാളാക്ഷരമാല എഴുത്തച്ഛൻ നിർമ്മിച്ചു' എന്നും പറവാൻ തരമില്ല; തുളുക്കാരും ഈ അക്ഷരമാലതന്നെ ഉപയോഗിച്ചിരുന്നു. അതുകൊണ്ട് 'തുളുമലയാളം അക്ഷരമാല' എന്നും നമ്മുടെ അക്ഷരമാലയ്ക്കു പേർ ഉണ്ടായിരുന്നു. 165

29. അക്ഷരമാലയുടെ സംഗതിയിൽ തമിഴും സംസ്കൃതവും തമ്മിൽ യോജിക്കുന്നില്ലെന്നു പറഞ്ഞുവല്ലോ. അത് താഴെ പറയുംപ്രകാരം ആകുന്നു: സ്വരങ്ങളിൽ 'ഋ' 'ഌ' എന്ന രണ്ടെണ്ണവും 'സ്പർശം' എന്നു പറയുന്ന വർഗ്ഗാക്ഷരങ്ങളിൽ അതിഖരം, മൃദു, ഘോഷം എന്ന് നടുവിലെ മൂന്നക്ഷരങ്ങളും ഊഷ്മാക്കളും, 'ഘോഷി' എന്നു പേരിട്ട ഹകാരവും തമിഴിൽ ഇല്ല. അനുനാസികങ്ങളിൽ എന്ന ഒന്നും മധ്യമങ്ങളിൽ റ, ള, ഴ എന്ന മൂന്നെണ്ണവും തമിഴിൽ അധികം ഉണ്ട്. മലയാളത്തിലാകട്ടെ, തമിഴിലും സംസ്കൃതത്തിലും ഉള്ള എല്ലാ അക്ഷരങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്കൃതപദങ്ങളെ ശരിയായി എഴുതുവാൻ വേണ്ടി സംസ്കൃതാക്ഷരമാലയെ സ്വീകരിച്ച് അതിൽ തമിഴിനു പ്രത്യേകം ഉള്ള നാലക്ഷരങ്ങൾ കൂട്ടിച്ചേർത്തു സൃഷ്ടിച്ചതാണ് മലയാളാക്ഷരമാല. തമിഴിൽ അക്ഷരദാരിദ്ര്യം ഉണ്ടെന്നു പറഞ്ഞുവല്ലോ. എന്നാൽ അത് നാം ശങ്കിക്കുന്നിടത്തോളം ഇല്ല. വാസ്തവത്തിൽ തമിഴിനുള്ളത് ലിപിദാരിദ്ര്യമാണ്; ധ്വനിദാരിദ്ര്യമല്ല.[9] ഈ സംഗതി സ്ഥാപിക്കുവാൻ പുറപ്പെടുംമുൻപ് വർണ്ണങ്ങളുടെ ഉൽപത്തിസ്വരൂപം, അന്യോന്യഭേദം ഇത്യാദികളെക്കുറിച്ച് അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സ്വരം, വ്യഞ്ജനം എന്ന മഹാവിഭാഗം; അതിൽ സ്വരങ്ങൾക്ക് ഹ്രസ്വദീർഘങ്ങൾ, സമാനാക്ഷരസന്ധ്യക്ഷരങ്ങൾ എന്ന് രണ്ടുവിധം അവാന്തരവിഭാഗം;[10] സ്പർശങ്ങൾക്ക് പിന്നെയും ഖര-അതിഖര- മൃദു-ഘോഷ-അനുനാസികങ്ങൾ എന്ന് ഉൾപ്പിരിവ്. ഇങ്ങനെ അക്ഷരമാലാപട്ടികയിൽ കാണിച്ച തരംതിരിപ്പിനെല്ലാം അടിസ്ഥാനമെന്ത്? 182

30. ശ്വാസകോശങ്ങളിൽ നിന്നും പുറപ്പെടുന്ന നിശ്ശ്വാസവായു 'Glottis'[11] എന്നു പറയുന്ന കണ്ഠരന്ധ്രത്തിൽ പ്രവേശിച്ച് അവിടെനിന്നും കണ്ഠം, താലു മുതലായ മുഖോദരസ്ഥാനങ്ങളിൽ തട്ടി വെളിയിലേക്കു പുറപ്പെടുന്നതാണ് വർണ്ണാത്മകമായ ധ്വനി. അതാതു സ്ഥാനങ്ങളിൽ തട്ടുമ്പോൾ നാവിന്റെ ചേഷ്ടകൾകൊണ്ടും ഈ ധ്വനി ഭേദപ്പെടും. വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതി വരുന്നത് അഞ്ചുവക കാരണങ്ങളാൽ[12] ആകുന്നു:

(1) **അനുപ്രദാനം (ആഭ്യന്തരപ്രയത്നം = Emission):** ഇതിന് ശ്വാസത്തെ വെളിയിലേ

---

7 സ്വസ്തി ശ്രീ.

8 കേരളത്തിൽ ആര്യ എഴുത്ത് ആദ്യം നടപ്പിലാക്കിയതു് എഴുത്തച്ഛനല്ല. ഇന്നത്തെ അക്ഷരമാലയുടെ ഉപജ്ഞാതാവും അദ്ദേഹമല്ല.

9 32-ആം ഖണ്ഡം നോക്കുക.

10 വ്യഞ്ജനങ്ങൾക്കു സ്പർശം, മധ്യമം, ഊഷ്മാവ് എന്നു മൂന്നവാന്തരവിഭാഗം.

11 ധ്വനിതന്ത്രികൾക്ക് (vocal chords) ഇടയ്ക്കുള്ള ഇടമാണ് glottis.

12 ആറുവക കാരണങ്ങളാണ് താഴെ വിവരിക്കപ്പെടുന്നതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 217

ക്കു വിടുന്നതിന്റെ മാതിരിഭേദം എന്നർത്ഥം. ശ്വാസത്തെ നാവിന്റെ അഗ്രം (അറ്റം), ഉപാഗ്രം (അറ്റത്തിനടുത്ത ഭാഗം) മധ്യം, മൂലം, വശങ്ങൾ ഇതുകളിൽ ഒന്നുകൊണ്ട് കണ്ഠാദിസ്ഥാനങ്ങളിൽ തട്ടിത്തടഞ്ഞോ തടയാതെയോ വിടാം; തടയുന്നതിലും അല്പമായിട്ടോ പകുതിയോളമോ തടയാം. തടയാതെ വിടുന്നത് അസ്പഷ്ടം; അല്പം തടയുന്നത് ഈഷൽസ്പഷ്ടം; പകുതി തടയുന്നതു് നേമസ്പഷ്ടം; ഇങ്ങനെ നാലുവിധം അനുപ്രദാനം. സ്വരങ്ങളുടെ അനുപ്രദാനം അസ്പഷ്ടമാണ്; അതുകളെ ഉച്ചരിക്കുമ്പോൾ വായുവിനെ ഒട്ടും തടയുന്നില്ല. നാവിന്റെ അഗ്രോപാഗ്രമധ്യമൂലപാർശ്വങ്ങൾ എന്ന കരണങ്ങളിൽ ഒന്നുകൊണ്ട് കണ്ഠതാലുമൂർദ്ധദന്തോഷ്ഠങ്ങൾ എന്ന സ്ഥാനങ്ങളിൽ ഒന്നു തൊടുന്നുണ്ടെങ്കിലും സ്വരോച്ചാരണത്തിൽ വായുവിന്റെ നിർഗ്ഗമനത്തെ ഒട്ടും തടയുന്നില്ല. നേരേമറിച്ച് വർഗ്ഗാക്ഷരങ്ങളെ ഉച്ചരിക്കുമ്പോൾ കണ്ഠാദിസ്ഥാനങ്ങളിൽ ജിഹ്വാഗ്രാദികരണങ്ങളുടെ ബലമായ സ്പർശംകൊണ്ടു് വായു നിശ്ശേഷം തടയുന്നു. തടസ്സം നീക്കുമ്പോൾ ഉണ്ടാകുന്ന ധ്വനിയാണ് 'ക' മുതൽ 'മ' വരെ ഉള്ള വർണ്ണങ്ങൾ. ഈ വർണ്ണങ്ങൾക്കു സ്പർശാധിക്യമുള്ളതുകൊണ്ടാണ് 'സ്പർശം' എന്നു പേർ വന്നതും. ശ - ഷ - സ എന്ന ഊഷ്മാക്കൾക്കും ഹ എന്ന ഘോഷിക്കും നേമസ്പഷ്ടം അനുപ്രദാനം; ഇവയെ ഉച്ചരിക്കുമ്പോൾ സ്ഥാനങ്ങളിൽ കരണങ്ങൾക്കു പകുതിയോളം സ്പർശം ഉണ്ട്. യ-വ-ര-ല-ഴ-റ-ള എന്ന മധ്യമങ്ങൾക്ക് ഈഷൽസ്പഷ്ടം അനുപ്രദാനം;[13] ഇവയിൽ സ്പർശം സ്വല്പമേ ഉള്ളു. സ്പർശം കൂടുന്നിടത്തോളം തടസ്സം കൂടും; തടസ്സം കൂടുന്നിടത്തോളം ശ്വാസം വെളിയിൽ പുറപ്പെടായ്കയാൽ വർണ്ണത്തെ തനിയേ ഉച്ചരിക്കുവാനുള്ള സൗകര്യം കുറയും. ഒട്ടും സ്പർശമില്ലായ്കയാൽ സ്വരങ്ങളെ തനിയേ ഉച്ചരിക്കാം. സ്പർശം ബലമാകയാൽ വർഗ്ഗാക്ഷരങ്ങളെ സ്വരസഹായത്തോടുകൂടിയേ ഉച്ചരിക്കുവാൻ സാധിക്കുകയുള്ളു. സ്പർശം കുറയുന്നതിനാൽ മധ്യമങ്ങളെ സ്വരം ചേർക്കാതെയും ഒരുവിധം ഉച്ചരിക്കാം; അതിനാൽത്തന്നെയാണ് യ - വ - ര - ല - ഴ - റ - ള - കൾക്ക് 'മധ്യമം' എന്നുപേർ കൊടുത്തതും; സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും മധ്യേനിൽക്കുന്നത് 'മധ്യമം' എന്ന് അർത്ഥയോജന. ഇംഗ്ലീഷിൽ ഇവയ്ക്ക് Semi vowels (അർദ്ധസ്വരം) എന്നുപേർ ചെയ്തിരിക്കുന്നു. ഊഷ്മഘോഷികൾ നേമസ്പഷ്ടങ്ങളാകയാൽ അതുകൾക്ക് പാതി വ്യഞ്ജനധർമ്മവും പാതി സ്വരധർമ്മവും; വർഗ്ഗാക്ഷരങ്ങളെക്കാൾ അധികം അതുകൾ സ്വയം ഉച്ചാരണത്തെ സഹിക്കുന്നു.

സ്വരം, വ്യഞ്ജനം എന്ന മഹാവിഭാഗത്തിന്റെയും വ്യഞ്ജനങ്ങൾക്ക് സ്പർശം, മധ്യമം, ഊഷ്മഘോഷികൾ എന്ന അവാന്തരവിഭാഗത്തിന്റെയും യുക്തി ഇതുകൊണ്ട് സ്പഷ്ടമായി!

(2) **കരണവിഭ്രമം അല്ലെങ്കിൽ ബാഹ്യപ്രയത്നം:** കരണം എന്നാൽ ഉപകരണം; ധ്വനി പുറപ്പെടുവിക്കുന്നതിൽ ഉപകരിക്കുന്ന അവയവം അതായത് നാവ്; അതിന്റെ വിഭ്രമം (ചേഷ്ടാവിശേഷം); നാവുകൊണ്ട് കണ്ഠരന്ധ്രത്തെ അടയ്ക്കുകയും തുറക്കുകയും എന്നു

[13] ആധുനികഭാഷാശാസ്ത്രജ്ഞർ വ്യഞ്ജനങ്ങൾക്കു പൂർണ്ണസ്പഷ്ടം, ഈഷത് സ്പഷ്ടം എന്നു രണ്ടുവിധം അനുപ്രദാനമേ സ്വീകരിക്കുന്നുള്ളു. ഊഷ്മാക്കളോടൊപ്പം മധ്യമങ്ങളെയും ഈഷത് സ്പഷ്ടങ്ങളായി അവർ ഗണിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 246

താൽപര്യം.[14] കണ്ഠരന്ധ്രം തുറന്ന് ഉച്ചരിച്ചാൽ ധ്വനി ഒന്നോടെ ത്ഡടിതിയായിട്ടു വെളിയിലേക്കു പോരും; അപ്പോൾ ഉണ്ടാകുന്ന ഒച്ച ഒരു മയമില്ലാതെ പരുപരുത്തിരിക്കും. കണ്ഠരന്ധ്രം ചുരുക്കി ദ്വാരം ചെറുതാക്കിവിട്ടാൽ ധ്വനി അടഞ്ഞ് ഉള്ളിൽ മുഴങ്ങി അല്പമായിട്ടു മുറയ്ക്കു പുറപ്പെടും. ആദ്യം പറഞ്ഞവിധത്തിലായാൽ ധ്വനി ശ്വാസരൂപം; രണ്ടാമത്തേതിൽ നാദരൂപം.[15] വർഗ്ഗങ്ങളിൽ ആദ്യത്തെ[16] രണ്ടെണ്ണങ്ങളും ഊഷ്മാക്കളും ശ്വാസികൾ; ശേഷമെല്ലാം, അതായത്, വർഗ്ഗാക്ഷരങ്ങളിൽ 3, 4, 5 വർണ്ണങ്ങളും സ്വരങ്ങളും മധ്യമങ്ങളും നാദികൾ. 'ഘോഷി' എന്നു പേരിട്ട ഹകാരത്തിനു ശ്വാസവും നാദവും കലർന്ന ധ്വനി എന്നാണ് പ്രാതിശാഖ്യകാരന്മാരുടെ[17] മതം. ഇതിൽ പല പക്ഷഭേദങ്ങളും ഉണ്ട്. ശ്വാസനാദഭേദത്തിനു കാരണം കണ്ഠരന്ധ്രം അടയ്ക്കുകയും തുറക്കുകയും ആകയാൽ ബാഹ്യപ്രയത്നം (കരണവിഭ്രമം) എന്ന ഈ ധ്വനിഭേദോപാധിയെ വിവാരം, സംവാരം എന്നും, ശ്വാസം,[18] നാദം എന്നും രണ്ടായിപ്പിരിക്കാം.

(3) **സംസർഗ്ഗം:** സംസർഗ്ഗം എന്നാൽ ഒരു ധ്വനിയിൽ മറ്റൊരു ധ്വനികൂടി അരച്ചുചേർക്കുക; ചെമ്പും ഈയവും ചേർത്തുരുക്കി വെങ്കലം ഉണ്ടാക്കുന്നതുപോലെ രണ്ടു വർണ്ണങ്ങളെ വേർതിരിച്ചറിക വയ്യാത്തമട്ടിൽ കൂട്ടിയോജിപ്പിക്കുന്നതു സംസർഗ്ഗം. സംസർഗ്ഗത്തിന് ഉപയോഗിക്കുന്ന വർണ്ണം പ്രായേണ 'ഘോഷി' എന്നു പറഞ്ഞ ഹകാരമാണ്. ഹകാരസംസർഗ്ഗംകൊണ്ടു വർഗ്ഗപ്രഥമമായ ഖരം അതിഖരമായും തൃതീയമായ മൃദു ഘോഷമായും ചമയുന്നു:

വർഗ്ഗപ്രഥമവും ഹകാരവും	ക് + ഹ = ഖ	ട് + ഹ = ഠ	പ് + ഹ = ഫ
വർഗ്ഗതൃതീയവും ഹകാരവും	ഗ് + ഹ = ഘ	ഡ് + ഹ = ഢ	ബ് + ഹ = ഭ

ഖരത്തെ അതിഖരമാക്കുന്നതു ഘോഷിയല്ല; പൊരുത്തപ്രകാരം ച്ശ = ഛ; ട്ഷ = ഠ ഇത്യാദിയാണെന്ന് ഒരു പക്ഷമുണ്ട്. ഹകാരത്തിനു ശ്വാസവും നാദവും രണ്ടും ഉണ്ടെന്നു കല്പിക്കുവാനുള്ള കാരണവും ഇതുതന്നെയാണ്. ഖരത്തിൽ ചേരുമ്പോൾ ഹകാരം ശ്വാസി; മൃദുവിൽ ചേരുമ്പോൾ നാദി എന്നു കല്പിച്ചാൽ രണ്ടു വകകളിലും ചേരു

[14] നാവുകൊണ്ടു കണ്ഠരന്ധ്രത്തെ തുറക്കുകയും അടയ്ക്കുകയുമാണ് കരണവിഭ്രമം — എന്നു വിവക്ഷ.

[15] ധ്വനിതന്ത്രികൾ വലിഞ്ഞുമുറുകുകയാൽ കണ്ഠരന്ധ്രം അടഞ്ഞിരിക്കുമ്പോൾ ശ്വാസകോശത്തിൽനിന്നും പുറപ്പെടുന്ന വായു ധ്വനിതന്ത്രികളെ സ്പൃരിക്കുമ്പോൾ ധ്വനിനാദരൂപവും (musical sounds), ധ്വനിതന്ത്രികൾ അയഞ്ഞു് കണ്ഠരന്ധ്രം തുറന്നുകിടക്കുമ്പോൾ ധ്വനിതന്ത്രികളെ സ്പൃരിപ്പിക്കാതെ പുറപ്പെടുന്ന ധ്വനിശ്വാസരൂപവും (Breath sounds) എന്നാണ് ഭാഷാവിജ്ഞാനീയം പറയുന്നതു്. നാദിക്കു ഘോഷവത്തു് (voiced) എന്നും ശ്വാസിക്ക് അഘോഷവത്തു് (voiceless) എന്നും നാമാന്തരങ്ങളുണ്ട്.

[16] വർഗ്ഗപ്രഥമങ്ങൾക്ക് ഖരം എന്നും, ദ്വിതീയങ്ങൾക്ക് അതിഖരം എന്നും പേർ വന്നതിനുള്ള യുക്തി ഇതാകുന്നു. ശ്വാസധ്വനിയാകയാൽ ഖരത്വം സിദ്ധിച്ചു.

[17] വേദങ്ങളിലെ ഉച്ചാരണം, രൂപസിദ്ധി, സന്ധി മുതലായവയെ വിവരിക്കുന്ന വ്യാകരണമാണ് പ്രാതിശാഖ്യം.

[18] കണ്ഠരന്ധ്രം തുറക്കുന്ന പ്രയത്നം വിവാരവും അടയ്ക്കുന്ന പ്രയത്നം സംവാരവുമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 273

ന്നത് ഹകാരംതന്നെ എന്ന് അംഗീകരിക്കാം. നവീനപക്ഷത്തിൽ സംസർഗ്ഗം ചെയ്യുന്നിടത്തെല്ലാം ഹകാരംതന്നെയാണ് രണ്ടാമത്തെ വ്യഞ്ജനം.

ശ്വാസിയായ വർഗ്ഗപ്രഥമം ഖരം; അതിൽ ശ്വാസിയായ ഹകാരം ചേരുമ്പോൾ ഉണ്ടാകുന്ന വർഗ്ഗദ്വിതീയം അതിഖരമായിത്തീരുന്നു. നാദിയായ വർഗ്ഗദ്വിതീയം മൃദു; അതിൽ നാദിയായ ഹകാരം ചേരുമ്പോൾ നാദാധിക്യത്താൽ ഘോഷം (മുഴക്കം) ഉണ്ടാകുന്നതുകൊണ്ടു വർഗ്ഗചതുർത്ഥത്തിന് 'ഘോഷം' എന്നുപേർ സിദ്ധിച്ചു. സംസർഗ്ഗമുള്ള വർണ്ണങ്ങൾക്ക് ഉച്ചാരണത്തിൽ ബലം അധികം വേണ്ടിവരുന്നതിനാൽ സംസൃഷ്ടവർണ്ണങ്ങളായ വർഗ്ഗദ്വിതീയചതുർത്ഥങ്ങളെ 'മഹാപ്രാണങ്ങൾ' എന്നു പറയുമാറുണ്ട്; സംസർഗ്ഗമില്ലാത്തവ അല്പപ്രാണങ്ങൾ; ഖരം അല്പപ്രാണം; അതിഖരം അതിന്റെ മഹാപ്രാണം. മൃദു അല്പപ്രാണം; ഘോഷം അതിന്റെ മഹാപ്രാണം. സംസർഗ്ഗം സ്വരങ്ങളിലും ഉണ്ട്:

അ + ഇ = എ
അ + ഉ = ഒ
അ + എ = ഐ
അ + ഒ = ഔ

എന്നാൽ എ, ഒ-കളിൽ ഉള്ള ചേരുവ (സംസർഗ്ഗം) സംസ്കൃതത്തിലെപ്പോലെ ഭാഷയിൽ അത്ര സ്പഷ്ടമല്ല. സംസ്കൃതത്തിൽ ഉപ + ഇന്ദ്രഃ = ഉപേന്ദ്രഃ; ഗംഗാ + ഉദകം = ഗംഗോദകം ഇത്യാദി സന്ധികളിൽ സംസർഗ്ഗം സ്പഷ്ടമാകുമ്പോലെ ഭാഷയിൽ സ്പഷ്ടമായി കാണ്മാൻ മാർഗ്ഗം ഇല്ല. സംസർഗ്ഗത്തിന്റെ ശൈഥില്യത്താൽത്തന്നെയാണ് സംസ്കൃതത്തിൽ ഏ, ഓ-കൾക്കു ഹ്രസ്വമില്ലാതെപോയതും; ഭാഷയിലാകട്ടെ, സംസർഗ്ഗദാർഢ്യത്താൽ ഇതുകളെ ഒറ്റയക്ഷരങ്ങളായിത്തന്നെ ഗണിക്കുകയാൽ ഹ്രസ്വദീർഘഭേദവും ഉണ്ടായി. സംസർഗ്ഗംകൊണ്ട് ഉണ്ടായത് എന്ന സംഗതി പ്രമാണിച്ചാണ് എ, ഏ, ഒ, ഓ, ഐ, ഔ കൾക്ക് 'സന്ധ്യക്ഷരങ്ങൾ' എന്നും ശേഷം സ്വരങ്ങൾക്ക് 'സമാനാക്ഷരങ്ങൾ' എന്നും പേർചെയ്തു.

(4) **മാർഗ്ഗഭേദം:** ശ്വാസവായുവാണല്ലോ വർണ്ണമായിച്ചമയുന്നത്. അതിന് കണ്ഠത്തോളം വന്നു കഴിഞ്ഞാൽ പുറപ്പെടുന്നതിനു രണ്ടു മാർഗ്ഗം ഉണ്ട്. വായിൽക്കൂടിയോ മൂക്കിൽക്കൂടിയോ നമുക്കു ശ്വാസംവിടാം. നാദികളെ ഉച്ചരിക്കുന്നതു കണ്ഠരന്ധ്രം അമുക്കി ദ്വാരം ചുരുക്കി അല്പാല്പമായിട്ടാണ് എന്നു പറഞ്ഞുവല്ലോ. കണ്ഠരന്ധ്രം സങ്കോചിപ്പിച്ചതിനുമേൽ ശ്വാസവായുവിനെ മൂക്കിൽക്കൂടി നിർഗ്ഗമിപ്പിച്ചാൽ വർണ്ണം അനുനാസികമായി;[19] വായിൽക്കൂടിത്തന്നെ ആയാൽ 'അനനുനാസികം' അല്ലെങ്കിൽ 'ശുദ്ധം'. നാദികൾക്കാണ് ഈ ഭേദം സംഭവിക്കുന്നത്. മൃദുക്കളെ മുഖദ്വാരം അടച്ചു മൂക്കിൽക്കൂടി വിടുന്നതാണ് വർഗ്ഗപഞ്ചമങ്ങളായ അനുനാസികങ്ങൾ. സ്വരങ്ങൾക്കും നാദം

[19] അനുനാസികോച്ചാരണത്തിൽ സ്നിഗ്ധതാലു (soft palat or velum) താഴ്ത്തി വായിലേക്കുള്ള വായുവിന്റെ പ്രവാഹം തടഞ്ഞിട്ടാണ് അതിന്റെ മൂക്കിൽക്കൂടി നിസ്സരിപ്പിക്കുന്നത്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 311

ഉണ്ടാകുകയാൽ അനുനാസികാനനുനാസികഭേദം സംഭവിക്കും; ആ ഭേദം സംസ്കൃതത്തിൽ ഉണ്ടുതാനും.[20]

(5) **സ്ഥാനഭേദം:** വർണ്ണോച്ചാരണത്തിൽ നിശ്ശ്വാനവായുവിനെ ജിഹ്വാഗ്രോപാഗ്രമദ്ധ്യമൂല പാർശ്വങ്ങളെക്കൊണ്ടു വായിന് ഉള്ളിലുള്ള ചില സ്ഥാനങ്ങളിൽ തടഞ്ഞിട്ടാണല്ലോ വെളിയിൽ വിടുന്നത്; ഈ സ്ഥാനങ്ങൾതന്നെയാണ് വർണ്ണങ്ങളുടെ സ്ഥാനങ്ങൾ. അവ ഉള്ളിൽനിന്നു വെളിയിലേക്കുള്ള മുറയ്ക്ക് കണ്ഠം, താലു (അണ്ണാക്ക്), മൂർദ്ധാവ് (മുകളിലെ അണകൾക്കു മദ്ധ്യേ ഉള്ള വായുടെ മേൽത്തട്ട്), ദന്തം (പല്ല്) അതിലും മേൽവരിയിലെ ഊന്ന്, ഓഷ്ഠം എന്ന് അഞ്ചെണ്ണം ആകുന്നു. വർഗ്ഗാക്ഷരങ്ങളുടെ പാഠക്രമം ഈ മുറ അനുസരിച്ചാണ് ചെയ്തിരിക്കുന്നത്:

വർഗ്ഗം	ഖരം	അതിഖരം	മൃദു	ഘോഷം	അനുനാസികം	സ്ഥാനമനുസരിച്ചുള്ള വിഭാഗം
കവർഗ്ഗം	ക	ഖ	ഗ	ഘ	ങ	കണ്ഠ്യം
ചവർഗ്ഗം	ച	ഛ	ജ	ഝ	ഞ	താലവ്യം
ടവർഗ്ഗം	ട	ഠ	ഡ	ഢ	ണ	മൂർദ്ധന്യം
തവർഗ്ഗം	ത	ഥ	ദ	ധ	ന	ദന്ത്യം
പവർഗ്ഗം	പ	ഫ	ബ	ഭ	മ	ഓഷ്ഠ്യം

സ്വരം, മധ്യമം, ഊഷ്മാവ് ഇതുകളിൽ മുറ അല്പം തെറ്റിപ്പോയിട്ടുണ്ട്. സ്വരങ്ങളുടെ പാഠക്രമം അ, ഇ, ഋ, , ഉ എന്നാക്കിയാൽ കണ്ഠ്യാദിയായി ഓഷ്ഠ്യാന്തമായ മുറ ശരിയാകും. മധ്യമങ്ങളിൽ കണ്ഠ്യം ഇല്ല; ഇ, ഋ, , ഉ എന്ന് ഭേദപ്പെടുത്തിയ സ്വരക്രമത്തിന് യ, ര, ല, വ എന്ന മധ്യമക്രമം യോജിക്കും. ശ, ഷ, സ എന്ന ഊഷ്മാക്കൾ താലു-മൂർദ്ധ-ദന്തങ്ങൾ എന്ന മുറയ്ക്കു ചേർന്നുതന്നെ ഇരിക്കുന്നു. കണ്ഠം, ഓഷ്ഠം എന്ന ആദ്യത്തെയും ഒടുവിലത്തെയും സ്ഥാനങ്ങളുടെ സംഘത്തിൽ ഊഷ്മാക്കൾ ഇല്ലെന്നേ ഉള്ളൂ. "കണ്ഠസ്ഥാനത്തിലേക്കു ഹകാരം ഉണ്ട്" എന്നു പറയാം. എന്നാൽ അതു സർവ്വസമ്മതം അല്ല; "ഹകാരത്തിന് അടുത്ത സ്വരത്തിന്റെ സ്ഥാനമേ ഉള്ളൂ" എന്നാണു ചിലരുടെ മതം. ഹകാരത്തിന്റെ ശരിയായ ഉച്ചാരണം ഇന്നതെന്നു തീർച്ചപ്പെടായ്കയാലാണ് പക്ഷഭേദങ്ങൾ. വർണ്ണങ്ങളുടെ സ്ഥാനങ്ങളെ എല്ലാം കൂട്ടിച്ചേർത്ത് താഴെ കാണിച്ചിരിക്കുന്നു:

സ്വരം	വർഗ്ഗം	മധ്യമം	ഊഷ്മാവ്
അ	ക	—	ഹ(?) — കാണ്ഠ്യം
ഇ	ച	യ	ശ — താലവ്യം
ഋ	ട	ര	ഷ — മൂർദ്ധന്യം

[20] മലയാളത്തിൽ തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. സമ്മതം ദ്യോതിപ്പിക്കുന്ന 'ആ' എന്ന സ്വരവും ചോദ്യം സൂചിപ്പിക്കുന്ന 'ഏ' എന്ന സ്വരവും അനുനാസികങ്ങളല്ലേ? ചില നോവലുകളിൽ അവയെ 'ആങ്' എന്നും അച്ചടിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 369

സ്വരം	വർഗ്ഗം	മധ്യമം	ഊഷ്മാവ്
ണ	ത	ല	സ — ദന്ത്യം
ഉ	പ	വ	— — ഓഷ്ഠ്യം
ഏ, ഐ	—[21]	—	കണ്ഠ്യതാലവ്യം
ഓ, ഔ	—	—	കണ്ഠ്യോഷ്ഠ്യം

സൗകര്യത്തിനുവേണ്ടി ശ്ലോകത്തിലും ആക്കാം:

അ കവർഗ്ഗം കണ്ഠജമാം
ഇ ചവർഗ്ഗ യശങ്ങൾ താലവ്യം
ഉ പവർഗ്ഗ വ ഓഷ്ഠജമാം
ഋ ടവർഗ്ഗ രഷങ്ങൾ മൂർദ്ധന്യം—1
ണ തവർഗ്ഗ ലസം ദന്ത്യം
സന്ധ്യക്ഷരമൊത്തപോൽ ദ്വയസ്ഥാനം.
ര ഷ ള ഴ മൂർദ്ധന്യംതാൻ
ക ണ വർത്സ്യം ദ്രാവിഡം ഖിലീഭൂതം.—2

(6) **പരിമാണം:** പരിമാണം എന്നാൽ അളവ് അല്ലെങ്കിൽ മാത്ര. ഇതാണ് ഹ്രസ്വദീർഘ ഭേദത്തിന്റെ സ്വരൂപം. അ, ഇ, ഉ എന്ന ഒറ്റ മാത്രയിലുള്ളത് ഹ്രസ്വം; ആ, ഈ, ഊ എന്ന രണ്ടു മാത്രയിലുള്ളത് ദീർഘം. ഹ്രസ്വദീർഘഭേദം സ്വരങ്ങളിൽ പ്രത്യക്ഷമായിട്ടു കാണുന്നു.[22] വ്യഞ്ജനങ്ങളിലും ഇതു സംഭവിക്കും. 'അതിൽനിന്ന്' എന്നിടത്തെ 'ൽ' എന്ന ലകാരം ഹ്രസ്വവും 'പുൽകുന്നു' എന്നിടത്തേതു ദീർഘവും ആണ്.

394

31. വർണ്ണങ്ങളെ വേർതിരിക്കുന്നതിനുള്ള ഉപാധികളെ ഓരോന്നായി വിവരിച്ചുതീർന്നു. ഇനി ഈ ഉപാധികളെ അടിസ്ഥാനപ്പെടുത്തി വർണ്ണങ്ങൾക്കു ചെയ്തിട്ടുള്ള വിഭാഗങ്ങളെ പ്രത്യേകിച്ച് എടുത്തുകാണിക്കാം. സ്പഷ്ടം, അസ്പഷ്ടം എന്ന അനുപ്രദാനഭേദം പ്രമാണിച്ച് വർണ്ണങ്ങൾക്കു സ്വരം, വ്യഞ്ജനം എന്ന മഹാവിഭാഗം; വ്യഞ്ജനങ്ങൾക്കുള്ള സ്പർശത്തിലെ ന്യൂനാതിരേകം നോക്കി സ്പർശം അല്ലെങ്കിൽ വർഗ്ഗാക്ഷരം, മധ്യമം, ഊഷ്മഘോഷികൾ എന്ന അവാന്തരവിഭാഗം; വർഗ്ഗാക്ഷരങ്ങൾക്കുള്ളിൽ പിന്നെയും ഖരാതിഖരമൃദുഘോഷാനുനാസികങ്ങൾ എന്ന ഉൾപ്പിരിവ് കരണവിഭ്രമം (പ്രയത്നം),[23] സംസർഗ്ഗം, മാർഗ്ഗഭേദം എന്ന മൂന്നുപാധികളെ ആസ്പദമാക്കിയിട്ടാണ്. ഖരാതിഖരങ്ങൾ ശ്വാസരൂപങ്ങൾ; മൃദുഘോഷാനുനാസികങ്ങൾ നാദരൂപങ്ങൾ. ഖരങ്ങൾ ഹകാര സംസർഗ്ഗംകൊണ്ട് അതിഖരങ്ങളാ

[21] ക വർഗ്ഗത്തിൽ ക, ണ എന്നു രണ്ടക്ഷരങ്ങൾ വർത്സ്യം. അകാരം മലയാളത്തിൽ കണ്ഠ്യമായും താലവ്യമായും ഓഷ്ഠ്യമായും ഉണ്ടെന്നാണു ശബ്ദശോധിനിയിൽ പറഞ്ഞിരിക്കുന്നത്.

[22] മൂന്നു മാത്രയിലുള്ള സ്വരങ്ങളെ പ്ലുതം എന്നു പറയും. അങ്ങനെയൊരു വിഭാഗംകൂടി ചില വൈയാകരണന്മാർ സ്വീകരിച്ചിട്ടുണ്ട്.

[23] കരണവിഭ്രമത്തെ ബാഹ്യപ്രയത്നം എന്നാണു മുകളിൽ വിളിച്ചതെങ്കിലും ഇവിടെയും അനന്തരഭാഗങ്ങളിലും 'പ്രയത്നം' എന്നു മാത്രമാണു പറയുന്നത്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 415

യിത്തീരുന്നു, മൃദുക്കൾ അതുകൊണ്ടുതന്നെ ഘോഷങ്ങളായിത്തീരുന്നു; അല്പപ്രാണമായ ഖരത്തിന്റെ മഹാപ്രാണം അതിഖരം; അല്പപ്രാണമായ മൃദുവിന്റെ മഹാപ്രാണം ഘോഷം. നാദിയായി മൃദുവിനെ ഉച്ചരിക്കുമ്പോൾ നിശ്വാസവായു കണ്ഠരന്ധ്രത്തിൽ രുദ്ധമായിക്കഴിഞ്ഞാൽ വായിൽക്കൂടിത്തന്നെ നിസ്സരിക്കുന്നു; അനുനാസികത്തെ ഉച്ചരിക്കുമ്പോഴാകട്ടെ, മൂക്കിൽക്കൂടി നിസ്സരിക്കുന്നു എന്ന് ഈ രണ്ടുതരം വർണ്ണങ്ങൾക്ക് മാർഗ്ഗഭേദകൃതമായ ഭേദം. വർഗ്ഗാക്ഷരങ്ങളുടെ സ്വഭാവം ഇത്രയുംകൊണ്ട് പ്രത്യക്ഷപ്പെടുന്നു: കണ്ഠസ്ഥാനത്തിൽ ജിഹ്വാമൂലം ഉറപ്പിച്ച് രന്ധ്രം തുറന്ന് ഉച്ചരിച്ചാൽ ക എന്ന ഖരം; അതിൽ ഹകാരസംസർഗ്ഗം കൂടി ചെയ്താൽ ഖ എന്ന അതിഖരം; ഖരോച്ചാരണത്തിൽ കണ്ഠരന്ധ്രം തുറക്കുന്നതിനുപകരം ഞെക്കി ഞെരുക്കി ദ്വാരം ചുരുക്കി ഉച്ചരിച്ചാൽ ഗ എന്ന മൃദു; മൃദുവിൽത്തന്നെ ഹകാരസംസർഗ്ഗംകൂടി ചെയ്താൽ ഘ എന്ന ഘോഷം; മൃദുവിൽ ഹകാരസംസർഗ്ഗത്തിനു പകരം രന്ധ്രം ചുരുക്കിയതിനു മേൽ നിശ്വാസത്തെ വായിൽക്കൂടി വിടാതെ നാസികയിൽക്കൂടി വിടുകയാണ് ഭാവമെങ്കിൽ ങ എന്ന അനുനാസികം. 416

32. വർണ്ണോൽപ്പത്തിയെയും വർണ്ണവിഭാഗങ്ങളെയുംപറ്റി പ്രസ്താവിച്ചു കഴിഞ്ഞ സ്ഥിതിക്ക് തമിഴിലെ അക്ഷരദാരിദ്ര്യത്തെപ്പറ്റി ആലോചിക്കാം. വാസ്തവത്തിൽ തമിഴർ സംസ്കൃതത്തിലെ ഹകാരത്തെ മാത്രമേ ഉപേക്ഷിച്ചിട്ടുള്ളു. വർഗ്ഗങ്ങളിൽ ക ഗ ങ എന്ന ഖരമൃദ്വനുനാസികങ്ങൾ തമിഴിൽ ഉണ്ട്; മൃദുക്കൾക്ക് പ്രത്യേകം ലിപി ഏർപ്പെട്ടിട്ടില്ലെങ്കിലും ആ ദ്വലി തമിഴിൽ ധാരാളമാണ്. എങ്ങനെ എന്നാൽ:

എഴുത്ത്	ഉച്ചാരണം
പടി	പഡി
കുതിര	കുദിര
പംപരം	പംബരം

ഊഷ്മാവും കേവലം ഇല്ലെന്നു പറഞ്ഞുകൂടാ. ഇരട്ടിക്കാത്തപ്പോഴൊക്കെയും ചകാരത്തിന് ശകാരത്തിന്റെ ധ്വനിയാണ്:

എഴുത്ത്	ഉച്ചാരണം
പചി	പശി
ചെയ്	ശെയ്
വചവ്	വശവ്

ഹകാരം ഇല്ലാത്തതുകൊണ്ടുതന്നെ അതിഖരം, ഘോഷം എന്ന രണ്ടുവക മഹാപ്രാണങ്ങളും ഇല്ലാതെപോയി. അതിനാൽ തമിഴിൽ ധ്വനികൾക്കല്ല, ലിപികൾക്കാണു കുറവ്. ഇപ്പോൾ നാം എഴുതിവരുന്ന മലയാളത്തിൽ നകാരത്തിനും കാരത്തിനും ലിപിഭേദം ഇല്ലാത്തതുപോലെ, തമിഴിൽ ഖരമൃദുക്കൾക്കു ലിപിഭേദം ഇല്ലെന്നു വിചാരിക്കേണ്ടതേ ഉള്ളു. 'നനയ്ക്കുന്നു' എന്നെഴുതിയാലും നാം 'നണയ്ക്കുന്നു' എന്നു വായിക്കുന്നതെങ്ങനെയോ അങ്ങനെയാണ് തമിഴരും 'അകരം' എന്ന് എഴുതിയിട്ട് 'അഗരം' എന്നു വായിക്കുന്നത്. ഇരട്ടിക്കാത്തപ്പോൾ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 456

'ന' എന്ന ലിപിക്ക് പദാദിയിൽമാത്രം നകാരധ്വനി;[24] അല്ലാത്തിടത്തെല്ലാം കാരധ്വനി എന്നാണ് സാമാന്യേന നമ്മുടെ നിയമം. അതുപോലെ തമിഴർക്കും നിയമം ഉണ്ട്. ക ട ത പ എന്ന ഖരങ്ങൾക്ക് പദാദിയിലായാൽ ഖരോച്ചാരണം; പദമദ്ധ്യത്തിലും ഇരട്ടിച്ചാൽ ഖരോച്ചാരണംതന്നെ. അതുകൊണ്ട് ഇരട്ടിച്ച മൃദുധ്വനി ഇല്ലെന്നേ ഉള്ളു. ഖരങ്ങളിൽ ചകാരം ഒന്നിനെ മാത്രം വിട്ടുവല്ലോ. അതിന് മൃദുവായ ജകാരത്തിന്റെ അല്ല, ഊഷ്മാവായ ശകാരത്തിന്റെ ആണ് ധ്വനി. അതിലെ നിയമത്തിനും അല്പം ഭേദം ഉണ്ട്. പദാദിയിലോ പദമദ്ധ്യത്തിലോ എവിടെ ആയാലും ചകാരത്തിന് ഒറ്റയായി നിൽക്കുമ്പോഴെല്ലാം 'ശ' എന്ന ഊഷ്മധ്വനി; ഇരട്ടിച്ചാൽ മാത്രം 'ച' എന്ന ഖരധ്വനി. സകാരത്തിനുപകരവും ചിലപ്പോൾ ചകാരം ഉപയോഗിക്കും: സമയം = ചമയം. പദാദിമധ്യങ്ങളിലെ നില എന്ന സ്ഥാനഭേദംകൊണ്ടും, ഒറ്റ, ഇരട്ട എന്ന അവസ്ഥാഭേദംകൊണ്ടും വർണ്ണങ്ങൾക്ക് ധ്വനിഭേദം എന്നത് എല്ലാ ദ്രാവിഡഭാഷകൾക്കും സഹജമായ ഒരു ധർമ്മമായിരുന്നു; ഇപ്പോൾ അത് തമിഴിൽ മാത്രം ശേഷിച്ചുവെന്നേ ഉള്ളു.

ഇനി സംസ്കൃതത്തിലില്ലാതെ ദ്രാവിഡത്തിനു സ്വന്തമായുള്ള വർണ്ണങ്ങളെപ്പറ്റി വിചാരണ
459 ചെയ്യാം:

33. സംസ്കൃതത്തിൽ സ്പഷ്ടാനുപ്രദാനമുള്ള സ്പർശങ്ങൾക്ക് ഖരാതിഖരമൃദുഘോഷാനുനാസികങ്ങൾ എന്ന് അഞ്ചുവിധമായ അവാന്തരവിഭാഗം ഉണ്ട്. തമിഴിലാകട്ടെ, ഖരമൃദ്വനുനാസികങ്ങൾ എന്ന് മൂന്നേ ഉള്ളു. എന്നാൽ സംസ്കൃതത്തിൽ ഈഷൽസ്പഷ്ടങ്ങളായ മധ്യമങ്ങൾക്ക് അവാന്തരവിഭാഗം ഒന്നുമേ ഇല്ല. തമിഴിൽ ര, ല എന്ന രണ്ടു മധ്യമങ്ങൾക്ക് അവാന്തരവിഭാഗം ഉണ്ട്. ഈ വിഭാഗം വർഗ്ഗവിഭാഗത്തിന്റെ മുറ അനുസരിച്ചല്ലെന്നു മാത്രം ഭേദം.

'കരണവിഭ്രമം' എന്ന് രണ്ടാമത്തേതായിപ്പറഞ്ഞ ഉപാധിയെ ഒന്നുകൂടി വിസ്തരിക്കേണ്ടതുണ്ട്. കണ്ഠരന്ധ്രത്തെ സങ്കോചിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് വർണ്ണങ്ങൾ 'നാദികൾ' എന്നും 'ശ്വാസികൾ' എന്നും രണ്ടായിത്തിരിയുന്ന എന്നൊരു പ്രയോജനം മാത്രമേ മുമ്പു കാണിച്ചിട്ടുള്ളു: വേറെ പലതും അതുകൊണ്ടു സിദ്ധിക്കുന്നു. കണ്ഠതാലുപ്രഭൃതികളായ സ്ഥാനങ്ങളിൽ ജിഹ്വയുടെ അഗ്രം തൊട്ടാൽ ധ്വനി ഒരുവിധം; ഉപാഗ്രമോ മധ്യമൂലപാർശ്വങ്ങളോ തൊട്ടാൽ വേറെ വേറെ വിധം; മധ്യമൂലങ്ങളെത്തന്നെ ഉപമധ്യം, ഉപമൂലം ഇത്യാദിയായി ഇനിയും വിഭജിക്കാം. ഇതിനുപുറമെ സ്പർശവും പലമാതിരി ആകാം: ഇടവിടാതെ തൊടുക (സ്പർശിക്കുക); വിട്ടുവിട്ടു തൊടുക. രണ്ടാമത്തെ വിധത്തിന് 'സ്ഫുരിതം' എന്നു പേർ. ഒന്നാംവിധം നിരന്തരസ്പർശം; അല്ലെങ്കിൽ വിശേഷം എടുത്തുകാണിക്കാത്ത സ്ഥിതിക്ക് മാറി വിചാരിപ്പാൻ ഇടയില്ലാത്തതിനാൽ വെറും സ്പർശം എന്നുതന്നെ പറഞ്ഞാൽ മതി. എന്തിനു വിസ്തരിക്കുന്നു? ഒരു ഫിഡിൽ വായനക്കാരന് തന്തികളിൽ വില്ലോടിക്കുന്നതിലുള്ള വിന്യാസഭേദങ്ങൾകൊണ്ടു സംഗീതത്തിൽ എന്തെല്ലാം വൈചിത്ര്യങ്ങൾ വരുത്താൻ സാധിക്കുമോ അതിൽ പതിന്മടങ്ങു വൈചിത്ര്യങ്ങൾ മനുഷ്യനു കണ്ഠാദിസ്ഥാ

[24] 'ന്ന' എന്ന ലിപിക്കു ചിലേടത്ത് ഇരട്ടിച്ച നകാരത്തിന്റെയും മറ്റുചിലേടത്ത് ഇരട്ടിച്ച ണ കാരത്തിന്റെയും ധ്വനിയാണ്. തിന്നു, തിന്നാൻ (തിണ്ണാൻ) മുതലായവ നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 481

നങ്ങളിലെ ജിഹ്വാവ്യാപാരംകൊണ്ട് വർണ്ണോച്ചാരണത്തിൽ ഫലിപ്പിക്കുവാൻ കഴിയും. അതുകൊണ്ടു വർണ്ണങ്ങൾ ഇത്രവിധമേ ഉള്ളൂ എന്നു പരിച്ഛേദിക്കുക അസാധ്യമാകുന്നു. മിസ്റ്റർ. ഏ. ജെ. എല്ലീസ് എന്ന ഭാഷാവിജ്ഞാനി 77 സ്വരങ്ങളും 313 വ്യഞ്ജനങ്ങളും ആയി 390 വർണ്ണങ്ങൾ ഉള്ള ഒരു വർണ്ണമാല ചമച്ചിട്ടുണ്ട്. 482

34. റ, ഴ, ള, ൻ ഈ എന്ന് അഞ്ചക്ഷരങ്ങളാണല്ലോ സംസ്കൃതത്തിലില്ലാത്ത ദ്രാവിഡാക്ഷരങ്ങൾ. ഇതുകളേയും വർഗ്ഗങ്ങളാക്കിപ്പിരിക്കാം. റ, ഴ, രണ്ടിനും രേഫത്തോടു ചാർച്ചയുള്ളതിനാൽ ര, റ, ഴ, എന്ന് ഒരു വർഗ്ഗം; അതിന് രവർഗ്ഗം എന്നു പേരിടാം. ല, ള, എന്ന് രണ്ടും ചേർന്ന ലവർഗ്ഗം. ൻ ഈ രണ്ടും ചേർന്ന് ൻവർഗ്ഗം. 487

35. ര-യുടെ മഹാപ്രാണമാണ് റ; എന്നാൽ ഗകാരത്തിന്റെ മഹാപ്രാണം ഘകാര മാകുമ്പോലെയല്ല രേഫത്തിന്റെ മഹാപ്രാണം റകാരമാകുന്നത്. ഗകാരം ഹകാരസംസർഗ്ഗംകൊണ്ടാണ് ഘകാരമാകുന്നത്. അതുപോലെ, രേഫം വർണ്ണാന്തരസംസർഗ്ഗംകൊണ്ട് റകാരമായിച്ചമയുന്നു എന്നു സ്വീകരിക്കുവാൻ മാർഗ്ഗം ഇല്ല. സംസർഗ്ഗം അല്ല; സ്ഥാനം, കരണവിഭ്രമം എന്ന വേറെ രണ്ടുപാധികളാണ് രേഫത്തെ റകാരമാക്കിത്തീർക്കുന്നത്. രേഫറകാരങ്ങൾ രണ്ടും മൂർദ്ധന്യങ്ങളാണെങ്കിലും രേഫോച്ചാരണത്തിൽ വായുടെ മേൽത്തട്ടിന്റെ ഏതുഭാഗത്ത് നാവു തൊടുന്നുവോ അതിലും ആഭ്യന്തരം (ഉള്ളിലേക്കു തള്ളിയ) ആയ ഭാഗത്താണ് റകാരോച്ചാരണത്തിൽ തൊടുന്നത്. ജിഹ്വയുടെ തൊടുന്ന ഭാഗവും തൊടുന്ന സമ്പ്രദായവും വേറെ ആണ്. രേഫത്തിൽ ജിഹ്വാഗ്രത്തിനും റകാരത്തിൽ ജിഹ്വോപാഗ്രത്തിനും ആണു സ്പർശം. സ്പർശവും റകാരത്തിൽ സ്ഫുരിതമായിട്ടാണ്.[25] രേഫത്തിൽ ഷകാരതുല്യമായ ഒരു ഊഷ്മാവിന്റെ സംസർഗ്ഗം കൊണ്ട് ഴകാരം ഉണ്ടാകുന്നു. ഇതിന് സ്ഥാനം റകാരത്തെക്കാളും ആഭ്യന്തരമായിട്ടാണ്. ആകെക്കൂടെ രേഫം മൃദു, അതിന്റെ സ്ഫുരിതാധിക്യകൃതമായ മഹാപ്രാണം റകാരം; ഊഷ്മസംസർഗ്ഗകൃതമായ ഘോഷം ഴകാരം എന്ന് രവർഗ്ഗത്തിന്റെ സ്വഭാവം. 503

36. ലകാരം ദന്ത്യമാണ്; അതിനെ ഉച്ചരിക്കുമ്പോൾ ജിഹ്വാഗ്രം ഉയർത്തി ശ്വാസവായുവിനെത്തടഞ്ഞു്, പിന്നീട് ജിഹ്വാഗ്രത്തിന്റെതന്നെ സ്പന്ദനം (തെറിപ്പിക്കൽ) കൊണ്ട് ജിഹ്വയുടെ ഇരുപുറത്തുംകൂടി വായുവിനെ ഇടവിട്ടിടവിട്ടു പുറത്തേക്കു വിടുകയാണ് കരണവിഭ്രമം. ഈ കരണവിഭ്രമംതന്നെ ദന്തമൂലത്തിൽ ചെയ്യുന്നതിനുപകരം 'വർത്സം' എന്നു പറയുന്ന, വായുടെ മേൽത്തട്ടിന്റെ ഭാഗത്തിലാക്കിയാൽ ളകാരമായി. അതുകൊണ്ട് വർത്സ്യമായ ലകാരം തന്നെ ളകാരം.[26]

ൻ, ണ എന്ന ൻവർഗ്ഗമാകട്ടെ, കവർഗ്ഗചവർഗ്ഗാദികൾപോലെ സ്പർശങ്ങളിലുള്ള വർഗ്ഗം തന്നെ. ൻഖരം; ണ അനുനാസികം. അതിഖര മൃദുഘോഷങ്ങൾ തമിഴിൽ ഇല്ലല്ലോ. അതി

[25] വിട്ടുവിട്ടാണ് — എന്നർത്ഥം. രേഫത്തിനും സ്പർശം അല്പം സ്ഫുരിതമായിട്ടാണ്. "രേഫത്തിന്റെ സ്ഫുരിതാധിക്യകൃത്യമായ മഹാപ്രമാണം റ" എന്ന് കേരളപാണിനി പറയുന്നുണ്ടല്ലോ.

[26] ളകാരത്തെ മൂർദ്ധന്യമായിട്ടാണ് മുൻപ് പറഞ്ഞത്. അതിനുള്ള സന്ധിവികാരങ്ങൾ നോക്കുമ്പോൾ വർത്സ്യമാകുന്നതിനാണ് അധികം ന്യായം. (സന്ധിവികാരങ്ങളും സ്പർശസ്ഥാനങ്ങളും പരിഗണിക്കുമ്പോൾ മലയാളത്തിലെ ലകാരത്തെ വർത്സ്യമായും ളകാരത്തെ മൂർദ്ധന്യമായും കരുതണമെന്ന് ഒരു പക്ഷമുണ്ട്. — പ്രസാ.).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 521

നാൽ ഖരവും അനുനാസികവും മാത്രമേ ഉള്ളു. ഈ വർഗ്ഗത്തിന് സ്ഥാനം ദന്തമൂലത്തിനും മൂർദ്ധാവിനും മദ്ധ്യേ ഉള്ള (ഊനിന് അടുത്ത) പിൻഭാഗം എന്ന പ്രദേശം; അതിനാൽ ഈ വർഗ്ഗം വർത്സ്യം. അക്ഷരമാലയുടെ രചന ഉള്ളിൽനിന്നും വെളിയിലേക്കുള്ള സ്ഥാനക്രമംപ്രമാണിച്ചു ചെയ്തിട്ടുള്ളതാകയാൽ വർത്സ്യമായ ൎവർഗ്ഗത്തെ മൂർദ്ധന്യമായ ടവർഗ്ഗം കഴിഞ്ഞ് ദന്ത്യമായ തവർഗ്ഗത്തിനു മുൻപായി പഠിക്കേണ്ടതായിരുന്നു; തമിഴവൈയാകരണന്മാരാകട്ടെ, സംസ്കൃതാക്ഷരങ്ങളെ എല്ലാം മുറയ്ക്കു് ഏടുത്തതിന്റെശേഷം ൎ ണ എന്ന ഈ വർഗ്ഗത്തെ ഉള്ളതിലും ഒടുവിൽ തള്ളിക്കളഞ്ഞുവെന്നേ ഉള്ളു.

ൎ കാരത്തിന് ഇപ്പോൾ അക്ഷരമാലയിൽ ഒരു പ്രത്യേകലിപി ഏർപ്പെടുകാണുന്നില്ല. ൎ, ற രണ്ടിനുംകൂടി ற എന്ന ഒരു ചിഹ്നമേ ഉള്ളു. ഇങ്ങനെ സംഭവിക്കുവാൻ ഉള്ള കാരണം ഇന്നതായിരിക്കാമെന്നു പല ഊഹങ്ങളേയും അവതാരികയിൽ ആകാവുന്നിടത്തോളം വിസ്തരിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെ പ്രസ്താവിക്കാത്തതായി ഒരു സംഗതി മാത്രമേ ഇവിടെ ചേർക്കേണ്ടതുള്ളു. തമിഴിൽ സ്ഥലഭേദംകൊണ്ടു് വർണ്ണങ്ങൾക്കു് ഉച്ചാരണഭേദം സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഇരട്ടിക്കാത്തപ്പോൾ ഖരങ്ങൾക്കു പദമദ്ധ്യത്തിൽ മൃദുച്ചാരണം വേണം. ചകാരത്തിനുമാത്രം ദ്വിത്വമില്ലാത്തപ്പോൾ സർവ്വത്ര ശകാരോച്ചാരണം; ഇതുപോലെ ൎറകൾക്കും വന്നിരിക്കരുതോ? ണകാരത്തിന്റെ പിന്നിൽ ഇരുന്നാലും ഇരട്ടിച്ചാലും റകാരത്തിന് ൎകാരധ്വനി, അല്ലാത്തിടത്തൊക്കെ റകാരധ്വനിതന്നെ. ഈ വ്യവസ്ഥയുടെ സ്വഭാവം കാലക്രമത്തിൽ പഠിപ്പില്ലാത്തവർ മറന്നു പോകുകയും ഉച്ചാരണം പലവിധത്തിൽ ദുഷിക്കുകയും ചെയ്തു. ഇപ്പോൾ 'ചിറ്റപ്പാ', 'നൂറ്റൊൻപതു്', 'നീറ്റുകിറാൻ', ഇത്യാദികളിൽ 'ചിത്തപ്പാ' ഇത്യാദി തകാരധ്വനിയോട് അധികം യോജിച്ചാണെങ്കിലും ൎകാരധ്വനിതന്നെ ഉച്ചരിച്ചുവരുന്നു; 'ചെന്റ്മാസം' ഇത്യാദികളിലും ൎകാരധ്വനിതന്നെ മിക്ക തമിഴരും ഉച്ചരിക്കുന്നു. 'കുറ്റം', 'പൻറി', ഇത്യാദികളിൽ ആകട്ടെ, റകാരധ്വനിയാണ് അധികം കേൾക്കുന്നതു്.

ദ്രാവിഡവർണ്ണങ്ങളെപ്പറ്റി ലീലാതിലകത്തിൽ താഴെപ്പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ഇഹ ഭാഷായാം സംസ്കൃതേ സന്തി*f* ചത്വാര്യക്ഷരാണി ദൃശ്യന്തേ–ൻറ, റ്റ, ഴ, റ ഇതി. യഥാ:

"കാറ്റേറ്റോട്ടേ ഗളിതതെളിതേൻ കണ്ണനീരുദ്വഹന്തീ
മാധ്വീമാദ്യന്മധുപവിരുതംകൊണ്ട വാമോക്തി നിൻറ്
എന്നെക്കണ്ടിട്ടതികരുണയാ ഹന്ത! പൂന്തൊത്തുപോലും
കോടീ, കാണാ കുവലയദളാപാംഗി[27] കേഴിൻറവാറ്."

ഇത്യത്ര — **കാറ്റേറ്റ നിൻറു കേഴിൻറവാറു ഇതി; തഥാ കൊണ്ടു, ഒട്ടെ എന്നെ ഇത്യത്ര ഹ്രസ്വദ്വയേ സന്ധ്യക്ഷരേ ച സ്തഃ**. ഇതിൻപ്രകാരം റ്റ, ൻറ, റ, ഴ ഹ്രസ്വങ്ങളായ എ, ഒ ഇങ്ങനെ ആറാണ് ദ്രാവിഡാക്ഷരം. 'ല' എന്നത് ളകാരത്തിന്റെ ഉച്ചാരണഭേദമെന്ന് ലീലാതിലകകാരൻ ഉപേക്ഷിച്ചു കളയുന്നു. കാരത്തെ പിന്നീട് ഏഴാമതായി എടുത്തുപറയുന്നു. അതിലേക്ക് അഗസ്ത്യസൂത്രത്തെ പ്രമാണമായി ഉദ്ധരിക്കുകയും ചെയ്യുന്നു. "എകര ഒകര ആയ്ത്ത ഴകര റകര കരം

[27] അകത്തിയം കണ്ടുകിട്ടിയിട്ടില്ല. 'എകാരം, ഒകാരം, ആയ്ത്താക്ഷരം ഴകാരം, റകാരം, ണകാരം' ഇവ തമിഴിനു സ്വന്തമായുള്ളവയാണ്; മറ്റേ (ബാക്കിയെല്ലാം) പൊതു (സംസ്കൃതത്തിനും തമിഴിനും പൊതുവായുള്ളതു്) ആണ് — എന്ന് അഗസ്ത്യസൂത്രത്തിന് അൎത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-06.tex/Line: 567

തമിഴ പൊതു മറേറ എന്ന്. ഈ സൂത്രത്തിൽ എ, ഒ, ., ഴ, റ, ണ എന്ന് ആറു വർണ്ണങ്ങളെ മാത്രമേ അഗസ്ത്യർ തമിഴിലെ അപൂർവ്വാക്ഷരങ്ങളായി നിർദ്ദേശിച്ചുള്ളു. എങ്കിലും 'മറേറ' എന്ന പദത്തിൽ റ്റകാരം പ്രയോഗിച്ചതുകൊണ്ട് 'റ്റ' എന്നൊന്നുകൂടി ഉണ്ടെന്നു ജ്ഞാപിപ്പിക്കുന്നു എന്നാണ് ലീലാതിലക കാരന്റെ വ്യാഖ്യാനം. ഇതിൽ നിന്നും 'റ്റ' എന്ന് ഒരു ഇരട്ടിച്ച 4കാരധ്വനി ദ്രാവിഡത്തിലുണ്ടെന്ന് ലീലാതിലകകാരനും സമ്മതിക്കുന്നു എന്നു കാക. എന്നാൽ തമിഴിൽ ഈ അപൂർവ്വാക്ഷരത്തെ അഗസ്ത്യർപോലും ചൂണ്ടിക്കാണിച്ചിട്ടില്ലെന്നും തെളിയുന്നു. ലീലാതിലകത്തിൽ റ്റ, ൻറ എന്ന രണ്ടും അതിനു പുറമേ റകാരവും വേറെ വേറെ എടുത്തു കാണിച്ചത് നമ്മുടെ ഊഹങ്ങളെ ബലപ്പെടുത്തുന്നു. റ്റ, ൻറ, റ എന്നു മൂന്നു ലിപികളിലും റ എന്ന ചിഹ്നമുണ്ടെങ്കിലും അതുകൾക്ക് ധ്വനി വേറെയാണെന്നു സ്പഷ്ടമായി; അല്ലെങ്കിൽ റ എന്ന് ഒരു ലിപി എടുത്താൽ മതിയായിരുന്നു. അതിനാൽ 'റ' എന്നതിന് റ്റ, ൻറ രണ്ടിലും 4കാരധ്വനിയാണെന്നും കേവലമായ റകാരധ്വനിയിൽ മാത്രമേ സ്വന്തമായ ധ്വനിയുള്ളുവെന്നും ലീലാതിലകകാരൻ സമ്മതിച്ചതായിവരുന്നു. ഇത്രയുംകൊണ്ട് ആഗമപ്രമാണം വേണമെങ്കിൽ അതും നമുക്കു സിദ്ധിച്ചു. 568

38. മലയാളികളാകട്ടെ 4കാരത്തിനുമാത്രമല്ല, ഒകാരത്തിനും പ്രത്യേകമായി ലിപി വേണ്ടെന്ന് ഉപക്ഷിച്ചു. നകാരത്തിന്റെ ലിപിതന്നെയാണല്ലോ ഇപ്പോൾ ഒകാരത്തെയും കുറിക്കുന്നത്. 'ന' എന്ന ലിപി ഒറ്റയായിരുന്നാൽ പദാദിയിൽമാത്രം അതിന് നകാരശ്രവണം; പിന്നെല്ലായിടത്തും കാരശ്രവണം; 'ൻ' എന്ന സ്വരവിയുക്തമായ വ്യഞ്ജനത്തിന്റെ ചിഹ്നത്തിന് സർവ്വത്ര കാരശ്രുതിതന്നെ. കൂട്ടക്ഷരങ്ങളിൽ ഉത്തരഭാഗമായിനിന്ന് സ്വരങ്ങളോടു യോജിക്കുകയാണെങ്കിൽ 'അഗ്നി', 'രത്നം', 'സ്നാനം' ഇത്യാദിപോലെ നകാരധ്വനി; പൂർവ്വഭാഗമായി സ്വരസ്പർശംകൂടാതെ നിന്നാൽ 'അന്വയം', 'അന്യായം', 'നന്മ' ഇത്യാദിപോലെ ഒകാരധ്വനി; 'ചന്തം','ചന്ദനം' ഇത്യാദികളിൽ പൂർവ്വഭാഗത്തായാലും നകാരശ്രുതി തവർഗ്ഗസാഹചര്യത്താൽ വരുന്നതാണ്. 578

39. കരയും കറയും കരിയും കറിയും ഒന്നായിപ്പോകാതിരിപ്പാൻ ര റ-കളെ വേർതിരിച്ചു വെങ്കിലും സ്വരം ചേർന്ന് അക്ഷരമാകുന്ന ദിക്കുകളിലേ ഈ ഭേദം അനുഷ്ഠിക്കുമാറുള്ളു; കൂട്ടക്ഷരങ്ങളിൽ പൂർവ്വഭാഗമായിട്ടോ ഉത്തരഭാഗമായിട്ടോ നിന്നാൽ ചിഹ്നഭേദമില്ല. എങ്ങനെ:

ക്ര = ക്റ ത്ര = ത്റ = റ്ക്ക = റ്വ
ഗ്ര = ഗ്ര ദ്ര = ദ്ര = ര്യ = ര്ഹ

ഋ, ഌ എന്ന രണ്ടു സ്വരം ദ്രാവിഡത്തിലില്ലാത്ത സംസ്കൃതാക്ഷരങ്ങളാകുന്നു. ഇവയിൽ കാരം സംസ്കൃതത്തിലും കൃത്രിമമായി സൃഷ്ടിച്ചുണ്ടാക്കിയതു മാത്രമാണ്. വൈദിക സംസ്കൃതത്തിൽ കാരമേ ഇല്ല; ലൗകികസംസ്കൃതത്തിലും പ് എന്ന ധാതുവിന്റെ രണ്ടോ മൂന്നോ രൂപങ്ങളിലേ ഇതു സംഭവിക്കൂ. പാണിനി ധാതുവിന്റെ രൂപം കൃപ് എന്നാണ് ഗണിച്ചിരിക്കുന്നത്; പിന്നീടേ അതിന് "കൃപോ രോ ലഃ" എന്ന് ലകാരാദേശം വിധിച്ചതേ ഉള്ളു.

ദ്രാവിഡത്തിലില്ലാത്ത സ്വരമാകയാൽ ശുദ്ധമലയാളപദങ്ങളിൽ ഋകാരം കാണ്മാൻ ഇടയില്ല; എന്നാൽ സംസ്കൃതപദങ്ങളിലെ ആവശ്യത്തിനുവേണ്ടി ഋകാരം സ്വീകരിച്ചതിനു ശേഷം അതിനെ ചില മലയാള പദത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-06.tex/Line: 597

ത്യപ്പാദം, ത്യക്കേട്ട, അത്യത്തി, മുത്യന്ന

ഇതിൽ ത്യപ്പാദം ഇത്യാദികളിലെ 'ത്യ' മാത്രം സമ്മതിക്കാം; അത്യത്തി, മുത്യന്ന ഇത്യാദികളെ അതിർത്തി, മുതിർന്ന ഇത്യാദിയായിത്തന്നെ എഴുതേണ്ടതാണ്. ഇത് ''കൈയെഴുത്ത്'' എന്നതിനെ 'കയ്യെഴുത്ത്' എന്ന തെറ്റി എഴുതുന്നതുപോലെ ആണെന്നേ വിചാരിപ്പാൻ ന്യായം ഉള്ളൂ.[28]

[28] 'കയ്യ്' ആണ ശരിയായ രൂപമെന്ന വാദിക്കാൻ ചില യുക്തികളുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 1

4

വർണ്ണവികാരങ്ങൾ

3

41. ജീവിച്ചിരിക്കുന്ന കാലത്തെല്ലാം പ്രാണികൾക്ക് അവരുടെ ശരീരാംശങ്ങളിൽ സർവ്വദാ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ ഭാഷകൾക്കും ജീവദ്ദശയിൽ അതുകളുടെ ശരീരഭൂതമായ വർണ്ണങ്ങളിൽ വികാരങ്ങൾ വന്നുകൊണ്ടിരിക്കുന്നു. 'ചെയ്കിൻറ', 'പോകിൻറ' എന്നാണ് ഉണ്ണുനീലീസന്ദേശകാരൻ ഉച്ചരിക്കുന്നത്. നാം ഇപ്പോൾ 'ചെയ്യുന്ന', 'പോകുന്ന' (പോവുന്ന) എന്നുച്ചരിക്കുന്നു. വർണ്ണങ്ങൾക്ക് പല കാരണങ്ങളാൽ വികാരം വരാം: (1) അജ്ഞന്മാർ അറിവില്ലായ്മയാൽ വർണ്ണങ്ങളെ ദൂഷിപ്പിക്കുന്നു. എന്തിന് = എന്തൊരു; കുത്തുക്കിണത് = കുത്തിയിരിക്കുന്നത്. അല്പജ്ഞന്മാർ മിടുക്കിനുവേണ്ടി വർണ്ണങ്ങളെ മാറ്റും. വിമ്മിഷ്ടം — വിമ്മിഷ്ഠം = വിമ്മിട്ടം; ഇതിനെത്തന്നെ സംസ്കൃതഭ്രമം കലശലായി 'ബിംബിഷ്ടം' കൂടിയാക്കിയെന്നും വരാം. വിമ്മിടുക = ശ്വാസംമുട്ടുക എന്ന ധാതുവിന്റെ നാമരൂപം 'വിമ്മിട്ടം' എന്നേ ഉള്ളൂ. ഈ കൂട്ടത്തിലാണ് — ഭേഷ്കാർ, ഢീപ്പ, ധീവട്ടി മുതലായവ. (2) എല്ലാ ഭാഷകൾക്കും പൊതുവേ യോജിക്കുന്ന ചില വർണ്ണവികാരങ്ങളുണ്ട്. ഈവക വികാരങ്ങൾ അഭിജ്ഞന്മാർക്കു സമ്മതമാണ്. ഇതുകളുടെ മൂലം പ്രായേണ ഔദാസീന്യ ന്യായം എന്ന് ശബ്ദശാസ്ത്രകാരന്മാർ ഘോഷിക്കുന്ന ഒരു സിദ്ധാന്തം ആകുന്നു. ശ്രമപ്പെട്ടു് ഉച്ചരിക്കേണ്ടുന്ന ധ്വനികളെ ക്രമേണ ലഘുപ്പെടുത്തുകയാകുന്നു ഇതിന്റെ സ്വഭാവം. (3) ഇനി വംശപാരമ്പര്യം മുറയ്ക്കു് സിദ്ധിക്കുന്നതായിട്ടും ചില അക്ഷരമാറ്റങ്ങളുണ്ട്. ഇങ്ങനെ മൂന്നുവക വർണ്ണവികാരങ്ങളുള്ളതിനാൽ ഒന്നാമത്തേതു് സർവ്വസമ്മതമല്ലാത്തതിനാൽ അതിനെപ്പറ്റി വിസ്തരിക്കേണ്ടതില്ല. രണ്ടും മൂന്നും ഇനങ്ങളെ താഴെ വിവരിക്കുന്നു:

(1) അ-ആ—മലയാളത്തിൽ അ, ഇ, ഉ എന്ന് മൂന്നു കേവലസ്വരങ്ങൾ ഉള്ളതിൽ അകാരത്തെ ഉച്ചരിക്കുന്നതിനാണ് പ്രയാസം അധികം. അതിൽ കുറയും ഉകാരത്തിന്; ഇകാരത്തിന് അതിലും കുറയും. അതിനാൽ അകാരം തീവ്രപ്രയത്നം; ഇകാരം മൃദുപ്രയത്നം; ഉകാരം മദ്ധ്യപ്രയത്നം. എന്നാൽ 'സംവൃതം' എന്നു പറയുന്ന ഉകാരത്തിന് ഇകാരത്തെക്കാളും യത്നം കുറയും; സംവൃതഉകാരം ഉച്ചാരണ സൗകര്യത്തിനുവേണ്ടി അന്ത്യവ്യഞ്ജനങ്ങളിൽ ചേർക്കുന്ന ഒരു സ്വരച്ഛായ എന്നേ ഉള്ളൂ. അകാരം തീവ്രപ്രയത്നമാകയാൽ അതിന്റെ ഉച്ചാരണം പല

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 28

വാക്കുകളിലും ദുഷിച്ചിട്ടുണ്ട്. മലയാളത്തിൽ അകാരത്തിന്റെ ദുഷിച്ച ധ്വനി എകാരത്തിന്റെ ഒരു ഛായയിൽ ആണ്. എങ്ങനെ എന്നാൽ,

ഗന്ധം = ഗെന്ധം	ബന്ധു = ബെന്ധു
ജനം = ജെനം	യശസ്സ് = യെശസ്സ്
ഡംഭം = ഡെംഭ്	രവി = രെവി
ദയ = ദെയ	ലജ്ജ = ലെജ്ജ

ഈ ഉദാഹരണങ്ങളിൽനിന്നും സംസ്കൃത്തിലെ മൃദുക്കളോടും മധ്യമങ്ങളോടും ചേർന്ന അകാരത്തെ മലയാളികൾ എകാരംപോലെ ഉച്ചരിക്കുന്നു എന്നു സ്പഷ്ടമായി.[1] 'വരം', 'വസു' ഇത്യാദികളിൽ വകാരത്തിന് പദാദിയിൽ വെകാരോച്ചാരണം കാണുന്നില്ലെങ്കിലും 'ദേവകൾ' ഇത്യാദികളിൽ വെകാരോച്ചാരണം ഉണ്ട്. മൃദുമധ്യമങ്ങളിൽനിന്നും പരമായി വരുന്ന അകാരത്തിന് ഈ എകാരോച്ചാരണം ചൊന്നതു് തമിഴ്, തെലുങ്ക്, കർണ്ണാടകം എന്ന മറ്റു ദ്രാവിഡങ്ങളിലും തുല്യമാണ്. ഇങ്ങനെ ദുഷിച്ച് എകാരച്ഛായയിൽ വരുന്ന അകാരത്തിന് താലവ്യാകാരം എന്നു പേർ ചെയ്യാം.[2] ശരിയായ അകാരം ശുദ്ധം; ദുഷിച്ചതു് താലവ്യം.

സംസ്കൃതത്തിൽ പദാന്തമായി നില്ക്കുന്ന ആകാരത്തെ കുറുക്കി മലയാളത്തിൽ താലവ്യമാക്കുന്നു.

ആശാ–ആശ; രേഖാ–രേഖ; കലാ–കല; പ്രഭാ–പ്രഭ.

'ആശ വർദ്ധിച്ചു', 'ആശ വെയ്ക്കുന്നു' എന്നപോലെ രൂപഭേദം ഒന്നും കൂടാതെ നില്ക്കുമ്പോൾ അകാരം താലവ്യമാണെന്നു സ്പഷ്ടമാകുകയില്ല; എന്നാൽ 'ആശയാൽ', 'ആശയുടെ', 'ആശയിൽ' 'ആശയ്ക്കു്' എന്നു് വിഭക്തി പ്രത്യയങ്ങൾ ചേർത്താൽ അകാരം താലവ്യംതന്നെ എന്നു ബോധപ്പെടും. താലവ്യത്വം കൊണ്ടുതന്നെയാണ് 'ആശ + ആൽ = ആശയാൽ' എന്നു സന്ധിയിൽ യകാരം സഹകാരിയായി വരുന്നതും. ഈ അകാരം തമിഴിൽ ഐകാരമായിട്ടും, കർണ്ണാടകത്തിൽ എകാരമായിട്ടും മാറുന്നു.

സംസ്കൃതം	തമിഴ്	കർണ്ണാടകം	മലയാളം, തെലുങ്ക്
ആശാ—	ആശൈ—	ആശെ—	ആശ
രേഖാ—	രേഖൈ—	രേഖെ—	രേഖ
കലാ—	കലൈ—	കലെ—	കല
പ്രഭാ—	പിരഭൈ—	പ്രഭെ—	പ്രഭ

[1] മൃദുമദ്ധ്യമങ്ങളുടെ ലഘുപ്രയത്നത്വമായിരിക്കാം അകാരത്തേയും ലഘുപ്രയത്നമാക്കി എകാരമെന്നു മാറ്റുന്നതു്. ദ്രാവിഡഭാഷകളിലെ മൃദുക്കളോടും മധ്യമങ്ങളോടും അനുനാസികലോടും ചേന്ന് അകാരത്തെയും എകാരം പോലെ ഉച്ചരിക്കാറില്ലേ? മഗൻ; അരെചൻ, മുളെങ്കൊമ്പു്; അമെങ്കൊമ്പു് മുതലായവ നോക്കുക.

[2] തമിഴിലെ ഐകാരത്തിന്റെ സ്ഥാനത്തു മലയാളത്തിൽ കാണുന്ന അകാരത്തെയും താലവ്യാകാരം എന്നാണ് 12-ആം ഖണ്ഡം3 (b)-ൽ പറഞ്ഞതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

വിഭക്തിരൂപങ്ങളുടെ ഗതി നോക്കുമ്പോൾ നാമങ്ങളുടെ ഒടുവിൽ വരുന്ന അകാരമെല്ലാം താലവ്യമാണ്: തന്ത, തള്ള, കട, തഴ, ഇല, വില, കുതിര, തിര, പുക, വക ഇത്യാദി നാമങ്ങൾ നോക്കുക. 'തന്തയും തള്ളയും" എന്നെഴുതിയാലും നാം വായിക്കുന്നതു"തന്തെയും തള്ളെയും' എന്നപോലെ ആണ്. കൃതികളിലും പാതിയിലധികം എണ്ണത്തിന്റെ അന്ത്യമായ അകാരം താലവ്യം തന്നെ: അണയുക, പറയുക, തിരയുക, വലയുക, കടയുക, വളയുക, തഴയ്ക്കുക, വിറയ്ക്കുക, കഴയ്ക്കുക, അറയ്ക്കുക, ചിലയ്ക്കുക ഇത്യാദി. തുരക്കുക, തുറക്കുക, മറക്കുക (ഓർമ്മവിടുക), കിടക്കുക (ശയിക്കുക) ഇത്യാദി ചില കാരിതധാതുക്കളിൽ മാത്രമേ അകാരം താലവ്യമായി ദൃഷിക്കാതെയുള്ളു. മുൻ ചൊന്ന 'തവർഗ്ഗോപമർദ്ദം' അല്ലെങ്കിൽ 'താലവ്യാദേശം' എന്ന നയപ്രകാരം താലവ്യാന്തങ്ങൾക്ക് അണഞ്ഞു, പറഞ്ഞു, തഴച്ചു, വിറച്ചു എന്നു ഭൂതരൂപങ്ങൾ വരുന്നു. ശുദ്ധാകാരാന്തങ്ങൾക്കാകട്ടെ തുരന്നു, മറന്നു ഇത്യാദി താലവ്യാദേശംകൂടാത്ത രൂപങ്ങൾ തന്നെ ആകുന്നു എന്നു കാണ്ക. അകാരത്തിന്റെ സ്വഭാവമനുസരിച്ച് ചിലപ്പോൾ ധാതുവിന് അർത്ഥഭേദവും വരാറുണ്ട്.

ശുദ്ധം	താലവ്യം
മറക്കുക = ഓർമ്മവിടുക	മറയ്ക്കുക = കാണാൻപാടില്ലാതെ ആക്കുക
കിടക്കുക = ശയിക്കുക	കിടയ്ക്കുക = ലഭിക്കുക

മേല്ക്കാണിച്ച എല്ലാവക ഉദാഹരണങ്ങളിലും അകാരത്തെ താലവ്യമായിത്തന്നെയാണ് ഉച്ചരിക്കുക പതിവ്. എന്നാൽ എഴുത്തിൽ ശുദ്ധമായ അകാരത്തെക്കാൾ താലവ്യത്തിന് യാതൊരു ഭേദവും ചെയ്യാറില്ല. ശരിയായി ഉച്ചരിക്കേണ്ടതു് ശുദ്ധമായ അകാരംതന്നെയാണ്; താലവ്യധ്വനി കേൾക്കുന്നതാകട്ടെ, ഉദാസീനതനിമിത്തമുണ്ടാകുന്ന ഒരു ഉച്ചാരണ വൈകല്യം എന്നാണ് ഭാവന. എന്നാൽ വാസ്തവം അങ്ങനെയല്ല; ഉച്ചാരണത്തിൽ താലവ്യത്വം കാണുന്നിടത്തെല്ലാം മറ്റ് ഇകാരാദികളായ താലവ്യസ്വരങ്ങളുടെ സംസർഗ്ഗത്തിൽ ഉണ്ടാകുന്ന രൂപവികാരങ്ങളെല്ലാം ഈ അകാരത്തിന്റെ സംസർഗ്ഗത്തിലും ഉണ്ടാകുന്നുവെന്നു നാം കണ്ടുവല്ലോ. അതിനാൽ വ്യാകരണത്തെക്കൂടി സ്പർശിക്കുന്ന ഈ വർണ്ണവികാരം തുച്ഛമെന്നു തള്ളിക്കളയത്തക്കതല്ല; താലവ്യമായ അകാരത്തിൽ അവസാനിക്കുന്ന നാമങ്ങളിലും കൃതികളിലും സ്വരമോ ഇരട്ടിച്ച പ്രത്യയാദ്യകകാരമോ ചേരുമ്പോൾ യകാരാഗമം വരും.

രേഖ	രേഖയുടെ	രേഖയ്ക്ക്
ലത	ലതയുടെ	ലതയ്ക്ക്
ചമ	ചമയുക	ചമയ്ക്കുക
അണ	അണയുക	അണയ്ക്കുക

ഈ സംഗതിയിൽ തലശ്ശേരി മുതലായ വടക്കൻപ്രദേശങ്ങളിൽ ഒരു പക്ഷഭേദം കാണുന്നു. ആ നാട്ടുകാർ എഴുതുന്നതും വായിക്കുന്നതും രേഖെക്ക്, ലതെക്ക്, ചമെയ്ക്കുക, അണെയ്ക്കുക എന്ന് ശരിയായ എകാരം കൊണ്ടുതന്നെയാണ്. മംഗലാപുരത്തു് അച്ചടിച്ച ഗുണ്ടർട്ടിന്റെ മലയാള നിഘണ്ടുവിൽത്തന്നെ 'ചമയുക', 'അണയുക' എന്ന് കേവലധാതുരൂപവും 'ചമെക്കുക', 'അണെക്കുക' എന്ന് പ്രയോജകരൂപവും അച്ചടിച്ചു കാണുന്നു. ഇടക്കാലംവ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-07.tex/Line: 121

രെ തൃശ്ശൂരിൽ അച്ചടിച്ച പുസ്തകങ്ങളിലുംകൂടി ഈ ഒരു വിശേഷവിധി കണ്ടുകൊണ്ടിരുന്നു. എന്നാൽ തൃശ്ശൂർക്കാരുടെ ഉച്ചാരണത്തിൽ എകാരധ്വനിയെക്കാൾ 'അയ്'' എന്ന യകാര ധ്വനിതന്നെയാണ് അധികം ശ്രവിക്കുന്നത്. താലവ്യസ്വരങ്ങളിൽ യകാരം ചേർക്കുക സ്വരം പരമായാൽ മാത്രം മതി; പ്രത്യയകകാരം പരമായാൽ വേണ്ടാ എന്നു കല്പിക്കുക യാണെങ്കിൽ അതിനു സമാധാനം ഉണ്ട്; പ്രത്യയകകാരത്തിനു മുൻപുമാത്രം താലവ്യത്വം സ്ഫുടമാക്കി എകാരം എഴുതണം എന്നു പറയുന്നതിന് ഒരു യുക്തിയും കാണുന്നില്ല. തലശ്ശേരി മുതലായ ദിക്കുകളിൽ കർണ്ണാടകസംസർഗ്ഗത്താലുണ്ടായ ഒരു ദേശ്യവിശേഷമാണ് ഇത് എന്നു സമാധാനപ്പെടാനേ ന്യായം കാണുന്നുള്ളു. കർണ്ണാടകർ മലയാളത്തിലെ താലവ്യ–അകാരത്തെ എകാരമാക്കിയാണ് എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നതെന്ന് മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

തമിഴിലെ അകാരത്തെത്തന്നെ എകാരമായിട്ടും ചിലെടത്ത് ഇകാരമായിട്ടും മാറ്റിയിട്ടുണ്ട്.[3]

തമിഴ്	മലയാളം
പരുമാറ്റം	പെരുമാറ്റം
കട്ടുകിറാൻ	കെട്ടുന്നു
പടുകിറതു	പെടുന്നു
കനാവു	കിനാവ്
പലാവ്	പിലാവ്

കനാവ് ആദ്യം കിനാവായി മാറിയിട്ടു പിന്നീട് ഇകാരവും ലോപിച്ച് ക്നാവായിട്ടു ചുരുങ്ങുന്നു. ഈ വിധമാണ് ഔദാസീന്യന്യായത്തിന്റെ വിലാസം.

താലവ്യമായിട്ട് ദുഷിക്കുന്നതുപോലെ അകാരം ഓഷ്ഠ്യമായിട്ടും ദുഷിക്കാറുണ്ട്. എന്നാൽ അത് അപൂർവ്വവും, വ്യാകരണത്തെ സ്പർശിക്കാത്ത ഒരു ഉച്ചാരണവൈകല്യം മാത്രവും ആകുന്നു. ഓഷ്ഠ്യമായ അകാരം ഒകാരച്ഛായയിൽ ഇരിക്കും.[4] പ്രായേണ ഇത് ഓഷ്ഠ്യവർണ്ണസംസർഗ്ഗത്തിലും അനുസ്വാരം എന്നു പറയുന്ന മകാരത്തിനു മുൻപും ആണ് കാണുന്നത്.

ഇടവം	ഇടവൊം
കുംഭം	കുംഭൊം
കഫം	കഫൊം
നമ്മൾ	നുമ്മൾ
നാം	നോം

മലയാളത്തിൽ ദീർഘാന്തശബ്ദങ്ങൾ ചുരുങ്ങും. എല്ലാവാക്കുകളും ഹ്രസ്വത്തിൽ അവസാ

[3] ആഷാഢ > ആടി, സാവണ > ആവണി, കംബല > അമ്പിളി എന്നിങ്ങനെ ഇൻഡോ-ആര്യൻ ഭാഷകളിലെ അകാരത്തെയും മലയാളം ഇകാരമാക്കി ചിലപ്പോൾ മാറ്റാറുണ്ട്. ചില മലയാള പദങ്ങളിലും ഈ മാറ്റം സംഭാഷണ ഭാഷയിൽ കാണുന്നു. അപ്പടി > അപ്പിടി >, ചെപ്പടി > ചെപ്പിടി എന്നിങ്ങനെ ഉദാഹരണങ്ങൾ.

[4] ഉകാരച്ഛായയിലും കാണുന്നുണ്ട്. വിടത്തി > വിടുത്തി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 156

നിക്കണമെന്നാണ് ഭാഷയുടെ ഏർപ്പാട്. അതിനാലത്ര മറ്റുഭാഷകളിൽ നിന്നെടുക്കുന്ന ദീർഘാന്തപദങ്ങളെ മലയാളത്തിൽ കുറുക്കുന്നത്. ദീർഘത്തിൽത്തന്നെ ഒരു പദം അവസാനിക്കണമെന്നാവശ്യപ്പെടുന്നതായാൽ പൊരുത്തം നോക്കി അതിൽ യകാരമോ വകാരമോ ഒരുന്നായിട്ടു ചേർക്കും. സ്വരം താലവ്യമാണെങ്കിൽ യകാരം; ഓഷ്ഠ്യമാണെങ്കിൽ വകാരം എന്നു പൊരുത്തം. അകാരം താലവ്യമായിട്ടും ഓഷ്ഠ്യമായിട്ടും വരുമെന്നു പറഞ്ഞതിനാൽ മലയാളത്തിലെ സ്വരങ്ങൾ താലവ്യം, ഓഷ്ഠ്യം എന്നു രണ്ടായിപ്പിരിയുകയും ചെയ്യുന്നു:

അ, ഇ, എ, ഐ — താലവ്യം
അ, ഉ, ഒ, ഔ — ഓഷ്ഠ്യം

ദീർഘങ്ങൾക്ക് അവലംബമായിട്ടാണല്ലോ യകാരവകാരങ്ങൾ വരുന്നത്. "ടീകാ ടൂകാമപേക്ഷതേ" എന്നു പറയുമ്പോലെ ഈ അവലംബങ്ങൾക്കു വേറെ അവലംബം വേണ്ടിവരുന്നു. എന്തുകൊണ്ടെന്നാൽ വ്യഞ്ജനം ഒരു സ്വരസഹായം കൂടാതെ ശബ്ദാന്തത്തിൽ തനിയേ നില്ക്കുകയില്ല; അതിലേക്കായിട്ട് യകാരവകാരങ്ങളിൽ സംവൃത-ഉകാരം ചേർക്കേണ്ടിവരുന്നു. അപ്പോൾ ദീർഘാന്തശബ്ദങ്ങൾ,

ആയ്	ഈയ്	ഏയ്	ഐയ്
ആവ്	ഊവ്	ഓവ്	ഔവ്

എന്നാണ് അവസാനിക്കുക.

കാ = കായ്	പിലാ = പിലാവ്
നീ = നീയ്	പൂ = പൂവ്
പേ = പേയ്	ഗോ = ഗോവ്
കെ = കെയ്	നൗ = നൗവ്[5]

വ്യഞ്ജനങ്ങളെ ഉച്ചരിച്ചു നിറുത്തുമ്പോഴുണ്ടാകുന്ന അസൗകര്യം പരിഹരിക്കാൻവേണ്ടി ചേർക്കുന്ന സംവൃത–ഉകാരം സ്വയമേ അത്യന്തം ലഘു പ്രയത്നമാണ്. അതിനെ പിന്നെ സ്വരത്തിനും വ്യഞ്ജനത്തിനും ഇടയ്ക്കു നില്ക്കുകയാൽ 'മദ്ധ്യമം' എന്നു പറയുന്ന യകാരവകാരങ്ങളിൽ ചേർക്കുമ്പോൾ അതിന്റെ പ്രയത്നം വളരെ വളരെ നേർത്തുപോകുന്നു. 'കാട്', 'മാട്' ഇത്യാദികളിലെ സംവൃതം അരയുകാരമാണെങ്കിൽ 'രാജാവ്', "പൂവ്", 'കായ്', 'കെയ്' ഇത്യാദികളിലേത് കാൽ ഉകാരമാണെന്നു വേണം പറയുവാൻ. ഇത്രയും ദുർബലമാകുക നിമിത്തം ഈ സ്വരത്തിനു പലവിധം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ചില ദിക്കുകാർ സംവൃതത്തെ ബലപ്പെടുത്തി ഇകാരവും അകാരവും ആക്കുന്നു; മററുചിലർ സംവൃതത്തെ ഒന്നുകൂടി ദുർബലപ്പെടുത്തി ലോപിക്കുന്നു. അതിനാൽ

കാ	കായ്	കായ്	കായി	കായ
പാ	പായ്	പായ്	പായി	പായ

[5] നൗവ് = കപ്പൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 189

കെ	കൈയ്	കെയ്യ്	കയ്യ്	—
പൂ	പൂവ്	പൂവ്	—	—

എന്ന് ഓരോ പതനത്തിലും ഉള്ള രൂപങ്ങൾ ദേശഭേദന നടപ്പിൽ വന്നിട്ടുണ്ട്. യകാരാഗമത്തിനു വരുന്നിടത്തോളം മാറ്റങ്ങൾ വകാരാഗമത്തിനു വരാറില്ലെന്നു കാൺക.

(2) ഇ, ഈ: പദാദിയിൽ കേവലമായോ വ്യഞ്ജനാൽ പരമായോ നില്ക്കുന്ന ഇകാരം എകാരമായിട്ട് ഉച്ചരിക്കപ്പെടുന്നു.[6] ഇതും ഒരു ഉച്ചാരണദോഷം മാത്രമാകയാൽ എഴുത്തിൽ ഇകാരം തന്നെ നടപ്പ്.

ഇല—എല	വില—വെല	പിട—പെട
ഇട—എട	വിറക്—വെറക്	നിലം—നെലം

ശുദ്ധമായ അകാരത്തേയും ശുദ്ധമായ ഇകാരത്തേയും ഉച്ചരിക്കുന്നതിൽ അധികം സൗകര്യം അകാരവും ഇകാരവും കലർന്ന എകാരം ഉച്ചരിക്കുന്നതിൽ ഉണ്ട്. അതിനാലാണ് രണ്ടിനും എകാരശ്രുതി വരുന്നത്. നേരേമറിച്ച് ചിലപ്പോൾ എകാരം വേണ്ടിടത്തു് ഇകാരം ഉച്ചരിക്കാറുമുണ്ട്: എനിക്ക്-ഇനിക്ക്; ചെലവ്- ചിലവ്. ഇതു് കേവലം ഭ്രമമൂലകമാകുന്നു. പിരളുക എന്നതിന് പുരളുക എന്നും, പിറകേ എന്നതിന് പുറകേ എന്നും എഴുതാറുള്ളതുപോലെ ഇകാരസ്ഥാനത്തു് ചില വാക്കുകളിൽ ഉകാരം ഉപയോഗിക്കാറുണ്ട്.

ഉച്ചരിച്ചു നിറുത്തുമ്പോൾ ഈകാരത്തിൽ യകാരം ചേരും. ഈ സംഗതിയെപ്പററി മുമ്പുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു.

(3) ഉ, ഊ: ഇകാരത്തിന് എകാരോച്ചാരണം വരുന്നതിനു കാണിച്ച നിമിത്തങ്ങളിലെല്ലാം ഉകാരത്തിന് ഒകാരോച്ചാരണം വരും.[7] പുക- പൊക, കുട- കൊട ഇത്യാദി. അതുപോലെതന്നെ 'കൊല' (വധം) എന്നു വേണ്ടതിനെ തെറ്റിച്ച് 'കുല' ആക്കാറും ഉണ്ട്. അവസാനത്തിൽ ഊകാരത്തിൽ വകാരം ചേരുന്നതും ഈകാരത്തിൽ യകാരം ചേരുന്ന മുറയ്ക്കുതന്നെ.

ഹ്രസ്വമായ ഉകാരത്തിനു പുറമെ ഹ്രസ്വതരമായ ഒരു ഉകാരം ഉണ്ട്; ഇതിന് സംവൃതം എന്നു പേരും, ഉ് എന്ന് ഉപരി അർദ്ധചന്ദ്രചിഹ്നം അടയാളവും ചെയ്തിരിക്കുന്നു. ഗ്രണ്ടർട്ടുസായ്പ് ഇതിനു കൊടുത്തിട്ടുള്ള പേർ അരയുകാരം എന്നാണ്. എന്നാൽ വൃത്തശാസ്ത്രത്തിൽ ഇതിനും മറ്റു ഹ്രസ്വങ്ങൾക്കൊപ്പം ഒരു മാത്രതന്നെ കല്പിച്ചിരിക്കുകയാൽ ആ പേർ ഉപേക്ഷിക്കേണ്ടിവരുന്നു:

"നാടു് വിട്ടു് നടന്നിട്ടു് കാടു് പുക്കു് വസിച്ചത്"

---

[6] ഒരു വിവൃതസ്വരം (= തുറന്നസ്വരം = open vowel) ചേർന്ന ഒറ്റ വ്യഞ്ജനം ഇകാരത്തിനു പരമായി വരുമ്പോഴാണ് പ്രായേണ ഇകാരം എകാരമായി ഉച്ചരിക്കപ്പെടുന്നത്. സ്വരാനുസംവാദത്തിന്റെ (Harmonic Sequence of vowels) ഫലമായിരിക്കാം ഈ വികാരം.

[7] ഉകാരം തുറന്നാണ് ഒകാരമാകുന്നത്. അകാരം മറ്റെല്ലാ സ്വരങ്ങളേക്കാളും തുറന്നതും എകാരവും ഒകാരവും മുറയ്ക്ക് ഇകാരം ഉകാരം ഇവയേക്കാൾ തുറന്നവയുമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 233

എന്ന ശ്ലോകാർദ്ധത്തിൽ എല്ലാപ്പദങ്ങളും സംവൃതത്തിൽ അവസാനിക്കുന്നുവെങ്കിലും അതുകൾക്കു മറ്റു ഹ്രസ്വങ്ങളെക്കാൾ ഒരു വിശേഷവും കാണുന്നില്ല. മാത്രാവൃത്തങ്ങളിൽ അരയുകാരത്തിന് അര മാത്രയേ ഉള്ളൂ എന്ന് ഭ്രമത്തിനിടകൊടുക്കാതെയും ഇരിക്കണമല്ലോ. സംവൃതഉകാരം എല്ലാ ദ്രാവിഡഭാഷകൾക്കും ഉള്ളതാണ്; മലയാളത്തിൽ അതു് രൂപനിഷ്പത്തിക്ക് ഉതകുന്ന ഒരു വ്യാകരണകാര്യമായിത്തീരുകയാൽ അതിന് അധികം പ്രാധാന്യമുണ്ടെന്നേ ഉള്ളൂ. മലയാളത്തിൽ ഭൂതകാലത്തെക്കുറിക്കുന്ന പ്രത്യയത്തിന്റെ ഉകാരത്തിനുള്ള സംവൃതവിവൃതഭേദമാണ് അതു മുറ്റുവിനയോ വിനയെച്ചമോ എന്നു തീരുമാനിക്കുന്നത്:

മുറ്റുവിന	—	പറഞ്ഞു, ചെയ്തു
വിനയെച്ചം	—	പറഞ്ഞ്, ചെയ്ത്

തമിഴിലെ വിവൃതസംവൃതഭേദം സംസ്കൃതത്തിലെ അകാരത്തിൽ ഉള്ളതുപോലെ ഒരു വ്യാകരണസംബന്ധവുമില്ലാത്ത കേവലം ഉച്ചാരണഭേദം ആകുന്നു. മലയാളത്തിലാകട്ടെ, സംവൃതഉകാരത്തെ വ്യാകരണകാര്യങ്ങൾ സംബന്ധിച്ചിടത്തോളം ഒരു സ്വരമായിട്ടുതന്നെ ഗണിച്ചിട്ടില്ല.[8]

തമിഴ്	—	പറ്റുച്ചീട്ടു, ആറ്റുപ്പാശി
മലയാളം	—	പറ്റുചീട്ട്, ആറ്റുപായൽ

ഇവിടെ ഉത്തരപദാദിയിൽ സ്വരചില്ലുകളിൽനിന്നും പരമായ ഖരം ഇരട്ടിക്കും എന്ന സന്ധിസൂത്രം കൊണ്ടു് തമിഴിൽ ചകാരപകാരങ്ങൾക്ക് ദ്വിത്വംവരുന്നതുപോലെ മലയാളത്തിൽ വരുന്നില്ല. അതു് സംവൃതത്തെ ഒരു സ്വരമായി വകവെയ്ക്കായ്കയാലാകുന്നു.

വ്യഞ്ജനം സ്വയം ഉച്ചാരണക്ഷമം അല്ല; അപ്പോൾ ഒരു പദം വ്യഞ്ജനത്തിൽ അവസാനിക്കുകയാണെങ്കിൽ അതിന്റെ അന്ത്യവർണ്ണം ഉച്ചാരണത്തിൽ തെളിയാതെപോകും. സംസ്കൃതം മുതലായ ആര്യഭാഷകളിൽ അന്ത്യവ്യഞ്ജനം പരപദാദിയിൽ ചേർന്നിട്ടേ ശ്രവിക്കുകയുള്ളൂ; അവസാനത്തിലായാൽ തെളിയാതെതന്നെ നില്ക്കും. ഒന്നിലധികം വ്യഞ്ജനങ്ങളിൽ ഒരു പദം അവസാനിക്കുകയാണെങ്കിൽ അന്ത്യവ്യഞ്ജനത്തെ ലോപിപ്പിക്കണമെന്നുതന്നെ പാണിനി വിധിക്കുന്നു. "സംയോഗാന്തസ്യ ലോപഃ" (പാ. 8-2-23). ഇംഗ്ലീഷ്, ജർമ്മൻ മുതലായ സംയോഗാന്തലോപമില്ലാത്ത ഭാഷകളിൽ അന്ത്യവ്യഞ്ജനത്തിന് അസ്ഫുടോച്ചാരണം അനുഭവപ്രത്യക്ഷമാണ്. ദ്രാവിഡങ്ങളിലാകട്ടെ, അന്ത്യവർണ്ണം വ്യഞ്ജനമായാലും അതിനെ സ്ഫുടമായിത്തന്നെ ഉച്ചരിക്കണമെന്നാണ് നിയമം. അപ്പോൾ കേവലവ്യഞ്ജനത്തെ ഉച്ചരിച്ചു നിറുത്തേണ്ടിവരുന്നു; അങ്ങനെ ചെയ്യുമ്പോൾ അതിൽ ഒരു സ്വരാംശം ഊറിവരാതെ കഴിയുകയില്ല. ഈ ഊറൽസ്വരമാണ് സംവൃതം. ദ്രാവിഡർ സ്വഭാഷാപരിചയത്താൽ ആര്യഭാഷാപദങ്ങളോടുകൂടി സംവൃതം ചേർത്തു് സ്വരാന്തങ്ങളാക്കുന്നു.

വാൾ — വാക്കു് Record — റിക്കാർട്ടു്

[8] അതുകൊണ്ടായിരിക്കാം അക്ഷരമാലയിൽ സംവൃതോകാരം ചേർക്കാതിരുന്നതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-07.tex/Line: 264

മനസ് — മനസ്സ് Chemist — കെമിസ്റ്റ്

വ്യഞ്ജനാന്തപദങ്ങളിലെല്ലാം സംവൃതം ചേർക്കണമെന്ന നിർബന്ധം തെലുങ്കിലാണ് അധികം. തെലുങ്കിൽ,

ഭാഗ്യവശാൽ എന്നതിനെ ഭാഗ്യവശാതു എന്നും,
ധനം എന്നതിനെ ധനമു എന്നും ഉച്ചരിക്കുന്നു.

മലയാളത്തിൽ സംവൃതത്തെ ഒരു സ്വരമായി ഗണിക്കണമോ? ഗണിക്കുകയാണെങ്കിൽ അത് ഒരു പുതിയ സ്വരമോ അതോ മറ്റൊന്നിന്റെ വകഭേദമോ? വകഭേദമാണെങ്കിൽ ഏതിന്റെ? ഇത്യാദി പലേ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്. വിദ്യാവിനോദിനി, രസികരഞ്ജിനി മുതലായ മാസികകളിൽ ഇതിനെപ്പറ്റി പല വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. വട്ടെഴുത്ത് നടപ്പായിരുന്നിടത്തോളം കാലം തമിഴരീതി അനുസരിച്ച് സംവൃതത്തിന് ഉകാരംതന്നെ എഴുതിവന്നു. അതുവിട്ട് ആര്യഎഴുത്തു സ്വീകരിച്ചപ്പോൾ ലിപിവിന്യാസത്തിൽ ഉണ്ടായ കുഴപ്പങ്ങളിൽ ഒന്നാണ് സംവൃതത്തിന് ഒരു ചിഹ്നവും കൂടാതെ 'ഉലക', 'നാട', എന്നൊക്കെ വെറും അകാരംതന്നെ എഴുതിത്തുടങ്ങിയത്. 'ഉലക', 'നാട്ട' എന്ന് വിവൃത ഉകാരംതന്നെ എഴുതുന്നത് പാതിരി മലയാളമാണെന്ന് വടക്കർക്കു വലിയ ആക്ഷേപമുണ്ട്. ഉകാരം സംവൃതമാണെന്നു കാണിക്കുന്നതിന് 'ഉലക്', 'നാട്ട്' എന്ന് ചന്ദ്രക്കലാചിഹ്നം ഇടുന്നതും വടക്കർക്കു രസിച്ചിട്ടില്ല. 'ഉലക്', 'നാട്' എന്ന് ഉകാരംകൂടാതെ വേണമെങ്കിൽ എഴുതിയേക്കാം എന്ന് അവർക്ക് സമ്മതമുണ്ടെന്നു തോന്നുന്നു. എന്നാൽ 'ഉലകുകൾ', 'നാട്ടുതോറും' എന്നിടത്തും മറ്റും ഉകാരം തന്നെ എഴുതുവാൻ വടക്കർക്കും മടിയില്ല. അതിനാൽ ബഹുവചനത്തിലുള്ള രൂപംതന്നെ ഏകവചനത്തിലും വേണ്ടതെന്ന് അവരും സമ്മതിച്ചാൽ ലിപിവിന്യാസത്തിന് ഐകരൂപ്യം വരുമായിരുന്നു. അകാരം, സംവൃതഉകാരം, വിവൃതഉകാരം ഈ മൂന്നും മലയാളത്തിൽ ക്രിയാപദങ്ങളുടെ രൂപഭേദങ്ങളെ വ്യവസ്ഥപ്പെടുത്തുന്ന വ്യാകരണകാര്യങ്ങളാകകയാൽ ഈ മൂന്ന് അക്ഷരങ്ങൾക്കും വ്യത്യാസം ലിപിവിന്യാസത്തിൽ അവശ്യം കാണിക്കേണ്ടതാണ്. ചെയ്തു (മുറ്റുവിന), ചെയ്ത് (വിനയെച്ചം), ചെയ്ത (പേരെച്ചം). ഉകാരത്തിന്റെ മേൽ അല്ലാതെ അകാരത്തിന്റെ മേൽത്തന്നെ ചന്ദ്രക്കലയിട്ട് 'ചെയ്ത്' എന്നു സംവൃതം കുറിക്കുന്നതിൽ രണ്ടാക്ഷേപമുണ്ട്; ഒന്നാമത്, സംവൃതം അകാരത്തിന്റെ വകഭേദമാണെന്നു വിചാരിച്ചു പോകും; രണ്ടാമത്.

"മുന്നിടമഭ്യന്നതമായ്
പിന്നിടമോ ശ്രാണിഭാരസന്നതമായ്"

ഇത്യാദികളിൽ സ്വരം ചേരാത്ത വെറും വ്യഞ്ജനത്തിനും ചന്ദ്രക്കലാചിഹ്നംതന്നെ ഉപയോഗിക്കുന്നത് ഭ്രമത്തിനു കാരണമായിത്തീരും. സംവൃതം ഒരു സ്വരമേ അല്ലെന്നുള്ള പക്ഷക്കാരായിരിക്കണം ഉകാരചിഹ്നം എഴുതിമുകളിൽ ചന്ദ്രക്കലയിടാൻ കഴിയുകയില്ലെന്നു ശഠിക്കുന്നത്; എന്നാൽ അവർ ഒരു സംഗതി ഓർക്കണം. അപ്പോൾ, "നാട്ട് വിട്ട് നടന്നിട്ട് കാട്ട് പുക്ക് വസിച്ചത്" എന്ന് മുൻകാണിച്ച അനുഷ്ടുപ്ശ്ലോകാർദ്ധത്തിൽ പത്ത് അക്ഷരമേ ഉള്ളു എന്നു

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 299

വരും.

സ്പഷ്ടോച്ചാരണത്തിൽ വ്യഞ്ജനങ്ങൾക്ക് അവലംബമായി വരുന്ന സ്വരമാണല്ലോ സംവൃതം. എന്നാൽ എല്ലാ വ്യഞ്ജനത്തിനും ഒന്നുപോലെ അവലംബാപേക്ഷയില്ല; മിക്ക മധ്യമങ്ങളും ചില അനുനാസികങ്ങളും ഇക്കൂട്ടത്തിലാണ്. എങ്ങനെ എന്നാൽ:

നായ്	കരള്	കണ്
തേര്	കീഴ്	തേണ്
പാല്	വയറ്	മരമ്

ഇതിൽ യകാരം അപൂർവ്വമായിട്ടേ പദാന്തത്തിൽ വരൂ; ദീർഘങ്ങളിൽ ചേരുന്ന യകാരഗമമായിരിക്കും മിക്ക ദിക്കിലും പദാന്തയകാരം. പദാന്തത്തിൽ വരുന്ന രേഫത്തെ വ്യഞ്ജനങ്ങൾക്കു മുൻപ് ബലപ്പെടുത്തി റകാരമാക്കണം; അതിനാൽ രേഫകാരങ്ങളെ പദാന്തത്തിൽ രണ്ടായിഗ്ഗണിക്കാനില്ല.

ഉദാ: തേര് + തട്ട് = തേർത്തട്ട്
മലര് + പൊടി = മലർപ്പൊടി — ഇത്യാദി

സ്വരം പരമായാൽ രേഫശ്രുതിതന്നെ കേൾക്കും:

തേര് + ഓട്ടം = തേരോട്ടം
മലര് + അമ്പൻ = മലരമ്പൻ

ളകാരഴകാരങ്ങളുടേയും സ്ഥിതി ഏകദേശം ഇതുപോലെയാണ്. 'അപ്പോഴ്' എന്ന ഴകാരത്തിനും, 'അന്നാള്' എന്ന ളകാരത്തിനും വാസ്തവത്തിലുള്ള ധ്വനിഭേദത്തെ വകവെയ്ക്കാതെ രണ്ടും ഒന്നുപോലെ ളകാരമായിട്ടാണ് ഉച്ചരിക്കുക നടപ്പ്. സ്വരം പരമാകുമ്പോൾപ്പോലും 'അപ്പോഴാണ്' എന്നല്ല 'അപ്പോളാണ്' എന്നുതന്നെ എഴുതുകയും വായിക്കുകയും ചെയ്യുന്നു. പദാന്തത്തിൽ സംവൃതംകൂടാതെ നില്ക്കാവുന്ന ഈ വ്യഞ്ജനങ്ങൾക്ക് 'ചില്ലുകൾ' എന്നു പേർ ചെയ്തിരിക്കുന്നു; അവയ്ക്കു പ്രത്യേകം ലിപികളും ഏർപ്പെട്ടിട്ടുണ്ട്:

$\left.\begin{matrix}\text{ര്}\\\text{റ്}\end{matrix}\right\} = \text{ർ};\quad \left.\begin{matrix}\text{ള്}\\\text{ഴ്}\end{matrix}\right\} = \text{ൾ};\quad \text{ണ്} = \text{ൺ};\quad \text{ന്} = \text{ൻ}\quad \text{മ്} = \text{ം};\quad \text{ല്} = \text{ൽ}$

മകാരത്തിലും ലകാരത്തിലും ഉള്ള ചിഹ്നങ്ങൾ സംസ്കൃതാക്ഷരമാല സ്വീകരിച്ചപ്പോൾ ഉണ്ടായ വിശേഷവിധികളാണ്. സംസ്കൃതത്തിൽ പദാന്തമകാരത്തിനുള്ള വികാരമാണ് 'അനുസ്വാരം' എന്നു പറയുന്ന ചെറിയവട്ടം. സംസ്കൃതത്തിലെ തകാരത്തെ സ്വരംപരമാകാതെ ഇരിക്കുമ്പോൾ ലകാരമായിട്ടാണ് ഭാഷയിൽ ഉച്ചരിക്കുക പതിവ്; അതിനാലാണ് ലകാരചില്ലിന്റെ ചിഹ്നം തകാരത്തിൽനിന്നും ഉണ്ടായതായിട്ടു കാണുന്നതു്. ഇതുപോലെ 'ൾ' എന്ന ളകാരചില്ലിന്റെയും ഉത്ഭവം സംസ്കൃതലേഖനത്തിൽനിന്നുതന്നെ ആയിരിക്കണം. 'സമ്രാട്' എന്നിടത്തെ ടകാരത്തെ (ഡകാരത്തെ = ആദ്യത്തിൽ ളകാരത്തെ) മലയാളികൾ 'സമ്രാ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 345

ള്' എന്ന് ഉച്ചരിക്കുന്നു. ṡ > 8 > > ൾ നടുവിൽക്കൂടി കുറുകേ മുകളിലേക്കുള്ള വര ചില്ലിന്റെ ചിഹ്നമാകുന്നു.

സംവൃതത്തിന്റെ സഹായംകൂടാതെ ശബ്ദാന്തത്തിൽ തനിയേ നില്ക്കാവുന്ന വ്യഞ്ജനങ്ങൾ 'ചില്ലുകൾ' എന്നു ചില്ലിനു ലക്ഷണം ചെയ്യാം. യ, ര, റ, ല, ള, ഴ, ണ, ന, മ എന്നീ ഒൻപതു വ്യഞ്ജനങ്ങളേ ചില്ലുകളായ് വരൂ. യകാരം ചില്ലായ് വരുന്നതു് ദീർഘസ്വരങ്ങളിൽ ആഗമമായിട്ടോ, അല്ലെങ്കിൽ 'ആയി' 'പോയി' എന്ന ഭൂതരൂപഭേദങ്ങളുടെ ഇകാരം ലോപിച്ചിട്ടോ മാത്രമാകുന്നു;[9] അതിനാൽ അതിനെ ഗണിക്കുവാൻ ഇല്ല. ര റ–കൾക്കും, ള ഴ–കൾക്കും ധ്വനി ഒന്നുതന്നെ. അതുകൊണ്ട്, ർ, ൾ, ൽ, ൺ, ൻ എന്ന് അഞ്ചെണ്ണമാണ് പ്രാധാന്യേന ചില്ലുകൾ. അനുസ്വാരവും ചില്ലുതന്നെ.

ചില്ലായി വരുന്ന വ്യഞ്ജനങ്ങൾക്കു ചില്ലായി നില്ക്കുമ്പോൾ ഉച്ചാരണത്തിൽ വിശേഷം ഉണ്ട്. താഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ നോക്കുക:

നീർമരുതു്	—	നർമ്മദ
അവൾ യാചിച്ചു	—	ധാവല്യം
വിൽവലി	—	വില്വം
കൺവിലാസം	—	കണ്വൻ
സംയോഗം	—	സാമ്യം

ചില്ലുകളിൽ ഒരു സ്വരചൈതന്യം ലീനമായിട്ടുണ്ട്. അതിനാലാണ് അതുകൾ സ്വയം ഉച്ചാരണക്ഷമങ്ങൾ ആകുന്നതു്. അതിനാൽത്തന്നെ ചില്ലുകൾ അടുത്തുവരുന്ന വ്യഞ്ജനത്തിൽ സാധാരണ കൂട്ടക്ഷരംപോലെ അരഞ്ഞു ചേരാതെ വേർവിട്ടു നില്ക്കുന്നു. സംവൃതം വളരെ നേർത്ത ഒരു സ്വരം ആകുന്നു. ചില്ലുകളാകട്ടെ സ്വരീകരിച്ച[10] വ്യഞ്ജനം തന്നെ ആണ്. സംസ്കൃതത്തിൽ രേഫലകാരങ്ങളെ സ്വരീകരിക്കുന്നതാണല്ലോ ഋകാരണകാരങ്ങൾ. അതുപോലെ ഭാഷയിൽ വേറെ വ്യഞ്ജനങ്ങളെയും സ്വീകരിക്കുന്നു എന്നേ ഉള്ളു, ർ, ൽ, ൾ എന്ന മധ്യമങ്ങളുടെ ചില്ലുകൾക്കു ഭാഷയിലും ഏകദേശം ഋകാരണകാരങ്ങളുടെ ധ്വനിതന്നെ വരും. ഋകാരം ചില വാക്കുകളിൽ എഴുതുകകൂടി ചെയ്യാറുണ്ട്.

ർ	ര്	എതിർവശം	എതൃവശം	തിർ = തൃ
	ര്	പുണർതം	പുണൃതം	ണർ = ണൃ
	ര്	നേർവഴി	നൃവഴി	നേർ =
	റ്	കാർമേഘം	കൃമേഘം	കാർ =
ൽ	ല്	മുകിൽമാല	മുക്ലമാല	കിൽ =
	ല്	അതിൽനിന്നു്	അത്ലനിന്ന്	തിൽ =
	ല്	പാൽമുതക്ക്	പ്ലമുതക്ക്	പാൽ =

[9] 'തായ്' മുതലായ ചുരുക്കം ചില നാമങ്ങളിലും ഇകാരം ലോപിച്ചിട്ടാണു യകാര ചില്ല വരുന്നതെന്നു കാൽഡ്വൽ.

[10] സ്വീകരിച്ച = സ്വരമാക്കിയ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 392

ൾ ഴ്	പുകൾപൊങ്ങിന	പുപൊങ്ങിന	കൾ =
ൾ ള്	തേൾവിഷം	തൂവിഷം	തേൾ =

ഈ ഉദാഹരണങ്ങളിൽ ചില്ലിനും അതിന്റെ പൂർവ്വസ്വരത്തിനുംകൂടി അതാതു സ്വരത്തിന്റെ മാത്ര (ഹ്രസ്വമാണെങ്കിൽ ഒന്ന്; ദിർഘമെങ്കിൽ രണ്ട്) അല്ലാതെ പ്രത്യേകിച്ചു മാത്ര ഒന്നും ഇല്ല. അതിനാൽ പൂർവ്വസ്വരം ഋകാരമോ ഌകാരമോ ആയാലുള്ള ഫലമേ മാത്രസംബന്ധിച്ചിടത്തോളം ഉള്ളു. ചില്ലിന്റെ മാത്ര പൂർവ്വസ്വരത്തിൽ ലയിച്ചുപോകുന്നതിനാൽ ഇവിടെ അതിനുള്ള ധ്വനിക്ക് 'ലീനധ്വനി' എന്നുപേർ; മറ്റൊന്നിൽ ലയിച്ചുപോകാതെ ചില്ലുകൾക്കു സ്വയം ഉള്ള മാത്ര ശ്രവിക്കത്തക്കവിധത്തിലും ഉച്ചാരണം ഉണ്ട്. ആമാതിരി ഉച്ചാരണത്തിനു 'പ്രകടധ്വനി' എന്നുപേർ. അതെങ്ങനെ എന്നാൽ:

നൽകുന്നു	നൽൽകുന്നു
പുൽകുന്നു	പുൽൽകുന്നു
മാർകഴി	മാർർകഴി
വാൾക	വാൾൾക
കൊൾക	കൊൾൾക

ഇവിടെ പൂർവ്വസ്വരം ഹ്രസ്വമായാലും ചില്ലിനു മാത്രയുള്ളതിനാൽ ആ സ്വരത്തിനു ഗുരുത്വം ലഭിക്കുന്നു. കൂട്ടക്ഷരത്തിനു മുൻപ് ഇരിക്കുന്ന സ്വരം ഗുരുവാകുന്നതു് ആ കൂട്ടക്ഷരത്തിന്റെ ഇരട്ടിച്ചു ബലമായിട്ടുള്ള ഉച്ചാരണം ഉണ്ടെങ്കിലേ ഉള്ളു. ലീനധ്വനിയായ ചില്ല് അടുത്ത വ്യഞ്ജനത്തിൽ കൂടിച്ചേരായ്കയാൽ അതുകളുടെ യോഗം കൂട്ടക്ഷരമേ ആകുന്നില്ലെന്നു വിചാരിക്കാം. സംവൃത്തിൽനിന്നും പരമായി വരുന്ന കൂട്ടക്ഷരത്തിനും ഇതുതന്നെ ഗതി. സംവൃതം സന്ധികാര്യവിഷയത്തിൽ ഒരു സ്വരമായി ഗണിക്കപ്പെടാത്തതിനാൽ അതിന് അപ്പുറം വരുന്ന കൂട്ടക്ഷരത്തിന്റെ ആദ്യവ്യഞ്ജനത്തിനു ദ്വിത്വം ഇല്ല. അതിനാൽ സംവൃതം ഒരിക്കലും ഗുരുവാകുന്നതല്ല. "പാദാന്തസ്ഥം വികല്പേന" എന്ന ലക്ഷണപ്രകാരം ഗുരുത്വം ചില കവികൾ സംവൃതത്തിനും കല്പിക്കാറില്ലെന്നില്ല; എന്നാൽ അതു് ഒട്ടും ഭംഗിയല്ല.

മധ്യമചില്ലുകൾക്കു മാത്രമേ[11] ലീനധ്വനിയുള്ളു; അനുനാസികചില്ലുകൾക്കു സർവ്വത്ര പ്രകടധ്വനിതന്നെയാണ്. മധ്യമചില്ലുകൾക്ക് അടുത്തു പിൻവരുന്ന വ്യഞ്ജനം ദ്വിത്വം ഉള്ളതാണെങ്കിൽ ധ്വനി 'പ്രകടം'; അല്ലെങ്കിൽ 'ലീനം' എന്നാണ് നിയമം.

പ്രകടം	—	മലർപ്പൊടി അതിൽക്കൂടെ കവിൾത്തടം
ലീനം	—	മലർമാല അതിൽനിന്ന് കവിൾവാർപ്പ്

ഏകാക്ഷരപദങ്ങളിലെ ചില്ലുകൾക്കു പ്രകടധ്വനി എല്ലായിടത്തും വേണം. ഒറ്റ മാത്രമായിട്ട് ഒരു പദവും ഇരുന്നുകൂടെന്നാണ് മലയാളത്തിലെ നിയമം; അതിനാൽ ഏകാക്ഷരപദങ്ങളിലെ ചില്ലുകൾക്കു ലീനധ്വനി ചെയ്യാൻ നിർവ്വാഹമില്ലാത്തതാകുന്നു ഇതിനു കാരണം.

[11] ർ, ൽ, ൾ, ഇവ മധ്യമചില്ലുകളും ൺ, ൻ, ഇവ അനുസാസികചില്ലുകളുമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 431

മററുള്ള വ്യഞ്ജനങ്ങളെപ്പോലെ ചില്ലുകളിലും സംവൃതം ചേർക്കുന്നതിനു യാതൊരു വിരോധവും ഇല്ല; ഇതുകളെ സംവൃതം ചേർക്കാതെയും ഉച്ചരിക്കാം എന്നു മാത്രമേ ഉള്ളു:

യ്	കായു്	കായ്
ര്	തേരു്	തേർ
റ്	ചോറു്	ചോർ
ല്	പാലു്	പാൽ
ള്	നാളു്	നാൾ
ഴ്	താഴു്	താൾ
ന്	മാനു്	മാൻ
ണ്	കണ്ണു്	കൺ

മകാരചില്ലിനുമാത്രം മരം (മരമ്) എന്നല്ലാതെ 'മരമു' എന്ന സംവൃതം ചേർത്ത രൂപം ഇല്ല. തെലുങ്കിൽ 'മരമു' എന്നുതന്നെ രൂപം ഉണ്ടു്. സംവൃതം ചേർക്കുകയാണെങ്കിൽ അപ്പോൾ അതിനു് 'ത്ത്' എന്നാദേശം വരും.

നേരം — നേരത്തു്; ഇടം — ഇടത്തു്

ഋ, ഌ: സ്വരം സംസ്കൃതപദങ്ങളിലേ ഉള്ളു. തത്ഭവങ്ങളിൽ ഋകാരത്തിനു പകരം അകാരവും ഇകാരവും ഉപയോഗിച്ചുകാണുന്നു:

കൃഷ്ണൻ = കണ്ണൻ; വൃഷഭം = ഇടവം[12]

സംസ്കൃതജ്ഞാനമില്ലാത്തവർ തത്സമങ്ങളിൽ ഋകാരത്തെ "അർ" എന്നു് ആക്കുമാറുണ്ടു്;

പ്രവൃത്തി — പ്രവർത്തി.

എ, ഏ, ഐ- ഒ, ഓ, ഔ: ഇതുകളെപ്പറ്റി അധികമൊന്നും പറയേണ്ടതില്ല. ഐകാരത്തെ എഴുത്തിൽ 'അയ്' എന്നു മാറ്റാറുണ്ടു്.

കൈയിൽ = കയ്യിൽ വൈയാകരണൻ = വയ്യാകരണൻ

ഔകാരം ശുദ്ധദ്രാവിഡപദങ്ങളിൽ ഇല്ല.[13] ഐകാരത്തെ 'അയ്' ആക്കുന്നതിനു വിപരീതമായിട്ടു് 'അവ്' എന്നതിനെ ഔകാരം ആക്കാറുണ്ടു്. അവ്വണ്ണം = ഔവണ്ണം.

കവർഗ്ഗം: വർഗ്ഗങ്ങളിൽ ആദ്യന്തങ്ങൾ മാത്രമേ ദ്രാവിഡത്തിൽ ഉള്ളു. ശേഷം മൂന്നും സംസ്കൃത്തിൽനിന്നും എടുത്തിട്ടുള്ളവയാകയാൽ അവയ്ക്കു് വികാരത്തിനൊന്നും വകയില്ല; സന്ധിയിൽ ഓഷ്ഠ്യസ്വരങ്ങൾക്കു് അന്താഗമമായി വരുന്ന വകാരത്തിനു പകരം ധാതുക്കളിൽ കകാരം ഉപയോഗിക്കുമാറുണ്ടു്.

---

[12] കൺഹ എന്ന പ്രാകൃതപദവും ഋഷഭ എന്ന പ്രാകൃതപദവുമാണ് യഥാക്രമം കണ്ണൻ എന്നും ഇടവം എന്നും രൂപപരിണതി പ്രാപിച്ചതു് എന്നു ദോ. ഗോദവമ്മ.

[13] കതക് > കതവ് എന്നിങ്ങനെ സ്പഷ്ടമായ സന്ധിവികാരം ഇല്ലാത്തിടത്തും കകാരത്തിനു വകാരാദേശം വാമൊഴിയിൽ കാണുന്നുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-07.tex/Line: 478

തട	—	തടവുന്നു	തടകുന്നു
ചാ	—	ചാവുന്നു	ചാകുന്നു
കൂ	—	കൂവുന്നു	കൂകുന്നു
തൊഴു	—	തൊഴുവുന്നു	തൊഴുകുന്നു
പോ	—	പോവുന്നു	പോകുന്നു

തമിഴിലെ കകാരത്തിന്റെ സ്ഥാനത്ത് തെലുങ്കിൽ പലയിടത്തും വകാരം കാണാറുണ്ട്. അതിനാൽ തെലുങ്കിനെ അനുകരിച്ചു വന്നതായിരിക്കണം മലയാളത്തിലെ ഈ നടപ്പ്. എന്നാൽ അത് സന്ധിവികാരത്തെമാത്രം സ്പർശിച്ചതിന് ഒരു കാരണവും സ്പഷ്ടമാകുന്നില്ല.[14]

ചില വ്യഞ്ജനങ്ങൾ എളുപ്പത്തിൽ ലോപിച്ചുപോകും; ലോപത്തിന് പ്രതിവിധി ആയിട്ട് അപ്പോൾ അടുത്ത സ്വരം ദീർഘിക്കുകയും ചെയ്യും. ഇക്കൂട്ടത്തിലാണ് കകാരം.

ചെയ്തുകൊള്ളുന്നു	ചെയ്തോളുന്നു
പകുതി	പാതി
എത്രകണ്ട്	എത്രേണ്ട്[15]

ങകാരം ഇരട്ടിച്ചോ സ്വവർഗ്ഗഖരമായ കകാരത്തിനു മുൻപിലോ മാത്രമേ നില്ക്കുകയുള്ളു. അതിന് അനുനാസികാതിപ്രസരനയപ്രകാരം ദ്വിത്വം വരുമ്പോൾ ചിലയിടത്ത് മുൻസ്വരം താലവ്യം ആണെങ്കിൽ ഒരു താലവ്യച്ഛായകൂടി ഉണ്ടാകും:

വഴുതനങ്ങാ — വഴുതനയ്ങ്ങാ; ഉതളങ്ങാ — ഉതളയ്ങ്ങാ

ചവർഗ്ഗം: മലയാളത്തിൽ ചകാരത്തിന് സംസ്കൃതത്തിലെ ചകാരത്തിനുള്ള ഉച്ചാരണം തന്നെയാണ്; തമിഴിലുള്ള ശകാരത്തിനു തുല്യമായ ധ്വനി ഇല്ല. തമിഴിലെ നകാരത്തിന് പലേ ശബ്ദങ്ങളിലും മലയാളത്തിൽ ഞകാരം കാണും:

നണ്ട് = ഞണ്ട്; നരുക്കം = ഞെരുക്കം; നാൻ = ഞാൻ; ന്യായം = ഞായം[16]

ടവർഗ്ഗം: ടവർഗ്ഗാക്ഷരമൊന്നും പദാദിയിൽ വരുകയില്ല. ടീക, ഡിണ്ഡിമം, ഢക്ക ഇത്യാദികൾ സംസ്കൃതതത്സമങ്ങളാകുന്നു. സംസ്കൃതത്തിലെ തവർഗ്ഗസ്ഥാനത്ത് ചിലപ്പോൾ മലയാളത്തിൽ ടവർഗ്ഗം കാണും.

പത്തനം = പട്ടണം വെദൂര്യം = വെഡൂര്യം
ദാഡിമം = ഡാഡിമം ശാദ്വലം = ശാഡ്വലം

സംസ്കൃതഡകാരത്തെ മലയാളത്തിൽ ഴകാരവും ളകാരവും ആക്കാറുണ്ട്.

[14] രണ്ടു സ്വരങ്ങൾക്കു മദ്ധ്യേ വരുന്ന കകാരത്തെ മലയാളത്തിൽ യകാരമാക്കി ദുഷിപ്പിക്കാറുമുണ്ട്. ഉദാ: അരികത്ത് > അരിയത്ത്, തിരികെ > തിരിയെ.

[15] പ്രാചീനങ്ങളായ ചില തത്ഭവശബ്ദങ്ങളിൽ സംസ്കൃതത്തിലെ ചകാരത്തിന്റെ സ്ഥാനത്തു മലയാളത്തിൽ യകാരം കാണുന്നു. ഉദാ: നാരാചം > നാരായം, വാചന > വായന.

[16] പൗവം മുതലായി ചുരുക്കം ചില ദ്രാവിഡപദങ്ങളിലുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 517

നാഡിക = നാഴിക; സമ്രാഡ് = സമ്രാൾ

തമിഴിലെ ണകാരം തെലുങ്കുമുറയനുസരിച്ച് പലയിടത്തും നകാരമായിപ്പോകും.

തമിഴ്	തെലുങ്ക്	മലയാളം
തുണികിറേൻ	തുണിതുന്നാനു	തുണിയുന്നേൻ
കണ്ണു	കണ്ണു	കൺ–കണ്ണ്

എന്നാൽ വിപരീതമായിട്ട് 'നിണക്ക്' എന്നതിനെ 'നിണക്ക്' എന്നു മാറ്റുകയും അപൂർവ്വമായിട്ടുണ്ട്.

ഴവർഗ്ഗം: ഴകാരം ഒറ്റയായി നില്ക്കാത്തതുകൊണ്ടും ഇരട്ടിക്കുമ്പോൾ അതിന് രേഫം ഇരട്ടിച്ചതിനോട് ധ്വനിസാമ്യം വരുന്നതുകൊണ്ടും ആ വർണ്ണം ലുപ്തമായിപ്പോയി എന്നും അതിന്റെ സ്ഥാനം ഇപ്പോൾ റകാരം ആക്രമിച്ചിരിക്കുന്നു എന്നും മുൻപു പ്രസ്താവിച്ചുകഴിഞ്ഞു. നകാരമാകട്ടെ, തമിഴിലും മലയാളത്തിലും ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും അതിന്റെ ഉച്ചാരണം തമിഴിൽ നകാരോച്ചാരണത്തോടു തുല്യമായിപ്പോയി. മലയാളത്തിൽ ഉച്ചാരണഭേദം സ്പഷ്ടമായി ചെയ്യുവരാറുണ്ട്; എന്നാൽ ലിപിയിൽ ഭേദം അനുഷ്ഠിക്കാറില്ല. ഇരട്ടിച്ച ഴകാരസ്ഥാനത്ത് ഇരട്ടിച്ച തകാരവും നേരേമറിച്ചും ചിലയിടത്തു കാണുന്നുണ്ട്:

വില്ല = വിറ്റു; എല്ലാത്തിലും എല്ലാറ്റിലും[17]

നകാരം ഖരങ്ങൾക്കുമുമ്പ് ലകാരമായി മാറും: പൊൻ + കുടം = പൊൽക്കുടം

തവർഗ്ഗം: സ്വരമോ മധ്യമമോ പരമായാൽ മാത്രമേ തകാരത്തിന് മലയാളത്തിൽ സ്വന്തം ധ്വനിയുള്ളു; തനിയേ നില്ക്കുകയോ പൂർണ്ണവ്യഞ്ജനം[18] പരമാകുകയോ ചെയ്താൽ ലകാരധ്വനിയാണ്:

വശാത് = വശാല്; ഉത്സവം = ഉല്സവം

തവർഗ്ഗം താലവ്യാദേശംകൊണ്ട് പൊരുത്തപ്രകാരം ചവർഗ്ഗമായി പോകുന്നതു് മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ട്.

പവർഗ്ഗം: കാരിതധാതുക്കളിലെ കകാരാഗമത്തിനു പകരം പകാരം വൈകല്പികമായിക്കാണും:[19]

കേൾ — കേൾക്കാൻ, കേൾപ്പാൻ; കേൾക്കു, കേൾപ്പു.

സന്ധിയിൽ തമിഴിലെ മകാരം മലയാളത്തിൽ വകാരമാകും. പ്രകൃതികളിൽ വിപരീതവും ആണ്:[20]

---

[17] ഇരട്ടിച്ച ഴകാരത്തിന്റെ സ്ഥാനത്ത് 'ത്ത്' വരുന്നതിന് 'അകറ്റി — അകത്തി' എന്നതും ഇരട്ടിച്ച തകാരത്തിന്റെ സ്ഥാനത്ത് 'റ്റ്' വരുന്നതിന് 'എല്ലാത്തിലും — എല്ലാറ്റിലും' എന്നതും ഉദാഹരണങ്ങൾ.

[18] പൂർണ്ണവ്യഞ്ജന = ചില്ലല്ലാത്ത വ്യഞ്ജനം.

[19] 103-ആം കാരിക നോക്കുക.

[20] പ്രകൃതികളിൽ വകാരം മകാരമാകുമെന്ന് അർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 561

ധനമ് + ഉം	=	ധനവും
ചൊല്ലുമ് + ആൻ	=	ചൊല്ലുവാൻ
വണ്ണാൻ	=	മണ്ണാൻ
വിഴങ്ങുക	=	മിഴങ്ങുക

(12) **മധ്യമങ്ങൾ:**

(എ) യകാരത്തിനു പകരം നകാരം പലയിടത്തും ഉപയോഗിക്കാറുണ്ട് 'ഇ' എന്ന ഭൂതപ്രത്യയത്തിനപ്പുറം വരുന്ന 'അ' എന്ന പേരെച്ച പ്രത്യയത്തോടുള്ള സന്ധിയിലാണ് ഇത് അധികം കാണുന്നത്:

ആയ — ആന; ചൊല്ലിയ — ചൊല്ലിന; വിലസിയ — വിലസിന
യാൻ — നാൻ — ഞാൻ; യുഗം — നകം; യമൻ — നമൻ

ശകാരത്തിന് ബലംകുറച്ചാൽ അത് യകാരവും നേരേമറിച്ച് യകാരത്തിന് ബലംകൂട്ടിയാൽ അതു ശകാരവും ആയിത്തീരും:

പശു — പയു — പെ; കശപ്പ് — കയപ്പ് — കെപ്പ്;
കശം — കയം; പെശർ — പെയർ — പേർ;
വിയർപ്പ് — വിശർപ്പ്; വായൽ — വാശൽ — വാതൽ.

(ബി) അന്ത്യരേഫം പലയിടത്തും റകാരമായി മാറും: (താരിൽത്തന്വി — താർത്തേൻമൊഴി) താര് = താർ; തേര് = തേർ; അവര് = അവർ; ചിരിക്ക = ചിറിക്ക.

(സി) ഴകാരത്തെ ചിലയിടത്ത് ളകാരമാക്കാറുണ്ട്: അപ്പോഴ് = അപ്പോൾ (പൊഴുത്ത്).[21]

(ഡി) ലകാരളകാരങ്ങൾക്ക് അനുനാസികയോഗത്തിൽ പൊരുത്തമൊപ്പിച്ചു മുറയ്ക്ക് നകാരണകാരങ്ങൾ ആദേശമായി കാണും:

നെല് + മണി = നെന്മണി നല് + നൂൽ = നന്നൂൽ
വെള് + മ = വെണ്മ വെള് + നീർ = വെണ് + നീർ = വെണ്ണീർ

രേഫവും ലകാരവും പദാദിയിൽ വന്നുകൂടെന്നാണ് തമിഴിലെ ഏർപ്പാട്. ഭാഷാന്തരങ്ങളിൽ നിന്നെടുക്കുന്ന പദങ്ങൾ ഈ അക്ഷരങ്ങൾകൊണ്ട് ആരംഭിക്കുകയാണെങ്കിൽ ആ, ഇ, ഉ എന്ന മൂലസ്വരങ്ങളിലൊന്ന് ആദ്യം ചേർത്തുകൊൾക; ഇങ്ങനെ ഉണ്ടായിട്ടുള്ള തത്ഭവങ്ങൾ ധാരാളമുണ്ട്:

(രാജൻ) രാജാവ് = അരചൻ രൂപം = ഉരുവം
ലവങ്ഗം = ഇലവർങ്ങം ലാക്ഷാ = അരക്ക്
ലോകം = ഉലക് ലക്ഷ്യം = ഇലാക്ക്

(13) **ഊഷ്മഹകാരങ്ങൾ:** ദ്രാവിഡത്തിൽ ഇല്ലാത്ത ഈ വർണ്ണങ്ങളെ പ്രായേണ പദാദി

[21] അപ്പൊഴതു > അപ്പോഴു > അപ്പോഴ് എന്നിങ്ങനെയാണു കാൽഡ്വൽ നിഷ്പത്തി കാണിക്കുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-07.tex/Line: 610

യിൽ ഉപേക്ഷിക്കുകയും, പദമദ്ധ്യത്തിൽ പൊരുത്തപ്രകാരം ച, ട, ത, ക എന്ന ഖരങ്ങളെ ഉപയോഗിക്കുകയും ചെയ്യുവരുന്നു:

ശ്രാവണം	=	ഓണം
ശുഷ്കം	=	ചുക്ക്[22]
സന്ധ്യാ	=	അന്തി
ഹിതം	=	ഇതം
ശ്രവിഷ്ഠാ	=	അവിട്ടം
കൃഷ്ണൻ	=	കണ്ണൻ[23]
മാസം	=	മാതം
ഹിരണ്യം	=	ഇരണ്യം
ഈശ്വരൻ	=	ഈച്ചരൻ
സാക്ഷി	=	ചാട്ച്ചി
മനസ്	=	മനത്ത്
മോഹം	=	മോകം

[22] ഈ ഉദാഹരണത്തിൽ 'ശ' കാരത്തെ ചകാരമായി മാറ്റുകയല്ലാതെ ഉപേക്ഷിക്കുന്നില്ല. അതുകൊണ്ടാണ്, 'ഊഷ്മഹകാരങ്ങളെ പ്രായേണ പദാദിയിൽ ഉപേക്ഷിച്ചുവന്നു' എന്നു പറഞ്ഞത്. ശാക്യ > ചാക്കിയാർ മറ്റൊരുദാഹരണം.

[23] ശ്രാവണ, ശ്രവിഷ്ഠ, ശുഷ്ക, കൃഷ്ണ എന്ന സംസ്കൃതപദങ്ങളിൽനിന്നുണ്ടായ സാവണ, അവിട്ഠ, ശുക്ഖ, കണ്ഹ എന്ന പ്രാകൃതശബ്ദങ്ങളുടെ രൂപപരിണതികളാണ് ഓണം, അവിട്ടം, ചുക്ക്, കണ്ണൻ എന്ന പദങ്ങൾ. ഇതാണ് ഡോ: ഗോദവർമ്മയുടെ അഭിപ്രായം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 2

ഭാഗം രണ്ട്

സന്ധിപ്രകരണം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

File: kp-08.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

സന്ധിവിഭാഗം

"സന്ധി" എന്ന പദത്തിന് സാമാന്യമായ അർത്ഥം "ചേർച്ച" എന്നാണല്ലോ. രസതന്ത്ര പ്രപദാർത്ഥങ്ങളിൽ ചിലത് തമ്മിൽ ചേരുമ്പോൾ അവയുടെ വർണ്ണം മുതലായ ഗുണങ്ങൾ മാറിപ്പോകുന്നു. മറ്റുചിലത് തമ്മിൽ ചേരുമ്പോൾ ഗുണങ്ങൾ മാത്രമല്ല, പദാർത്ഥംതന്നെയും മാറുന്നു. വേറെ ചിലത് തമ്മിൽ എത്രതന്നെ ചേർത്താലും യാതൊരംശത്തിലും മാറ്റം വരാതെ അതാതിന്റെ സ്ഥിതിയിൽത്തന്നെ ഇരിക്കുന്നു. ഇതുപോലെ അക്ഷരങ്ങൾ, അല്ലെങ്കിൽ വ്യാകരണശാസ്ത്രപ്രകാരമുള്ള വർണ്ണങ്ങൾ, തമ്മിൽ ചേരുമ്പോഴും ഓരോതരം മാറ്റങ്ങൾ ഉണ്ടായിട്ടും ഇല്ലാതെയും വരുന്നതാണ്. ആവക സംഗതികളെപ്പറ്റി വിവരിക്കുന്ന ഭാഗത്തിനാണ് വ്യാകരണത്തിൽ "സന്ധിപ്രകരണം" എന്നു പറയുന്നത്.[1]

വർണ്ണങ്ങൾ തമ്മിലുള്ള യോഗത്തിന്റെ സ്ഥലഭേദമനുസരിച്ച് പാണിനി മുതലായ സംസ്കൃതവ്യാകരണകർത്താക്കന്മാർ വിഭജിച്ചിട്ടുള്ളതുപോലെ, മലയാളത്തിലും സന്ധി സാമാന്യത്തെ പദമദ്ധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെ മൂന്നുതരമായി തിരിക്കാവുന്നതാണ്. പ്രകൃതിപ്രത്യയങ്ങൾ ചേർന്നിട്ടാണല്ലോ പദം ഉണ്ടാകുന്നത്. അങ്ങനെ ഒരു പദത്തിൽ അന്തർഭവിച്ചിട്ടുള്ള ആ രണ്ടംശങ്ങൾ ചേരുമ്പോൾ മാത്രമുണ്ടാകുന്ന വർണ്ണവികാരം പദമദ്ധ്യസന്ധിക്കു വിഷയം; രണ്ടു പദങ്ങൾ തമ്മിൽ ചേരുമ്പോൾ മാത്രമുണ്ടാകുന്നത് പദാന്തസന്ധിക്കു വിഷയം; പദമദ്ധ്യസന്ധിയിലും പദാന്തസന്ധിയിലും വരുന്നത് ഉഭയസന്ധിക്കു വിഷയം. ഉദാഹരണം:

		പ്രകൃതി		പ്രത്യയം
പദമദ്ധ്യസന്ധി — മരത്തിൽ	=	മരം	+	ഇൽ
പദാന്തസന്ധി — പൊൽപ്പൂ	=	പൊൻ	+	പൂ
ഉഭയസന്ധി — മണിയറയിൽ	=	മണി + അറ	+	ഇൽ

[1] "സംഹിതയാൽ ഉണ്ടാകുന്ന വർണ്ണങ്ങളുടെ ഉച്ചാരണ ഭേദം ആകുന്നു സന്ധി""— വ്യാകരണമിത്രം. സംഹിത = വർണ്ണസാമീപ്യം. "(വർണ്ണ) യോഗജന്യം വികാരം സന്ധി""— കേരളപാണിനീയം (1071 M. E.).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 34

ഇനി സന്ധിയിൽ തമ്മിൽ ചേരുന്ന വർണ്ണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ച്, സ്വരങ്ങൾ തമ്മിൽ ചേരുമ്പോൾ ഉള്ളത് "വരസന്ധി", സ്വരം വ്യഞ്ജനത്തോടു ചേരുമ്പോൾ ഉള്ളത് "വരവ്യഞ്ജനസന്ധി", വ്യഞ്ജനം സ്വരത്തോടു ചേരുമ്പോൾ ഉള്ളത് "വ്യഞ്ജനസ്വരസന്ധി", വ്യഞ്ജനങ്ങൾ തമ്മിൽ ചേരുമ്പോൾ ഉള്ളത് "വ്യഞ്ജനസന്ധി" ഇങ്ങനെ സന്ധിസാമാന്യത്തെ നാലുതരമായിത്തിരിക്കാം:

ഉദാ:	സ്വരസന്ധി	—	മഴ	+	അല്ല	=	മഴയല്ല
	സ്വരവ്യഞ്ജനസന്ധി	—	താമര	+	കളം	=	താമരക്കുളം
	വ്യഞ്ജനസ്വരസന്ധി	—	കൺ	+	ഇല്ല	=	കണ്ണില്ല
	വ്യഞ്ജനസന്ധി	—	നെല്	+	മണി	=	നെന്മണി

സന്ധി വരുമ്പോൾ വർണ്ണങ്ങൾക്ക് ഉണ്ടാകാവുന്ന വികാരങ്ങളനുസരിച്ച നോക്കുന്നതായാൽ "ലോപസന്ധി", "ആഗമസന്ധി", "ദ്വിത്വസന്ധി", "ആദേശസന്ധി" ഇങ്ങനെ നാലായിട്ടും സന്ധിസാമാന്യത്തെ തരംതിരിക്കാവുന്നതാണ്. സന്ധിക്കുന്നവർണ്ണങ്ങളിൽ ഒന്ന് ഇല്ലാതെയാകുന്നത് "ലോപം" സന്ധിക്കുമ്പോൾ മൂന്നാമതൊന്നുംകൂടി വന്നുചേരുന്നത് "ആഗമം", സന്ധിക്കുന്നവയിൽ ഏതെങ്കിലും ഒന്ന് ഇരട്ടിക്കുന്നത് "ദ്വിത്വം"; ഒന്നിന്റെ സ്ഥാനത്തിൽ മറ്റൊന്നായിത്തീരുന്നത് "ആദേശം"

ഉദാ:	ലോപം	—	അതല്ല	=	അത്	+	അല്ല
	ആഗമം	—	മഴവില്ല	=	മഴ	+	ഇല്ല
	ദ്വിത്വം	–	അവിടെപ്പോയി	=	അവിടെ	+	പോയി
	ആദേശം	—	എണ്ണൂറ്	=	എൺ	+	നറ്

ഇങ്ങനെ ഓരോ ഉപാധിഭേദമനുസരിച്ച് പലതരം വിഭാഗങ്ങളും ചെയ്യാവുന്നതാണെങ്കിലും ഒടുവിൽ പറഞ്ഞ വിഭാഗത്തെയാണ് സൗകര്യത്താൽ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അതിൽ "ദ്വിത്വസന്ധി" എന്നതിന്, സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്നുതന്നെയാണ് ആഗമമായി വരുന്നത് എന്നു മാത്രമേ ആഗമസന്ധിയെക്കാൾ ഭേദമുള്ളു. സൂക്ഷ്മത്തിൽ അതും ആഗമസന്ധിയായിത്തന്നെ വിചാരിക്കാവുന്നതാണ്.

സന്ധിയിൽ ഉണ്ടായിത്തീരുന്ന സകല വർണ്ണവികാരങ്ങൾക്കും ഉച്ചാരണസൗകര്യമാണ് അടിസ്ഥാനമെന്നുള്ളത് ആവക വികാരങ്ങളുടെ സ്വരൂപം നോക്കിയാൽ എളുപ്പത്തിൽ അറിയാം. വ്യഞ്ജനങ്ങൾക്ക് സ്വരസംയോഗത്തോടുകൂടിയല്ലാതെ സ്പഷ്ടമായ ഉച്ചാരണം സംഭവിക്കാത്തതിനാൽ രണ്ടു വ്യഞ്ജനങ്ങൾ തമ്മിൽ ചേർന്നാലും അക്ഷരം ഒന്നു മാത്രമായിട്ടേ വരുകയുള്ളു. ഒരു ഉച്ചാരണത്തിൽത്തന്നെയാണ് ആ രണ്ടു വ്യഞ്ജനങ്ങളും അടങ്ങി വരുന്നത് എന്നർത്ഥം. സ്വരങ്ങൾക്കെല്ലാം പ്രത്യേകംതന്നെ സ്പഷ്ടമായ ഉച്ചാരണം ഉള്ളതുകൊണ്ട് സ്വരസംയോഗങ്ങളിലാണ് വർണ്ണവികാരം അധികമായി ആവശ്യപ്പെടുന്നത്. ഈവക തത്ത്വങ്ങൾകൂടി ഇവിടെ ഗ്രഹിക്കേണ്ടതാകുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 72

1 ലോപസന്ധി

1. സ്വരത്തിൻമുൻപു ലോപിക്കും
സംവൃതം വ്യർത്ഥമാകയാൽ;[2] അതിനെ സ്വരമായിട്ടേ
വകവയ്ക്കേണ്ട സന്ധിയിൽ.

ഏതെങ്കിലും ഒരു സ്വരം പരമായി വന്നാൽ സംവൃതോകാരം ലോപിക്കും. വ്യഞ്ജനം മാത്ര മായിട്ടുച്ചരിച്ചു നിറുത്തിയാൽ സ്പഷ്ടോച്ചാരണം സംഭവിക്കാത്തതിനാൽ "കാട്ട്", "നാട്ട്" മുത ലായ പദങ്ങളിൽ അവസാനത്തിൽ കാണുന്ന സംവൃതം ടകാരത്തിന്റെ ഉച്ചാരണം സ്പഷ്ടമാ ക്കാൻമാത്രം ഉച്ചരിക്കുന്നതാണ്. ആ സ്ഥിതിക്ക് ആ വക സംവൃതത്തിനുമേൽ ഒരു സ്വരം വരുന്നതായാൽ ആ സ്വരത്തോടു ചേർത്തുംകൊണ്ട് ഉച്ചരിച്ചാലും ടകാരത്തിനു സ്പഷ്ടതയു ണ്ടാകുമെന്നിരിക്കെ സംവൃതത്തെ അപ്പോൾ ചേർക്കേണ്ട ആവശ്യം വരുന്നില്ല. അതിനാൽ സ്വരം പരമാകുന്നിടത്തെല്ലാം സംവൃതം ഉള്ളതായിത്തന്നെ വിചാരിക്കേണ്ടതുമില്ല.

ഉദാ:	തണുപ്പ്	+	ഉണ്ട്	=	തണുപ്പുണ്ട്.
	കാററ്	+	അടിക്കുന്നു	=	കാറ്റടിക്കുന്നു.

2. ചെയ്തു ചെയ്യുന്നു എന്നുള്ളൊ-
രാഖ്യാതാന്ത്യമുകാരവും
ലോപിക്കും സദൃശംപോലെ[3]
സംവൃതോപജ്ഞമാകയാൽ.

ചെയ്തു, ചെയ്യുന്നു മുതലായ കൃതികളുടെ അവസാനത്തിലുള്ള ഉകാരവും സ്വരംപരമായി വരു മ്പോൾ ലോപിക്കും. കൃതികളുടെ അവസാനത്തിൽ കാണുന്ന ഈ ഉകാരത്തിന്റെയും ആദ്യ ത്തെ സ്വരൂപം വ്യഞ്ജനങ്ങളുടെ ഉച്ചാരണസ്പഷ്ടതയ്ക്കുവേണ്ടി ചേർക്കുന്ന സംവൃതമായിട്ടുത ന്നെയാണ് കൃതികളെല്ലാം വാക്യാവസാനത്തിൽ വരുന്നതുകൊണ്ട് വാക്യത്തിന്റെ ബല പുഷ്ടിക്കുവേണ്ടി ആ സംവൃതത്തെ വിവൃതമാക്കി ഉച്ചരിക്കുകയാണ് ചെയ്തുവരുന്നത്. കൃത്യം ശത്തിൽ അസാധാരണമായ ബലം കാണിക്കേണ്ടിവരുമ്പോൾ ഈ മാതിരി വിവൃതോച്ചാ രണംകൊണ്ടുപോലും മതിയാകാതെ അതിനെ ദീർഘമാക്കി ഉച്ചരിക്കുകകൂടി പതിവുണ്ട്. "വന്നു ശരത്സമയം" എന്നും മററുമുള്ള പ്രയോഗം നോക്കുക. ഏതെല്ലാം സ്ഥലങ്ങളിൽ കൃതി കൾക്കുശേഷം അർത്ഥവിശേഷം കാണിപ്പാൻ ചേർക്കുന്ന ഖിലധാതുരൂപങ്ങളോ[4] പുരുഷ പ്രത്യയങ്ങളോ ഉണ്ടായിവരുന്നവോ ആവക സ്ഥലങ്ങളിൽ ഈ സംവൃതം വാക്യാവസാ നത്തിലല്ലായ്കയാൽ വാക്യബലത്തിനുവേണ്ടി അതിനെ വിവൃതമാക്കി ഉച്ചരിക്കേണ്ട ആവ ശ്യം വരുന്നില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ലോപവും വരും. ഇതാണ് "സദൃശംപോലെ"

---

[2] വ്യർത്ഥമാകയാൽ = വ്യഞ്ജനങ്ങളുടെ സ്പഷ്ടോച്ചാരണത്തിനുവേണ്ടി മാത്രം ചേർക്കുന്നതാകയാൽ.

[3] ഏതാനും ലക്ഷ്യങ്ങളിൽ നിയതമായി ലോപവും മറ്റുചില ലക്ഷ്യങ്ങളിൽ വികല്പമായി ലോപവും വരുന്നതുകൊ ണ്ടായിരിക്കാം "സദൃംപോലെ" എന്നു പറഞ്ഞതു്.

[4] ഉണ്ട്, ഇല്ലാ, അല്ല മുതലായവ ഖിലധാതു രൂപങ്ങൾ "ഖിലാധാതുക്കൾ"" എന്ന പ്രകരണം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദ യം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതിക രണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

എന്നു പറഞ്ഞിട്ടുള്ളത്. ഖിലധാതുരൂപങ്ങളോ പുരുഷപ്രത്യയങ്ങളോ പരമാകുമ്പോൾ ഈ ലോപം നിത്യമായിട്ടും നിപാതങ്ങൾ പരങ്ങളായാൽ വികല്പമായിട്ടും ആണ് വരുന്നത്.[5] ഉദാ:

നിത്യം: { കണ്ടു + ഇല്ല = കണ്ടില്ല; കാണുന്നു + ഉണ്ട് = കാണുന്നുണ്ട്
കണ്ടു + ആൻ = കണ്ടാൻ; കാണുന്നു + ഏൻ = കാണുന്നേൻ.

വികല്പം: കണ്ടു + ഓ = കണ്ടുവോ, കണ്ടോ

ഗദ്യത്തിലെല്ലാം കൃതികൾ വാക്യാവസാനത്തിൽ വരുന്നതിനാൽ മേൽപറഞ്ഞ തരം ശബ്ദങ്ങളല്ലാതെ മററു ശബ്ദങ്ങൾ കൃതികൾക്കുശേഷം വരുന്നില്ല. അതിനാൽ അവിടെ സന്ധി തന്നെ ആവശ്യപ്പെടുന്നില്ല. പദ്യത്തിലാകട്ടെ, "ഇതു" എന്ന നപുംസകരൂപത്തോടുകൂടി "ചെയ്യുന്നിതീവീരൻ" എന്ന മാതിരിയിൽ പ്രയോഗിക്കുകയാണു വേണ്ടത്. "ഹന്ത നീത്തു
147 ന്നവേഹോ! എന്നും ചില പ്രയോഗങ്ങൾ കാണുന്നുണ്ട്.

3. അല്ല–ഇല്ലയ്ക്കന്ത്യലോപ-മായി–പോയിക്കുമൊത്തപോൽ.

അല്ല, ഇല്ല ഈ ശബ്ദങ്ങളുടെ അന്ത്യമായ അകാരവും, ആയി, പോയി ഇവയുടെ അന്ത്യമായ ഇകാരവും സ്വരം പരമാകുമ്പോൾ സദൃശംപോലെ ലോപിക്കും.[6]

ഉദാ: അല്ല + എന്ന് = അല്ലെന്ന്; ഇല്ല + എന്ന് = ഇല്ലെന്ന്
ആയി + എന്ന് = ആയെന്ന്; പോയി + എന്ന് = പോയെന്ന്

പേരെച്ചങ്ങളുടെ അവസാനത്തിലുള്ള അകാരം ലോപിച്ച് "പൂണുന്നിക്കൃതി" എന്നും മറ്റും പ്രയോഗിക്കുന്നതു ശരിയല്ല.[7] ആവക സ്ഥലങ്ങളിൽ "പുണന്നൊരിക്കൃതി" എന്നു വേണ്ടതാ

---

5 "എൻ ഖിലധാതുവാണെന്നു ഖിലധാതുപ്രകരണത്തിൽ പറഞ്ഞിരിക്കുകയാൽ എന്ന്, എങ്കിൽ മുതലായവ ഖിലാധാതുരൂപങ്ങളാണെന്നു സിദ്ധിക്കുന്നു. പക്ഷേ, ആ ഖിലാധാതുരൂപങ്ങൾ പരമമാകുമ്പോൾ ലോപം കാണാതിരിക്കുന്നുമുണ്ട്.

"ചെയ്യ + എങ്കിൽ = { ചെയ്യെങ്കിൽ
ചെയ്യവെങ്കിൽ

കേട്ടു + എന്ന് = { കേട്ടെന്ന്
കേട്ടുവെന്ന്""

എന്നീ ഉദാഹരണങ്ങൾ കേരളപാണിനീയം ഒന്നാം പതിപ്പിൽത്തന്നെ (1071 M. E.) കൊടുത്തിട്ടുണ്ട്. "ഒരു വ്യാകരണകാര്യം ഇച്ഛപോലെ ആവാമെന്നിരിക്കുക ആകുന്നു വികല്പം""— കേരളപാണിനീയം, 1071 M. E.

6 പോരാ, വേണ്ടാ മുതലായ ചില നിഷേധരൂപങ്ങളുടെ അന്ത്യമായ "ആ" കാരവും വികൽപമായി ലോപിക്കും. (വേണ്ടാ + ന്ന് =)വേണ്ടെന്ന്, (പോരാ + എങ്കിൽ =) പോരെങ്കിൽ, (കൂടാ + എന്ന് =) കൂടെന്ന് മുതലായ രൂപങ്ങൾ ഈ കേരളപാണിനീയത്തിൽത്തന്നെയുണ്ട്.

7 കഴിഞ്ഞാഴ്ച, പോകുന്നിടം മുതലായവയിലെ പേരെച്ചപ്രത്യയലോപത്തിനു സാധുത്വം പ്രയോഗപ്രാചുര്യത്താ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ണ്. അതിലെ "ഒരു" എന്നത് "അ" എന്നുള്ള പേരെച്ചപ്രത്യയത്തിനു പകരം വരുന്നതുമാണ്. 165

4. പ്രാർത്ഥനാർത്ഥക്രിയാംഗത്തി-
ന്നന്ത്യാകാരവുമിങ്ങനെ.

ക്രിയാംഗം എന്നാൽ വിനയെച്ചം. അതിന്റെ വകഭേദങ്ങളിൽ ഒന്നായ നടുവിനയെച്ചത്തിനു സബഹുമാനമായ പ്രരണയും അർത്ഥമുണ്ട്. അതിന്റെ ഒടുവിലത്തെ അകാരവും ലോപിക്കും.

ഉദാ: അറിക + അമരേശ്വര! = അറികമരേശ്വര!
വരിക + എടോ = വരികെടോ 176

5. അകാരം ലുപ്തമായ്ക്കാണും
വേറിട്ടും പലെടങ്ങളിൽ.

വേറെ പല സ്ഥലങ്ങളിലും സന്ധിയിൽ അകാരം ലോപിച്ചുകാണും.
ഉദാ: പല + എടങ്ങളിൽ = പലെടങ്ങളിൽ. 182

6. അട്ടെ, ആതെ, ഉടെ, ഊടെ,
ഇവയന്ത്യം കളഞ്ഞുമാം;[8]
ഹ്രസ്വം നീട്ടാം ബലത്തിന്നായ്;
തള്ളാം പ്രാധാന്യഹാനിയിൽ.

നിയോജകപ്രത്യയമായ "അട്ടെ" എന്നതിന്റെയും മറുവിനയെച്ചമായ "ആതെ" എന്നതിന്റെയും സംബന്ധികാപ്രത്യയമായ "ഉടെ" എന്നതിന്റെയും ഗതിയായ "ഊടെ" എന്നതിന്റെയും അന്ത്യമായ എകാരം സ്വരംപരമാകുമ്പോൾ വികല്പേന ലോപിക്കും.[9]

ഉദാ:	പോട്ടെ + അവൻ	=	പോട്ടവൻ, പോട്ടെയവൻ
	വരാതെ + ഇരുന്നു	=	വരാതിരുന്നു, വരാതെയിരുന്നു
	ശാമിയുടെ + അച്ഛൻ	=	ശാമിയുടച്ഛൻ, ശാമിയുടെയച്ഛൻ
	വാതിലിലൂടെ + ഇറങ്ങുന്നു	=	വാതിലിലൂടിറങ്ങുന്നു, വാതിലിലൂടെയിറങ്ങുന്നു.

ഇവയുടെ ഹ്രസ്വമായ എകാരവും മുൻപറഞ്ഞപോലെ ബലപ്പെടുത്തേണ്ട സ്ഥലങ്ങളിൽ ദീർഘമാക്കി ഉച്ചരിക്കുകയും പ്രാധാന്യമില്ലാതെവരുന്ന സ്ഥലങ്ങളിൽ തീരെ ഉച്ചരിക്കാതിരി

ലാണെന്നുവെയ്ക്കാം.

[8] കളഞ്ഞുമാം = കളയുകയോ കളയാതിരിക്കുകയോ ചെയ്യാം

[9] പോടാ, വാടാ, അവിടവിടെ എന്നിങ്ങനെ വേറെയും പലെടങ്ങളിൽ എകാരം ലോപിക്കാരുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 202

ക്കുകയും ചെയ്യാവുന്നതാണ്. അതിനാൽ ഇവ ലോപിക്കുന്നതിനുള്ള യുക്തിയും മുൻപറഞ്ഞ തുതന്നെ ആകുന്നു.

(1) ഒട്ടും + ഏ = ഒട്ടേ, അട്ടേ

(2) ആതു + ഏ = ആതേ

(3) ഉടയ = ഉടെ

(4) ഊട്ട് = (ഉള്ള്) + ഏ = ഊടേ

ഇതിൽ (3) ഒഴികെ എല്ലാത്തിലും "ഏ" നിപാതമാകുന്നു. അതിനാൽ ഇതുകൾക്ക് അന്ത്യ ലോപം വരുമ്പോൾ "ഏ" നിപാതം ചേർക്കാത്ത ഫലം വരുന്നതേ ഉള്ളു. "ഉടയ" ചുരുങ്ങി "ഉടെ" ആയതിനുമേൽ എകാരവുംകൂടി ലോപിപ്പിക്കുമ്പോൾ മൂലശബ്ദത്തിനു വളരെ വെത്യ്യാസം വന്നുപോകുന്ന ഉടേ[10] എന്നു ദീർഘം ചെയ്യുന്നതിനും ന്യായം പോരാ.[11]

230

2 ആഗമസന്ധി

7. വർജ്ജിപ്പൂ സ്വരസംയോഗം
യ വ ചേർത്തു യഥാവലേ;
പൂർവ്വം താലവ്യമാണെങ്കിൽ
യകാരമതിലേയ്ക്കണം;[12]
പൂർവ്വമോഷ്ട്യസ്വരം വന്നാൽ
വകാരം ചേർത്തുകൊള്ളുക.

സ്വരങ്ങൾക്ക് സ്വതന്ത്രമായ ഉച്ചാരണം ഉള്ളതിനാൽ രണ്ടു സ്വരങ്ങൾ ചേർത്തുച്ചരിക്കുന്നതിൽ സൗകര്യക്കുറവുണ്ട്. അതിനാൽ ഉച്ചാരണത്തിൽ സ്വരസംയോഗം വർജ്ജ്യമാകുന്നു. രണ്ടു സ്വരങ്ങൾ അടുത്തടുത്തു വന്നാൽ മധ്യത്തിൽ യകാരമോ വകാരമോ യുക്തംപോലെ ചേർത്ത് ഉച്ചരിച്ചു കൊള്ളണം. മുൻപിലത്തെ സ്വരം താലവ്യമാണെങ്കിൽ മധ്യത്തിൽ

[10] സമുച്ചയനിപതമായ "ഉം" പരമാകുമ്പോൾ "ഉടെ"-യുടെ അന്ത്യമായ എകാരം ദീർഘിപ്പിക്കാമെന്നു "വ്യാകരണമിത്രം" പറയുന്നു. എന്നുമാത്രമല്ല, അത്തരം ദീർഘീകരണം കേരളപാണിനീയത്തിൽത്തന്നെ ധാരാളം കാണാം. സമുച്ചയനിപാതത്തിനുമുൻപ് പ്രതിഗ്രാഹികാവിഭക്തിപ്രത്യയമായ "എ"-യും ദീർഘിപ്പിക്കാറുണ്ടല്ലോ. ഉദാ: അതിനേയും ഇതിനേയും. ഇതും കേരളപാണിനീയത്തിൽ കാണാം.

[11] സ്വരസന്ധിയിലെ ലോപത്തെക്കുറിച്ചുമാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളു. വ്യഞ്ജനസന്ധിയിലും ലോപം സംഭവിക്കാറുണ്ട്. കള്ളൻ + കാള = കള്ളക്കാള, മരം + നീർ = മരനീർ, ആട്ടം + കാരൻ = ആട്ടക്കാരൻ എന്നിങ്ങനെ പുല്ലിംഗനാമങ്ങളുടെ അന്ത്യമായ നകാരവും നപുംസകനാമങ്ങളുടെയും കൃതികൃത്തുക്കളുടെയും അന്ത്യമായ മകാരവും ചിലപ്പോൾ ലോപിച്ചുകാണുന്നു. പ്രാചീന മലയാലത്തിൽ ഗ്രന്ഥഭാഷയിലും ആധുനികമലയാളത്തിൽ സംഭാഷണഭാഷയിലും യ, ര, ല, ള, ഴ എന്നീ ചില്ലുകൾ ചിലപ്പോൾ ലോപിക്കും. താവഴി (തായ്വഴി), മക്കത്തായം (മക്കൾത്തായം), കേപ്പോർ (കേൾപ്പോർ), കടപ്പുറം (കടൽപ്പുറം), പൂലന്നു (പൂലർന്നു), കീപ്പോട്ട് (കീഴ്പോട്ട്) എന്നിങ്ങനെ ഉദാഹരണങ്ങൾ. പദമദ്ധ്യത്തിലെ ककारവകാരങ്ങൾക്കു ലോപം വരുകയും അപൂർവ്വമല്ല.

[12] ഏയ്ക്കണം-ഏച്ചുകൊള്ളണം, ചേർക്കണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 247

യകാരം ചേർക്കുന്നത് യുക്തം. മുൻപിലത്തേത് ഓഷ്ഠ്യസ്വരമായി വരുന്നിടത്ത് മധ്യത്തിൽ വകാരം യുക്തം. താലവ്യങ്ങളായ അ, ആ, ഇ, ഈ, എ, ഏ, ഐ ഇവയ്ക്ക് സ്വരം പരമാകുമ്പോൾ രണ്ടിന്റെയും മധ്യത്തിൽ ആഗമമായി യകാരവും, ഓഷ്ഠ്യങ്ങളായ അ, ആ, ഉ, ഊ, ഒ, ഓ, ഔ ഇവയ്ക്ക് സ്വരം പരമാകുമ്പോൾ മധ്യത്തിൽ ആഗമമായി വകാരവും വന്നുചേരുമെന്നർത്ഥം.[13]

ഉദാ:	താലവ്യങ്ങൾക്ക്	ഓഷ്ഠ്യങ്ങൾക്ക്
	കര + ഉള്ള = കരയുള്ള	തട + ഉന്നു = തടവുന്നു
	പോരാ + ഇത് = പോരായിത്	ചാ + ഉന്നു = ചാവുന്നു
	വഴി + ആകും = വഴിയാകും	തിരു + ഓണം = തിരുവോണം
	തീ + ആട്ട് = തീയാട്ട്	പൂ + അമ്പ് = പൂവമ്പ്
	തന്നെ + അവൻ = തന്നെയവൻ	പോ + ഉന്നു = പോവുന്നു
	ചേർന്നേ + ഉള്ളു = ചേർന്നേയുള്ളു	കെ + ഉണ്ട് = കെയുണ്ട്

ഹ്രസ്വമായ ഒകാരത്തിലും ഔകാരത്തിലും അവസാനിക്കുന്ന പദങ്ങളോ പ്രകൃതിപോലുമോ മലയാളഭാഷയിൽ അതിദുർല്ലഭമാണ്. സൗകര്യം കൊണ്ടുമാത്രം ആ രണ്ടു സ്വരങ്ങളെയും കൂടി ഇവിടെ ഉൾപ്പെടുത്തി ഓഷ്ഠ്യസ്വരങ്ങൾ എന്നു വിധിയിൽ പറഞ്ഞിരിക്കുന്നുവെന്നേ ഉള്ളു. 261

8. യാവിന്നുനാവും വാവിന്നു
കാവും കൃതിയിൽ വന്നിടാം
ശ്രുതിമാധുര്യാർത്ഥമായും
ണാഗമം ചിലെടങ്ങളിൽ.

കൃതികളിൽ താലവ്യസ്വരത്തിനു സ്വരം പരമാകുമ്പോൾ യകാരം പോലെ ണകാരവും ആഗമമായി വരുന്നതാണ്. അപ്രകാരംതന്നെ ഓഷ്ഠ്യസ്വരത്തിനു സ്വരം പരമായാൽ വകാരം പോലെ കകാരവും ആഗമമായി വരും.

ഉദാ:	കാട്ടി + ഏൻ	=	കാട്ടിനേൻ, കാട്ടിയേൻ
	വിലസി + ആൻ	=	വിലസിനാൻ, വിലസിയാൻ
	പോ + ഉന്നു	=	പോകുന്നു, പോവുന്നു
	തട + ഉന്നു	=	തടകുന്നു, തടവുന്നു.

ഇതിൽ താലവ്യങ്ങൾക്കു പറഞ്ഞ കാരാഗമം ആഖ്യാതങ്ങളിലെന്നപോലെ പേരെച്ചങ്ങളിലും വരും.

[13] ഓഷ്ഠ്യമായ ഒകാരത്തിനു സ്വരം പരമാകുമ്പോൾ രണ്ടിന്റെയും മധ്യത്തിൽ യകാരവും ചിലപ്പോൾ ആഗമം വരുന്നതായി കാണാം.
ഉദാ: പ്ലേറ്റോ + ഉ = പ്ലേറ്റോയുടെ ഉണ്ടോ + എന്ന് = ഉണ്ടോയെന്ന് (കൃഷ്ണഗാഥ).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 279

ഉദാ: വിലസി + അ = വിലസിന, വിലസിയ
കരുതി + അ = കരുതിന, കരുതിയ

അനുനാസികപ്രിയന്മാരായ മലയാളികൾ ചില സ്ഥലങ്ങളിൽ കർണ്ണസുഖത്തിനുവേണ്ടിയും ഇകാരം ആഗമമായി ചേർക്കാറുണ്ട്.

ഉദാ: കരി + പുലി = കരിമ്പുലി
പുളി + കുരു = പുളിങ്കുരു

ഈ ഉദാഹരണങ്ങളിൽ "കരിമ്പുലി" എന്നതിൽ മകാരവും "പുളിങ്കുരു" എന്നതിൽ ങകാരവും ആണ് കാണുന്നതെങ്കിലും അതു രണ്ടും കാരത്തിന് ആദേശമായി വരുന്നതാണെന്നു മേ
290 ലിൽ സ്പഷ്ടമാകും.

9. വകാരാഗമമേ ചേരു
ചുട്ടെഴുത്തുകൾ മൂന്നിലും;
അറിവാനറിവേനെന്ന
വകാരം ഭാവിചിഹ്നമാം.

താലവ്യസ്വരങ്ങൾക്കു സ്വരം പരമായാൽ മധ്യത്തിൽ യകാരമാണ് ആഗമം എന്നുള്ള വിധിക്കു ദോഷം ശങ്കിച്ച് ആ ദോഷം വരുന്നതല്ലെന്ന് പരിഹരിക്കയാണ് ഈ സൂത്രത്തിന്റെ പൂർവ്വാർദ്ധംകൊണ്ടു ചെയ്തിരിക്കുന്നത്. അ, ഇ, എ എന്ന വിവേചകസർവ്വനാമങ്ങൾക്കു "ചുട്ടെഴുത്ത്" എന്നു തമിഴർ പേർ ചെയ്തിരിക്കുന്നു. ഇതു മൂന്നും താലവ്യസ്വരമാണെങ്കിലും ഇതിനു സ്വരം പരമാകുമ്പോൾ വകാരാഗമമാണ്, യകാരാഗമമല്ലെന്ന് അപവാദം. ഉദാ: അ + അൻ = അവൻ, ഇ + അൻ = ഇവൻ, എ + അൻ = എവൻ ഈ സർവ്വനാമങ്ങളെത്തന്നെ ഭേദകങ്ങളാക്കി ഉപയോഗിക്കുമ്പോഴും വകാരാഗമം തന്നെ.
ഉദാ: അ + ഇടം = അവിടം, ഇ + ഇടം = ഇവിടം, എ + ഇടം = എവിടം
പേരെച്ചപ്രത്യയമായ അകാരവും ചുട്ടെഴുത്തുതന്നെ ആകയാൽ അതിലും വകാരാഗമംതന്നെ വേണം.

ഉദാ: ചെയ്ത + അൻ = ചെയ്തവൻ
ചൊല്ലാർന്ന + അയോധ്യ = ചൊല്ലാർന്നവയോധ്യ

എന്നാൽ ആധുനികമലയാളത്തിൽ "ചൊല്ലാർന്നയയോധ്യ" എന്ന് ഉത്സർഗ്ഗ വിധിപ്രകാരംതന്നെ പ്രയോഗം വന്നിരിക്കുന്നു. ഇപ്പോൾ പദമദ്ധ്യസന്ധിയിലും, "അവിടം" "ഇവിടം" മുതലായ സമാസപ്രായങ്ങളായ പദപ്രയോഗങ്ങളിലും മാത്രമേ വകാരാഗമം ഉപയോഗിക്കാറുള്ളൂ.

ഇനി വേറെ ഒരു വ്യത്യസ്തത്തിനു സമാധാനംകൂടി കാണിക്കുന്നു:

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 328

അറി + ആൻ എന്ന പ്രകൃതിപ്രത്യയങ്ങളുടെയും, അതുപോലെ അറി + ഏൻ എന്ന പ്രകൃതിപ്രത്യയങ്ങളുടെയും സന്ധിയിൽ മദ്ധ്യത്തിൽ വകാരാഗമം, വന്ന് "അറിവാൻ" എന്നും "അറിവേൻ" എന്നും ആയിട്ടാണ കാണുന്നത്. അല്ലാതെ താലവ്യസ്വരത്തിനു പറഞ്ഞ യകാരാഗമം വന്ന് "അറിയാൻ" എന്നും "അറിയേൻ" എന്നും ആയിട്ടല്ല. അതിനാൽ മേല്ക്കാണിച്ച യകാരാഗമം താലവ്യസ്വരങ്ങളിൽ നിത്യമല്ല എന്നു ശങ്ക. ആ പദങ്ങളിൽ കാണുന്ന വകാരം സ്വരസന്ധിപ്രകാരം ആഗമമായി വരുന്നതല്ല, ഭാവിപ്രത്യയചിഹ്നമായ വകാരമാണ്. അതുകൊണ്ടു മേല്പറഞ്ഞ വിധി നിത്യംതന്നെയാണ് എന്നു പരിഹാരം. അറിവാൻ എന്നതു പിൻവിനയെച്ചമാണ്; അതു ഭാവികാലത്തെ കുറിക്കയും ചെയ്യുന്നു. അറിയും + ആൻ = അറിയുവാൻ എന്നു ഭാവിരൂപത്തിൽനിന്നുതന്നെ അതിനെ ഉണ്ടാക്കയും ആകാം. "ഉ" എന്ന ഭാവിപ്രത്യയം ചേർക്കാത്തപ്പോഴും ഭാവികാലസൂചനയ്ക്കാണ് വകാരാഗമം. ഭാവ്യംശം എല്ലാം വിട്ടുന്നപക്ഷം അറി + ആൻ = അറിയാൻ എന്ന ഉത്സർഗ്ഗരൂപവും ആകാം. നാടോടിഭാഷയിൽ ഇതുതന്നെയാണ നടപ്പും.

"അറിവേൻ" എന്നതിനെ "അറിയേൻ" എന്നാക്കുക ഒരിക്കലും പതിവില്ല; അതിനുകാരണം അതു ഗ്രന്ഥഭാഷയിൽ മാത്രം ഉപയോഗിക്കുന്ന രൂപമായിപ്പോയതും, "അറിയേൻ" എന്നതു നിഷേധരൂപഭ്രമം ഉണ്ടാക്കുന്നതും ആകുന്നു. 333

10. യവാഗമം നിപാതത്തിൻ-സ്വരത്തിങ്കലസുന്ദരം.

"നിപാതങ്ങൾ"[14] എന്ന ഇനത്തിൽപ്പെട്ട പദങ്ങളുടെ അവാനത്തിൽ വരുന്ന സ്വരങ്ങൾക്കു സ്വരം പരമായാലും മദ്ധ്യത്തിൽ യകാരമോ വകാരമോ ആഗമമായി ചേർത്തുച്ചരിക്കുന്നതു നന്നായിരിക്കയില്ല. സംസ്കൃതവൈയാകരണന്മാർ "പ്രഗൃഹ്യം" എന്നു പേരിട്ടിട്ടുള്ള ശബ്ദങ്ങൾ ഉച്ചരിക്കുന്നതുപോലെ യാതൊരു സന്ധികാര്യവും കൂടാതെതന്നെ ഉച്ചരിക്കുന്നതാണു നന്നായിരിക്കുക.

ഉദാ:	എന്തോ + അവൻ	=	എന്തോ അവൻ;
	ഏതോ + ഒന്ന്	=	ഏതോ ഒന്ന്;
	അതാ + ഒരുവൻ	=	അതാ ഒരുവൻ.

ഇങ്ങനെ അല്ലാതെ, എന്തോവവൻ, ഏതോവൊന്ന്, അതായൊരുവൻ എന്നെല്ലാം ഉച്ചരിക്കുന്നതു ഭാഷയുടെ സ്വഭാവത്തിനു യോജിക്കുന്നതല്ല. 349

11. ദീർഘത്തിന്നവസാനത്തിൽ ബാഹുല്യേന[15] യവാഗമം.

[14] 31-ാം കാരികയും അതിന്റെ വ്യാഖ്യാനവും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 360

ആ, ഈ, ഊ, ഐ, ഓ എന്നുള്ള ദീർഘസ്വരങ്ങൾ അവസാനത്തിലുള്ള ശബ്ദങ്ങൾക്ക് അതാതിന്റെ യുക്തം പോലെ ആ ദീർഘസ്വരത്തിനുശേഷം യകാരമോ വകാരമോ അന്താഗമമായി വരും. എന്നാൽ ഈ യവാഗമങ്ങൾ ചില ശബ്ദങ്ങളിലേ ഉണ്ടാകയുള്ളൂ. ഇന്ന ഇന്ന ശബ്ദങ്ങളിലാണ് ഉണ്ടാകുന്നതെന്നു വ്യാകരണശാസ്ത്രത്താൽ നിയമിക്കാവുന്ന ഒരു വ്യവസ്ഥയും ഇല്ലതാനും. അതുകൊണ്ടാണ് "ബാഹ്ലേന" എന്നു പറഞ്ഞിരിക്കുന്നത്.

ഉദാ:	കാ = കായ്;	പാ = പായ്;
	നാ = നായ്, നാവ്;	രാ = രായ്, രാവ്;
	തീ = തീയ്;	നീ = നീയ്;
	പൂ = പൂവ്;	ഗോ = ഗോവ്;
	കൈ = കൈയ്.	

ബഹ്ലമാകയാൽ തീ, പൂ, കൈ, എന്ന് ആഗമംകൂടാതെയും ഗുരുവ്, പരുവ് ഇത്യാദി ഹ്രസ്വ
375 ങ്ങളിൽ ആഗമം ചേർത്തും പ്രയോഗം കാണും.[16]

12. പ്രത്യയാദിക്കകാരത്തിൻ-മുൻപും താലവ്യയാഗമം.

ഒരു പ്രത്യയത്തിന്റെ ആദിയിലിരിക്കുന്ന ഇരട്ടിച്ച കകാരത്തിനു മുൻപിലുള്ള താലവ്യസ്വരങ്ങൾക്കു ശേഷവും യ[17] കാരം ആഗമമായി വരും.

ഉദാ: തല + ക്ക് = തലയ്ക്ക്;
വല + ക്കുന്നു = വലയ്ക്കുന്നു
തല + ക്കൽ = തലയ്ക്കൽ;
ചിരി + ക്കുന്നു = ചിരിയ്ക്കുന്നു;
ഹരി + ക്കുന്നു = ഹരിയ്ക്കുന്നു

പ്രത്യയാദിയല്ലെങ്കിൽ,

ചാടി + കടക്കുന്നു = ചാടിക്കടക്കുന്നു.
തടി + കഷണം = തടിക്കഷണം
അര + കൽ = അരക്കൽ (കല്ലിന്റെ പകുതി).

---

[15] "വ്യാകരണത്തിൽ ഒരു കാര്യം ബഹ്ലമായിട്ടു വരുമെന്നു പറഞ്ഞിരുന്നാൽ ആയതിന്, ചിലേടത്തു പ്രവൃത്തിയും ചിലേടത്ത് അപ്രവൃത്തിയും ചിലേടത്ത് വികൽപവും ചിലേടത്ത് ഇതു വരികയില്ലെന്നു മാത്രമല്ല മറ്റൊന്നു വരികയും ഇത്യാദി അവ്യവസ്ഥ അറിയേണ്ടതാകുന്നു.""— കേരളപാണിനീയം, ഒന്നാംപതിപ്പ് (1071 M. E.).

[16] ദീർഘസ്വരത്തെ ഹ്രസ്വമാക്കാറുണ്ട്. ഉദാ: തേങ്ങാ > തേങ്ങ, കടുവാ > കടുവ.

[17] പൂർവ്വസ്വരം ഓഷ്ഠ്യമോ താലവ്യമോ എന്ന സന്ദേഹം വരുന്നിടത്തു മാത്രമേ യകാരം എഴുതിക്കാണിക്കേണ്ടതുള്ളൂ. അതിനാൽ അകാരത്തിനു പിൻപുമാത്രം എഴുതിയാൽ മതിയാകും: മറയ്ക്കുന്നു, മറക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 397

ഇവയിലെ കകാരം പ്രത്യയാദിയല്ല.[18] മുമ്പു നില്ക്കുന്നതു താലവ്യമല്ലെങ്കിൽ,

കറു + ക്കുന്നു = കറുക്കുന്നു
വെറു + ക്കുന്നു = വെറുക്കുന്നു

ഇവിടെ മുൻസ്വരം ഓഷ്ഠ്യമാകയാൽ പ്രത്യയാദിക്കകാരമാണെങ്കിലും യകാരാഗമം ഇല്ല.

3 ദ്വിത്വസന്ധി

406

13. ഖരാതിഖരമൂഷ്മാവും
മൃദുഘോഷങ്ങളും ദ്വഢം;
പഞ്ചമം മദ്ധ്യമം ഹാവും
ശിഥിലാഭിധമായ് വരും.
വിശേഷണവിശേഷ്യങ്ങൾ
പൂർവ്വോത്തരപദങ്ങളായ്
സമാസിച്ചാലിരട്ടിപ്പ
ദ്വഢം പരപദാദിഗം.[19]

സ്വരങ്ങൾ സ്വതന്ത്രോച്ചാരണക്ഷമങ്ങളാകകൊണ്ടും അതുകളുടെ ധ്വനി വിവൃതമാകകൊണ്ടും അതുകളെ ഉച്ചരിക്കുമ്പോൾ കണ്ഠാദിസ്ഥാനങ്ങളിൽ നാക്ക് (സ്പർശിച്ച്) തട്ടി നിന്നുപോകാത്തതുകൊണ്ടും അവ വ്യഞ്ജനങ്ങളെപ്പോലെ കൂടിച്ചേർന്ന് കൂട്ടക്ഷരം ഉണ്ടാകുന്നില്ല. സ്വരയോഗം ഉണ്ടായാലും വ്യഞ്ജനയോഗംപോലെ വ്യക്തമല്ല. വ്യഞ്ജനങ്ങളുടെ ദ്വിത്വസ്ഥാനത്തു സ്വരങ്ങൾക്കു ദീർഘമാണ്; കൂട്ടക്ഷരസ്ഥാനത്തു സന്ധ്യക്ഷരവും. അതിനാൽ ദ്വിത്വവിധിയുടെ വിഷയമെല്ലാം വ്യഞ്ജനം മാത്രമാകുന്നു.[20] അതിലും മലയാളത്തിന്റെ ഏർപ്പാടിൽ തീക്ഷ്ണധ്വനിയുള്ള വർണ്ണങ്ങൾക്കു ദ്വിത്വം ധാരാളം കാണും; കോമളധ്വനിയുള്ളവയ്ക്കു കുറയും. അതിനാൽ ദ്വിത്വത്തിന്റെ ആവശ്യത്തിലേക്കുവേണ്ടി വ്യഞ്ജനങ്ങളെ രണ്ടുതരമായി പിരിക്കുന്നു —[21] ഖരങ്ങൾ 6; അതിഖരങ്ങൾ 5; മൃദുക്കൾ 5; ഘോഷങ്ങൾ 5; ഊഷ്മാക്കൾ 3; ഇങ്ങനെ 24 വ്യഞ്ജനങ്ങൾ ദ്വഢങ്ങൾ, പഞ്ചമങ്ങൾ 6; മദ്ധ്യമങ്ങൾ 6; ഹ;[22] ഇങ്ങനെ 13 വ്യഞ്ജനങ്ങൾ ശിഥിലങ്ങൾ. ഇനി സന്ധികാര്യം വിവരിക്കാം;

വിശേഷവാചകമായിട്ടുള്ളതു പൂർവ്വപദവും വിശേഷ്യവാചകം പരപദവുമായി സമാസിക്കുമ്പോൾ പരപദത്തിന്റെ ആദ്യത്തിലുള്ള ദ്വഢവ്യഞ്ജനങ്ങൾ ഇരട്ടിക്കും.

ഉദാ: തല + കെട്ട് = തലക്കെട്ട് | പശു + ദാനം = പശുദ്ദാനം

[18] അതുകോണ്ട് യകാരാഗമം ഇല്ല.
[19] പരപദത്തിന്റെ ആദിയിലുള്ള ദ്വഢം ഇരട്ടിക്കും എന്നർത്ഥം.
[20] ദ്വിത്വം വരുന്ന വ്യഞ്ജനങ്ങൾക്കാണ് എന്നർത്ഥം.
[21] 4വർഗ്ഗത്തിലെ വർണ്ണങ്ങൾകൂടി ചേർത്തുകൊണ്ടാണ് ഖരങ്ങളും പഞ്ചമങ്ങളും ആറുവീതം വന്നത്.
[22] മദ്ധ്യമങ്ങൾ ഏഴെന്നാണ് അക്ഷരമാലയുടെ പട്ടികയിൽ കാണുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 447

താമര + കുളം = താമരക്കുളം
ഉത്സവ + ധിറുതി = ഉത്സവദ്ധിറുതി
തേങ്ങാ + കൂട് = തേങ്ങാക്കൂട്ട്
മാങ്ങാ + പുര = മാങ്ങാപ്പുര
മടി + ശീല = മടിശ്ശീല
പണി + പുര = പണിപ്പുര
തീ + കനൽ = തീക്കനൽ
പുഴ + കേട് = പുഴക്കേട്ട്
പൂ + തട്ടം = പൂത്തട്ടം
മാതൃ + കല്ല് = മാതൃക്കല്ല്
കൈ + തൊഴിൽ = കൈത്തൊഴിൽ
മയിൽ + കുട്ടി = മയിൽക്കുട്ടി
കവിൾ + തടം = കവിൾത്തടം
തിങ്കൾ + കിടാവ് = തിങ്കൾക്കിടാവ്
മലർ + പൊടി = മലർപ്പൊടി
തളിർ + കൂട്ടം = തളിർക്കൂട്ടം

ഇവ തത്പുരുഷസമാസത്തിൽ വരുന്നതിന് ഉദാഹരണങ്ങൾ. കർമ്മധാരയത്തിൽ:[23]

അര + പണി = അരപ്പണി
തള്ള + ചക്കി = തള്ളച്ചക്കി
പാതി + കുമ്പളങ്ങ = പാതിക്കുമ്പളങ്ങ
പേ + പട്ടി = പേപ്പട്ടി
പുതു + കലം = പുതുക്കലം
തൃ + കൈ = തൃക്കൈ

ബഹുവ്രീഹിയിൽ: താമരക്കണ്ണൻ, മെക്കണ്ണി, ചേനത്തലയൻ, നെറ്റിപ്പാണ്ടൻ.

ദ്വന്ദ്വസമാസം വിശേഷണവിശേഷ്യങ്ങൾ ചേർന്നു സമാസിക്കുന്നതല്ലായ്കയാൽ ഈ ദ്വിത്വം അതിൽ വരികയില്ല.

അരം + പണി = അരപ്പണി
തള്ള + ചക്കി = തള്ളച്ചക്കി
പാതി + കുമ്പളങ്ങ = പാതിക്കുമ്പളങ്ങ
പേ + പട്ടി = പേപ്പട്ടി
പുതു + കലം = പുതുക്കലം
തൃ + കൈ = തൃക്കൈ

ബഹുവ്രീഹിയിൽ: താമരക്കണ്ണൻ, മെക്കണ്ണി, ചേനത്തലയൻ, നെററിപ്പാണ്ടൻ.

ദ്വന്ദ്വസമാസം വിശേഷണവിശേഷ്യങ്ങൾ ചേർന്നു സമാസിക്കുന്നതല്ലായ്കയാൽ ഈ ദ്വിത്വം അതിൽ വരുകയില്ല.

ഉദാ: കൈ + കാൽ = കൈകാൽ;
ആന + കുതിരകൾ = ആനകുതിരകൾ;

[23] ഈ ഗ്രന്ഥത്തിലെ സമാസപ്രകരണത്തിൽ "കർമ്മധാരയൻ" എന്നാണ് സമാസത്തിനു പേർ കൊടുത്തിട്ടുള്ളതെങ്കിലും, കേരളപാണിനീയം ഒന്നാം പതിപ്പിൽ (1071 M. E.) "കർമ്മധാരയം" എന്നാണ് നാമരൂപം കാണുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 481

ഈട്ടി + കുന്തങ്ങൾ = ഈട്ടികുന്തങ്ങൾ;
രാമ + കൃഷ്ണന്മാർ = രാമകൃഷ്ണന്മാർ.

ഘോഷങ്ങൾക്കും അതിഖരങ്ങൾക്കും ദ്വിത്വം വരുമ്പോൾ പൂർവ്വത്തിന് മുറയ്ക്ക് മൃദുവും ഖരവും ആദേശംകൂടി വരുന്നതാണ്.

ഉദാ: ആന + ഭ്രാന്ത് = ആനമ്പ്രാന്ത്;
പാതി + ഫലം = പാതിപ്പലം.

രണ്ടും വിശേഷ്യമാകയാൽ "അലർശരൻ" എന്നിടത്ത് ദ്വിത്വമില്ല. 489

14. അലുപ്താഖ്യസമാസത്തിൽ
ധാതുപൂർവത്തിലും വരാം.

പൂർവ്വപദത്തിലുള്ള ലിംഗവചനപ്രത്യയങ്ങൾക്കു ലോപമില്ലാത്ത സമാസത്തിന് അലുപ്തസമാസമെന്നു പേർ. അതിലും, കേവലധാതുതന്നെ പൂർവ്വപദമായുള്ള സമാസത്തിലും ഇച്ചൊന്ന ഉത്തരപദാദിയിലെ ദ്വഢത്തിനുള്ള ദ്വിത്വം വരുകയില്ല. ഉദാ:

അണ്ടർ + കോൻ = അണ്ടർകോൻ (അർ വചനപ്രത്യയം ലോപിച്ചിട്ടില്ല)
മലമകൾ + ചരണം = മലമകൾചരണം (അൾ ലിംഗപ്രത്യയം ലോപിച്ചിട്ടില്ല)
എരി + തീ = എരിതീ (എരി കേവലധാതു)
കട + കോൽ = കടകോൽ (കട കേവലധാതു)

അലുപ്തസമാസം അപൂർവ്വമാണ്; കവിതയിലേ കാണുകയുള്ളു. 504

15. വിനയെച്ചങ്ങൾ മൂന്നെണ്ണം
മുൻ തൻ പാക്ഷികസംജ്ഞിതം,
ആധാരികാഭാസമാം ഏ
ആലിൽകലെ വിഭക്തികൾ
ഇവയ്ക്കു പിൻ ദ്വഢത്തിന്നു
ദ്വിത്വം വാക്യത്തിലും വരും.

മുൻവിനയെച്ചം, തൻവിനയെച്ചം, പാക്ഷികവിനയെച്ചം ഇവയുടെയും, ആധാരികാർത്ഥക വിഭക്ത്യാഭാസപ്രത്യയമായ ഏ എന്നതിന്റെയും, ആൽ, ഇൽ, കൽ, എ എന്ന വിഭക്തി പ്രത്യയങ്ങളുടെയും പിൻപു വരുന്ന ദ്വഢങ്ങൾ സമാസമില്ലാത്ത സ്ഥലങ്ങളിലും ഇരട്ടിക്കും. ഉദാ:

മുൻവിനയെച്ചം	—	ചാടി	+	പുറപ്പെട്ടു	=	ചാടിപ്പുറപ്പെട്ടു
ടി		പോയി	+	പറഞ്ഞു	=	പോയിപ്പറഞ്ഞു[24]
തൻവിനയെച്ചം	—	ഇരിക്കെ	+	കണ്ടു	=	ഇരിക്കെക്കണ്ടു

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 535

ടി		കൂടെ	+	പോന്നു	=	കൂടെപ്പോന്നു
ടി		മുറുകെ	+	പിടിച്ചു	=	മുറുകെപ്പിടിച്ചു
പാക്ഷികവിനയെച്ചം	—	കാണുകിൽ	+	ചൊല്ലാം	=	കാണുകിൽച്ചൊല്ലാം
ടി		കണ്ടാൽ	+	തല്ലാം	=	കണ്ടാൽത്തല്ലാം
ആധികാരികാഭാസം	—	ജലത്തിലേ	+	പോളകൾ	=	ജലത്തിലേപ്പോളകൾ
ടി		നെറ്റിയിലേ	+	കണ്ണ്	=	നെറ്റിയിലേക്കണ്ണ്
ആൽ (വിഭക്തി)	—	മനസ്സാൽ	+	കൊടുത്തു	=	മനസ്സാൽക്കൊടുത്തു
ടി		വടിയാൽ	+	തടുത്തു	=	വടിയാൽത്തടുത്തു
ഇൽ (വിഭക്തി)	—	അതിൽ	+	തന്നെ	=	അതിൽത്തന്നെ
ടി		കണ്ണിൽ	+	കൊണ്ടു	=	കണ്ണിൽക്കൊണ്ടു
കൽ (വിഭക്തി)	—	തലയ്ക്കൽ	+	പിടിച്ചു	=	തലയ്ക്കൽപ്പിടിച്ചു
ടി		പടിയ്ക്കൽ	+	ചെന്നു	=	പടിയ്ക്കൽച്ചെന്നു
എ (വിഭക്തി)	—	നിന്നെ	+	കണ്ടു	=	നിന്നെക്കണ്ടു
ടി		ബാലനെ	+	പിടിച്ചു	=	ബാലനെപ്പിടിച്ചു

നിരങ്കുശത്വംനിമിത്തം കവികൾ ചിലപ്പോൾ ദ്വിത്വംകൂടാതെയും പ്രയോഗിച്ചുകാണുന്നുണ്ട്. 541 ഉദാ:

"കാമിക്കാത്തവളെ ബലേന തൊട്ടുകൂടാ"— മന്നാടിയാർ
"നാലഞ്ചുപേർ കൂടി ജവേന ചെന്നാർ"— നമ്പിയാർ

ഇങ്ങനെ ദ്വിത്വം ചെയ്യാതിരിക്കുന്നത് മൃദുക്കൾക്കു മാത്രമേ ഉള്ളു; അതിനു യുക്തിയും ഉണ്ട്. ദൃഢങ്ങളിൽ മൃദുക്കൾക്കു മറ്റുള്ളവയെ അപേക്ഷിച്ച് തീക്ഷ്ണത കുറയും. അതുകൊണ്ട് അവയെ 549 കോമളധ്വനികളായ ശിഥിലങ്ങളുടെ കൂട്ടത്തിൽ തള്ളിക്കളയുവാൻ ന്യായം ഉണ്ട്.

16. കൂട്ടക്ഷരമിരട്ടിക്ക പദമധ്യത്തിലാവുകിൽ

ഒരു പദത്തിന്റെ ഇടയിൽ ഇരിക്കുന്ന കൂട്ടക്ഷരത്തിൽ ആദ്യത്തേത് ഇരട്ടിക്കും.[25]

ഉദാ: ലക്ഷ്മി = ലക്ക്ഷ്മി
ഭസ്മം = ഭസ്സ്മം
വൃദ്ധൻ = വൃദ്ദ്ധൻ

എഴുതുമ്പോൾ ലക്ഷ്മി, ഭസ്മം എന്നെല്ലാമേ എഴുതുക പതിവുള്ളു. എങ്കിലും ഉച്ചരിക്കുമ്പോൾ ഇരട്ടിപ്പോടുകൂടിത്തന്നെ വേണം. പദമദ്ധ്യത്തിലല്ലെങ്കിൽ ഈ ദ്വിത്വം വേണ്ട.

---

[24] ഇകാരത്തിലവസാനിക്കുന്ന മുൻവിനയെച്ചം വരുന്നിടത്തേ ഈ ദ്വിത്തമുള്ളു. "നടന്നുകണ്ടു" മുതലായവയിൽ മുൻവിനയെച്ചത്തിനു പിൻപു വരുന്ന ദൃഢം ഇരട്ടിക്കാത്തതു് സംവൃതത്തെ സ്വരമായി ഗണിക്കായ്കയാലാണ്. "വർണ്ണവികാരങ്ങൾ" (2) നോക്കുക.

[25] ഉൽപാദനം ദുഷ്ക്കാലം മുതലായവയിൽ കൂട്ടക്ഷരത്തിന്റെ രണ്ടാമത്തെ വർണ്ണമല്ലേ ഇരട്ടിക്കുന്നതു്?

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 566

ഉദാ: പറഞ്ഞ + പ്രകാരം = പറഞ്ഞപ്രകാരം
ഭാര്യ + പ്രസവിച്ചു = ഭാര്യ പ്രസവിച്ചു
മേനി + ക്ഷീണിച്ചു = മേനി ക്ഷീണിച്ചു
ഉരു + ഭ്രമിച്ചു = ഉരു ഭ്രമിച്ചു

568

"നല്ലതു ക്ഷമയെന്നോർത്തു വസിപ്പിൻ"
"നാരീമണിമാർക്കെന്നു പ്രസിദ്ധം"
"പൂർവ്വപാപംകൊണ്ടു വ്യാധിയും ദാരിദ്ര്യവും"

സംസ്കൃതത്തിൽ "അനചി ച" എന്ന സൂത്രംകൊണ്ട് സ്വരത്തിൽനിന്നു പരമായ സംയോഗത്തിനൊക്കെയും ദ്വിത്വം വരും; അതിനാൽ ഭാഷയിലും മുന്നുംപിന്നും ഉള്ള പദങ്ങൾ സംസ്കൃതമായിരുന്നാൽ ദ്വിത്വം ചെയ്യണം. 576

ഉദാ: "ജാതിശ്രേഷ്ഠതയുള്ള ജനത്തെ"
"ഉത്ക്ഷപ്രകാരങ്ങളാംനയനയോരർത്ഥഗ്രഹത്തെ."
എന്നാൽ,
"മൂന്നാം മാരീചനെക്രൂരൻ"
"മെല്ലെസ്സ്വപ്നേ വരുന്നുണ്ടരികിൽ"

ഇത്യാദികളിൽ ഭാഷയിലും ദ്വിത്വം കാണുന്നത് 15-ാം സൂത്രത്താൽ സിദ്ധിച്ചതാകുന്നു. എങ്കിലും പദ്യങ്ങളിലും മറ്റു സംയോഗത്തിന് ദ്വിത്വം വരുത്താതെ,

"കഴലിണപണിയുന്ന പ്രാണികൾക്ക-
ങ്ങഴകൊടു പേടി ക്ഷണേന ഭഗ്നമാക്കി
ഗിരിസുതയൊടുപ്രമമാർന്നുവാഴും
ഹരനുടെ ശ്രീചരണങ്ങൾ കുമ്പിടുന്നേൻ"

എന്നും മറ്റും പ്രയോഗിച്ചാൽ ആയത് സംസ്കൃതപണ്ഡിതന്മാർക്കു കർണ്ണാരുന്തുദമായിത്തോന്നും. എന്നാൽ "പണിയുന്നപ്പ്രാണികൾ", "പേടിക്ക്ഷണേന" ഇത്യാദി ദ്വിത്വം ചെയ്യുന്നത് ഒരു മലയാളിയും സഹിക്കുന്നതുമല്ല. ഈ സ്ഥിതിക്ക് ഇങ്ങനെയുള്ള ദുർഘടപ്രയോഗങ്ങൾക്ക് ഇടമേ കൊടുക്കാതെ,

"കഴലിണപണിയും ജനത്തിനെല്ലാ-
മഴകൊടു പേടി ജവേന ഭഗ്നമാക്കി
ഗിരിസുതയൊടു രാഗമാർന്നു വാഴും
ഹരനുടെ തൃച്ചരണങ്ങൾ കുമ്പിടുന്നേൻ"

ഇത്യാദി രീതിയിൽ സർവ്വസമ്മതമായ മട്ടിൽ പ്രയോഗിച്ചുകൊണ്ടാൽ മതി എന്ന് ഉപദേശിക്കാമെന്നുവച്ചാൽ അത് ശാസ്ത്രകാരന് ഗൗരവക്കുറവിന്നു വകയാകുന്നു. അതിനാൽ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 608

എല്ലാംകൂടി നോക്കുമ്പോൾ സംസ്കൃതശാസ്ത്രിമാരുടെ ആക്ഷേപങ്ങളെ വകവെക്കാതെ ഭാഷാരീതിയനുസരിച്ചു ദ്വിത്വം കൂടാതെ ആദ്യം കാണിച്ചപ്രകാരം ശ്ലോകങ്ങൾ ചെയ്യുന്നതിനു യാതൊരു സങ്കോചവും വിചാരിപ്പാനില്ലെന്നുള്ള എന്റെ അഭിപ്രായത്തിൽ മഹാജനങ്ങളും യോജിക്കുമെന്നു വിശ്വസിക്കുന്നു. അത്രതന്നെയുമല്ല, മഹർഷിമാരും പൗരാണികന്മാരും ധാരാളമായും,

> "ദ്വിതീയം ഹേമപ്രാകാരം കുർവദ്ഭിരിവ വാനരൈഃ"
> "ഝടിതി പ്രവിശ ഗേഹം മാ ബഹിസ്തിഷ്ഠ ബാലേ!"

ഇത്യാദിപോലെ മഹാകവികൾ അപൂർവ്വമായും, സംസ്കൃതത്തിൽത്തന്നെ ഈ ദ്വിത്വത്തെ ഉപേക്ഷിക്കാറുണ്ടെന്നും, മഹാരാഷ്ട്രി, ശൗരസേനി മുതലായ പ്രാകൃതങ്ങൾ ഇതിനെ ഗണിച്ചിട്ടില്ലെന്നും, "അനചി ച" എന്ന സൂത്രത്തെ ഭട്ടോജിപ്രഭൃതി നവീനന്മാർ "വാ" ശബ്ദത്തെ അനുവർത്തിച്ച് വികല്പിക്കുന്നുണ്ടെന്നും, അചോ രഹാഭ്യാം ദ്വേ", "അനചി ച", "നാദിന്യാക്രാശേപുത്രസ്യ", "ശരോऽചി", "ത്രിപ്രഭൃതിഷ്വശാകടായനസ്യ", സർവ്വത്ര ശാകല്യസ്യ", ദീർഘാദാചാര്യാണാം" ഈ ഏഴു സൂത്രങ്ങളെക്കൊണ്ടു് പാണിനിതന്നെ ദ്വിത്വവിധിയിൽ മതഭേദാദികളാൽ എത്രയോ കുഴപ്പങ്ങളുണ്ടാക്കിത്തീർക്കുന്നുണ്ടെന്നും അവർ നല്ലവണ്ണം
620 ആലോചിപ്പാനുള്ളതാകുന്നു.

> 17. ചുട്ടെഴുത്തിനു പിൻ വന്നാൽ
> മെയ്യേതും ദ്വിത്വമാർന്നിടും;
> പരം ശിഥിലമാണെങ്കി-
> ലിതേ ദീർഘിക്കിലും മതി.

സർവ്വനാമങ്ങളായ അ, ഇ, എ, ഇവയ്ക്കു് "ചുട്ടെഴുത്ത്" എന്നുപേർ. ചൂണ്ടിക്കാണിച്ചുപറയുന്ന വാക്കുകളായ അവൻ, ഇവൻ, എവൻ എന്നിവയുടെ പ്രകൃതിക്ക് ചുട്ടെഴുത്തെന്ന പേർ അന്വർത്ഥമാണല്ലോ. ആ വക ചുട്ടെഴുത്തുകൾക്ക് പരമായി വരുന്ന എല്ലാ വ്യഞ്ജനങ്ങളും ഇരട്ടിക്കും. ഉദാ:

അ	+	കാലം	=	അക്കാലം	എ	+	നരകം	=	എന്നരകം
അ	+	ദ്വാരം	=	അദ്വാരം	എ	+	മാതിരി	=	എമ്മാതിരി
ഇ	+	കണ്ട	=	ഇക്കണ്ട	ഇ	+	നീ	=	ഇന്നീ
ഇ	+	ദിക്കിൽ	=	ഇദ്ദിക്കിൽ	ഇ	+	വണ്ണം	=	ഇവ്വണ്ണം
എ	+	കാര്യ	=	എക്കാര്യം	അ	+	തരം	=	അത്തരം
എ	+	ദേവൻ	=	എദ്ദേവൻ	അ	+	പടി	=	അപ്പടി

പരമായി വരുന്നതു് ശിഥിലാക്ഷരമാണെങ്കിൽ ആവക ചുട്ടെഴുത്തുകൾതന്നെ ദീർഘമാക്കി

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 647

യാലും മതി.[26] ഉദാ:

അ	+	മാതിരി	=	അമ്മാതിരി; ആമാതിരി	ഇ+ആൾ=ഇ+യാൾ=
അ	+	വിധം	=	ആവിധം	ഇയ്യാൾ; ഈയാൾ
ഇ	+	വണ്ണം	=	ഇവ്വണ്ണം; ഈവണ്ണം	ഇയാൾ (വ്യത്യസ്തം)

മലയാളഭാഷയിൽ ഒരു മാത്ര മാത്രമായിട്ടുള്ള പദങ്ങൾ വരുന്നതല്ല. അതാണ് ചുട്ടെഴുത്തുകൾ ദീർഘിക്കുകയോ ഇരട്ടിക്കുകയോ ചെയ്യുമെന്നുള്ളതിന്റെ തത്ത്വം. ഇതുതന്നെ കാരികയിൽ വ്യക്തമാക്കുന്നു. 657

18. ഏകമാത്രപ്രകൃത്യന്തേ
നാസോത്ഥം യളലങ്ങളും
ഇരട്ടിച്ചിട്ടുതാൻ നില്ക്കും;
പദമില്ലൊറ്റമാത്രയിൽ.

ഏകമാത്രകമായ ശബ്ദത്തിന്റെ അവസാനത്തിൽ വരുന്ന അനുനാസികങ്ങളും യ ള ല എന്നിവയും ഇരട്ടിച്ചേ നില്ക്കുകയുള്ളു. ഒരുമാത്ര മാത്രമായിട്ടുള്ള പദങ്ങൾ മലയാളഭാഷയിൽ ഇല്ല. ഉദാ:

തങ്	+	ഇ	=	തങ്ങി	നമ്	+	എ	=	നമ്മെ
പൊങ്	+	ഇ	=	പൊങ്ങി	കമ്	+	ഉന്നു	=	കമ്മുന്നു
നെഞ്	+	ഉ്	=	നെഞ്ഞു്	ചെയ്	+	ഉന്നു	=	ചെയ്യുന്നു
പെ	+	ഇന്റെ	=	പെണ്ണിന്റെ	നെയ്	+	ആറ്	=	നെയ്യാറ്
എ	+	ആയിരം	=	എണ്ണായിരം	തല്	+	ഉന്നു	=	തല്ലുന്നു
എന്	+	എ	=	എന്നെ	കൽ	+	ഉ്	=	കല്ല്, കൽ
പൊൻ	+	ഉണ്ട	=	പൊന്നുണ്ട	മുള്	+	ഉ്	=	മുള്ളു്, മുൾ 678
					എള്	+	ഉ്	=	എള്ളു്, എൾ

19. പദാന്തേ വ്യഞ്ജനം വന്നാൽ
സംവൃതം ചേർത്തു ചൊല്ലുക;
ചില്ലുമാത്രം സംവൃതത്തിൻ-
സാഹ്യംകൂടാതെയും വരും.

ഒരു പദം വ്യഞ്ജനത്തിൽ അവസാനിക്കുന്നതാണെങ്കിൽ ആ വ്യഞ്ജനത്തിനുശേഷം സംവൃതസ്വരം ചേർക്കണം. എന്നാൽ ചില്ലുകളിൽ മാത്രം സംവൃതം ചേർക്കണമെന്നു നിർബന്ധമില്ല. 685

വയസ്=വയ, കാശ്=കാ, വാക്=വാ, ഉലക്=ഉല

ചില്ലാണെങ്കിൽ

[26] ചുട്ടെഴുത്തുകൾക്കു പിൻപുവരുന്ന ദ്വിഗുവ്യഞ്ജനം ഇരട്ടിക്കാതെ ചുട്ടെഴുത്തുകൾ ദീർഘിപ്പിക്കുക ഇക്കാലത്തു പതിവാണ്. ഉദാ: ഈ കലാദർശനം, ആ സാഹിത്യകൃതി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 693

ക=കൺ, കണ്ണ്	പാൽ=പാൽ, പാല്
തേൻ=തേൻ, തേന്	തോൾ=തോൾ, തോള്
നീർ=നീർ, നീര്	കീൾ=കീൾ, കീഴ്

4 ആദേശസന്ധി

20. "തവർഗ്ഗത്തിന്നടുത്തുള്ള
ടവർഗ്ഗേണ സവർണ്ണനം,
ചവർഗ്ഗത്തോടുമവ്വണ്ണം
ഴവർഗ്ഗത്തോടുമങ്ങനെ.""

തവർഗ്ഗം ടവർഗ്ഗത്തോടു കൂടിച്ചേരുമ്പോൾ ടവർഗ്ഗമായിട്ടും, ചവർഗ്ഗത്തോടു ചേരുമ്പോൾ ചവർഗ്ഗമായിട്ടും ഴവർഗ്ഗത്തോടു ചേരുമ്പോൾ ഴവർഗ്ഗമായിട്ടും മാറും. ഉദാ:

വിൺ	+	തലം	=	വിണ്ടലം					
നിൻ	+	തു	=	നിൻ (നിന്നു)					
						ത	+	താർ	= തണ്ടാർ
						വലഞ്	+	തു	= വലഞ്ഞു (വലഞ്ഞു)
എൺ	+	നൂറ്	=	എണ്ണൂറ്		പൊരിഞ്	+	തു	= പൊരിഞ്ഞു (പൊരിഞ്ഞു)
എൻ	+	തു	=	എൻഴു (എന്നു)					

എണ്ഴു, നിണ്ഴു ഈവക ശബ്ദങ്ങൾ "എന്നു" "നിന്നു" എന്ന രൂപത്തിൽ ആക്കിയതു് പിന്നീടാണ്. അതുപോലെതന്നെ വലഞ്ഞു, പൊരിഞ്ഞു ഇത്യാദികൾ വലഞ്ഞു, പൊരിഞ്ഞു എന്നെല്ലാമായതും പില്ക്കാലത്തുണ്ടായ അനുനാസികാതിപ്രസരം വഴിയാകുന്നു.

21. ലകാരം വർത്സ്യമായ്ത്തീരും
തവർഗ്ഗം പരമാവുകിൽ;
ളകാരമെങ്കിൽ മൂർദ്ധന്യം;
വിനാമക്രിയയാണിതു്.

ലകാരത്തിന് തവർഗ്ഗാക്ഷരങ്ങൾ പരമാകുമ്പോൾ വർത്സ്യം എന്ന ഴവർഗ്ഗം ആദേശമായ് വരും; അതുപോലെ ളകാരത്തിന് തവർഗ്ഗാക്ഷരങ്ങൾ പരങ്ങളാകുമ്പോൾ മൂർദ്ധന്യമായ ടവർഗ്ഗവും ആദേശമായ് വരും. ഈ മാറ്റത്തിന് "വിനാമം" എന്നു പേരിടാം. "സ്ഥാനം താഴുക" എന്ന് അതിന്റെ അർത്ഥം.[27] ഉദാ:

അകൽ+തുന്നു	=	അകഴ്+തുന്നു	=	(അകറ്റുന്നു)
വിൽ+തു	=	വിഴ്+തു	=	(വിറ്റു)

[27] ദന്ത്യമായ 'ല' വർത്സ്യവും വർത്സ്യമായ 'ള' മൂർദ്ധന്യവും ആകുന്നതു സ്ഥാനം താഴുകയാണ് എന്നർത്ഥം. പുറത്തുള്ള ഓഷ്ഠം ഏറ്റം ഉയർന്ന സ്ഥാനവും അകത്തോട്ടു പോകുന്തോറും താണ സ്ഥാനവുമാണെന്നു കല്പന.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 736

വേൾ+തു	=	വേട്+തു	=	(വേട്ടു)
കേൾ+തു	=	കേട്+തു	=	(കേട്ടു)
നൽ+നൂൽ	=	നൻ+നൂൽ	=	(നന്നൂൽ)
തൊൾ+നൂറ്	=	തൊ+നൂറ്	=	(തൊണ്ണൂറ്)

"അക4ുന്നു" എന്നിരിക്കുന്നത് പിന്നെ "അകറ്റുന്നു" എന്നാക്കുന്നത് മുൻകാരികയിൽ വിവരിച്ച നിയമപ്രകാരമാണെന്നറിഞ്ഞുകൊൾക. 740

22. വിനാമം ലളകൾക്കോതാം
വർഗ്ഗ്യമേതിന്റെ മുൻപിലും;
എങ്കിലും മലയാളത്തിൽ
പ്രത്യയാദിതകാരമോ,
നാസോത്ഥമോ[28] പരം വേണം
വിനാമക്രിയചെയ്തിടാൻ.

ല ത ന — ദന്ത്യം, ള 4 ണ — വർത്സ്യം; ര ട ണ — മൂർദ്ധന്യം മേൽസ്ഥാനത്തുള്ള വർണ്ണം കീഴ്സ്ഥാനത്തിലെ വർണ്ണമായി മാറുകയാണ് വിനാമം. അപ്പോൾ വിനാമംകൊണ്ട് ലകാരം 4ണ–കളിലൊന്നായിട്ടും, ളകാരം ട–ണകളിലൊന്നായിട്ടും മാറും. 4ണ–കളിലും ട–ണകളിലും ഇന്നതെന്നു തീർച്ചപ്പെടുത്തേണ്ടതു പൊരുത്തംകൊണ്ടുവേണം. പരമായ വർഗ്ഗ്യം ഖരമെങ്കിൽ 4–ടകൾ; അനുനാസികമെങ്കിൽ ണ–ണകൾ. ലകാരളകാരങ്ങൾക്കു വർഗ്ഗ്യാക്ഷരങ്ങളിൽ ഏതു പരമായാലും മുറയ്ക്കു 4-ണ–കളും ട–ണകളും ആദേശം വേണമെന്നാണ് ദ്രാവിഡവ്യാകരണത്തിലെ ഏർപ്പാട്. അതിൻപ്രകാരം തമിഴിൽ,

വിൽക്കുക=വിർക്കുക	വിൽപ്പാൻ=വിർപ്പാൻ
തൽക്കാലം=തർക്കാലം	കേറിക്കിറാൻ=കേട്ക്കിറാൻ

എന്നു വിനാമം വരുന്നുമുണ്ട്. എന്നാൽ മലയാളത്തിൽ ആകട്ടെ, പ്രത്യയതകാരമോ അനുനാസികമോ പരം വന്നാലേ വിനാമം ചെയ്യാറുള്ളു.

ഉദാ:		
	വില്+തു=വി4ുതു=വിററു	അകല്+തുന്നു=അകറ്റുന്നു
	നെല്+മണി=നെന്മണി	ഉള്+മ=ഉൺമ
	കല്+മദം=കന്മദം	നല്+നൂൽ=നന്നൂൽ

767

23. ഖരത്തിൻമുൻപു ലാദേശം
മുൻപിൻപൊന്നെന്ന ണാവിന്.

[28] നാസോത്ഥം=അനുനാസികം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 773

മുൻ, പിൻ, പൊൻ ഈ പദങ്ങളിലെ അന്ത്യമായ ണകാരം ഖരം പരമാകുമ്പോൾ ലകാരമായി മാറും.[29]

ഉദാ: തിരുമുൻ+കാഴ്ച=തിരുമുല്ക്കാഴ്ച പൊൻ+കുടം=പൊല്ക്കുടം.	പിൻ+പാട്=പില്പാട്

ഇത് വിനാമത്തിനു വിപരീതമായ ഉന്നാമംപോലെ തോന്നുന്നു; എന്നാൽ തമിഴിൽ ഇവി
781 ടെയും വിനാമംതന്നെയാണ്: പാർപ്പിടു, പൊർക്കുടം എന്നാണ് തമിഴിലെ രൂപം.

24. അനുനാസികമാദേശം
പിൻപ്രത്യയഖരത്തിന്;[30]
കൽടാവുകൾക്കി,ല്ലിതത്രേ
അതിപ്രസരമെന്നത്.

ഒരു പ്രത്യയത്തിന്റെ ആദിയിൽ വരുന്ന ഖരത്തിന് അനുനാസികം ആദേശമായി വരും. ആ പ്രത്യയം "കൽ" എന്നുള്ളതാണെങ്കിലും, പ്രത്യയാദിയായ ഖരം ടകാരമാണെങ്കിലും ഈ അനുനാസികാദേശമില്ല. ഈ നിയമപ്രകാരം വരുന്ന അനുനാസികാദേശമാണ് "അനുനാസികാതിപ്രസരം" എന്നു പേരിട്ട നയം.[31]

ഉദാ: പറഞ്ഞു=പറഞ്ഞു വലഞ്ഞു=വലഞ്ഞു	തിന്നു=തിന്നു കുഞ്ഞുങ്കൾ=കുഞ്ഞുങ്ങൾ

"കൽ" പ്രത്യയമാണെങ്കിൽ:

തൻ+കൽ=തൻകൽ (തങ്ങൽ അല്ല)
രാമൻ+കൽ=രാമങ്കൽ (രാമങ്ങലാവുകയില്ല);

803 പ്രത്യയം ടകാരാദിയാണെങ്കിൽ:
808

കൺ+ടു =കണ്ടു (കണ്ണുവല്ല); ഉൺ+ടു =ഉണ്ടു (ഉണ്ണുവല്ല).

25 (a) മകാരംതാനനുസ്വാരം,
സ്വരം ചേർന്നാൽ തെളിഞ്ഞിടും.
(1) വർഗ്ഗ്യങ്ങൾ പരമായ് വന്നാൽ
അതാതിൽ പഞ്ചമം വരാം

[29] പൊൻതാമര, മുൻകോപം എന്നിങ്ങനെ ലകാരാദേശം വരാത്ത രൂപങ്ങളും ഇക്കാലത്തു മലയാളത്തിൽ സാധാരണമാണ്.

[30] അനുനാസികത്തുനു പിൻപിരിക്കുന്ന പ്രത്യയഖരത്തിന് അനുനാസികം ആദേശം വരും — എന്നർത്ഥം.

[31] ഈ നിയമമനുസരിച്ചു വരുന്ന അനുനാസികാദേശം മാത്രമല്ല അനുനാസികാതിപ്രസരം. മാങ്കായ് > മാങ്ങ, പഞ്ചം > പഞ്ഞം മുതലായവ നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-08.tex/Line: 814

(2) സമുച്ചയനിപാതത്തിൽ
ചേരുന്നേരം വകാരമാം;
ഭാവിപ്രത്യയമാവിന്നും[32]
വകാരംപ്രത്യയേ പരേ;
(3) പ്രത്യയസ്വരമേല്ക്കുമ്പോ-
ളിരട്ടിച്ച തകാരമാം;
(4) ത്താദേശത്തെ വികല്പിക്കാ-
മോടെന്നുള്ള വിഭക്തിയിൽ.

അനുസ്വാരം എന്നു പറയുന്നതു് പദാവസാനത്തിൽ വരുന്ന മകാരം തന്നെയാണ്. അതിനോടു് ഏതെങ്കിലും സ്വരം ചേർത്തുച്ചരിച്ചുനോക്കിയാൽ മകാരമാണെന്നു് സ്പഷ്ടമാകും. മരം+അല്ല, മരം+ഇല്ല എന്നുള്ളതെല്ലാം മരമല്ല, മരമില്ല എന്നൊക്കെയാക്കുന്നതു് അനുഭവസിദ്ധമാണല്ലൊ.[33]

(1) ഈ മകാരരൂപമായ അനുസ്വാരത്തിന് വർഗ്ഗാക്ഷരങ്ങൾ പരങ്ങളാകുമ്പോൾ പരം ഏതു വർഗ്ഗത്തിൽ ചേർന്നതോ ആ വർഗ്ഗത്തിലെ അഞ്ചാമക്ഷരം ആദേശമായി വരും.

ഉദാ: വരും+കാലം=വരുങ്കാലം	ചന്തം+ചേർന്ന=ചന്തഞ്ചേർന്ന
പോകും+തോറും=പോകുന്തോറും	പെരും+പറ=പെരുമ്പറ

ഇതു് നിർബന്ധമായിട്ടെഴുതിക്കാണിക്കുക പതിവില്ല.

(2) ഈ അനുസ്വാരം സമുച്ചയനിപാതമായ "ഉം" എന്നതു് പരമാകുമ്പോൾ വകാരമായി മാറും. അതുപോലെ "ഉം" എന്ന ഭാവിപ്രത്യയത്തിലെ അനുസ്വാരവും മറ്റൊരുപ്രത്യയം പരമാകുമ്പോൾ[34] വകാരമാകും.

ഉദാ: ധനം+ഉം=ധനവും	കുലം+ഉം=കുലവും
എല്ലാം+ഉം=എല്ലാവും[35]	വാരം+ഉം=വാരവും

ഇതു് മലയാളത്തിനുള്ള ഒരു വിശേഷമാണ്. തമിഴിൽ തനമും കുലമും, എല്ലാമും എന്നുതന്നെ രൂപം.

ഭാവിപ്രത്യയത്തിന് ഉദാഹരണം:

---

[32] മവിന്നും=മകാരത്തിനും

[33] സ്വരം ചേരുമ്പോൾ അനുസാരത്തിനു ചിലെടത്തു് വകാരാഗമവും കാണാറുണ്ടു്: മരം+ഉരി > മരവുരി, നിലം+അറ > നിലവറ. ഈ വികാരത്തെ നിർദ്ദേശിക്കുന്ന ഒരു സൂത്രം കേരളപാണിനീയം 1-ആം പതിപ്പിൽ (1071 M. E.) ഉണ്ടുതാനും.

[34] അതായതു്, പ്രത്യയാദിയായ സ്വരം പരമാകുമ്പോൾ.

[35] എല്ലാ+ഉം > എല്ലാവും എന്ന രൂപം വന്നതിനുശേഷം വകാരം ലോപിച്ചാണ് 'എല്ലാം' ആയതെന്നു് കാൽഡ്വൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-08.tex/Line: 855

വരും+അൻ=വരുവൻ	വരും+എൻ=വരുവെൻ
വരും+അൾ=വരുവൾ	വരും+ഇൻ=വരുവിൻ
വരും+അർ=വരുവർ	വരും +ആൻ =വരുവാൻ
	വരും+ഓർ=വരുവോർ

(3) പ്രത്യയസ്വരം ഏതെങ്കിലും പരമാകുമ്പോൾ ഈ അനുസ്വാരം ഇരട്ടിച്ച തകാരമായി മാറും; എന്നുവെച്ചാൽ "ത്ത്" എന്നായി മാറും.

(4) ഓട്ട് എന്ന വിഭക്തിപ്രത്യയം പരമാകുമ്പോൾ ഈ "ത്ത്" എന്ന ആദേശം വികല്പമായിട്ടേ വരികയുള്ളൂ.

ഉദാ: തുലാം+ഇന്റെ=തുലാത്തിന്റെ	ധനം+എ=ധനത്തെ
ധനം +ആൽ =ധനത്താൽ	ധനം +ഇൽ =ധനത്തിൽ
ധനം+ഓട്ട്=ധനത്തോട്ട് (ധനമോട്ട്)	

ഈ ത്താദേശം വേറെ ചിലേടത്തും വരുന്നതാണ്.

874

ഉദാ: കപികുലം+അരചൻ=കപികുലത്തരചൻ
ആയിരം+ആണ്ട്=ആയിരത്താണ്ട്

25 (b) കൾപ്രത്യയത്തിന്നുമുൻപു
മണങ്ങൾക്കു സവർണ്ണനം.

"കൾ" എന്ന ബഹുവചനപ്രത്യയം പരമാകുമ്പോൾ മുൻപു നില്ക്കുന്ന മകാര ഞകാരങ്ങൾക്ക് സവർണ്ണനം കൊണ്ട് ങകാരം വരും:[36] ഉദാ: മരം+കൾ=മരങ്കൾ (മരങ്ങൾ); നിൻ+കൾ=നിങ്കൾ (നിങ്ങൾ) കുളം+കര=കുളങ്ങര എന്ന പോലെ വേറേ ചിലെടത്തും ഈ സവർണ്ണനം കാണും. സവർണ്ണനം എന്നാൽ അടുത്തിരിക്കുന്ന വർണ്ണങ്ങളിൽ ഒന്നിന് സ്ഥാനപ്രയത്നങ്ങളുടെ സാമ്യംകൊണ്ട് മറ്റേതിനു പൊരുത്തമുള്ള വർണ്ണം ആദേശമാക്കിച്ചെയ്യ. അതിൽ പൂർവ്വത്തിന് പരത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അതു പരസവർണ്ണം; മറിച്ച് പരത്തിന് പൂർവ്വത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അത് പൂർവ്വസവർണ്ണം. പ്രകൃതത്തിൽ മ–ങങ്ങൾക്ക് പരമായ കകാരത്തിന്റെ സവർണ്ണമാദേശമാകയാൽ ഇത് പരസവർണ്ണം.[37]

[36] 'കൾ' പ്രത്യയം ഇല്ലാത്തിടത്തും ചിലപ്പോൾ ഖരങ്ങൾക്കു മുമ്പ് ഞകാരത്തിനു പരസവർണ്ണം വരും. ഉദാ: തങ്കൽ, തേഞ്ചോരും, തമ്പുരാൻ. 'കൾ' പ്രത്യയം ചേർക്കുമ്പോൾ കിട്ടുന്ന 'നമ്മൾ' എന്ന രൂപത്തിന്റെ നിഷ്പത്തി ഈ കാരിക പ്രമാണമാക്കി വിവരിക്കതല്ല.

[37] വീഴ്+ന്നു < വീണു, നീൾ+നാൾ < നീണാൾ മുതലായവയിലേ സന്ധിവികാരങ്ങൾ മുഴുവൻ വിവരിക്കാൻ ഈ ഗ്രന്ഥത്തിലെ കാരികകളും തദ്വ്യാഖ്യാനങ്ങളും പോരാ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 2

2

ശബ്ദവിഭാഗം

വർണ്ണങ്ങളെ ഓരോ പ്രകാരത്തിൽ കൂട്ടിച്ചേർക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നു. അതിന്റെ സ്വഭാവം താഴെ വിവരിക്കുന്നു.

26. അർത്ഥയുക്താക്ഷരം ശബ്ദ-
മതേ പ്രകൃതിയെന്നതും.

ഒരർത്ഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ കൂട്ടിച്ചേർത്തുണ്ടാകുന്ന അക്ഷരക്കൂട്ടത്തിന് "ശബ്ദം" എന്നു പേർ. ഈ ശബ്ദത്തെത്തന്നെയാണ് "പ്രകൃതി" എന്നും പറഞ്ഞുവരുന്നത്.

ഉദാ: കരിമ്പ് = ക് + അ + ര് + ഇ + മ് + പ് + ഉ്
ചെറുപ്പം = ച് + എ + റ് + ഉ + പ് + പ് + അ + മ്
പുണ്ഡരീകം = പ് + ഉ + ണ് + ഡ് + അ + ര് + ഈ + ക് + അ + മ്

27. പദമെന്നാൽ പ്രയോഗിപ്പാൻ
സജ്ജമായുള്ള ശബ്ദമാം.

ഭക്ഷ്യപദാർത്ഥങ്ങളിൽ ചിലതിനെ നാം പാകം ചെയ്യും, ചിലതിനെ പച്ചയായും ഉപയോഗിക്കുന്നതു പോലെ ഭാഷയിൽ ചില ശബ്ദങ്ങളെ വിഭക്തിയോഗാദിസംസ്കാരം ചെയ്യും ചിലതിനെ യഥാസ്ഥിതമായും പ്രയോഗിക്കാറുണ്ട്. സംസ്കാരത്തോടു കൂടിയോ കൂടാതെയോ പ്രയോഗത്തിന് തയ്യാറുള്ള ശബ്ദത്തിനു "പദം" എന്നു പേർ,

ഉദാ: ശബ്ദം — കരിമ്പ് ചെറു പുണ്ഡരീകം തര് കിഴവ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരന് വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 34

പദം — കരിമ്പ്	ചെറുപ്പം	പുണ്ഡരീകം	തരുന്ന തന്ന തരും തരുക	കിഴവൻ കിഴവി

37

28. വാചകം ദ്യോതകം രണ്ടു-
വിധമാം ശബ്ദമൊക്കവേ.
ദ്രവ്യക്രിയാഗുണങ്ങൾക്ക
വാചകം വാചകാഭിധം;
സംബന്ധത്തെസ്സ്മരിപ്പിക്കും
പദം ദ്യോതകമെന്നതു്.

എല്ലാ ശബ്ദങ്ങളെയും വാചകം, ദ്യോതകം എന്ന് രണ്ടിനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഒരു ദ്രവ്യത്തെയോ ക്രിയയെയോ ഗുണത്തെയോ നേരെ ചൂണ്ടിക്കാണിക്കുന്നതെല്ലാം വാചകം; "വാച്യമായ ഒരർത്ഥമുള്ളതു് വാചകം" എന്നു ചുരുക്കം. വാച്യമായി ഒരർത്ഥത്തെയും കാണിക്കാതെ രണ്ടു വാച്യാർത്ഥങ്ങൾ തമ്മിലുള്ള സംബന്ധത്തെ സ്മരിപ്പിക്കുക മാത്രം ചെയ്യുന്നതു് ദ്യോതകം. കുടം, വിളക്ക്, ഇരിക്കുന്നു, തിളങ്ങി, ചെറിയ, വലിയ ഇത്യാദി ശബ്ദങ്ങൾ കേൾക്കുമ്പോൾ ഒരു സ്വതന്ത്രമായ അർത്ഥത്തിന്റെ പ്രതീതി ഉണ്ടാകുന്നുണ്ട്. അതിനാൽ ആ മാതിരി ശബ്ദങ്ങളെല്ലാം വാചകങ്ങളാകുന്നു. കൊണ്ടു്, ഉം, എങ്കിൽ, ഹേ, ഓ ഇത്യാദി ശബ്ദങ്ങൾ കേൾക്കുമ്പോൾ മനസ്സിന് സ്വതന്ത്രമായ ഒരു അർത്ഥത്തിൽ പിടികിട്ടുന്നില്ല. മറ്റൊരു പദത്തോടു കൂട്ടിച്ചേർത്തു പ്രയോഗിക്കുമ്പോൾ മാത്രമേ ആവക ശബ്ദങ്ങളിൽ നിന്ന് അർത്ഥവിശേഷം ദ്യോദിക്കുന്നുള്ളു. അതിനാൽ ആവക ശബ്ദങ്ങളെല്ലാം ദ്യോതകങ്ങൾ.

55

29. ദ്രവ്യത്തിൻ വാചകം നാമം;
ക്രിയാവാചകമാം കൃതി;
ഭേദകം തു ഗുണാഖ്യായി-[1]
യെന്നു മൂന്നിഹ വാചകം.

വാചകം എന്ന വർഗ്ഗത്തിൽപ്പെട്ട ശബ്ദങ്ങളെ നാമം, കൃതി, ഭേദകം ഇങ്ങനെ മൂന്നുതരമായിത്തിരിക്കാം. ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ വാചകമായ ശബ്ദം നാമം; ക്രിയാവാചകമായതു് കൃതി; ഗുണവാചകം ഭേദകം. പ്രപഞ്ചത്തിലെ സകല വസ്തുക്കളും ദ്രവ്യക്രിയാഗുണങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടിരിക്കുന്നതാണല്ലോ. അതിനാൽ വാചകശബ്ദങ്ങളെയെല്ലാം അർത്ഥസ്വരൂപമനുസരിച്ച് നാമാദികളായ മൂന്നു തരങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ് എന്നർത്ഥം.

[1] ഗുണാഖ്യായി = ഗുണത്തെ വചിക്കുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഉദാ: നാമം — മനുഷ്യൻ, മരം, മൃഗം, രാമൻ, കൃഷ്ണൻ, എണ്ണ, വെള്ളം, ഞാൻ, നീ, അവൻ, അവൾ, അത്, ബ്രാഹ്മണൻ, മാവ്, പുലി.
കൃതി — പോകുന്നു, ചാകുന്നു, വരും, തരും, നിന്നു, പറന്നു.
ഭേദകം — കറുത്ത, വെളുത്ത, സുന്ദരൻ, മുണ്ടൻ, കൂനൻ, കിഴവൻ. 76

30. സ്വവാച്യമായ് വസ്തുവൊന്നും
കുറിക്കുന്നില്ല ദ്യോതകം
വിഭക്ത്യാദികളെപ്പോലെ-
യതു സംബന്ധബോധകം.

ഇതിന്റെ അർത്ഥം മുൻപു വിവരിച്ചിട്ടുണ്ട്. 83

31. നിപാതമവ്യയം രണ്ടു-
വകയാം ദ്യോതകം പദം
ജാത്യാ ദ്യോതകമാണാദ്യം;
പരം ഭ്രംശിച്ചുവന്നത്.

ദ്യോതകം എന്ന ഇനത്തിൽപ്പെട്ട പദങ്ങൾ നിപാതം, അവ്യയം ഇങ്ങനെ രണ്ടുതരത്തിലുണ്ട്. അതിൽ നിപാതങ്ങളെല്ലാം സ്വഭാവത്താൽത്തന്നെ ദ്യോതകങ്ങളാകുന്നു. അവ്യയങ്ങൾ ആദികാലത്തിൽ വാചകങ്ങളായിരുന്ന ചില പദങ്ങൾ കാലക്രമത്തിൽ അക്ഷരലോപം വന്നിട്ടും വിഭക്തികൾ ചേർക്കാതെ പ്രയോഗിച്ചുവന്നിട്ടും വാചകത്വം പോയി ദ്യോതകങ്ങളായി ത്തീർന്നവയുമാണ്. വാചകം എന്ന വർഗ്ഗത്തിലാണ് ജനിച്ചതെങ്കിലും ചില വൈകല്യം വന്നതുനിമിത്തം ആ വാചകത്വധർമ്മം പോയി ദ്യോതകവർഗ്ഗത്തിൽ ചേർന്നിട്ടുള്ള പദങ്ങൾ "അവ്യയങ്ങൾ" എന്നു ചുരുക്കം. ബ്രാഹ്മണവർഗ്ഗത്തിൽ ജനിച്ചിട്ടുള്ളവരാണെങ്കിലും വൈകല്യംകൊണ്ട് ബ്രാഹ്മണ്യം പോയി ചണ്ഡാലവർഗ്ഗത്തിൽ ചേർന്നിട്ടുള്ളവരെപ്പോലെയാണ് അവ്യയങ്ങളുടെ സ്ഥിതി. ഉദാഹരണങ്ങൾ:

1. നിപാതം — രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു.

ഈ വാക്യത്തിൽ "ഉം" എന്നതു നിപാതം; ഈ "ഉം" എന്ന പദം രാമൻ, കൃഷ്ണൻ, മിടുക്കൻ എന്ന പദങ്ങളെപ്പോലെ ദ്രവ്യക്രിയാഗുണങ്ങളിൽപ്പെട്ട ഒരർത്ഥത്തെ കുറിക്കുന്നില്ല. രാമൻ, കൃഷ്ണൻ എന്ന ശബ്ദങ്ങളിൽ ചേർന്നുനിന്നുംകൊണ്ടു സമുച്ചയാർത്ഥത്തെ ദ്യോതിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. "രാമനും കൃഷ്ണനും" എന്നു കേൾക്കുമ്പോൾ "ഉം" എന്നതിന്റെ ശക്തികൊണ്ടാണല്ലോ അവർക്കു "മിടുക്ക്" എന്ന ഗുണത്തിൽ സാഹചര്യമുണ്ടെന്നു നമുക്കു മനസ്സിലാകുന്നത്. അതിനാൽ "ഉം" എന്നതു ദ്യോതകമാണെന്നു തീർച്ചപ്പെടുത്താം. ഈ "ഉം" പദം ആദിയിൽ വാചകമായിരുന്ന ഏതെങ്കിലും ഒരു പദം ഭ്രംശിച്ചുണ്ടായതാണെന്നൂഹിപ്പാൻ ഒരു യുക്തിയും കാണുന്നില്ലാത്തതുകൊണ്ട്, വ്യവഹാരസൗകര്യത്തിനായി ആദ്യംതന്നെ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 109

സമുച്ചയാർത്ഥത്തിന്റെ ദ്യോതകമെന്ന നിലയിൽ ഉണ്ടായതാണെന്നു വിചാരിക്കേണ്ടി വരുന്നതിനാൽ ജാത്യാ ദ്യോതകമായ നിപാതമാണെന്നും തീർച്ചപ്പെടുത്താവുന്നതാണ്.

2. അവ്യയം — രാവണൻ എന്ന രാക്ഷസൻ
മഴ പെയ്തില്ല; എങ്കിലും തണുപ്പുണ്ട്.

ഈ വാക്യങ്ങളിലെ എന്ന, എങ്കിലും എന്നുള്ള ശബ്ദങ്ങൾ രാവണൻ, രാക്ഷസൻ, മഴ, പെയ്തു, ഇല്ല, തണുപ്പ്, ഉണ്ട് ഈ ശബ്ദങ്ങളെപ്പോലെ ഒരു സ്വതന്ത്രാർത്ഥത്തെക്കുറിക്കാതെ രാവണൻ, രാക്ഷസൻ എന്ന പദാർത്ഥങ്ങളുടെ അഭേദത്തെയും മഴ പെയ്തില്ല, തണുപ്പുണ്ട് എന്ന വാക്യാർത്ഥങ്ങളുടെ പ്രസിദ്ധമായ അസാഹചര്യത്തെയും ദ്യോതിപ്പിക്കുകമാത്രം ചെയ്യുന്നതിനാൽ ദ്യോതകം. ഈ പദങ്ങളിൽ എന്ന എന്നുള്ളത്, ചെയ്തു, കേട്ടു, പറഞ്ഞ ഇത്യാദികളെപ്പോലെ "എൻ" എന്നൊരു ധാതുവിന്റെ പേരെച്ചരൂപമാണെന്നൂഹിപ്പാൻ ധാരാളം മാർഗ്ഗം കാണുന്നുണ്ട്. "എന്നാൻ", "എന്നാൾ" ഇങ്ങനെയുള്ള കൃതിരൂപങ്ങൾ കാണുന്നതുതന്നെയാണ് ഈ ഊഹത്തിനു പ്രധാനമായ അടിസ്ഥാനം. എങ്കിലും "അവൻ ചെയ്തു തെറ്റ്", "രാമൻ പറഞ്ഞ കാര്യം" എന്നും മറ്റും ഉള്ളെടത്തെപ്പോലെ "എന്ന" എന്നത് ഒരു ക്രിയയെ സ്പഷ്ടമായി കുറിക്കുന്നില്ല. അതിനാൽ പേരെച്ചത്തിൽ ചേരാത്ത നില വന്നുപോയിട്ടുണ്ട്. അതുപോലെ "എങ്കിലും" എന്ന പദത്തിനും "എൻ" ധാതുവിന്റെതന്നെ സംഭാവകവിനയെച്ചരൂപമാണെന്നൂഹിപ്പാൻ വഴിയുണ്ടെങ്കിലും "ചെയ്താൽ", "വരുകിൽ" ഇത്യാദി മറ്റു ധാതുക്കളിലെ രൂപംപോലെ ഒരു ക്രിയയെ കുറിക്കാത്തതിനാൽ ആ വിനയെച്ചത്തിൽ ചേരാത്ത സ്ഥിതി
127 വന്നിരിക്കുന്നു. ഇങ്ങനെ ആ രണ്ടു പദങ്ങളും അവ്യയം എന്ന വർഗ്ഗത്തിൽ ഉൾപ്പെടുന്നു.

32. വിഭക്തിയെ വിളക്കുന്ന
ദ്യോതകം ഗതിസംജ്ഞിതം;
വാക്യങ്ങളെഘടിപ്പിക്കാ-
നുതകും ഘടകാഭിധം;

വ്യാക്ഷേപകങ്ങൾ വാക്യാർത്ഥം
ബോധിപ്പിക്കുമഖണ്ഡമായ്;
ഇതു മൂന്നും കഴിച്ചുള്ള-
തെല്ലാം കേവലസംജ്ഞിതം.

ദ്യോതകശബ്ദങ്ങളെ അവയുടെ വ്യാപാരമനുസരിച്ചു നോക്കുന്നതായാൽ ഗതി, ഘടകം, വ്യാക്ഷേപകം ഇങ്ങനെ മൂന്നുവിധത്തിൽ പിരിക്കാം. ഏതെങ്കിലും ഒരു വിഭക്തിയോടു ചേർന്നുനിന്ന് ആ വിഭക്ത്യർത്ഥത്തെ പരിഷ്കരിക്കുന്ന ദ്യോതകം ഗതി;[2] രണ്ടു വാക്യാർ

[2] "ഗതികൾ നാമങ്ങളിൽനിന്നും കൃതികളിൽനിന്നും ഉണ്ടാകുന്ന അവ്യയങ്ങൾ ആകുന്നു"— വ്യാകരണമിത്രം (ശേഷഗിരിപ്രഭു).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 142

ത്ഥങ്ങളെ തമ്മിൽ ഘടിപ്പിക്കുന്നത് ഘടകം; മറ്റൊന്നിനോടും ചേരാതെ തന്നെത്താൻ ഒരു വാക്യാർത്ഥത്തെ സ്ഫുരിപ്പിക്കുന്നത് വ്യാക്ഷേപം. ഇതിൽ മൂന്നിലും ഉൾപ്പെടാത്തതു കേവലം. ഉദാഹരണങ്ങൾ:

1. ഗതി — കൊണ്ട്, നിന്ന്, വെച്ച്, ഊടെ ഇത്യാദി. "വടികൊണ്ടടിക്കുന്നു" എന്ന വാക്യത്തിൽ "കൊണ്ട്" എന്നത് ലുപ്തവിഭക്തിയായ "വടിയെ" എന്നതിലുള്ള പ്രതിഗ്രാഹികയോടു ചേർന്നുനിന്ന് "അടിക്കുക" എന്ന ക്രിയ നടത്തുന്നതിൽ വടി കരണമാണെന്നുള്ള അർത്ഥം വെളിപ്പെടുത്തുന്നതിനാൽ അത് ഗതി. ഇതുപോലെ "മാളികയിൽനിന്നുനോക്കുന്നു" "ശിഷ്യരിൽവച്ചു രാമനാണ് സമർത്ഥൻ", "കാട്ടിലൂടെ പോകുന്നു" ഇത്യാദി വാക്യങ്ങളിലും "നിന്ന്" മുതലായ ഗതികളുടെ സ്വരൂപം അറിഞ്ഞുകൊൾക.

2. ഘടകം — "രാമന്റെയും കൃഷ്ണന്റെയും കഥ" എന്നു പറയുന്നിടത്ത് "ഉം" എന്ന നിപാതം രാമകൃഷ്ണന്മാരുടെ കഥകൾ എന്നു പറഞ്ഞിരുന്നാലത്തെപ്പോലെ അവരെ സമുച്ചയിക്കുന്നു. അപ്രകാരംതന്നെ "രാമന്റെയോ കൃഷ്ണന്റെയോ കഥ" എന്ന വാക്യത്തിൽ "ഓ" എന്നത് അവരിൽ ഒരുത്തന്റെ എന്നുള്ള വികല്പത്തെ കാണിക്കുന്നു. "ഉം, ഓ" ഇത്യാദികൾ ഇങ്ങനെ വാക്യത്തിലെ ഒരു പദത്തിൽ അന്വയിച്ച് യഥാക്രമം വാക്യാർത്ഥങ്ങൾക്കു സമുച്ചയവികല്പങ്ങളെ ദ്യോതിപ്പിക്കുന്നതിനാൽ ഘടകങ്ങൾ.

3. വ്യാക്ഷേപകം — ഉവ്വ്, അയ്യോ ഇത്യാദികൾ. ഈവക ശബ്ദങ്ങൾ മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ വാക്യാർത്ഥത്തെയാണ് ദ്യോതിപ്പിക്കുന്നത്. എങ്ങനെ എന്നാൽ:

വാധ്യാർ: രാമാ! നീ പാഠം പഠിച്ചോ?

രാമൻ: ഉവ്വ്, ഞാൻ രാത്രി മുഴുവനും വായിക്കുകയായിരുന്നു.

ഇവിടെ "ഉവ്വ്" എന്ന പദം "ഞാൻ പാഠം പഠിച്ചു" എന്നുള്ള വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്നു. അപ്രകാരം തന്നെ:

വാധ്യാർ: കള്ളം പറയുന്നോ? നിന്നെ ഞാൻ ഇന്നലെ ഉത്സവ സ്ഥലത്തു കണ്ടുവല്ലോ?

രാമൻ: അയ്യോ! ഇന്നലെ രാത്രി ഞാൻ വീട്ടിൽനിന്നിറങ്ങിയിട്ടില്ല.

ഇവിടെ "അയ്യോ" എന്ന പദം എന്നെ ഇന്നലെ ഉത്സവസ്ഥലത്തു കണ്ടു എന്നു പറയുന്നത് എനിക്കു വളരെ സങ്കടമാണ്" എന്ന വാക്യത്തെ അഖണ്ഡമായി ദ്യോതിപ്പിക്കുന്നു.

ഗതി, ഘടകം, വ്യാക്ഷേപകം എന്ന മൂന്നിനത്തിലും ഉൾപ്പെടാതെ ചില അർത്ഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദം കേവലം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 179

ഉദാ: "രാമൻ വന്നുവോ". ഇതിൽ "ഓ" എന്ന നിപാതം ചോദ്യാർത്ഥം ദ്യോതിപ്പിക്കുന്നു.

"ഈശ്വരൻതന്നെ ശരണം" ഇതിൽ "തന്നെ" അന്യവ്യവച്ഛേദാർത്ഥം ദ്യോതിപ്പിക്കുന്നു.
179 ഇത് "തൻ" എന്ന സർവ്വനാമരൂപത്തിന്റെ രൂപാന്തരമാകയാൽ അവ്യയം.

33. നാമാദിയാം വിഭാഗത്തി-
ന്നെല്ലാമർത്ഥം നിയാമകം.

ഇവിടെ നാമം, കൃതി, ഭേദകം ഇങ്ങനെയെല്ലാം വിഭജിച്ചിരിക്കുന്നത് അതാതു പദങ്ങളുടെ അർത്ഥത്തിനുള്ള സ്വഭാവം അടിസ്ഥാനപ്പെടുത്തിയാണ്. അല്ലാതെ ഇന്ന ശബ്ദം വർഗ്ഗത്തിൽപ്പെട്ടതാണെന്നുള്ള വിഭാഗരീതിയിലല്ല. അതുകൊണ്ടു വ്യാകരണഗതി അനുസരിച്ചു നോക്കുന്നതായാൽ ഒരു ശബ്ദംതന്നെ ചിലപ്പോൾ നാമാദികളായ പല രൂപങ്ങളിലും ഉള്ളതായി കാണാവുന്നതാണ്. ഉദാഹരണത്തിന് "നൽ" എന്ന ശബ്ദത്തെ നോക്കാം. അതിനോടുകൂടി ബഹുവചനപ്രത്യയമായ "ആർ" എന്നു ചേർത്ത് "നല്ലാർ" എന്നു പ്രയോഗിക്കുമ്പോൾ ആ "നൽ" പദം "സ്ത്രീ" എന്നർത്ഥമായ നാമം. "ഊ" എന്ന ഭാവിപ്രത്യയം
191 ചേർന്ന് "നല്ലൂ" എന്നാകുമ്പോൾ "നൽ" പദം കൃതി.

34. നാമവും കൃതിയുംതമ്മിൽ
ഭേദം രൂപനിബന്ധനം;
ഭേദകം കൃതിയും തമ്മിൽ
രൂപസാമ്യവുമുണ്ടിഹ

നാമം വിഭക്തിസംബന്ധങ്ങളെ കാണിക്കുന്നതിനായി രൂപം മാറുന്നു; കൃതി കാലം കുറിക്കുന്നതിനു പ്രത്യയങ്ങളെ സ്വീകരിച്ച് മറ്റുവിന, പറ്റുവിന എന്നു രണ്ടുവഴിയായി രൂപഭേദം പ്രാപിക്കുന്നു. രണ്ടും രണ്ടുവഴിയാകയാൽ നാമകൃതികൾക്ക് രൂപാവലീവിഷയത്തിൽ അന്യോന്യം ഭേദമുണ്ട്. ഭേദകത്തിനാകട്ടെ, രൂപഭേദം ഏറെയില്ല; അല്പമെങ്കിലും ഉണ്ടെങ്കിൽ അതു കൃതികൾക്കു തുല്യമായിട്ടാണ്. അതിനാൽ കൃതിക്കും ഭേദകത്തിനും തമ്മിൽ രൂപത്തിന് സാമ്യമുണ്ട്. "ചെറു" എന്ന ഭേദകപ്രകൃതിയെത്തന്നെ "ചെറുപയറ്" ഇത്യാദികളിൽ പ്രയോഗിക്കാം; രൂപഭേദം ചെയ്യുന്നപക്ഷം അത് "മാറുക" എന്ന കൃതിക്കു "മാറിയ" എന്നു പേരെച്ച
204 രൂപം വരുന്നതുപോലെ "ചെറിയ" എന്നാണ്.

35. കൃതിശബ്ദങ്ങൾ താനേറും;
നാമം പിന്നഥ ഭേദകം;
രണ്ടുമൂന്നു നിപാതങ്ങൾ;
ശേഷം ദ്യോതകമവ്യയം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

മേൽ കാണിച്ചപ്രകാരം വാചകങ്ങൾ മൂന്നുവിധത്തിലുള്ളതിൽ കൃതി ശബ്ദങ്ങളാണ് എല്ലാറ്റിലും അധികമുള്ളത്; പിന്നെ നാമശബ്ദങ്ങൾ; ഭേദകശബ്ദങ്ങൾ മറ്റു രണ്ടിനത്തിൽപ്പെട്ടവയെക്കാൾ സംഖ്യയിൽ ചുരുങ്ങും. അതുപോലെ ദ്യോതകങ്ങളിലും രണ്ടോ മൂന്നോ ശബ്ദങ്ങൾ മാത്രമേ നിപാതമെന്ന ഇനത്തിൽ ഉള്ളൂ; ശേഷമെല്ലാം അവ്യയങ്ങളാകുന്നു. 214

36. സർവ്വത്തിനും നാമമായ
നാമംതാൻ സർവ്വനാമം.

എല്ലാ വസ്തുക്കളെയും ഓരോന്നായോ എല്ലാംകൂടിയോ കുറിക്കുന്നതിനുള്ള നാമത്തിനുതന്നെയാണ് "സർവ്വനാമം" എന്നു പറഞ്ഞുവരുന്നത്. സർവ്വനാമം എന്നുള്ളതും നാമം എന്ന ഇനത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ ഈ സാമാന്യവിഭാഗത്തിൽ അതു വേറെ കണക്കാക്കേണ്ടതില്ലെന്നു സാരം. 221

37. നാമാദി നാലിനും ചെയ്യാം
വിഭാഗം പല ജാതിയിൽ.

നാമം, കൃതി, ഭേദകം, നിപാതം എന്ന നാലുവക പദങ്ങൾക്കും പല തരത്തിലും അവാന്തരവിഭാഗങ്ങൾ ചെയ്യാവുന്നതാകുന്നു. നാമങ്ങൾ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം ഇങ്ങനെ മൂന്നുവിധം, ദ്രവ്യത്തെക്കുറിക്കുന്ന നാമം ദ്രവ്യനാമം- ആന, കുതിര, രാമൻ, കൃഷ്ണൻ, ദ്രവ്യം ഇത്യാദികൾ ഉദാഹരണങ്ങൾ. ഗുണത്തെക്കുറിക്കുന്നത് ഗുണനാമം- അഴകു്, മിടുക്ക്, നന്മ, വിഡ്ഢിത്തം, ഗുണം ഇത്യാദികൾ. ഭേദകപദങ്ങൾ അവയുടെ അർത്ഥത്തിനു മറ്റൊരു പദത്തിന്റെ അർത്ഥത്തിൽ ഗുണീഭാവത്തെ (വിശേഷണമായിരിക്കുന്ന സ്ഥിതിയെ) ആണു കാണിക്കുന്നത്. ഗുണനാമങ്ങൾ ലോകശാസ്ത്രപ്രസിദ്ധങ്ങളായ ഗുണങ്ങളെ വിശേഷ്യനിലയിൽത്തന്നെ കുറിക്കുന്നു. ഇതാണ് ഗുണനാമങ്ങൾക്കുള്ള വ്യത്യാസം. ക്രിയയെ കുറിക്കുന്നതു ക്രിയാനാമം: പഠിപ്പ്, കളി, വരവ്, ഉറക്കം ഇത്യാദികൾ. പിന്നെ ദ്രവ്യനാമങ്ങൾ സംജ്ഞാനാമം, സാമാന്യനാമം, സർവ്വനാമം, മേയനാമം ഇങ്ങനെ നാലുവിധം. ഒരു വ്യക്തിയെ പ്രത്യേകമറിയിക്കുന്നത് സംജ്ഞാനാമം; രാമൻ, കൃഷ്ണൻ, ഗോവിന്ദൻ, ശങ്ക, നാണു, ലക്ഷ്മി, ചിരുതേവി ഇത്യാദികൾ. ഒരു ജാതിയെക്കുറിക്കുന്നതു സാമാന്യനാമം; മനുഷ്യൻ, മൃഗം, മരം, വള്ളി, ബ്രാഹ്മണൻ, നായർ ഇത്യാദികൾ. ജാതിവ്യക്തികളുടെ ലക്ഷണമാകട്ടെ,

ഒറ്റയായ് പലതിൽ പറ്റും നിത്യമാമൊന്നു ജാതിയാം; 237
അതിലുൾപ്പെട്ടതോരോന്നും വെവ്വേറെ വ്യക്തിയായതു്

എന്നാകുന്നു. സർവ്വത്തിന്റെയും നാമമായിട്ടുള്ളത് സർവ്വനാമം; എല്ലാ, ഒക്ക, മറ്റു ഇത്യാദികൾ. ജാതിവ്യക്തിഭേദം കല്പിക്കുന്നതിനു സൗകര്യമില്ലാത്ത പദാർത്ഥങ്ങളുടെ നാമമായിട്ടുള്ളത് മേയനാമം; വെള്ളം, മണ്ണ്, സ്വർണ്ണം, ആകാശം, വായു ഇത്യാദികൾ. ഇവയിൽ സർവ്വനാമം എന്ന ഇനത്തിൽ ചേർന്നതാണ് എണ്ണത്തിൽ ചുരുക്കമായിട്ടുള്ളത്. ആകെ സർവ്വനാമങ്ങൾ ഇത്രയാണെന്നു താഴെക്കാണിക്കാം:

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 279

1.	എൻ	ഉത്തമസർവ്വനാമം	12.	ചില	നാനാസർവ്വനാമം
2.	നിൻ	മധ്യസർവ്വനാമം	13.	പല	
3.	അ	ചുട്ടെഴുത്ത് അല്ലെങ്കിൽ വിവേചകസർവ്വനാമം	14.	ഇന്ന	— നിർദ്ദിഷ്ടവാചി
4.	ഇ		15.	എല്ലാ	— സർവ്വവാചി*
5.	(ഉ)		16.	തൻ	— സ്വവാചി
6.	(ഒരു)				
7.	എ	വ്യപക്ഷകം[1]	17.	മിക്ക	— അംശവാചി
8.	യാ				
9.	ഏ	ചോദ്യസർവ്വനാമം	18.	മറ്റ്	— അന്യാർത്ഥകം
10.	ആർ				
11.	എന്ത്		19.	വല്ല	— അനാസ്ഥാവാചി

ഇനി കൃതികളുടെ വിഭാഗരീതി കാണിക്കാം — ഇതെങ്കിലും ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നു എന്നോ ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ കുറിക്കുന്ന

(1) ക്രിയാപദമാണല്ലോ കൃതി. ഇതിൽ ഒരു വസ്തു ഒരു സ്ഥിതിയിലിരിക്കുന്നുവെന്നുള്ള ക്രിയയ്ക്ക് കർമ്മം ഇല്ലാത്തതിനാൽ ആവക കൃതികളെല്ലാം അകർമ്മകങ്ങൾ. അതിനാൽ ഉറങ്ങുക, കളിക്കുക, നില്ക്കുക മുതലായവ അകർമ്മങ്ങൾ. ഒന്ന് ഒരു പ്രവൃത്തിയെ ചെയ്യുന്നു എന്നുള്ള ക്രിയയ്ക്ക് കർമ്മമുള്ളതിനാൽ ആവക കൃതികൾ സകർമ്മകങ്ങൾ. അതിനാൽ ഉണ്ണുക, കുടിക്കുക, അടിക്കുക മുതലായവ സകർമ്മകക്രിയകളാകുന്നു. ഇങ്ങനെ അർത്ഥം പ്രമാണിച്ച് സകർമ്മകം, അകർമ്മകം എന്നൊരു വക വിഭാഗം.

(2) ഓടുക, ഓടിക്ക; നില്ക്കുക, നിറുത്തുക; കാണുക, കാണിക്ക; തിന്നുക, തീറ്റുക എന്ന മട്ടിൽ എല്ലാ കൃതികൾക്കും രണ്ടുമാതിരി രൂപങ്ങൾ കാണുന്നുണ്ട്. അതിൽ പരപ്രേരണകൂടാതെ കർത്താവ് തനിയേ ക്രിയചെയ്യുന്ന ഇടങ്ങളിൽ ആദ്യത്തെമാതിരി രൂപങ്ങളെ ഉപയോഗിക്കുന്നു. കർത്താവ്, മറ്റൊരു നിർബ്ബന്ധപ്രകാരം ക്രിയചെയ്യുന്നിടത്തു രണ്ടാമത്തെമാതിരി രൂപങ്ങൾ വരുന്നു. അതിൽ ഓടുക, നില്ക്കുക മുതലായ വെറുംകൃതികൾ കേവലപ്രകൃതികൾ; ഓടിക്ക, നിറുത്തുക, മുതലായ പ്രേരണാർത്ഥംകൂടിയുള്ളവ പ്രയോജകപ്രകൃതികൾ. ഇങ്ങനെ പ്രകൃതി പ്രമാണിച്ച് "കേവലം" എന്നും" പ്രയോജകം" എന്നും രണ്ടാമത്തെ വിഭാഗം.

(3) ഇനി ചില കൃതികൾ അർത്ഥം നോക്കുന്നതായാൽ കേവല പ്രകൃതിതന്നെ എന്നും രൂപം നോക്കുന്നതായാൽ പ്രയോജകപ്രകൃതി എന്നും തോന്നുന്നവയായിട്ടുണ്ട്. പ്രയോജക

[1] 52-ആം കാരികയുടെ വ്യാഖ്യാനം കഴിഞ്ഞുള്ള "ചുട്ടെഴുത്തുകൾ" എന്ന ഖണ്ഡികയുടെ അവസാനം നോക്കുക.
[2] "ഒക്ക" എന്നൊരു സർവ്വനാമംകൂടി മുകളിൽ നിർദ്ദേശിച്ചിട്ടുണ്ടല്ലോ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 303

പ്രകൃതിയാക്കുമ്പോൾ മിക്ക കൃതികൾക്കും "ക്ക്" എന്ന ഇടനിലചേർക്കണമെന്ന് മുൻ ഉദാഹരണങ്ങളെക്കൊണ്ട് സ്പഷ്ടമാണല്ലോ. അങ്ങനെ അർത്ഥഭേദംകൂടാതെ "ക്ക്" എന്നു ചേർക്കേണ്ടുന്ന കേവലപ്രകൃതിയിലെ കൃതികൾക്ക് "കാരിതം" എന്നു പേർ. ഈ വിശേഷവിധി ഇല്ലാത്തവ "അകാരിത" ങ്ങൾ.

ഉദാ: കാരിതം — കേൾക്കുന്നു, നില്ക്കുന്നു, പിടിക്കുന്നു, പറക്കുന്നു
അകാരിതം — അരയുന്നു, ഓലുന്നു, പിരിയുന്നു, മറയുന്നു
പ്രയോജകം — അരപ്പിക്കുന്നു, ഒലിപ്പിക്കുന്നു, പിരിക്കുന്നു, മറയ്ക്കുന്നു

ഇവയിൽ കാരിതങ്ങളിലും പ്രയോജകങ്ങളിലും "ക്ക്" എന്ന് ഇടനില ഒന്നുപോലെ ചേർന്നുകാണുന്നുണ്ട്. എന്നാൽ കാരിതങ്ങൾക്ക് പ്രയോജകങ്ങൾക്കുള്ളതുപോലെ പരപ്രേരണയാൽ ചെയ്യ എന്നുള്ള വിശേഷാർത്ഥമില്ല. ഇത് സ്വഭാവംപ്രമാണിച്ചുള്ള വിഭാഗമാകുന്നു.

(4) നാലാമത് പ്രാമാണ്യം പ്രമാണിച്ചുള്ള വിഭാഗം. നമ്മുടെ ശരീരത്തിൽ ഉടൽ പ്രധാനവും ശേഷമുള്ള കൈകാൽ മുതലായവ അതിന്റെ അംഗങ്ങളും ആണെന്നു പലപ്പോഴും പറയാറുണ്ടല്ലോ. അതുപോലെ വാക്യങ്ങളിലും ചില പദങ്ങൾ പ്രധാനങ്ങളും മറ്റുചില പദങ്ങൾ അപ്രധാനങ്ങളും ആകുന്നു എന്ന് വൈയാകരണന്മാർ പറയുന്നു. അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കൊന്നും കീഴടങ്ങാത്ത പദം പ്രധാനം; മറ്റൊന്നിനു കീഴടങ്ങുന്നത് അപ്രധാനം. ഈവിധം പ്രാധാന്യമുള്ള കൃതിക്ക് "കരോതികൃതി" അല്ലെങ്കിൽ "മുറ്റുവിന"[3] എന്നുപേർ; അപ്രധാനകൃതിക്ക് "കുർവത്കൃതി" അല്ലെങ്കിൽ "പറ്റുവിന"[4] എന്നു പേർ.

ഉദാ: മുറ്റുവിന — ചെയ്യുന്നു, ഉണ്ടു, പോകുന്നു, പോകാവുന്നു, പോകണം.
പറ്റുവിന — ചെയ്യുന്ന, ഉണ്ട, പോകുന്ന, പോകാവുന്ന, പോകേണ്ടും.

"രാമൻ തിരുവനന്തപുരത്തേക്കു പോകുന്നു" എന്ന വാക്യത്തിൽ "പോകുന്നു" എന്ന കൃതി മറ്റൊരു പദത്തിനും കീഴടങ്ങാതെ പ്രധാനമായി നില്ക്കുന്നു. അതിനാൽ അത് മുറ്റുവിന. "തിരുവനന്തപുരത്തേക്കു പോകുന്ന വള്ളം" എന്നു പറയുമ്പോൾ "പോകുന്ന" എന്ന കൃതി വള്ളത്തിനു വിശേഷണമായി കീഴടങ്ങുന്നതിനാൽ പറ്റുവിനയാകുന്നു. ഇതുപോലെ പ്രാധാന്യവും അപ്രാധാന്യവും കാൺക.

ഇവയ്ക്ക് ഓരോന്നിനും അവാന്തരവിഭാഗങ്ങൾ ഉണ്ട്. അവ എല്ലാം ഇവിടെത്തന്നെ പ്രസ്താവിക്കുന്നില്ല. എങ്കിലും പറ്റുവിനയ്ക്കുള്ള അവാന്തരഭേദങ്ങളെ പറയേണ്ടിയിരിക്കുന്നു. ഒരു കൃതിക്ക് കീഴടങ്ങുന്ന പറ്റുവിന വിനയെച്ചം.[5] 332

ഉദാ: പറഞ്ഞുകേട്ടു; തേച്ചുകുളിച്ചു ഇത്യാദി

---

[3] വിന എന്നത് കൃതി എന്നതിന്റെ തമിഴ് പേരാകുന്നു. മുറ്റുവിന = മുറ്റിയ (പ്രധാനപ്പെട്ട) വിന (കൃതി).

[4] പറ്റുവിന = പറ്റിയ (മറ്റൊന്നിനെ ആശ്രയിച്ചുനിൽക്കുന്ന) വിന (കൃതി).

[5] വിനയെച്ചം = വിനയുടെ (കൃതിയുടെ) എച്ചം (അംഗം).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 337

ഇവിടെ "പറഞ്ഞു" എന്നതു് "കേട്ടു" എന്ന മറ്റൊരു കൃതിക്കും, "തേച്ചു" എന്നതു് "കുളിച്ചു" എന്ന കൃതിക്കും കീഴടങ്ങുന്നതിനാൽ വിനയെച്ചങ്ങളാകുന്നു.

339 ഒരു നാമത്തിന് കീഴടങ്ങുന്ന കൃതി പേരെച്ചം.[6]

ഉദാ: പറഞ്ഞ കാര്യം; കൊടുത്ത വസ്തു.

ഇവയിൽ പറഞ്ഞ, കൊടുത്ത എന്ന കൃതികൾ മുറയ്ക്കു് കാര്യം, വസ്തു എന്ന നാമങ്ങൾക്കു കീഴടങ്ങുന്നു എന്നറിക.

മറ്റു പദങ്ങളുടെ അർത്ഥത്തെ ഭേദിപ്പിക്കുന്നതു് ഭേദകം. പശു എന്നു പറഞ്ഞാൽ ആ ജാതിയിലുള്ള ഓരോ ജന്തുവിനെയും ഗ്രഹിക്കാം. വെളുത്ത പശു എന്നു് ഒരു ഭേദകംകൂടി ചേർക്കുമ്പോൾ കറുത്ത പശുവും ചുവന്ന പശുവും മറ്റും ആ വാക്കിൽ ഉൾപ്പെടാത്തതിനാൽ അതിന്റെ വ്യാപ്തി ചുരുങ്ങിപ്പോകുന്നു. അതിനാൽ "വെളുത്ത" എന്ന ശബ്ദം "പശു" എന്ന നാമത്തോടു ചേർന്നു് അതിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്നുവെന്നു് സ്പഷ്ടമായി. ഈ മാതിരിയിൽ ഒരു ശബ്ദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്ക എന്നുള്ള പ്രവൃത്തിക്കു് "വിശേഷിപ്പിക്കുക" എന്നു് വൈയാകരണന്മാർ പേരിട്ടിരിക്കുന്നു. അതുകൊണ്ടു് ഭേദകത്തിന് "വിശേഷണം" എന്നു പേർ പറയാം. അപ്പോൾ നാമത്തെ വിശേഷിപ്പിക്കുന്ന ശബ്ദത്തിന് "നാമവിശേഷണം" എന്നും, കൃതിയെ വിശേഷിപ്പിക്കുന്നതിന് "ക്രിയാവിശേഷണം" അല്ലെങ്കിൽ "കൃതിവിശേഷണം" എന്നും, മറ്റൊരു ഭേദകത്തെത്തന്നെ വിശേഷിപ്പിക്കുന്നതിന് "ഭേദകവിശേഷണം" എന്നും ഇവയ്ക്കു് എല്ലാറ്റിനും പൊതുവേ ഭേദകം എന്നും സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു. നാ
356 മവിശേഷണത്തിന് ഉദാഹരണം കാണിച്ചുകഴിഞ്ഞു. ശേഷത്തിന്,

മുഖം ചെറു വിയർത്തു

ഇവിടെ "ചെറു്" എന്നതു് "വിയർക്ക" എന്ന ക്രിയയെ വിശേഷിപ്പിക്കുന്നതിനാൽ ക്രിയാവി
361 ശേഷണം.

ഉടൻ നടന്ന സംഗതി

ഇതിൽ "ഉടൻ" എന്നതു് "നടന്ന" എന്ന ക്രിയയുടെ വിശേഷണം. ഏറ്റം കറുത്ത പശു; അല്പം വളഞ്ഞ വടി ഇതിൽ "ഏറ്റം" എന്നതു് "കറുത്ത" എന്ന ഭേദകത്തിന്റേയും "അല്പം" എന്നതു് "വളഞ്ഞ" എന്ന ഭേദകത്തിന്റേയും വിശേഷണങ്ങളാകയാൽ "ഭേദകവിശേഷണങ്ങൾ" ആകുന്നു.

1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ:

(1) ശുദ്ധം: ഇതു് വികാരം ഒന്നുമില്ലാതെ നില്ക്കുന്ന ശബ്ദസ്വരൂപം തന്നെ. ഇതിനെ പ്രായേണ നാമത്തോടു സമാസമായി ചേർത്താണ് പ്രയോഗിക്കാറു പതിവു്.

ഉദാ: നൽ — നന്മുത്തു്, തിരു — തിരുമുഖം, ചെം — ചെന്താമര,
വൻ — വൻതേൻ, ചെറു — ചെറുപയറു്.

[6] പേരെച്ചം = പേരിന്റെ (നാമത്തിന്റെ) എച്ചം (അംഗം).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 377

(2) സാർവ്വനാമികം: ഇത് ഭേദകമായിട്ടുപയോഗിക്കുന്ന സർവ്വനാമംതന്നെ. ഇവയിൽ വ്യക്തികളെ വേർതിരിച്ചുകാണിക്കുന്നതിനുപയോഗപ്പെടുന്ന "അ" "ഇ" എന്ന ഏകാക്ഷരങ്ങൾക്ക് "ചുട്ടെഴുത്ത്" എന്നൊരു വിശേഷപ്പേരുണ്ട്. ചൂണ്ടുന്ന എഴുത്ത് "ചുട്ടെഴുത്ത്" എന്നർത്ഥം. ആണ്ടുപുറന്നാൾ എന്നത് അനുനാസികം ലോപിച്ച് ആട്ടപ്പുറന്നാൾ എന്നാകുന്നതുപോലെ "ചൂണ്ടെഴുത്ത്" എന്നത് "ചുട്ടെഴുത്ത്" എന്നായി.

ഉദാ:	അ — അവിടം, ആയാൾ	ഏ — ഏമനുഷ്യൻ
	ഇ — ഇവിടം, ഈയാൾ	എന്തു — എന്തുകാര്യം
	ഒരു — ഒരു മനുഷ്യൻ	ഏതു — ഏതു ദിക്ക്

(3) സാംഖ്യം: ഇത് സംഖ്യാപരമായ ഭേദകംതന്നെ.

ഉദാ:	ഒരു — ഒരു പശു;	ഇരു — ഈർ — ഇരുപത്, ഈരേഴ്;
	മൂ — മൂന്[7] ന — മുക്കണ്ണൻ, മൂന്നുലോകം;	നാൽ — നാന്മുഖൻ;
	ഐ — ഐയമ്പൻ	

(4) വിഭാവകം: ഇത് ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണ്ണിക്കുന്ന ഭേദകമാകുന്നു.

ഉദാ:	സമർത്ഥ	—	സമർത്ഥനായ	പുരുഷൻ
	ടി	—	സമർത്ഥയായ	സ്ത്രീ
	മിടുക്ക	—	മിടുക്കനായ	പുരുഷൻ
	ടി	—	മിടുക്കിയായ	സ്ത്രീ
	തടിയ	—	തടിയൻ (ആയ)	മനുഷ്യൻ
	ടി	—	തടിച്ചി (ആയ)	പെണ്ണ്
	ഭോഷ	—	ഭോഷൻ (ആയ)	മനുഷ്യൻ
	ടി	—	ഭോഷി (ആയ)	പെണ്ണ്
	പൊട്ട	—	പൊട്ടൻ(ആയ)	മനുഷ്യൻ
	ടി	—	പൊട്ടി (ആയ)	പെണ്ണ്

ഈവക നാമവിശേഷണങ്ങൾക്കു മാത്രം ലിംഗഭേദം ഉണ്ട്.[8] ഇവ നാമത്തോടു നേരെ ചേരുന്നില്ല. തങ്ങളിൽ സംബന്ധിപ്പിക്കുന്നതിന് മദ്ധ്യേ "ആയ" എന്ന അവ്യയത്തെക്കൂടി ഉപയോഗിക്കേണ്ടതുണ്ട്. ഉദാഹരണത്തിൽ ഈ വിശേഷം കാണിച്ചിരിക്കുന്നതു നോക്കുക.

(5) പാരിമാണികം: ഇത് "പരിമാണം" എന്നു പറയുന്ന അളവിനെക്കുറിക്കുന്ന ഭേദകമാകുന്നു. ഉദാ: നാഴിയരി; ഇത്രനേരം; എത്ര നെല്ല്; രണ്ടു തുടം നെയ്യ്;

---

[7] സാംഖ്യഭേദകമായി "മൂന്നു" ഇവിടെ കാണുന്നുണ്ടെങ്കിലും ഭേദകാധികാരത്തിൽ "മൂന്നു" അല്ല "മൂ" ആണു കാണുന്നത്. "മൂന്ന്" സംഖ്യാനാമമാണെന്ന് അവിടെ രേഖപ്പെടുത്തിയിട്ടുമുണ്ട്. "മൂന്ന്" സാംഖ്യഭേദകമാണെങ്കിൽ എല്ലാ സംഖ്യാനാമങ്ങളും ഭേദകങ്ങളാണെന്നു പറയണം "ഞാൻ അതൊന്ന് നോക്കട്ടെ" മുതലായവയിൽ അവ്യയമായി പ്രയോഗിച്ചിരിക്കുന്ന "ഒന്ന്" ക്രിയാവിശേഷണംപോലെ ഇരിക്കുന്നു.

[8] വചനഭേദവുമുണ്ട്. ഉദാ: സമർത്ഥരായ മനുഷ്യർ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 417

ഒരു പിടി എള്ള്; കുറെ (റയ) വെള്ളം. (6) നാമാംഗജം:[9] ഇത് പേരെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാകുന്നു.

ഉദാ: കെട്ടിയ പെൺ = (കെട്ടുക എന്ന കൃതിയുടെ പേരെച്ചം)
പെറ്റമ്മ = (പെറുകയുടെ പേരെച്ചം)
വെളുത്ത[10] പശു = (വെളുക്കുകയുടെ പേരെച്ചം)
കറുത്ത നൂൽ = (കറുക്കുകയുടെ പേരെച്ചം)

(7) ക്രിയാംഗജം: ഇത് വിനയെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാകുന്നു. ഇതുമാത്രം ക്രിയയിൽ അന്വയിക്കുന്നതാകയാൽ ക്രിയാവിശേഷണമായിട്ടേ വരൂ.

ഉദാ: ഉറക്കെപ്പറയുന്നു = (ഉറയ്ക്കുകയുടെ വിനയെച്ചം)
മുറുകിനടക്കുന്നു = (മുറുകുകയുടെ വിനയെച്ചം)
നീളെ ഓടുന്നു = (നീളുകയുടെ വിനയെച്ചം)
കൂടെപ്പോകുന്നു = (കൂടുകയുടെ വിനയെച്ചം)

ഈ പ്രകൃതം ഉപസംഹരിക്കുംമുൻപ് തമിഴർ ശബ്ദങ്ങളെ ഏതുവിധം വിഭജിച്ചിരിക്കുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഭവനന്ദി ശബ്ദങ്ങൾക്കു ചെയ്തിട്ടുള്ള മഹാവിഭാഗം പകുപ്പദം, പകാപ്പദം എന്നാണ്. പകുക്കാവുന്ന പദം, അതായത്, വിഭാജ്യം അല്ലെങ്കിൽ വ്യുത്പന്നം. "പകുപ്പദം"; പകുക്കാൻ പാടില്ലാത്തത്, അതായത്, അവിഭാജ്യം അല്ലെങ്കിൽ അവ്യുത്പന്നം "പകാപ്പദം". പകാപ്പദങ്ങൾ പേർ (= നാമം), വിന (= കൃതി), ഇട (= നിപാതാവ്യയങ്ങൾ), ഉരി (= ഭേദകം) എന്നു നാലുതരമുണ്ട്. പകുപ്പദങ്ങളെ പകുക്കുന്നത് (വിഭാജ്യപദങ്ങളെ വിഭജിക്കുന്നത്) കുറഞ്ഞാൽ രണ്ടെണ്ണമായിട്ടും കൂടിയാൽ ആറെണ്ണമായിട്ടും ആവാം; ആറെണ്ണങ്ങളാവിതു്:

1 പ്രകൃതി — ഭാഗിക്കാൻ പാടില്ലാത്ത മൂലതത്ത്വം
2 വികൃതി — പ്രത്യയം. പ്രകൃതിധർമ്മങ്ങളെ പ്രകാശിപ്പിക്കുന്ന ഭാഗം
3 ഇടനില — പ്രകൃതിക്കും വികൃതിക്കും മദ്ധ്യേ വരുന്നത്
4 ചാരിയ — ഇടനിലയ്ക്ക് അംഗമായിച്ചേരുന്നത്
5 സന്ധി — കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന വിശേഷം
6 വികാരം — ഉച്ചാരണസൗഷ്ഠവത്തിനുവേണ്ടി ചെയ്യുന്ന ഭേദഗതികൾ

465 "നടന്തനൻ" എന്ന ഉദാഹരണത്തിൽ,

പ്രകൃതി — നട; വികൃതി — അൻ; ഇടനില — ത്;
ചാരിയ — അൻ; സന്ധി — ത്; വികാരം — തകാരത്തിന് നകാരാദേശം.
നട + ത് (= ന്) + ത് + അൻ + അൻ.[11]

---

[9] നാമാംഗജം നാമാംഗത്തിൽ (പേരെച്ചത്തിൽ) നിന്നു ജനിച്ചത്, പേരെച്ച സ്വരൂപമായുള്ളത്.

[10] വെളുത്ത കറുത്ത ഇവ രണ്ടും പരമാർത്ഥത്തിൽ വെളുക്കുക, കറുക്കുക എന്ന കൃതികളിൽ നിന്നുണ്ടായവയാകയാൽ പേരെച്ചങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-10.tex/Line: 471

ഇതിൽ സന്ധിക്കും വികാരത്തിനും തമ്മിൽ വലിയ അന്തരം ഇല്ലാത്തതിനാൽ രണ്ടും ഒന്നായിട്ടു വകവയ്ക്കാം; അതുപോലെ ഇടനിലയുടെ പരിവാരമാകയാൽ "ചാരിയ" എന്നു വേറെ ഒരിനം ആവശ്യമല്ല. ഇങ്ങനെ നോക്കുമ്പോൾ- പ്രകൃതി, വികൃതി അല്ലെങ്കിൽ പ്രത്യയം, ഇടനില എന്നു മൂന്നെണ്ണംകൊണ്ടു് കാര്യം സാധിക്കാം. ഇതുമൂന്നും തങ്ങളിൽ ചേരുമ്പോൾ ഉണ്ടാകുന്ന ഭേദഗതിയെല്ലാം സന്ധി; അതു് പദങ്ങളുടെ യോഗത്തിലും വരുന്നതാകയാൽ പ്രത്യേകിച്ചെടുക്കണമെന്നില്ല. തമിഴരുടെ വിഭാഗത്തിൽ മുഖ്യമായ അസ്വാരസ്യം കാലപ്രത്യയങ്ങളെ ഇടനിലയാക്കിത്തള്ളേണ്ടിവരുന്നതാണ്. സംസ്കൃത്തിലെ വികരണപ്രത്യയങ്ങൾക്കെന്നപോലെ രൂപനിഷ്പാദനസൗകര്യം സമ്പാദിച്ചുകൊടുക്കയാണ് ഇടനിലയുടെ ശരിയായ പ്രവൃത്തി. എന്നാൽ തമിഴിൽ പുരുഷപ്രത്യയങ്ങളുടെ പ്രാധാന്യംകൊണ്ടു കാലപ്രത്യയങ്ങളെ ഇടനിലയുടെ കൂട്ടത്തിൽ ഗണിക്കേണ്ടിവരികയും ചെയ്യുന്നു. മലയാളത്തിൽ ഈ അസൗകര്യമില്ലാത്തതിനാൽ പ്രകൃതി, പ്രത്യയം, ഇടനില എന്നു മൂന്നായിട്ടേ പദങ്ങളെ വ്യാകരിക്കുന്നുള്ളു. ശബ്ദവിഭാഗത്തിലും അല്പം ചില ലക്ഷണഭേദങ്ങൾ ചെയ്തിട്ടുണ്ട്. ഭേദകത്തിന്റെ സ്ഥാനംവഹിക്കുന്ന ഉരിച്ചൊല്ലിന് തമിഴരുടെ ലക്ഷണം ക്ലിഷ്ടമാണെന്നുള്ളതിനുപുറമേ അവർ അതിന് വിഷയസങ്കോചവുംകൂടി ചെയ്തിട്ടുണ്ട്. ഈ സംഗതി ഭേദകാധികാരത്തിൽ വിസ്തരിക്കപ്പെടും. തമിഴർ ചെന്തമിഴിനാണ് വ്യാകരണം ചെയ്തിട്ടുള്ളത്; മലയാളമാകട്ടെ കൊടുന്തമിഴിൽ ഉൾപ്പെട്ടതാകയാൽ മലയാളവ്യാകരണത്തിന്റെ സമ്പ്രദായംതന്നെ തമിഴ്വ്യാകരണത്തിൽ നിന്നു ചില പ്രധാനാംശങ്ങളിൽ ഭേദപ്പെട്ടേ വരാൻ തരമുള്ളു. ഇതുകൂടാതെ തമിഴർക്ക് ഐന്ദ്രവ്യാകരണത്തിന്റെ പരിശീലനം കൊണ്ടു് സംസ്കൃതാനുകരണദോഷം ചിലെടത്തു സംഭവിച്ചിട്ടുണ്ട്. നമുക്കു കഴിയുന്നതും ആവക ദോഷം ബാധിക്കാതെ കഴിക്കണം; പാശ്ചാത്യന്മാർ പുതുതായി പ്രവർത്തിച്ചിട്ടുള്ള ഭാഷാശാസ്ത്രത്തിന്റെ തത്ത്വങ്ങളെ യഥാശക്തി ഉപയോഗിക്കയും വേണം.

[11] "നടന്തനൻ" എന്ന പദത്തിൽ അവസാനത്തെ "അൻ" വികൃതിയും അതിനുമുൻപുള്ള "അൻ" ചാരിയയും അതിനുമുൻപുള്ള "ത്" ഇടനിലയും ആദ്യഭാഗമായ "നട" പ്രകൃതിയുമാണ്. പ്രകൃതിക്കും ഇടനിലയ്ക്കും ഇടയ്ക്കുള്ള "ന്" വികാരം. അതു "ത്" എന്ന സന്ധിക്ക് ആദേശമായി വന്ന നകാരമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-11.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

3

പ്രകൃതിപ്രത്യയങ്ങൾ

6

38. പ്രത്യയത്തെ പ്രകൃതിയിൽ
ചേർത്തുണ്ടാക്കുന്നതാം പദം.
ചിലപ്പൊളിതു രണ്ടിന്നു-
മിടയ്ക്കു ചിലയക്ഷരം

ചേർക്കേണ്ടതുണ്ടിടനില-
യെന്നത്ര പേരതിന്നിഹ.
അതും പ്രകൃതിയുംകൂടി-
ച്ചേർന്നതിന്നംഗമെന്നു പേർ.

പദസ്വരൂപം വിവരിക്കുന്നു: പ്രകൃതി എന്ന ശബ്ദഭാഗത്തിൽ പ്രത്യയം ചേർന്നിട്ടാണ് പദമുണ്ടാകുന്നത്. പ്രകൃതിപ്രത്യയങ്ങൾ ചേർന്നിട്ടുള്ള ശബ്ദസ്വരൂപംതന്നെ പദമെന്നു സാരം.[1] ഈ പ്രകൃതിപ്രത്യയങ്ങൾ തമ്മിൽ ചേരുന്നിടത്ത് ചില വാക്കുകളിൽ യോജനയുടെ സുകുമാരതയ്ക്കുവേണ്ടി മദ്ധ്യത്തിൽ ചില അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വിളക്കി ഭംഗിവരുത്തേണ്ടതായിട്ടുണ്ടായിരുക്കും. ആവക വിളക്കുപൊടികളായ അക്ഷരങ്ങൾക്ക് "ഇടനില" എന്നുപേർ. പ്രകൃതിയും ഇടനിലയും കൂടിച്ചേർന്നുള്ള പദഭാഗത്തിന് "അംഗം" എന്നു പേരിടാം. "മരത്തിന്റെ" എന്ന പദത്തിൽ മരം, ഇൻ, ൫ എന്ന മൂന്നംശങ്ങളാണുള്ളത്. അതിൽ "മരം" എന്നത് പ്രകൃതി; ൫ എന്നതു പ്രത്യയം; ഇൻ എന്നത് ഇടനില; മരത്തിൽ എന്ന ഭാഗം അംഗം — ഇങ്ങനെ ഇവയുടെ സ്വരൂപം. 17

39. നാരായവേരാം പ്രകൃതി,
തടിയാമംഗമെന്നത്;

[1] പ്രത്യയം ചേരാത്ത ചില പ്രകൃതികളും ദ്രാവിഡഭാഷകളിൽ പദങ്ങളാകും. ഉദാ: ആന, പോ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-11.tex/Line: 20

പ്രത്യയം കവരംപോലെ
മേല്ക്കുമേലുത്ഭവിപ്പതും.

പ്രകൃതിപ്രത്യയങ്ങളുടേയും അംഗത്തിന്റെയും സ്വരൂപം ദൃഷ്ടാന്തം വഴിക്ക് വിശദമാക്കുന്നു. പദത്തെ ഒരു മരത്തിന്റെ നിലയിൽ സങ്കല്പിക്കുന്നതായാൽ "പ്രകൃതി" എന്നതിനെ ആ മരത്തിന്റെ നാരായവേരായിഗ്ഗണിക്കാം. "അംഗം" എന്നതിനെ തടിയായി വിചാരിക്കാം. "പ്രത്യയങ്ങൾ" മരത്തിൽ കവരങ്ങളുണ്ടാകുന്നതുപോലെ ഒന്നിനുമേൽ ഒന്നായിച്ചേർന്നു നില്ക്കുന്നവയുമാണ്.

40. വിഭക്തി, ലിംഗം, വചനം
നാമങ്ങൾക്കു കുറിക്കണം;
കൃതി കാലാദിയെക്കാട്ടാൻ
രൂപഭേദങ്ങളേറ്റിടും;
നിപാതഭേദകങ്ങൾക്കു
രൂപഭേദങ്ങൾ വന്നിടാ.

"നാമങ്ങൾ" എന്ന ഇനത്തിൽപ്പെട്ട പദങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾ ലിംഗപ്രത്യയം, വചനപ്രത്യയം, വിഭക്തിപ്രത്യയം ഇങ്ങനെ മൂന്നുവകയായിട്ടുണ്ട്. ആവക പ്രത്യയങ്ങൾ ചേർന്നിട്ടാണ് നാമങ്ങൾക്ക് മരം, മരങ്ങൾ മരങ്ങളെ ഇത്യാദി രൂപഭേദം ഉണ്ടാകുന്നത്. കൃതിശബ്ദങ്ങളിൽ കാലാദികളെ കാണിക്കുന്ന പ്രത്യയങ്ങൾ ചേർന്നിട്ടാണ് വീണു, വീഴുന്നു, വീഴും ഇത്യാദി രൂപഭേദങ്ങൾ ഉണ്ടാകുന്നത്. നിപാതങ്ങൾക്കും ഭേദകങ്ങൾക്കും ഈമാതിരി പ്രത്യയങ്ങൾ ചേർന്നിട്ടുള്ള രൂപഭേദങ്ങളൊന്നും വരുന്നതല്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 2

ഭാഗം മൂന്ന്

നാമാധികാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

ലിംഗപ്രകരണം

41. നാമാർത്ഥവസ്തുവിന്നുള്ള
പുംസ്ത്രീക്ലീബങ്ങൾ ലിംഗമാം;
ജഡജന്തുക്കളും ക്ലീബം[1]
പുംസ്ത്രീഭേദാവിവക്ഷയാൽ.

പുരുഷൻ, സ്ത്രീ, നപുംസകം എന്നു ലോകത്തിൽ പ്രസിദ്ധമായ വിഭാഗത്തിനു തന്നെയാണ് ഭാഷയിൽ ലിംഗം എന്നു പറയുന്നത്. സംസ്കൃതത്തിലും മറ്റും ലിംഗത്തിനു വ്യവസ്ഥയില്ല. അചേതനമായ കിണ്ടി (കുണ്ഡീ), കുടം (ഘടഃ) ഇത്യാദിയെ സംസ്കൃതത്തിൽ അവൾ എന്നും അവൻ എന്നും അർത്ഥമായ സാ, സഃ എന്ന പദങ്ങൾകൊണ്ടണു വ്യവഹരിക്കുന്നത്. ഭാഷയിലെ ലിംഗവ്യവസ്ഥ അർത്ഥമനുസരിച്ചാകയാൽ വളരെ സയുക്തികമായിരിക്കുന്നുണ്ട്. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾ തുടങ്ങിയ ജന്തുക്കൾപോലും ഭാഷയിൽ നപുംസകലിംഗം ആണ്. അതിനുള്ള യുക്തി പുംസ്ത്വം, സ്ത്രീത്വം ഇതു രണ്ടും വിശേഷബുദ്ധി എന്ന ചൈതന്യമുള്ളവരിലേ പ്രധാനമായി ഗണിക്കേണ്ടതുള്ളു എന്നും മനുഷ്യനെ സംബന്ധിച്ചിടത്തോളം ആവക ജന്തുക്കളെയും അചേതനമായി ഗണിക്കാവുന്നതിനാൽ അവയിലെ പുംസ്ത്രീഭേദം വകവയ്ക്കേണ്ടതില്ല എന്നും ആണ്.

42. അകാരാന്തത്തിനേ ഉള്ളു
ലിംഗഭേദം പ്രധാനമായ്;
അതും താലവ്യമാണെങ്കി-
ലില്ല പൂജയിലെന്നിയേ.
വേറേ പ്രയോജനം കാണും

[1] പുംസ്ത്രീഭേദം വിവക്ഷിക്കാത്തതുകൊണ്ട് ജഡജന്തുക്കളും ക്ലീബം (നപുംസകം) ആണ് എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാർക്കു വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 22

മറ്റുള്ളേടത്തു ചേർക്കുകിൽ.

അകാരാന്തശബ്ദങ്ങളിൽ മാത്രമേ പ്രധാനമായി ലിംഗപ്രത്യയം ചേർക്കേണ്ടതുള്ളു. അകാരന്തത്തിലും താലവ്യാകാരാന്തശബ്ദങ്ങൾക്ക് ലിംഗഭേദമില്ല. എന്നാൽ ബഹുമാനത്തെ കാണിപ്പാനായി ചിലെടത്ത് ആവക ശബ്ദങ്ങൾക്കും ലിംഗപ്രത്യയം ചേർക്കാറുണ്ട്. തന്തയാൻ, തള്ളയാൾ ഇത്യാദികൾ ഉദാഹരണങ്ങൾ. അകാരാന്തശബ്ദങ്ങളൊഴികെ മറ്റുള്ളവയിൽ ലിംഗപ്രത്യയം ചേർത്തുകാണന്നിടത്തെല്ലാം ഉച്ചാരണസൗകര്യമോ മറ്റേതെങ്കിലുമോ ഒരു പ്രയോജനം ഉണ്ടായിരിക്കും. വക്കീലന്മാർ, തിരുമുല്പാടന്മാർ മുതലായ ശബ്ദങ്ങളിൽ വക്കീൽമാർ, തിരുമുല്പാടുമാർ എന്നൊക്കെ ഉച്ചരിക്കുന്നത് വിഷമമാകയാൽ "അൻ" എന്ന പുല്ലിംഗപ്രത്യയം ചേർത്തിരിക്കുന്നു. സംസ്കൃതത്തിലും അകാരാന്തം, സകാരാന്തം, തകാരാന്തം, നകാരാന്തം ഇങ്ങനെ ചില ശബ്ദങ്ങളിൽ മാത്രമേ പ്രധാനമായി ലിംഗഭേദമുള്ളു. മുനി-മുനിവൻ, ഉച്ചൈശ്ശ്രവസ്-ഉച്ചൈശ്ശ്രവസൻ എന്നും മറ്റും ഇകാരാന്തം, സകാരാന്തം മുതലായ നാമങ്ങളിൽ ലിംഗപ്രത്യയം പഴയ കൃതികളിൽ കാണുന്നുണ്ട്. അതിന്റെ പ്രയോജനം പ്രാധാന്യം കണക്കാക്കിയാണെന്ന് സമാധാനപ്പെടാം. തിരുമുല്പാടന്മാർ, വക്കിലന്മാർ ഇത്യാദികളിൽ വ്യക്തിവിവക്ഷകൂടിയുണ്ട്. തിരുമുല്പാട് എന്നതു് സ്ഥാനപ്പേർ: സ്ഥാനംമാത്രം കുറിക്കുമ്പോൾ വ്യക്തിവിവക്ഷയില്ലായ്കയാൽ വചനം വേണ്ട.[2] ബഹുത്വംകൂടി കാണിക്കണമെന്നുവരുമ്പോൾ "തിരുമുല്പാടൻ" എന്ന് ഏകവചനം ചേർത്ത് ഒറ്റവ്യക്തിയെ ഉണ്ടാക്കീട്ട് അതിനുമേൽ ബഹുത്വം കുറിക്കാൻ "മാർ" ചേർക്കുന്നു. അവിടെയും പുരുഷന്മാരെ മാത്രമല്ല സ്ത്രീകളെയും ചേർത്ത് ജാതിയെപ്പറകയാണെങ്കിൽ "തിരുമുല്പാടർ" എന്ന് അലിംഗബഹുവചനം വരും. ഒരുവനെ പറകയാണെങ്കിലും "ഇവൻ ഒരു തിരുമുല്പാടനാണ്" എന്നു പറയാം. അങ്ങനെ ചെയ്യുമ്പോൾ അയാളെപ്പറ്റി അനാദരംകൂടി തോന്നും. ലിംഗവചനപ്രത്യയങ്ങൾ കൂടാതെ സ്ഥാനപ്പേരു മാത്രം പറഞ്ഞാൽ മതിയാകുമെന്നിരിക്കെ "അൻ" ചേർക്കുമ്പോൾ പ്രകൃതമായ സ്ഥാനപ്പേരുള്ള ഒരാളാണിവൻ എന്ന് അർത്ഥം വരികയാൽ പ്രധാനം വ്യക്തിയായിപ്പോകുന്നു; അതിൽനിന്ന് സ്ഥാനപ്പേരിനെ ഇവൻ അർഹിക്കുന്നില്ലെന്നുകൂടി ധ്വനിക്കും. ലിംഗവചനാദികളായ ഉപാധികളെ എടുത്തു കാണിക്കാൻ കുറിചേർക്കുന്നത് അത്യാവശ്യമുള്ളിടത്തു മാത്രം മതി എന്നാണ് ദ്രാവിഡഭാഷകളുടെ സിദ്ധാന്തം. ഈ തത്ത്വത്തെ "പുംസ്ത്രീകൾക്കും ലിംഗഭേദംവേണ്ടു ദുർവ്വർജ്ജമെങ്കിലേ" എന്നു സൂത്രത്തിൽത്തന്നെ
24 വിളിച്ചുപറയും.

43. അനിയം (അൻ-ഇ-അം) തനിനാമത്തിൽ
ലിംഗപ്രത്യയമാവിതു്;
അനൾതു (അൻ-അൾ-തു) സർവ്വനാമത്തിൽ,
പുംസ്ത്രീസാധാരണത്തിലും
ആനാൾതുവെന്നു ദീർഘിക്കു-
മാഖ്യാതത്തിൽ തൊടുക്കുകിൽ.

[2] അൻ എന്ന ഏകവചനപ്രത്യയം വേണ്ട എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 32

ലിംഗപ്രത്യയങ്ങളെ വിധിക്കുന്നു: തനിനാമം = സർവ്വനാമമല്ലാത്ത നാമം. തനിനാമത്തിൽ പുല്ലിംഗത്തിന് "അൻ" എന്നും, സ്ത്രീലിംഗത്തിന് "ഇ" എന്നും, നപുംസകത്തിന് "അം" എന്നും പ്രത്യയം വരും. സർവ്വനാമങ്ങളെ വേർതിരിപ്പാനാണ് തനിനാമം എന്നു പറഞ്ഞത്.

ഉദാ: പും — കേമൻ, കള്ളൻ, കുമാരൻ, കുട്ടൻ
സ്ത്രീ — കേമി, കള്ളി, കുമാരി, കുട്ടി
നപും — കേമം, കള്ളം

സർവ്വനാമങ്ങളിൽ പുല്ലിംഗത്തിന് "അൻ" എന്നും, സ്ത്രീലിംഗത്തിന് "അൾ" എന്നും, നപുംസകത്തിന് "ത്" എന്നും പ്രത്യയങ്ങൾ.

ഉദാ: അവൻ അവൾ അത്; ഇവൻ ഇവൾ ഇത്
യാവൻ യാവൾ യാത്; ഏവൻ ഏവൾ ഏത്

പുംസ്ത്രീസാധാരണശബ്ദങ്ങളിലും "അൻ" "അൾ" എന്ന രണ്ടും തന്നെ പ്രത്യയങ്ങൾ: മകൻ, മകൾ.

ആഖ്യാതത്തോടു ചേരുമ്പോൾ ഈ "അൻ" "അൾ" എന്ന പുംസ്ത്രീ പ്രത്യയങ്ങൾ ദീർഘിച്ച് "ആൻ" എന്നും ആകും. നപുംസകം ഭേദംകൂടാതെ "തു" എന്നു തന്നെ.

ഉദാ: വന്നാൻ, പോയാൻ, ചൊല്ലിനാൻ, ഇരിക്കുന്നാൻ,
വന്നാൾ, പോയാൾ, ചൊല്ലിനാൾ, ഇരിക്കുന്നാൾ,
വന്നിതു, പോയിതു. 57

44. ആനാളെന്നുള്ള പുംസ്ത്രീകൾ ചേർക്കാം പൂജയിലേതിനും; പൂജാധിക്യത്തിലാരെന്നും വചനം മാറി വന്നിടാം.

ബഹുമാനം ദ്യോതിപ്പിക്കുന്ന സ്ഥലങ്ങളിൽ എല്ലാ ശബ്ദങ്ങൾക്കും പുല്ലിംഗത്തിൽ "ആൻ" എന്നും സ്ത്രീലിംഗത്തിൽ "ആൾ" എന്നും ചേരും. അധികം ബഹുമാനം ദ്യോതിപ്പിക്കുന്നിടത്ത് രണ്ടു ലിംഗത്തിനും ബഹുവചനരൂപം ചേർത്ത് "ആർ" എന്നും വരും.

ഉദാ: തന്തയാൻ, തള്ളയാൾ, തന്തയാർ, തള്ളയാർ, സ്വാമിയാർ, കുമ്പിനിയാർ, കട്ടയാൻ, തട്ടാൻ, മാരാൻ, വിഡ്ഢിയാൻ, മൊട്ടയാൻ,[3] ആശാൻ, വാധ്യാർ, തമ്പുരാൻ. 66

45. അത്തിയെന്നു ചിലേടത്തു

[3] വിഡ്ഢിയാൻ, മൊട്ടയാൻ മുതലായവയിലേ 'ആൻ' പ്രത്യയം ബഹുമാനദ്യോതകമാണോ?

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 69

കാരൻ കാരത്തിയെന്നപോൽ;[4]
താലവ്യാദേശവും കാൺക
തടിയന്നു തടിച്ചിപോൽ.
ആളുന്നോളെന്നർത്ഥമായ
ശബ്ദം താനാട്ടിയായതു്.
പുന്നപുംസകമിയിട്ടു-
മൻതാൻ കൃത്തദ്ധിതങ്ങളിൽ.

ചില ശബ്ദങ്ങളിൽ സ്ത്രീലിംഗപ്രത്യയം "ത്തി" എന്നായിട്ടു വരും.[5]

ഉദാ:	പും —	പണിക്കാരൻ	പപ്പടക്കാരൻ	തൈരുകാരൻ
	സ്ത്രീ —	പണിക്കാരത്തി	പപ്പടക്കാരത്തി	തൈരുകാരത്തി

ഈ "ത്തി" പ്രത്യയം മുൻപിലെ വർണ്ണം താലവ്യമാണെങ്കിൽ തകാരത്തിന്ന് താലവ്യമായ ചകാരം ആദേശം വന്ന് "ച്ചി" എന്നായിത്തീരും.

ഉദാ:	പും —	തടിയൻ	ചെട്ടി	മടിയൻ
	സ്ത്രീ —	തടിച്ചി	ചെട്ടിച്ചി	മടിച്ചി

തമ്പുരാട്ടി മുതലായ ശബ്ദങ്ങളിൽ കാണുന്ന "ആട്ടി" എന്നതും "ത്തി" പ്രത്യയം ചേർന്നുണ്ടായ രൂപം തന്നെയാണ്. "ആൾ" എന്നതിന് "ആളുന്ന" എന്നർത്ഥം. ആൾ + ത്തി എന്നതിൽ തകാരത്തിനു മൂർദ്ധന്യാദേശം വന്ന് ആൾ + ട്ടി എന്നും, പിന്നെ ളകാരത്തിനും മൂർദ്ധന്യാദേശത്താൽ "ആട്ടി" എന്നും ആയിത്തീർന്നിരിക്കുന്നു.[6]

കൃദന്തശബ്ദങ്ങളിലും തദ്ധിതാന്തശബ്ദങ്ങളിലും നപുംസകത്തിനു കൂടി "അൻ" എന്നുതന്നെ ലിംഗപ്രത്യയം വരും.

ഉദാ:	തെക്കൻ — മനുഷ്യൻ; ഭാഷ	കൂനൻ — കൂനൻ മാട്
	കോട്ടാറൻ — മനുഷ്യൻ, ചരക്ക്	തടിയൻ — തടിയൻ മരം
	തുവരൻ — തുവരുന്നതു്	വളവൻ — വളവൻ വടി
	തുരപ്പൻ — തുരക്കുന്നതു്	ഊക്കൻ — ഊക്കൻ മതിൽ

100

[4] കാരൻ, കാരി എന്നുമുണ്ട്. വേലക്കാരി, പൂക്കാരി മുതലായവ നോക്കുക. അതു് 43-ആം കാരികകൊണ്ട് സിദ്ധിക്കുന്ന രൂപമാണ്.

[5] ശൂദ്രൻ, ബ്രാഹ്മണൻ മുതലായ പുല്ലിംഗങ്ങളിൽ 'അൻ' ആണ് പുല്ലിംഗപ്രത്യയമെങ്കിൽ, 'ശൂദ്രത്തി', 'ബ്രാഹ്മണത്തി' മുതലായ സ്ത്രീലിംഗ രൂപങ്ങളിൽ 'അത്തി' ആണ് സ്ത്രീലിംഗപ്രത്യയമെന്ന് പറയണം. 'തടിച്ചി' മുതലായവയിൽ 'ത്തി' ആണ് സ്ത്രീലിംഗപ്രത്യയമെന്നും അതിനു താലവ്യാദേശം വന്നതാണ് 'ച്ചി' എന്നും വെയ്ക്കാം. മാരാൻ, തട്ടാൻ, മുതലായവയിൽ 'ആൻ' പുല്ലിംഗപ്രത്യമാണെന്ന് മുകളിൽ പറഞ്ഞ സ്ഥിതിയ്ക്ക്, മാരാത്തി, തട്ടാത്തി മുതലായവയിൽ 'ആത്തി'യാണ് സ്ത്രീലിംഗപ്രത്യയം എന്നു പറയേണ്ടതാണ്.

[6] 20, 21 ഈ കാരികകൾ അനുസരിച്ചാണെങ്കിൽ ആദ്യം ളകാരത്തിനു മൂർദ്ധന്യാദേശം വന്ന് 'ആൾ' എന്നതു് 'ആട്' എന്നും പിന്നീട് തകാരത്തിനും മൂർദ്ധന്യാദേശം വന്നു 'ത്തി എന്നതു് 'ട്ടി' എന്നും ആയി എന്നുവേണം പറയാൻ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-12.tex/Line: 101

46. നപുംസകമലിംഗംതാ-
നതിന്നു കുറിയെന്തിന്?
പുംസ്ത്രീകൾക്കും ലിംഗഭേദം
വേണ്ടു ദുർവ്വർജ്ജമെങ്കിലേ;

അമ്മെന്നു ചൊന്നതതിനാ-
ലംഗത്തിൻകുറിയായ് വരാം
അനക്കമാട്ടമിത്യാദി
ഭാവരൂപങ്ങൾ നോക്കുക;

വിഭക്ത്യാഭാസമായിട്ടു-
മത്തുവൊന്നിനെ വെയ്ക്കണം;
അതിനാലങ്ങിടനില-
യാകുമിൻപോലെയത്തുവും.[7]

മേല്ക്കാണിച്ച ലിംഗപ്രത്യയങ്ങളുടെ സ്വരൂപത്തെപ്പറ്റി വിചാരണ ചെയ്യുന്നു. അതിൽ ആദ്യം തന്നെ "അം" എന്ന നപുംസക പ്രത്യയത്തെക്കുറിച്ച് ആലോചിക്കുന്നു: ലോകത്തിൽ സ്ത്രീയെന്നും പുരുഷനെന്നും ഉള്ള ഭേദമനുസരിച്ച് സ്ത്രീലിംഗപുല്ലിംഗങ്ങൾ സിദ്ധമാകുന്നു. അതു രണ്ടും അല്ലാത്തതിനാണ് നപുംസകം എന്നു പറഞ്ഞു വരുന്നത്. അപ്പോൾ ലിംഗമില്ലാത്തത് നപുംസകം എന്നാണു വന്നുകൂടുന്നത്. ആ സ്ഥിതിക്ക് ലിംഗമില്ലാത്തതിനെക്കുറിപ്പാൻ ഒരു ലിംഗപ്രത്യയം ചേർക്കേണ്ട ആവശ്യമേ ഇല്ല; ഒരു ലിംഗപ്രത്യയവും ചേർക്കാതിരിക്കുന്നതുകൊണ്ടുതന്നെ നപുംസകമാണെന്നു ഗ്രഹിക്കാവുന്നതാണ്. സൂക്ഷ്മം നോക്കിയാൽ പുല്ലിംഗസ്ത്രീലിംഗ പ്രത്യയങ്ങളും, പ്രയോഗിക്കുന്ന പദത്തിന്റെ അർത്ഥം പുരുഷനോ സ്ത്രീയോ എന്നുള്ളത് വേറെ വിധത്തിൽ ഗ്രഹിപ്പാൻ കഴിയുന്നേടത്ത്, ചേർക്കണമെന്നില്ല. "ആ" "പെ" മുതലായ ശബ്ദങ്ങൾതന്നെ ഇതിനു ദൃഷ്ടാന്തങ്ങൾ. ഇങ്ങനെ "അം" എന്നൊരു നപുംസകപ്രത്യയം സ്വീകരിക്കേണ്ടതില്ലാത്തതിനാൽ മരം, പാലം, കടം ഈ വക നപുംസകശബ്ദങ്ങളിൽ കാണുന്ന "അം" എന്ന ഭാഗം അംഗപ്രത്യയമാണെന്നു വയ്ക്കുന്നതാണുയുക്തം; അല്ലാതെ ലിംഗപ്രത്യയമാക്കുന്ന തല്ലെന്ന് ഡാക്ടർ കാൽഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. മരത്തെ, മരത്താൽ എന്നും മറ്റുമുള്ള പ്രതിഗ്രാഹികാദി വിഭക്തികൾ ചേർന്ന പദങ്ങളിൽ "അം" പ്രത്യയം കാണാതിരിക്കുന്നതും അതു ലിംഗപ്രത്യയമല്ലാതിരിക്കുന്നതുകൊണ്ടുതന്നെയാണ്. രാമനെ, രാമനാൽ; മകളെ, മകളാൽ ഇത്യാദി പുംസ്ത്രീലിംഗശബ്ദങ്ങളിൽ ലിംഗപ്രത്യയത്തിന്നുശേഷം വിഭക്തിപ്രത്യയം വന്നിരിക്കെ നപുംസകത്തിൽ മാത്രം അപ്രകാരമല്ലെന്നുള്ളതിന്നു യുക്തിയും കാണുന്നില്ല. "അനക്കം", "ആട്ടം" മുതലായ ഭാവരൂപങ്ങളിൽ "അം" എന്നത് ലിംഗപ്രത്യയമല്ലെന്നു സ്പഷ്ടമാണല്ലോ. അവയിൽ കാണുന്ന "അം" എന്ന ഭാഗം "അനങ്ങുക" ഇത്യാദി കൃതികളിൽനിന്ന് "കൃതിതുത് പ്രത്യയം" എന്ന നാമരൂപമുണ്ടാക്കുന്നതിനുള്ള പ്രത്യയമാകുന്നു. മരത്താൽ ഇത്യാദി വാക്കുകളിൽ "അത്ത്"

[7] ഈ കാരികയിൽ പറയുന്നത് കാൽഡ്വലിന്റെ മതമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

എന്നുള്ള ഭാഗം യോജിപ്പിന്നുവേണ്ടി ചേർക്കുന്ന ഇടനിലയാകുന്നു. മരത്തിന്റെ, മരത്തിന് ഇത്യാദി സ്ഥലങ്ങളിൽ "ഇൻ" എന്നുള്ള ഭാഗം ഇടനിലയാകുന്നതുപോലെ "അത്ത്" എന്നുള്ളതും ഇടനിലതന്നെ. ഇങ്ങനെ ഇടനിലയായി "അത്ത്" എന്ന വരുമെന്നുള്ളതിന് വിഭക്ത്യാഭാസങ്ങളുടെ കൂട്ടത്തിൽപ്പെട്ട കാറ്റത്ത്, വെയിലത്ത്, മഴയത്ത് മുതലായ ശബ്ദങ്ങളും സഹായിക്കുന്നുണ്ട്. കാറ്റ്, വെയിൽ, മഴ ഇത്യാദി ശബ്ദങ്ങളിൽനിന്ന് അതുള്ള സ്ഥലത്തിൽ എന്ന അർത്ഥത്തിൽ ആധികാരികാവിഭക്തിയുടെ സ്ഥാനത്ത് "അത്ത്" എന്ന ഒരു പ്രത്യയം വരുന്നു എന്നാണല്ലോ സ്വീകരിക്കേണ്ടത്. അതുപോലെ മരത്താൽ, മരത്തിന്റെ ഇത്യാദി സ്ഥലങ്ങളിൽ ഇടനിലയായി ഒരു "അത്ത്" പ്രത്യയം[8] വരുന്നുവെന്നു വെക്കുന്നതു
117 യുക്തമായിരിക്കുന്നുണ്ട്.

47. അംപ്രത്യയം ദന്ത്യനാന്ത-
മായിരുന്നെങ്കിൽ നന്നഹോ;
ഖരാദേശമിരട്ടിപ്പം
കൊണ്ടുകാര്യം ഫലിച്ചുപോം;
അനുസ്വാരം മനങ്ങൾക്കു
കണ്ടിട്ടുണ്ടാര്യഭാഷയിൽ;
തത്സാമ്യത്താലിവിടെയു-
മൻതാനമ്മെന്നിരുന്നിടാം;
തമിഴിൽത്തന്നെ കടമും,
കടനും വന്നതെങ്ങനെ?[9]

മരം, പാലം ഇത്യാദിനപുംസക ശബ്ദങ്ങളിലെ "അം" എന്നത് ലിംഗപ്രത്യയമോ എന്ന സംഗതിയിൽ ഈ ഗ്രന്ഥകർത്താവിനു തോന്നുന്ന അഭിപ്രായം ഇങ്ങനെയാണ്: "അം" എന്നത് ലിംഗപ്രത്യയം ആകുന്നു. മരത്തെ, മരത്തിൽ ഇത്യാദി സ്ഥലങ്ങളിൽ "അം" എന്നതിലെ അനുസ്വാരത്തിന് "ത്ത്" എന്നാദേശം വന്നിരിക്കയാണ്. അതിനാൽ ലിംഗപ്രത്യയത്തിന്റെ ശേഷം തന്നെയാണ് നപുംസകത്തിലും വിഭക്തിപ്രത്യയം വരുന്നത്. മരത്തിന്റെ, മരത്തിൽ ഇത്യാദികളിൽ വിഭക്തിപ്രത്യയത്തിന്റെ മുൻപിൽ "അത്ത്" എന്നു ചേർത്ത് അംഗം ഉണ്ടായിത്തീരുന്നു എന്നു പറയുന്നതിനു യുക്തിയുണ്ടെങ്കിലും "മരം" എന്ന വിഭക്തിപ്രത്യയമില്ലാത്ത നിർദ്ദേശികാരൂപത്തിൽ അവസാനത്തിൽ ഒരു അംഗപ്രത്യയം വന്നുകൂടിയതുകൊണ്ട് ഒരു മെച്ചവും കിട്ടുന്നില്ലെന്നു മാത്രമല്ല അവസാനത്തിൽ അംഗപ്രത്യയം (ഇടനില) വരുന്നതിനു യുക്തിയും കാണുന്നില്ല. എന്നാൽ നപുംസകലിംഗപ്രത്യയമായി

[8] 'അത്ത്' എന്നാണ് കാൽഡ്വൽ കൊടുക്കുന്ന രൂപം. അതുകൊണ്ടാണെന്ന് തോന്നുന്നു, കേരളപാണിനി കാരികയിൽ 'അത്തും' എന്ന് പറയായാതെ 'അത്തുവും' എന്നു പറഞ്ഞത്. വ്യാഖ്യാനത്തിലാകട്ടെ, 'അത്ത്'-വിനെ മലയാളീകരിച്ച് 'അത്ത്' എന്ന രൂപം കേരളപാണിനി കൊടുക്കുന്നു. അത്തു, അത്ത് എന്നീ രണ്ട് രൂപങ്ങളുടെയും അന്ത്യമായ സ്വരം (ഉ, ഉ്) ഉച്ചാരണസൗകര്യത്തിനുവേണ്ടി ചേർത്തത് (enunciative) ആണെന്നു സ്പഷ്ടം.

[9] കേരളപാണിനിയുടെ സിദ്ധാന്തമാണ് ഈ കാരികയിൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-12.tex/Line: 131

ക്കാണന്ന "അം" എന്നത് ആദികാലങ്ങളിൽ "അന്" എന്നായിരുന്നു എന്നും പിന്നെ നകാരം അനുസ്വാരമായി മാറിപ്പോയതാണെന്നും വിചാരിക്കുന്നത് യുക്തമായിത്തോന്നുന്നുണ്ട്. "കൂവളത്തിൻവേർ" എന്നതു "കൂവളത്തുംവേർ" എന്നുച്ചരിച്ചുവരുന്നതു സാധാരണയാണല്ലോ. അതിൽ കാരത്തിന് അനുസ്വാരം ഉച്ചരിക്കുന്ന സ്ഥിതിക്ക് നകാരത്തിനും അനുസ്വാരോച്ചാരണം സംഭവിക്കാവുന്നതാണ്. ഇങ്ങനെ ആദിയിൽ "അന്" എന്നായിരുന്നു നപുംസകപ്രത്യയമെന്നു വരുന്നപക്ഷം മരത്തെ, മരത്താൽ ഇത്യാദികളിൽ "അന്" എന്നതിലെ നകാരത്തിനു ഖരാദേശം വന്ന് തകാരമായെന്നും, ആ തകാരം പിന്നെ ഇരട്ടിക്കുന്നു എന്നും സ്വീകരിച്ചാൽ മതിയാകും. അനുനാസികങ്ങൾക്ക് ഖരാദേശം സമസ്തപദങ്ങളിൽപ്പോലും സാധാരണ വരുന്നതാണ്. (ആണ്ടു + പിറന്നാൾ =) ആട്ടപ്പിറന്നാൾ; ചെപ്പുക്കുടം, ചെപ്പേട്ട് ഇത്യാദികൾ ഉദാഹരണങ്ങൾ. ദ്വിത്വഖരാദേശങ്ങൾ ചെയ്യുന്നത് അപ്രാധാന്യം സൂചിപ്പിക്കാനാകുന്നു.[10] അതും ഇവിടെ യോജിക്കുന്നുണ്ട്. പ്രധാന കാരകത്തെ കുറിക്കുന്ന നിർദ്ദേശികാവിഭക്തിയിൽ ത്താദേശമില്ല; അപ്രധാനങ്ങളായ മറ്റു വിഭക്തികളിലേ ഇതു വരുന്നുള്ളൂ. ഇനി നകാരത്തിന് അനുസ്വാരം ഉച്ചാരണഭേദം വഴിക്കുവരാവുന്നതാണോ എന്നു നോക്കുകയാണെങ്കിൽ അതും സംഭവിക്കാവുന്നതായിത്തന്നെയിരിക്കുന്നു. സംസ്കൃതത്തിൽ മകാരത്തിനെന്നപോലെ നകാരത്തിനും അനുസ്വാരം സന്ധിയിൽപ്പോലും വരുന്നതായിക്കാണുന്നുണ്ട്. താൻ + താൻ = താംസ്താൻ. ഒറ്റപ്പദത്തിലും രമ് + സ്യതേ = രംസ്യതേ എന്നപോലെ മൻ + സ്യതേ = മംസ്യതേ എന്നാകുന്നുണ്ട്. അതുകൊണ്ടു സംസ്കൃത്തിലെപ്പോലെ മലയാളത്തിലും "അന്" എന്ന പ്രത്യയം "അം" എന്നായതാണെന്നു സ്വീകരിക്കുന്നതുതന്നെയാണു യുക്തം. ഈ സംഗതികൊണ്ടുതന്നെ പദമധ്യത്തിൽ മകാരനകാരങ്ങൾക്കു ധ്വനിസാമ്യം വരുമെന്നുള്ളതും സ്പഷ്ടമായല്ലോ. തമിഴിൽത്തന്നെ കടം, ഫലം ഇത്യാദി ശബ്ദങ്ങൾക്ക് കടൻ, പലൻ ഇത്യാദി രൂപങ്ങൾ നാടോടിഭാഷയിൽക്കൂടി കാണുന്നുണ്ട്.[11] ഇതിനുപപത്തി കാണിക്കാൻവേണ്ടി ഭവനന്ദി നപുംസകത്തിൽ "അം" എന്നും "അൻ" എന്നും പ്രത്യയമാകാമെന്നു വിധിക്കയും ചെയ്യുന്നു. അതിനാൽ ആദികാലത്തു നപുംസകത്തുലും "അൻ" തന്നെ ആയിരുന്നു പ്രത്യയം എന്നും അതു ക്രമേണ പുല്ലിംഗത്തിൽനിന്നു ഭേദം സ്പഷ്ടമാക്കാൻവേണ്ടി നകാരത്തിന് അനുസ്വാരാദേശംചെയ്ത് "അം" എന്നാക്കി എന്നും, പലൻ, കടൻ ഇത്യാദികൾ പഴയ സമ്പ്രദായത്തിന്റെ അവശേഷങ്ങളാണെന്നും ഊഹിപ്പാൻ നല്ല വകയുണ്ട്.[12] എന്നാൽ "അന്" എന്ന നകാരമായാലേ ഖരാദേശദ്വിത്വങ്ങൾകൊണ്ട് "അത്ത്" ഉണ്ടാകുകയുള്ളല്ലോ; കട പല എന്ന് കാരമാണല്ലോ കാണുന്നത് എന്ന ചോദ്യത്തിന് സമാധാനം പറയുന്നു: 131

[10] 108-ആം കാരിക നോക്കുക.

[11] ദ്രാവിഡഭാഷകളിൽ പദാന്ത്യത്തിലെ അനുനാസികങ്ങൾക്കു പരസ്പരവിനിമയം സാധാരണമാണ്. തമിഴിലെ 'ഏൻ' എന്നതിനു സമാനമായ തെലുങ്കു രൂപം 'ഏം' (ഏമി) ആണ് എന്നതു്, നകാരത്തിനു മകാരം ഉച്ചാരണഭേദം വഴിക്കു വരാവുന്നതാണെന്നതിനു മറ്റൊരു ലക്ഷ്യം.

[12] 'അൻ' എന്ന ലിംഗപ്രത്യയം 'ആൺ' എന്ന പദത്തിന്റെ പരിണതരൂപമാണെന്നു താഴെ പറയുന്നുണ്ട്. അതിനാൽ, 'അം' പ്രത്യയത്തിന്റെ ആദിമരൂപമാണ് 'ആൺ' എന്ന് വന്നുകൂടുന്നു. അങ്ങനെ 'ആൺ' എന്ന പുരുഷവാചകം 'അം' എന്ന നപുംസകപ്രത്യയമായി ദ്രാവിഡഭാഷയിൽ മാറുമെന്നു വിചാരിക്കുന്നതിൽ എന്തോ അസ്വാരസ്യം തോന്നുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

48. പദാന്തത്തിൽ നണങ്ങൾക്കും
ര റങ്ങൾക്കും സമം ധ്വനി.

തമിഴിൽ കടൻ എന്നതിലെ അന്ത്യവർണ്ണം ണകാരമല്ല; നകാരം തന്നെയാണ്. പദാവസാനത്തിൽ വരുന്ന രേഫത്തിനും റകാരത്തിനും അവർ, മകളർ, ചാർ, ആർ (വെള്ളം) ഇത്യാദികളിൽ ധ്വനിസാമ്യമുള്ളതുപോലെ കാരനകാരങ്ങൾക്കും, പദാവസനാത്തിൽ ധ്വനിസാമ്യം വന്നിട്ടുള്ളതാണ്. മലര്, നീര്, ഇത്യാദി ശബ്ദങ്ങൾ സംവൃതം ചേർത്തു പറയുമ്പോൾ രേഫാന്തങ്ങളാണെന്നു തെളിയുന്നുണ്ടെങ്കിലും സംവൃതംകൂടാതെ ചില്ലായിനില്ക്കുമ്പോൾ മലര്, നീര് എന്നല്ല; മലറ്, നീറ് എന്നുതന്നെയാണ് ഉച്ചരിക്കപ്പെടുന്നത്. അകാരത്തിനുമേൽ അനുസ്വാരം വന്നാൽ അതിനെ ത്തകാരം ആയിട്ടാണു ഗണിക്കേണ്ടതെന്ന് വേറെ ഉദാഹരണങ്ങളിൽ നിന്നും തെളിയുന്നുണ്ട്. തുലാം-തുലാത്തിൽ, സലാം-സലാത്തിന്റെ; എല്ലാം-എല്ലാത്തിലും ഇത്യാദി. അതിനാൽ "അം" എന്ന അനുസ്വാരത്തിന്റെ യഥാർത്ഥമായ ആഗമം ഏതായാലും ആ അനുസ്വാരത്തിന് "ത്ത്" ആദേശം വരുന്നതിൽ യാതൊരു വിരോധവുമില്ല. അതുകൊണ്ട് ഏതായാലും "അത്ത്" എന്നൊരു അംഗപ്രത്യയം പ്രത്യേകമായി സ്വീകരിച്ചിട്ടാവശ്യമില്ല. ഇരുട്ടത്തു്, മഴയത്തു് എന്ന വിഭക്ത്യാഭാസങ്ങളിൽ കാണുന്ന "അത്ത്" എന്നതും "അം" എന്നതിൽനിന്നുതന്നെ വരുന്നു. "അം" ചേർക്കുന്നതാകട്ടെ, "അതുള്ള സ്ഥലം" എന്ന് അർത്ഥംകുറിക്കാൻവേണ്ടീട്ടാകുന്നു. മടി ഉള്ളവൻ മടിയൻ എന്ന പുല്ലിംഗത്തിൽ അൻ പ്രത്യയംപോലെ നപുംസകത്തിൽ അം പ്രത്യയം വരേണ്ടതു് ന്യായമാണല്ലോ. മഴയുള്ള സ്ഥലത്തിൽ എന്നാണ് മഴയത്തു് എന്ന വിഭക്ത്യാഭാസത്തിന്റെ അർത്ഥവും. ചില്ലായുള്ള മകാരം സംവൃതം ചേരുമ്പോൾ "ത്ത്" എന്നാകുമെന്ന് ചില്ലുകളെപ്പറ്റിയുള്ള വിചാരണയിൽ പറഞ്ഞിട്ടുള്ളതും നോക്കുക.[13] അവിടെയും ഹിതമൊടു, ഹിതത്തൊടു എന്ന വികല്പരൂപം കാണുന്നതിനാൽ അനുസ്വാരത്തിന് ത്താദേശം വരികയാണെന്നുള്ള കല്പന ബലപ്പെടുന്നു.[14]

ഇനി മേല്പറഞ്ഞ ലിംഗപ്രത്യയങ്ങളുടെ ഉൽപ്പത്തിയെപ്പറ്റിയും കുറച്ചൊന്നു പ്രസ്താവിക്കാം: "ആ" എന്ന ശബ്ദരൂപംതന്നെയാണ് "അൻ" എന്ന പുല്ലിംഗപ്രത്യയമായി പരിണമിക്കുന്നതു്. ആ എന്ന പുരുഷവാചകമായ ആദ്യദ്രാവിഡശബ്ദം തമിഴ്മലയാളങ്ങളിൽ ഹ്രസ്വവും ണകാരത്തിനു ണകാരാദേശവും (ഇതൊട്ടും അപൂർവ്വമല്ല) വന്ന് "അൻ" എന്ന പുല്ലിംഗപ്രത്യയമായി.[15] തെലുങ്കിൽ "ഡു" ചേർന്ന് (ഇതും അപൂർവ്വമല്ല — വേ — വേണ്ടുന്നു; വേണ്ടും ഇത്യാദി നോക്കുക) "വാണ്ഡു" എന്നായി. തെലുങ്കിൽ അവൻ = വാണ്ഡു, ചിന്നവൻ = ചിന്നവാണ്ഡു). കർണ്ണാടകത്തിൽ "ഉ" കാരം ചേർന്ന് "അനു" എന്നുമായി. കർണ്ണാടകത്തിൽ അന്ദർ

[13] പീഠിക 41-ആം ഖണ്ഡം (3) അവസാനഭാഗം നോക്കുക.

[14] 'അതു്' എന്ന അർത്ഥത്തിൽ 'അം' എന്ന ഒരു സർവ്വനാമം ആദികാലത്തു് ഉണ്ടായിരുന്നുവെന്നും അതാണു 'തരം' മുതലായവയിലെ അന്ത്യമായ 'അം' എന്നും ഹണ്ടർട്ട് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇം പരിഗണനാർഹമായ ഒരു പക്ഷമാണ്. 'അം' 'അതു' തന്നെയാണെങ്കിൽ 'അമ്മി'ന് 'അത്തു്' ആദേശം വരുന്നതിനു യുക്തിയുണ്ട്.

[15] 'കൺ' എന്ന പദം ബ്രാഹ്വയിൽ 'ഖൻ' എന്ന രൂപമാണ് എടുത്തിട്ടുള്ളതെന്നതു്, ണകാരത്തിനു ണകാരാദേശം വരാമെന്നുള്ളതിന് ഒരു തെളിവാണ്. കൾ + മാർ > കൺ + മാർ > കന്മാർ (രാജാക്കന്മാർ) മുതലായതും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

(അവൻ ദരു) എന്ന അലിംഗബഹുവചനത്തിൽ[16] ദകാരത്തിന്റെ അംശം കാണുന്നുണ്ട്. നകാരത്തിനു മകാരം വന്ന് "അം" എന്നും രൂപം കർണ്ണാടകത്തിൽ ഉണ്ട്.[17] ഹ്രസ്വംകൂടാതെ "ആൻ" എന്നുതന്നെ തമിഴമലയാളങ്ങളിൽ കാണുന്നുണ്ട് — ആശാൻ, വാധ്യാൻ ഇത്യാദികൾ നോക്കുക. ആഖ്യാതരൂപങ്ങളിലോ ചെയ്താൻ, ചെയ്താൾ എന്നു സർവ്വത്ര ദീർഘമേയുള്ളു. അപ്രകാരംതന്നെ "ആൾ" എന്ന ശബ്ദരൂപം "അൾ" എന്ന സ്ത്രീലിംഗപ്രത്യയമായി. ആൾ എന്നതു് ഇക്കാലത്തു സ്ത്രീപുരുഷസാമാന്യ വാചകമായിത്തീർന്നിട്ടുണ്ടെങ്കിലും ആദികാലത്തിൽ അതു സ്ത്രീവാചകം മാത്രമായിരുന്നു എന്നൂഹിപ്പാൻ സ്ത്രീവാചകശബ്ദങ്ങളോടുകൂടി കമനിയാൾ, സുന്ദരിയാൾ, അന്നനടയാൾ ഇങ്ങനെ പ്രയോഗിച്ചുകാണുന്നതും പുരുഷവാചകങ്ങളോടു ചേർന്നുള്ള പ്രയോഗം കാണാതിരിക്കുന്നതും സാമാന്യം യുക്തിയായിരിക്കുന്നുണ്ട്. തമിഴിൽ അനുഭവം അർത്ഥമായ "തു" എന്ന ധാതുതന്നെ നപുംസകപ്രത്യയമായി പരിഗണിച്ചിരിക്കണമെന്നാണ് ഈ ഗ്രന്ഥകാരന്റെ അഭിപ്രായം. തന്നെത്താൻ ഒന്നിനും കഴിയാതെ ചേതനങ്ങൾ ചെയ്യുന്നതെല്ലാം അനുഭവിച്ചും കൊണ്ടിരിക്കയാണല്ലോ ജഡവസ്തുവിന്റെ സ്വഭാവം. അതിനാൽ അനുഭവാർത്ഥകമായ "തു" ധാതുവിനു നപുംസകപ്രത്യയത്വം യുക്തമായിരിക്കുന്നു. "ഇ" എന്ന സ്ത്രീലിംഗപ്രത്യയം സംസ്കൃതത്തിൽനിന്നു വന്നുചേർന്നതായിരിക്കാം. സംസ്കൃതത്തിൽ "കർത്രീ" "മനസ്വിനീ" ഇത്യാദികളിൽ കാണുന്ന "ഈ" എന്ന സ്ത്രീപ്രത്യയം മലയാളപ്പെടുത്തി "ഇ" എന്നാക്കിയെന്നു മാത്രം. ഭേദം. ഭോഷി, മിടുക്കി, കള്ളി, മുട്ടി ഇത്യാദി ഭാഷാനാമങ്ങളിലും "ഇ" പ്രത്യയം ഉപയോഗിച്ചുവരാറുണ്ടെങ്കിലും സംസ്കൃതനാമങ്ങളിലാണ് അതിന് അധികം പ്രചാരവും. തകാരം ചേർന്ന "തി" എന്ന സ്ത്രീലിംഗപ്രത്യയം ദ്രാവിഡംതന്നെ. തെലുങ്കിൽ ഇതാണ് മിക്ക നാമങ്ങളിലും സ്ത്രീപ്രത്യയം; എന്നാൽ തെലുങ്കിൽ നപുംസകത്തിനും ഇതുതന്നെ പ്രത്യയം. ഒരുവൻ, ഒരുത്തി; കുറവൻ, കുറത്തി ഇത്യാദികളിൽ "തി" പ്രത്യയം ദ്വിത്വത്തോടെ തമിഴ് മലയാളങ്ങളിലും സാധാരണമാണ്.[18]

അൻ, അൾ, തു മൂന്നും ലിംഗപ്രത്യയമാകുന്നതിനു പുറമേ വചനപ്രത്യയവും കൂടിയാണ്; ഏകവചനം കുറിക്കാൻ വേറെ പ്രത്യയം ഇല്ല; കേമൻ, കേമന്മാർ; മകൾ, മകളർ. എന്നാൽ "അൻ" നാമത്തിനും സർവ്വനാമത്തിനും സാധാരണമായിരിക്കെ "അൾ", "തു" രണ്ടും സർവ്വനാമത്തിനു മാത്രമേ ഉള്ളു. അൾ, മകൾ എന്ന് ഒരു നാമത്തിൽ മാത്രം കാണുന്നുണ്ട്. "തു" അത്രയുംകൂടിയില്ല. നാമങ്ങളിൽ മുറയ്ക്ക് അൻ, ഇ അല്ലെങ്കിൽ ത്തി, അം എന്നാണ് ലിംഗപ്രത്യയങ്ങൾ; സർവ്വനാമങ്ങൾക്കാണ് അൻ, അൾ, തു, അൻ, അൾ രണ്ടിനും സാധാരണമായിട്ട് "അർ" എന്ന ബഹുവചനം ഒന്നുതന്നെ; തു എന്ന നപുംസകത്തിന് അ എന്നു ബഹുവചനം. അപ്പോൾ:

[16] 'അന്ദർ' എന്നു കർണ്ണാടകത്തിൽ അലിംഗബഹുവചനപ്രത്യയം. ഉദാ: അവന്ദരു (= ഇവർ). അന്ത്യമായ ഉകാരം enunciative ആണ്.

[17] പ്രാചീനകർണ്ണാടകത്തിൽ 'അം' ആണ് പ്രായേണ പുല്ലിംഗപ്രത്യയം.

[18] 'ത്തി' എന്ന സ്ത്രീലിംഗപ്രത്യയം 'സ്ത്രീ' എന്ന സംസ്കൃതപദത്തിന്റെ പ്രാകൃതരൂപമായ 'ഇത്ഥി'യിൽ നിന്ന് ഉണ്ടായതാണെന്ന് ആധുനികമതം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

അൻ	—	പുല്ലിംഗൈകവചനപ്രത്യയം	അർ	—	പുംസ്ത്രീബഹുവചനപ്രത്യയം
അൾ	—	സ്ത്രീലിംഗൈകവചനപ്രത്യയം	അ	—	നപുംസകബഹുവചനപ്രത്യയം
തു	—	നപുംസകൈകവചനപ്രത്യയം			

എന്നാൽ ഇപ്പോൾ "അതുകൾ", "ഇതുകൾ" എന്നും പ്രയോഗിച്ചുതുടങ്ങിയിരിക്കുന്ന സ്ഥിതിക്ക് സർവ്വനാമത്തിലും കേമന്മാർ, കേമികൾ എന്ന പുംസ്ത്രീനാമങ്ങളിലെ ലിംഗപ്രത്യയവും വചനപ്രത്യയവും വെവ്വേറെ ആക്കാമെന്നുവരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 2

2

വചനപ്രകരണം

നാം എന്തെങ്കിലും ഒരു വസ്തുവിനെപ്പറ്റി സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുന്നതിനായി അതിനെപ്പറയുന്ന ശബ്ദത്തിനു ചെയ്യുന്ന രൂപഭേദമാകുന്നു വചനം. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം ഇങ്ങനെ മൂന്നു വചനങ്ങളുണ്ട്. ദ്രാവിഡശാഖയ്ക്കു തന്നെ ദ്വിവചനമില്ല. ഒന്നിനെക്കുറിക്കുന്നത് ഏകവചനം: അതിലധികത്തെക്കുറിക്കുന്നത് ബഹുവചനം. ഇതാണു വചനങ്ങളുടെ സ്വഭാവം. 7

49. സ്വം രൂപമേകവചനം;
സലിംഗാലിംഗപൂജകം
എന്നു മുന്നു ബഹുത്വത്തി-
ലിരട്ടിച്ചിട്ടുമാമിതു്.

ശബ്ദത്തിന്റെ സ്വന്തരൂപംതന്നെ ഏകവചനത്തെ കാണിക്കുന്നു. എന്നാൽ ലിംഗപ്രത്യയം ഉള്ളേടത്തു് ആ പ്രത്യയം ചേർന്ന ശബ്ദരൂപവും അതില്ലാത്തിടത്തു സ്വതേ ഉള്ള ശബ്ദരൂപവും ഏകവചനത്തെക്കുറിക്കുന്നു എന്നർത്ഥം. ഏകവചനത്തെക്കുറിപ്പാൻ വേറെ പ്രത്യയമില്ലെന്നു സാരം. 13

ഉദാ: രാമൻ, സീത, കാട്. ബഹുവചനം മൂന്നുവിധത്തിലുണ്ട്. സലിംഗബഹുവചനം, അലിംഗബഹുവചനം, പൂജകബഹുവചനം. ഒരു ശബ്ദത്തിൽത്തന്നെ ഈ ബഹുവചനങ്ങൾ ഒന്നിലധികം ചേർന്നിട്ടും വരാം. സ്ത്രീപുരുഷനപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെക്കുറിക്കുന്നത് സലിംഗബഹുവചനം; രണ്ടുംകൂടി കലർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നത് അലിംഗബഹുവചനം; ഒരു വ്യക്തിക്കുതന്നെ ബഹുമാനത്തിനുവേണ്ടി ചെയ്യുന്നത് പൂജകബഹുവചനം.

ഇനി ഈ ബഹുവചനപ്രത്യയങ്ങളെ വിധിക്കുന്നു: 19

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാർക്കു വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 20

50. അരെന്നലിംഗപുംസ്ത്രീകൾ[1]
ക്കവയ്ക്കേ മാർ സലിംഗമാം;
ക്ലീബത്തിൽ[2] കൾ ചേർച്ചപോലെ;
പൂജകത്തിന്നു മൂന്നുമാം.
അ എന്നു സർവ്വനാമത്തിൽ
നപുംസകബഹുക്കുറി.

പുരുഷന്മാരും സ്ത്രീകളുംകൂടിയുണ്ടാകുന്ന ബഹുത്വത്തെക്കുറിപ്പാനുള്ള അലിംഗബഹുവചന പ്രത്യയം "അർ" എന്നാകുന്നു. ഉദാ:

മിടുക്കൻ — മിടുക്കന്മാർ മിടുക്കത്തി* — മിടുക്കത്തിമാർ	മിടുക്കർ	ശൂദ്രൻ — ശൂദ്രന്മാർ ശൂദ്രത്തി — ശൂദ്രത്തിമാർ	ശൂദ്രർ
വേലക്കാരൻ — വേലക്കാരന്മാർ വേലക്കാരത്തി — വേലക്കാരത്തിമാർ	വേലക്കാരർ		

പുരുഷന്മാരോ സ്ത്രീകളോ വെവ്വേറെ ചേർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്ന സലിംഗ ബഹുവചനപ്രത്യയം സാമാന്യമായി "മാർ" എന്നാണ്.[3]

ഉദാ: രാമൻ — രാമന്മാർ, നമ്പൂരി — നമ്പൂരിമാർ, തട്ടാൻ — തട്ടാന്മാർ
അമ്മ — അമ്മമാർ, ഭാര്യ — ഭാര്യമാർ തള്ള — തള്ളമാർ.

നപുംസകവസ്തുക്കൾ ചേർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നതു് "കൾ" എന്ന പ്രത്യയ മാണ്:

ഉദാ: മല — മലകൾ, ആന — ആനകൾ, മരം — മരങ്ങൾ.

ഉണ്ണികൾ, കുട്ടികൾ, വേലക്കാരത്തികൾ മുതലായവയിൽ "കൾ" എന്ന പ്രത്യയം ചേർത്തു കാണുന്നതു് ബാല്യം മുതലായ നിമിത്തങ്ങളാൽ ചേതനധർമ്മം പൂർണ്ണമായിട്ടില്ലാത്ത നില യിൽ അനാദരം വഴിക്കു് നപുംസകധർമ്മമായ ജഡത്വത്തെക്കുടി പരാമർശിച്ചും കൊണ്ടുള്ള പ്രയോഗമാകയാലാകുന്നു. പൂജയെക്കുറിക്കുന്നതിനു മേല്ക്കാണിച്ച മൂന്നു ബഹുവചനപ്രത്യയ ങ്ങളെയും യുക്തംപോലെ ഉപയോഗിക്കാം.

ഉദാ: ഭട്ടൻ ഭട്ടർ (പൂജ്യനായ ഭട്ടൻ)[4]

---

[1] അർ എന്നു് അലിംഗപുംസ്ത്രീകൾക്കു് — എന്നു പദച്ഛേദം.

[2] ക്ലീബം = നപുംസകം.

[1] "മിടുക്കി" എന്ന രൂപത്തിനാണു് അധികം പ്രചാരം.

[3] "സാമാന്യമായി" എന്നു പറഞ്ഞതു് രാജാക്കൾ, മഹിളകൾ, സ്ത്രീകൾ എന്നിങ്ങനെ "കൽ" പ്രത്യയവും കാണു ന്നതുകൊണ്ടാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതിക രണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex / Line: 65

നീ	നിങ്ങൾ
മാരാൻ	മാരാർ
തട്ടാൻ	തട്ടാർ
തമ്പുരാൻ	തമ്പുരാക്കൾ — തമ്പുരാക്കന്മാർ
രാജാവ്	രാജാക്കൾ — രാജാക്കന്മാർ
പിതാവ്	പിതാക്കൾ — പിതാക്കന്മാർ

"അ", "ഇ", "എ" മുതലായ സർവ്വനാമങ്ങൾക്ക് ബഹുവചനത്തിൽ "അ" എന്ന് പ്രത്യയം.

ഉദാ: അ + അ = അവ
ഇ + അ = ഇവ
എ + അ = എവ
ചില[5]
പല

അനന്തരം വചനപ്രത്യയംചേരുമ്പോൾ ഉണ്ടാകുന്ന വിശേഷപ്രക്രിയകളെ കാണിക്കുന്നു: 80

51 (1) രലോപമർ — കൾ ചേരുമ്പോൾ
കാണും ശിഷ്യകളെന്നപോൽ;
(2) പെങ്ങളാങ്ങളയെന്നെല്ലാ-
മേകത്തിൽ ബഹുരൂപമാം;
(3) ഓഷ്ഠ്യസ്വരം മുൻപിരുന്നാൽ
കൾകകാരമിരട്ടിയാം.
(4) സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി;[6]
ജഡമപ്രാണിയെന്നുള്ള[7]
വിശേഷങ്ങളുമോർക്കണം.

(1) "അർ", "കൾ" എന്ന രണ്ടു പ്രത്യയങ്ങൾ ചേർന്നു വരുന്നിടത്ത് "അർ" എന്നതിലെ രേഫം പഴയകാലത്ത് ലോപിച്ചിരുന്നു:

ഉദാ: ബഹുവചനം രേഫലോപം വന്ന രൂപം

4 "പൂജ്യനായ ഭട്ടൻ" എന്നപോലെ മറ്റുള്ളവയ്ക്കും "പൂജ്യനായ നീ" എന്നു തുടങ്ങി അർത്ഥം ഗ്രഹിച്ചുകൊള്ളണം.

5 ചില, പല എന്നിവയുടെ അവസാനം കേൾക്കുന്ന "അ" ബഹുവചന പ്രത്യയമാണ്.

6 "ആറു നയങ്ങൾ", "മൂന്നു വർണ്ണങ്ങൾ", "മൂന്നു മഹാദശകൾ" മുതലായ പ്രയോഗങ്ങൾ കേരളപാണിനീയത്തിൽ തന്നെ ധാരാളമുണ്ട്.

7 ജഡം = വിശേഷബുദ്ധിയില്ലാത്ത പ്രാണി. അപ്രാണി = നിർജ്ജീവ വസ്തു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 103

ശിഷ്യർകൾ	ശിഷ്യകൾ
ഭട്ടർകൾ	ഭട്ടകൾ

(2) പെങ്ങൾ, ആങ്ങള (ആങ്ങൾ) ഇത്യാദി ശബ്ദങ്ങൾ സഹോദരി, സഹോദരൻ എന്ന ഓരോ വ്യക്തിയെ മാത്രം കാണിക്കുന്നവയും ഏകവചനം വേണ്ടുന്നിടത്തു് അതിനു വ്യത്യസ്തമായി ബഹുവചനം ചേർത്തു പ്രയോഗിച്ചിട്ടുള്ളവയും ആയ വിശേഷരൂപങ്ങൾ ആണ്. ഈവക ശബ്ദങ്ങൾ ബഹുത്വം വിവക്ഷിക്കുമ്പോൾ "പെങ്ങന്മാർ", "ആങ്ങളമാർ" എന്നു് "മാർ" പ്രത്യയം ചേർന്നുതന്നെ വരുകയും ചെയ്യും.

(3) "കൾ" എന്ന പ്രത്യയത്തിന്റെ മുമ്പിലുള്ള വർണ്ണം ഓഷ്ഠ്യസ്വരമാകുന്നിടത്തെല്ലാം അതിലെ (" കൾ" എന്നതിലെ) കകാരം ഇരട്ടിക്കും. ഉദാഹരണം: ഭ്രാതാക്കൾ, രാജാക്കൾ, ഗുരുക്കൾ, പൂക്കൾ, ഗോക്കൾ.

(4) സംഖ്യാവാചകമായ ഒരു വിശേഷണപദം ഉള്ള ഇടത്തു് നപുംസകലിംഗശബ്ദങ്ങളിൽ ബഹുത്വത്തിലും ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ല. ഉദാഹരണം: "പത്തു രൂപാ", "ആയിരം തേങ്ങാ", "എട്ടു ദിക്ക്".

ഇങ്ങനെയല്ലാതെ, "പത്തു രൂപകൾ", "ആയിരം തേങ്ങകൾ" എന്നെല്ലാം ഉപയോഗിക്കുന്നതു് ഭാഷാസ്വഭാവത്തിനു യോജിക്കുന്നതുമല്ല. നപുംസകമല്ലെങ്കിൽ "നാലു ബ്രാഹ്മണർ", "അഞ്ചു സ്ത്രീകൾ" എന്നു് ബഹുവചനം ചേർന്നുതന്നെവരും. നപുംസകലിംഗത്തിലും ഓരോ
112 വ്യക്തിയെയും പ്രത്യേകം പരാമർശിക്കുന്ന സ്ഥലങ്ങളിൽ,

"ശംഖം ചക്രം ഗദാ പങ്കജമിവ വിലസും നാലു തൃക്കൈകളോടും"

ഇങ്ങനെ ബഹുവചനം ചേർത്തു് പ്രയോഗം കാണുന്നുണ്ടു്. അതു കൂടാതെ നപുംസകത്തിൽത്തന്നെ വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളേയും മറ്റും കുറിക്കുന്ന ശബ്ദങ്ങൾക്കും ജീവനില്ലാത്ത കല്ല മുതലായതിനെ കുറിക്കുന്ന ശബ്ദങ്ങൾക്കും തമ്മിൽത്തന്നെ ഈ സംഗതിയിൽ വ്യത്യാസം ഉണ്ടു്. ജീവികളാണെങ്കിൽ "പത്തു പശുക്കൾ"; ആയിരം തേനീച്ചകൾ എന്നു് ബഹുവചനം ചേർക്കുന്നതിനും, "പത്തു പശു", "ആയിരം തേനീച്ച" എന്നു് ചേർക്കാതിരിക്കുന്നതിനും വിരോധം ഇല്ല. "പത്തു കല്ലുകൾ", "നൂറു നൂലുകൾ" എന്നുള്ളതു ഭാഷയ്ക്കു തീരെ യോജിക്കുന്നതല്ല.

120 ഇനി സർവ്വനാമങ്ങൾക്കുള്ള വിശേഷവിധികളെ പറയുന്നു:

52. എനേൻ യാൻ നാൻ ക്രമാൽ ഞാനായ്;
നീ, താൻ, ദീർഘിച്ചു വന്നതാം;
ഉദ്ദേശികാപ്രത്യയത്തിൽ
സ്വരയോഗം സുഖാർത്ഥമായ്;
തനിക്കെനിക്കികാരത്താൽ,
അകാരത്താൽ നിനക്കുമായ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-13.tex/Line: 128

"എൻ" എന്നാണ് ഉത്തമസർവ്വനാമത്തിന്റെ പ്രകൃതി. അത് നിർദ്ദേശികാവിഭക്തിയിൽ ബലത്തിനുവേണ്ടി ദീർഘിച്ച് ആദ്യം "ഏൻ" എന്നായി; ഈ രൂപം ഇന്നും അപരിഷ്കൃത ഭാഷയിൽ ഉപയോഗിച്ചുവരുന്നുണ്ട്. പിന്നീട് സ്വരാദിശബ്ദങ്ങളിൽ "യ" ചേർക്കുന്ന തമിഴ് സമ്പ്രദായമനുസരിച്ച് ഏൻ യാൻ എന്നു മാറി. അതിനുശേഷം യകാരസ്ഥാനത്ത് നകാരം (യമൻ = നമൻ) തമിഴിൽ ധാരാളമാകയാൽ "യാൻ" എന്നത് നാൻ എന്ന രൂപം ഗ്രഹിച്ചു. ഇതാണ് തമിഴിൽ ഇന്നും നടപ്പ്. പിന്നീട് "നെരുക്കം" എന്നത് "ഞെരുക്കം" ആകുമ്പോലെ "നാൻ" എന്നതു "ഞാൻ" എന്നായി. എൻ = ഏൻ = യാൻ = നാൻ = ഞാൻ.[9]

നിർദ്ദേശികയൊഴികെയുള്ള വിഭക്തികളിലെല്ലാം "എൻ" എന്നു തന്നെ ഏകവചനം. "നിൻ" എന്ന മധ്യമവും "തൻ" എന്ന സ്വവാചിയും "നീ", "താൻ" എന്ന് നിർദ്ദേശികയിൽ ദീർഘിച്ചതേ ഉള്ളു. ഉദ്ദേശികാപ്രത്യയത്തിൽ ഉച്ചാരണസുഖത്തിനു വേണ്ടി "എൻ", "തൻ" എന്ന രണ്ടിനും ഇകാരവും നിൻ എന്നതിന് അകാരവും (സ്വരം) ചേർക്കുന്നു: "എനിക്ക്", "തനിക്ക്", "നിനക്ക്", ഇത് മലയാളത്തിലെ വിശേഷപ്രക്രിയയാണ്. തമിഴിൽ "എനക്കു", "തനക്കു", "നിനക്കു" എന്ന് ഒന്നുപോലെ അകാരം തന്നെയാണ്.

ഇതെല്ലാം ഏകവചനത്തെപ്പറ്റിയുള്ളതാകുന്നു. ഇനി ഇവയ്ക്കു ബഹുവചനത്തിലെ വിശേഷങ്ങളാവിത്;

(എ) എൻ + കൾ = എൻകൾ = എങ്കൾ = എങ്ങൾ.
(ബി) ഞാൻ + കൾ = (ഹ്രസ്വം വന്ന്) = ഞൻകൾ = ഞങ്കൾ = ഞങ്ങൾ.

(1) ഇതു രണ്ടിനും അർത്ഥം ഒന്നുതന്നെ; അതാവിത്: "ഞാനും അവനും" എന്ന പ്രഥമോത്തമങ്ങൾ ചേർന്ന ബഹുവചനം. ഇതിൽ "എങ്ങൾ" എന്നതു് നികൃഷ്ടഭാഷ; "ഞങ്ങൾ" എന്നതു് ഉൽകൃഷ്ടഭാഷ — എന്ന് ഉപയോഗത്തിൽ ഭേദം. ഇതിൽ രണ്ടിലും "ൻ" എന്ന ചില്ല് "അൻ" എന്ന ഏകവചനത്തിന്റെ അവശേഷമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ സർവ്വനാമങ്ങളിൽ ഇകാരം ഏകവചനവും, മകാരം ബഹുവചനവും ആകുന്നു. അതിനാൽ "നാൻ" എന്ന പ്രാചീനരൂപത്തിൽനിന്ന്,

(സി) നാമ് = നാം എന്നൊരു ബഹുവചനം.

ഇത് അധികാരത്തെയും മറ്റും കാണിക്കുന്ന പൂജകബഹുവചനമാണ്. ഇതിനെ "നോം" എന്നും ചില ദേശക്കാർ മാറ്റാറുണ്ട്. അംഗരൂപത്തിൽ ഇത് "ഞങ്ങൾ" എന്നതിലെപ്പോലെ ഹ്രസ്വം വന്ന് "നമ്മ്" എന്നാകും; "നോം" എന്നതു് അപ്പോൾ "നമ്മ്" എന്നുമാകും. "നമ്മെ", "നമ്മെ" "നമുക്ക്", "നമുക്ക്" (ഇതിൽ ഉകാരസ്വരത്തിന്റെ യോഗം) നമ്മിൽ, നമ്മിൽ ഇത്യാദി. ഇനി "നമ്മ്" എന്നതിൽ "കൾ" കൂടി ചേർത്ത് കകാരത്തിന് പൂർവ്വസവർണ്ണാത്മകമായ ലയവും ചെയ്തിട്ട്,

9 "യാൻ" ആണ് ആദിരൂപമെന്നും യകാരത്തെ അനുനാസികരിച്ചപ്പോൾ "ഞാൻ" എന്ന മലയാളരൂപമുണ്ടായി എന്നും, അതിലെ "ഞ" കാരത്തെ കടുപ്പപ്പെടുത്തൽ (hardening) കൊണ്ട് "ന" ആക്കിയെന്നും, അപ്പോൾ "നാൻ" എന്ന രൂപം ഉണ്ടായി എന്നും കാൽഡ്വൽ. ആദിമരൂപമായ "യാൻ" മറ്റൊരു വഴിക്ക് ആൻ, ഏൻ, എൻ എന്നീ പരിണാമങ്ങൾ കൈക്കൊണ്ടുവെന്നും അദ്ദേഹം പറയുന്നുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

(ഡി) നമ് + കൾ = നമ്മൾ ഇരട്ടബഹുവചനം.

ഇതു് "ഞാൻ", "നീ", "അവൻ" എന്നു മൂന്നു പുരുഷരെയും ക്രോഡീകരിക്കുന്നു എന്നു് അർത്ഥത്തിൽ വിശേഷം.

(2) തൻ എന്ന സ്വവാചിക്കും ഇതുപോലെതന്നെ (എ) തങ്ങൾ, (ബി) താങ്കൾ, (സി) തമ്മൾ, (ഡി) താം (തോം) എന്നു രൂപങ്ങൾ. ഇതിൽ "താങ്കൾ" എന്നു് സവർണ്ണനം ചെയ്യാത്ത രൂപം പുതിയതും മധ്യമപുരുഷനെ കുറിക്കുവാനുള്ള പൂജകബഹുവചനവും ആണ്. "താം" (തോം) എന്ന നിർദ്ദേശികാരൂപം ഇപ്പോൾ നടപ്പില്ല;[10] ശേഷമെല്ലാം പര്യായരൂപങ്ങളെന്നേ ഉള്ളൂ; അർത്ഥഭേദമില്ല.

(3) "നീ" എന്ന നിർദ്ദേശികയുടെ ഏകവചനത്തിൽ "ൻ" എന്ന ഏകവചനപ്രത്യയം ഇല്ലെങ്കിലും, ശേഷം വിഭക്തികളിലെല്ലാം "ൻ" ചേർന്നു് "നിന്നെ", "നിന്നാൽ" ഇത്യാദിയായിട്ടുതന്നെ രൂപങ്ങൾ. ബഹുവചനത്തിൽ "നിങ്ങൾ" എന്നു് ഒരു രൂപമേ നടപ്പുള്ളൂ. അതു് ഏകവചനരൂപത്തിൽത്തന്നെ "കൾ" എന്ന പ്രത്യയം ചേർത്തു് (" ഞങ്ങൾ" എന്നതുപോലെ) മുറയ്ക്കുള്ള രൂപമെന്നു സ്പഷ്ടമാകുന്നു. "നിൻ" എന്ന ഏകവചനനകാരത്തിനു് ബഹുവചനമായ മകാരം ചെയ്താലും രൂപം ശരിതന്നെ. കർണ്ണാടകത്തിൽ "നീം" എന്നു് മുറയ്ക്കുള്ള രൂപം കാണുന്നതിനാൽ "നിമ് + കൾ = "നിങ്ങൾ" എന്നുതന്നെ പ്രക്രിയ കല്പിക്കുക നന്നു്.

ഈ മൂന്നു സർവ്വനാമങ്ങളും എല്ലാ ദ്രാവിഡങ്ങൾക്കും പൊതുസ്വത്തായിട്ടുള്ളതാണ്. ഇതുകളുടെ ശരിയായ പ്രാചീനരൂപം ഇന്നതെന്നു് ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല. "എൻ" എന്ന രൂപമോ "യാൻ" എന്നുള്ളതോ ചരിത്രപ്രകാരം പ്രാചീനതരം എന്നു് കാൽഡ്വവൽ വളരെ സന്ദേഹിക്കുന്നു. ഇവിടെ കാണിച്ച ആഗമക്രമം മലയാളത്തെ സംബന്ധിച്ചിടത്തോളം ശരി എന്നേ ഉള്ളൂ. അതിനു് ഗുണ്ടർട്ടിന്റെ സമ്മതവും മിക്കതുമുണ്ടു്. "നീ", "നാൻ" എന്ന രണ്ടിലെയും നകാരം ആഖ്യാതരൂപങ്ങളിൽ കാണാത്തതിനാൽ പ്രകൃതിയുടെ അംശമല്ല, പിന്നീടു ചേർന്നതായിരിക്കണമെന്നാണ് ഒരു ഊഹം. അപ്പോൾ "ആ", "ഈ" എന്നാണ് മുറയ്ക്കു് ഉത്തമ മദ്യമസർവ്വനാമങ്ങളുടെ പ്രകൃതികൾ എന്നു വരും. അങ്ങനെയാണെങ്കിൽ അതുകൾ ചുട്ടെഴുത്തുകളുടെതന്നെ വേഷഭേദമാണെന്നു സ്പഷ്ടമാകുന്നു. എന്നാൽ "ആ" എന്ന ചുട്ടെഴുത്തു് ദൂരപരാമർശകവും, "ഈ" എന്നതു് ആസന്നപരാമർശവും ആണ്. നേരേമറിച്ചായിരുന്നെങ്കിലേ "ഞാൻ", "നീ" എന്ന സർവ്വനാമങ്ങളുടെ അർത്ഥം യോജിക്കുകയും ഉള്ളൂ. ഇജ്ജനം", "ഇയ്യാൾ" എന്നെല്ലാം ഉത്തമപുരുഷനെയല്ലേ പറയുന്നതു്; "അങ്ങ്", "അവിടുന്ന്" എന്നു് അതുപോലെതന്നെ മധ്യമപുരുഷനേയും കുറിക്കാറുണ്ടു്. അതുകൊണ്ടു് ഈ സംഗതിയിൽ തീർച്ചവന്നിട്ടില്ല.

ഈ പ്രകരണം അവസാനിക്കുംമുമ്പ് മറ്റു സർവ്വനാമങ്ങളെപ്പറ്റിയും രണ്ടുവാക്കു പറഞ്ഞുകൊള്ളുന്നു:

(1) ചുട്ടെഴുത്ത്: "അ", "ഇ" "ഉ", "എ" എന്ന മൂലസ്വരങ്ങൾതന്നെയാണ് ചുട്ടെഴുത്തുകൾ.

[10] തമ്മൾ എന്ന രൂപവും ഇപ്പോൾ അപൂർവ്വമായേ പ്രയോഗിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 158

"ചൂണ്ടുന്ന എഴുത്ത്" (അക്ഷരം) എന്ന അർത്ഥം പ്രമാണിച്ച് തമിഴർ ഇതുകൾക്ക് ഈ പേർ കല്പിച്ചു.[11] ഇവയിൽ "അ" ദൂരത്തിരിക്കുന്നതിനെയും, "ഇ" അടുത്തതിനെയും "ഉ" മധ്യേ ഉള്ളതിനെയും കുറിക്കുന്നു. "എ" ചോദ്യംചെയ്യുന്നതാണ്. ഇങ്ങനെ മൂലസ്വരങ്ങളെത്തന്നെ അർത്ഥച്ചേർച്ചനോക്കി സർവ്വനാമങ്ങളാക്കിച്ചമച്ചതിന്റെ സ്വാരസ്യം വാചാമഗോചരമായിരിക്കുന്നു. "ഇത്ര രസികത്വവും സൗകര്യവും ലാഘവവും യോജിപ്പും എല്ലാമുള്ള ഒരു ഏർപ്പാട് വേറെ ഒരു ഭാഷാശാഖയിലും ഇല്ലെന്നുള്ള സംഗതി ദ്രാവിഡശാഖയ്ക്ക് ന്യായമായ അഭിമാനത്തിനു കാരണമായ ഒരു വലിയ മെച്ചമാകുന്നു" എന്ന് എല്ലാ ഭാഷാശാസ്ത്രകാരന്മാരും സമ്മതിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ "ഉ" തമിഴിൽ അപൂർവ്വമാണ്. മലയാളത്തിലാകട്ടെ ലുപ്തമായി എന്നുതന്നെ പറയാം. ലോപിച്ചുപോകുവാനുള്ള കാരണവും ദൂരത്തേടാനില്ല. അടുത്തുള്ളതിനെയും അകന്നുള്ളതിനെയുംപോലെ നടുക്കുള്ളതിനെപ്പറ്റി പറയുവാനുള്ള ആവശ്യം വരുകയില്ലല്ലോ. "എ" എന്ന ചോദ്യസർവ്വാമത്തിന് "ഏ" എന്നു ദീർഘിച്ചിട്ടും, യകാരം ചേർന്ന് "യാ" എന്നും രണ്ടുരൂപങ്ങൾകൂടിയുണ്ട്. കാൽഡ്വല്ലിന്റെ അഭിപ്രായം, ആദ്യമായിരുന്നത് "യാ" ആണെന്നും അത് പിന്നീട് "ഏ" എന്നും, "എ" എന്നും ചുരുങ്ങിയതായിരിക്കണമെന്നും ആകുന്നു. രൂപം മാറിയതോടുകൂടി അർത്ഥത്തിലും അല്പാല്പഭേദങ്ങൾ വന്നിട്ടുണ്ട്. സംസ്കൃതത്തിന്റെ അധികാരം മലയാളത്തിൽ ബലപ്പെട്ടപ്പോൾ ആ ഭാഷയിലെ വ്യപേക്ഷക (relative) സർവ്വനാമമായ യച്ഛബ്ദത്തിന് മലയാളത്തിൽ ഒരു പരിഭാഷ പറയുന്നത് ആവശ്യമായിത്തീർന്നു. അതുമുതൽ "എ" എന്നും "യാ" എന്നും ഉള്ള രൂപങ്ങൾ യച്ഛബ്ദസ്ഥാനം വഹിച്ച് വ്യപേക്ഷക സർവ്വനാമളായിത്തീർന്നിട്ടുണ്ട്.

(2) എന്ത്: ഇത് "എ" എന്ന ചുട്ടെഴുത്തിന്റെ അനുനാസികം ചേർന്ന നപുംസകമരൂപമാകുന്നു എ(ൻ) + തു = എന്തു, തമിഴിൽ "എണ്ണ" എന്നാണ് നാമരൂപം. എങ്കിലും, "ണ്ണ" എന്ന ഭേദകരൂപവും ഉണ്ട്. "എന്ത്" ചെയ്തു — ചെയ്തു എന്നതുപോലെ പേരെച്ചപ്രക്രിയാപ്രകാരം "എന്തു" "എന്ത" എന്ന് ഉണ്ടായതാണ്. "എന്ത" പോലെ തമിഴിൽ "അന്ത" "ഉന്ത"" "ഇന്ത" എന്ന് എല്ലാ ചുട്ടെഴുത്തുകളിൽ നിന്നും ഭേദകരൂപം കാണുന്നുണ്ട്. ഇതിനു പുറമേ, തമിഴിൽ "ഏൻ" എന്നും തെലുങ്കിൽ "ഏമി"[12] എന്നും "എന്തു" എന്ന അർത്ഥത്തിൽ രൂപങ്ങൾ ഉണ്ട്. ഇതിൽ നിന്നും ചുട്ടെഴുത്തുകളിൽ നകാരമോ മകാരമോ ചേർന്നു ചില രൂപങ്ങൾ ഉത്ഭവിച്ചിട്ടുണ്ടെന്നു തെളിയുന്നു. ഈ സ്ഥിതിക്ക് "അൻ" "അമ്" എന്നുള്ള നാമങ്ങളുടെ ലിംഗവചനപ്രത്യയങ്ങളും ഈവിധം ഉത്ഭവിച്ചതാണെന്നു കല്പിക്കുവാൻ വഴികിട്ടുന്നു. ലിംഗപ്രകരണത്തിൽ ചെയ്തിട്ടുള്ള വിമർശവും നോക്കുക. ഈവിധം കിട്ടുന്ന "അൻ", "അം" എന്ന രണ്ടിനും ലിംഗവചനങ്ങളെ കുറിക്കുവാനുള്ള അർത്ഥച്ചേർച്ച ഒട്ടുംതന്നെ പോരാ. "ഇൻ" എന്ന അംഗപ്രത്യയ

[11] തൊൽക്കാപ്പിയത്തിലും നന്നൂലിലും അ, ഇ, ഉ ഇവ മൂന്നിനെയും ചുട്ടെഴുത്ത് എന്നും "എ"–യെ ചോദ്യസർവ്വനാമം എന്നുമാണ് വിളിക്കുന്നത്.

[12] "ഏമി" എന്നതിൽ ഇകാരം മലയാളത്തിലെ സംവൃതോകാരം പോലെ ഉച്ചാരണസൗകര്യത്തിനു വേണ്ടി ചേർത്തതാണ്. അതു കളഞ്ഞാൽ "ഏം" എന്ന് രൂപം കിട്ടും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 160

മാകട്ടെ, അർത്ഥമില്ലാത്തതാകയാൽ ഈവിധം ഉത്ഭവിച്ചതെന്നു സ്വീകരിക്കുവാൻ ഒരു വിരോധവും ഇല്ല. "അതുങ്കൽ", "കൂവളത്തും വേര്" ഇത്യാദികളിൽ "ഇൻ" എന്നതിനുപകരം "ഉൻ" ആണെന്നുകൂടി സമ്മതിച്ചേക്കാം. പക്ഷേ ഇകാരഉകാരങ്ങൾക്കു വിനിമയം പതിവുള്ളതിനാൽ ഇതുകൂടാതെയും ആവക രൂപങ്ങൾക്കു ഉപപത്തി പറയാം. "എന്തു" നപുംസകരൂപമായാലും ഭേദകരൂപമായി ഉപയോഗിക്കുമ്പോൾ "എന്തു മനുഷ്യർ?", "എന്തു കള്ളി?" എന്നു സ്ത്രീപുരുഷന്മാരെയും വിശേഷിപ്പിക്കും.

(3) ണ്ണ: ഇതും "ഇ" എന്നതിൽനിന്നും വന്നതാണ്. ഇ + ൻ + അ = ണ്ണ നപുംസകബഹുവചനരൂപം വിശേഷണദശയിൽ അവിവക്ഷിതം.[13]

(4) ആർ: ഇതു് പുംസ്ത്രീസാധാരണമായ അലിംഗബഹുവചനരൂപമാണ്; വേറെ രൂപങ്ങളിൽ പ്രയോഗം ഇല്ലാത്തതിനാൽ ഖിലമാകുന്നു. "ഇന്ന" എന്നതിനു കാണിച്ചതുപോലെ ബഹുവചനം രൂപത്തിൽ മാത്രമേ ഉള്ളു; അർത്ഥത്തിൽ ഏകവചനവുമാകാം: ഇവൻ ആർ?, ഇവൾ ആർ?

(5) ചില, പല: ഇതു രണ്ടും നപുംസകബഹുവചനരൂപമാണ്. പുംസ്ത്രീകളിലെ അലിംഗബഹുവചനത്തിൽ "ചിലർ", "പലർ" എന്നു് ശരിയായ രൂപം. അർത്ഥസ്വഭാവംകൊണ്ടു് ഇതുകൾക്കു് ഏകവചനത്തിനു് അവകാശം ഇല്ല. വിശേഷണദശയിൽ, "ചില ആളുകൾ", "പല ജനങ്ങൾ" എന്നു് നപുംസകരൂപം ഉപയോഗിച്ചുവരുന്നു.

(6) വല്ല: "ചില", "പല" എന്നിവ പോലെതന്നെ.

(7) എല്ലാ: "എല്ലാവും", "എല്ലാം" എന്നു് "ഉം" ചേർന്നാണു വിശേഷ്യദശയിൽ ഇതിനു പ്രയോഗം. വിശേഷണമാകുമ്പോൾ "എല്ലാ ജനങ്ങൾ" എന്നു തന്നെ മതി.

(8) ഒരു: ഇതു് "ഒന്നു്" എന്ന സംഖ്യാനാമത്തിന്റെ പ്രകൃതിയാണെങ്കിലും രൂപഗതിയും പ്രയോഗസമ്പ്രദായവും പ്രമാണിച്ചു് സർവ്വനാമങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിരിക്കുന്നു. ഒൻറു = ഒൻറു = ഒന്നു്. മലയാളത്തിൽ ഇതിനു ചുട്ടെഴുത്തിന്റെ സ്ഥാനത്തു കൂടി പ്രയോഗം ഉണ്ടു്. "ചെന്നൊരു നേരത്തു്" = "ചെന്നനേരത്തു്" ഈ വിനിയോഗത്തിൽ ഇതു ബഹുവചനത്തേയും വിശേഷിപ്പിക്കും: "മറ്റൊരു പരിഷകൾ" എന്ന ഭാരതപ്രയോഗം നോക്കുക.

(9) മിക്ക, മറ്റ്:[14] ഇതുകളെയും മുൻപറഞ്ഞതുപോലെ സർവ്വനാമങ്ങളുടെ കൂട്ടത്തിൽ ചേർക്കാറുണ്ടു്. പേരെച്ചങ്ങളാകയാൽ സർവ്വനാമതുല്യമായ രൂപാവലി ഇതിനു് അല്ലെങ്കിലും ഉള്ളതുതന്നെ.

177

53. ലിംഗസംഖ്യാകൃതം ഭേദ-

[13] അവസാനത്തിലേ "അ" ബഹുവചനപ്രത്യയമാണ്. എങ്കിലും "ഇന്ന കാര്യം" എന്നും മറ്റുമുള്ളിടത്തു് "ഇന്ന" ബഹുവചനമായിട്ടല്ല പ്രയോഗിക്കുന്നതു് — എന്നർത്ഥം.

[14] "മറ്റു്" എന്ന രൂപമാണ് ശബ്ദവിഭാഗപ്രകരണത്തിൽ കൊടുത്തിട്ടുള്ളതു്. "മറ്റതു്", "മറ്റവൻ" മുതലായ രൂപങ്ങളിൽ "മറ്റ" ആണ് സർവ്വനാമം എന്നായിരിക്കുമോ വിവക്ഷ? "മറ്റു മനുഷ്യർ", "മറ്റെ മനുഷ്യർ" മുതലായ പ്രയോഗങ്ങളുമുണ്ടല്ലോ. "മറ്" എന്ന ധാതുവിൽനിന്നു "മറ്റു്", "മറ്റ", "മറ്റെ" എന്ന രൂപങ്ങൾ ഉണ്ടാകാം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 179

മാദ്യത്തിൽ ചുട്ടെഴുത്തിന്
ജനിച്ചിരിക്കണമതിൻ-
വ്യാപ്തിതാൻ ശേഷമുള്ളതിൽ.

ലിംഗഭേദം കാണിക്കുന്ന "അൻ" തുടങ്ങിയ പ്രത്യയങ്ങളും സംഖ്യാഭേദം കാണിക്കുന്ന "അർ" മുതലായ പ്രത്യയങ്ങളും ആദികാലത്തിൽ ചുട്ടെഴുത്തുകളായ "അ" "ഇ" "എ" എന്ന ശബ്ദങ്ങളോടുമാത്രമാണ് ചേർത്തുപ്രയോഗിച്ചിരുന്നതെന്നും പില്ക്കാലങ്ങളിൽ ആ വക പ്രത്യയങ്ങൾതന്നെ മറ്റു ശബ്ദങ്ങളോടും യോജിപ്പുപോലെ പ്രയോഗിച്ചു വന്നു എന്നും ഊഹിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ചുട്ടെഴുത്തുകളിലാണ് നിയമേനയും മേല്ക്കുമേലായിട്ടും ഈ പ്രത്യയങ്ങൾ ചേർന്നിട്ടുള്ള രൂപങ്ങളിൽ അധികവും കാണുന്നത്. "അവ", "അവറ്റ" "അവറ്റകൾ" ഈ ശബ്ദങ്ങൾതന്നെ നോക്കുക: 183

അ + അ = അവ; അ + അ + അർ + അ = അവറ്റ;
അ + അ + അർ + അ + കൾ = അവറ്റകൾ.

ഇതിന്നും പുറമേ, വ്യവഹാരത്തിൽ അധികവും സർവ്വനാമശബ്ദങ്ങൾക്കാണ് ലിംഗസംഖ്യാഭേദം കാണിക്കുവാൻ പ്രസക്തി വരുന്നതെന്നുള്ളതും ആ വക ശബ്ദങ്ങളിലാണ് ആദ്യത്തിൽ ലിംഗവചനപ്രത്യയങ്ങൾ ചേർത്തിരുന്നതെന്നൂഹിപ്പാൻ മതിയായ കാരണമാകുന്നുണ്ട്.

ഐന്ദ്രയൗരോപഭാഷകൾ "ലിംഗത്തിനു വേറെ പ്രത്യയം; വിഭക്തികളിൽ ഓരോ വചനത്തിനും വേറെ വേറെ പ്രത്യയം" എന്നു പ്രത്യയസംഖ്യ അനാവശ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദ്രാവിഡഭാഷകളിലാകട്ടെ, നേരെമറിച്ച് അത്യാവശ്യത്തിനു മാത്രമേ പ്രത്യയം ഉപയോഗിക്കയുള്ളു. ലിംഗം, വചനം, വിഭക്തി എന്നു മുറയ്ക്ക് ഓരോന്നിനും ഓരോ പ്രത്യയം. പക്ഷേ, മേല്ക്കുമേൽ പ്രത്യയംവന്നു രൂപം നീളുന്നു. എന്നാൽ ഇതിനും പ്രതിവിധി ചെയ്തിട്ടുണ്ട്. "ഏകവചനം സ്വതഃസിദ്ധമാകയാൽ അതിനു പ്രത്യയം വേണ്ടാ" എന്ന് ഒന്നു ചുരുക്കാം; അല്ലെങ്കിൽ ലിംഗവചനങ്ങൾ രണ്ടും കുറിക്കാൻ പ്രത്യയം ഒന്ന്; ഇങ്ങനെയാണ് ദ്രാവിഡ ഭാഷകളുടെ പോക്ക്. ഈ യുക്തിപ്രകാരം നാമങ്ങൾക്കു ലിംഗവചനങ്ങൾ അത്യാവശ്യമില്ല. നാമത്തിന്റെ വാച്യമായ വസ്തു സ്ത്രീയോ പുരുഷനോ ജഡവസ്തുവോ ആയിക്കൊള്ളട്ടെ. ആ ഭേദം കാണിക്കുവാൻ നാമപദത്തിൽ രൂപഭേദം എന്തിനു ചെയ്യുന്നു? "തള്ള"," തന്ത" രണ്ടും രൂപത്തിൽ ഒന്നുപോലെ; അർത്ഥംകൊണ്ടു സ്ത്രീപുരുഷഭേദം അറിഞ്ഞുകൊള്ളാം. "സ്ത്രീ" എന്നോ "പുരുഷൻ" എന്നോ നെറ്റിയിൽ എഴുതിപ്പതിക്കുന്നതെന്തിന്? സർവ്വനാമത്തിന്റെ സ്ഥിതി ഇങ്ങനെയല്ല. പല വസ്തുക്കളെപ്പറ്റി സംസാരിക്കുമ്പോൾ അതിലോരോന്നിനെ പരാമർശിക്കുവാനാണ് സർവ്വനാമങ്ങൾ ഉപയോഗിക്കുന്നത്. അപ്പോൾ എല്ലാം ഒരേ രൂപത്തിൽ പ്രയോഗിച്ചാൽ തിരിച്ചറിയുവാൻ പ്രയാസം. സ്ത്രീപുംനപുംസകഭേദം കുറിക്കുവാൻ രൂപഭേദം ചെയ്താലേ സൗകര്യമുള്ളു; ഇതുപോലെതന്നെ വചനത്തിന്റെ സംഗതിയിലും അതിനാൽ ലിംഗവചനഭേദം സർവ്വനാമങ്ങൾക്കാവശ്യപ്പെടുകയാൽ അതുകൾക്ക് ആദ്യം ഏർപ്പെട്ടു. പിന്നീട് ഈ സർവ്വനാമങ്ങളെ വാക്യത്തിന്റെ ആദിയിൽ കർത്താവായിട്ടു ചേർക്കുന്നതി

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 190

ന്ന പകരം ആഖ്യാതങ്ങളുടെ ഒടുവിൽ ചേർത്തുതുടങ്ങിയിരിക്കണം. "ഏൻ(= ഞാൻ: വന്തു" എന്നു പറയുന്നതിനു പകരം, "വന്തു ഏൻ" എന്നു മറിച്ചിടാമല്ലോ. "വന്നു" (വന്തു) എന്ന സംഗതി ആദ്യം പറയുക; പിന്നീട് ഇന്നാരെന്നുള്ള വിവേചനം. "വന്തു", "ഏൻ" കൂടിച്ചേർന്ന് "വന്തേൻ" എന്നായി. സംസാരിക്കുന്ന ഭാഷയിൽ "നാൻ വന്തേൻ"; "നീ വന്തായ്"; "അവൻ വന്താൻ" എന്ന്. കർത്താവായ സർവ്വനാമങ്ങളെ അധികം ഉപയോഗിക്കുവാൻ ഇടയാകുകയില്ല. "എങ്കെ ഇരുന്തു വരുകിറായ്?, "ഊരിലെ ഇരുന്തു വരുകിറേൻ എന്ന മട്ടിലാണല്ലോ ചോദ്യോത്തരങ്ങളുടെ ഗതി. അനന്തരം ക്രിയാപദം ദൂരത്തിൽ ഒടുവിൽ വരുന്നതുവരെ കർത്താവിനെ തെളിയിക്കാതിരിപ്പാൻ മടിച്ച് ആദിയിൽത്തന്നെ കർത്താവിനെക്കൂടി എടുത്തു കാണിക്കുക നടപ്പായിത്തീർന്നിരിക്കണം.

ഇങ്ങനെ ആരംഭത്തിൽ നീണ്ട വാക്യങ്ങളിൽ മാത്രം കർത്താവായ സർവ്വനാമത്തെ ആദ്യവും, ഒടുവിൽ ക്രിയാപദത്തിലും ഇരട്ടിച്ച് പ്രയോഗിക്കുക എന്ന സമ്പ്രദായം പരിചിതമായപ്പോൾ അതിലുള്ള പൗനരുക്ത്യദോഷം ആളുകൾ വകവെക്കാതായി എന്നു മാത്രമല്ല, അങ്ങനെയായാലേ കർത്താവും ക്രിയയും തങ്ങളിൽ യോജിക്കു എന്നുമായി വിചാരം. ഇതിൽ നിന്നായിരിക്കാം പൊരുത്തം എന്നൊരു ഗ്രഹം ഉത്ഭവിച്ചത്. "പൊരുത്തം" എന്നൊരു പുതിയ ഇനത്തിന് വ്യാകരണത്തിൽ പ്രതിഷ്ഠ ലഭിച്ചതോടുകൂടി "നാൻ (ഏൻ) വന്തേൻ" എന്നു പറഞ്ഞില്ലെങ്കിൽ തെറ്റു എന്നായി ജനങ്ങളുടെ ഭാവനയും.

ഇതെല്ലാം എന്റെ ഊഹം മാത്രമാണ്; അതുകൊണ്ട് അതിനുള്ള അടിസ്ഥാനങ്ങളെക്കൂടി ഉടനേ വിവരിച്ചേ മതിയാകുകയുള്ളൂ.

ഒന്നാമത് — ദ്രാവിഡങ്ങളിലെ പുരുഷപ്രത്യയങ്ങൾ ആര്യഭാഷകളിലെപ്പോലെ തേഞ്ഞുപോയിട്ടില്ല. സംസ്കൃതത്തിൽ "അസ്മി" എന്നതിലെ "മി" പുരുഷപ്രത്യയവും "അഹം" എന്ന ഉത്തമസർവ്വനാമൈകവചനവും തമ്മിൽ ഒരു ബന്ധവും ഇല്ല. "മ" എന്നൊരു ഉത്തമസർവ്വനാമപ്രകൃതിയുണ്ടായിരുന്നു എന്നും അതിന്റെ അവശേഷമാണ് "മി" ആയിത്തീർന്നതെന്നും ഭാഷാശാസ്ത്രകാരൻ പറഞ്ഞുകൊടുത്താലേ ഒരുവൻ ഗ്രഹിക്കുകയുള്ളൂ. ദ്രാവിഡങ്ങളിൽ അങ്ങനെയല്ല. കർത്താവിലും ആഖ്യാതത്തിലും കാണുന്ന സർവ്വനാമം ഒന്നുതന്നെ എന്ന് അവൈയാകരണനും സുഗ്രഹമാണ്. അതിനാൽ ആഖ്യാതത്തിനും ആഖ്യയ്ക്കും ഒരേ സർവ്വനാമം ചേർത്ത് പൊരുത്തം ചെയ്യുക എന്ന സമ്പ്രദായം ദ്രാവിഡങ്ങളിൽ ആദികാലംമുതലേ ഉള്ള ഏർപ്പാടായിരിക്കുകയില്ല. അങ്ങനെ ആയിരുന്നെങ്കിൽ ആര്യഭാഷകളിലെപ്പോലെ ആ സർവ്വനാമങ്ങൾ തേഞ്ഞുമാഞ്ഞുപോകാതെ പരിപൂർണ്ണങ്ങളായിത്തന്നെ നിന്നുവന്നത് എങ്ങനെ?

രണ്ടാമത് — ദ്രാവിഡകുടുംബത്തിൽ ഒട്ടും അപ്രധാനമല്ലാത്ത മലയാളത്തിൽ പുരുഷപ്രത്യയം കാണാതിരിക്കുന്നതിന് കാരണം എന്ത്? ഐന്ദ്യയൗരോപഭാഷകളിൽ ഗോഥിക്കും സംസ്കൃതവുംപോലെ ദ്രാവിഡഭാഷകളിൽ മലയാളം പഴയകുടുംബസ്വത്തുകളെ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടെന്ന് പരക്കെ സമ്മതവുമാണ്. അങ്ങനെയുള്ള ഒരു ഭാഷ സ്വതന്ത്രമായിട്ട് പുരുഷപ്രത്യയത്യാഗംചെയ്തു എന്നു വരുന്നത് സംഭാവ്യമാണോ? ലിംഗപുരുഷവചനങ്ങൾക്ക് പൊരുത്തം എന്നത് വ്യാകരണത്തിൽ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 198

ഒരു തുച്ഛസംഗതി അല്ലതാനും; അതിനാൽ ലിംഗപുരുഷവചനങ്ങളിൽ കർത്താവിനും ക്രിയയ്ക്കും പൊരുത്തം വേണമെന്നുള്ള ഏർപ്പാട് വരുംമുൻപുതന്നെ മലയാളം തമിഴിൽനിന്നും പിരിഞ്ഞ് പ്രത്യേകഭാഷയായി പരിണമിച്ചിരിക്കണം എന്നല്ലയോ വിചാരിക്കേണ്ടത്? എന്നാൽ മലയാളത്തിലും ഗ്രന്ഥഭാഷയിൽ പഴയകാലത്ത് പൊരുത്തനിർബ്ബന്ധം ഒരുവിധം കാണുന്നുണ്ടല്ലോ എന്നും ആക്ഷേപിക്കുവാൻ ഇല്ല. കൊല്ലവർഷത്തിന് ഇപ്പുറമേ മലയാളത്തിൽ ഗ്രന്ഥങ്ങളുണ്ടായിട്ടുള്ളു; അതിനുമുൻപ് ഉണ്ടായിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ നമുക്കു കിട്ടിയിട്ടില്ല. ഇതുകൾ തമിഴ്ഗണ്ഡിതന്മാരുടെ കൃതികളുമാണ്. അതിനാൽ അവർ തമിഴ് രീതിയനുസരിച്ച് പൊരുത്തംചെയ്തു എന്നേ വരൂ. കവിതയിൽ പൊരുത്തം പതിവുണ്ടെന്നു പറയുന്നതും ഒരിക്കലും സാർവ്വത്രികമല്ല. വർത്തമാനകാലത്തിന്റെ പ്രഥമപുരുഷനിൽ "വരുന്നാൻ, ചെയ്യുന്നാൻ" എന്നും മറ്റും പ്രയോഗം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഇനി പ്രകൃതത്തിൽ പ്രവേശിക്കാം; സർവ്വനാമരൂപമായ കർത്താവിന് പൊരുത്തം വേണമെങ്കിൽ നാമത്തിനും അതു വേണ്ടതല്ലയോ എന്നാണ് അടുത്ത യുക്തി; നാമത്തിലും ചെയ്യണം എന്നായി. എന്നാൽ, നാമത്തിൽ ലിംഗവചനപ്രത്യയമില്ലല്ലോ. അതിന് എന്തു വേണ്ടു? അതിലും കൂത്തിച്ചെലുത്തുകതന്നെ. സർവ്വനാമത്തിനുള്ള പ്രത്യയംതന്നെയോ അല്ലെങ്കിൽ (" വനമതിൽ", "രാമൻതന്നുടെ" ഇത്യാദി വിഭക്തിരൂപങ്ങൾപോലെ) അവൻ, അവൾ, അത് എന്നതുകളുടെ നിഷ്പന്നരൂപങ്ങളോ ചേർക്കുക എന്ന് ഇപ്പോൾ കണ്ടുവരുന്ന ഏർപ്പാട് ഉത്ഭവിക്കുകയും ചെയ്തു. "കള്ളൻ", "കള്ളൻ" ഇത്യാദികളിൽ പൂർണ്ണസർവ്വനാമരൂപവും കാക. എന്നാൽ "അൻ" എന്ന പുല്ലിംഗപ്രത്യയംപോലെ "അൾ", "തു" എന്ന മറ്റു രണ്ടെണ്ണവും പ്രചാരത്തിൽ വന്നില്ല.[15] അതിന്റെ സ്ഥാനത്ത് "ഇ", "ത്തി" എന്നും "അം" എന്നും വേറെ പ്രത്യയങ്ങളാണ് ഉണ്ടായത്. ഇതു രണ്ടും സംസ്കൃതത്തെ അനുകരിച്ചുണ്ടാക്കിയതാണോ എന്ന സംശയത്തിനും വകയുണ്ട്. നാമങ്ങൾക്ക് ലിംഗഭേദം പ്രാധാന്യേന സംസ്കൃതത്തിൽ അകാരാന്തങ്ങൾക്കാണ്; ഭാഷയിലും അതുപോലെതന്നെ കാണുന്നതുകൊണ്ട് ലിംഗത്തിന്റെ വിഷയത്തിൽ സംസ്കൃതസംസർഗ്ഗം ഭാഷയെ ബാധിച്ചിരിക്കാവുന്നതും ആകുന്നു. കടൻ, പലൻ ഇത്യാദി നപുംസകങ്ങളിലും ചിലയിടത്ത് "അൻ" കാണുന്നതിനാൽ ആദ്യത്തിൽ പുല്ലിംഗപ്രത്യയംതന്നെ നപുംസകത്തിലും ഉപയോഗിച്ചുവന്നു; പിന്നീടാണ് ഭേദപ്രതീതിക്കുവേണ്ടി ഒന്നിനെ "അം" എന്നു മാറ്റിയതെന്നും സംഭവിക്കാം. ലിംഗപ്രകരണത്തിൽ ചെയ്തിട്ടുള്ള വിമർശം നോക്കുക. കർണ്ണാടകത്തിൽ പുല്ലിംഗത്തിലെ "അൻ" തന്നെ "അം" ആയിട്ടുണ്ടെന്നുള്ളതും ഓർക്കേണ്ടതാണ്. പേരെച്ചത്തിന്റെ പ്രത്യയം "അ" എന്ന ചുട്ടെഴുത്താകയാൽ "ചെയ്യുന്നവൻ", "ചെയ്യുന്നവൾ", "ചെയ്യുന്നത് " എന്ന് ആവക രൂപങ്ങളിലെല്ലാം സർവ്വനാമത്തിനുള്ള ലിംഗപ്രത്യയംതന്നെ സർവ്വത്ര കാണും.

ലിംഗപ്രത്യയങ്ങൾക്ക് ചെയ്തതുപോലെ വചനപ്രത്യയങ്ങൾക്കും ഉത്ഭവം എന്തെന്നും വിചാരണചെയ്യേണ്ടതാണല്ലോ. "അർ", "മാർ" എന്ന് രണ്ടു് പുംസ്ത്രീകൾക്കും "അ", "കൾ"

[15] നാമരൂപങ്ങളിൽ പ്രചാരത്തിൽ വന്നില്ല എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 203

എന്ന് രണ്ടു നപുംസകത്തിനും; ഇങ്ങനെ വചനപ്രത്യയം നാലെണ്ണമുണ്ട്; ഇതുകളുടെ ഉൽപ്പത്തി ഇന്നവിധം ലഎന്ന് ഇതേവരെ പരിച്ഛേദിച്ചു പറയുവാൻ സാധിച്ചിട്ടില്ല. ഇതു നാലും തമിഴ്, മലയാളം, കർണ്ണാടകം, തെലുങ്ക് എന്ന പ്രധാനഭാഷകളിൽ മാത്രമല്ല. തുളു, ഗോണ്ഡു മുതലായ ക്ഷുദ്രദ്രാവിഡങ്ങളിലും പലവിധം ആകൃതിഭേദത്തോടെ കാണുന്നുണ്ട്. ഇവയിൽ "മാർ" എന്നതു് "അർ" എന്നതിന്റെതന്നെ ഒരു വേഷം മാറ്റമായിരിക്കണം. "മാർ" എന്നതു നാമങ്ങൾക്കുമാത്രം വരുന്ന പുംസ്ത്രീബഹുവചവനമാണല്ലൊ. നാമത്തിലും ലിംഗപ്രത്യയംതന്നെ ചേർക്കണമെന്ന് ആവശ്യം വന്നപ്പോൾ "അവർ" എന്ന പൂർണ്ണസർവ്വനാമരൂപംതന്നെ ആദ്യം ഉപയോഗിച്ചുവന്നു. ഇന്നും ചില ദിക്കുകളിൽ "അവർ" എന്ന് പൂജകബഹുവചനമായി നാമങ്ങളിൽ പ്രയോഗിച്ചുകാണുന്നുണ്ട്. "തേവിയവർ" "നാണിയവർ" ഇത്യാദി. കാലക്രമത്തിൽ തെലുങ്കിലെ "അവരു" എന്നു "വാരു" എന്ന് ആയതുപോലെ ആദ്യത്തെ അകാരം കളഞ്ഞു് അതിനു പ്രതിവിധിയായിട്ടു് രണ്ടാമത്തെ അകാരം നീട്ടി "അവർ" എന്നതിനെ "വാർ" എന്നാക്കി. ഇതിനുശേഷം വകാരമകാരങ്ങൾക്കു വിനിമയം ധാരാളമാകയാൽ "വാർ" എന്നതു് "മാർ" എന്നായിച്ചമഞ്ഞു. കാൽഡ്വൽ ഒരു പടികൂടി ക്കടന്ന് തമിഴിൽ "നീർ" എന്നും മറ്റുമുള്ളിടത്തു കാണുന്ന "ഈർ" ഇതുപോലെ "ഇവർ" എന്നതിൽനിന്നും ഉത്ഭവിച്ചതായിരിക്കാമെന്നുകൂടി ശങ്കിക്കുന്നു. ഈ ഉൽപ്പത്തിയനുസരിച്ച് "മാർ" ആദ്യത്തിൽ ആദരവോടു പറയുന്നിടത്തു ചേർക്കുന്ന ബഹുവചന (പ്രത്യയം) മായിരുന്നു. ഇപ്പോഴും പ്രായേണ അങ്ങനെതന്നെ ആണെങ്കിലും വ്യാകരണപ്രകാരം ലിംഗപ്രത്യയമുള്ള നാമങ്ങളിലൊക്കെയും ബഹുവചനത്തിന്"മാർ" വേണം എന്നായി നിയമം. അതിനാൽത്തന്നെയാണ്"സലിംഗബഹുവചനം" എന്നു പേർ ചെയ്തതും. "വിഡ്ഢിയാന്മാർ", "കള്ളന്മാർ, "മണ്ടന്മാർ" ഇത്യാദികൾ നോക്കുക. "അൻ" എന്നോ, "ആൻ" എന്നോ ഉള്ള ലിംഗപ്രത്യയത്തിനുമേലാണ് ഇതു വരുന്നത്; അപ്പോൾ ഈ രൂപങ്ങളിൽ "ആൻ" "അൻ" രണ്ടും ലിംഗപ്രത്യയം മാത്രമായിത്തീരുന്നു.

"കൾ" അപൂർവ്വമായിട്ടു് പുംസ്ത്രീലിംഗങ്ങളിലും കാണും. "അ" ചുട്ടെഴുത്തുകളിലും അവ ചേർന്നിട്ടുള്ള പേരെച്ചനാമങ്ങളിലും മാത്രമേ ഉള്ളു. ഇതിനു പുറമെ "ചില", "പല" ഇത്യാദികളിൽ കാണുന്ന അകാരവും ഈ നപുംസകബഹുവചനം തന്നെയാണ്. പക്ഷേ, ആ ആഗമം മറന്നിട്ട് ഇപ്പോൾ "ചില പണ്ഡിതന്മാർ" "പലയാളുകൾ" എന്നും മറ്റും പുംസ്ത്രീലിംഗങ്ങളായിട്ടും ധാരാളം ഉപയോഗമായി. "അവ", "ഇവ", "എവ" എന്ന ശരിയായ രൂപം മലയാളത്തിൽ മാത്രമേ നിലനിന്നിട്ടുള്ളു. തമിഴിൽ "അവെ" "ഇവെ" എന്ന് ദുഷിച്ചുപോയിരിക്കുന്നു. "ചെയ്തന", "നടന്തന" എന്ന ആഖ്യാതരൂപങ്ങളിൽ മാത്രം തമിഴിൽ ശരിയായ രൂപം കാണുന്നുണ്ട്. എന്നാൽ സംസാരിക്കുന്ന തമിഴിൽ നപുംസകാഖ്യാതത്തിനു ലിംഗവചനപ്പൊരുത്തം ലോപിച്ചു പോയിരിക്കുന്നു. ഇതിനുകാരണം നപുംസകത്തിൽ വ്യക്തിപ്രാധാന്യം ഗണിക്കായ്കയാണെന്ന് മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. "സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി" എന്ന സൂത്രത്തിന്റെ വ്യാഖ്യാനം നോക്കുക.[16]

[16] 51-ആം കാരികയുടെ വ്യാഖ്യാനം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-13.tex/Line: 209

54. അംഗത്തിൽനിന്നും വചനം "കുഞ്ഞുങ്ങൾ" മുതലായതിൽ.

വെറും നാമത്തിൽനിന്നല്ലാതെ അംഗപ്രത്യയം ചേർത്തതിനുമേലും വചനപ്രത്യയം ചില യിടത്തു് അപൂർവ്വമായിട്ടു കാണും. ഉദാഹരണത്തിന് "കുഞ്ഞുങ്ങൾ" മുതലായ ശബ്ദങ്ങൾ. 211

കുഞ്ഞ് + ഉൻ + കൾ = കുഞ്ഞുങ്ങൾ[17]
പെൺ + ഉൻ + കൾ = പെണ്ണുങ്ങൾ
ആൺ + ഉൻ + കൾ = ആണുങ്ങൾ

"ഇൻ" എന്നതുപോലെ അംഗപ്രത്യയം "ഉൻ" എന്നും ആകാവുന്നതാണ്.

[17] ഈ വാക്കുകൾ മുന്നിലും അനുനാസികാതിപ്രസരം കാണുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-14.tex/Line: 3

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

3

വിഭക്തിപ്രകരണം

മറ്റു പദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് "വിഭക്തി" എന്നു പേർ. വിഭക്തി ഏഴെണ്ണമുണ്ട്. വിഭക്തികൾക്കു പാണിനി മുതലായ സംസ്കൃതവൈയാകരണന്മാർ പേരിട്ടിട്ടുള്ളത് പ്രഥമ, ദ്വിതീയ, തൃതീയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി ഇങ്ങനെയാണ്. ആ സംസ്കൃതപ്പേരനുസരിച്ചു മലയാളവിഭക്തികൾക്ക് പ്രഥമ, ദ്വിതീയ എന്ന ക്രമത്തിലുള്ള പേരാണ് മറ്റുള്ള വ്യാകരണഗ്രന്ഥങ്ങളിൽ കാണുന്നത്. എന്നാൽ അത് ദ്രാവിഡരീതിക്കു തീരെ യോജിക്കാത്തതിനാൽ ഈ പുസ്തകത്തിൽ വിഭക്തികൾക്കു പേർ മാറ്റി കല്പിച്ചിരിക്കുന്നു. അതിനുള്ള കാരണം ചുരുക്കത്തിൽ താഴെ കാണിക്കാം.:

> "അതെന്നു പ്രഥമയ്ക്കർത്ഥം ദ്വിതീയയ്ക്കതിനെപ്പുനഃ
> ചൊല്ലേണമതിനോടെന്നും ദ്വിതീയയ്ക്കർത്ഥമായ് വരും;
> തൃതീയാ ഹേതുവായിക്കൊണ്ടാലോട്ടുടെ ഇതി ക്രമാത്;
> ആയിക്കൊണ്ടു ചതുർത്ഥീ ച സർവ്വത്ര പരികീർത്തിതാ.
> അതിങ്കൽനിന്നു പോക്കെക്കാൾ ഹേതുവായിട്ടു പഞ്ചമീ
> ഇക്കുമിന്നുമുടെ ഷഷ്ഠിക്കതിന്റെ വെച്ചുമെന്നപി
> അതിങ്കലതിൽവെച്ചെന്നും വിഷയം സപ്തമീ മതാ."

എന്നുള്ള ബാലപ്രബോധനവചനപ്രകാരം സംസ്കൃതത്തിന്നെതിരായി മലയാളത്തിലെ വിഭക്തികൾ:

വിഭക്തി	പ്രത്യയം	മലയാള ഉദാഹരണം	സംസ്കൃത ഉദാഹരണം
പ്രഥമ —	ശബ്ദസ്വരൂപം	അത്	തത്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 69

വിഭക്തി	പ്രത്യയം	മലയാള ഉദാഹരണം	സംസ്കൃത ഉദാഹരണം
ദ്വിതീയ —	എ	അതിനെ	തം
	ഓട്ട്	അതിനോട്ട്	
തൃതീയ —	ഹേതു	അതു ഹേതുവായി	തേന
	ആയി	അതായി	
	കൊണ്ട്	അതുകൊണ്ട്	
	ആൽ	അതിനാൽ	
	ഓട്ട്	അതിനോട്ട്	
	ഉടെ	അതിലൂടെ	
ചതുർത്ഥി —	ആയിക്കൊണ്ട്	അതിനായിക്കൊണ്ട്	തസ്മൈ
പഞ്ചമി —	ഇൽനിന്ന്	അതിൽനിന്ന്	തസ്മാത്
	കൽനിന്ന്	അതിങ്കൽനിന്ന്	
	ഇൻപോക്കെ	അതിൻപോക്കെ	
	കാൾ	അതിനെക്കാൾ	
	ഹേതുവായിട്ട്	അതു ഹേതുവായിട്ട്	
ഷഷ്ഠി —	ക്ക്–ഉ്	അതിന്	തസ്യ
	ഉടെ–ടെ	അതിനുടെ–അതിന്റെ	
	ഇൽവെച്ച്	അതിൽവെച്ച്	
സപ്തമി —	ഇൽവെച്ച്	അതിൽവെച്ച്	തസ്മിൻ
	ഇൽ	അതിൽ	
	ഇങ്കൽ	അതിങ്കൽ	
	വിഷയമായി	അതു വിഷയമായി	

എന്നീ വിധമാകുന്നു. സംസ്കൃതത്തിൽ ഒരേ രൂപത്തിനു പല അർത്ഥങ്ങളായിരിക്കെ ഭാഷയിൽ ഓരോ അർത്ഥത്തിനും രൂപഭേദമുണ്ടെന്ന് ഈ പട്ടികകൊണ്ടു വ്യക്തമാകുന്നു. ഉദാഹരണത്തിന് തൃതീയയെ എടുത്തു നോക്കു. "തേന" എന്ന സംസ്കൃതരൂപത്തിന്,

1. അതു ഹേതുവായിട്ട്	എന്നു ഹേതു	Casuality
2. അതായി	എന്നു അഭേദം	Identity
3. അതുകൊണ്ട്	എന്നു കാരണം	Instrumentality
4. അതിനാൽ	എന്നു കർത്താ	Agency
5. അതിനോട്ട്	എന്നു സാഹിത്യം	Sociality
6. അതിലൂടെ	എന്നു ദ്വാരത	The sense of through

ഇങ്ങനെ ആറ് അർത്ഥങ്ങൾ ഉണ്ട്. ഭാഷയിൽ ഈ ഓരോ അർത്ഥത്തെയും കാണിക്കുന്നതിന് ഓരോ രൂപവും വെവ്വേറെ ഉണ്ട്. ഈ സ്ഥിതിക്ക് ഈ ആറ് അർത്ഥങ്ങളെയും ചേർ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 97

ത്തു് അതുകൾക്കെല്ലാം കൂടി "തൃതീയ" എന്നു് ഒരു പേരിടുന്നതു് എന്തിന്? സംസ്കൃതത്തിൽ ഇവ ഒരു രൂപത്തിന്റെ നാനാർത്ഥങ്ങളാകയാൽ ഈ അർത്ഥങ്ങളെല്ലാം വേർതിരിക്കുവാൻ മാർഗ്ഗം ഇല്ല. അതുകൊണ്ടു് ഈ ആറു് അർത്ഥങ്ങളെയും "തൃതീയ" എന്നു് ഒരു പേരുകൊണ്ടു തന്നെ കുറിക്കേണ്ടിവന്നു. ഭാഷയിൽ അർത്ഥം മാറുന്നതനുസരിച്ചു് രൂപവും മാറുന്ന സ്ഥിതിക്കു് ഇതെല്ലാം ഒന്നിച്ചുചേർത്തു് ഒരു പേർ ഇടുന്നതു ശരിയല്ല. ഇതുകൊണ്ടു് സംസ്കൃതത്തിലെ ഒരു വിഭക്തിരൂപത്തിന്റെ അർത്ഥം ഭാഷയിൽ പല രൂപങ്ങളെക്കൊണ്ടാണു് കുറിക്കുന്നതെന്നു സ്പഷ്ടമായി. നേരേമറിച്ചു് ഭാഷയിലെ ഒരു രൂപത്തിന്റെ അർത്ഥം സംസ്കൃതത്തിൽ പല രൂപങ്ങളെക്കൊണ്ടുവേണം കുറിക്കുവാൻ എന്നും മേല്ക്കാണിച്ച പട്ടികയിൽനിന്നും തെളിയുന്നു. അതിൽ "ഓട്" അതിനോടു് എന്ന രൂപം സംസ്കൃതത്തിൽ ദ്വിതീയയ്ക്കും തൃതീയയ്ക്കും പകരം നില്ക്കുന്നു. അതുപോലെതന്നെ ഉ് (അതിന്) എന്നതു് ചതുർത്ഥിക്കും ഷഷ്ഠിക്കും എതിരായിക്കാണുന്നു. അപ്പോൾ "അതിനോട്" എന്ന രൂപത്തെ ചിലപ്പോൾ "ദ്വിതീയ" എന്നും ചിലപ്പോൾ "തൃതീയ" എന്നും പറയണം. "അതിന്" എന്നതു് ചിലപ്പോൾ "ചതുർത്ഥി"; ചിലപ്പോൾ ഷഷ്ഠി. ഇന്നതു് എന്നു് തീരുമാനിക്കണമെങ്കിൽ സംസ്കൃതത്തിൽ തർജ്ജമ ചെയ്തു നോക്കിയാൽ ആ ഭാഷയിൽ ഏതു വിഭക്തി വരുമോ അതെന്നു പറയുകയല്ലാതെ വേറെ ഒരു മാർഗ്ഗവും ഇല്ല.

മലയാളം	സംസ്കൃതം	വിഭക്തി
രാമന്‌ പുത്രൻ ഉണ്ടായി	രാമസ്യ പുത്രാ ജാതഃ	ഷഷ്ഠി
രാമന്‌ ധനം കൊടുത്തു	രാമായ ധനമദാത്	ചതുർത്ഥി

ഇങ്ങനെ സംസ്കൃതത്തിന്റെ വാലിൽ തൂങ്ങിയിട്ടു് എന്തു സാമ്രാജ്യമാണു് മലയാളത്തിനു കിട്ടാനുള്ളത്?

ഇത്രമാത്രമേ ക്ലേശമുണ്ടായിരുന്നുള്ളു എന്നുവരികിലും സഹിച്ചേക്കാമായിരുന്നു; അതുകൊണ്ടും നില്ക്കുന്നില്ല. സംസ്കൃതത്തിൽ വിഭക്തിചിഹ്നമെല്ലാം പ്രത്യയമാകുന്നു. ഭാഷയിൽ വിഭക്തിരൂപം പലമാതിരിയിലാണു ജനിക്കുന്നതു്. മേൽക്കാണിച്ച തൃതീയയെത്തന്നെ എടുത്തു നോക്കാം.

(1) ആ — അവനാൽ
(2) ഓട് — അവനോടു് } എന്നു രണ്ടു പ്രത്യയം

(3) എ* — കൊണ്ടു് — അവനെക്കൊണ്ടു് എന്നു ദ്വിതീയയുടെ മേൽ "കൊണ്ട്" എന്നും

(4) ഇൽ ഊടെ — അവനിലൂടെ എന്നു സപ്തമിയുടെ മേൽ "ഊടെ" എന്നും അവ്യയശബ്ദങ്ങൾ.
(5) ആയി — അവനായി — എന്നൊരു വിനയെച്ചരൂപം
(6) ഹേതു — അവൻ ഹേതുവായി — എന്നൊരു വെറും സമാസം.

[1] നപുംസകത്തിന്റെ ദ്വിതീയ (കർമ്മവിഭക്തി എ) ഉപയോഗിക്കേണ്ടെന്നുള്ളതുകൊണ്ടു് ആ വിഭക്തിയെ സ്പഷ്ട

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 141

ഇതിൽ പ്രത്യയം ചേർത്തുണ്ടാക്കുന്ന ഒന്നും രണ്ടും രൂപങ്ങളെ മാത്രമേ വിഭക്തി എന്നു പറവാൻ ന്യായമുള്ളൂ. മൂന്നാമത്തേതു ദ്വിതീയയിലും, നാലാമത്തേതു സപ്തമിയിലും അവ്യയം ചേർത്തുണ്ടാക്കിയതാകയാൽ ആ വിഭക്തികൾ തന്നെ എന്നു പറയേണ്ടതാണ്. അല്ലെങ്കിൽ വളരെ കുഴപ്പങ്ങൾക്ക് ഇടവരും. "എന്നെയും നിന്നെയും കൊണ്ട്" എന്നുള്ളിടത്ത് എങ്ങനെ വിഭക്തിചൊല്ലും? എല്ലാംകൂടി ഒരു പദം, തൃതീയൈകവചനം എന്നു കല്പിക്കേണ്ടിവരുന്നില്ലയോ? ഇനി എന്നെ, നിന്നെ എന്ന രണ്ടു സർവ്വനാമങ്ങൾക്കും ചില വിശേഷണങ്ങൾ ചേർത്തു നീട്ടിയാൽ അതും ഒറ്റപ്പദം, തൃതീയൈകവചനം എന്നു പറയേണ്ടിവരും. അതിനാൽ "അവനെക്കൊണ്ട്" എന്ന രൂപത്തെ സംസ്കൃതപ്രകാരം തൃതീയ എന്നു പറയുന്നതു് ശരിയല്ല. അവനെ എന്നു ദ്വിതീയ, അതിൽ "കൊണ്ടു" എന്ന അവ്യയം ചേരുമ്പോൾ കരണാർത്ഥം ജനിക്കുന്നു എന്നുമാത്രമേ ഉള്ളൂ. "അവനെ" എന്നും "കൊണ്ട്" എന്നും വെവ്വേറെ പദങ്ങളുമാണ്. "തം അനു, തം പ്രതിഇത്യാദി സംസ്കൃത പ്രയോഗങ്ങളും," by him, with him ഇത്യാദി ഇംഗ്ലീഷുരൂപങ്ങളും എങ്ങനെ വേറെ പദങ്ങളായിരുന്നു കൊണ്ട് അർത്ഥവിശേഷം ഉളവാക്കുന്നുവോ അങ്ങനെ ഭാഷയിലും "കൊണ്ട്", "നിന്ന്", മുതലായവ പുതിയ അർത്ഥം ജനിപ്പിക്കുന്നു. സംസ്കൃതത്തിൽ ഈവക അവ്യയങ്ങൾക്ക് "കർമ്മപ്രവചനീയം" എന്നും ഇംഗ്ലീഷിൽ preposition എന്നും പേരുകൾ ഉള്ളതുപോലെ ഭാഷയിൽ ഈവക അവ്യയങ്ങൾക്ക് "ഗതി" എന്ന് പേർ കല്പിച്ചിരിക്കുന്നു. കർമ്മപ്രവചനീയം കുറെ നീണ്ടുപോയതു കൊണ്ടാണ് "ഗതി" എന്ന് ഏകദേശം അതിനൊക്കുന്ന സംജ്ഞ ഇവിടെ സ്വീകരിച്ചതു്. "ആയി" എന്ന അഞ്ചാമത്തേതും "ഹേതു" എന്ന ആറാമത്തേതും ആയ അർത്ഥങ്ങളെ ഒരു വിഭക്തിരൂപം എന്നു പറയുന്നതു് അത്യന്തം അയുക്തം എന്നു പ്രഥമദൃഷ്ടിയിൽത്തന്നെ സ്പഷ്ടമാകയാൽ വിശേഷിച്ചു വിവരിക്കേണ്ടതില്ല.

ഇങ്ങനെ നോക്കിവരുമ്പോൾ പ്രത്യയങ്ങളെ മാത്രമേ വിഭക്തിയായി ഗണിക്കാവൂ എന്നു ബോധപ്പെടും. പ്രകൃതിയിൽനിന്നു പിരിച്ചുപയോഗിക്കുവാൻ പാടില്ലാത്തവയെ മാത്രമേ പ്രത്യയം എന്നു പറഞ്ഞുകൂടൂ. "എന്നെയും നിന്നെയും കൊണ്ട്" എന്നിടത്തു് "കൊണ്ടി" നെ പിരിച്ചുപയോഗിക്കാവുന്നതു കൊണ്ടു് "കൊണ്ട്" പ്രത്യയമല്ല. അവിടെത്തന്നെ "എൻ ഉം, നിൻ ഉം, എ" (എന്നും നിന്നുമെ, അല്ലെങ്കിൽ ഞാനും നീയുമെ) എന്നു പിരിച്ചു പറഞ്ഞു കൂടാത്തതിനാൽ "എ" പ്രത്യയമാണ്. പ്രത്യയത്തിന് ഈ ലക്ഷണം സ്വീകരിച്ചുകൊണ്ടു് ആദ്യം കാണിച്ച പട്ടികയിൽ നോക്കുമ്പോൾ,

എ,	ക്കു്	ആൽ,	ഇൽ
ഓടു്,	ഉ്	ഉടെ,	കൽ

എന്ന് ആറെണ്ണമേ ഇതിൽ പ്രത്യയങ്ങളായിട്ടുള്ളു എന്നു കാണുന്നു. ഇവയോടുകൂടി പ്രത്യയമൊന്നുമില്ലാത്ത പ്രഥമയെക്കൂടി ചേർക്കുമ്പോൾ ഏഴു വിഭക്തിപ്രത്യയങ്ങളുണ്ടെന്നുവരുന്നു. ആ സ്ഥിതിക്ക് പ്രഥമമുതൽ സപ്തമിവരെയുള്ള സംസ്കൃതവിഭക്തിസംജ്ഞകൾതന്നെ പോരായോ എന്നു പിന്നെയും ചോദ്യമുണ്ടു്. ശരിതന്നെ. എന്നാൽ രണ്ടു ഭാഷകളിലും വിഭക്തി

മായി കാണിക്കാനായിട്ടാണ് പുല്ലിംഗശബ്ദം ഉദാഹരണത്തിനെടുത്തതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 172

കളുടെ ആകെത്തുക യദൃച്ഛയാ ഒന്നുതന്നെ എന്നു വന്നാലും അർത്ഥവിഷയത്തിൽ അന്യോന്യം ലേശം യോജിപ്പില്ലാതെയിരിക്കുന്നു. സംസ്കൃതത്തിലെ ചതുർത്ഥിക്ക് ഭാഷയിൽ ഷഷ്ഠിയാണെന്നും, സംസ്കൃതത്തിലെ പഞ്ചമിക്ക് ശരിയായി ഭാഷയിൽ ഒരു വിഭക്തിയേ ഇല്ലെന്നും മറ്റും ദുർഘടങ്ങൾ വന്നു ചേരുന്നു. സംഖ്യാമൂലകങ്ങളായ പേരുകളിൽ ഒന്നിനെ വിട്ടു കളയുവന്നതെങ്ങനെ? പഞ്ചമി ഭാഷയിൽ ഇല്ലാത്തതിനാൽ ഷഷ്ഠിയെ പഞ്ചമിയാക്കണം. അപ്പോൾ ആറിനെ അഞ്ചാക്കി എന്നൊരു തരക്കേടുവരും. ഉപേക്ഷിക്കുകയാണെങ്കിൽ നാലിനുമേൽ ആറാണ് സംഖ്യ എന്നു പറയേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല, അർത്ഥം വിട്ടേച്ചു പേരുമാത്രം എടുത്താൽ സംസ്കൃത വിഭക്തികളെത്തന്നെ മണിപ്രവാളകവികൾ ഭാഷാവിഭക്തികൾക്കുപകരം ധാരാളം ഉപയോഗിക്കുന്ന സ്ഥിതിക്ക് വലിയ കുഴപ്പങ്ങൾക്കിടയാകും. അതിനാൽ ഭാഷാവിഭക്തികൾക്കു സംസ്കൃത സംജ്ഞകളെ ഉപേക്ഷിച്ചു പുതിയ പേരുകൾ ഏർപ്പെടുത്തുകയേ നിർവാഹമുള്ളൂ. ഇതിലേക്കു മേൽവിവരിച്ച കാരണങ്ങളെത്തന്നെ ഒരിക്കൽക്കൂടി സൗകര്യമായി ഓർമ്മിക്കാൻവേണ്ടി നമ്പരിട്ടു താഴെ കൊടുത്തിരിക്കുന്നു:

1. സംസ്കൃതത്തിൽ ഒരു രൂപത്തിന് പല അർത്ഥങ്ങളായിരിക്കെ ഭാഷയിൽ അർത്ഥം മാറുന്നതനുസരിച്ചു രൂപവും മാറുന്നതിനാൽ ഏതാനും ചില അർത്ഥങ്ങളെച്ചേർത്ത് ഒരു പേർ വിളിക്കുന്നതിനു ന്യായമില്ല.
2. സംസ്കൃതത്തിൽ രണ്ടു പ്രത്യയങ്ങൾ വേണ്ടിടത്തു ഭാഷയിൽ ഒരു പ്രത്യയംതന്നെ മതി; മറിച്ച്, ഭാഷയിൽ രണ്ടു വേണ്ടിടത്തു സംസ്കൃതത്തിൽ ഒന്നുമതി.
3. സംസ്കൃതത്തിൽ പ്രത്യയം ചേർത്തു മാത്രമേ വിഭക്തികൾ ഉണ്ടാക്കുന്നുള്ളൂ. ഭാഷയിൽ ആ അർത്ഥങ്ങളെ കാണിക്കുന്നതിനു പ്രത്യയങ്ങൾ, ഗതികൾ എന്നുപേരിട്ട അവ്യയങ്ങൾ, സമാസം ഈ മൂന്നെണ്ണം ആവശ്യപ്പെടുന്നു.
4. വിഭക്തിപ്രത്യയങ്ങളുടെ എണ്ണം രണ്ടുഭാഷയിലും ഏഴുതന്നെ ആണെങ്കിലും അർത്ഥത്തിൽ അവ യോജിക്കുന്നില്ല.

ഈ ഘട്ടത്തിൽ ഒരു സംഗതികൂടി എടുത്തു കാണിക്കേണ്ടതുണ്ട്. തമിഴ്വൈയാകരണന്മാരും സംസ്കൃതത്തെ അനുസരിച്ച് ഏഴു വിഭക്തികളെ കല്പിച്ചതല്ലാതെ മേൽ വിവരിച്ച ദോഷങ്ങളെ പുരസ്കരിച്ച് പുതിയ പേരുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതു മലയാളവ്യാകരണത്തിൽ പഴയ സമ്പ്രദായത്തെത്തന്നെ വെച്ചുകൊണ്ടിരിക്കണമെന്നതിലേക്ക് ഒരു സാധകമാകുന്നതല്ല. മുൻപേ പോയവർ വല്ല കാരണവശാലും ഒരു കുഴിയിൽ വീണു എന്നു വെച്ചിട്ട് പിൻപേ വരുന്നവരും ആ കുഴിയിൽത്തന്നെ വീഴുകയോ അതോ തങ്ങൾക്ക് ആ അപകടം സംഭവിക്കാതെ കരുതുകയോ വേണ്ടത്? ആരുടേതായാലും തെറ്റു പകർത്തുന്നതു ശരിയല്ല എന്നാണ് അഭിപ്രായം. 190

55. തന്മ നിർദ്ദേശികാ കർത്താ;
പ്രതിഗ്രാഹിക കർമ്മമെ;
ഓടു് സംയോജികാ സാക്ഷി;
സ്വാമിയുദ്ദേശികാ ക്ക്, വു്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 195

ആൽ പ്രയോജികയാം ഹേതു;
ഉടെ സംബന്ധികാ സ്വതാ;
ആധാരികാധികരണം
ഇൽ, കൽ പ്രത്യയമായവ.

നിർദ്ദേശിക മുതലായ വിഭക്തികളെയും ഓരോന്നിന്റെയും അർത്ഥത്തെയും പ്രത്യയത്തെയും മുറയ്ക്ക് ഈ കാരികകളിൽ കാണിച്ചിരിക്കുന്നു:

(1) ഒന്നാമത്തെ വിഭക്തിക്ക് "നിർദ്ദേശിക" എന്നു പേർ; അതിനു പ്രത്യയം ഒന്നുമില്ല; തന്മ തന്നെ എന്നാൽ ശബ്ദസ്വരൂപം തന്നെ വരും. ആ വിഭക്തി കർത്താവിനെ കുറിക്കുന്നു. നിർദ്ദേശിക എന്നുള്ള പേരുകൊണ്ട് ഏതെങ്കിലും ഒരു നാമത്തെ നിർദ്ദേശിക്കുക മാത്രം ചെയ്യുന്നിടത്തും ഈ വിഭക്തിതന്നെ വരുമെന്നാകുന്നു സിദ്ധാന്തം. ഉദാ:

കർത്താവിന് — രാമൻ കാട്ടിൽ താമസിച്ചു, രാമൻ രാവണനെ കൊന്നു.
നാമനിർദ്ദേശത്തിന് — ദശരഥൻ എന്ന രാജാവ്, സിംഹം ഒരു മൃഗമാകുന്നു.[1]

(2) പ്രതിഗ്രാഹിക എന്ന വിഭക്തി കർമ്മത്തെക്കുറിക്കുന്നു; അതിനു പ്രത്യയം എ എന്നുമാണ്. ഉദാ:

രാമൻ കൃഷ്ണനെ അടിച്ചു, കൃഷ്ണൻ രാമനെപ്പിടിച്ചു.

(3) സംയോജികാവിഭക്തിക്കു സാക്ഷി എന്ന കാരകം അർത്ഥം. ഓട്ട് എന്നു പ്രത്യയം.[2] ഉദാ:

ശിവൻ ശക്തിയോട്ട് ചേരുന്നു.

(4) ഉദ്ദേശികയ്ക്ക് സ്വാമി എന്ന കാരകം അർത്ഥം; എന്നോ കകാരം[3] ലോപിച്ചിട്ട് വെറും ഉ് മാത്രമോ പ്രത്യയം.[4] ഉദാ:

അവൾക്ക് പുത്രനുണ്ടായി, അവന് പുത്രനുണ്ടായി.

(5) പ്രയോജികയ്ക്കു ഹേതു എന്ന കാരകം അർത്ഥം; ആൽ എന്നു പ്രത്യയം. ഉദാ:

ഭാഗ്യത്താൽ ആഗ്രഹം സാധിച്ചു.

(6) സംബന്ധികയ്ക്ക് സ്വതാ = സ്വത്വം, (ഉടമ) അർത്ഥം. ഉടെ എന്ന് പ്രത്യയം.[5] ഉദാ:

ജാനകിയുടെ പുസ്തകം.

---

[1] ആദ്യോദാഹരണത്തിൽ, "എന്ന" എന്നുള്ള പേരെച്ചത്തിന്റെ കർത്താവാണ് "ദശരഥൻ" എന്നു പറഞ്ഞുനില്ക്കാമെങ്കിലും, രണ്ടാമത്തെ ഉദാഹരണത്തിൽ "മൃഗം" കർത്താവാണെന്നുപറയാൻ തരമില്ലല്ലോ. അതുകൊണ്ടാണ് നാമനിദ്ദേശത്തെയും നിദ്ദേശികാവിഭക്തി കുറിക്കുമെന്ന് പറഞ്ഞതു്.

[2] "ഒട്ട്" എന്നും പ്രത്യയമുണ്ടല്ലോ; പ്രത്യേകിച്ചു പദ്യത്തിൽ.

[4] "ഏ" കൂടി ചേർത്ത് "ഏക്ക്" എന്ന ഒരു പ്രത്യയവും ഗ്രർട്ട് സ്വീകരിക്കുന്നു. കേരള പാണിനീയമനുസരിച്ച്, അതിനെ ഭക്ത്യാഭാസത്തിന്റെ "ദ്വിത്വം" എന്ന വിഭാഗത്തിൽ പെടുത്താമായിരിക്കാം.

[5] "ഉടെ"- ക്കു "ക്ക്" എന്ന രൂപപരിണതി ചിലേടത്തു വരുമെന്ന് പീഠിക 12-ആം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 254

(7) ആധാരികയ്ക്ക് അധികരണം എന്ന കാരകം അർത്ഥം; ഇൽ, കൽ എന്ന രണ്ടു പ്രത്യയങ്ങൾ.[6] ഇവയ്ക്ക് ഉപയോഗത്തിൽ അല്പം ഭേദമുണ്ട് എന്നേ ഉള്ളൂ. ഉദാ:

മെത്തയിൽ കിടക്കുന്നു., പടിക്കൽ നില്ക്കുന്നു.

പ്രത്യയങ്ങളുടെ എണ്ണം ആകെക്കൂടെ ഏഴാകയാൽ പ്രഥമാദ്വിതീയാദി സംസ്കൃത സംജ്ഞകളേയും ഒരുവിധം ഉപയോഗിക്കാം. എന്നാൽ ഓരോ വിഭക്തിക്കും സംസ്കൃതത്തിലുള്ള അർത്ഥങ്ങളുടെ ഏതാനും അംശം മാത്രമേ ഭാഷയിൽ ഉള്ളൂ എന്ന് എപ്പോഴും ഓർമ്മിക്കേണ്ടിവരും.

ഇനി വിഭക്ത്യംഗങ്ങളുടെ സ്വരൂപം കാണിക്കാം: 276

56. വ്യഞ്ജനാന്തത്തിലിൻ ചേർത്തു
വിഭക്ത്യംഗം ചമയ്ക്കണം.

വ്യഞ്ജനാന്തങ്ങളായ ശബ്ദങ്ങളിൽ ആ ശബ്ദത്തോട് ഇൻ എന്നു ചേർത്താൽ വിഭക്തിപ്രത്യയം ചേരുന്നതിനുള്ള അംഗമായിത്തീരും. ഉദാ:

ശബ്ദരൂപം		അംഗം	വിഭക്തിപ്രത്യയം	നിഷ്പന്നരൂപം
രാജാവ്	+ ഇൻ =	രാജാവിൻ	+ എ	= രാജാവിനെ
രാജാവ്	+ ഇൻ =	രാജാവിൻ	+ ആൽ	= രാജാവിനാൽ
മനസ്സ്	+ ഇൻ =	മനസ്സിൻ	+ ഓട്	= മനസ്സിനോട്
കൺ	+ ഇൻ =	കണ്ണിൻ	+ ഉ്	= കണ്ണിന്
ആ	+ ഇൻ =	ആണിൻ	+ ടെ	= ആണിന്റെ

ഈ "ഇൻ" എന്ന അംഗപ്രത്യയം സംബന്ധിക, ഉദ്ദേശിക എന്ന രണ്ടു വിഭക്തികളിലും നിത്യമായിട്ടും മറ്റുള്ളവയിൽ വികല്പമായിട്ടുമാണ് വരുന്നത്. ഉദാ:

പ്രതിഗ്രാഹിക —	രാജാവിനെ,	രാജാവെ
പ്രയോജിക —	രാജാവിനാൽ,	രാജാവാൽ
സംയോജിക —	രാജാവിനോട്ട്,	രാജാവോട്ട്
ഉദ്ദേശിക —	രാജാവിന്	
സംബന്ധിക —	രാജാവിന്റെ	

ഇൻ എന്ന ഇടനില ചേർക്കുന്നതു പ്രകൃതിപ്രത്യയങ്ങളെ യോജിപ്പിക്കാൻ വേണ്ടിയാക

[6] നാടോടിബ് ഭാഷയിലെ "ഏൽ" എന്ന ഒരു പ്രത്യയംകൂടി സ്വീകരിക്കരുതോ? "മരത്തേൽ" മുതലായവ നോക്കുക. "ഇൽ" എന്നതിനും "ഏൽ" എന്നതിനും അർത്ഥവ്യത്യാസമുണ്ടല്ലോ. ഈച്ച കലത്തേൽ ഇരിക്കുന്നു, അരി കലത്തിലുണ്ട്. — എന്നിങ്ങനെ ഉദാഹരണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 304

യാൽ ഇൽ എന്ന ആധാരികയിൽ ഇതു[7] ചേർക്കേണ്ടിവരികയില്ല.[8] രാജാവിൽ, മനസ്സിൽ, കണ്ണിൽ, ആണിൽ എന്നുതന്നെയാണ് നിഷ്പന്നരൂപങ്ങൾ. എന്നാൽ കൽ പ്രത്യയത്തിന്
304 ഇന്നാഗമമോ ദ്വിത്വമോ ആവശ്യമാണെന്നു വിധിക്കുന്നു.

57. അൻതാനിൽ താൻ ചേർന്നിടാതെ
നില്ക്കാ കൽ ചേതനങ്ങളിൽ
കകാരത്തിനിരട്ടിപ്പ
വേണം മറ്റുള്ളിടങ്ങളിൽ.

വ്യഞ്ജനാന്തങ്ങളായ ചേതനനാമങ്ങളിൽ അൻപ്രത്യയമുണ്ടെങ്കിൽ അതുതന്നെ അംഗപ്ര
ത്യയസ്ഥാനം വഹിച്ചുകൊള്ളും; അല്ലാത്തിടത്തെല്ലാം ഇൻ ചേർക്കണം. അചേതനത്തെ
കുറിക്കുന്നതാണ് നാമമെങ്കിൽ കൽ എന്നതിന്റെ ककാരമിരട്ടിച്ച് ക്കൽ എന്നാക്കണം. ചേ
തനങ്ങളിൽ ങ്കൽ എന്നും, അചേതനങ്ങളിൽ ക്കൽ എന്നുമല്ലാതെ വെറും കൽ എന്നു പ്രത്യ
യം കാണുകയില്ലെന്നു തൽപ്പര്യം.

ഉദാ: രാമൻ — രാമങ്കൽ, ഗുരു — ഗുരുവിങ്കൽ, കര — കരയ്ക്കൽ
ലക്ഷ്മി — ലക്ഷ്മിയിങ്കൽ ഭാര്യ — ഭാര്യയിങ്കൽ, പടി — പടിക്കൽ

319 "ഇൻ" ചേതനങ്ങളിലാണ് അധികം ഉപയോഗിക്കുന്നത്.[9]

58. ടാവും റാവുമിരട്ടിപ്പ
നാമാന്തത്തിൽ യഥോചിതം.

ഇൻ ചേർത്താലും ഇല്ലെങ്കിലും നാമത്തിലേ ടകാരറകാരങ്ങളെ ഉചിതം നോക്കി ഇരട്ടിക്ക
ണം.[10] ഉദാ:

ആറ്	— ആറ്റിൽ,	ആറ്റിന്റെ,	ആറിന്റെ
ചോറ്	— ചോറ്റിൽ,	ചോറിൽ,	ചോറിന്റെ
തോട്	— തോട്ടിൽ,	തോട്ടിന്റെ,	തോടിന്റെ
നാട്	— നാടോട്ട്,	നാട്ടോട്ട്,	നാടിന്റെ, നാട്ടിന്റെ

332

7 "ഇതു" എന്നതിന്റെ സ്ഥാനത്ത് "ഇൻ പ്രത്യയം" എന്നാണ് പഴയ പതിപ്പുകളിൽ കാണുന്നത്. അർത്ഥവ്യക്തിക്ക് "ഇൻ പ്രത്യയം" തന്നെ കൊള്ളാം.

8 "ഇൻ" "ഇൽ" ഇവ രണ്ടും ഏകാർത്ഥങ്ങളയിരുന്നുവെന്നും ആദികാലത്ത് "ഇൻ" പ്രയോഗിച്ചിരുന്നത് അധികരണാർത്ഥം കുറിക്കാൻവേണ്ടിയായിരുന്നെന്നും കാൽഡ്വൽ ഊഹിക്കുന്നു. ആ അഭ്യൂഹം തെറ്റല്ലെങ്കിൽ, "ഇൽ" എന്ന ആധാരികയിൽ "ഇൻ" ചേർക്കുന്നതിൽ വിരോധമില്ല.

9 ഗംഗയിങ്കൽ, തടവിങ്കൽ മുതലായ രൂപങ്ങളും ഉണ്ടല്ലോ.

10 മകാരാന്തപടങ്ങളിലെ അന്ത്യമകാരത്തെ "ത്ത്" ആക്കുകയും വേണം. ഉദാ: മരം—മരത്തെ, മരത്താൽ, മരത്തിൽ ഇത്യാദി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 333

59. ഞന്താംഗത്തിൽ ക ലോപത്താ-
ലു താനുദ്ദേശികക്കുറി;
സംബന്ധികയുമവ്വണ്ണ-
മുടെ, ടെ എന്നു രണ്ടുമാം.

അൻ എന്ന ലിംഗപ്രത്യയമോ ഇൻ എന്ന അംഗപ്രത്യയമോ ചേർന്നു പലേ നാമങ്ങളും ൻ എന്ന് അവസാനിക്കുമല്ലോ; അതാണ് ഞാന്താംഗം എന്നു പറഞ്ഞതു്. അതിന് ഉദ്ദേശികയുടെ "ക്ക്" എന്ന ക്കകാരം ലോപിച്ചിട്ട് "ഉ്" എന്ന മാത്രമാണ് പ്രത്യയം. അതിന്മണ്ണംതന്നെ ഞന്താംഗങ്ങളിൽ സംബന്ധികയുടെ പ്രത്യയമായ "ഉടെ" ഉകാരലോപത്താൽ "ടെ" എന്നു മാത്രമായിട്ടും ആവാം. രണ്ടാമതു പറഞ്ഞ ലോപം വെകല്പികമാകുന്നു. ക ലോപമാകട്ടേ നിത്യമാണ്. ഉദാ; 342

രാമൻ + ക്ക് = രാമൻ + ഉ് = രാമന്, രാമന്നു്.
മരത്തിൻ + ക്ക് = മരത്തിൽ + ഉ് = മരത്തിന്, മരത്തിന്നു്
രാമൻ + ഉടെ = രാമനുടെ, രാമൻടെ, രാമൻ്ക (ൻെറ)
മരത്തിൻ + ഉടെ = മരത്തിനുടെ, മരത്തിൻടെ, മരത്തിൻ്ക (ൻെറ)[11] 351

60. മേൽക്കുമേൽ ലിംഗവചന-
വിഭക്തികൾ മുറയ്ക്കിഹ.

നാമങ്ങളിൽ ആദ്യം ലിംഗപ്രത്യയമുണ്ടെങ്കിൽ അതു്, പിന്നീടു് വചനപ്രത്യയമുണ്ടെങ്കിൽ അതു്, ഒടുവിൽ വിഭക്തിപ്രത്യയം എന്നീ മുറയ്ക്കാണ് രൂപം ചമയ്ക്കേണ്ടതു്. സംസ്കൃതാദ്യാര്യഭാഷകളിലെപ്പോലെ ഓരോ വചനത്തിനും വേറെ വേറെ വിഭക്തിപ്രത്യയമില്ല. സിഥിയൻ ശാഖയിലുൾപ്പെട്ട[12] ഭാഷകളിലെല്ലാം ഇതുതന്നെയാണ് സമ്പ്രദായം. 359

61. സംബോധനയിൽ ഏ ചേരു-
മന്ത്യം ദീർഘിക്കിലും മതി.

മുൻചൊന്ന ഏഴു വിഭക്തികൾക്കു പുറമേ സംബോധന എന്നൊരു വിഭക്തികൂടിയുണ്ട്; അതിനെ നിർദ്ദേശികയുടെ വകഭേദമായിട്ടാണ് സംസ്കൃതത്തിൽ ഗണിച്ചിരിക്കുന്നതു്. സംബോധനം എന്നാൽ ശ്രോതാവിനെ അഭിമുഖീകരിക്കുക; ആ അർത്ഥം കുറിക്കുന്ന വിഭക്തി സംബോധന; അല്ലെങ്കിൽ മറ്റു വിഭക്തികൾക്കു പേരിട്ടു മുറയനുസരിച്ചു സംബോധിക എന്നാക്കാം. അതിന് നാമാന്തത്തിൽ ഏ എന്നു നിപാതം ചേർക്കണം; നാമം സ്വരത്തിലവസാനിച്ചാൽ ആ അന്ത്യസ്വരത്തെ നീട്ടിയാലും മതി.[13] ഉദാ:

[11] രാമനുടെ, മരത്തിനുടെ മുതലായ രൂപങ്ങൾ പദ്യത്തിലേ ഇന്നു പ്രയോഗിക്കാറുണ്ടല്ലോ. "ൻടെ" എന്നതു് "ൻറെ" ആയിത്തീരുന്ന പ്രക്രിയ പീഠികയിൽ വിവരിച്ചിട്ടുണ്ട്.

[12] "സിഥിയൻ" എന്നൊരു ഭാഷാശാഖയെ ഇന്നത്തെ ഭാഷാശാസ്ത്രജ്ഞർ അംഗീകരിക്കുന്നില്ല.

[13] "അൻ" എന്ന പുല്ലിംഗപ്രത്യയമുള്ള ചില നാമങ്ങളിൽ ഒകാരം ലോപിപ്പിച്ച് അകാരം നീട്ടിയാലും മതി. ഉദാ: രാമാ!, കൃഷ്ണാ!

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 369

തേവിയേ! ശങ്കവേ! രാമനേ! തേവീ! ശങ്ക! രാമാ!
"സമ്പത്തേ, കമ്പിടുന്നേൻ കഴലിണ
വലയാധീശ്വരീ! വിശ്വനാഥേ!" (ഭാ-നെ.)

1 നാമരൂപാവലി

പുല്ലിംഗം

	ഏകവചനം	സലിംഗബഹുവചനം	അലിംഗബഹുവചനം
നി.	മകൻ	മകന്മാർ	മക്കൾ
പ്ര.	മകനെ	മകന്മാരെ	മക്കളെ
സം.	മകനോട്ട്	മകന്മാരോട്ട്	മക്കളോട്ട്
ഉ.	മകന്ന്, മകന്നു്	മകന്മാർക്ക്	മക്കൾക്ക്
പ്ര.	മകനാൽ	മകന്മാരാൽ	മക്കളാൽ
സം.	മകനുടെ, മകന്റെ	മകന്മാരുടെ	മക്കളുടെ
ആ.[14]	മകനിൽ, മകൻകൽ	മകന്മാരിൽ	മക്കളിൽ
സംബോ.	മകനേ!	മകന്മാരേ!	മക്കളേ!

സ്ത്രീലിംഗം

ഏകവചനം	ബഹുവചനം
മകൾ	മകളർ
മകളെ	മകളരെ
മകളോട്ട്	മകളരോട്ട്
മകൾക്ക്	മകളർക്ക്
മകളാൽ	മകളരാൽ
മകളുടെ	മകളരുടെ
മകളിൽ	മകളരിൽ
മകളേ!	മകളരേ!

[14] "കൽ" പ്രത്യയം ബഹുവചനത്തിൽ പ്രായേണ ഉപയോഗിക്കപതിവില്ല. ഇതിനെ അടുത്തു പറയാൻപോകുന്ന വിഭക്ത്യാഭാസത്തിൽ ഉൾപ്പെടുത്തുന്നതിനാണ് അധികം ന്യായം. ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിലും ശബ്ദശോധിനി മുതലായ ചെറുതരം വ്യാകരണങ്ങളിലും ചെയ്ത ഏർപ്പാടു മാറ്റാൻ മടിച്ചിട്ടാണ് ഭേദഗതി ചെയ്യാത്തത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 446

നപുംസകലിംഗം

ഏകവചനം	ബഹുവചനം
മരം	മരങ്ങൾ
മരത്തെ മരത്തിനെ	മരങ്ങളെ
മരത്തോട്ട് മരത്തിനോട്ട്	മരങ്ങളോട്ട്
മരത്തിന്	മരങ്ങൾക്ക്
മരത്താൽ, മരത്തിനാൽ	മരങ്ങളാൽ
മരത്തിന്റെ, മരത്തിനുടെ	മരങ്ങളുടെ
മരത്തിൽ, മരത്തിങ്കൽ	മരങ്ങളിൽ
മരമേ!	മരങ്ങളേ!

448

62. കർമ്മാർത്ഥം ക്ലീബനാമത്തിൽ
സ്വയമേ സിദ്ധമാകയാൽ
കരുതിത്താൻ പ്രയോഗിപ്പൂ
പ്രതിഗ്രാഹികയായതിൽ.

അചേതനങ്ങളായ ജഡവസ്തുക്കളെക്കുറിക്കുന്ന നപുംസകനാമങ്ങളിൽ പ്രതിഗ്രാഹികാവിഭക്തി പ്രയോഗിക്കാതെതന്നെ അതിന്റെ അർത്ഥമായ കർമ്മസംബന്ധത്തിനു പ്രതീതി വന്നുകൊള്ളും;[15] അതിനാൽ മിക്ക ദിക്കിലും പ്രതിഗ്രാഹികയെ നിർദ്ദേശികപോലെ ഒരു പ്രത്യയവും കൂടാതെ ഉപയോഗിച്ചാൽ മതിയാവും. ഉദാ: വെള്ളം കുടിക്കുന്നു; പുസ്തകം വായിക്കുന്നു; ചോറുണ്ണുന്നു; കാര്യം പറയുവന്നു. "കരുതി" എന്നതിന്റെ താൽപ്പര്യം സചേതനം കർത്താവും, അചേതനം കർമ്മവുമായി വരുന്നിടത്ത് കർത്തൃത്വം പ്രകൃത്യാ സചേതനധർമ്മവും, കർമ്മത്വം അചേതനധർമ്മവും ആകയാൽ വിഭക്തിക്കുറി കൂടാതെയും കർത്തൃകർമ്മങ്ങൾക്കു പ്രതീതി വരുന്നതിനാൽ ആമാതിരി സ്ഥലങ്ങളിൽ കർമ്മത്തിനു പ്രതിഗ്രാഹിക വേണമെന്നില്ല എന്നാകുന്നു; നല്ല മലയാളികൾ ഒരിക്കലും വിഭക്തി ചേർക്കാറുമില്ല.[16] രണ്ടും അചേതനമെങ്കിൽ ചേർക്കതന്നെ കൊള്ളാം. എങ്ങനെ, 462

കോടാലി മരത്തെ മുറിക്കുന്നു; രാമസ്വാമി മരം മുറിക്കുന്നു.

---

[15] ചില ചേതനനാമങ്ങളിലും പ്രതിഗ്രാഹികാവിഭക്തി പ്രയോഗിക്കാതിരിക്കും. ഉദാ: ആളയച്ചു.

[16] "നാം ലിപികളെ കല്പിച്ചിരിക്കുന്നു", "നാം അക്ഷരങ്ങളെ എഴുതുന്നതുകൊണ്ട്" മുതലായ പ്രയോഗങ്ങൾ ഈ ഗ്രന്ഥത്തിൽത്തന്നെ ധാരാളമുണ്ട്. "അതിനെ രൂപം എന്നു പറയും", "അതിനെ ഭാവം എന്നു വിളിക്കുന്നു" എന്നിങ്ങനെയുള്ളിടങ്ങളിൽ കർമ്മത്തിനു പ്രതിഗ്രാഹിക അത്യാവശ്യമാണുതാനും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 467

"മിണ്ടാപ്പൂച്ച കുടമുടയ്ക്കും" ഇത്യാദികളിൽ കുടത്തെ അപേക്ഷിച്ച പൂച്ച സചേതനമാകയാൽ കർത്തൃകർമ്മവിവേകത്തിനു മാർഗ്ഗമുള്ളതുകൊണ്ട് പ്രതിഗ്രാഹിക അർത്ഥസിദ്ധമായാൽ മതി.

ഈ പ്രമേയത്തിൽനിന്നു മലയാളവ്യാകരണത്തിൽ അനേകം സ്ഥലങ്ങളിൽ ആശ്രയിക്കേണ്ടതായ ഒരു ഭാഷാശാസ്ത്രതത്ത്വം (അല്ലെങ്കിൽ ശബ്ദാനുശാസനരഹസ്യം) വെളിപ്പെടുന്നു. എന്തെന്നാൽ ഗുണവൃദ്ധി സംപ്രസാരണാദി വർണ്ണവികാരം, ആഗമപ്രത്യയാദിസംസർഗ്ഗം മുതലായ സകല വ്യാകരണോപായങ്ങളും ശബ്ദത്തിന്റെ സർവ്വതോമുഖമായി പ്രവർത്തിക്കുന്ന അർത്ഥത്തെ സങ്കോചിപ്പിച്ച് ഒന്നിൽത്തന്നെ വ്യവസ്ഥാപിപ്പാനായി ചെയ്യുന്നവയാകുന്നു. ഈ ഉപായങ്ങളുടെ അപേക്ഷ കൂടാതെ തന്നെ വിവക്ഷിതമായ അർത്ഥത്തിനു തനിയേ നിർബ്ബാധമായ പ്രതീതി വരുന്നിടത്ത് ഏച്ചുകെട്ടാൻ പുറപ്പെടുന്നതു ഗൗരവദോഷദുഷ്ടവും വാളുകൊണ്ടു മന്ത്രം ജപിച്ച വെട്ടിമുറിക്കുംപോലെ പരിഹാസകാരണവും ആകുന്നു. ഈ സിദ്ധാന്തത്തെ അവലംബിച്ചാകുന്നു നിർദ്ദേശികാവിഭക്തി, ഏകവചനം, നിയോജകമദ്ധ്യകവചനം ഇത്യാദികൾക്കു പ്രത്യയങ്ങളെ കൽപിക്കാഞ്ഞതു്. വിശേഷങ്ങൾക്കല്ലാതെ സാമാന്യങ്ങൾക്കു ചിഹ്നാപേക്ഷയില്ലല്ലോ. എല്ലാപേരുടെയും മുണ്ടിന് അടയാളമുണ്ടെങ്കിൽ എന്റെ മുണ്ടിന് അടയാളമില്ലായ്കതന്നെ ഒരു അടയാളമായിക്കൊള്ളും എന്നായിരിക്കണം ദ്രാവിഡരുടെ യുക്തി. "പറ്റി", "കുറച്ച്" ഇത്യാദികൾക്കു മുമ്പു പ്രതിഗ്രാഹിക പ്രയോഗിക്കതന്നെ വേണം എന്നും മറ്റും ചില നിയമങ്ങളുള്ളതു് സാഹിത്യശാസ്ത്രത്തിന്റെ വിഷയമാകയാൽ അതിൽ പ്രവേശിക്കുന്നില്ല; സാഹിത്യശാസ്ത്രത്തിന്റെ വിഷയമാകയാൽ അതിൽ പ്രവേശിക്കുന്നില്ല; സാഹിത്യസാഹ്യത്തിൽ വിസ്തരിച്ചിട്ടുമുണ്ടു്.

ഇനി വിഭക്തിപ്രത്യയങ്ങളിൽ ഓരോന്നിന്റെയും ആഗമമെന്തായിരിക്കും എന്നു നോക്കാം:

പ്രതിഗ്രാഹിക: എ — ഇതിന്റെ ഉത്ഭവം അസ്പഷ്ടമാകുന്നു. ഇതു തമിഴിൽ ഐ, മലയാളത്തിൽ എ, പ്രാചീനകർണ്ണാടകത്തിൽ അം, ആധുനികർണ്ണാടകത്തിൽ അന്നു, അന്ന, നു, തെലുങ്കിൽ നു, നി എന്നുമാകുന്നു. പ്രാചീനകർണ്ണാടകത്തിലെ അം അനുനാസികലോപത്താൽ അ എന്നായതു് മലയാളത്തിൽ എ എന്നും, തമിഴിൽ ഐ എന്നും ആയതായിരിക്കണം എന്നു കാൽഡ്വൽ ഊഹിക്കുന്നു. അം ചുട്ടെഴുത്തിന്റെ ക്ലീബരൂപവും അംഗപ്രത്യയവും ആകയാൽ അതിനു പ്രതിഗ്രാഹികയാകാൻ സ്വരൂപയോഗ്യതയുണ്ടെന്നാണ് സായിപ്പിന്റെ യുക്തി. കർമ്മത്വം അചേതനധർമ്മവും കർത്തൃത്വം സചേതനധർമ്മവും ആണല്ലോ.

സംയോജിക: ഒടു — പഴയ ഭാഷയിൽ ഉടൻ[17] എന്നും- ഇതു് ഒടുക എന്ന കൃതിരൂപംതന്നെ. ഉടൻ ഒടൻ എന്നു വേണ്ടതായിരിക്കാം. അൻ ഒരു അംഗപ്രത്യയം വൃഥാ ചേർത്തതായിരിക്കണം. തെലുങ്കിൽ "തൊടു" എന്ന കൃതിയാണ് ഉപയോഗിക്കുന്നതു്. അതു തൊ

[17] ഉദാ: അരചനുടൻ = അരചനൊടു് (രാമചരിതം).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 515

എന്ന സങ്കോചിച്ചിട്ടുമുണ്ട്.[18]

ഉദ്ദേശിക: കു — ഇത് എല്ലാ ദ്രാവിഡഭാഷകളിലും ഒട്ടു തുല്യമാകുന്നു; സ്വരം മാത്രം ചിലേടത്ത് എ എന്നും ഇ എന്നും ഭേദിച്ച് കെ, കി എന്ന മാറുന്നുണ്ടെന്നേ ഉള്ളൂ. ഇതിന്റെ ആഗമം ശരിയായിട്ടു കണ്ടുപിടിച്ചിട്ടില്ല. കാൽഡ്വല്ലിന്റെ സന്ദേഹം "കേൾക്കും" ഇത്യാദി കൃതിരൂപങ്ങളിൽ കാണുന്ന കു തന്നെ ആയിരിക്കാം എന്നാണ്.[19] മലയാളത്തിൽ ണകാരാന്തങ്ങളായ അംഗങ്ങളിൽ കകാരം ലോപിച്ചുപോകുന്നു. ൻകു = ന്നു എന്നായി എന്നും വരാം; പിന്നീട് ദ്വിത്വവും കളഞ്ഞ് ൻ ഉ എന്നു മാത്രമായും തീർന്നതായിരിക്കാം. ഗുണ്ടർട്ട് ഇവിടെയും "ഇനതു" എന്ന തമിഴസംബന്ധികാരൂപത്തിൽനിന്നാണ് "ഇന്നു" ഉത്ഭവിച്ചതെന്നു ശഠിക്കുന്നു. കാൽഡ്വൽ ൻെറ മാത്രമേ തമിഴ് "അതു" എന്നതിൽനിന്നു വന്നതായി വിചാരിക്കുന്നുള്ളൂ. ഗുണ്ടർട്ട് രണ്ടിലും ഭ്രമിച്ചുപോയി. അദ്ദേഹത്തിനു നാമങ്ങളെ "കു-വക", "നു-വക" എന്നു രണ്ടിനമായി പിരിക്കേണ്ടിവന്നു. "നു" എന്നും "ന്റെ" എന്നും ആണല്ലോ രൂപം അവസാനിക്കുന്നത്; അതുകളിലെ കാരം അംഗത്തിൽ ചേർന്നതാണെന്നു ഗ്രഹിച്ചിരുന്നെങ്കിൽ സായിപ്പന്മാർക്ക് ഈ തെറ്റു വരികയില്ലായിരുന്നു. "റ" യുടെ ശരിയായ ധ്വനി "ഴ" എന്നാണെന്നുള്ളതും ഇതുവരെ ആരും സ്ഥാപിച്ചിട്ടില്ല. എനിക്കു, നിനക്കു, തനിക്കു എന്ന സർവ്വനാമങ്ങളിൽ അംഗം ചെറുതാകയാൽ അകാരമോ ഇകാരമോ ചേർക്കുന്നു. "ഇൻ" ചേർന്ന നാമങ്ങളിൽ അംഗം നീളുന്നതിനാൽ ക ലോപിക്കുന്നു. ककारം പലേടത്തും ലോപിക്കാറുള്ള വർണ്ണവുമാണല്ലോ. ലോപത്തിനു പ്രതിവിധിയായിട്ടാണ് പൂർവ്വ കാരത്തിനു ദ്വിത്വം ചെയ്യുന്നത്; പക്ഷേ, കാലക്രമത്തിൽ ദ്വിത്വവും അത്യാവശ്യമല്ലെന്നായി.

പ്രയോജിക: ആൽ- ഇതിന്റേയും ഉത്ഭവം ഇന്നതെന്നു തിട്ടപ്പെട്ടിട്ടില്ല. കാൽഡ്വൽ ഇതിനെ "വായ്ക്കാൽ" എന്നും മറ്റുമുള്ള പദങ്ങളിൽ കാണുന്ന മാർഗ്ഗാർത്ഥകമായ കാൽ എന്നതിൽനിന്ന് വ്യുൽപ്പാദിപ്പിക്കുന്നു. "അൽ" എന്ന ചുട്ടെഴുത്തിന്റെ രൂപം ദീർഘിച്ചതായിരിക്കാമെന്നും അദ്ദേഹം ശങ്കിക്കുന്നുണ്ട്. ഗുണ്ടർട്ടിന്റെ അഭിപ്രായത്തിൽ "ആവുക" എന്ന ക്രിയയുടെ "ആകൽ" എന്ന കൃതികൃദ്രൂപത്തിൽനിന്നാണ് ഇതിന്റെ ഉൽപ്പത്തി.

സംബന്ധിക: ഉടയ, ഉടെ, ടെ — "ഉടമ", "ഉടയ" ഇത്യാദി രൂപങ്ങളിൽ കാണുന്ന സ്വാമിവാചകമായ "ഉട" എന്ന കൃതിയുടെ പേരെച്ചരൂപംതന്നെ ആണിത്. "അവനുടയ പടജ്ജനം ച ഘോരം" ഇത്യാദികളിലെപ്പോലെ കവികൾ ഈ രൂപത്തെ സ്വതന്ത്രപദമായും പ്രയോഗിക്കാറുണ്ട്. യൂറോപ്പുദേശീയരായ മലയാളവൈയാകരണന്മാർ സംബന്ധികാപ്രത്യയം "അത്" എന്ന ചുട്ടെഴുത്തിൽനിന്നു വന്നതായി വിചാരിക്കുന്നു എന്നും, അതിനു ന്യായം കാണുന്നില്ലെന്നും മുൻപുതന്നെ സ്ഥാപിച്ചുകഴിഞ്ഞു.

---

[18] തോട്ട്, തോ ഇവയാണ് തെലുങ്കിലെ സംയോജികാപ്രത്യയത്തിന്റെ രൂപങ്ങൾ. മലയാളത്തിൽ "ഒട്" ദീർഘിപ്പിച്ച് "ഓട്ട്" എന്നായിരിക്കുന്നു; അതുപോലെ ഉദ്ദേശികയുടെ "കു" ഇരട്ടിച്ച് "ക്കു" എന്നും.

[19] ആകുക എന്ന അർത്ഥമുള്ള "അകു" എന്ന ധാതുവിൽനിന്നാണ് ഉദ്ദേശികാവിഭക്തിപ്രത്യയം ഉണ്ടായതെന്നു രാമകൃഷ്ണയ്യ (Studies in Dravidian Philology) അഭിപ്രായപ്പെടുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

തമിഴിൽ സംബന്ധികയ്ക്കു പല പ്രത്യയങ്ങളുള്ളതിൽ ഇതൊന്നുമാത്രമേ മലയാളം സ്വീകരിച്ചിട്ടുള്ളൂ. "ഇൻ", "അത്ത്" എന്ന അംഗപ്രത്യയങ്ങളെത്തന്നെ സംബന്ധികാപ്രത്യയങ്ങളായി കാൽഡ്വെൽ സ്വീകരിക്കുന്നുണ്ട്. എന്നാൽ അതിനാവശ്യം കാണുന്നില്ല. സംബന്ധികയിലും ആധാരികയിലും അംഗങ്ങൾക്കുതന്നെ അതാതു വിഭക്തിയുടെ അർത്ഥം കാണിക്കാൻ ശക്തിയുണ്ട് എന്നു കൽപിച്ചാൽ മതിയാവുന്നതാണ്. അംഗപ്രത്യയങ്ങളെല്ലാംതന്നെ സംബന്ധികാധാരികകളുടെ പ്രത്യയങ്ങളാണെന്നും തദ്വിഭക്ത്യന്തങ്ങളിൽ നിന്നാണ് (പ്രതിഗ്രാഹികാദിവിഭക്തികൾ) ഉത്ഭവിക്കുന്നത് എന്നും മറ്റുമാണ് യൂറോപ്യന്മാരുടെ പോക്ക്.

ആധാരിക: ഇൽ, കൽ — ഗൃഹം എന്നർത്ഥമായ "ഇല്ലം" എന്ന ശബ്ദംതന്നെയാണ് "ഇൽ" പ്രത്യയമായത് എന്നു സ്പഷ്ടമാകുന്നു. ഇതു തമിഴിലും ധാരാളമായി ഉപയോഗിക്കുന്നതാണ്. കൽ പ്രത്യയം നന്നൂലിൽ പറയുന്ന "കാൽ" എന്നതിന്റെ ഹ്രസ്വമാണെന്നു യൂറോപ്യവൈയാകരണന്മാർ വിചാരിക്കുന്നു.[20] തമിഴിൽത്തന്നെ "ക" എന്നൊരു പ്രത്യയമുള്ളതിന്റെ രൂപമായിരിപ്പാനാണ് അധികം സംഭാവ്യത എന്നു തോന്നുന്നു. ക എന്നതിനു "സ്ഥലം", "ഇടം" എന്നും അർത്ഥമുണ്ട്. ആ അർത്ഥം മലയാളത്തിലെ ഉപയോഗത്തിൽ നന്നായി യോജിക്കുന്നു.

സംബോധനയെ ഒരു പ്രത്യേക വിഭക്തിയായിട്ടു ഗണിക്കേണ്ടതില്ല. "ഏ" എന്ന നിപാതം പല നാമങ്ങളിലും സംബോധനാർത്ഥം കുറിക്കാൻ ചേർക്കാറുണ്ട്. സ്വരാന്തനാമങ്ങളിൽ
546 സ്വരം നീട്ടണം.

63. ഗതി ചേർന്ന വിഭക്ത്യന്ത-
പദം മിശ്രവിഭക്തിയാം;
അതിലോ കർത്തൃകർമ്മാദി-
ക്കൊത്തപോലെ വിഭക്തികൾ.

നാമങ്ങൾക്കു തങ്ങളിലും, ക്രിയയോടും ഉള്ള സംബന്ധം കാട്ടുകയാണ് വിഭക്തിയുടെ പ്രവൃത്തി. ആ വക സംബന്ധങ്ങളാണ് കർത്താ, കർമ്മം മുതലായ കാരകങ്ങൾ. എന്നാൽ സംബന്ധം പലവകയുള്ളതെല്ലാം കുറിക്കുന്നതിന് വിഭക്തിപ്രത്യയങ്ങൾകൊണ്ടുമാത്രം സാധിക്കുന്നില്ല. അതിനാൽ വിഭക്തികളെ സഹായിപ്പാൻ അല്ലെങ്കിൽ വിളക്കാൻ ഗതികളെ ഉപയോഗിക്കുന്നു. ഗതിയും വിഭക്തിയും ചേർന്ന വാചകവും അതുകൊണ്ടു വിഭക്തിക്കു തുല്യംതന്നെ. അതിനാൽ ഗതി ചേർന്ന വിഭക്ത്യന്തത്തിനു "മിശ്രവിഭക്തി" എന്നുപേർ കൊടുക്കാം. തമിഴരും പഴയ മലയാളവൈയാകരണന്മാരും സംസ്കൃതത്തെ അനുകരിക്കാൻ വേണ്ടി ഗതികളെ പ്രത്യേകം ഇനമാക്കി എടുക്കാതെ വിഭക്തിപ്രത്യയങ്ങളിൽത്തന്നെ

[20] മലയാളശിലാശാസനങ്ങളിൽ പത്താം നൂറ്റാണ്ടിൽ "കാൽ" എന്ന ദീർഘസ്വരാന്വിതമായ രൂപം മാത്രം കാണുന്നു. പതിനൊന്നാം നൂറ്റാണ്ടിനുശേഷമാണ് "കൽ" എന്ന രൂപം കണ്ടുതുടങ്ങുന്നത്. അതിനാൽ "കാൽ" ആണ് "കൽ" ആയതെന്ന് ഊഹിക്കാം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-14.tex/Line: 561

ഉൾപ്പെടുത്തി. ദ്രാവിഡങ്ങളിൽ പ്രത്യയം തനിയേയും ഗതിചേർന്നും രണ്ടുവിധമായിട്ടാണ് വിഭക്തികൾ ഉളവാകുന്നതു്. രണ്ടും വേർതിരിക്കാനായിട്ട് പ്രത്യയത്തെ മാത്രം വിഭക്തി എന്നും, ഗതി ചേർന്ന വിഭക്തിയെ മിശ്രവിഭക്തി എന്നും ഇവിടെ കൽപിച്ചിരിക്കുന്നു:

ഗതിയോഗത്തിൽ വിഭക്തികളെ നിർണ്ണയിക്കാനുള്ള വിധി എന്തെന്നാൽ-ഗതികളുടെ വ്യുൽപ്പത്തിപ്രകാരം ഏതിനേതു വിഭക്തിക്ക് ആകാംക്ഷ വരുന്നുവോ അതിന് ആ വിഭക്തി ചേർത്തുകൊള്ളണം. കർമ്മമുള്ളതെങ്കിൽ പ്രതിഗ്രാഹിക; ആധാരമുള്ളതെങ്കിൽ ആധാരിക ഇങ്ങനെ ക്രമം. ഏതാനും ഉദാഹരണങ്ങളെ കാണിക്കുന്നു;

1. ഉപ്പുതൊട്ടു കർപ്പൂരം വരെ.
2. പുത്രനോടുകൂടെ വരുന്നു.
3. മോക്ഷത്തിനു വേണ്ടി തപസ്സു ചെയ്യുന്നു.
4. വൃക്ഷത്തിൽ നിന്നു വീഴുന്നു.

1. "വരെ" എന്നതു് തൻവിനയെച്ചമാകയാൽ അതിനു കർത്താവിന്റെ ആകാംക്ഷയുണ്ടു്. അതുകൊണ്ടു് "കർപ്പൂരംവരെ" എന്നു നിർദ്ദേശിക. "തൊട്ട്" എന്ന സകർമ്മകക്രിയയുടെ മുൻവിനയെച്ചത്തിനു കർമ്മാപേക്ഷ വരുന്നതിനാൽ "ഉപ്പിനെ തൊട്ടെ" ന്നു പ്രതിഗ്രാഹിക (ലൂപ്തം).
2. "കൂടുക" സാക്ഷിയാവശ്യപ്പെടുകയാൽ സംയോജിക.
3. "വേണ്ടി" ക്കു താദർത്ഥ്യമർത്ഥമാകയാൽ തദ്യോഗത്തിലുദ്ദേശിക.
4. നിൽപ്പിൽ ആധാരം പ്രധാനമാകയാൽ "വൃക്ഷത്തിൽനിന്ന്" എന്നു് ആധാരിക. 584

64. മൂലം നിമിത്തമിത്യാദി നാമത്തോടു സമാസവും.

പ്രത്യയത്തിനും ഗതിക്കും പുറമെ "മൂലം", "നിമിത്തം" ഇത്യാദി പദങ്ങളോടു നാമങ്ങളെ സമാസിപ്പിച്ചും വിഭക്ത്യർത്ഥം ഉണ്ടാക്കാം. ഇങ്ങനെയുണ്ടാകുന്ന രൂപങ്ങൾക്ക് "സമാസവിഭക്തികൾ" എന്നു പേരു ചെയ്യാം. ഉദാ: അതുമൂലം, അതുനിമിത്തം, അതിൻപേരിൽ ഇത്യാദി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-15.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

4

വിഭക്ത്യാഭാസപ്രകരണം

65. ഖിലം ലുപ്തമിരട്ടിപ്പും
വിഭക്ത്യാഭാസസംജ്ഞമാം.

വിഭക്തികളിൽ വേറെയും ചില വൈക്ഷണ്യങ്ങളുണ്ട്. അതാവിതു്: (1) ഖിലം: ചില വിഭക്തികൾ എല്ലാ നാമങ്ങളിലും കാണുകയില്ല; (2) ലുപ്തം: മറ്റു ചില വിഭക്തി രൂപങ്ങളിൽ പ്രത്യയം ലോപിച്ചിട്ട് അംഗം മാത്രമായി ശേഷിച്ചു കാണും; (3) ഇരട്ടിപ്പ്: വേറെ ചിലേടത്ത് ഒരു വിഭക്തിക്കുമേൽ മറ്റൊരു വിഭക്തികൂടി വന്നുകാണും. ഈ വിലക്ഷണ വിഭക്തികൾക്ക് "വിഭക്ത്യാഭാസം" എന്നു പേർ. ആധാരികയ്ക്കു മുറയ്ക്കുള്ള "ഇൽ" പ്രത്യയത്തിനു പുറമേ "കൽ" എന്നൊരു പ്രത്യയം കൂടി പറഞ്ഞതു് ബഹുവചനങ്ങളിൽ ഉപയോഗിക്കാറില്ല. ഏകവചനത്തിലും എല്ലാ നാമങ്ങളിലും സാർവ്വത്രികമായി കാണുന്നില്ല. അതിനാൽ കൽ ഖിലമാകുന്നു; അതിനെ ഇക്കൂട്ടത്തിൽത്തന്നെ ചേർക്കാം.

മണ്ടപത്തുംവാതുക്കൽ, ആറ്റുങ്ക(ങ്ങ)ൽ, പടിക്കൽ, എന്നെല്ലാംപോലെ കൽപ്രത്യയാന്തങ്ങൾ സംജ്ഞാനാമങ്ങളായിട്ടും തീർന്നിട്ടുണ്ട്. ലുപ്തത്തിനു്,

66. കാലദേശങ്ങളെച്ചൊല്ലു-
ന്നേടത്താധാരികയ്ക്കിഹ
അത്തുവും ദ്വിത്വവും ചേർന്നോ-
രംഗമോ ശബ്ദമോ മതി.[1]

[1] "അത്ത്" ചേർന്ന അംഗമോ ടറാന്തങ്ങൾ ദ്വിത്വം വന്ന അംഗമോ അംഗപ്രത്യയമില്ലാത്ത വെറും ശബ്ദം മാത്രമോ മതി — എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-15.tex/Line: 19

കാലദേശവാചികളായ നാമങ്ങളിൽ ആധാരികാവിഭക്തി പ്രയോഗിക്കാതെ അംഗപ്രക്രിയ ഏതെങ്കിലും ഉണ്ടെങ്കിൽ അതുമാത്രം ചെയ്തു് നാമത്തെ പ്രയോഗിച്ചാൽ മതിയാകും. അംഗപ്രക്രിയ: "അം" എന്നവസാനിക്കുന്നതിൽ അനുസ്വാരത്തിന് ത്താദേശം; ടറാന്തങ്ങൾക്കു ദ്വിത്വം. വൃഞ്ജനാന്തങ്ങൾക്ക് "ഇൻ" ഇടനില ആധാരികയിൽ മാത്രമില്ലെന്നു വിധിച്ചിട്ടുള്ളതിനാൽ അതിനെ ഇവിടെ ഗണിപ്പാനില്ല. അംഗപ്രക്രിയ ഒന്നുമില്ലെങ്കിൽ വെറും ശബ്ദം തന്നെ പ്രയോഗിക്കാം.

ഉദാ: നേരത്ത്, കാലത്ത്, സമയത്ത്, അപ്പോൾ, അപ്പൊഴത് സ്ഥലത്ത്, ഇടത്ത്, അരികത്ത്, ദൂരത്ത്, ചാരത്ത്, അകത്ത്. 1092-ാമാണ്ടു കന്നിമാസം 27-ാം തീയതി എഴുതിയതു്.

കോഴിക്കോട്ടു ചെന്നു, വടയാറ്റുപോയി, തഞ്ചാവൂർ താമസിച്ചു.

"എണ്ഡിശയും മണ്ടിനാർ".

"ഇടവലമുള്ളവർ", സേനയെ നാലുദിക്കുമയച്ചു"

"അന്നേരം", "ഇന്നേരം" ഇത്യാദിപോലെ, അംഗപ്രക്രിയ ഉള്ളിടത്തും അതു ചെയ്യാതിരിക്കാറുണ്ടു്. 32

67. അത്തുവേതിലുമേ ചേരും
കാലദേശവിവക്ഷയിൽ.

അതുള്ള ദേശമെന്നോ കാലമെന്നോ ഏതെങ്കിലും അർത്ഥം വിവക്ഷിച്ചാൽ കാലദേശവാചികളല്ലാത്തു് നാമങ്ങൾക്കും, "അത്ത്" എന്ന അംഗപ്രത്യയം വിഭക്ത്യാഭാസമായിട്ടു വരും. 36 ഉദാ:

42 കാറ്റത്ത് — കാറ്റുള്ള സ്ഥലത്ത് അല്ലെങ്കിൽ കാലത്ത്
മഴയത്ത് — മഴയുള്ള സ്ഥലത്ത് അല്ലെങ്കിൽ കാലത്ത്

68. "ഇരുട്ടത്ത്" "നിലാവത്തെ"-
ന്നിത്യാദിക്കത്തുതന്നെയോ,
"കുറുപ്പന്മാ" രിലെപ്പോലെ
കാര്യാർത്ഥം ലിംഗയോഗമോ,

അതുള്ളതെന്ന തദ്വത്തിൻ-
ക്ലീബമെന്നും ഗ്രഹിച്ചിടാം;
ആധാരികയിൽ മാത്രം താൻ
പ്രയോഗം ഖിലമാകയാൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

"അത്ത്" എന്നൊരു ഇടനിലയെ സ്വീകരിത്തുന്നപക്ഷം ഇരുട്ടത്ത്, നിലാവത്ത് എന്ന രൂപം ശരിതന്നെ. "അം" എന്നു ലിംഗപ്രത്യയത്തിന്റെ അനുസ്വാരത്തിന് ത്താദേശം വരുമ്പോഴുണ്ടാകുന്ന രൂപമേ ഉള്ളൂ "അത്ത്" എന്നു മുമ്പിൽ സ്ഥാപിച്ചിട്ടുള്ള[2] സിദ്ധാന്തത്തിൽ ഈ വക രൂപഭേദങ്ങൾക്ക് ഉപപത്തി എങ്ങനെ എന്നുള്ള ആക്ഷേപത്തിന് രണ്ടുവിധം സാമാധാനം പറയാം: (1) "കുറുപ്പ്" എന്ന ഏകവചനത്തിൽ ഇല്ലാത്ത ലിംഗപ്രത്യയം "അൻ" രൂപസൗന്ദര്യത്തിനുവേണ്ടി ബഹുവചനത്തിൽ ചേർത്ത്"കുറുപ്പന്മാർ" എന്നു രൂപം സമ്പാദിക്കുന്നമട്ടനുസരിച്ച് കാര്യത്തിനുവേണ്ടി ലിംഗപ്രത്യയം "അം" ചേർക്കുന്നു എന്നാണ്. (2) അതുള്ളതെന്ന അർത്ഥത്തിൽ തദ്വത്പ്രത്യയമെന്നു പറയുന്ന തദ്ധിതാന്തമായിട്ട് "അം"[3] പ്രത്യയം വരുന്നു എന്നു രണ്ടാമത്തേതു്. തദ്വത്താണെങ്കിൽ എല്ലാ വിഭക്തികളിലും പ്രയോഗം വരേണ്ടയോ എന്നു ചോദിച്ചാൽ ഇതു ഖിലമാകയാൽ ആധാരികയിൽ മാത്രമേ വരികയുള്ളൂ എന്നു സമാധനം. 53

69. ഇന്നംഗം തനിയേ നില്ക്കാം
സംബന്ധികയിലിങ്ങനെ;
അംഗമൻ, തന്നെന്നുമാവാം
സമാസങ്ങളിലാവുകിൽ.

സംബന്ധികാർത്ഥം കുറിക്കുന്നതിന് "ഇൻ" എന്ന ഇടനിലയെ വിഭക്ത്യാഭാസമായിട്ടുപയോഗിക്കാം; അപൂർവ്വമായിട്ട് "ഇൻ" എന്നതിന്റെ സ്ഥാനത്ത് "അൻ" എന്നും ഇടനില ചെയ്യാറുണ്ട്. "തൻ" എന്ന സർവ്വനാമവും ഇതുപോലെ ഇടനിലയായിട്ടുപയോഗിക്കാം. ഇതൊക്കെ സമാസത്തിലേ ഉള്ളൂ എന്നൊരു വിശേഷവിധി. സംബന്ധികാഭാ[4]ത്തിന്റെയും അതിന്റെ വിശേഷ്യത്തിന്റെയും മദ്ധ്യേ മറ്റു പദങ്ങൾ പ്രയോഗിച്ചുകൂടെന്നു താൽപ്പര്യം.

ഉദാ: കുന്നിൻമകൾ — കുന്നിന്റെ മകൾ പനൻ കുല — പനയുടെ കുല
പാടത്തിൻകര — പാടത്തിന്റെകര വഴുതനങ്ങാ[5]- വഴുതനയുടെ കാ
കലൻകൊമ്പ് — കലയുടെ കൊമ്പ് സൂതൻതൻ വാക്കു കേട്ടു

1 ഇനി ഇരട്ടിപ്പ് 69

70. അതിലുള്ളതിനെക്കാട്ടും
"ഏ" ചേർന്നാധാരികാപദം,[6]
സംബന്ധികാന്തവുമിതും

[2] 47-ആം കാരികയുടെ വ്യാഖ്യാനം നോക്കുക.

[3] പുല്ലിംഗപ്രത്യയമായ "അൻ" തന്നെയാണ് "അം" അല്ല നപുംസകതദ്വത്തദ്ധിതമായി തദ്ധിതപ്രകരണത്തിൽ പറയുന്നതു്. 92-ആം കാരിക നോക്കുക.

[4] സംബന്ധികയുടെ അർത്ഥത്തിലുള്ള വിഭക്ത്യാഭാസം സംഭന്ധികാഭാസമെന്നു സൗകര്യത്തിനുവേണ്ടി സംജ്ഞ. ഇതുപോലെ മറ്റു വിഭക്തികളിലും പേരുണ്ടാക്കാം.

[5] വഴുതൻ + കാ = വഴുതനങ്ങാ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-15.tex/Line: 73

തദ്ധിതം ലിംഗയോജനേ.

ആധാരികാവിഭക്ത്യന്തമോ അതിന്റെ അർത്ഥത്തിലുള്ള വിഭക്ത്യാഭാസമോ ആയ പദത്തിൽ "ഏ" എന്നു ചേർത്താൽ "അതിലുള്ള" എന്ന അർത്ഥം കുറിക്കും. ഈ വിഭക്ത്യാഭാസത്തിലും സംബന്ധികാവിഭക്ത്യന്തത്തിലും ലിംഗപ്രത്യയങ്ങൾ ചേർത്തു തദ്ധിതനാമങ്ങളെ ഉണ്ടാക്കാം. ഉദാ: കാട്ടിലേ ആന; ത്രുശ്ശൂരേത്തേവർ; കൊല്ലത്തേക്കായൽ; കാറ്റത്തേത്തോണി; ഈ മാസത്തെശ്ശമ്പളം മുന്നാണ്ടത്തേപ്പതിവ്; ഇന്നത്തേസ്ഥിതി; നാളത്തെത്തപാൽ ഇത്യാദികളിൽ "കാര്യാർത്ഥം ലിംഗയോജനം" എന്ന നയപ്രകാരം "അ" ലിംഗപ്രത്യയംകൂടി വരുന്നു എന്നു വിശേഷം.

81 തദ്ധിതത്തിന്നുദാഹരണം:

87 എന്റേറതു്; എന്റേവൾ; എന്റേവൻ രാജാവിന്റേ–വൻ, –വൻ, –വൾ, –തു.
കാട്ടിലേ–വൻ, –വൾ, –തു; വീട്ടിലേ–വൻ, –വൾ, –തു.

71. ആധാരികോദ്ദേശികക-
ളുഭയാൽത്ഥവിവക്ഷയിൽ
മേൽക്കുമേൽ ചേർന്നുത്ഭവിക്കാം
ദ്വിവിഭക്തികരൂപവും.

ആധാരിക ക്രിയയ്ക്കാധാരമായ സ്ഥലകാലാദികളെ കുറിക്കുന്നു; അതിന്റെ കുറിയായ "ഇൽ" പ്രത്യയത്തിന്ന് ഇടം (ഗ്രഹം) എന്നാണർത്ഥം. ഉദ്ദേശിക കർത്താവിന്റെ ഉദ്ദേശ്യത്തെക്കുറിക്കുന്നു. ഈ അർത്ഥം രണ്ടും ഒരിടത്തു യോജിച്ചു വരാവുന്നതാണ്; അങ്ങനെയുള്ളിടത്തു രണ്ടു വിഭക്തിയും ഒന്നിനുമേൽ മറ്റതു് എന്നു മുറയ്ക്കു ചേർക്കാം. "വെള്ളത്തിലേക്കിറങ്ങുന്നു" ഇത്യാദ്യുദാഹരണം. ഇവിടെ വെള്ളത്തിലേക്കിറങ്ങുന്നു" ഇത്യാദ്യുദാഹരണം.[7] ഇവിടെ വെള്ളത്തിൽ എന്ന ആധാരികയ്ക്കു് വെള്ളത്തിന്റെ ഉള്ളു് (അന്തർഭാഗം) എന്നർത്ഥം. അതിനെ ഉദ്ദേശിച്ചു് ഇറങ്ങുക വന്നിരിക്കുന്നു. എന്നാൽ "വെള്ളത്തിൽക്ക്" എന്ന രൂപം ഇരുന്നാൽ മതി. ഏ ചേർക്കുക പതിവില്ലായിരുന്നു. "അതിൽക്ക്" എന്നു രാമചരിതത്തിലും, "അടവിയിൽ
94 ക്ക്" എന്നു കേരളവർമ്മരാമായണത്തിലും കാണുന്നുണ്ടു്.

---

6 "ഏ ആണ്" കാരികയിലും അതിന്റെ വ്യാഖ്യാനത്തിലുള്ള മിക്ക ഉദാഹരണങ്ങളിലും കാണുന്നതു്. കേരളപാണിനിയുടെ ജീവിതകാലത്തു പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന്റെ പതിപ്പിലും കേരളപാണിനീയത്തിന്റെ ഒന്നാം പതിപ്പിലും (1071 M. E.) "ഏ" തന്നെ കൊടുത്തിരിക്കുന്നു. ഈ കേരളപാണിനീയത്തിന്റെ പഴയപതിപ്പുകളിൽ മറ്റു ഘട്ടങ്ങളിലും പ്രായേണ "ഏ" (ഉദാ: സംസ്കൃതത്തിലേ, നാമാന്തരത്തിലേ, വാക്യത്തിലേ) ആണ് അടിച്ചിട്ടുള്ളതും. അതിനാൽ ആധാരികാഭാസമായി "ഏ"-യെ കേരളപാണിനി ഗണിക്കുന്നു എന്നു ന്യായമായി തീരുമാനിക്കാം. എങ്കിലും, ഈ കാരികയുടെ വ്യാഖ്യാനത്തിലെ രണ്ടുദാഹരണങ്ങളിൽ ഹ്രസ്വമായ "എ" കാണുന്നുണ്ടു്. ഹ്രസ്വമായ "എ"-യും ആകാം എന്നായിരിക്കുമോ കേരളപാണിനിയുടെ അഭിപ്രായം? ഏ, എ ഇവയിൽ ഏതാണ് ആദിമം എന്നു പരിച്ഛേദിച്ചുപറയാൻ മാർഗ്ഗം കാണുന്നില്ല. ഏട്ടർട്ടും, ശേഷഗിരിപ്രഭുവും ദീർഘമായ "ഏ" ആണ കൊടുക്കുന്നതു്. എന്നാൽ, "പ്രയോഗദീപിക" ഹ്രസ്വമായ "എ" സ്വീകരിച്ചിരിക്കുന്നു. "ഏ" എന്ന തൻവിനയെച്ചപ്രത്യയം ആധാരികാഭാസമായ "ഏ" ആണെന്ന് കേരളപാണിനി പറയുന്നതും ശ്രദ്ധിക്കുക.

7 ആധാരികാഭാസത്തിനുമേലും ഉദ്ദേശികാപ്രത്യയം ചേർക്കാം. ഉദാ: അകത്തേക്ക്, ഇല്ലത്തേക്ക്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

72. അതാതുപാധി കാട്ടാൻതാൻ
കുറിയോരോന്നു ചേർപ്പത്;
അതിനാലെന്തിരട്ടിക്കി-
ലാഖ്യാതംതാൻ വിഭക്തിതാൻ.
രാവിലത്തേതെന്നിടത്തു
ശബ്ദമാധാരികാന്തമാം;
രണ്ടാംവിഭക്തിക്കംഗം[8] താൻ
ലിംഗംതാനത്തുവെന്നത്.

സംസ്കൃതാദ്യാര്യഭാഷകളിൽ "പ്രത്യയം" എന്നു പറയുന്നത് തേഞ്ഞു മാഞ്ഞ ഒരക്ഷരമോ വർണ്ണമോ ആണ്. പ്രകൃതിയിൽനിന്നു വേർപെട്ടാൽ അതിന് ഒരർത്ഥവുമില്ല. സംശ്ലിഷ്ടകക്ഷ്യയിൽ കിടക്കുന്ന ദ്രാവിഡങ്ങളുടെ സ്ഥിതി ഇതുപോലെ അല്ല. ഇതുകളിൽ ശബ്ദങ്ങൾക്കു പ്രധാന്യം തുല്യമാണ്. ഒരിടത്തു പ്രകൃതിയായി നില്ക്കുന്ന പദം മറ്റൊരിടത്തു പ്രത്യയസ്ഥാനം വഹിച്ചു എന്നു വരാം. ഉടമ എന്നതിൽ "ഉട" പ്രത്യയമായിരിക്കുന്നു. അതിനാൽ സംസ്കൃതത്തിലെ സമാസംപോലെയേ ചിലെടത്തു പ്രകൃതിപ്രത്യയയോഗത്തെ ഗണിക്കേണ്ടതുള്ളു. ഓരോ അർത്ഥവിശേഷം കാണിക്കാനായിട്ടു പ്രകൃതികളിൽ ഓരോ കുറി അല്ലെങ്കിൽ പ്രത്യയം ചേർക്കുന്നു; അർത്ഥവിശേഷം കാണിക്കാനായി പ്രകൃതിപ്രത്യയയോഗത്തെ ഗണിക്കേണ്ടതുള്ളു. ഒരോ കുറി അല്ലെങ്കിൽ പ്രത്യയം ചേർക്കുന്നു: അർത്ഥങ്ങളുടെ തുക വർദ്ധിക്കുംതോറും കുറികളുടെ എണ്ണവും വർദ്ധിക്കും. ഇങ്ങനെ സംശ്ലിഷ്ടഭാഷകളിൽ പദം വളരെ നീണ്ടുവരും. വൈകൃതഭാഷകളുടെ ഗതിയും ഇതുതന്നെ. "അകാമ്യന്ത" എന്ന സംസ്കൃതരൂപവും അാമയമേൗ എന്ന ലത്തീൻ രൂപവും നോക്കുക:

	അകാമ്യന്ത =		Amabantur =
അ	— ഭൂതചിഹ്നം	Am	— ധാതു
		a	— അംഗപ്രത്യയം
കാമ്	— ധാതു	ba	— ഭൂതചിഹ്നം
യ	— കർമ്മണിവികരണം	nt	— പ്ര. പു. ബ. വ
അന്ത	— പ്ര. പു. ബ. വ	u	— സന്ധികാര്യം
		r	— കർമ്മണിപ്രയോഗചിഹ്നം

എന്നാൽ ആര്യഭാഷകളിൽ ചിഹ്നങ്ങൾ പ്രത്യയങ്ങളാകയാൽ ഒരക്ഷരത്തിലധികം നീളുന്നില്ല എന്നുമാത്രം ഭേദമുണ്ട്. അതിനാൽ ദ്രാവിഡങ്ങളുടെ സ്വഭാവം നോക്കുമ്പോൾ വിഭക്തിക്കുമേൽ വിഭക്തിയോ ആഖ്യാതത്തിനുമേൽ ആഖ്യാതമോ ഇരട്ടിപ്പടിയായി വരുന്നതിനു യാതൊരു വിരോധവുമില്ല. "രാവിലത്തേത്" എന്ന രൂപം നോക്കുക- ഇവിടെ രാവു പ്രകൃതി; അതിൽ "ഇൽ" ആധാരികാപ്രത്യയെ ചേർത്തിട്ട് "രാവിൽ" എന്നുണ്ടായ രൂപത്തെ വിഭക്ത്യന്തമെന്നു കല്പിക്കാതെ രാവ് + ഇൽ എന്ന പ്രകൃതികളുടെ സമാസം

[8] രണ്ടാം വിഭക്തി = "രാവിലത്തേതു് എന്നതിലേ "ഏ" എന്ന വിഭക്തി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-15.tex/Line: 115

പോലെ ഗണിക്കുന്നതായാൽ അത് സംസ്കൃതത്തിലെ രാത്രികാലം എന്ന സമാസത്തിനു തുല്യമായിട്ടു രാവുള്ള കാലം (രാത്രി മുഴുവൻ അവസാനിക്കാത്തകാലം, അതായത് പ്രഭാതം) എന്നർത്ഥമുള്ള ഒരു നാമമായിത്തീരുന്നു. പിന്നീട് ഇതിൽ ആധാരികാഭാസംചേർത്താൽ "രാവിലത്തേത്" എന്നു സിദ്ധിക്കുന്നു. ഇവിടെ "ഏ" എന്ന വിഭക്ത്യാഭ്യാസത്തിന് പ്രകൃതി "രാവിൽ" എന്ന ആധാരികാന്തമാകുന്നു. "അത്തു" വിനെപ്പറ്റി രണ്ടുപക്ഷം പറഞ്ഞതിൽ ഏതെടുത്താലും ഇവിടെ വിഭക്ത്യാഭാസത്തിന്റെ പ്രകൃതി "രാവിൽ" എന്ന് ആധാരികാന്ത മാകുന്നു.

ശരിയായ ആഖ്യാതത്തെത്തന്നെ നാമമാക്കി കല്പിച്ചിട്ട് അതിൽ നാമത്തിലേപ്പോലെ വിഭക്തികൾ ചേർക്കുക തമിഴിൽ പതിവുണ്ട്. കിടന്തേൻ (= ഞാൻ കിടന്നു) എന്ന ഭൂതകാല–ഉത്തമപുരുഷൈക വചനത്തിൽ ഐ എന്ന പ്രതിഗ്രാഹിക ചേർത്ത് "കിടന്തേനൈ (= കിടന്ന എന്നെ) പാർത്താൻ" എന്നു പ്രയോഗിക്കാം. ഇതുപോലെ "കിരുപ അടൈന്തേൻ" (= കൃപ അടഞ്ഞേൻ) എന്ന വാക്യത്തിലേ ആഖ്യാതത്തിൽ ഉദ്ദേശിക ചേർത്ത് "കിരുപ അടൈന്തേർക്ക" എന്നു രൂപം ഉണ്ടാക്കാം. വേറെയും, "കരുപ്പച്ചിലെ വളെത്താൻ (അതു) കഴൽപോറ്റി" (= കരിമ്പുചില (വില്ല) വളച്ചാൻ (ഉടെ) കഴൽ പോറ്റി) ഇത്യാദി പ്രയോഗങ്ങൾ തമിഴ കവികളിൽ അപൂർവ്വമല്ല. മലയാളത്തിൽ "വളച്ചവന്റെ" എന്നപോലെ പേരെച്ചത്തിൽ നിന്നുത്ഭവിക്കുന്ന ആഖ്യാതനാമങ്ങളേയേ ഈവിധം ഉപയോഗിക്കാറുള്ളു. പുരുഷസർവ്വനാമങ്ങൾക്കും പുരുഷപ്രത്യയങ്ങൾക്കും രൂപത്തിൽ വലിയ ഭേദമില്ലാത്തതിനാൽ നപുംസകപ്രഥമപുരുഷനിലും മറ്റും ആഖ്യാതത്തെയും ആഖ്യാതനാമത്തെയും അർത്ഥം കൊണ്ടേ തിരിച്ചറിവാൻ സാധിക്കയുള്ളു. സംസ്കൃതത്തിൽ "ഭാവപ്രധാനമാഖ്യാതം" എന്ന
118 വൈയാകരണസിദ്ധാന്തത്താൽ ഈ വക രൂപങ്ങൾക്കു പ്രസക്തിയേ വരുന്നില്ല.

73. വെള്ളത്തിലോട്ടു താഴത്തോ-
ട്ടെന്നു സംയോജികാന്തവും
ആധാരികയ്ക്കുമേൽ കാണും;
ടദ്വിത്വം താൻ വിശേഷമാം.

വെള്ളത്തിലോട്ട്, താഴത്തോട്ട് ഇത്യാദി രൂപങ്ങളെ ആധാരികയുടെ മേൽ സംയോജിക വന്നുണ്ടായതായി ഗണിക്കാം. "ഓടു" എന്ന സംയോജികാപ്രത്യയത്തിന്റെ ടകാരം ഇരട്ടിച്ചിട്ടുണ്ടെന്നു മാത്രമേ വിശേഷമുള്ളു. പെടുക ധാതുവിന്റെ മുൻവിനയെച്ചമായ "പെട്ട്" എന്ന രൂപവും ഈ അർത്ഥത്തിൽ അവ്യയമായിട്ടുപയോഗിക്കാറുണ്ട്. കീഴ്പ്പെട്ട്-കീഴോട്ട്; മേല്പ്പെട്ട്-മേലോട്ട്. അതിനാൽ വെള്ളത്തിലോട്ട് എന്നതും വെള്ളത്തിൽപ്പെട്ട് എന്നതിന്റെ സങ്കോചമാണെന്നുവരാം.

വിഭക്ത്യാഭാസങ്ങളിൽ ചിലെടത്തു പ്രത്യയംകൂടാതെ അംഗങ്ങളെത്തന്നെ പ്രത്യയാന്തം
127 പോലെ ഉപയോഗിക്കുന്നതിനുള്ള യുക്തി കാണിക്കാം:

74. സ്വതന്ത്രനായ കർത്താവിൻ-

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

കീഴിൽ താൻ മറ്റു കാരകം;
പരാശ്രയത്തെക്കാണിക്കു-
മിൻദ്വിത്വാദ്യംഗസംസ്ക്രിയ.

കാരകങ്ങളെ അടുത്തു വിവരിക്കും. എല്ലാ കാരകങ്ങളിലുംവെച്ചു പ്രധാനം കർത്താവാണ്. കർത്താവ് സ്വതന്ത്രനായി നിന്നുകൊണ്ടു ശേഷം കാരകങ്ങളുടെ സഹായത്തോടെ ക്രിയ നടത്തുന്നു. അങ്ങനെയുള്ള കർത്താവിനെക്കുറിക്കുന്ന നിർദ്ദേശിക, അതിനാൽ, വിഭക്തികളിൽ പ്രധാനമാകുന്നു. പ്രഥമയ്ക്കു കീഴടങ്ങുന്നു എന്നു കാണിക്കാനാണ് മറ്റു വിഭക്തികളിൽ ഇടനില മുതലായ അംഗസംസ്കാരങ്ങൾ ചെയ്യുന്നത്. അപ്പോൾ അംഗസംസ്കാരംകൊണ്ട് ഒരു നാമം മറ്റൊരു നാമത്തിന്റെയോ കൃതിയുടെയോ വിശേഷണമായിത്തീരുന്നു. വിഭക്ത്യാഭാസരൂപങ്ങൾ ഇത്ര മാത്രമേ കാണിക്കുന്നുള്ളൂ. അംഗത്തിനുമേൽ വിഭക്തിപ്രത്യയം ചേർത്താൽ ആ പ്രത്യയത്തിന്റെ അർത്ഥംകൂടി നാമത്തിൽ ചേരും. "കാറ്റ്", "മകൻ" രണ്ടും സമപ്രധാനങ്ങളായ നാമങ്ങൾ. "കാറ്റിൻമകൻ" എന്നു പറയുമ്പോൾ കാറ്റ് മകന്റെ വിശേഷണമാണെന്നു തെളിയും. കാറ്റിന്റെ മകൻ എന്നാകുമ്പോൾ കാറ്റിനു ജനിച്ച എന്ന സംബന്ധികാർത്ഥവും കൂടി സ്പഷ്ടമാകും. ഇങ്ങനെ യുക്തി നോക്കുമ്പോൾ "കാട്ടാന", "ആയിരത്താണ്ട്", "ചെപ്പുക്കുടം" ഇത്യാദികളിലെ "കാട്ട്," ആയിരത്ത്", "ചെപ്പ്" ഇത്യാദി നാമരൂപങ്ങളെയും വിഭക്ത്യാഭാസത്തിൽ ചേർക്കാം. പരാശ്രയചിഹ്നങ്ങളെ പരിഗണിച്ചിട്ടുള്ളതു നോക്കുക.[9]

[9] 108-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

5

കാരകപ്രകരണം

75. നാമവും ക്രിയയും തമ്മിലുള്ള യോജന കാരകം.

നാമങ്ങൾക്കു ക്രിയയോടുള്ള സംബന്ധമാണ് കാരകം. ഏതെല്ലാംകൂടി ഒരു ക്രിയയെ ജനിപ്പിക്കുന്നുവോ അതെല്ലാം ആ ക്രിയയുടെ കാരകമാകുന്നു. "അച്ഛന്റെ നിയോഗത്താൽ പതിന്നാലു വർഷം രാമൻ കാട്ടിൽ താമസിച്ചു" എന്ന ഉദാഹരണത്തിൽ "രാമൻ", "നിയോഗം", "വർഷം" "കാട്" ഇതൊക്കെയും ഉണ്ടെങ്കിലേ "താമസിച്ചു എന്ന ക്രിയയ്ക്കു പൂർത്തിവരുന്നുള്ളു. ഇതിൽ ഒന്നിനു കുറവുവന്നാൽ ഉപ്പ-മുളകു-പുളികൾ വേണ്ടതായ കാളന്ന് അതിൽ ഒരു രസം ഇല്ലാതിരുന്നാൽ ഉണ്ടാകുന്നതുപോലെ ഒരു അസ്വരസം ഉണ്ടാകുന്നു. ഇങ്ങനെ ഒരു പദത്തിന്റെ അർത്ഥത്തിന്ന് പൂർത്തിവരുന്നതിനു മറ്റു പദങ്ങളുടെ അപേക്ഷ വരുന്നതിന്ന് ആകാംക്ഷ എന്നു പേർ. അതിനാൽ ഒരു ക്രിയയുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നതുതന്നെ "കാരകം" എന്നു സിദ്ധിക്കുന്നു.

76. ഫലാനുകൂലം വ്യാപാരം ക്രിയയിൻ പൊരുളായതു്

ക്രിയ എന്നാൽ ഒരു പ്രവൃത്തി; ഏതു പ്രവൃത്തിക്കും ഒരു ഫലവും കാണും; അതുകൊണ്ടു് ഫലാനുകൂലമായ വ്യാപാരം (പ്രവൃത്തി) ക്രിയ എന്നു ക്രിയയ്ക്കു ലക്ഷണം ചെയ്യാം. "പോവുക" എന്ന ക്രിയയിൽ ചലനം വ്യാപാരവും, ദേശാന്തരസംസർഗ്ഗം ഫലവും ആകുന്നു. ഉറങ്ങുകയിൽ കണ്ണടച്ചു മനസ്സിനെ ഇന്ദ്രിയങ്ങളിൽ നിന്നു പിൻവലിക്കുക വ്യാപാരം; അതിനാലുണ്ടാകുന്ന ആത്മവിസ്മരണം ഫലം. ഈ വിധം എല്ലാ ക്രിയകളെയും ഫലവ്യാപാരങ്ങളാക്കിപ്പിരിക്കാം. കർത്തൃകർമ്മങ്ങൾക്കു ലക്ഷണം ചെയ്യുന്നതിന് ക്രിയയെ ഈവിധം പിരിച്ചാൽ വളരെ സൗകര്യമുണ്ടു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex / Line: 17

77. പ്രധാന കാരകം കർത്താ;
വ്യാപാരാശ്രയമാണവൻ;
വ്യാപാരമൊന്നിൽ മറ്റൊന്നിൽ
ഫലമെന്നിരുഭാഗവും
പിരിഞ്ഞീടിൽ ഫലത്തിന്റെ-
യാശ്രയം കർമ്മകാരകം.

മറ്റെല്ലാക്കാരകങ്ങളുടേയും നേതാവായതാണ് കർത്താവ്. വ്യാപാരമെന്നും ഫലമെന്നും ക്രിയയെ രണ്ടു ഭാഗമായി പിരിച്ചാൽ വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാകും. ചിലപ്പോൾ വ്യാപാരവും ഫലവും ഒരു വസ്തുവിൽത്തന്നെയാണെന്നു വരാം; അങ്ങനെയുള്ള ക്രിയകൾക്കു കർമ്മമില്ല. വ്യാപാരം ഒരു വസ്തുവിൽ, ഫലം മറ്റൊന്നിൽ എന്നു രണ്ടംശവും പിരിഞ്ഞു വരികയാണെങ്കിലേ ക്രിയയ്ക്കു കർമ്മമുള്ളൂ. "മണിയുടെ ളശി അഞ്ചു മിന്നിട്ടു നടന്നു" എന്നു നാം വ്യവഹരിക്കാറുണ്ട്. ഇതിൽനിന്നു നമുക്കുണ്ടാകുന്ന ബോധം എന്തെന്നാൽ- കുറച്ചുനേരം മുൻപേ 12-ആം വരയിൽ നിന്ന ളശി ക്രമേണ നീങ്ങി നീങ്ങി ഇപ്പോൾ 1-ആം വരയിൽ എത്തിയിരിക്കുന്നു എന്നാകുന്നു. അതിനാൽ "നട" ധാതുവിൽ ചലനം (ഇളക്കം) വ്യാപാരവും, ദേശാന്തരസംയോഗം ഫലവും ആകുന്നു. ഇവിടെ ചലനവും ദേശാന്തരസംയോഗവും ളശി ഒന്നിനെത്തന്നെ ആശ്രയിച്ചു സമാനാധികരണമായിരിക്കുന്നതിനാൽ ഈ ധാതു അകർമ്മകമാകുന്നു. "ആശാൻ ചൂരൽ കൊണ്ടു പിള്ളരെ അടിച്ചു" എന്ന വാക്യത്തിൽ "അടിക്കുക" എന്ന ക്രിയ സകർമ്മകമാകുന്നു. ഇതിലേ വ്യാപാരം ഒരു വസ്തുവിനെ മറ്റൊരു വസ്തുവിൽ ഘടിപ്പിക്കുകയാകുന്നു. ആ ഘടനജന്യമായ സമ്മർദ്ദമാകുന്നു ഫലം. ആ സമ്മർദ്ദരൂപമായ ഫലം പിള്ളരിലും വടിയിലും ഒരു പോലെ വ്യാപിക്കുന്നു. എങ്കിലും കർത്താവായ ആശാന്റെ ഉദ്ദേശ്യം പിള്ളരിൽ വേദന എന്നു സാധാരണ സംസാരിക്കുന്ന ആ സമ്മർദ്ദത്തെ ഉണ്ടാക്കണമെന്നു മാത്രമാകയാൽ പിള്ളർ കർമ്മമായിത്തീരുന്നു; വടി കരണമായിട്ടും നില്ക്കുന്നു. ആശാന് നേരെമറിച്ച് സമ്മർദ്ദം വടിയിൽ ജനിക്കണമെന്നായിരുന്നു വിചാരമെങ്കിൽ "ആശാൻ പിള്ളരെക്കൊണ്ടു വടിയെ അടിച്ചു" എന്നു പ്രയോഗിക്കേണ്ടി വരും. പക്ഷേ, ഇങ്ങനെയുള്ള അവസരം അധികം നേരിടാത്തതിനാൽ ഈ മാതിരി പ്രയോഗത്തിന് അവകാശമില്ലെന്നേ ഉള്ളൂ. പ്രധാന്യം വിവക്ഷാധീനമാകയാൽ കാരകങ്ങളും വിവക്ഷപോലെ വരുമെന്നു മുകളിൽ സൂത്രവും പറയും. ഫലത്തെ പ്രതിഗ്രഹിക്കുക (സ്വീകരിക്കുക) യാലാണ് ഈ വിഭക്തിക്ക് "പ്രതിഗ്രാഹിക" എന്നു പേർ ചെയ്തിരിക്കുന്നത്.

78. സാക്ഷിയെന്നാൽ ക്രിയയതിൽ
കർത്താവിൻ പ്രതിയോഗിയാം.

ക്രിയയെ നിർവ്വഹിക്കുന്നതിൽ കർത്താവ് തനിക്ക് എതിരാളിയായിട്ട് ആവശ്യപ്പെടുന്ന സഹായി സാക്ഷിയാകുന്നു.

ഉദാ: ശിവൻ ശക്തിയോടു ചേരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 64

ഇവിടെ "ചേരുക" എന്ന ക്രിയയെ നിവർത്തിക്കുന്നതിൽ കർത്താവിന് ഒരു എതിരാളിയുടെ സഹായം ആവശ്യപ്പെടുന്നു. ആയത് "ശക്തി" ആകയാൽ "ശക്തിയോട്" എന്ന് സംയോജിക വന്നിരിക്കുന്നു. കർത്താവിന് പ്രതിദ്വന്ദ്വിയാകയാൽ സാക്ഷിയെ കർത്താവുതന്നെ ആക്കുകയും ചെയ്യാം. "ശിവൻ ശക്തിയുമായിച്ചേരുന്നു" ശിവൻ, താനും ശക്തിയും ഒരുമിക്കുന്ന വിധത്തിൽ ചേരുന്നുവെന്നർത്ഥം. "ആയി"— എന്ന നിപാതം[1] ഈമാതിരി അന്വയത്തെ ദ്യോതിപ്പിക്കുന്നു. ഇതിന്മണ്ണം, "ശിവൻ, താനും ശക്തിയും ഒരുമിക്കുന്നവിധത്തിൽ ചേരുന്നുവെന്നർത്ഥം. "ആയി"— എന്ന നിപാതം ഈ മാതിരി അന്വയത്തെ ദ്യോതിപ്പിക്കുന്നു. ഇതിന്മണ്ണം," "മഹർഷി, ശിഷ്യകളുമായി വന്നു", "അപ്പം, വട, എള്ളുണ്ടയുമായി" "സദ്യ കഴിച്ച്" ഇത്യാദികളിൽ "ശിഷ്യകളോടുകൂടി", "അപ്പം, വട, എള്ളുണ്ടകളോടുകൂടി" ഇത്യാദി അർത്ഥം ഊഹിച്ചുകൊൾക ഉദാഹരണാന്തരങ്ങൾ: 64

"കുന്തം നെഞ്ചോട് ഇടപെട്ടു" രാ–ച.
"കണ്ണോടു കൊള്ളുന്നതു പുരികത്തോടായി." പ–ചൊ.
"കൊല്ലം തുടങ്ങി വേണാട്ടോട് (ഉള്ള) ഇടയിൽ." കേ–ഉ.
"മുലയോടു മുലയിടയിൽ (= മുലയോടു മുലയ്ക്കുള്ള ഇടയിൽ) നോവും." വെ–ശ.
"തിരുമലരടിയോടു തിരുമുടിയോടിട തിരവുടൽ." ഹ–കീ.
"ഇവ്വണ്ണമെന്നോടു നിന്നോടു ചൊല്ലുവാൻ അവർ പറഞ്ഞയച്ചു." ന–ച.
"അവരോട് കഥയെ ധരിപ്പിച്ചു." ന–ച.
"പോത്തോടു വേദമോതി." പ–ചൊ.
"മൂവടിയെ മാബലിയോടിരന്നു." രാ–ച.
"സൗമിത്രിയോടു വില്ലു വാങ്ങി." സീ–വി.
"അവനോടു നാടു പിടിച്ചടക്കി." കേ–ഉ.
"ശാസ്ത്രമവനോടു പഠിച്ചു." മ–ഭാ.
"നിങ്ങളോടൊരു ദോഷം ചെയ്തു." ന–ച.
"ചാപല്യമെന്നോടു കാട്ടുന്നു." ശി–പൂ.
"ഞങ്ങളോടിങ്ങനെ തീച്ചൊരിഞ്ഞാലും." കൃ–ഗാ.
"എന്നോടു കാരുണ്യമില്ല" കേ–രാ.
"നിങ്ങൾ ദേവകളോടു യോജിക്കുകയില്ല." മ–ഭാ. 86
"അകൽച്ച മൗര്യനോടു ചാണക്യനുണ്ട്." ചാണ.

79. ഏവന്നു കർമ്മമുതകു-
മവൻതാൻ സ്വാമിയായതു്.

കർത്താവ് തന്റെ വ്യാപരത്തിൽ നിന്നു സാക്ഷാൽ ഉണ്ടാകുന്ന ഫലത്തെ കർമ്മത്തിൽ ചേർക്കുന്നത് ആ കർമ്മം ഏവന്ന് ഉപകാരത്തിനായിത്തീരണമെന്നു വിചാരിച്ചാകുന്നുവോ

[1] ഇവിടെയും വേറെ ചിലടത്തും ആയി, കൊണ്ടു് മുതലായവയെ 'നിപാതം' എന്നാണു പറയുന്നതു്. 31-ആം കാരിക അനുസരിച്ചാണെങ്കിൽ, അവ അവ്യയങ്ങളാണ്, നിപാതങ്ങളല്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 92

അവൻ സ്വാമിയാകുന്നു. സൂത്രത്തിൽ "ഏവന്ന്, "അവൻ," എന്ന പുല്ലിംഗം അവിവക്ഷിതം. ഉദാ:

ധാർമ്മികൻ ബ്രാഹ്മണന്ന് പശുവിനെ കൊടുക്കുന്നു.
വെയ്യുകാരൻ കറിക്ക് ഉപ്പു ചേർക്കുന്നു.
കല്ലൻ ഭിത്തിക്കു വെള്ള തേക്കുന്നു.
വേലക്കാരൻ ആലിനു തടമെടുക്കുന്നു.
രോഗി തലയ്ക്ക് എണ്ണ തേക്കുന്നു.
തോട്ടക്കാരൻ കൃഷിക്കു വളമിടുന്നു.

80. അസമാനാധികരണ-വിധിക്കുദ്ദേശ്യമായതും.

നാം ഏതിനെപ്പറ്റി സംസാരിക്കുന്നുവോ അത് ഉദ്ദേശ്യം; അതിന്ന് എന്തുണ്ടാകുന്നു എന്ന് പറയുന്നുവോ അതു വിധേയം. ഇതാകുന്നു ഉദ്ദേശ്യവിധേയഭാവം.

"കാക്ക കറുത്തതാകുന്നു" എന്നു പറയുമ്പോൾ നാം കാക്കയെപ്പറ്റിയാണു സംസാരിക്കുന്നത്. അതിനാൽ കാക്ക ഉദ്ദേശ്യം; അതിന്മണ്ണംതന്നെ കാക്കയെപ്പറ്റി പറയുന്ന "കറുത്തതാകുന്നു" എന്നതു വിധേയം. ഈ വാക്യത്തിൽ ഉദ്ദേശ്യമായ കാക്കയും വിധേയമായ കറുത്തതും ഒരേ വിഭക്തി (നിർദ്ദേശിക) യിലാകയാൽ ഇതു് സമാനാധികരണമായ ഒരു വിധിയാകുന്നു. ഇങ്ങനെയല്ലാതെ "കാക്കയ്ക്കു കറുപ്പുണ്ട്", എന്നു പറയുന്നതു് വ്യധികരണവിധി. അതിൽ ഉദ്ദേശ്യമായി നില്ക്കുന്ന കാരകം സ്വാമിയാകുന്നു. ഉദാ:

രാമനു പുത്രനുണ്ടായി; പുരയ്ക്ക് തീപിടിക്കുന്നു; പഴത്തിനു പാകംവരുന്നു.

81. ക്രിയോപകരണം തന്നെ കരണം; ഹേതു കാരണം.

ഒരു ക്രിയ നടത്തുന്നതിൽ കർത്താവിന്ന് ഉപകരണമായിട്ടുതകുന്ന കാരകം കരണം. തർക്കശാസ്ത്രപ്രസിദ്ധമായ ഹേതുതന്നെ കാരണം. കരണവും കാരണവും പ്രയോജികയുടെ അർത്ഥമാകുന്നു. ഉദാ:

വടിയാൽ അടിക്കുന്നു		കരണാർത്ഥം.
കത്തി നാവിനാൽ നക്കി.	(കേ–രാ.)	"
ഭോജ്യങ്ങളാൽ ഭിക്ഷ നല്കി	(മ- ഭാ.)	"
ദൂതന്റെ ചൊല്ലാലേ പോയി.	(കൃ-ഗാ.)	കാരണാർത്ഥം
രാഘവനാൽ ഇവനു മുടിവുണ്ടു്.	(രാ–ച)	"
ഇവരാലുണ്ടുപദ്രവം നാട്ടിൽ.	(കേ–രാ.)	"
അതിനാലുണ്ടുപദ്രവം നാട്ടിൽ.	—	"

"കൊണ്ട്" എന്ന നിപാതവും ഈ അർത്ഥങ്ങളിൽത്തന്നെ പ്രയോഗിക്കപ്പെടുന്നു. സൂക്ഷ്മ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ത്തിൽ "ആൽ" പ്രത്യയത്തിനു ഹേതുവും, "കൊണ്ട്" എന്ന ഗതിക്കു കരണവും ആണ് സ്വന്തമായ അർത്ഥം എന്നു തോന്നുന്നു. അതിനാൽ കാരണമെന്ന അർത്ഥത്തിൽ ആലിനെ മാത്രവും കരണാർത്ഥത്തിൽ കൊണ്ടിനെ മാത്രവും ഉപയോഗിക്കുക എന്നൊരു ഏർപ്പാടു ചെയ്താൽ നന്നായിരിക്കും.

"കർമ്മണി പ്രയോഗത്തിൽ കർത്താവിനു പ്രയോജിക വരും" എന്നു പറയാറുണ്ട്; എന്നാൽ വാസ്തവത്തിൽ അവിടെയും കാരണമെന്ന അർത്ഥത്തിൽത്തന്നെയാണു മലയാള വ്യാകരണപ്രകാരം പ്രയോജിക വരുന്നത്. ഭാഷയ്ക്കു സ്വന്തമായി കർമ്മണിപ്രയോഗമില്ല. ഇപ്പോൾ ഉപയോഗിച്ചു വരുന്നതു സംസ്കൃതത്തിന്റെ ശരിത്തർജ്ജിമയ്ക്കുവേണ്ടി ഇടക്കാലത്തിൽ കൃത്രിമമായി ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാകുന്നു. ഇതിലേക്കു ലക്ഷ്യം ഒന്നാമത്, സംസ്കൃതത്തിന്റെ ശരിത്തർജ്ജമയ്ക്കുവേണ്ടി ഇടക്കാലത്തിൽ കൃതിമമായി ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാകുന്നു. ഇതിലേക്കു ലക്ഷ്യം: ഒന്നാമത്, സംസ്കൃതാനഭിജ്ഞന്മാർ കർമ്മണിപ്രയോഗത്തെ ഒരിക്കലും ആദരിക്കുന്നില്ല. സംസാരിക്കുന്ന ഭാഷയിൽ കർത്തരി പ്രയോഗമേ കേൾക്കുമാറുള്ളു. പ്രാചീനഗ്രന്ഥങ്ങളിൽ എന്നു മാത്രമല്ല, എഴുത്തച്ഛൻ മുതൽ പേരുടെ കൃതികളിലും സംസ്കൃതബന്ധമില്ലാത്തിടത്തു കർമ്മണിപ്രയോഗം ഇല്ലെന്നുതന്നെ എന്റെ അനുഭവം. "രഘുവംശം കാളിദാസനാൽ ഉണ്ടാക്കപ്പെട്ടതാണ്" എന്നതിനുപകരം "രഘുവംശം കാളിദാസനുണ്ടാക്കിയതാണ്" എന്നു പറഞ്ഞാൽ ഒട്ടും പോരായ്കയില്ലെന്നു മാത്രമല്ല, ഈ രീതിതന്നെയാണ്' എന്നു പറഞ്ഞാൽ ഒട്ടും പോരായ്കയില്ലെന്നു മാത്രമല്ല, ഈ രീതിതന്നെയാണ് ഭാഷയ്ക്കു സ്വതസ്സിദ്ധമായുള്ളത് എന്നുംകൂടി തോന്നുന്നു. രണ്ടാമത്, സംസ്കൃതാദികളിലെപ്പോലെ ഭാഷയിൽ ഒരു ധാതുവിനെ കർമ്മണിപ്രയോഗത്തിൽ ആക്കുന്നതിനു ചില പ്രത്യയഭേദങ്ങളോ രൂപനിയമങ്ങളോ ഇല്ല. പെടുകയെച്ചേർക്കുക എന്നുള്ളതു ഭാഷയിൽ നാമങ്ങളിൽനിന്നും ക്രിയകളെ ഉണ്ടാക്കുന്നതിനുള്ള ഒരു ഉപായമെന്നേ ഉള്ളു. "അകപ്പെടുക, വെളിപ്പെടുക, ഉൾപ്പെടുക, തീർച്ചപ്പെടുക, പണിപ്പെടുക" മുതലായ ധാതുക്കൾ ഇതിലേക്കു ദൃഷ്ടാന്തങ്ങളാകുന്നു. അതിനാൽ "കിരാതേന മൃഗോ ഹന്യതേ" എന്നതിനു ശരിയായ" കിരാതനാൽ മൃഗം കൊല്ലപ്പെടുന്നു' എന്നുള്ള ഭാഷാപ്രയോഗത്തിൽ നിന്നു വാസ്തവത്തിൽ ജനിക്കുന്ന ബോധം ഇപ്രകാരമാണ്: "കിരാതനാൽ (= കിരാതൻ ഹേതുവായിട്ട്) മൃഗം (കർത്താവ്) കൊല്ലപ്പെടുന്നു (= കൊല്ലലിനെ പെടുന്നു, സഹിക്കുന്നു)" "അകപ്പെടുക" എന്നതിന് "അകത്തുപെടുക" എന്നും, "പിടിപെടുക" എന്നതിനു "പിടിയിൽപെടുക" എന്നും, അർത്ഥം വരുന്നതുപോലെ "പറയപ്പെടുക" എന്നതിനു "പറകയിൽ (= പറച്ചിലിൽ) പെടുക" എന്നേ അർത്ഥമുള്ളു.[2] ഈ വിധം ശാസ്ത്രീയമായി നിഷ്കർഷത്തോടുകൂടി ആലോചിച്ചാൽ ഭാഷയ്ക്കു കർമ്മണിപ്രയോഗം അകൃത്രിമമായ വിധത്തിലില്ലെന്ന് എളുപ്പത്തിൽ ബോധപ്പെടുന്നതാകുന്നു. വാസ്തവത്തിൽ അതുകൊണ്ടു്, "എന്റെ വാക്കാൽ അവൻ ഭയപ്പെട്ടു" എന്ന അകർമ്മകവാക്യത്തിൽ "വാക്കാൽ" എന്ന് ഹേതുവർത്ഥത്തിൽ പ്രയോജിക വരുന്നതുപോലെതന്നെ, "എന്നാൽ ഈ വാക്കു ചൊല്ലപ്പെട്ടു" (= ഞാൻ നിമിത്തം ഈ വാക്കു ചൊല്ലലിൽപ്പെട്ടു = പതിച്ചു) എന്ന സകർമ്മകവാക്യത്തിലും വരുന്നുവെന്നു സ്പഷ്ടമാകുന്നു.

[2] അപ്പോൾ, 'അവൾ അതു് ആവശ്യപ്പെട്ടു', 'അരിസ്റ്റോട്ടൽ ഇതു് അഭിപ്രായപ്പെട്ടു' മുതലായവയെ ശൈലീവിശേഷങ്ങളായി ഗണിച്ചാൽ മതിയെന്നുവരും

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 181

"നദിയാൽ ശോഭിതം", "പാമ്പിനാൽ ദഷ്ടം" ഇത്യാദി സംസ്കൃതപ്രയോഗങ്ങളിൽ കർ
181 ത്താവിനു സംസ്കൃതരീതിയനുസരിച്ച് പ്രയോജികതന്നെ.

82. ആധാരമാം കാരകംതാ-
നിഹാധികരണാഭിധം.

കർത്താവ് ക്രിയയ്ക്കാധാരമായി കല്പിക്കുന്ന കാരകം അധികരണമാകുന്നു. ആധാരം മൂന്നുവി
ധമുണ്ട്: "ഔപശ്ലേഷികം", "അഭിവ്യാപകം", വൈഷയികം എന്ന്. ആധാരാധേയങ്ങൾ
ഏതാൻഭാഗത്തിൽമാത്രം ഉപശ്ലേഷിച്ച് (സ്പർശിച്ച്) ഇരിക്കുന്നിടത്ത് "ഔപശ്ലേഷികം";
ആധാരത്തിൽ സർവ്വത്ര ആധേയം വ്യാപിച്ചിരിക്കുന്നിടത്ത് "അഭിവ്യാപകം" അമൂർത്ത
ങ്ങളായ വസ്തുക്കൾക്കുംമറ്റും ബുദ്ധികൊണ്ട് ആധാരാധേയഭാവം കല്പിക്കുന്നിടത്തു "വൈഷ
യികം". ഉദാ:

പായിലിരിക്കുന്നു	—ഔപശ്ലേഷികം.	
എള്ളിൽ എണ്ണ ഇരിക്കുന്നു	— അഭിവ്യാപകം	
സുഖത്തിൽ ഇച്ഛിക്കുന്നു	— വൈഷയികം	
കഴുത്തിൽ കരേറി	— ഔപ.	—കൃ.ഗാ.
രണ്ടും ഇടന്തോളിൽ വച്ചു കൊണ്ടുപോയി	—ഔപ.	—കേ.രാ.
പ്രയുതനരന്മാരിൽ ചുമന്നിട്ടുള്ള പൊന്ന്	—ഔപ.	—മ.ഭാ.
നെറുകയിൽ ചുംബിച്ചു	—ഔപ.	—തു.രാ
തീയ്ക്കൽ വച്ച പാൽ	—ഔപ.	—കൃ.ഗാ
സത്യത്തിൽ പിഴച്ചു. ധർമ്മത്തിൽ പിഴയായ്വാൻ	—വൈഷ.	—മ.ഭ
നാഥങ്കൽ അടുത്തു. കതവിങ്കൽ നില്ക്കുന്നു.	—ഔപ.	—കേ.രാ.
വൃക്ഷമൊന്നിൽ മറഞ്ഞുനിന്നെയ്തു	—ഔപ.	—കേ.രാ.
നീതിശാസ്ത്രത്തിൽ മറുകര കണ്ടവൻ	—വൈഷ.	—പ.ത.
തേനിലരച്ചു പാലിൽ പുഴങ്ങി	—അഭി.	
മോരിൽ കുടിപ്പിച്ചു	—അഭി.	
ചങ്ങാതിക്കൈയിൽ തൻകൈയും ചേർത്തു	—ഔപ	—കൃ.ഗാ.

നാമങ്ങൾക്കു തങ്ങളിലുള്ള സംബന്ധമാണ് സംബന്ധികയുടെ അർത്ഥം.[3] അതു സ്വസ്വാ
മിഭാവം, ഗുരുശിഷ്യഭാവം, ജന്യജനകഭാവം എന്നിത്യാദി പല വിധത്തിൽ വരാം.

ഉദാ: രാജാവിന്റെ ആൾ നീലകണ്ഠന്റെ ഭക്തൻ

[3] നാമങ്ങൾക്കു ക്രിയയോടുള്ള സംബന്ധം കാരകവും നാമങ്ങൾക്കു തങ്ങളിലുള്ള സംബന്ധം സംബന്ധികയുടെ അർത്ഥവുമാകയാൽ, സംബന്ധികയുടെ അർത്ഥമായ ഒരു കാരകമില്ലെന്നതാണ് സാമാന്യനിയമം. ഏതെങ്കിലും സിദ്ധക്രിയകൾക്കു (ക്രിയാനാമങ്ങൾക്കു) വിശേഷണമായി വരുന്ന സംബന്ധികയ്ക്കു അർത്താ, കർമ്മം തുടങ്ങിയ കാരകങ്ങൾ അർത്ഥമാകും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 218

ഇതിന്റെ കാരണം	മരത്തിന്റെ കായ്
വസിഷ്ഠന്റെ ശിഷ്യൻ	സൂര്യന്റെ വംശം
നിന്നുടെ വർത്തമാനം	മഹാമേരുവിന്റെ തെക്കേഭാഗം
ദശരഥന്റെ പുത്രൻ	

എന്നിത്യാദി. ഒരു ധാരണതന്നെയും ഭാവപ്രത്യയം ചേർന്നു നാമമായിത്തീർന്നു കഴിഞ്ഞാൽ അതിന്റെ കർത്താ, കർമ്മം മുതലായ കാരകങ്ങൾക്കും സംബന്ധികയേ വരൂ. ഉദാ:

രാജാവിന്റെ എഴുന്നള്ളത്ത് = രാജാവെഴുന്നള്ളുക.	കർത്താ.
പാണ്ഡവന്മാരുടെ നഗരപ്രവേശനം = പാണ്ഡവർ നഗരത്തിൽ പ്രവേശിക്കുക	കർത്താ.
സഖികളുടെ കൂട്ടം = സഖികൾ കൂടുക.	കർത്താ.
രാവണന്റെ വധം = രാവണനെ വധിക്കുക	കർമ്മം
നിന്നുടെ വിയോഗം = നിന്നെ വിയോജിപ്പിച്ചിരിക്കുക	കർമ്മം

ഭൂതമോ ഭാവിയോ വർത്തമാനമോ ഏതു വിധമായാലും ഒരു പ്രവൃത്തി ഏതുവരെ ഒന്നു കഴിഞ്ഞൊന്ന് എന്ന രീതിയിൽ അനേകവ്യാപാരങ്ങളുടെ വീചീതരംഗന്യായേന (Undulatory motion) ഉള്ള പ്രവാഹമായിട്ടു നടന്നു വരുന്നതായി നമ്മുടെ ബുദ്ധിയിൽ തോന്നുന്നുവോ അതുവരെയേ അതിനെ ക്രിയയെന്നു വൈയാകരണന്മാർ വ്യവഹരിക്കുമാറുള്ളൂ. ക്രിയ സിദ്ധമായാൽ നാമംതന്നെ; സാദ്ധ്യാവസ്ഥയിൽ മാത്രമേ ക്രിയാത്വമുള്ളു. നാമത്തിനു (നമന്തി = പ്രാതിപാദികാർത്ഥാൻപ്രതി പ്രഹ്വീഭവന്തി) "നമിക്കുന്നത് = വിഭക്ത്യാദ്യർത്ഥങ്ങളുടെ നേരെ വഴകുന്നത്" എന്നാണു വൈയാകരണന്മാർ വ്യുൽപത്തി കല്പിക്കുന്നത്. ഇവിടെ ഒരു സംഗ്രഹകാരിക:

സിദ്ധം താനങ്ങസിദ്ധംതാൻ സാദ്ധ്യമാകുമെതേവരെ, 249
അതേവരെ ക്രമാത്മാവാം ക്രിയ; പിന്നീടു നാമമാം.

83. അകർമ്മകക്രിയകളി-
ലതാതിൻ കൃതികൃത്തുകൾ
കർമ്മസ്ഥാനം വഹിച്ചീടും
ചാട്ടം ചാടുകയെന്നപോൽ.

കർമ്മമില്ലാത്ത ധാതുവിനും ആ ധാതുവിന്റെ ക്രിയാനാമം (ഭാവരൂപം) എന്നും മറ്റും പറയാറുള്ള കൃതികൃത്തിലെ രൂപം) കർമ്മസ്ഥാനത്തു വരാം:

ചാട്ടം ചാടുക; ഓട്ടം ഓടുക; വീഴ്ച വീഴുക ഇത്യാദ്യുദാഹരണങ്ങൾ. 258

84. രണ്ടു കർമ്മം ചിലേടത്തു
വിശിഷ്ടക്രിയ[4] മൂലമായ്

[4] വിശിഷ്ടക്രിയ = കർമ്മത്താൽ വിശേഷിക്കപ്പെട്ട (= കർമ്മത്തോടു ചേർന്ന) ക്രിയ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 263

ചില ക്രിയകൾക്കു രണ്ടു കർമ്മം വരാറുണ്ട്; അതു വിശിഷ്ടക്രിയയെ ഒറ്റക്രിയയെപ്പോലെ ഗണിക്കയാലാണ്. പറക എന്ന ക്രിയ്ക്ക് കുറ്റം എന്നു കർമ്മം ചേരുന്നു. അതിനുശേഷം കുറ്റം പറക എന്ന കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയെ "പഴിക്ക" എന്ന ഒറ്റക്രിയയെപ്പോലെ വിചാരിക്കുന്ന പക്ഷം, ആരെ പഴിക്കുന്നു എന്നു വേറെ ഒരു കർമ്മം കൂടി ആവശ്യപ്പെടും. അപ്പോൾ "ഭാര്യയെ കുറ്റം പറയുന്നു" എന്നു കർമ്മം രണ്ടായി. എന്നാൽ കുറ്റം പറക എന്ന വിശിഷ്ടക്രിയ സമാസമാണെന്നും കല്പിക്കാൻ പാടില്ല. "ഭാര്യയെ കുറ്റമല്ലാതെ പറകയില്ല" എന്നു പിരിച്ചും പ്രയോഗിക്കാറുണ്ട്. വേറെ ആവശ്യങ്ങൾക്കുവേണ്ടി "ശിഥില സമാസം" എന്നൊരുവക സമാസം സ്വീകരിക്കുന്നപക്ഷം ഈ വക പ്രയോഗങ്ങളെക്കൂടി അതിലുൾപ്പെടുത്താൻ വിരോധമില്ല. ഉദാ:

"എന്നെച്ചില ദുർവ്വചനങ്ങൾ ചൊന്നാൻ" മ-ഭാ.
"ഏഴമ്പു സുതനെ എയ്താൻ" ഉ-രാ.

സംസ്കൃതശൈലി അനുകരിച്ചും കവികൾ ചില ദ്വികർമ്മകപ്രയോഗങ്ങൾ ചെയ്തിരുന്നു.

"അഭിമതങ്ങളെ വസിഷ്ഠനെ പ്രാർത്ഥിച്ചു" കേ.രാ.

275 ഇതു വസിഷ്ഠനോട് എന്നു വേണ്ടതാണ്.

85. കേവലക്രിയയിൽ കർത്താ
കർമ്മമാകും പ്രയോജകേ;[5]
ഫലോപഭോക്താവല്ലെങ്കിൽ
കരണംതാൻ സകർമ്മകേ.

ഒരുവൻ ക്രിയചെയ്യുന്നു; അവനെ മറ്റൊരുവൻ അതിനു പ്രേരിപ്പിക്കുന്നു; ഇങ്ങനെ പ്രയോജകപ്രകൃതിയിലെ ക്രിയയ്ക്കു രണ്ടു കർത്താവു വന്നു ചേരുന്നു. കേവല പ്രകൃതിയിലിരിക്കുന്ന ധാതു കുറിക്കുന്ന ക്രിയയുടെ കർത്താവായ സാക്ഷാൽ കർത്താവിനു പ്രയോജ്യകർത്താവെന്നും പ്രേരണ ചെയ്യുന്നവനു പ്രയോജക കർത്താവെന്നും പേരുകൾ ചെയ്യാറുണ്ട്.

കേവലക്രിയയിലെ കർത്താവ് (പ്രയോജ്യകർത്താവ്) പ്രയോജക പ്രകൃതിയിൽ കർമ്മമായിച്ചമയും; എന്നാൽ ക്രിയ സ്വയമേ കർമ്മമുള്ളതാണെങ്കിൽ കരണമായിട്ടും വരാം. കർമ്മമോ കരണമോ എന്നു തീർച്ചപ്പെടുത്തുന്നതു് ക്രിയോപഭോഗം നോക്കീട്ടു വേണം. ക്രിയയുടെ ലൗകികമായ ഫലം- അതായതു ക്രിയകൊണ്ടുള്ള പ്രയോജനം- പ്രയോജ്യനു തന്നെയാണെങ്കിൽ അവൻ കർമ്മം; അല്ല പ്രയോജകന്നാണെങ്കിൽ കരണം.[6] ഇതു കർമ്മകരണങ്ങളുടെ ലക്ഷണംകൊണ്ടുതന്നെ സ്പഷ്ടമാണ്. വടികൊണ്ടടിക്കുന്നു എന്നിടത്ത്

[5] 'കേവലക്രിയ പ്രയോജക + പ്രകൃതിയാകുമ്പോൾ, കേവലക്രിയയുടെ കർത്താവായിരുന്നത് പ്രയോജകപ്രകൃതിയിൽ കർമ്മ കരണമോ ആവാം' എന്നു സാരം.

[6] ക്രിയയുടെ ഫലം പ്രയോജകന്നാണെങ്കിൽ പ്രയോജ്യൻ കരണമാകും —- എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 285

വടിക്ക് അടിക്കുക എന്ന ക്രിയയുടെ നടത്തിപ്പിൽ എത്രത്തോളം പ്രവൃത്തിയുണ്ടോ അത്രത്തോളമേ പ്രയോജ്യനു ക്രിയാസിദ്ധിയിൽ പ്രയോജകൻ അനുവദിക്കുന്നുള്ളു എങ്കിൽ ആ പ്രയോജ്യൻ കരണമായിട്ടു നിൽക്കും; ക്രിയാപ്രയോജനം പ്രയോജ്യനു വരണമെന്നാണ് പ്രയോജകന്റെ വിവക്ഷയെങ്കിൽ അപ്പോൾ അവൻ (പ്രയോജ്യൻ) കർമ്മമായിത്തന്നെ വരും. "ആശാൻ ശിഷ്യരെ പുസ്തകം വായിപ്പിക്കുന്നു" എന്നു ശിഷ്യരെ കർമ്മമാക്കിയാൽ ആശാനു പുസ്തകവായനയുടെ പ്രയോജനം വായിപ്പിക്കുന്നു' എന്നായാൽ ആശാൻ സ്വയമേ വായിക്കേണ്ടതിനു പകരം ആ വേല ശിഷ്യരോടു ചെയ്യാൻ ആജ്ഞാപിച്ചു എന്നു മാത്രമേ ഉള്ളു. വായനകൊണ്ടുള്ള പ്രയോജനം തനിക്കാണ്. ഉദാ:

കർമ്മമാകുന്നതിന്:

കുതിരക്കാരൻ കുതിരയെ ഓടിക്കുന്നു	(അകർമ്മകം)
വണ്ടിക്കാരൻ വണ്ടി നിറുത്തുന്നു	(അകർമ്മകം)
പിതാവു പുത്രനെ ഉത്ഭവം കാണിക്കുന്നു	(സകർമ്മകം)
രജകനെമുണ്ടു തൊടുവിക്കുന്നു	(സകർമ്മകം)
ദേവകളെ വിഷ്ണു അമൃതം കുടിപ്പിച്ചു	(സകർമ്മകം)
ദുഷ്ഷന്തനെ ശകുന്തള മോതിരസ്സംഗതി ഓർമ്മിപ്പിച്ചു	(സകർമ്മകം)
ബാലനെ കാമിനീവേഷം ചമയിച്ചു ശി-പു	(സകർമ്മകം)
സുതന്മാരെ കൃഷ്ണനെ ഭരമേൽപിച്ചു മ-ഭാ.	(സകർമ്മകം)

ഒടുവിലത്തെ ഉദാഹരണം ത്രികർമ്മകംപോലെ തോന്നും; എന്നാൽ ഇവിടെ ഭരമേൽപിക്ക എന്നതു് വിശിഷ്ടക്രിയയാണ്.

പ്രയോജ്യൻ കരമാകുന്നതിനുദാഹരണം:

വക്കീലിനെക്കൊണ്ടു വ്യവഹരിപ്പിക്കുന്നു.	
കൂലിക്കാരെക്കൊണ്ടു ചുമടെടുപ്പിക്കുന്നു.	
അവരെക്കൊണ്ടു് തണ്ടെടുപ്പിച്ചു.	ഭാഗ.
അവനെ പാമ്പിനാൽ കടിപെടുത്തു.	മ-ഭാ.

319

86. കർത്ത്യവ്യാപാരമെന്യേതാൻ
സ്വയം ക്രിയ നടക്കുകിൽ
നിഗീർണ്ണകർത്തൃകം[7] ധാതു
വേൺ കിട്ടുകയുമെന്നപോൽ;
അതിന്റെ കർത്തൃസ്ഥാനത്തെ-
യുദ്ദേശിക വഹിച്ചിടും.

[7] നിഗിരണം (ഉള്ളടക്കം) ചെയ്യപ്പെട്ട കർത്താവോടുകൂടിയത് — എന്ന് അവയവാർത്ഥം. 115-ആം കാരികയുടെ വ്യാഖ്യാനം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 329

ഒരു ക്രിയയെപ്പറ്റിപ്പറയുമ്പോൾ അതു നടത്തുന്ന ഒരു കർത്താവിന്റെ പ്രതീതി നമുക്കു സാധാരണയിൽ ഉണ്ടാകും. അതിനാലാണ് ക്രിയയെ ഫലവ്യാപാരങ്ങൾ എന്നു രണ്ടംഗമായി പിരിച്ച് കർത്തൃകർമ്മങ്ങൾക്കു ലക്ഷണം ചെയ്തത്. എന്നാൽ അപൂർവ്വം ചില ക്രിയകളിൽ കർത്താവിന്റെ യത്നം ഒന്നും ആവശ്യപ്പെടുന്നില്ല; ക്രിയ വഴിയേ വന്നുകയറി നടന്നുകൊള്ളും; അങ്ങനെയുള്ള ക്രിയയ്ക്കു നിഗീർണ്ണകർത്തൃകം എന്ന പേർ. കർത്താവിനെയോ അല്ലെങ്കിൽ കർത്തൃവ്യാപാരത്തെയോ നിഗിരണം ചെയ്യുന്ന (ഉള്ളടക്കം ചെയ്യുന്ന) ക്രിയ എന്നർത്ഥം. വേ, കിടുക എന്ന രണ്ടും ഉദാഹരണങ്ങൾ. ഇങ്ങനെ കർത്താവില്ലാതെ വരുന്ന ക്രിയകളുടെ കർത്തൃസ്ഥാനത്ത് ഉദ്ദേശികാവിഭക്തിയെ പ്രയോഗിക്കണം. ഈവക ക്രിയകളുടെ പ്രയോഗം വ്യധികരണവിധിക്കു തുല്യമാകയാൽ അതുകളുടെ ഉദാസീനനായ കർത്താവ് സ്വാമികാരമായിത്തീരുന്നതിനാൽ ഉദ്ദേശികയാണ് അതിനു വരേണ്ടത്. ഉദാ:

എനിക്ക് ഒരു ശിഷ്യനെ കിട്ടീട്ടുണ്ട്. അവന് ഉണ്ടാലുറങ്ങണം. ഉറങ്ങിയാലുണ്ണണം.

ഇവിടെ ശിഷ്യനെ സമ്പാദിക്കാൻ കർത്താവായ ഞാൻ ഒരു പ്രവൃത്തിയും ചെയ്യുന്നില്ല; ശിഷ്യൻ സ്വയമേ ഇങ്ങോട്ടു വന്നുകൂടിയതാണ്. അതുകൊണ്ട് ക്രിയ നിഗീർണ്ണ കർത്തൃകം; കർത്തൃസ്ഥാനത്തിൽ "എനിക്ക്" എന്നുദ്ദേശിക വന്നിരിക്കുന്നു. ഉണ്ണണം, ഉറങ്ങണം എന്ന ക്രിയകളിൽ ഉണ്ണുക, ഉറങ്ങുക എന്ന കർത്താവന്തർഭവിച്ചിട്ടുണ്ട് എന്നെങ്കിലും പറയാം. "കിട്ടീട്ടുണ്ട്" എന്നതിൽ അതുപോലുമില്ല.

അവന് ഒരു ഭാര്യയെ വേണം. നിനക്കു വേദനിച്ചോ?
കുട്ടികൾക്കു വിശക്കുന്നു. എനിക്കു മുഷിയുന്നു.

343 ഇത്യാദികൾ വേറെ ഉദാഹരണങ്ങൾ.[8]

87. ഉദ്ദേശികാർത്ഥം ദിദേശ-
കാലസംഖ്യാവ്യവസ്ഥകൾ,
കാലദേശപരിച്ഛേദം,
താദർത്ഥ്യാദികളും തഥാ.

ഉദ്ദേശികയ്ക്കു "സ്വാമി" എന്ന കാരകം അർത്ഥമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനു പുറമേ വേറെ ചിലയർത്ഥങ്ങളും അതിനുള്ളതിനെ ഈ സൂത്രത്തിൽ പരിഗണിച്ചിരിക്കുന്നു. ദിക്ക് ദേശം, കാലം, സംഖ്യ ഇതുകളുടെ വ്യവസ്ഥ (അവധി) കൽപ്പപ്പെടുത്തുക; ഇന്ന കാലം ദേശം എന്നു പരിച്ഛേദിച്ചു പറക; ഒന്നിനുവേണ്ടി എന്നുള്ള അർത്ഥം. ആദിശബ്ദം കൊണ്ടു വേറെയും, ചേർച്ച, ശേഷി, മിടുക്ക് ഇത്യാദ്യർത്ഥങ്ങളുള്ള പദങ്ങളോടു യോഗം ഗ്രഹിക്കണം.

ഉദാ: ഹിമവാന് തെക്ക് വിന്ധ്യനു വടക്ക് —ദിഗ്വ്യവസ്ഥ
കള്ളനെ കഴുത്തിനു പിടിക്കുന്നു —ദേശ "
പത്തുദിവസത്തിനകം —കാലം "

[8] പനിക്കുക, ദാഹിക്കുക മുതലായവയും നിഗീർണ്ണകർത്തൃകങ്ങളാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 373

ബ്രഹ്മാവിനു മുപ്പത്തേഴാമൻ ദശരഥൻ —സംഖ്യാ ”
പത്തുമണിക്കു തപാൽ വരുന്നു —കാല പരിച്ഛേദം
മുണ്ടു മുഴത്തിനു വെച്ചു മുറിക്കുന്നു —ദേശ പരിച്ഛേദം
ഊണിനു കാത്തിരിക്കുന്നു —താദർത്ഥ്യം
സീത രാമനു ചേർന്നവൾ ആകുന്നു —യോഗ്യാർത്ഥപദയോഗം
രാമൻ യുദ്ധത്തിനു ശക്തൻ —ശക്ത്യർത്ഥ ”
പിത്തത്തിനു നല്ലതു് —” ഇത്യാദി.[9] 377

88. പ്രയോജികാധാരികകൾ കൊള്ളാം നിർദ്ധാരണത്തിന്.

നിർദ്ധാരണം ഒരു കൂട്ടമായ ഇനത്തിൽനിന്നും ഏതാൻഭാഗത്തെ വേർതിരിക്കുക; ആ അർത്ഥത്തിൽ പ്രയോജികയും ആധാരികയും വരും.

ഉദാ:

തുവലാലൊന്നു പറിച്ചു	–മ.ഭാ.	തുവലിലൊന്നു പറിച്ചു.
ബ്രഹ്മസ്വത്താലൊരോഹരി	—ഉ.ഉ.	ബ്രഹ്മസ്വത്തിലൊരോഹരി.
രണ്ടാലൊന്നു്.		രണ്ടിലൊന്നു്. 391

89. ആധാരികയ്ക്കർത്ഥമാകും താരതമ്യവിവേകവും.

താരതമ്യമർത്ഥത്തിലും ആധാരിക വരും.[10] ഉദാ:

അതിൽ ശതഗുണം നന്നു്	ശി-പു.
കൃഷ്ണനിൽ മൂന്നുമാസം മൂത്തതു ബലഭദ്രൻ	മ-ഭാ.
എന്നിലും പ്രിയം ഭൂമിയോ വല്ലഭ!	കേ.രാ.

കാരകങ്ങളുടെ അർത്ഥങ്ങളെ വിവരിച്ചുകഴിഞ്ഞു; അതുകളിൽ ഉൾപ്പെടാത്ത ചില വിഭക്ത്യർത്ഥങ്ങളെയും മാതൃകയ്ക്കായിട്ടു് എടുത്തു കാണിച്ചു. ഇതിലധികം ഈ പ്രകൃതത്തെ വിസ്മരിക്കാൻ വിചാരിക്കുന്നില്ല. വിഭക്ത്യർത്ഥങ്ങളെ എല്ലാം പ്രത്യേകിച്ചെടുത്തുകാണിക്ക എന്നതു് അസാദ്ധ്യമാണ്. മിക്ക സംബന്ധങ്ങളും കാരകങ്ങളിൽ അന്തർഭവിക്കും; ശേഷമുള്ള പ്രയോഗവിശേഷങ്ങൾ പരിചയംകൊണ്ടു് നോക്കി അറിയേണ്ടതുകളാണ്. ഇനി ഈ പ്രകരണം ഉപസംഹരിക്കുന്നതിനായി കാരകങ്ങളെത്തന്നെ നിർണ്ണയിക്കേണ്ടതെങ്ങനെ

[9] ഉദ്ദേശിക സംബന്ധികാർത്ഥത്തിലും ചിലപ്പോൾ പ്രയോഗിക്കും. ‘ഇതാണ് അതിനു പൊരുൾ’, ‘ഇവനാണ് മകൾക്കു ഭർത്താവ്’’ മുതലായ പ്രയോഗങ്ങൾ നോക്കുക. ഇവിടെയെല്ലാം യോഗ്യതാർത്ഥത്തിലാണ് ഉദ്ദേശികയുടെ പ്രയോഗമെന്നു കേരളപാണിനിക്കു പറഞ്ഞുനില്ക്കാവുന്നതാണ്.

[10] താരതമ്യാർത്ഥത്തിൽ ഉദ്ദേശികയും വരുമെന്നു പറഞ്ഞു് ഗ്രണ്ടട്ട് ‘പരദേവതകൾക്കും പരദേവൻ’ ‘ഉത്തമർക്കും ഉത്തമൻ’ മുതലായ ഉദാഹരണങ്ങൾ കൊടുക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-16.tex/Line: 406

406 എന്നു പറയുന്നു.

90. വിവക്ഷപോൽ മാറിമാറി വരും കാരകജാതികൾ

രക്തസംബന്ധം മുതലായ ലൗകികസംബന്ധങ്ങളെപ്പോലെ കാരകം മുതലായ വ്യാകരണ സംബന്ധങ്ങളും വിവക്ഷാധീനങ്ങളാണ്. നാം നിന്നു നോക്കുന്ന നിലയുടെ പോക്കുപോലിരിക്കും സംബന്ധത്തിന്റെ പോക്കും. ഒരു നിലയിൽനിന്നു നോക്കുമ്പോൾ ഒരു വിധമായിത്തോന്നുന്ന സംബന്ധം വേറെയൊരു നിലയിൽ നിന്നു നോക്കുമ്പോൾ വിധം മാറിത്തോന്നും.

(1) കൈ(യിനെ) അടിച്ചു;

(2) കൈയിൽ അടിച്ചു;

(3) കൈയ്ക്കടിച്ചു എന്നു മൂന്നുവിധം പ്രയോഗം വരാം. (1)-ൽ അടിയുടെ ഫലമായ വേദന സഹിക്കുന്നത് എന്ന വിവക്ഷണയാൽ കൈ കർമ്മം; (2)-ൽ അടി ഇന്ന സ്ഥലത്താണു പെട്ടത് എന്നു കാണിക്കുന്നതിൽ ശ്രദ്ധപതിക്കയാൽ അധികരണം; (3)-ൽ അടി കൊണ്ട ആളിന്റെ ശരീരഭാഗത്തെ ചൂണ്ടിക്കാണിക്കുന്നതിനായിട്ട് ഉദ്ദേശികയെ ഉപയോഗിച്ചിരിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 2

6

തദ്ധിതപ്രകരണം

സംസ്കൃതവൈയാകരണന്മാരുടെ രീതിയനുസരിച്ച നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും വ്യുൽപ്പാദിപ്പിക്കുന്ന ശബ്ദങ്ങൾക്കു "തദ്ധിത" മെന്നും[1] കൃതിപ്രകൃതികളായ ധാതുക്കളിൽനിന്നുവ്യുൽപ്പാദിപ്പിക്കുന്നവയ്ക്കു "കൃത്" എന്നും സംജ്ഞകൾ സ്വീകരിച്ചിരിക്കുന്നു. സംസ്കൃതത്തിൽ കൃത്തദ്ധിതങ്ങൾ നാനാവിധങ്ങളായിട്ടുണ്ട്.

തദ്ധിതങ്ങൾ

(1)	ദശരഥന്റെ പുത്രൻ	—ദാശരഥി
(2)	സ്വർണ്ണംകൊണ്ടുണ്ടാക്കിയതു്	—സ്വർണ്ണമയം
(3)	വർഷത്തിൽ ഭവിക്കുന്നതു്	—വാർഷികം
(4)	ബുദ്ധിയുള്ളവൻ	—ബുദ്ധിമാൻ
(5)	മൃദുവായിരിക്കുന്നതു്	—മൃദുത്വം
(6)	വ്യാകരണമറിയുന്നവൻ	—വൈയാകരണൻ

ഇത്യാദി.

കൃത്തുകൾ

(1)	ദർശിക്കപ്പെടാവുന്നതു്	—ദൃശ്യം
(2)	ദർശിക്കുന്നവൻ	—ദ്രഷ്ടാവ്
(3)	ഏതുകൊണ്ടു ദർശിക്കുന്നുവോ അതു്	—ദൃഷ്ടി

[1] നാമങ്ങളിൽനിന്നോ ചില ഭേദങ്ങളിൽനിന്നോ നാമങ്ങൾ ഉണ്ടാക്കാനുള്ള പ്രത്യയമാണ് മലയാളത്തിൽ തദ്ധിതം. ഈ തദ്ധിതപ്രത്യയത്തിൽ അവസാനിക്കുന്ന നാമത്തെ തദ്ധിതാന്തനാമമെന്നോ തദ്ധിതനാമമെന്നോ പറയും. പൂരണിതദ്ധിതം എന്നൊരിനം കേരളപാണിനി സ്വീകരിക്കുകയും ആ തദ്ധിതാന്തങ്ങൾ ഭേദകങ്ങളായിത്തീരുകയും ചെയ്താൽ "ആം" എന്ന (ഭേദകരൂപം നിർമ്മിക്കാനുള്ള) പ്രത്യയത്തെയും തദ്ധിതമെന്നു വിളിക്കേണ്ടിവരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 48

കൃത്തുകൾ (തുടർച്ച)

(4)	ദർശിക്കുന്ന ക്രിയ	—ദർശനം
(5)	ദർശിക്കുക ശീലമുള്ളവൻ	—ദർശി

ഇത്യാദി.

ഭാഷയിൽ കൃത്തദ്ധിതങ്ങൾ വളരെ കുറവാണ്; പോരാത്തതെല്ലാം സംസ്കൃതത്തിൽ നിന്നും കടംവാങ്ങുകയാണ് പതിവ്. അതിനാൽ സംസ്കൃത സമ്പ്രദായം ഭാഷയിലും അനുസരിക്കേണ്ടിയിരിക്കുന്നു. എന്നാൽ പാണിനി തദ്ധിതത്തിൽ അവസാനം കൂടാതെ അർത്ഥങ്ങളെയും പ്രത്യയങ്ങളെയും വിധിച്ചു വലിയ കുഴപ്പം ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. "തദ്ധിതമൂഢാ വൈയാകരണാഃ" എന്നൊരു വചനം തന്നെ പറയാറുണ്ട്. കുഴപ്പം തീർപ്പാനായി തദ്ധിതങ്ങളെ ഒരുവിധം തരം തിരിച്ചു പേരുകളും സൃഷ്ടിച്ച് ഭാഷയിൽ സംഭവിക്കുന്നിടത്തോളം എണ്ണങ്ങളെ ഇവിടെ എടുത്തിരിക്കുന്നു.

1 തന്മാത്രപ്രത്യയങ്ങൾ

അനേകം ധർമ്മങ്ങളുടെ ഇരിപ്പിടമായ ഒരു ധർമ്മി(ദ്രവ്യം)യിൽ നിന്ന് ഒരു ധർമ്മത്തിൽ ഉൾപ്പെട്ട അംശങ്ങളെ തിരഞ്ഞെടുത്തു കൂട്ടത്തിൽ നിന്നു വേർപെടുത്തി തുത്തുപിടിച്ച് ഒറ്റയാക്കിക്കാണിക്കുന്നതിന് "തന്മാത്രം" എന്നു പേർ. അതുമാത്രം = തന്മാത്രം എന്ന പേരും അന്വർത്ഥമാകുന്നു. രാമൻ സുന്ദരനാണെന്നിരിക്കട്ടെ; അവനെ സുന്ദരനെന്നു വിളിക്കുന്നതു് അവന്റെ അംഗങ്ങളുടെ കിടപ്പിലുള്ള ചില വിശേഷങ്ങളാലാകുന്നു. ഈ വിശേഷങ്ങളുടെ ആകെത്തുക എടുത്താൽ അതു സൗന്ദര്യശബ്ദത്തിന്റെ അർത്ഥം തന്നെ. അപ്പോൾ സൗന്ദര്യം എന്നാൽ സുന്ദരനാകുന്നതിലേക്കു വേണ്ട സകല എണ്ണങ്ങൾ മാത്രമായി ഒരെടത്തും കാണാൻ പ്രയാസം. ഒരു ദ്രവ്യത്തിൽ മറ്റു ധർമ്മങ്ങളോടു ചേർന്നേ ഇവയ്ക്കു നിൽപാൻ ഗതിയുള്ളു. അതിനാൽ സൗന്ദര്യശബ്ദം ചെയ്യുന്നതു് സുന്ദരനിലുള്ള വണ്ണം, നീളം, നിറം, പൊക്കം മുതലായ ഉപാധികളെ ഗൗനിക്കാതെ സുന്ദരശബ്ദത്തിന്റെ പ്രവൃത്തി നിമിത്തമായ ഒരു ധർമ്മത്തെ മാത്രം ചൂണ്ടുകയാകുന്നു. സൗന്ദര്യം ഇങ്ങനെ തന്മാത്രതദ്ധിതമായിത്തീരുന്നു. സുന്ദരൻ ധർമ്മി, സൗന്ദര്യം ധർമ്മം; ഇവയെ ഗുണി എന്നും ഗുണമെന്നും വ്യവഹരിക്കാറുണ്ട്. ഈ വക രൂപം സംസ്കൃതത്തിൽ വളരെ സാധാരണമാണ്. ഓരോ ധർമ്മിക്കും തന്റെ ധർമ്മവാചകം അല്ലെങ്കിൽ തന്മാത്രരൂപം ഉണ്ട്. ഘടത്വം പടത്വം എന്നു മാത്രമല്ല, ഘടത്വത്വം, പടത്വത്വം കൂടി താർക്കികന്മാർ സ്വീകരിക്കുന്നു. എന്നുവേണ്ട, ഭാഷയിൽ ധർമ്മിക്കൊത്ത ധർമ്മമോ ധർമ്മത്തിനൊത്ത ധർമ്മിയോ[2] ഇല്ലെന്നു വരുന്നതു് അപൂർവ്വമല്ല. ഉദാ:

പ്രകൃതി	ധർമ്മം	ധർമ്മി
പുതു	പുതുമ	പുതിയ
—	അഴക്	അഴകിയ

[2] "ധർമ്മ" ത്തിന് ധർമ്മത്തെ കുറിക്കുന്ന പദമെന്നും "ധർമ്മി" ക്ക് ധർമ്മിയെ കുറിക്കുന്ന പദം എന്നുമാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്ന അർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex / Line: 96

— വടിവ് —[3]

91. ഭേദകാർത്ഥപ്രകൃതിയിൽ
"മ" തന്മാത്രാഖ്യതദ്ധിതം;
ശേഷത്തിൽ ത്തം യഥായോഗം;
പിന്നെത്തനതരാദിയും.[4]

ഗുണവാചകങ്ങളായ ശബ്ദങ്ങളാണല്ലോ ഭേദകങ്ങൾ. അങ്ങനെയുള്ള പ്രകൃതികളിൽ തന്മാത്രം എന്ന അർത്ഥം കുറിക്കുന്നതിന് "മ" എന്നു പ്രത്യയം ചേർക്കാം. ഭേദകങ്ങളിൽ ശുദ്ധം എന്നു പേരിട്ട ഇനം പ്രകൃതിരൂപങ്ങളാകയാൽ അതുകളിലെല്ലാത്തിലും "മ" പ്രത്യയം വരും. അതിനുപുറമേ നാമങ്ങളിലും ധാതുക്കളിലും ചിലതിനെ ഗുണപ്രധാനമായി വിവക്ഷിച്ച് "മ" ചേർക്കാറുണ്ട്. ഈ താൽപര്യം വരാനാണ് സൂത്രത്തിൽ "ഭേദകാർത്ഥപ്രകൃതി" എന്നു പറഞ്ഞത്. ശേഷം ഭേദകങ്ങൾക്ക് "ത്തം" എന്നു പ്രത്യയം. ഇതു സംസ്കൃതത്തിലെന "ത്വ" പ്രത്യയത്തിന്റെ തത്ഭവമാകുന്നു. അതിനെ "ത്വം" എന്നു തത്സമമായിട്ടു ഭാഷാശബ്ദങ്ങളിൽ ഉപയോഗിക്കുക ശരിയല്ല. മറുഭാഷകളിൽ നിന്നു പ്രകൃതിയെ അല്ലാതെ പ്രത്യയത്തെ കടംവാങ്ങുക സാധാരണയിൽ പതിവില്ല. മലയാളത്തിൽ "ത്വ" പ്രത്യയം കടം വാങ്ങേണ്ടി വന്നതു് തന്മാത്രപ്രത്യയങ്ങളുടെ ദുർഭിക്ഷത്താലും മലയാളികളുടെ സംസ്കൃതഭ്രമത്തിന്റെ ആധിക്യത്താലുമാണ്. തമിഴർ ഇതു കൂടാതെ കാര്യം സാധിക്കുന്നില്ലയോ? കടം വാങ്ങാൻ പുറപ്പെടുന്നവനും പണമായിട്ടു വാങ്ങി തന്റെ ആവശ്യങ്ങൾ നടത്തുകയല്ലേ അഭിമാനം? അതുകൊണ്ട് തത്സമത്തേക്കാൾ തത്ഭവത്തിനാണ് യോഗ്യത. എന്നു മാത്രമല്ല, "മമണ്ടിരേ", "പൊത്തയിത്വാ", "മാടമ്പീനാം" എന്ന മട്ടിൽ ഭാഷാപ്രകൃതികൾക്കു സംസ്കൃത രൂപനിഷാപാദനം പാടില്ലെന്നത്രേ ഇപ്പോഴത്തെ ഏർപ്പാട്. അതിനാൽ "വിഡ്ഢിത്വം", "ഭോഷത്വം" എന്നെഴുതുന്നതു് "വിഡ്ഢിത്തവും", "ഭോഷത്തവും" തന്നെ എന്നു വരും. പ്രത്യയദ്വാരിദ്യത്താൽ "തരം", തനം" എന്ന പദങ്ങളെ സമാസമായിച്ചേർത്തും തന്മാത്രതദ്ധിതത്തിന്റെ പ്രയോജനം സാധിക്കാം. തമിഴിന്റെ മട്ടാണിതു്. ഉദാ:

പുതു–പുതുമ, വെൾ–വെണ്മ, നേർ–നേർമ്മ, ചെറു–ചെറുമ, ആൺ–ആൺമ.
പഴ–പഴമ, തെളി–തെളിമ, വൻ–വന്മ, അടി–അടിമ, കോൻ–കോന്മ.[5]

മടയൻ—മടയത്തം	ചണ്ടി—ചണ്ടിത്തം
മണ്ടൻ—മണ്ടത്തം	പൊണ്ണൻ—പൊണ്ണത്തം
കള്ളൻ—കള്ളത്തനം	മുട്ടാളൻ—മുട്ടാളത്തരം
വേണ്ടാ—വേണ്ടാതനം	തണ്ടുതപ്പി—തണ്ടുതപ്പിത്തരം

[3] "വടിവ്" എന്ന ധർമ്മത്തിനൊത്ത ഒരു ധർമ്മിയില്ലല്ലോ.

[4] "ആദിയും" എന്നു പറഞ്ഞതു് കേരളപാണിനീയം (1071 M. E.) ഒന്നാംപതിപ്പിനെ അനുഗമിച്ചുകൊണ്ടായിരിക്കാം. അവിടെ "തന്റേടം" മുതലായവയെ തദ്ധിതനാമങ്ങളായി കൊടുത്തിട്ടുണ്ട്.

[5] കോയ്മ എന്നും കാണുന്ന "ന്മ" മൃദുപ്പെടുത്തിയായിരിക്കാം "യ്മ" ആക്കിയതു്. ആശായ്മ, കാരായ്മ മുതലായവയും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 135

135 സംസ്കൃതശബ്ദങ്ങളിൽ സംസ്കൃതരൂപത്തെത്തന്നെ ഉപയോഗിക്കാം:

മൃദു—മൃദുത്വം, മാർദ്ദവം, മൃദുത, മൃദിമ. സുന്ദര—സൗന്ദര്യം, സുന്ദരത്വം.
രമണീയം—രാമണീയകം, രമണീയത. വിദ്വാൻ—വൈദുഷ്യം, വിദ്വത്ത്വം.

141 "കൃതികൃത്ത്" എന്നു പറയുന്ന ഭാവാർത്ഥകകൃത്പ്രത്യയവും തന്മാത്രപ്രത്യയത്തിന് അർത്ഥം കൊണ്ടു തുല്യമായി നടക്കും:

വെളു—വെളുക്കുന്നു, വെളുപ്പ്. കറു—കറുക്കുന്നു, കറുപ്പ്.
വല്ല് — — വല്ലപ്പം. പൊങ്ങ്—പൊങ്ങുന്നു, പൊക്കം.
നീള് —നീളുന്നു, നീളം.

കൃതികൃത്ത് ക്രിയാപ്രധാനവും, തന്മാത്രതദ്ധിതം ഗുണപ്രധാനവുമാകയാൽ വാസ്തവത്തിൽ ഇവയ്ക്കു സ്വൽപം അർത്ഥഭേദം പറയണം; എങ്കിലും ഭാഷയിലെ ധാതു ക്രിയാവാചിയായിരിക്കണമെന്നു നിർബ്ബന്ധമില്ലാത്തതിനാൽ പല സ്ഥലങ്ങളിലും ഇവയ്ക്ക് അർത്ഥസാമ്യം വരുന്നു. സംസ്കൃതത്തിലും ദൈർഘ്യം, ആയാമം എന്ന ശബ്ദങ്ങളിലെപ്പോലെ ചിലെടത്തു കൃത്തദ്ധിതങ്ങൾക്കു പര്യായത കാണുന്നുണ്ട്. ഒരേ അർത്ഥത്തിൽ രണ്ടു ശബ്ദമിരുന്നാൽ അവയ്ക്കു പ്രയോഗത്തിൽ വിഷയവിവേചനം ചെയ്യുന്നതു് ഒരു ഭാഷാധർമ്മമാകയാൽ താഴെ കാണിച്ചിരിക്കുന്ന കൂട്ടങ്ങളിൽ അർത്ഥതാരതമ്യം ഊഹിക്കുക:

154

1.	നൽ —	നന്മ നലം	2.	വെൾ—	വെണ്മ വെളുപ്പ്	3.	വല്ല്—	വന്മ വല്ലപ്പം വൻപ്
4.	ചെം—	ചെമ്മ ചെപ്പ് ചെമപ്പ് ചെമ്പ്	5.	ഇള—	ഇളമ ഇളപ്പം	6.	പഴ—	പഴമ പഴക്കം

174

92. അതുള്ളതിത്യാദ്യർത്ഥത്തിൽ
അൻ തദ്വത്തെന്ന തദ്ധിതം.

അതുള്ളതു്, അതിലുള്ളതു്, അവിടെനിന്നു വരുന്നതു്, അവിടെ ജനിച്ചതു് ഇത്യാദ്യർത്ഥങ്ങൾക്കു പൊതുവേ "തദ്വത്തദ്ധിതം" എന്നു പേർ. അതിനെക്കുറിക്കുന്നതിന് "അൻ" എന്നു പ്രത്യയം. ഉദാ:

മൂപ്പ് (ഉള്ളവൻ)	= മൂപ്പൻ	നര (ഉള്ളവൻ)	= നരയൻ
കൂന് (ഉള്ളവൻ)	= കൂനൻ	പുല (ഉള്ളവൻ)	= പുലയൻ[6]
മടി (ഉള്ളവൻ)	= മടിയൻ	തെറി (ഉള്ളവൻ)	= തെറിയൻ

[6] പുലം + അൻ > പുലവൻ > പു; അയൻ — ഇങ്ങനെയാണ് രൂപപരിണാമം എന്നുമുണ്ട് ഒരു പക്ഷം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 190

ഈ "അൻ" ലിംഗപ്രത്യയം തന്നെ ആയിരിക്കണം. തമിഴിൽ "ആൻ" എന്നതും ഈ സ്ഥാനത്തു കാണുന്നുണ്ട്—ഉത്രാടത്തിൽ ജനിച്ചവൻ = ഉത്തരാടത്താൻ. ആതിരയിൽ ജനിച്ചവൻ = ആതിരയാൻ. സ്ത്രീലിംഗത്തിൽ ഇവയ്ക്ക്—ളനി, മടിച്ചി, മൂപ്പത്തി, പുലച്ചി എന്നു സ്ത്രീലിംഗരൂപങ്ങൾതന്നെ; എന്നാൽ നപുംസകത്തിൽ രൂപഭേദം ഇല്ല; പുല്ലിംഗരൂപം തന്നെ.[7]

കോട്ടാറൻ	—ചരക്ക്	കിഴക്കൻ	—കാറ്റ്
ആലങ്ങാടൻ	—ശർക്കര	തെക്കൻ	—ഭാഷ
നാലകാതൻ	—ചരക്ക്	കരയൻ	—മുണ്ട്
പരുന്തുവാലൻ	—ഓടി (വള്ളം)	ആനക്കൊമ്പൻ	—അരി

ധനി, ധനവാൻ, ധനികൻ ഇത്യാദി, സംസ്കൃതത്തിലെ തദ്ധിതങ്ങൾ, അല്പീയസ്, അല്പിഷ്ഠ, മൃദുതരം, മൃദുതമം എന്ന അതിശായനതദ്ധിതം ഭാഷയിലില്ല; അടുത്തു പറയുന്ന "നാമനിർമ്മായി" എന്നത് സംസ്കൃതത്തിലുമില്ല. 200

93. അനൾതുവെന്ന ലിംഗംതാൻ
നാമനിർമ്മായിതദ്ധിതം,
നാമാംഗാ[8]ധാരികാഭാസ-
സംബന്ധികകൾമൂന്നിലും.

അൻ, അൾ, തു എന്ന ലിംഗപ്രത്യയങ്ങൾതന്നെ പേരെച്ചം, ആധാരികാഭാസം, സംബന്ധികാവിഭക്തി ഇതുകളിൽ ചേർന്ന് അവയെ നാമങ്ങളാക്കിത്തീർക്കും. ഈ തദ്ധിതത്തിന് "നാമനിർമ്മായി" എന്നു പേർ. പേരെച്ചങ്ങളിൽ അ + അൻ = അവൻ, അ + അൾ = അവൾ എന്ന രൂപങ്ങളെ മിക്ക ദിക്കിലും, "ഓൻ", "ഓൾ" എന്നു സങ്കോചിപ്പിക്കാറുണ്ട്. ഉദാ:

ഭൂതപേരെച്ചം— കണ്ട	കണ്ടവൻ—	കണ്ടോൻ
	കണ്ടവൾ—	കണ്ടോൾ
	കണ്ടവർ—	കണ്ടോർ
	കണ്ടതു—	—
ഭാവിപേരെച്ചം— കാൺമൂ	കാൺമവൻ—	കാൺമോൻ
	കാൺമവൾ—	കാൺമോൾ
	കാൺമവർ—	കാൺമോർ
	കാൺമതു —	—

[7] നപുംസകത്തിൽ "ഇ"-യും തദ്ധിതമായി പ്രയോഗിക്കാറുണ്ട്. ഉദാ: നാല്ക്കാലി. പഴയമലയാളത്തിൽ "വില്ലി", "കൊലക്കാരി" എന്നിങ്ങനെ പുല്ലിംഗത്തിലും "ഇ" കണ്ടിട്ടുണ്ട്. തേരാളി, വില്ലാളി മുതലായവയും കാണുക.

[8] നാമാംഗം = പേരെച്ചം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 256

256

ഭാവിപേരെച്ചം—ഇരിപ്പ	ഇരിപ്പവൻ—	ഇരിപ്പോൻ
	ഇരിപ്പവൾ—	ഇരിപ്പോൾ
	ഇരിപ്പവർ—	ഇരിപ്പോർ
	ഇരിപ്പതു—	—
ഭാവിപേരെച്ചം—ചൊല്ലും	ചൊല്ലുവവൻ—	ചൊല്ലുവോൻ
	ചൊല്ലുവവൾ—	ചൊല്ലുവോൾ
	ചൊല്ലുവവർ—	ചൊല്ലുവോർ
	ചൊല്ലുവതു—	—
വർത്തമാനപേരെച്ചം—കാണുന്ന	കാണുന്നവൻ—	കാണുന്നോൻ
	കാണുന്നവൾ—	കാണുന്നോൾ
	കാണുന്നവർ—	കാണുന്നോർ
	കാണുന്നതു—	—
സ്വാർത്ഥം—പുതിയ	പുതിയവൻ—	പുതിയോൻ
	പുതിയവൾ—	പുതിയോൾ
	പുതിയവർ—	പുതിയോർ
	പുതിയതു—	—
സംബന്ധിക—എന്റെ	എന്റേവൻ, –വൾ,	—ത്
ആധാരികാഭാസം—ഇന്നത്തെ	ഇന്നത്തേവൻ,	–വൾ, –ത്

94. സംഖ്യാനാമത്തിലാമെന്നു വരും പൂരണിതദ്ധിതം.

സംഖ്യാവാചികളായ നാമങ്ങളിൽ "അതിനെ പൂരിപ്പിക്കുന്ന" എന്ന അർത്ഥത്തിൽ "ആം" 262 പ്രത്യയം വരും; ഇതിനു "പൂരണി" എന്നു പേർ.

ഉദാ: ഒന്ന്—ഒന്നാം, രണ്ട്—രണ്ടാം, നൂറ്—നൂറാം.

ഈ "ആം", "ആകും" എന്ന ഭാവിപേരെച്ചത്തിന്റെ സങ്കോചിതരൂപംതന്നെ എന്നു സ്പഷ്ടമാകുന്നു. പുല്ലിംഗവിവക്ഷയിൽ ഇതിൽ "അൻ" ചേർത്തു് ഒന്നാമൻ, രണ്ടാമൻ, എന്നു രൂപങ്ങൾ ചെയ്യാം; എന്നാൽ സ്ത്രീലിംഗത്തിൽ ഒന്നാമി, രണ്ടാമി എന്നുപറയാറില്ല. അത്തു + എ എന്നു വിഭക്ത്യാഭാസം ചേർത്തു് "ഒന്നാമത്തെ" എന്നു രൂപം സമ്പാദിച്ചതിനുമേൽ അതിൽ അടുത്തു മുൻകാണിച്ച നാമനിർമ്മായിതദ്ധിതം കൊണ്ടു് "ഒന്നാമത്തേവൻ, –വൾ, –തു" എന്നു വളച്ചുകെട്ടിയുണ്ടാക്കുന്ന രൂപം മാത്രമേ സ്ത്രീലിംഗത്തിൽ ഉപയോഗിക്കാറുള്ളു.

273 ഇനി ചുട്ടെഴുത്തുകൾക്കു പ്രത്യേകമുള്ള ചില തദ്ധിതരൂപങ്ങളെ കാണിക്കുന്നു:

95. ദേശകാലപ്രമാണാർത്ഥം കാട്ടാൻ–ഇ–എ മൂന്നിലും[9]

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-17.tex/Line: 276

വരും തദ്ധിതരൂപങ്ങൾ
അങ്ങന്നത്ര കണക്കിന്.[10]

അ, ഇ, എ എന്ന സർവ്വനാമങ്ങൾക്കു ദേശമർത്ഥത്തിൽ "ങ്ങ്" എന്നും, കാലമർത്ഥത്തിൽ "ന്ന്" എന്നും, പ്രമാണം (അളവ്) അർത്ഥത്തിൽ "ത്ര" എന്നും തദ്ധിതങ്ങൾ. 282

അങ്ങു്, അന്നു്, അത്ര, ഇങ്ങു്, ഇന്നു്, ഇത്ര, എങ്ങു്, എന്നു്, എത്ര.

"കു" പ്രത്യത്തിൽ അനുനാസികം ചേർന്നു് അങ്കു = അങ്ങു എന്നും, "റു" പ്രത്യയത്തിൽ അനുനാസികം ചേർന്നു് അന്റു = അന്നു എന്നും, തിര (= മാത്ര)എന്ന ശബ്ദം ദൃഷിച്ചു് "അത്ര" എന്നും രൂപം ഉണ്ടാകുന്നു. പഴയ മലയാളത്തിൽ അത്തിര, ഇത്തിര, എത്തിര എന്നു പൂർണ്ണരൂപം തന്നെ നടപ്പായിരുന്നു.

ങനം (= പ്രകാരം) എന്ന തമിഴ് ശബ്ദത്തിൽ "എ" എന്ന നിപാതം ചേർത്തു് അങ്ങനെ, ഇങ്ങനെ, എങ്ങനെ എന്ന രൂപങ്ങൾ ഉണ്ടായി. പൊഴുതു (= കാലം) എന്ന ശബ്ദത്തിലെ "തു" ലോപിപ്പിക്കുമ്പോൾ അപ്പോൾ, ഇപ്പോൾ, എപ്പോൾ, എന്നു രൂപങ്ങൾ സിദ്ധിക്കുന്നു.[11]

---

9 "കാട്ടാൻ അ ഇ എ മുന്നിലും"—എന്നു പദച്ഛേദം.

10 അങ്ങനത്ര കണക്കിന് = അങ്ങു്, അത്ര ഇവയെപ്പോലെ.

11 വർണ്ണവികാരപ്രകരണത്തെ 120-ആം പേജിലെ 2-ആം അടിക്കുറിപ്പു നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-18.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഭാഗം നാല്

ധാത്വധികാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

ധാത്വധികാരം

1 പ്രാരംഭം

ധാതുവെന്നാൽ ക്രിയയെക്കുറിക്കുന്ന ശബ്ദം അല്ലെങ്കിൽ പ്രകൃതി എന്നു പ്രസ്താവിച്ചിട്ടുണ്ട്; ക്രിയയുടെ സ്വഭാവവും കാരകാധികാരത്തിൽ പ്രസംഗവശാൽ വിസ്തരിച്ചിട്ടുണ്ട്; ഇനി ധാതുവിന്നു വരുന്ന രൂപഭേദങ്ങളെയാണ് ഇവിടെ ആലോചിക്കേണ്ടതു്. ക്രിയയോടു സദാ ചേർന്നുനിൽക്കുന്ന ഓരോരോ ഉപാധികളെ കുറിക്കുന്നതിനുവേണ്ടി അതതിന്റെ വാചകമായ ധാതുവിൽ ഓരോരോ വികാരങ്ങളെ ചെയ്യുന്നു; ഈ വികാരങ്ങളാണ് ധാതുവിന്റെ രൂപങ്ങൾ. ഉപാധികളെ ആദ്യംപരിഗണനം ചെയ്തിട്ട് ഓരോന്നിന്റെയും സ്വഭാവം വിവരിക്കാം. ഉപാധികളാവിതു്:

1. പ്രകൃതി, 2. സ്വഭാവം,[1] 3. കാലം, 4. പ്രകാരം, 5. പ്രയോഗം, 6. പുരുഷൻ, 7. ലിംഗം, 8. വചനം.[2]

2 പ്രകൃതി

"രാജാവു മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു" എന്നു പറയുന്നിടത്തു് വാസ്തവത്തിൽ രാജ്യഭാരം എന്ന ക്രിയ ചെയ്യുന്നതു് മന്ത്രിയാണെങ്കിലും അവന് ഈ ക്രിയയിലുള്ള കർത്തൃത്വം, നാം ഉണ്ണുമ്പോൾ നമ്മുടെ കെയ്ക്കു ചോറുവാരി വായിലിടുക എന്ന ക്രിയയിൽ ഉള്ളതുപോലെ അപ്രധാനമാകുന്നു. രാജാവിന്റെ പ്രേരണ ഇല്ലാതിരുന്നെങ്കിൽ മന്ത്രിക്ക് ഈ ക്രിയ ഒരിക്കലും നടത്താൻ കഴികയില്ലായിരുന്നു; അതിനാൽ പ്രാധാന്യം നോക്കുന്നപക്ഷം രാജാവ് ഇവിടെ കർത്താവാകുന്നു. ഈ ഉദാഹരണത്തിലെ രാജാവിനെപ്പോലെ കർത്താവിനെ

---

[1] പ്രകൃതിയും സ്വഭാവവും "പ്രയോജകപ്രകൃതി" എന്ന അദ്ധ്യായത്തിലും വിവരിച്ചിട്ടുണ്ട്.

[2] മലയാളത്തിൽ ഭൂതകാല ക്രിയകൾ എ, ഉ, ണ്ടു, ന്നു, ത്തു, ഞ്ഞു, ന്നു, ക്കു, റ്റു എന്നൊക്കെയാണല്ലൊ ആവസാനിക്കുന്നതു്. ഭൂതകാല രൂപങ്ങളുടെ ഈ ഭേദം ആസ്പദമാക്കി കൃതികളെ പതിനാറ് ഗണങ്ങളാക്കി തരംതിരിക്കാൻ ഇയ്യിടെ ചിലർ ശ്രമിച്ചുകാണുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 36

ക്രിയയിൽ പ്രവർത്തിപ്പിക്കുന്നവന് പ്രയോജകകർത്താവെന്നും, മന്ത്രിയെപ്പോലെ സാക്ഷാൽ ആ ക്രിയ ചെയ്യുന്നവന് പ്രയോജ്യകർത്താവെന്നും സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു. തനിക്കുള്ള സ്വന്തമായ അർത്ഥം ഒഴിച്ച് പ്രണ മുതലായ പ്രയോജകവ്യാപാരം എന്ന് ഒരധികാംശത്തെക്കൂടി കാണിക്കുന്ന ധാതുക്കൾ പ്രയോജകപ്രകൃതിയിൽ എന്നും വ്യവസ്ഥ. ഇങ്ങനെ ധാതുക്കൾ പ്രകൃതിഭേദംകൊണ്ടു രണ്ടുവിധം. അതിനാൽ "ഭരിക്കുന്നു" എന്നതു കേവലപ്രകൃതിയും, "ഭരിപ്പിക്കുന്നു" എന്നതു പ്രയോജകപ്രകൃതിയും ആകുന്നു.

3 സ്വഭാവം

പ്രയോജകപ്രകൃതിയുടെ അർത്ഥം സ്പഷ്ടമായി കാണ്മാനില്ലെങ്കിലും ചില കേവലധാതുക്കൾക്കു പ്രയോജകപ്രകൃതിയുടെ രൂപം കാണമാറുണ്ട്. ഇങ്ങനെയുള്ള ധാതുക്കൾക്ക് ഈ വ്യാകരണത്തിൽ "കാരിതം" എന്നു പേർ ചെയ്തിരിക്കുന്നു; അങ്ങനെ അല്ലാത്തവ "അകാരിതം" എന്നും വ്യവഹരിക്കപ്പെടുന്നു. അതിനാൽ കാരിതധാതുവെന്നാൽ സ്വാർത്ഥത്തിൽ പ്രയോജകരൂപം വരുന്ന ധാതുവെന്നു വന്നുകൂടുന്നു. പാണിനീയവ്യാകരണത്തിൽ സ്വാർത്ഥണിജന്തങ്ങൾ എന്നു പറയുന്ന ചുരാദിഗണത്തിലെ ധാതുക്കൾ ഇവയ്ക്കു സമമായിരിക്കും. കാരിതം എന്ന് ഇവയ്ക്കു ചെയ്തിരിക്കുന്ന പേരും സംസ്കൃതത്തിലെ പ്രാചീനവൈയാകരണന്മാരുടെ പ്രയോജകപ്രകൃതിക്കുള്ള സംജ്ഞ ആകുന്നു. ഒരു ധാതു കാരിതമോ അകാരിതമോ എന്നുള്ളതു ധാതുപാഠത്തിൽനിന്നുതന്നെ അറിയേണ്ടതാകുന്നു. ഈ ഭേദം സ്വരത്തിലോ, ചില്ലിലോ അവസാനിക്കുന്ന ധാതുക്കൾക്കു മാത്രമേ ഉള്ളൂ എന്നൊരു നിയമമുണ്ട്. നമ്മുടെ ജർമ്മനീയ വൈയാകരണൻ കാരിതാകാരിതങ്ങൾക്കു "ബലാബലക്രിയകൾ" എന്നു യഥാക്രമം പേർ കൊടുത്തിരിക്കുന്നു. Strong verbs and Works എന്ന വിഭാഗം ഇംഗ്ലീഷ് (grammarian) ഗ്രമേറിയന്മാരാൽത്തന്നെ അനുചിതം എന്നു ഗണിക്കപ്പെട്ടിട്ടുള്ളതാകയാലും, വിഭാഗോപാധി രണ്ടു ഭാഷകളിലും ഭിന്നമാകയാലും, ഇംഗ്ലീഷ് തർജ്ജമയായ ഈ പേരുകൾ ഒട്ടും ഭംഗിയായിട്ടില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex / Line: 52

2

കാലപ്രകരണം

കാലം ഒരു ക്രിയ നടക്കുന്ന സമയത്തെക്കുറിക്കുന്നു. കഴിഞ്ഞതു ഭൂതം; നടക്കുന്നതു വർത്തമാനം; വരാനുള്ളതു ഭാവി — ഇങ്ങനെ കാലം മൂന്ന്.

96. കാലത്തിന്നിയുമുന്നു (ഇ, ഉം, ഉന്നു)ക്കൾ
ഭൂതഭാവി ഭവത്[1]ക്രമാൽ.

ഭൂതം, ഭാവി, വർത്തമാനം എന്നു മൂന്നു കാലങ്ങളെ കുറിക്കുന്നതിൽ ഇ, ഉം, ഉന്നു എന്നു മൂന്നു പ്രത്യയങ്ങൾ മുറയ്ക്കു വരും. ഉദാ:

ധാതു		ഭൂതം	ഭാവി	വർത്തമാനം
ഇളകു്	= ചലിക്കുക	ഇളകി	ഇളകും	ഇളകുന്നു
മിന്നു്	= പ്രകാശിക്കുക	മിന്നി	മിന്നും	മിന്നുന്നു
തട്ടു്	= ഘട്ടനംചെയ്യുക	തട്ടി	തട്ടും	തട്ടുന്നു
ചിന്തു്	= ചിതറുക	ചിന്തി	ചിന്തും	ചിന്തുന്നു
കമ്മു്	= ഒന്നായിക്കടിച്ചുതിന്നുക	കമ്മി	കമ്മും	കമ്മുന്നു
ഏശു്	= പറ്റുക, ഏൽക്കുകയും	ഏശി	ഏശും	ഏശുന്നു
വിലസു്	= ശോഭിക്കുക	വിലസി	വിലസും	വിലസുന്നു

97. ധാത്വന്തം സ്വരമോ ചില്ലോ
വന്നാൽ ഭൂതം തുകാരമാം

[1] ഭവത്കാലം = വർത്തമാനകാലം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരന് വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex / Line: 82

സ്വരാന്തമായോ ചില്ലന്തമായോ ഉള്ള ധാതുവിനു ഭൂതത്തിൽ "ഇ" പ്രത്യയത്തിനു പകരം "ള്ള" പ്രത്യയമാകുന്നു.[2] ഉദാ:

തൊഴ	—തൊഴ്ളതു	
കൺ	—കൺതു = കണ്ടു	(സൂത്രം 20)
ഉൺ	—ഉൺതു = ഉണ്ടു	(സൂത്രം 20)
തിൻ	—തിൻതു = തിന്നു (അതിപ്രസരം)	(സൂത്രം 24)
തോല്	—തോല്ളു = തോറ്റു (വിനാമം)	(സൂത്രം 21)
കേൾ	—കേൾതു = കേട്ടു (വിനാമം)	(സൂത്രം 21)
വേൾ	—വേൾതു = വേട്ടു (വിനാമം)	(സൂത്രം 21)

95 പ്രത്യുദാഹരണം, വ്യഞ്ജനാന്തമായാൽ: ഇളക്—ഇളകി; പൂശ്—പൂശി.

98 (1) തു തകാരമിരട്ടിക്കും
ധാതു കാരിതമാവുകിൽ

(2a) നകാരം ചേരുമല്ലെങ്കിൽ[3]

(2b) അവ്വിലെക്കാരിതത്തിലും;[4]

(3) ധാതു താലവ്യാന്തമായാൽ
താലവ്യാദേശമോർക്കണം.
അനുനാസികമുള്ളെട-
ത്തതിപ്രസരവും തഥാ.

(4) തുകാരം ശുദ്ധമായ്ക്കാട്ടു-
മുകാരാന്തമകാരിതം.

കാരിതധാതുക്കളിൽ തു പ്രത്യയത്തിന്റെ തകാരമിരട്ടിച്ച് "ത്തു" എന്നാക്കണം; ധാതു കാരിതമല്ല, അകാരിതമാണെങ്കിൽ "ന" കാരം ചേർത്ത് "ന്തു" എന്നാക്കണം. ഓഷ്ഠ്യമായ[5] അകാരത്തിൽ അവസാനിക്കുന്ന ധാതു കാരിതമായാലും കൂടെ "ന്തു" എന്നതന്നെ പ്രത്യയം എന്നൊരു വിശേഷം. ധാതു ഒരു താലവ്യസ്വരത്തിൽ അവസാനിക്കുന്നെങ്കിൽ "ത്തു", "ന്തു" എന്നു രണ്ടുവിധമായ തു പ്രത്യയത്തിനും തവർഗ്ഗോപമർദ്ദംകൊണ്ടു മുറയ്ക്ക് "ച്ചു", "ഞ്ചു"[6] എന്ന

[2] അപ്പോൾ, പൂർണ്ണവ്യഞ്ജനാന്തധാതുക്കൾക്കാണ് ഭൂതത്തിൽ "ഇ" പ്രത്യയം എന്നു സിദ്ധിക്കുന്നു.

[3] അല്ലെങ്കിൽ = ധാതു കാരിതം അല്ലെങ്കിൽ (അതും ഉകാരാന്തമല്ലെങ്കിൽ).

[4] അവ്വിലെക്കാരിതം = ഓഷ്ഠ്യമായ അകാരത്തിൽ അവസാനിക്കുന്ന കാരിതം.

[5] ഓഷ്ഠ്യമായ അകാരത്തിന് "അവ്വ്" എന്നും താലവ്യമായതിന് "അയ്യ്" എന്നും സൗകര്യത്തിനുവേണ്ടി സംജ്ഞ ചെയ്തിരിക്കുന്നു.

[6] തവർഗ്ഗോപമർദ്ദംകൊണ്ട് "ന്തു" എന്നത് "ഞ്ചു" എന്ന് ആകുന്നു. അതു പിന്നീട് "ഞ്ഞു" എന്നാകുന്നത് അനുനാസികാതിപ്രസരം കൊണ്ടാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 126

രൂപം വരും. തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം എന്നും അനുനാസികാതിപ്രസരമെന്നും അവതാരികയിൽ പറഞ്ഞിട്ടുള്ള രണ്ടു നയങ്ങളും നോക്കുക. ഇങ്ങനെ ഇരട്ടിച്ചും നകാരം ചേർന്നും താലവ്യാദേശം വന്നും വ്യഞ്ജനാന്തധാതുക്കളിൽ അതാതു വ്യഞ്ജനത്തോടു നേരെയോ സവർണ്ണനംകൊണ്ടു് വിധം മാറിയോ ചേർന്നും "തു" പ്രത്യയത്തിനു പല മാതിരി വികാരം വരുമ്പോൾ, ഒരു വികാരവുംകൂടാതെ (ഒറ്റയായിട്ട്) ശുദ്ധമായ "തു" പ്രത്യയം ഉകാരാന്തങ്ങളായ അകാരിതങ്ങളിൽ മാത്രമേ കാണുകയുള്ളു. അകാരിതധാതുക്കൾക്കു പൊതുവേ വിധിച്ച നകാരയോഗം ഉകാരാന്തത്തിനു മാത്രമില്ല; യകാരാന്തങ്ങളിലും വികാരംകൂടാതെ കാണും. ഉദാ:

(1) കൊടു—കൊടുത്തു; ഉര—ഉരത്തു; മണ—മണത്തു; ഓർ—ഓർത്തു; കേൾ—കേൾത്തു = കേട്ടു (സവർണ്ണനം, സൂത്രം 20); ഏല്—ഏത്തു = ഏറ്റു (വിനാമക്രിയ, സൂത്രം 21).

(2) (a) ചേര്—ചേര്ന്തു = ചേർന്നു; ഇയല്—ഇയല്ന്തു = ഇയന്നു; കരള്—കരള്ന്തു = കരണ്ടു.

(b) കട—കടന്തു = കടന്നു; നട—നടന്തു = നടന്നു; പര—പരന്തു = പരന്നു.

(3) അലി—അലിഞ്ഞു-അലിഞ്ഞു; കര—കരഞ്ഞു = കരഞ്ഞു; തേ—തേഞ്ഞു = തേഞ്ഞു; അടി—അടിച്ചു; കിട—കിടച്ചു; വൈ—വൈത്തു[7] = (വെച്ചു, വച്ചു).

(4) തൊഴ—തൊഴുതു; പിഴ—പിഴുതു; പൊരു—പൊരുതു "തു" പ്രത്യയത്തിനു വേറെയും ഒരു വിശേഷമുള്ളതെന്തെന്നാൽ, 141

99. ഏകമാത്രകമായുള്ള
ക റ ടാന്തത്തിനും തുതാൻ;
അന്ത്യവർണ്ണത്തിലൊട്ടീട്ടു
കാട്ടും ദ്വിത്വഫലത്തെയും.

ഏകമാത്രകം, അതായതു് ഒറ്റ ഹ്രസ്വസ്വരം മാത്രമുള്ള ഒരു ധാതു കകാരത്തിലോ റകാരത്തിലോ ടകാരത്തിലോ അവസാനിക്കുന്നതായാൽ അതിനും "തു" പ്രത്യയംതന്നെ. ആ "തു" പ്രത്യയകാരം കകാരറകാരടകാരങ്ങളിൽ ലയിച്ചിട്ടു് അതുകൾ ഇരട്ടിച്ചതിന്റെ ഫലം ചെയ്യും എന്നുകൂടി വിശേഷം. ഉദാ:

പുക് + തു = പുക്കു	പെറ് + തു = പെറ്റു	ഇട് + തു = ഇട്ടു
മിക് + തു = മിക്കു	അറ് + തു = അറ്റു	വിട് + തു = വിട്ടു
തക് + തു = തക്കു	തറ് + തു = തറ്റു	ചുട് + തു = ചുട്ടു.

ഏകമാത്രകമല്ലെങ്കിൽ,

ഇളകു്—ഇളകി; തേക്—തേകി; തേറ്—തേറി; മാറ്—മാറി; ഓട്—ഓടി; തേട്—തേടി ഇത്യാ

[7] "വൈത്തു" എന്നു രൂപം കൊടുത്തിരിക്കുകയാൽ, "അടിത്തു" മുതലായ രൂപങ്ങളും കൊടുക്കേണ്ടതായിരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 160

ദി, മുറയ്ക്ക് ഇ എന്ന പ്രത്യയം തന്നെ.

ഈ പ്രത്യുദാഹരണത്തിൽ റകാരം ചില്ലാകയാൽ അതിനു തുപ്രത്യയമല്ലയോ വേണ്ടത്
164 എന്നു ശങ്കിക്കേണ്ട. അതിനു സമാധാനം പറയുന്നു:

100. റാവു ചില്ലല്ല കാലത്തിൽ
യാവു ചില്ലെന്നുമോർക്കണം;
രാവും ളാവും ചിലേടത്തു
ചില്ലല്ലാത്തതുപോലെയാം.

പീഠികയിൽ[8] ചില്ലകളുടെ സ്വഭാവം വിവരിച്ചിട്ടുണ്ടല്ലോ, അവിടെ യകാരത്തെ ചില്ലായിട്ടു ഗണിക്കേണ്ടുന്ന ആവശ്യം കുറയുമെന്നു പറഞ്ഞിട്ടുണ്ട്: എന്നാൽ ഭൂത"തു" കാരത്തെ സംബന്ധിച്ചിടത്തോളം യകാരവും ചില്ലുതന്നെ. അതുപോലെ റകാരം പല ദിക്കിലും ചില്ലകളുടെ കൂട്ടത്തിലാണെങ്കിലും കാലപ്രത്യയം ചെയ്യേണ്ടുമ്പോൾ അതിനെ ചില്ലായിട്ടു ഗണിക്കേണ്ട. ഇപ്പോൾ നാം റ എന്ന് എഴുതുകയുംവായിക്കുകയും ചെയ്യുന്ന വർണ്ണം പണ്ട് മധ്യമങ്ങളിൽ പരുഷോച്ചാരണമുള്ള രേഫത്തിന്റെയും, സ്പർശങ്ങളിൽ വർത്സ്യഖരമായ കാരത്തിന്റെയും ഒന്നുപോലെ ചിഹ്നമായി തീർന്നിരിക്കുന്നുവെന്ന് പീഠികയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഖരമായ റ അതായതു് ചില്ലാവുന്നതല്ല.; രേഫത്തിന്റെ പരുഷരൂപമായ സാക്ഷാൽ റ ചില്ലാണതാനും. ഇതായിരിക്കാം റകാരത്തെ ചില്ലായിട്ടും അല്ലാതെയും ഗണിക്കേണ്ടിവരുന്നതിന്റെ യുക്തി. രേഫളകാരങ്ങളെയും, ഇതുപോലെ കാലപ്രത്യയങ്ങളുടെ ഗതി നോക്കുമ്പോൾ ചില്ലാണെന്നും അല്ലെന്നും പറയേണ്ടി വരുന്നു. ചില്ലിന് "തു" പ്രത്യയവും വ്യഞ്ജനത്തിന് "ഇ" പ്രത്യയവുമാണല്ലോ വേണ്ടതു്. രേഫളകാരാന്തങ്ങളിൽ രണ്ടുവിധം രൂപവും കാണുന്നു. വാരി, കോരി എന്ന് "ഇ"; ചേർന്നു, ചോർന്നു എന്ന് "തു"; അതുപോലെ, അരുളി എന്ന് "ഇ"; ഉരുണ്ടു എന്ന് "തു"; ഇതിനു റകാരത്തിനു പറഞ്ഞതുപോലെ മതിയായ യുക്തി കാണുന്നില്ലെങ്കിലും, സ്വരാംശം ഉണ്ടെങ്കിലേ ചില്ല ചില്ലാവുകയുള്ളു എന്നു പ്രതിപാദിച്ചിട്ടുള്ളതുനോക്കുക. വേറെ യുക്തികളും ശബ്ദാൽപത്തിപ്രകരണത്തിൽ ഉപന്യസിക്കപ്പെട്ടും. ഉദാ:

റ്—		മാറ്	—മാറി	യ്—		ചെയ്	—ചെയ്തു
		കൂറ്	—കൂറി			പെയ്	—പെയ്തു
		അമറ്	—അമറി			നെയ്	—നെയ്തു
ര്—	ചില്ല്—	ചേര്	—ചേർന്നു	ര്—	വ്യഞ്ജനം—	വാര്	—വാരി
	”	നിവര്	—നിവർന്നു		”	കോര്	—കോരി
	”	കവര്	—കവർന്നു		”	ഊര്	—ഊരി
ള്—	ചില്ല്—	ഉരുള്	—ഉരുണ്ടു	ള്—	വ്യഞ്ജനം	മൂള്	—മൂളി
ള്—	ചില്ല്—	പുരള്	—പുരണ്ടു	ള്—	വ്യഞ്ജനം	അരുള്	—അരുളി
ള്—	ചില്ല്—	വരള്	—വരണ്ടു	ള്—	വ്യഞ്ജനം	കാള്	—കാളി

[8] "വർണ്ണവികാരങ്ങൾ" (3) നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 205

രേഫളകാരാന്തങ്ങളിലാണ് ഈ അവ്യവസ്ഥ അധികം കാണുന്നത് എന്നുവെച്ച് സൂത്ര ത്തിൽ ആ വർണ്ണങ്ങളെ എടുത്തുകാണിച്ചുവെന്നേ ഉള്ളൂ. ഈ മാതിരി ഗണനാഭേദത്താൽ ലകാരാന്തങ്ങളിൽ ചിലതിൽ ഒരു ധാതുവിനുതന്നെ രണ്ടു വിധ രൂപവും ഉണ്ട്. എങ്ങനെ— വെല്—വെന്നു—(വെല്ലി); ചൊല്—ചൊന്നു—(ചൊല്ലി). ഇതെല്ലാം വ്യത്യസ്തത്തിന്റെ കൂട്ട ത്തിലാണെന്നു കൽപിക്കയും ആകാം എന്നു പറയുന്നു. 205

101. ആയിപോയ് ചത്തുവെന്നല്ലാം
വ്യത്യസ്തം പലതുണ്ടിഹ

മേൽ മൂന്നുനാലുസൂത്രംകൊണ്ട് തുപ്രത്യയം ചെയ്യേണ്ട ദിക്കുകളും അതിനു വരുന്ന വികാര ങ്ങളും വിവരിച്ചതിൽ ഒന്നിലും ഉൾപ്പെടാതെ ചില വ്യത്യസ്ത രൂപങ്ങളും കാണും. എങ്ങനെ എന്നാൽ, 211

ആ—ആയി; പോ—പോയി; ചാ—ചത്തു.

എന്ന് ഏതാനും ലക്ഷ്യങ്ങൾ കാണിച്ചിരിക്കുന്നു. ഇതുപോലെ വേറെയും ഊഹിക്കുക.[9]

ഇനി വിഭക്തിക്കു പറഞ്ഞതുപോലെ ആഖ്യാതത്തിനും ചില അംഗ സംസ്കാരമുള്ളത് എടുത്തു കാണിക്കാം. 219

102. കാരിതത്തിൽ ക്കു ചേർന്നംഗം
സ്വരാദിപ്രത്യയങ്ങളിൽ;
നിത്യമാം വിധിമാർഗ്ഗത്തിൽ
നിഷേധത്തിൽ വികൽപവും.

കാരിതധാതുക്കളിൽ ഏതു പ്രത്യയം ചേർക്കയാണെങ്കിലും അതു സ്വരാദിയായാൽ "ക്ക്" എന്ന് ഇടനില ചേർത്ത് അംഗത്തെ പരിഷ്കരിക്കണം. ഇതു കാലപ്രത്യയത്തിനു മാത്രമുള്ള തല്ല; സാർവ്വത്രികമായ വിധിയാകുന്നു. ഉദാ:

ഇരി—ഇരിക്കുന്നു	ഇരിക്കും	ഇരിക്കിൻ	ഇരിക്കാൻ	ഇരിക്ക
കേൾ—കേൾക്കുന്നു	കേൾക്കും	കേൾക്കിൻ	കേൾക്കാൻ	കേൾക്ക
നട—നടക്കുന്നു	നടക്കും	നടക്കിൻ	നടക്കാൻ	നടക്ക
ഏല്—ഏല്ക്കുന്നു	ഏല്ക്കും	ഏല്ക്കിൻ	ഏല്ക്കാൻ	ഏല്ക്ക

വാക്യങ്ങളെല്ലാം പൊതുവേ രണ്ടുവിധം "ഉണ്ട്" എന്നു പറയുന്നത് വിധി മാർഗ്ഗം; "ഇല്ല" എന്നു പറയുന്നത് നിഷേധമാർഗ്ഗം. സംസ്കൃതം മുതലായ ആര്യഭാഷകളിൽ വിധിയും നി ഷേധവും കാണിക്കുന്നതിന് മാർഗ്ഗഭേദമില്ല. രണ്ടായാലും വാക്യത്തിന്റെ രചന ഒന്നുപോ ലെതന്നെ. വിധിവാക്യത്തിൽ "ന", "മാ" ഇത്യാദി നിഷേധാർത്ഥകങ്ങളായ നിപാതങ്ങൾ

[9] കോല് — കോലി, പണി—പണിതു മുതലായവ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതിക രണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 251

ചേർത്താൽ നിഷേധാർത്ഥമുണ്ടാകുന്നു. "സത്യം വദതു" എന്നു വിധി; "അസത്യം മാ വദതു" എന്ന് നിഷേധം; "ശ്രയോ ഭവിഷ്യതി" എന്നു വിധി; "ശ്രയോ ന ഭവിഷ്യതി" എന്നു നിഷേധം. മലയാളത്തിലാകട്ടെ — "സത്യം പറയട്ടെ"; "അസത്യം പറയാതിരിക്കട്ടെ"; "ശ്രയസ്സുവരും"; "ശ്രയസ്സുവരാ"; എന്നിങ്ങനെ ആഖ്യാതത്തിനുതന്നെ രൂപഭേദം വരുകയാണ്. അതുകൊണ്ട് വിധിരൂപവും നിഷേധരൂപവും ആഖ്യാതത്തിനു വേറെയുണ്ട്. അതു നിമിത്തം വാക്യത്തിനു തന്നെ വിധിമാർഗ്ഗം, നിഷേധമാർഗ്ഗം എന്നു മാർഗ്ഗഭേദം എന്നൊരു പുതിയ ഉപാധികൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. സംസാരിക്കുന്ന ഭാഷയിൽ ഇപ്പോൾ വരുന്നു, വരുന്നില്ല; വന്നു, വന്നില്ല; വരും, വരുവില്ല, വരില്ല, വരികയില്ല എന്ന മട്ടിൽ സംസ്കൃതതുല്യമായ സമ്പ്രദായം നടപ്പായിട്ടുണ്ട്. ഈ വക പ്രയോഗങ്ങളിൽ "ഇല്ല" എന്നത് സംസ്കൃതത്തിലെ ന എന്ന നിപാതത്തിന്റെ സ്ഥാനം വഹിക്കുന്നു. "വന്നു, വരാഞ്ഞു; വരും, വരാ; വന്നിട്ട്, വരാതെ" എന്ന മട്ടിൽ ധാതുരൂപങ്ങൾക്കു മിക്ക ദിക്കിലും വിധിരൂപവും നിഷേധരൂപവും വേറെ വേറെയുണ്ട്. ഈ സംഗതി നിഷേധപ്രകരണത്തിൽ വിസ്തരിക്കപ്പെടും. നിഷേധരൂപങ്ങളിൽ "ക്ക്" എന്ന അംഗപ്രത്യയം വികല്പമായിട്ടേ ഉള്ളു.

ഉദാ: കേൾ — കേളാഞ്ഞു, കേൾക്കാഞ്ഞു, കേളാതെ, കേൾക്കാതെ
നട — നടവാഞ്ഞു, നടക്കാഞ്ഞു, നടവാതെ, നടക്കാതെ

257 "ക്ക്" എന്ന ഇടനിലയുടെ സംഗതിയിൽ വേറെ ഒരുവക വികല്പം—

103. ഭാവ്യർത്ഥസ്പർശയോഗത്താ-
ലുവാനിണ്ണദിയിൽപ്പ്വും;[10]
അകാരിതത്തിലിസ്ഥാന-
ത്തതുപോലെ വകാരവും
അനുനാസികയോഗത്തിൽ
മുമാൻമിന്നെന്നു വന്നിട്ടും.[11]

ഭാവികാലത്തിന് "ഉ" എന്നു മാത്രമായിട്ടും, രൂപമുണ്ടെന്ന് ഇനി പറയും; അതും ആൻ എന്ന പിൻവിനയെച്ചവും ഇൻ എന്ന മദ്ധ്യമബഹുവചനവും മുതലായ ചില രൂപങ്ങളിൽ "ക്ക്" എന്നതിനുപകരം "പ്പ്" എന്നും ഇടനിലയാകാം. ഇതു ഭാവികാലത്തിന്റെ സ്പർശമുള്ളിടത്തേ ഉള്ളു; എന്തുകൊണ്ടെന്നാൽ വാസ്തവത്തിൽ "പ്പ്" അംഗപ്രത്യയമല്ല, ഭാവികാലത്തെ ക്കുറിക്കുന്നതാണ്. കാരിതത്തിന് "പ്പ്" പറഞ്ഞതുപോലെ അകാരിതത്തിന് വകാരം ഇടനിലയാകാം. അപ്പോൾ ധാതു അനുനാസികത്തിൽ അവസാനിക്കുന്ന പക്ഷം വു, വാൻ, വിൻ

[10] ധാതുവിനോട് ഉ, ആൻ, ഇൻ മുതലായ പ്രത്യയങ്ങൾ ചേർക്കുമ്പോൾ, ഭാവിയുടെ അർത്ഥത്തിന്റെ സ്പർശമുള്ളിടത്ത് "ക്ക"-വുനു പകരം "പ്പ്" എന്ന ഇടനിലയും വരാം — എന്നർത്ഥം. ഈ കാരികയിലും തൊട്ടു മുൻപുള്ള കാരികയിലുമായി വിധിക്കുന്ന ക്ക, പ്പ എന്നീ ഇടനിലകൾ "ക്ക്", "പ്പ്" എന്നു വ്യഞ്ജനാന്തങ്ങളാണെന്നു വിവരണത്തിൽനിന്നു സ്പഷ്ടമാകുന്നു.

[11] മു മാൻ മിൻ എന്നു വന്നിട്ടും — എന്നു പദച്ഛേദം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 282

എന്നു വകാരമല്ല മു, മാൻ, മിൻ എന്നു മകാരമാണ് എന്നൊരു വിശേഷംകൂടിയുണ്ട്. മകാരം ഇടനില തമിഴിൽ കാണാത്തതിനാൽ തമിഴിലെ വകാരത്തിനു (വണ്ണാൻ = മണ്ണാൻ) മലയാളത്തിൽ മകാരാദേശം വന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. പ, വ, രണ്ടും ഭാവികാലത്തെക്കാണിക്കുന്ന ഇടനിലയായിട്ടു തമിഴ് വൈയാകരണന്മാർ വിധിച്ചിട്ടുണ്ട്. നടവായ്, നടപ്പായ് എന്നെല്ലാം തമിഴിൽ ഇതുകൾക്കുപയോഗവും ധാരാളമാണ്. മലയാളത്തിൽ ഗ്രന്ഥഭാഷയിൽ മാത്രമേ പ്പ്, വ് എന്ന ഇടനിലകൾ നടപ്പുള്ളു. അതിനാൽ സൗകര്യം നോക്കിട്ട് ഈ ആഗമങ്ങളെ അംഗപ്രത്യയങ്ങളുടെ കൂട്ടത്തിൽ ചേർത്തതാകുന്നു. ശരിയായ ഉ എന്ന ഭാവിയിൽ ഇതിന് ഉപയോഗം നേരേ ഇല്ലെങ്കിലും പുരുഷപ്രത്യയം ചേർക്കുമ്പോൾ വരുവേൻ; വരുവാൻ, –ൾ, –ർ; നടപ്പേൻ; നടപ്പൻ, –ൾ, –ർ എന്നു പ്രയോഗം വരുന്നു. ഉദാ:

ഉ	ആൻ	ഇൻ
നട—നടപ്പു, നടക്കു;	നടപ്പാൻ, നടക്കാൻ	നടപ്പിൻ, നടക്കിൻ
ചെയ്—ചെയ്യു, ചെയ്യൂ;	ചെയ്യാൻ, ചെയ്യാൻ	ചെയ്യിൻ, ചെയ്യിൻ
കാൺ—കാൺമൂ, കാണൂ;	കാൺമാൻ, കാണാൻ	കാൺമിൻ, കാണിൻ
ഇരി—ഇരിപ്പൂ, ഇരിക്കൂ;	ഇരിപ്പാൻ, ഇരിക്കാൻ	ഇരിപ്പിൻ, ഇരിക്കിൻ
പറ—പറവൂ, പറയൂ;	പറവാൻ, പറയാൻ	പറവിൻ, പറയിൻ
തിൻ—തിന്നു, തിന്നു;	തിന്മാൻ, തിന്നാൻ	തിന്മിൻ, തിന്നിൻ

കാണുവാൻ, കാണുവിൻ, തിന്നുവാൻ, തിന്നുവാൻ എന്നും രൂപമുള്ളത് കാണും + ആൻ = കാണുവാൻ; കാണും + ഇൻ = കാണുവിൻ എന്നു ഭാവിരൂപത്തിൽ നിന്നു വിനയെച്ചപ്രത്യയവും, മധ്യമബഹുവചനപ്രത്യയവും വന്നിട്ടുള്ളതാണ്. ഇവിടെ അനുസ്വാരത്തിനു വകാരദേശം സന്ധിയിൽ പറഞ്ഞിട്ടുണ്ട്.[12] 325

104. സാർവ്വകാലികമായിട്ടും
ഭാവിതാൻ ദ്രാവിഡങ്ങളിൽ
അവധാരകയോഗത്തി-
ലുപദേശാദിയിങ്കലും
ബിന്ദുകൂടാതുകാരംതാൻ;
അപ്പോൾ ദീർഘവുമൊത്തപോൽ

ഭൂതം, ഭാവി, വർത്തമാനം എന്ന വിഭാഗംകൂടാതെ എല്ലാക്കാലത്തിലും പൊതുവായുള്ള ചില സംഗതികളും പറയേണ്ടിവരും. ഇങ്ങനെ സാർവ്വകാലികമായ സംഗതി കാണിക്കുന്നതിന് ആര്യഭാഷകൾ വർത്തമാനകാലം ഉപയോഗിക്കുന്നു; ദ്രാവിഡങ്ങളാകട്ടെ ഈ സ്ഥലത്തു ഭാവിയാണ് ഉപയോഗിക്കുന്നത്. അതിൽ ഭാവിക്കു ശീലം (പതിവ്) മുതലായ അർത്ഥത്തിലും പ്രയോഗം വരും. അതിനാൽ ഒന്നുരണ്ടർത്ഥങ്ങളിൽ മാത്രം രൂപഭേദവുമുണ്ട്. അതായതു്

[12] 9-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 341

"ഉം" എന്നതിലെ ബിന്ദു (അനുസ്വാരം) കളക. അങ്ങനെ ചെയ്യുമ്പോൾ പ്രായേണ അനുസാരലോപത്തിനു പ്രതിവിധിയായിട്ട് സ്വരം ഊ എന്നു നീട്ടാറുമുണ്ട്. ഊ എന്ന രൂപം വരുന്നത് പ്രാധാന്യേന അവധാരണമർത്ഥമായ ഏ എന്ന നിപാതത്തിന്റെ യോഗത്തിലും ഉപദേശം അർത്ഥം വിവക്ഷിക്കുമ്പോഴും ആകുന്നു. ഉദാ:

> രാമനേ രാവണനെക്കൊല്ലൂ
> ധർമ്മപുത്രർ സത്യമേ പറയൂ
> സർപ്പം വളഞ്ഞേ നടക്കൂ
> ദുഷ്ടൻ പരനെ ദ്രാഹിക്കയേ ചെയ്യൂ
> "ബ്രാഹ്മണർ പ്രദക്ഷിണം ചെയ്തുകൊൾവൂ" (കേ.ഉ.)[13]
> "കൂട്ടേണം കളവൂ പിന്നെ ശേഷം വാങ്ങു ഭവേൽ സുഖാൽ." (പരല്പേറ്)

351 ശീലാദ്യർത്ഥങ്ങൾക്ക്:

> ഇടവപ്പാതിക്കു മഴ തുടങ്ങും. പാപം ചെയ്യുന്നവർ ദുഃഖിക്കും.
> വെള്ളത്തേക്കാൾ എണ്ണയ്ക്കു കനം കുറയും.

ആര്യഭാഷകളെ അനുകരിച്ച് ഈയിടെ സാർവ്വകാലികത്തിനു വർത്തമാനകാലവും ഉപ
356 യോഗിക്കാറുണ്ട്:

> പത്തുമണിക്കു തപാൽ വരുന്നു.
> മീനം 15-ആം തീയതിക്കു പള്ളിക്കൂടം അടയ്ക്കുന്നു.
> ("അടയ്ക്കപ്പെടുന്നു" എന്നായാൽ ഒന്നുകൂടി പരിഷ്കാരമാവും.)

ശീലമർത്ഥത്തിൽ പ്രയോഗമധികം ഉം എന്ന രൂപത്തിനാകയാൽ അതിനു "ശീലഭാവി" എന്നും മറ്റതിന് "അവധാരകഭാവി" എന്നും സംജ്ഞകൾ ചെയ്യാം.

1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ

കാലപ്രത്യയങ്ങളെ വിധിക്കയും അതുകൾക്കുള്ള രൂപഭേദങ്ങളെയും പ്രധാനങ്ങളായ അർത്ഥഭേദങ്ങളെയും വിവരിക്കയും ചെയ്തല്ലോ. ഇനി കാലം, പുരുഷൻ, ലിംഗവചനങ്ങൾ തുടങ്ങിയുള്ള ഉപാധികളെപ്പറ്റിയുള്ള സിദ്ധാന്തങ്ങളെ വിമർശിക്കാം:
370

> 105. കാലവാചിപ്രത്യയാന്തം
> തനിയേ വിനയെച്ചമാം;
> പുരുഷപ്രത്യയം മീതേ
> ചേർത്താലാഖ്യാതമായ് വരും.
> ഇതത്ര രൂപനിഷ്പത്തി

[13] ഇവിടെയും അടുത്ത ഉദാഹരണത്തിലും "ഊ" എന്ന ഭാവിപ്രത്യയം പ്രയോഗിച്ചത് ഉപദേശം അർത്ഥം വിവക്ഷിച്ചുകൊണ്ടാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 377

നയം ദ്രാവിഡഭാഷയിൽ

"ക്രിയാവാചകമായ ശബ്ദം" എന്നർത്ഥത്തിൽ "കൃതി" എന്നു നാം ഇവിടെ പേരിട്ടിരിക്കുന്ന ശബ്ദവിഭാഗത്തിന് "വിന"[14] എന്നാണ് തമിഴിലെ പേർ. വിനയ്ക്കു (കൃതിക്കു) രൂപനിഷ്പത്തിക്രമം രണ്ടുതരമായി പിരിയുന്നു. (1) മുറ്റുവിന (2) പറ്റുവിന. മുറ്റിയ (പരിപൂർണ്ണമായ = പ്രധാനമായി-വിശേഷ്യമായി നില്ക്കുന്ന) വിന-മുറ്റുവിന; നേരേമേറിച്ച് പറ്റുന്ന (അർത്ഥപൂർത്തിക്കു മറ്റൊന്നിനെ ആശ്രയിക്കയാൽ അപൂർണ്ണമായ = അപ്രധാന മായി-വിശേഷണമായി നില്ക്കുന്ന)വിന-പറ്റുവിന. തമിഴിലെ പേരുകൾക്കു പകരം സംസ്കൃതസംജ്ഞകൾ വേണമെന്നു വിചാരിക്കുന്നപക്ഷം മുറ്റുവിനയ്ക്ക് അംഗിക്രിയ (അല്ലെങ്കിൽ പൂർണ്ണക്രിയ) എന്നും പറ്റുവിനയ്ക്ക് അംഗക്രിയ (അല്ലെങ്കിൽ അപൂർണ്ണക്രിയ) എന്നും നാമകരണം ചെയ്യാം. പറ്റുവിന പറ്റുന്നതു് അല്ലെങ്കിൽ അംഗമായി അന്വയിക്കുന്നതു് ഒരു നാമത്തിൽ (പേരിൽ) അല്ലെങ്കിൽ കൃതിയിൽ (വിനയിൽ) ആയിരിക്കും; അതു കൊണ്ടു പറ്റുവിനയ്ക്ക് (അംഗക്രിയയ്ക്ക്) "പേരെച്ചം" അല്ലെങ്കിൽ "നാമാംഗം" എന്നും, "വിനയെച്ചം" അല്ലെങ്കിൽ "ക്രിയാംഗം" എന്നു രണ്ടു പിരിവുകൾ. "അവൻ പറഞ്ഞ വാക്കുകേട്ട് എല്ലാവരും വിസ്മയിച്ചു" എന്ന വാക്യത്തിൽ "വിസ്മയിച്ചു" മുറ്റുവിന, അംഗിക്രിയ അല്ലെങ്കിൽ ആഖ്യാതം. "കേട്ട്" പറ്റുവിന — അതിൽ വിനയെച്ചം അല്ലെങ്കിൽ ക്രിയാംഗം. "പറഞ്ഞ" പറ്റുവിനയിലെ പേരെച്ചം അല്ലെങ്കിൽ നാമാംഗം. ഓരോ പേരുകൾക്കും പര്യായം പലതും ഉള്ളതിനാൽ അതെല്ലാം താഴെ പട്ടികയിൽ ചേർത്തു കാണിച്ചിരിക്കുന്നു:

മുറ്റുവിന — Finite Verb, ആഖ്യാതം, അംഗിക്രിയ, പൂർണ്ണക്രിയ, കരോതി

പറ്റുവിന — Participle, ആഖ്യാതകം, അംഗക്രിയ, അപൂർണ്ണക്രിയ, കുർവത്ത്.

വിനയെച്ചം — Verbal or Adverbal Participle, ക്രിയാംഗം.

പേരെച്ചം — Relative or Adjectival Participle, നാമാംഗം.

ഇവയിൽ ശരിയായ തമിഴ്പേരുകൾക്കു പുറമേ ആഖ്യാതം, അംഗിക്രിയ, അംഗക്രിയ, ക്രിയാംഗം, നാമാംഗം എന്ന സംജ്ഞകളെയും ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചുകാണും.

കാരിതാകാരിതഭേദപ്രകാരം അംഗപ്രത്യയം ചേർത്തോ ചേർക്കാതെയോ ശരിപ്പെടുത്തീട്ടുള്ള ധാതുവിൽ കാലപ്രത്യയം യോജിപ്പിച്ചാൽ ഉണ്ടാകുന്ന രൂപം വിനയെച്ചമായിരിക്കും. അതു കാലപരിച്ഛേദത്തോടുകൂടിയ ക്രിയയെ കുറിക്കുന്നു. ഇതോടുകൂടി വാക്യത്തിന് അന്വയപൂർത്തി വരുന്നു എന്നു കല്പിക്കുന്നപക്ഷം ഇതിന് ആഖ്യാതമായി നില്ക്കുന്നതിനു സ്വതന്ത്രപയോഗ്യത വേണ്ടുവോളം ഉണ്ട്; പൂർണ്ണതയ്ക്കു പ്രത്യേകം ചിഹ്നമൊന്നും ചെയ്തിട്ടില്ലെന്നേ ഉള്ളൂ. പുരുഷപ്രത്യയമാണ് അന്വയ പൂർത്തിക്കുള്ള പ്രത്യേകചിഹ്നം; അതിനാൽ കാലപ്രത്യയാന്തത്തിൽ അതുകൂടിചേർത്താൽ "ആഖ്യാതം" എന്നു പറയുന്ന പൂർണ്ണക്രിയ ഉളവാകും.

[14] "വിനൈ" എന്നു തമിഴ്രൂപം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 419

ആഖ്യാതത്തിലെ പുരുഷപ്രത്യയം കർത്താവായ പുരുഷൻതന്നെ ആകയാൽ പൊരുത്തം കൊണ്ടുരണ്ടും ഒന്നുതന്നെ എന്നുള്ള ഐക്യബോധംവഴിയായി വാക്യത്തിന് അന്വയപൂർത്തി വരുമെന്നാണ് യുക്തി. ഞാൻ ചെന്നേൻ; അവൻ ചെന്നാൻ; അവർ ചെന്നാർ, ഇത്യാദി ലക്ഷ്യങ്ങളിൽ ഞാൻ — ഏൻ; ആൻ — അവൻ; ആർ — അവർ എന്ന് ആഖ്യയും ആഖ്യാതവും തമ്മിൽ ചേർന്നന്വയിച്ച വാക്യം പൂർണ്ണമാകുന്നു. "ചെന്നു" എന്നു മാത്രമായാൽ കർത്താവിനെപ്പറ്റി ഒരറിവും അതിൽ നിന്നുണ്ടാകാത്തതിനാൽ ആകാംക്ഷ എങ്ങനെ നിലയ്ക്കും? "ഞാൻ ചെന്നു കാര്യം സാധിച്ചേൻ" എന്നും മറ്റും വേറൊരു ക്രിയയിൽ അന്വയിക്കാൻ മാത്രമേ അതിനു ശക്തിയുള്ളു. അതുകൊണ്ട് "ചെന്നു" എന്ന രൂപം വിനയെച്ചവും "ചെന്നേൻ" ഇത്യാദികൾ മറ്റുവിനയായ ആഖ്യാതവും ആകുന്നു. ഇതാണ് പുരുഷപ്രത്യയം ഉപയോഗിക്കുന്നതിൽ ദ്രാവിഡ ഭാഷകൾക്കുള്ള നയം.

419

106. മലയാളത്തിലാകട്ടെ
പുരുഷാപേക്ഷയെന്നിയേ
വിനയെച്ചമുറപ്പിച്ചാ-
ലാഖ്യാതമതുതന്നെയാം.

മലയാളമാകട്ടെ, പുരുഷപ്രത്യയങ്ങളുടെ സഹായംകൂടാതെതന്നെ ആഖ്യാതങ്ങളെ ഉണ്ടാക്കുന്നു. അതിനു യുക്തിയാവിത്: വിനയെച്ചരൂപത്തിനുതന്നെ കാലപരിച്ഛേദമുള്ളതിനാൽ പൂർണ്ണക്രിയയായിട്ടു നില്ക്കാമല്ലോ; അതു മറ്റൊന്നിന് അംഗമാണെന്നു കല്പിക്കുന്നതെന്തിന്? അപ്പുറത്തു മറ്റൊരു ക്രിയയും ചേർക്കാതെ വിനയെച്ചംകൊണ്ടുതന്നെ വാക്യം അവസാനിപ്പിച്ചാൽ അതുതന്നെ ആഖ്യാതം. കർത്താവിലും ക്രിയാപദത്തിലും ഒരേ പുരുഷനെ കാണിച്ച് പൊരുത്തം മൂലമായിട്ടേ ആകാംക്ഷാപൂർത്തി വരാവൂ എന്നില്ലല്ലോ. ഇങ്ങനെ ചെയ്യുമ്പോൾ വിനയെച്ചം വിശേഷണവും മറ്റുവിന വിശേഷ്യവും എന്നുള്ള അംഗാഗിഭാവം എങ്ങനെ സാധിക്കും എന്നൊരു ദോഷം വരും. അതിന്റെ പരിഹാരത്തിനു വിനയെച്ചരൂപം ഉറപ്പിച്ചാൽ ആഖ്യാതം, ഉറപ്പിക്കാഞ്ഞാൽ കേവലം വിനയെച്ചം തന്നെ, എന്നൊരേർപ്പാടു ചെയ്താൽ മതി. ഉറപ്പിക്കുമ്പോൾ പ്രാധാന്യത്താൽ അന്വയം അവസാനിച്ച് ക്രിയയ്ക്ക് പൂർത്തി വന്നുകൊള്ളും. ദുർബ്ബലമായിത്തന്നെ വിട്ടേച്ചാൽ പ്രാധാന്യമില്ലായ്കയാൽ അപ്പുറം വരുന്ന മറ്റൊരു ക്രിയയിൽ അന്വയിച്ച് അതിന്റെ അംഗമായി നിന്നു സാക്ഷാൽ വിനയെച്ചമായിട്ട് കലാശിച്ചുകൊള്ളും. ഉറപ്പിക്കാനുള്ള ഉപായം എന്ത്?

437

107. വിവൃതം ദീർഘയോഗ്യത്വം
പ്രാധാന്യത്തിനു ലക്ഷണം;
സംവൃതം ദ്വിത്വഹേതുത്വ-
മപ്രധാനത്വബോധകം.[15]

[15] അപ്രധാനത്വബോധകം = അപ്രാധാന്യത്തെ ബോധിപ്പിക്കുന്നതാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 451

സ്വരത്തെ വിവൃതമായിട്ടുച്ചരിക്കയും, അർത്ഥത്തിന്റെ ദാർഢ്യത്തിനും ബലത്തിനും മറ്റുംവേണ്ടി ഉചിതംപോലെ നീട്ടാവുന്ന നിലയിൽവെയ്ക്കയും ചെയ്താൽ പ്രാധാന്യത്തിനു പ്രതീതിയുണ്ടാകും. ഇതിനു വിപരീതമായിട്ടു സ്വരത്തെ സംവൃതമായിട്ടുച്ചരിക്കയും, വാക്യത്തിൽ അടുത്തു പരമായി വരുന്ന ദ്വഢാക്ഷരത്തെ ഇരട്ടിക്കുന്നതിനു പ്രകൃതസ്വരം നിമിത്തമായി വരികയുംചെയ്താൽ അപ്രാധാന്യത്തിനു പ്രതീതിയുണ്ടാകും. ഉദാഹരണത്തിന് ഭൂതകാലപ്രത്യയങ്ങളെ എടുത്തുനോക്കാം. "തു" എന്നും "ഇ" എന്നും ആണല്ലോ ആ പ്രത്യയങ്ങൾ. അതിൽ തുകാരത്തിൽ ഉള്ളതുകൊണ്ട് അതിനെ വിവൃതമായുച്ചരിച്ചാൽ കാലപ്രത്യയാന്തം ആഖ്യാതം; സംവൃതമാക്കിയാൽ വിനയെച്ചം. ഇ എന്നതിനെ അവസാനത്തിലായാൽ നീട്ടാം. വാക്യമദ്ധ്യത്തിലായാൽ അപ്പുറം വരുന്ന ദ്വഢത്തിനു ദ്വിത്വംചെയ്യാം.

ഉദാ: 1) അവൻ ഇവിടെ വന്നു പത്തുനാൾ താമസിച്ചു.

2) അവൻ അവിടെ പോയിക്കാര്യം നടത്തി

1-ൽ വന്ന് എന്നു സംവൃതം കാണുന്നതു വിനയെച്ചം; താമസിച്ചു എന്നവസാനിക്കുന്നത് ആഖ്യാതം; 2-ൽ "കാര്യം" എന്നതിലെ കകാര ദ്വിത്വത്തിനാൽ പോയി വിനയെച്ചമെന്നും, നടത്തി അവസാനത്തിലാകയാൽ ആഖ്യാതമെന്നും സ്പഷ്ടമാകുന്നു. 461

"വന്നു ശരത്സമയമംബുദമൊന്നകന്നു".

"പനിമതി മറവായീ ശംഖനാദം മുഴങ്ങീ".

ഇത്യാദികൾ ദീർഘയോഗ്യതയ്ക്കുദാഹരണം. "മറവായിശ്ശംഖനാദം" എന്നു പരദ്വിത്വം കണ്ടാൽ വിനയെച്ചമെന്നും ദീർഘം കണ്ടാൽ ആഖ്യാതമെന്നും എളുപ്പത്തിൽ ഗ്രഹിക്കാം.

പ്രകൃതനയം മുറ്റുവിനയെയും വിനയെച്ചത്തെയും മാത്രമല്ല, പൊതുവേ പറ്റുന്ന ഒരു സിദ്ധാന്തമാകുന്നു. സന്ധിയിൽ വിധിച്ചിട്ടുള്ള ദ്വിത്വത്തിനൊക്കെയും ഈ നയംതന്നെയാണ് അടിസ്ഥാനം. ഓരോ ലക്ഷണത്തിലും ഈ നയം പ്രചരിപ്പിച്ചുനോക്കുക. വിശേഷണമായ ശബ്ദമേ പരമായ ദ്വഢത്തിന്റെ ദ്വിത്വത്തിനു നിമിത്തമായിട്ടു കാണുകയുള്ളു. സംവൃതം മാത്രം ഒരിടത്തും ദ്വിത്വനിമിത്തമാകയില്ല. പ്രസംഗവശാൽ പ്രകൃതനയത്തോടു് ഏറെക്കുറെ യോജിക്കുന്ന മറ്റൊരു നയത്തെക്കൂടി ഇവിടെത്തന്നെ പ്രസ്താവിക്കാം. 475

108. അനുനാസികസംസർഗ്ഗം
സ്വാർത്ഥവിശ്രാന്തിസൂചകം;
ഖരാദേശമിരട്ടിപ്പം
പരസംക്രാന്തിചിഹ്നമാം.

ശബ്ദാന്തവ്യഞ്ജനത്തിൽ അനുനാസികം ചേർത്താൽ ആ ശബ്ദത്തിന്റെ അർത്ഥം അതിൽത്തന്നെ ലയിക്കുന്നതല്ലാതെ മറ്റൊരു ശബ്ദത്തിലേക്കു വ്യാപിക്കുന്നില്ലെന്നു കാണിക്കും; നേരെമറിച്ച്, ശബ്ദാന്തത്തിലേ വർണ്ണത്തെ ഇരട്ടിക്കയും അതു് അനുനാസികമായിരുന്നാൽ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഖരാദേശംചെയ്തു് ഇരട്ടിക്കയും ചെയ്യുന്നതു് ആ ശബ്ദത്തിന്റെ അർത്ഥം സ്വാത്മപര്യാപ്തമാകാതെ മറ്റൊരു ശബ്ദത്തിലേക്കു വ്യാപിക്കുന്നു എന്നു സൂചിപ്പിക്കും. ഇതിൽ ആദ്യത്തെ നയത്തിന് അനുനാസികസംസർഗ്ഗം എന്നും, രണ്ടാമത്തേതിന് ദ്വിത്വം മാത്രമാണെങ്കിൽ "ദ്വിത്വനയം" അല്ലെങ്കിൽ "ഖരാദേശനയം" എന്നും വ്യവഹാരസൗകര്യത്തിനുവേണ്ടി സംജ്ഞാകരണമിരിക്കട്ടെ. ഒരു ശബ്ദത്തിന്റെ അർത്ഥം സ്വാത്മവിശ്രാന്തമാകുമ്പോൾ അതിനു പരാപേക്ഷയില്ലാത്തതിനാൽ അതിനു വിശേഷ്യത സിദ്ധിക്കുന്നു. അതിനാൽ അനുനാസികസംസർഗ്ഗം ഭേദകങ്ങളെയും കൃതികളെയും നാമമാക്കാൻ ഉപയോഗിക്കാം. ദ്വിത്വഖരാദേശങ്ങൾ, മറിച്ച്, നാമങ്ങളിൽനിന്നു ഭേദകങ്ങളുണ്ടാക്കാൻ കൊള്ളാം. നാമത്തെ കൃതിയാക്കുന്നതിന് ഇതത്ര യോജിക്കുന്നതല്ല; അതിനു മാർഗ്ഗം വേറെ ഉണ്ടുതാനും. എന്നാൽ കർമ്മമില്ലാത്ത കൃതികളെ സകർമ്മകങ്ങളാക്കാൻ ദ്വിത്വഖരാദേശങ്ങൾ ഉതകും. ക്രിയ അകർമ്മകമായിരിക്കുമ്പോൾ അതിന്റെ അർത്ഥമായ ഫലവ്യാപാരങ്ങൾ കർത്താവിൽത്തന്നെ പര്യാപ്തമായി നില്ക്കുന്നു; സകർമ്മകമാകുമ്പോൾ ഫലാംശം കർമ്മത്തിലേക്കു സംക്രമിക്കുന്നു. അതുകൊണ്ടു സകർമ്മകക്രിയയ്ക്കു പരസംക്രാന്തിയുണ്ടു്. നാമങ്ങളും കർത്താവായിട്ടു നിർദ്ദേശികാവിഭക്തിയിലിരിക്കുമ്പോൾ സ്വാർത്ഥവിശ്രാന്തങ്ങളാകും; കർമ്മാദി കാരകാർത്ഥം കുറിക്കുന്നതിനു പ്രതിഗ്രാഹികാദി വിഭക്തികളിൽ വരുമ്പോൾ ആകട്ടെ സ്വാർത്ഥത്തെ മറ്റൊരു പദത്തിലേക്കു സംക്രമിപ്പിക്കുന്നു.[16] "ടാവും റാവുമിരട്ടിപ്പൂ നാമാന്തത്തിൽ യഥോചിതം" (സൂ. 58) എന്ന വിധിയുടെ യുക്തി ഇതാണെന്ന് ഇപ്പോൾ മനസ്സിലാകുന്നു, ആറ്റുവെള്ളം, ആയിരത്താണ്ടു് ഇത്യാദി സമാസങ്ങളിൽ കാണുന്ന ദിത്വവും ഈ നയം കൊണ്ടുതന്നെ വ്യാഖ്യാതമായി. വേറെയും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) ഒരു—ഭേദകം. അനുനാസികസംസർഗ്ഗത്തിൽ "ഒൻരു-ഒൻറു" എന്നു തമിഴ്; അനുനാസികാതിപ്രസരംകൊണ്ടു മലയാളത്തിൽ ഒന്നു[17] എന്നു നാമമുണ്ടായി; പിന്നീടു പേരെച്ചക്കുറിയായ അകാരം ചേർത്തു നാമത്തെ തിരിയെ ഭേദകമാക്കുമ്പോൾ ഖരാദേശത്താൽ ഒറ്റ.

2) കുറുകുന്നു, കുറുകി എന്നുള്ള കൃതിയിലെ ധാതു "കുറു" എന്നു്. അതിൽ അനുനാസികസംസർഗ്ഗംചെയ്യുമ്പോൾ "കുൻറു" [18] എന്നു നാമം., കുറുകിയ മലയാണ് കുൻറ്; അതു മലയാളത്തിൽ അനുനാസികാതിപ്രസരംകൊണ്ടു് കുന്നു്.

3) ഇളകുക—അകർമ്മകം: ഇളക്കുക എന്നു ദ്വിത്വത്തിൽ സകർമ്മകം.

4) പൊങ്ങുക—പൊക്കുക എന്നു ഖരാദേശദ്വിത്വങ്ങളിൽ സകർമ്മകം.

5) കാണുക—സകർമ്മകം: കാട്ടുക എന്നു ഖരാദേശദ്വിത്വങ്ങളിൽ ദ്വികർമ്മകം.

6) ആണ്ട്—നാമം: ആട്ടവെലി എന്നു ഖരാദേശദ്വിത്വങ്ങളിൽ ഭേദകം.

7) ചെമ്പ്—ചെപ്പുക്കുടം എന്നു ഖരാദേശദ്വിത്വങ്ങളിൽ ഭേദകം.

[16] "നാമങ്ങളും...സംക്രമിപ്പിക്കുന്നു" എന്നു് വാക്യത്തിന്റെ കർത്താവും പൂർണ്ണക്രിയയും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 517

വലിയപ്രയോജനം ഉദ്ദേശിക്കാതെ അഴകിനുവേണ്ടീട്ടും തമിഴ്മലയാളങ്ങളിൽ അനുനാസികസംസർഗ്ഗം ചെയ്യുകാണാറുണ്ട്. തെലുങ്കിൽ "മൂഡു" എന്നും, കർണ്ണാടകത്തിൽ "മൂരു" എന്നും ഉള്ള ത്രിസംഖ്യാവാചകശബ്ദം തമിഴിൽ മൂൻറു എന്നും മലയാളത്തിൽ ആ മുറപ്രകാരം മൂന്നു എന്നും അനുനാസികം വന്നിരിക്കുന്നതു നോക്കുക.

സിദ്ധാന്തവിചാരം നിറുത്തീട്ട് ഇനി പ്രകൃതമനുസരിക്കാം. ധാതുവിൽ കാലപ്രത്യയം ചേർത്താൽ അതു വിനയെച്ചമാകും; വിനയെച്ചത്തിൽ പുരുഷപ്രത്യയംചേർത്തു ദ്രാവിഡഭാഷകൾ മുറ്റുവിന ഉണ്ടാക്കുന്നു. മലയാളത്തിൽ മാത്രം പുരുഷപ്രത്യയയോജനം വേണ്ട, വിനയെച്ചത്തിനുതന്നെ ഉക്തനയപ്രകാരം ഉറപ്പു കൊടുത്താൽമതി എന്നാണല്ലോ ഇവിടെ ഉപന്യസിച്ചതു്. എന്നാൽ ഭൂതകാലത്തെ സംബന്ധിച്ചിടത്തോളമേ ഇതു ശരിയായിട്ട് അനുഭവപ്പെടുന്നുള്ളു. മലയാളത്തിൽ ഭാവികാലം പേരെച്ചരൂപമായിട്ടാണ്, വിനയെച്ചരൂപമായിട്ടല്ല ഇരിക്കുന്നതു്. വർത്തമാനത്തിലാകട്ടെ ശരിയായ ഒരു വിനയെച്ചരൂപംതന്നെ കാണുന്നില്ല. വരും എന്നു ഭാവികാലത്തിലെ ആഖ്യാതം; വരുംകാലം ഇത്യാദികളിൽ വരും പേരെച്ചമാണ്. വരുന്നു എന്നു വർത്തമാനാഖ്യാതം; വര എന്നാണു നടുവിനയെച്ചം എന്നു പറയുന്ന വർത്തമാനകാലത്തിന്റെ വിനയെച്ചം. ഭാവികാലത്തിനു പറഞ്ഞതുപോലെ പിന്നെയും വേണമെങ്കിൽ വരുന്ന എന്ന പേരെച്ചരൂപത്തോടാണ് ആഖ്യാതത്തിന് അടുപ്പമുണ്ടെന്നു വിചാരിക്കാവുന്നതു്. ഈ അവസ്ഥകൾക്ക് സമാധാനമെന്ത്? വിനയെച്ചംതന്നെയാണ് ആഖ്യാതമായിത്തീരുന്നതു് എന്ന നയത്തിന്റെ ദൂഷ്യമല്ല ഇതു്. മലയാളത്തിൽ ചില വ്യത്യസ്തങ്ങൾ സംഭവിച്ചിട്ടുള്ളതാണ് ഈ വ്യാകുലതയ്ക്കെല്ലാം കാരണം.

ഭാവികാലത്തിലെ ആഖ്യാതത്തിന്റെ അർത്ഥവും രൂപവും ദ്രാവിഡഭാഷകളിൽ പൊതുവേതന്നെ ഇന്നവിധം എന്നു ഖണ്ഡിതമായി പരിച്ഛേദിക്കത്തക്കവിധത്തിലല്ല കാണുന്നതു്. ഭാവിക്കു ശീലം, ഉപദേശം, തത്ത്വകഥനം മുതലായ അർത്ഥങ്ങളും ഉണ്ടെന്നു കാണിച്ചുവല്ലോ. അപ്പോൾ വിശേഷാർത്ഥവിവക്ഷയൊന്നുമില്ലെങ്കിൽ ഭാവിരൂപം ഭാവികാലത്തെ കുറിക്കുമെന്നേയുള്ളു. രൂപവും മലയാളത്തിൽ ഉം, ഉ എന്നു രണ്ടുവിധമുണ്ട്. രണ്ടു പ്രത്യയങ്ങൾക്കും അർത്ഥത്തിലും പ്രയോഗത്തിലും ചില ഭേദങ്ങളുള്ളതിനാൽ അതുകൾ പര്യായങ്ങളല്ല. എന്നാൽ ഇന്ന അർത്ഥവിശേഷത്തിൽ ഇന്ന രൂപം; മറ്റുള്ളിടത്തു മറ്റതു് എന്നൊരു നിയമംചെയ്യുന്നതു സുസാദ്ധ്യവുമല്ല.

ഉം എന്ന മലയാളത്തിലെ പ്രത്യയംതന്നെ പഴയ കർണ്ണാടകത്തിൽ ഭാവിപ്രത്യയമായിട്ട് (അല്ലെങ്കിൽ കണിശമായിപ്പറയുന്നതായാൽ ശീല ഭാവിപ്രത്യയമായിട്ട്) കാണുന്നുണ്ട്. അതിനു മലയാളത്തിലെപ്പോലെതന്നെ പുരുഷഭേദവും ഇല്ല. അവൻ, അവൾ, അതു, അവർ കേയുകും (= ചെയ്യും) എന്നു പ്രയോഗിക്കാം. തമിഴിലും "ചെയ്യ" എന്നനുസ്വാരമില്ലാതെ

[17] "ഒന്ന" എന്നതു് ഒണ്ണ എന്നു ഒകാരംകൊണ്ടെഴുതുകയും ഉച്ചരിക്കുകയും വേണ്ടത്താണ്. കലയാളത്തിൽ സംസ്കൃതാക്ഷരമാല സ്വീകരിച്ചപ്പോൾ ഉണ്ടായ കുഴപ്പത്തിൽ വന്ന അവ്യവസ്ഥകളിൽ ഒന്നാണിതും. ഒകാരമായാലേ ഖരാദേശത്തിൽ "റ്റ" വരികയുള്ളു. അല്ലെങ്കിൽ "ത്ത" വേണ്ടിവരും. ഉച്ചാരണവും ലിപിയും ഇപ്പോൾ മാറിപ്പോയെങ്കിലും ചരിത്രപ്രകാരം "ഒന്ന" എന്നതിലെ അനുനാസികം ഒകാരംതന്നെ എന്നു രൂപനിഷ്പത്തികൊണ്ടു തെളിയുന്നു. തമിഴിലും ഒൻരു ഒൻറു ആകുന്നതു സവർണ്ണനം കൊണ്ടാകുന്നു.

[18] ഒൻ, കൻ എന്ന ധാതുക്കളിൽനിന്നാണ് ഒന്ന്, കുന്ന് ഈ പദങ്ങളുണ്ടായതെന്ന് ഒരു വാദമുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 554

ഉത്തമൈകവചനത്തിലും "ചെയ്യം" എന്നനുസ്വാരത്തോടു കൂടിത്തന്നെ ഉത്തമ ബഹുവചനത്തിലും രൂപം കാണുന്നുണ്ട്: നാൻ ചെയ്യ = ഞാൻ ചെയ്യും; നാങ്കൾ ചെയ്യം = ഞങ്ങൾ ചെയ്യും. ചെയ്യം വന്തോം = ചെയ്യാൻ വന്നോം എന്ന് ഉം പ്രത്യയാന്തംതന്നെ വിനയെച്ചമായിട്ടും പുരാതനമായ ചെന്തമിഴിൽ അപൂർവ്വമായി പ്രയോഗിച്ചുകാണുന്നുണ്ട്. അതിനാൽ ഒരു കാലത്ത് ഉം എന്നത് തമിഴിൽ ഭാവ്യാഖ്യാതത്തിന്റെയും ഭാവിവിനയെച്ചത്തിന്റെയും പ്രത്യയമായിരുന്നിട്ടുണ്ടെന്നു തെളിയുന്നു. ഇത്രയുംകൊണ്ട് തമിഴിനെ സംബന്ധിച്ചിടത്തോളം നമ്മുടെ നയത്തിനു തെറ്റില്ലെന്നായി. മലയാളത്തിലെപ്പോലെതന്നെ പുരുഷവിഭാഗം ഗണിക്കപ്പെട്ടിട്ടില്ലായിരുന്നു എന്നൊരു അനുകൂലംകൂടി കിട്ടുകയും ചെയ്തു. കർണ്ണാടകത്തിലും തെലുങ്കിലും ഭാവിക്കു വിനയെച്ചമേ ഇല്ല. അതുകൊണ്ട് ആ ഭാഷകൾ രണ്ടിനെയുംപറ്റി ആലോചിക്കേണ്ടതില്ല.

ഉ എന്ന അനുസ്വാരമില്ലാത്ത ഭാവിപ്രത്യയം പുരുഷഭേദംകൂടാതെ മലയാളത്തിനു പുറമേ ചെന്തമിഴിലും തെലുങ്കിലും കാണുന്നുണ്ട്.

ഉം, ഉ രണ്ടും ശീലഭാവിയാണ്. ഇതിനു പുറമേ തമിഴിൽ,

	ഏ.വ.	ബ.വ.	ഏ.വ.	ബ.വ.
ഉ.പു.	ചെയ്വേൻ	ചെയ്വോം	നടപ്പേൻ	നടപ്പോം
മ.പു.	ചെയ്വായ്	ചെയ്വീർ	നടപ്പായ്	നടപ്പീർ

പ്ര പു.പും	ചെയ്വൻ	ചെയ്വർ	നടപ്പൻ	നടപ്പർ
പ്ര പു.സ്ത്രീ	ചെയ്വൾ		നടപ്പൾ	
പ്ര പു.ന.	ചെയ്വതു	ചെയ്വ	നടപ്പതു	നടപ്പ
	ചെയ്യും	ചെയ്യും	നടക്കും	നടക്കും

എന്നു പുരുഷപ്രത്യയങ്ങളോടുകൂടെ ശുദ്ധഭാവിയും ഉണ്ട്. ഇതിൽ നപുംസകത്തിൽ മാത്രം പുരുഷവചനഭേദംകൂടാതെ ചെയ്യും, നടക്കും എന്ന ശീലഭാവിരൂപംതന്നെ കവികളും പ്രയോഗിക്കാറുണ്ട്. അപ്പോൾ ശുദ്ധഭാവി, ശീലഭാവി എന്ന ഭേദം പുംസ്ത്രീലിംഗങ്ങളിലേ വകവയ്ക്കാറുള്ളു, നപുംസകത്തിലില്ല എന്നു വരുന്നു. മേൽ കാണിച്ച ഉദാഹരണത്തിൽ ചെയ്യ് അകാരിതവും നട കാരിതവും ആകുന്നു. അതിൽ ധാതുവും പുരുഷപ്രത്യയവും കഴിച്ചാൽ കാണുന്ന ഭാഗം മുറയ്ക്ക് വ്വ്, പ്പ്, എന്നു മാത്രമാണ്. അതിനാൽ ശുദ്ധഭാവിയുടെ പ്രത്യയം അകാരിതങ്ങളിൽ വ്വ് എന്നും കാരിതങ്ങളിൽ പ്പ് എന്നുമാണെന്നു നിശ്ചയിക്കാം, പ, വ രണ്ടും എതിർകാലത്തെ (ഭാവിയെ) കുറിക്കുന്ന ഇടനിലകളാണെന്നു നന്നൂലിലും പറഞ്ഞിട്ടുണ്ട്. എന്നാൽ വകാരപകാരങ്ങൾ മുറയ്ക്ക് അകാരിതത്തിനും കാരിതത്തിനും വരുന്നവയാകയാൽ അതുകൾ "ക്ക്" പോലെ അംഗപ്രത്യയങ്ങളാണെന്നു കല്പിക്കുന്നതിനാലാണ് അധികം ന്യായം. കാൽഡ്വല്ലും അങ്ങനെതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹം ഒരു പടികൂടി കടന്ന് "അറിവ്", "പഠിപ്പ്" ഇത്യാദി കൃതികൃത്തുകളിൽത്തന്നെ പുരുഷപ്രത്യയം ചേർത്ത് ഉണ്ടാക്കുന്നതേയുള്ളു ശുദ്ധഭാവിരൂപങ്ങൾ, (അറിവ് + ഏൻ = അറിവേൻ; പഠി

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 615

പ്പ് + അർ = പഠിപ്പർ) എന്നു സിദ്ധാന്തിക്കുന്നു. ഇതിനു വേണ്ടുന്ന യുക്തികളുമുണ്ട്. ഈ ശുദ്ധഭാവിക്ക് എതിരായിട്ട് ഒരു പേരെച്ചമില്ല. ഉം എന്ന ശീലഭാവിരൂപം തന്നെയാണു പേരെച്ചത്തിന്; ഉദാ: വരുംകാലം. ഭാവിയുടെ രൂപത്തിലും അർത്ഥത്തിലും അനിശ്ചയങ്ങളും അവ്യവസ്ഥകളും വരാനുള്ള കാരണവും ഈ ഉത്ഭവസ്വാഭാവംതന്നെ ആയിരിക്കണം. ക്രിയാനാമത്തെ പിടിച്ച് ആഖ്യാതമാക്കിയാൽ അതിന് അർത്ഥത്തിൽ എങ്ങനെ നിശ്ചയവും ഖണ്ഡിതത്വവും വരും? കാലം പരിച്ഛേദിപ്പാൻ ഒരു പ്രത്യയമില്ലല്ലോ. ഇങ്ങനെ ഒക്കെ ആയിരിക്കാം സായ്പിന്റെ മനോഭാവം. അദ്ദേഹം ചെയ്ത തീരുമാനത്തിൽ എനിക്കു വളരെ ഭക്തിബഹുമാനങ്ങളുണ്ടെങ്കിലും ഈ സംഗതിയിൽ അദ്ദേഹത്തോടു യോജിക്കാൻ മനസ്സുവരുന്നില്ല. ഒന്നാമത്, ക്രിയാനാമങ്ങളുടെ രൂപം പലവിധമാകയാൽ കാൽഡ്വെൽ വിചാരിക്കുന്നിടത്തോളം ലഘുവല്ല രൂപനിഷ്പത്തി. രണ്ടാമത് അംഗപ്രത്യയമാണെങ്കിൽ കാരിതത്തിന് "ക്ക്" അല്ലയോ പതിവ്. "പ്പ്" എന്തിന്? അതുപോലെ അകാരിതങ്ങൾക്ക് അംഗസംസ്കാരം താലവ്യത്തിനു യകാരവും ഓഷ്ഠ്യത്തിനു വകാരവും ആണല്ലോ പതിവ്. സർവ്വത്ര വകാരം ഭേദംകൂടാതെ വരുന്നതിനു ന്യായമുണ്ടോ? മൂന്നാമത്, ശീലഭാവിക്കായിരുന്നു ഈവിധം രൂപനിഷ്പത്തി എങ്കിൽ അർത്ഥം അനിർണ്ണീതമായിരിക്കുന്നതു യോജിക്കുമായിരുന്നു; ശുദ്ധഭാവിക്ക് അർത്ഥം ഖണ്ഡിതമാണെല്ലോ. നാലാമത്, ഒടുവിൽ ശുദ്ധഭാവിക്ക് എതിരായ പേരെച്ചം ഇല്ലെന്നും പറഞ്ഞുകൂടാ; "ചെയ്യ, നടപ്പ" എന്നു പേരെച്ചം ചെന്തമിഴിൽ അപൂർവ്വമായിട്ടെങ്കിലും ഉണ്ട്. അറിവോൻ, ഇരിപ്പോൻ എന്നു പേരെച്ചനാമങ്ങൾ നടപ്പില്ലയോ? മലയാളത്തിൽ പ്രത്യേകിച്ച് "സർവ്വജ്ഞനായിരിപ്പോരു ശങ്കരാചാര്യർ" ഇത്യാദികളിൽ "ഇരിപ്പോരു" (ഇരിപ്പ + ഒരു) എന്നതു ശരിയായ പേരെച്ചംതന്നെയാണ്. അതിനാൽ എന്റെ താഴ്മയായ അഭിപ്രായത്തിൽ ചെയ്യ, നടപ്പ എന്ന് അനുസ്വാരമില്ലാത്ത അവധാരകഭാവിയിൽ മുറയ്ക്ക് പുരുഷപ്രത്യയം ചേർത്തിട്ടുള്ളവതന്നെയാണ് ചെയ്യേൻ, ചെയ്യായ് മുതലായ ശുദ്ധഭാവിരൂപങ്ങൾ എന്നു കല്പിക്കുന്നതിനാണ് അധികം ന്യായവും സംഭാവ്യതയും. വരൂ, ഇരിപ്പൂ എന്നു മലയാളത്തിൽ നീട്ടാറുള്ള ഉകാരം വെറും സംവൃതംപോലെ ലോപിക്കുന്നതു ശരിയല്ലെന്നും വിചാരിപ്പാനില്ല. ഭൂത"തു" കാരത്തിന്റെ സ്ഥിതിയും എന്നാൽ ഒന്നുപോലെയാണല്ലോ. തൊഴുതു + ഏൻ = തൊഴുതേൻ എന്ന പോലെതന്നെ ഇരിപ്പ + ഏൻ = ഇരിപ്പേൻ എന്നും. രണ്ടിലെ ഉകാരത്തെയും മലയാളത്തിൽ ഉറപ്പിനുവേണ്ടി നീട്ടാറുണ്ടെന്നേ ഉള്ളൂ.

ഈ വിമർശംകൊണ്ടു സിദ്ധിച്ചതെന്തെന്നാൽ—(1) (വു, പ്പ എന്ന്) ഉ. (2) ഉം എന്നു രണ്ടെണ്ണം തന്നെയാണു തമിഴിലും ഭാവിപ്രത്യയം. പുരുഷപ്രത്യയം ചേർക്കുമ്പോൾ ഉകാരം ലോപിച്ചു പോകുന്നതിനാൽ തമിഴ് വൈയാകരണന്മാർ വകാരപകാരങ്ങളെ മാത്രം ഭാവിചിഹ്നങ്ങളായിട്ടു ഗണിച്ചു. നാമാകട്ടെ ഉ എന്ന സ്വരത്തെ പ്രത്യയമാക്കീട്ട് വകാരപകാരങ്ങളെ ഭാവിക്കു പ്രത്യേകമായുള്ള ഇടനിലകൾ എന്നു കല്പിച്ചു എന്നേ ഭേദമുള്ളൂ. "ഉം" തമിഴിൽ നപുംസകത്തിനു മാത്രമേ ഉള്ളൂ; അതിനു വചനഭേദം വേണ്ടതാനും. ലിംഗപുരുഷവചനഭേദത്തിൽ വൈരസ്യമുള്ള മലയാളം വചനഭേദമില്ലാത്ത ഈ ഉംപ്രത്യയത്തെ പ്രധാനമായ ഭാവിപ്രത്യയമായിട്ടു സ്വീകരിച്ചു; ചില അർത്ഥവിശേഷങ്ങളിൽ ഉ പ്രത്യയത്തേയും പുരുഷഭേദം കൂടാതെ ഉപയോഗിക്കാറുണ്ട്; പുരുഷഭേദം വിവക്ഷിക്കയാണെങ്കിൽ തമിഴിലെപ്പോ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 635

ലെ ആവക പ്രത്യയങ്ങളെ ഉപ്രത്യയാന്തത്തിൽത്തന്നെ[19] ചേർക്കണം. അറിവു + ഏൻ = അറിവേൻ; നടപ്പ + ആർ = നടപ്പർ, അറിയും + ഏൻ = അറിയുവേൻ, നടക്കും + ആർ = നടക്കുവർ എന്ന് ഉം പ്രത്യയാന്തത്തിന്മേൽ പുരുഷയോഗം ആദ്യകാലത്തുണ്ടായിരുന്നതായി കാണുന്നില്ല. ഇപ്പോൾ ആ മാതിരിയിലും പ്രയോഗം നടപ്പായിട്ടുണ്ട്. വിനയെച്ചമുണ്ടാക്കുന്നതാകട്ടെ ആഖ്യാതരൂപം രണ്ടാലൊന്നിൽ "ആൻ" എന്നു ചേർത്തിട്ടാണ്. അറിവു + ആൻ = അറിവാൻ; അറിയും + ആൻ = അറിയുവാൻ. വെറും ധാതുവിൽനിന്ന് അറി + ആൻ = അറിയാൻ എന്നുംകൂടി ഇപ്പോൾ രൂപമേർപ്പെട്ടിട്ടുണ്ട്. നടപ്പ + ആൻ = നടപ്പാൻ; നടക്കും + ആൻ = നടക്കുവാൻ; നട + ആൻ(ക്കു് ഇടനിലചേർന്ന്) = നടക്കാൻ ഇങ്ങനെ രൂപനിഷ്പത്തി വന്നിരിക്കുന്ന നില നോക്കുമ്പോൾ ഭൂതത്തിനു വിപരീതമായിട്ടു ഭാവിയിൽ ആഖ്യാതത്തിൽ നിന്നാണു വിനയെച്ചത്തിന്റെ ഉൽപ്പത്തിയെന്നു സമ്മതിക്കേണ്ടിവരുന്നു.

ഈ "ആൻ" എന്നതിന്റെ ആഗമം എന്തായിരിക്കും? ഭവനന്ദി ഇതിനെ "വാൻ-പാൻ" എന്നു വിനയെച്ചപ്രത്യയമായി ഗണിച്ചിട്ടുണ്ട്. കാൽഡ്വെല്ലിന്റെ അഭിപ്രായത്തിൽ ഇതു പലൻ, കടൻ ഇത്യാദികളിൽ അം എന്നും അതു എന്നും ഉള്ള നപുംസകൈകവചനപ്രത്യയത്തിന്റെ സ്ഥാനത്തു കാണുന്ന അൻ നീട്ടിയതാണെന്നാകുന്നു. അതുതന്നെ ആൻ എന്നു നീളാമെന്നതിലേക്ക് അദ്ദേഹം ഇരുപതു = എട്ടു = ഇരുപത്തെട്ടു എന്നതിനു പകരം "ഇരുപാനെട്ടു" എന്നു തമിഴ്ഭവികൾ ചെയ്യുന്ന പ്രയോഗത്തെയും ലക്ഷ്യം കാണിക്കുന്നു.

വർത്തമാനകാലത്തിൽ വിനയെച്ചം തെലുങ്കിലും കർണ്ണാടകത്തിലും മാത്രമേ ഉള്ളു. ആ ഭാഷകളിൽ വിനയെച്ചരൂപത്തിൽനിന്നുതന്നെയാണ് ആഖ്യാതം ഉണ്ടാകുന്നത്. എങ്ങനെ എന്നാൽ,

ഭാഷ	വിനയെച്ചം	മുറ്റുവിന
തെലുങ്ക്	ചേസ്തു	ചേസ്താനു
കർണ്ണാടകം	മാഡുത്ത	മാഡുത്തേനേ (ആധുനികം)

ഭൂതഭാവികളിലേപ്പോലെ ഈ വർത്തമാനകാലത്തിലെ വിനയെച്ചത്തെ ഈ ഭാഷകൾ രണ്ടും ധാരാളമായി ഉപയോഗിക്കാറുമുണ്ട്. ഉദാ:

1. തെലുങ്ക്: ആയന ഭോജനമു ചേസ്തു ആ സംഗതിനി ഗുരിംചി നാതോ മാട്ളാഡിനാഡു.
2. കർണ്ണാടകം: അവനു ഭോജന മാഡുത്ത ആ സംഗതിയന്നു കുറിഞ്ഞു നന്ന പുത്തിര മാതാഡിദനു.
3. മലയാളം: അവൻ ഭോജനംചെയ്തുകൊണ്ട് (ഇരിക്കവേ) ആ സംഗതിയെക്കുറിച്ച് എന്നോടു സംസാരിച്ചു.
4. സംസ്കൃതം: സ ഭോജനം കുർവൻ കമർത്ഥമധികൃത്യ മാമഭാഷിഷ്ട.

[19] ഉപ്രത്യയാന്തത്തിൽ = ഉ എന്ന പ്രത്യയത്തിന്റെ അവസാനത്തിൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 663

ഇതിൽ വർത്തമാനവിനയെച്ചത്തിന്റെ പ്രയോഗം ശരിയാണെന്നു സംസ്കൃതതർജ്ജമ നോക്കിയാൽ സ്പഷ്ടമാകും. മലയാളത്തിൽ ഈ വിനയെച്ചമില്ലാത്തതിനാൽ വിവക്ഷിതാർത്ഥം വരുത്താൻ "കൊൾ" എന്ന മറ്റൊരു ധാതുവിന്റെ അനുപ്രയോഗത്തുകൂടെ മുൻവിനയെച്ചംതന്നെ ഉപയോഗിക്കേണ്ടിവന്നിരിക്കുന്നു. തമിഴിലും ഇതുതന്നെ ഗതി.

തമിഴിലും മലയാളത്തിലും വർത്തമാനകാലത്തിനു വിനയെച്ചം ഇല്ലാതെ പോയതെന്തുകൊണ്ട്? വിശേഷ്യക്രിയയ്ക്കു മുൻപു നടന്ന ക്രിയയെ മുൻവിനയെച്ചവും, പിൻപു വരാൻപോകുന്നതിനെ പിൻവിനയെച്ചവും കാണിക്കുന്നു. നടുവിനയെച്ചം (വർത്തമാനവിനയെച്ചം) അപ്പോൾ വിശേഷ്യക്രിയയോടു സമകാലമായ ക്രിയയെ വേണം കാണിപ്പാൻ. ഏകകാലത്തിൽ രണ്ടുക്രിയകൾ നടക്കുക അപൂർവ്വമാണ്. സംസ്കൃതത്തിലെ സ്ഥിതിയും ഇതുപോലെതന്നെയാണ്. മുൻവിനയെച്ചത്തിന്റെ സ്ഥാനത്തു് "ക്ത്വാ" വും പിൻവിനയെച്ചത്തിന്റെ സ്ഥാനത്തു "തുമ്" നും ഉണ്ട്; നടുവിനയെച്ചത്തിന്റെ സ്ഥാനത്തൊന്നുമില്ല. ലാദേശങ്ങളായ ശതൃശാനച്ചുകൾക്കാകട്ടെ ദ്രാവിഡത്തിലെ പേരെച്ചത്തിന്റെ നിലതന്നെ. "ഭോജനം കുർവൻ" എന്നു മുൻ കാണിച്ച ഉദാഹരണത്തിൽ ശതൃപ്രത്യാന്തം തൽക്കാല വിശേഷണമായിട്ടുപയോഗിച്ച പേരെച്ചമെന്നേ ഉള്ളു. ദ്രാവിഡങ്ങളിൽ വിനയെച്ചം വിനയ്ക്കും പേരെച്ചം പേരിനുംതന്നെ വിശേഷണമാകണം; മറിച്ചു പാടില്ല. ഈ വിധമായിരിക്കാം തമിഴ്മലയാളങ്ങളിൽ ശരിയായ നടുവിനയെച്ചം ഇല്ലാതെപോയതു്.

എന്നാൽ തമിഴിലും മലയാളത്തിലും വർത്തമാനാർത്ഥകമായ ഒരു വിനയെച്ചമില്ലെന്നു ഖണ്ഡിച്ചു പറവാൻ എനിക്കു സമ്മതം വരുന്നില്ല. 678

ഈ ഗ്രന്ഥം മേൽ പോകപ്പോക ലളിതമാണ്.
സുകുമാരം ഇരിക്കയിരിക്ക ഗുണം കൂടുന്ന ഒരു ഘൃതമാണ്.
"വരവര മാമനാർ കഴുതപോലെ."

ഈ ഉദാഹരണങ്ങളിൽ കാണുന്ന വിനയെച്ചം മുറ്റുവിനയ്ക്കു സമകാലമായ ക്രിയയെ കുറിക്കുന്നില്ലയോ? ഇതു തമിഴ് വ്യാകരണപ്രകാരം നടുവിനയെച്ചരൂപവുമാണ്. എന്നാൽ ഇതിനെതിരായിട്ടും ഇതിൽനിന്നുത്ഭവിച്ചതായിട്ടും ഒരു മുറ്റുവിന കാണുന്നില്ല. അപ്പോൾ ഒരുവിധം വിനയെച്ചമുണ്ടെന്നു സമ്മതിച്ചാലും അതിനെതിരായ മുറ്റുവിന ഇല്ലാത്തതിനെന്തുചെയ്യാം? അതും ഉണ്ടെന്നുതന്നെ ഞാൻ പറയുന്നു. 688

എണ്ണാ...! ക്ഷേമം താനാ? ഇരുക്കേൻ.
ഏൻ! തേമേൻ ഇരുക്കായ്? ഇല്ലെ; കാര്യമിരുക്ക്.

തമിഴിലെ ഈ സംഭാഷണം നോക്കുക. ഇതിൽ ഇരുക്കേൻ, ഇരുക്കായു്, ഇരുക്ക് എന്ന രൂപങ്ങൾ ഏതുകാലത്തിലുള്ളവയാണ്? ഇതുകളുടെ കാലം ഭൂതവുമല്ല, ഭാവിയുമല്ല, വർത്തമാനവുമല്ല. കാലത്രയത്തിനു പൊതുവേ ഉള്ളതോ അല്ലെങ്കിൽ കാലോപാധിയില്ലാത്തതോ ആയ ഒരു മുറ്റുവിനയാണിതു്. ഈ മുറ്റുവിനയുടെ വിനയെച്ചമാണ് വര, പോക, ഇരിക്ക എന്നു മുൻകാണിച്ച രൂപങ്ങൾ, അപ്പോൾ ഇരുക്ക + ഏൻ = ഇരുക്കേൻ എന്നു വിനയെച്ചത്തിലേ അകാരം ലോപിപ്പിച്ചു് പുരുഷപ്രത്യയം ചേർത്താൽ മുറ്റുവിനയുണ്ടാകുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 702

ഈ മാതിരി മുറ്റുവിനകൾ പുംസ്ത്രീലിംഗങ്ങളിൽ വളരെ അപൂർവ്വമാണെങ്കിലും നപുംസകത്തിൽ ചിലപ്പോൾ ഗ്രഹ്യഭാഷയിൽ ഉപയോഗിക്കാറുണ്ട്. ഇതിന് "അകാലികാഖ്യാതം" എന്നോ "അഖണ്ഡിത കാലാഖ്യാതം" എന്നോ തമിഴിൽ "നടുമുറ്റുവിന" എന്നോ നാമകരണംചെയ്യാം. ഈ യുക്തിപ്രകാരം നടുവിനയെച്ചത്തിനെതിരായി ഒരു നടുമുറ്റുവിനയും കിട്ടി. വർത്തമാനകാലം അല്ലെങ്കിൽ നികൾകാലം എന്നുള്ളതിനാണ് വിനയെച്ചം ഇല്ലാത്തത്.

ഇനി വർത്തമാനാഖ്യാതത്തിന്റെ ചരിത്രം ഒന്നാരാഞ്ഞുനോക്കുക തന്നെ.[20] പോകിറാൻ — പോകിൻറാൻ; നടക്കിറാൻ-നടക്കിൻറാൻ എന്നു തമിഴിൽ ഇപ്പോൾ കാണുന്ന വർത്തമാനരൂപം ചെന്തമിഴ്ഗ്രന്ഥങ്ങളിൽ വളരെ അപൂർവ്വമാണെന്നും, ശിലാലിഖിതങ്ങളിലും ചെമ്പുപട്ടയങ്ങളിലും ഒരിടത്തും കണ്ടിട്ടില്ലെന്നും കാൽഡ്വെൽ പറയുന്നു. നാടോടിഭാഷയിൽ "കിറു" ചേർന്നുള്ള രൂപങ്ങൾ ധാരാളമാണ്. എങ്കിലും അതു കൂടാതെ "വേവുകിറത്" എന്നു പറയേണ്ടതിനു പകരം "വേകുതു" എന്നാണ് സാധാരണക്കാർ ഉപയോഗിക്കുന്നതിവ്; അതുകൊണ്ടു "കിറു" ചേർന്ന രൂപം തമിഴിൽ ഇനിയും ഗാഢമായി വേരൂന്നിക്കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം ഊഹിക്കുന്നു. കിൻറു-ഇന്റെ ഉത്ഭവത്തെപ്പറ്റിയുള്ള വിചാരണയിൽ ഡാക്ടർ കാൽഡ്വെയിൽ സ്വന്തമായിട്ടൊരു കൽപനചെയ്യാതെ ഗ്രാൽ, ഗ്രണ്ടർട്ട് എന്ന രണ്ടു ഡാക്ടറന്മാരുടെ അഭിപ്രായത്തിൽ യോജിക്കുന്നു. അവരുടെ അഭിപ്രായം കാൽഡ്വെൽ അനുവദിച്ചു പറഞ്ഞിട്ടുള്ളതുതന്നെ (Dravidina Grammar, 2nd Edn., p. 385) താഴെ തർജ്ജമ ചെയ്തു ചേർക്കാം: "തമിഴിനു മൂലസ്വത്തായിട്ട് ഒരു വർത്തമാനകാലരൂപം ഇല്ലായിരുന്നു എന്നും, തമിഴിൽ അതു പുതുതായി ഉണ്ടായ ഒരു അപ്രധാനരൂപമാണെന്നും, അതിന്റെ നിഷ്പത്തി ഭാവിയിൽ ഒരു വർത്തമാന ചിഹ്നം ചേർത്തതാണെന്നും, ആണ് ഡാക്ടർ ഗ്രാലിന്റെ ആശയം എന്നു തോന്നുന്നു. കിൻറു = ക് + ഇൻറു ("ക്" പുരാതനമായ ചെന്തമിഴിലെ ഭാവിചിഹ്നമാണ്; ഇൻറു—ഇന്നു = ഈ ദിവസം). ഈ അഭിപ്രായംതന്നെ ഗ്രണ്ടർട്ടും സ്വീകരിക്കയോ സ്വതന്ത്രമായി താൻ ചെയ്ത വിചാരണകളുടെ പരിണാമമായി ഉപന്യസിക്കയോ ചെയ്തതായി തോന്നുന്നു." അപ്പോൾ യൂറോപ്യൻ ദ്രാവിഡഭാഷാവിജ്ഞാനികളുടെ അഭിപ്രായം സംസ്കൃതത്തിൽ പുരാ ഭവതി[21] (= പണ്ടു ഭവിക്കുന്നു) = ഭവിഷ്യതി = (ഭവിക്കും) എന്നു വർത്തമാനകാലത്തെ ഭാവിയാക്കുന്ന മട്ടിൽ തമിഴ് മലയാളങ്ങൾ ഭാവിയിൽ വർത്തമാനാർത്ഥകമായ അവ്യയംചേർത്തു വർത്തമാനകാലമുണ്ടാക്കുന്നു എന്നാണ്. തമിഴിലെ ഇൻറു മലയാളത്തിൽ ഉന്നു ആകുന്നതിനെപ്പറ്റി ഒരു സംശയത്തിനും വകയില്ല. "പൻറി", "പന്നി" യാകുംപോലെ അനുനാസികാതിപ്രസരത്തിൽ "ഇൻറു" "ഇന്നു" ആകുന്നു. ഇകാര ഉകാരങ്ങൾക്കു വ്യത്യയം[22] ധാരാളമാകയാൽ ഇന്നു എളുപ്പത്തിൽ ഉന്നു എന്നു മാറുകയും ചെയ്യും. ദ്രാവിഡഭാഷകൾക്കു സഹജമായിട്ടുള്ള (Harmonic Sequence of Vowels[23]) സ്വരാനുസംവാദനയത്തിനു മലയാളത്തിൽ അധികം പ്രചാരമില്ലെങ്കിലും അതും ഇവിടെ സഹായിച്ചു

[20] ഈ ഖണ്ഡികയിൽ യൂരോപ്യൻമാരുടെ അഭിപ്രായമാണു പറയുന്നത്.

[21] "യാവത് പുരാ നിപാതയോർ ലട്"" എന്ന സൂത്രത്താൽ "പുരാ" എന്ന നിപാതത്തിന്റെ യോഗത്തിൽ ഭവിഷ്യദർത്ഥത്തിൽ (ഭാവിയുടെ അർത്ഥത്തിൽ) ലട് എന്ന വർത്തമാനാർത്ഥാലങ്കാരം സാധുവാണ്.

[22] വ്യത്യയം = പരസ്പരവിനിമയം = Interchange.

[23] Harmonic sequence of Vowels: സ്വരാനുസംവാദയനം എന്നാൽ ഒരു പദത്തിലെ ഒരു സ്വരം ഭേദിപ്പിച്ചാൽ അതിനോടു യോജിക്കാൻവേണ്ടി ശേഷം സ്വരങ്ങളെയും അതുനു സജാതീയങ്ങളാക്കി മാറ്റുക. ഇതിൻപ്രകാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 731

എന്നു വരാം. എന്നല്ല, ലീലാതിലകം മുതലായ പഴയ മലയാളഗ്രന്ഥങ്ങളിൽ "പോകിൻറതു" എന്നും മറ്റും ഇകാരമാണു കാണുന്നതു്, ഉകാരമല്ല; "വരായിന്നു" എന്നു നിഷേധരൂപത്തിൽ "ഇന്നു" അല്ലാതെ "ഉന്നു" എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്നു സംശയമാണ്. അതുകൊണ്ടു തമിഴിലെ ഇൻറു-വിന്റെ ഉത്ഭവമേതോ അതുതന്നെ മലയാളത്തിലെ ഉന്നുവിനും എന്നു തീർച്ചതന്നെ.

തമിഴിലെ "കിൻറു" വിനെപ്പറ്റി യൂറോപ്യന്മാർ ചെയ്തിരിക്കുന്ന സിദ്ധാന്തം[24] ഹൃദയംഗമമാണെന്നതിലേക്കു സംശയമില്ല. എങ്കിലും ഇവരോടു പൂർണ്ണമായി യോജിക്കുന്നതിന് ഈ ഗ്രന്ഥകാരൻ മടിക്കുന്നു. പോകിൻറാൻ എന്നും പോകിറാൻ എന്നും തമിഴിൽ രണ്ടുരൂപമുണ്ട്; അതിൽ പോകിറാൻ എന്ന നിരനുനാസിക രൂപമാണ് വായ്മൊഴിയിൽ നടപ്പ്. അപ്പോൾ കിൻറു...കാരലോപത്താൽ കിറു ആയി എന്നു സ്വീകരിക്കണം. എന്നാൽ അനുനാസികത്തിന്റെ സംസർഗ്ഗമാണ്, പരിത്യാഗമല്ല, തമിഴിൽ പതിവ്. അതുകൊണ്ട് കിറു കിൻറു ആയിച്ചമയുന്നതിനാണു ന്യായം. കുറു കുൻറു ആയതാണെന്നും മൂരു മൂൻറു ആയതാണെന്നും എല്ലാവരും സമ്മതിക്കുന്നു. ഈ സംശയം കാൽഡ്വല്ലിനും ഉണ്ടാകാതിരുന്നില്ല. പക്ഷേ, അദ്ദേഹം ഗ്രാലിനോടു യോജിക്കാൻവേണ്ടി പ്രകൃതത്തിൽ അനുനാസികത്യാഗംതന്നെ ആയിരിക്കാമെന്നു സമ്മതിച്ചുകളയുന്നു. ഇൻറു (ഇന്നു) എന്ന നാമാവ്യയത്തിന് പ്രത്യയത്തിന്റെ പദവി കൊടുക്കുന്നതിലും എന്തോ ഒരു വൈരസ്യം തോന്നുന്നു. പേരെങ്കിൽ അതിനെ ക് എന്നു ശരിയായ ഭാവിപ്രത്യയത്തിന്റെമേൽ പിടിച്ചുവെയ്ക്കയും വേണം. അതിനുമേൽ പിന്നീട് ഏൻ, ആൻ മുതലായ പുരുഷപ്രത്യയങ്ങൾ ചേർക്കുമ്പോൾ എന്തുകോമാളിരൂപമാണ് കിട്ടുന്നതു്. ധാതുവും പുരുഷപ്രത്യയവും തമ്മിൽ ഒരു ബന്ധവുമില്ല; പോകേൻ ഇൻറു എന്നു സ്ഥാനവ്യത്യയംചെയ്താൽ ശരിയാകുമായിരുന്നു. അതുകൊണ്ട് "കിറു" വിന്റെ ഉത്ഭവത്തിനു വേറെ വഴി വല്ലതും ഉണ്ടാകുമോ എന്നു നോക്കാം.

തമിഴിൽ ഇറ എന്നൊരു ധാതുവുണ്ട്; അതിനു കാലത്തിന്റെ പോക്ക് എന്നാണർത്ഥം.[25] To pass time, to proceed എന്നു തമിൾ-ഇംഗ്ലീഷ് കോശത്തിൽ അതിന് അർത്ഥം കൊടുത്തിരിക്കുന്നു. സംസ്കൃതത്തിലെ "വൃത്" എന്ന ധാതുവിന്റെ അർത്ഥമാണ് ഇതിന്. സംസ്കൃതക്കാർ ഭവത്കാലത്തിന് "വർത്തമാനം" എന്നു സംജ്ഞ ചെയ്തതുപോലെ തമിഴർ ഭൂതകാലത്തിന് "ഇറന്തകാലം" എന്നുപേർ കൊടുത്തിരിക്കുന്നു. ഇറന്തതു ഭൂതമാണെങ്കിൽ ഇറകിൻറതു വർത്തമാനമാകണമല്ലോ! അതുകൊണ്ട് തമിഴിൽ വർത്തമാനകാലം കുറിക്കുന്നതിന് വർത്തമാനകാലാർത്ഥകമായ ഇറ ധാതുവിന്റെ അനുപ്രയോഗമാണ്. "ക്" എന്നോ "ക്ക്" എന്നോ

പ്രത്യയങ്ങൾ ചേർക്കുമ്പോൾ പ്രകൃതിയിലെ സ്വരങ്ങളെ പ്രത്യയസ്വരത്തോടു പൊരുന്താ(ന്നാ)ൻ വേണ്ടി മാറ്റണം. (ചിലപ്പോൾ പ്രകൃതിയിലെ സ്വരത്തോടു പൊരുത്തപ്പെടാൻ വേണ്ടി പ്രത്യയസ്വരത്തെ മാറ്റ — പ്രസാ.) സിഥിയൻഭാഷകളുടെ വൈലക്ഷണ്യമാണിതു്. ദ്രാവിഡങ്ങളിൽ പ്രധാനമായിട്ടു തെലുങ്കിൽ മാത്രമേ ഈ നയത്തിനു പ്രചാരം കാണുന്നുള്ളു. ഉദാ: കത്തി എന്ന് ആയുധവാചകമായ നാമം തെലുങ്കിലും മലയാളത്തിലെപോലെ ഇകാരാന്തം തന്നെ. അതിൽ ലു എന്ന ബഹുവചനപ്രത്യയം ചേർക്കുമ്പോൾ കത്തലു (കത്തികൾ) എന്ന് ഉകാരാന്തമാക്കണം.

[24] യൂറോപ്യന്മാരുടെ മതത്തിന്നെതിരായുള്ള ആക്ഷേപമാണ് ഈ ഖണ്ഡികയിൽ.

[25] ഈ ഖണ്ഡികയിലും അടുത്ത ഖണ്ഡികയിലും കേരളപാണിനി സ്വന്തം മതം ആവിഷ്കരിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 759

ഉള്ളഭാഗം ഒരു ഇടനില[26] യേ ഉള്ളൂ. കിറു = ക് + ഇറു ആണെന്നു യൂറോപ്യന്മാരും സമ്മതിച്ചിട്ടുണ്ടല്ലൊ. ഡാക്ടർ ഗ്രാൽ ഭാവിചിഹ്നമാണ്, "ക്" എന്നു പറയുന്നു. നാം അതിനെ ഇടനില അല്ലെങ്കിൽ അംഗപ്രത്യയമാക്കുന്നു എന്നേ ഭേദമുള്ളൂ. കാൽഡ്വല്ലും പോകും-പോക്കും എന്ന ഭാവിയിലും, പോക-പോക്ക എന്ന നടുവിനയെച്ചത്തിലും ക്, ക്ക് മുറയ്ക്ക് അകർമ്മകസകർമ്മകഭേദം കുറിക്കാനുള്ള അംഗപ്രത്യയങ്ങളാണെന്നു സ്വീകരിച്ചിട്ടുണ്ട്. ഇനി ഉദാഹരിക്കാം:

ചെയ്—ചെയ് + ക് + ഇറ + ഏൻ	=	(അകാരം ലോപിച്ച്)[27]	ചെയ്യിറേൻ.
പോ—പോ + ക് + ഇറ + ആൻ	=	,,,,	പോകിറേൻ.
നട—നട + ക്ക് + ഇറ + ആയ്	=	,,,,	നടക്കിറായ്.

ഈമാതിരി ക്രിയാസമാസം അല്ലെങ്കിൽ മിശ്രക്രിയ ഒരപൂർവ്വസമ്പ്രദായമാണെന്നു ശങ്കിപ്പാനുമില്ല. ചെയ്യിലേൻ എന്ന നിഷേധരൂപം ഇങ്ങനെ ഉണ്ടാക്കുന്നതാണല്ലൊ. ചെയ്യവേണ്ടും, ചെയ്യപ്പടും ഇത്യാദികളിൽ പ്രാൾപ്രയോഗം വിനയെച്ചരൂപമാണെന്നേ ഭേദമുള്ളൂ.[28] ഇവിടെയും ചെയ്യ, പോക എന്ന വിനയെച്ചത്തിൽനിന്നാണ് ഇറ ചേർക്കുന്നതെന്നു കൽപിക്കുന്നതിനു വിരോധമില്ല. ഇറ സ്വരാദിയായതിനാൽ വിനയെച്ചത്തിന്റെ അകാരം ലോപിക്കുന്നു; വേണ്ടും ശിഥിലവ്യഞ്ജനാദിയാകയാൽ വികാരമൊന്നും വരുന്നില്ല; പടുക ഖരാദിയാകയാൽ ആ ഖരം ഇരട്ടിക്കുന്നു. ഇതെല്ലാം ദ്രാവിഡഭാഷകളുടെ വർണ്ണവികാരത്തിനു യോജിച്ചതാണ്.

ഇത്രയും ശരിപ്പെട്ടുകഴിഞ്ഞാൽ ശേഷമെല്ലാമെളുതാണ്. അനുനാസികസംസർഗ്ഗം കൊണ്ട് ഇള, ഇൻറ ആയിത്തീരുന്നു. മലയാളത്തിൽ ഇൻറു(ഇന്നു) എന്ന് ഉകാരം വരുന്നതിനുമാത്രം മാർഗ്ഗമുണ്ടാക്കണം. അതിലേക്ക് അവധാരകഭാവിയായ ഉ പ്രത്യയത്തിന്റെ സഹായം മതിയാകും. അവധാരകഭാവിക്ക് ഭാവികാലത്തിന്റെ സ്പർശമേ ഇല്ലല്ലൊ; അതുകൊണ്ട് അത് ഇറയുടെ മേൽ നല്ലവണ്ണം യോജിക്കും. ഉണ്ട് എന്ന് ഉൾധാതുവിന്റെ വർത്തമാനകാലത്തിൽ കാണുന്ന ഉ ഈ അവധാരകഭാവിയാണെന്ന് ഗ്രണ്ടർട്ട് മുതൽപേരും സമ്മതിച്ചിട്ടുണ്ട്. മൂലഭാഷയായ തമിഴിൽത്തന്നെ ഇറ ധാതുവിനെ അവധാരകഭാവിപ്രത്യയം ചേർത്ത് ഇറു എന്നാക്കീട്ടാണ് അനുപ്രയോഗിക്കുന്നതെന്നു കൽപിക്കുന്നതിലും വിരോധമില്ല. ചെയ്യെൻ, ചെയ്യൻ ഇത്യാദി ശുദ്ധഭാവിരൂപങ്ങളും ചെയ്യു + ഏൻ = ചെയ്യേൻ, ചെയ്യു + അൻ = ചെയ്യൻ എന്ന് അവധാരകഭാവിപ്രത്യയം ചേർന്നുണ്ടായതായിരിക്കണമെന്ന് ഇതിനുമുമ്പ് നാം ചെയ്തിട്ടുള്ള വിമർശനത്തിന് ഇത് അനുകൂലിക്കുന്നു. തെലുങ്കിന്റെ മട്ടും നോക്കുക - ആ ഭാഷയിൽ അവധാരകഭാവിരൂപം തന്നെയാണ് വർത്തമാനകാലം കുറിക്കാനും ഉപയോഗിക്കുന്നത്. ഉദാ:

മീരു പ്രതിരോജു എന്നി ഗണ്ഡലക ഭോജനമു ചേസ്താരു?	വർത്തമാനം
നിങ്ങൾ പ്രതിദിവസം എത്ര മണിക്കു ഭോജനം ചെയ്യും?	,,,,
മീരു രേവി മാ ഈട്ട് ലോ ഭോജനമു ചേസ്താരാ?	ഭാവി

[26] "പോകിറേൻ" എന്നതിൽ "ക്". "നടക്കിറേൻ" എന്നതിൽ "ക്ക്".

[27] ഇറ എന്നതിലേ അകാരം ലോപിച്ച്.

[28] "ചെയ്യിറേൻ" എന്നിടത്ത് പ്രാപ്രയോഗമായ "ചെയ്" ധാതുവാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 790

നിങ്ങൾ നാളെ ഞങ്ങളുടെ ഇല്ലത്തിൽ ഭോജനം ചെയ്യുമോ? ""

"ചേസ്തന്നാരു" എന്നൊരു വർത്തമാനരൂപമുള്ളത് അനുബന്ധിവർത്തമാനമാണ്.

ഇതെല്ലാം തമിഴ് മലയാളങ്ങളിലെ വർത്തമാനചിഹ്നം ഇറ എന്ന ധാതുവാണെന്നു പറയുന്നതിനു മതിയായ തെളിവുകളാണ്. ഇനി വേറെ ഒരു വർത്തമാനരൂപം ഈ ഭാഷകൾ രണ്ടിലും ഉള്ളതിന്റെ സ്ഥിതി എങ്ങനെ എന്നു നോക്കുക:

തമിൾ—ചെയ്യാനിൻറാൻ, നടക്കാനിൻറാൻ.
മലയാളം—ചെയ്യാനിന്നു, നടക്കാനിന്നു.

ഇതിൽ നിൻറാൻ-നിന്നു നിൽക്കുക എന്ന ധാതുവിന്റെ ഭൂതകാലമാണെന്നതിനു സംശയമില്ല. സുറിയൻക്രിസ്ത്യന്മാരുടെ കൈവശത്തിലുള്ള താമ്രശാസനത്തിലും മറ്റും "ആയിനിൻറ" എന്ന രൂപം കാണുന്നതിനാൽ ആ എന്ന ഭാഗം[29] "ആവുക" എന്ന സംപത്തിക്രിയയുടെ[30] ഭൂതരൂപമാണെന്നും തെളിയുന്നു. "ആയിനിൽക്കുക" എന്നതിന് "ഒരേ മട്ടിൽത്തന്നെ ഇരിക്കുക" എന്ന അർത്ഥംവഴിക്ക് ക്രിയാനുബന്ധമായ വർത്തമാനകാലത്തിന്റെ പ്രതീതിയുണ്ടാകുന്നു. ഈ രൂപം, അപ്പോൾ, "ആവുക", "നിൽക്കുക" എന്നു രണ്ടു ക്രിയകളുടെ അനുപ്രയോഗംകൊണ്ട് സമ്പാദിക്കുന്നതാണ്. ഇതിന് മറ്റേതിനെക്കാൾ വളച്ചുകെട്ടും വെരൂപ്യവും ഉള്ളതിനാൽ പ്രചാരം ക്രമേണ കുറഞ്ഞുപോയി. ഇങ്ങനെ തുല്യന്യായവും പ്രകൃതമായ ഊഹത്തെ സ്ഥിരപ്പെടുത്തുകതന്നെ ചെയ്യുന്നു. അതുകൊണ്ട് തമിഴ് മലയാളങ്ങളിൽ വർത്തമാനരൂപം അനുപ്രയോഗനിഷ്പന്നമാണെന്ന് ഒരു സിദ്ധാന്തം അവതരിപ്പിക്കുന്നതിനു ഞാൻ മടിക്കുന്നില്ല.

ഈ സിദ്ധാന്തപ്രകാരം ദ്രാവിഡങ്ങളിലെ കാലവിഭാഗം താഴെ കാണിക്കുന്ന യുക്തിപ്രകാരമായിരിക്കണം-ഭൂതം ഭാവി കാലം രണ്ടേ ഉള്ളു.[31] ഇതു രണ്ടിനും മദ്ധ്യേ നിൽക്കുന്ന വർത്തമാനം വെറും കൽപന മാത്രമാണ്; അതിനു ക്ഷേത്രഗണിതത്തിലെ ബിന്ദുവിനെന്നപോലെ ബുദ്ധിഗ്രാഹ്യമായ ഒരു നില മാത്രമേ ഉള്ളു. ഭൂതഭാവികളെ വേർതിരിക്കുന്ന അതിരാണ് വർത്തമാനം. ലോകവ്യവഹാരത്തിൽ, "ഇതു് എന്റെ നിലം; അതു് അവന്റെ നിലം; നടുക്കുള്ള വരമ്പോ? ആരുടേതുമല്ല, അല്ലെങ്കിൽ രണ്ടുപേരുടേതുംകൂടെ." അതുപോലെ വ്യാകരണത്തിലും ഭൂതഭാവികൾ വേർതിരിഞ്ഞു നിൽക്കുന്നുണ്ട്; വേർതിരിക്കുന്ന സീമരേഖയായ വർത്തമാനം വകയില്ല. നിലംരണ്ടിലും കൃഷിയിറക്കുമ്പോലെ ഭൂതഭാവികളിൽ രൂപമാലയു

[29] "ആ എന്ന ഭാഗം = ആനിൻറാൻ" എന്നതിലേ ആദ്യത്തെ ആ ("ആയി" എന്നതിലെ "യി" ലോപിച്ചുണ്ടായതാണ് "ആ").

[30] സംപത്തിക്രിയ-ആയിത്തീരുക എന്ന അർത്ഥമുള്ള ക്രിയ.

[31] "ഇൻറ" എന്നു തമിഴിലും "ഉന്നു" എന്നു മലയാളത്തിലുമുള്ള വർത്തമാനകാല പ്രത്യയങ്ങളുടെ അന്ത്യമായ "ഉ" ഭാവിപ്രത്യയമാണ് തെലുങ്കിൽ അവധാരകഭാവിരൂപം തന്നെ വർത്തമാനത്തിനും. അതിനാൽ, രൂപനിഷ്പത്തിപ്രകാരം വർത്തമാനവും ഭാവിയാണ്. ഭൂതകാലത്തെ കുറിക്കാൻ അതിനു സ്വന്തമായ പ്രത്യയങ്ങളാണ്. അതിനാൽ ഭൂതം, ഭാവി എന്നു കാലം രണ്ടേയുള്ളൂ. "ആനിൻറു" എന്ന വർത്തമാനകാലരൂപവും വാസ്തവത്തിൽ ഭൂതമാണ്. കൂടാതെ, തമിഴ്മലയാളങ്ങളിൽ വർത്തമാനകാലരൂപം ഭൂതഭാവിരൂപങ്ങളേപ്പോലെ പ്രത്യയനിഷ്പമല്ല, അനുപ്രയോഗനിഷ്പന്നമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ണ്ടാക്കണം; വരമ്പ് രണ്ടുനിലങ്ങളിലേക്കും ഇറങ്ങാൻ ഉതകുംപോലെ ആവശ്യപ്പെടുമ്പോൾ മാത്രം വർത്തമാനത്തിലും രൂപങ്ങൾ വേണം.

ഇരുന്നേൻ, ഇരുക്കേൻ, ഇരുപ്പേൻ

എന്നു മൂന്നിനും രൂപങ്ങൾ ഉള്ളതിൽ നടുക്കുള്ള സീമരേഖാസ്ഥാനീയമായ വർത്തമാനം ആവശ്യക്കുറവിനാൽ സംസാരിക്കുന്ന ഭാഷയിൽമാത്രം അപൂർവ്വമായി നിലനിന്നുകാണുന്നു; കവിതകളിൽ പ്രസക്തി കുറയുന്നതിനാൽ കാണുന്നില്ല. എന്നാൽ മനുഷ്യന്റെ ജീവിതകാലം, ആണ്ടുതോറും ആവർത്തിക്കുന്ന ഋതുക്കൾ, ഒരുകാലത്തും ഭേദപ്പെടാത്ത പ്രകൃതിതത്ത്വങ്ങൾ ഇതുകളെയെല്ലാംപറ്റി പറയുന്നതിന് ഒരു മാർഗ്ഗം ആവശ്യപ്പെടുമല്ലോ എന്നു വെച്ചാൽ അതിന് ദ്രാവിഡർ ഭാവിരൂപങ്ങളെ ഉപയോഗിച്ചുവന്നു. അതാണ് ഇപ്പോൾ കാണുന്ന ശീലഭാവി. അതുകൊണ്ട് ഭൂതംമാത്രമേ ദ്രാവിഡങ്ങളിൽ ശുദ്ധമായ കാലമുള്ളു.[32] ഇതു യുക്തിക്കു ചേർന്നതാണ്; രൂപനിഷ്പത്തിയിൽ കാണുന്ന വ്യവസ്ഥകളെ ഇതുകൊണ്ടു വ്യാഖ്യാനിക്കയുമാകാം. പിന്നീട് സംസ്കൃതഭാഷികളായ ആര്യരുടെ സംസർഗ്ഗമുണ്ടായപ്പോൾ ആയിരിക്കണം ആര്യഭാഷകളിൽ കാണുന്ന ക്ഷണികമല്ലാതെ അനുബന്ധിയായ ഒരു വർത്തമാനകാലത്തിന്റെ ആവശ്യകത ദ്രാവിഡർക്കു ബോധപ്പെട്ടത്. അപ്പോൾ അവർ കർമ്മണിപ്രയോഗവും മറ്റുംപോലെ അനുപ്രയോഗം കൊണ്ട് വർത്തമാനകാലവും ഉണ്ടാക്കാൻ തുടങ്ങി. കൃത്രിമസൃഷ്ടിയാകയാലാണ് രണ്ടു രൂപം കാണുന്നത്. അതിലൊന്ന് വളച്ചുകെട്ടധികമാകയാൽ ക്ഷയിച്ചുപോയി. മറ്റതു നിലനില്ക്കുന്നു.[33]

ശാഖാചംക്രമണത്താൽ ചാഞ്ഞും ചരിഞ്ഞും പോയിട്ടുള്ള ഈ വിചാരണയെ, അതിൽനിന്നു സിദ്ധിക്കുന്ന തത്ത്വത്തെ സംക്ഷേപിച്ചുകൊണ്ട് ഉപസംഹരിക്കാം. (അ) ദ്രാവിഡങ്ങളിൽ ഓരോ ഉപാധിയെയും കുറിക്കുന്നതിന് വേറെ വേറെ പ്രത്യയമാണല്ലൊ. അതിൽ കൃതികളുടെ വിഷയത്തിൽ അതിന്റെ പ്രകൃതിയായ ധാതുവിൽ കാലം കുറിക്കാനുള്ള ചിഹ്നം ചേർത്താൽ പ്രായേണ ഉളവാകുന്നത് വിനയെച്ചം, അതായതു വേറൊരു ക്രിയയിൽ അന്വയിച്ച് ആകാംക്ഷാപൂർത്തി വരേണ്ടുന്ന ഒരു കൃതിരൂപം ആണ്. (ആ) പൂർണ്ണത്വരൂപമായ പ്രാധാന്യം കാണിക്കുന്നതിന് മലയാളമൊഴികെയുള്ള ദ്രാവിഡങ്ങളെല്ലാം പുരുഷപ്രത്യയം ചേർക്കുന്നു; മലയാളം മാത്രം ദീർഘിപ്പിച്ച്, വിവൃതോച്ചാരണം, പരദ്വിത്വംചെയ്യാതിരിക്ക എന്ന ഉപായങ്ങളെക്കൊണ്ട് പ്രാധാന്യപ്രതീതി സമ്പാദിച്ചിട്ട് പുരുഷപ്രത്യയങ്ങളെ ഉപേ

[32] ഭൂതം, ഭാവി എന്നു കാലം രണ്ടേയുള്ളു എന്നു മുകളിൽ സ്ഥാപിച്ചല്ലോ. ഭാവിയാകട്ടെ ഭാവിക്കു പുറമേ ഉപദേശത്തെയും സാവ്വകാലികത്വത്തെയും കുറിക്കുന്നു. പക്ഷേ, "ആ നിൻറു" എന്ന ഭൂതരൂപത്തിനു വർത്തമാനം അർത്ഥമാകയാൽ ഭൂതവും ശുദ്ധമല്ല — എന്നൊരാക്ഷേപം പറയരുതോ?

[33] പ്രാചീന കർണ്ണാടകത്തിലും ആധുനികവ്യാവഹാരിക കർണ്ണാടകത്തിലും "ഉതു" എന്ന് വർത്തമാനവിനയെച്ചപ്രത്യയമുണ്ട്. "ഉതു" എന്ന പ്രത്യയം അനുനാസികയോഗംകൊണ്ട് "ഉന്തു"-വും അതു പിന്നീട് അനുനാസികാതിപ്രസരം കൊണ്ട് "ഉന്നു"-വും ആയതാണെന്നു വാദിച്ചുകൂടായ്കയില്ല. നാടോടിത്തെലുങ്കിൽ ഇന്നും ഉപയോഗിക്കുന്ന "തു" എന്ന വർത്തമാനവിനയെച്ചപ്രത്യയവും സംഘകാലത്തു തമിഴിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന "ഉന്തു" എന്ന വർത്തമാനപ്രത്യയവും, "ഉന്നു"-വിന്റെ പ്രാഗ്രൂപം "ഉതു"-വായിരുന്നു എന്നതിന് ഉപോദ്ബലകമായി നിർദ്ദേശിക്കാവുന്നതാണ്. പക്ഷേ, പ്രാചീനങ്ങളായ മലയാളശിലാശാസനങ്ങളിലോ മലയാളഗ്രന്ഥങ്ങളിലോ "ഇൻറു" അല്ലാതെ "ഉന്തു" കാണപ്പെടുന്നില്ലെന്നു പറയേണ്ടതുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 840

ക്ഷിക്കുന്നു. ഇത്രയും സംഗതിയാണ് ഇതിൽനിന്നു ഫലിച്ചതു്.

മലയാളം പുരുഷപ്രത്യയങ്ങളെ സർവ്വഥാ നിരസിച്ചിട്ടില്ല; അതുകളെ കവികൾ ധാരാളം ഉപയോഗിച്ചിട്ടുമുണ്ടു്. ചിലരെങ്കിലും ഇന്നും ഉപയോഗിക്കുന്നുമുണ്ടു്. അതിനാൽ ആ പ്രത്യയങ്ങളെ എടുത്തുകാണിക്കേണ്ടതാവശ്യമാണ്. 846

109. ആനാൾതുവായേനേകത്തി-
ലാരീരോം ബഹുവിങ്കലും[34]
ആഖ്യാതത്തിനു പുരുഷ-
പ്രത്യയങ്ങൾ മുറയ്ക്കിവ.

	പ്രഥമപുരുഷൻ	മധ്യമപുരുഷൻ	ഉത്തമപുരുഷൻ
ഏകവചനം:	ആൻ–പും. ആൾ–സ്ത്രീ. തു–നപും.	ആയു്	ഏൻ
ബഹുവചനം:	ആരു്	ഈരു്	ഓം

എന്നാണ് പ്രഥമാദിപുരുഷന്മാരിൽ ഏകവചനബഹുവചനപ്രത്യയങ്ങൾ. ലിംഗഭേദം പ്രഥമപുരുഷനിൽമാത്രമേ ഉള്ളു. തമിഴിൽ പലവകയായിട്ടു്,

	പ്രഥമപുരുഷൻ		മധ്യമപുരുഷൻ		ഉത്തമപുരുഷൻ	
	ഏക വചനം	ബഹു വചനം	ഏക വചനം	ബഹു വചനം	ഏക വചനം	ബഹു വചനം
പും.	അൻ, ആൻ	അർ	ഐ	ഇർ	കു, ടു, തു	കും, ടും, തും
സ്ത്രീ.	അൾ, ആൾ	ആർ	ആയു്	ഈർ	റു, അൽ	റും, അം, ആം
നപും.	തു, റു, ടു	അ, ആ	ഇൻ	മിൻ, ഉം	എൻ, ഏൻ	എം, ഏം, ഓം

എന്നിത്രയും പ്രത്യയങ്ങളുള്ളതിൽ പ്രധാനപ്പെട്ടവയും മലയാളഭാഷയിൽ ഉപയോഗിക്കുന്നവയും ആണ് മേൽക്കാണിച്ച പുരുഷചിഹ്നങ്ങൾ. ഉദാ:

മധുരശരീരമവൻ ധരിച്ചുനിന്നാൻ — കൃ.ച.
ധരണിഭഗവതീ വിരിഞ്ചലോകേ — കൃ.ച.
വിരവൊടു ചെന്നു വണങ്ങിനിന്നു ചൊന്നാൾ — കൃ.ച.
കണ്ടായോ കനിവൊടു ചൂതവൃക്ഷമേ നീ — കൃ.ച.
മുരരിപുചരിതം സ്തുതിച്ചു ചൊന്നാർ — കൃ.ച.
കൊണ്ടീരോ, — ഇരുന്നോം. — പുക്കോം — രാ.ച.

[34] ആൻ ആൽ തു ആയ് ഏൻ ഏകത്തിൽ, ആര് ഈര് ഓം ബഹുവിങ്കലും എന്നു പദച്ഛേദം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 897

പുരുഷപ്രത്യയങ്ങൾക്കു പ്രചാരക്കുറവു വന്നതോടുകൂടി അവയുടെ ഉപയോഗത്തിലും അർത്ഥത്തിലും പല അവ്യവസ്ഥകളും സംഭവിക്കുന്നതിന് ഇടയായി. ചിലെടത്ത് മധ്യമോത്തമബഹുവചനങ്ങളുടെ സ്ഥാനത്തിൽ പ്രഥമബഹുവചനം പ്രയോഗിച്ചുകാണുന്നു. മറ്റിടങ്ങളിൽ ഭാവിയിൽ കാലംകൂടാതെ ഉത്തമപ്രത്യയം മാത്രം ചേർത്തു പ്രയോഗിക്കുന്നു. മധ്യമൻ സർവ്വഥാ ക്ഷയിച്ചു എന്നുതന്നെ പറയാം. ഭൂതഭാവികളിൽ പ്രഥമങ്ങളും, ഉത്തമൈകവചനവും മാത്രമേ സാധാരണ ഗ്രന്ഥങ്ങളിൽ ഉപയോഗിക്കുമാറുള്ളു. ചിലർ "ഭാവിച്ചോർ" എന്നും മറ്റുമുള്ള പേരെച്ചനാമങ്ങളുമായുള്ള ഭേദം മനസ്സിലാക്കാതെ മാറി പ്രയോഗിക്കുന്നു. ഉദാ:

നീ ചെയ്താൻ—മ.ഭാ.; നീ ചൊന്നാൻ—രാ.ച.
ഞാൻ അംഗീകരിച്ചീടിനാൻ—കേ.രാ.
ഞാൻ കേട്ടീടിനാൻ—നള.ച.;
നാം വാണാൻ—ചാണ.

ഈ പ്രകരണം ഉപസംഹരിക്കുംമുമ്പ് മലയാളത്തിൽ പുരുഷപ്രത്യയങ്ങൾ സംസാരിക്കുന്ന ഭാഷയിൽ കാണാത്തത് ഒരിക്കലും ഉപയോഗമില്ലാഞ്ഞിട്ടോ, അതോ ഒരു കാലത്ത് ഉപയോഗിച്ചിരുന്നത് കാലാന്തരത്തിൽ ഉപേക്ഷിച്ചിട്ടോ എന്നുകൂടി വിചാരണചെയ്യുന്നത് വിഹിതമായിരിക്കും. ലിംഗവചനചിഹ്നങ്ങൾ പുരുഷപ്രത്യയത്തിനുള്ള മാറ്റങ്ങൾ മാത്രമാകയാലാണ് അതുകളെ പ്രത്യേകിച്ച് എടുത്തുപറയാത്തത്. അതുകൊണ്ട് ഇവിടെ പുരുഷപ്രത്യയം എന്നു ലിംഗവചനങ്ങളെക്കൂടി അന്തർഭവിപ്പിക്കുന്നുണ്ട്. ഉണ്ടായിരുന്നു, നശിച്ചുപോയത് എന്ന രണ്ടാംപക്ഷക്കാരാണ് കാൽഡ്വൽ മുതൽപേർ. ഡാക്ടർ ഗ്രാൽ മാത്രം മറ്റേപ്പക്ഷത്തിൽ ചേരുന്നു. അദ്ദേഹം തന്റെ തമിഴ് വ്യാകരണത്തിൽ ("Outlines of Tamil Grammar" p. 42 as quoted by Rev. Caldwell)[35] ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"തു എന്നവസാനിക്കുന്ന ധാതുരൂപം (ഉദാ: ചെയ്തു-ചെയ്-അതു, ചെയ്ധാതുവിന്റെ വാക്യാർത്ഥം ചേർന്ന ഒരു വസ്തു, എന്നുവെച്ചാൽ ക്രിയ ചെയ്യുന്ന ഒരു വസ്തു) മറ്റുവിനയുടെ എല്ലാ ഏകവചനരൂപങ്ങൾക്കും ആദികാലത്ത് ഉപയോഗിക്കപ്പെട്ടിരുന്നതായി തോന്നുന്നു. (നാൻ ചെയ്തു, ഞാൻ ചെയ്കു; നീ ചെയ്തു, നീ ചെയ്ക—ഇത്യാദി. 'ചെയ്തു'(ചെയ്യും–ഉം) എന്നത് (നാം ചെയ്തും, നീങ്കൾ ചെയ്യും — ഇത്യാദി. "ചെയ്തേൻ" എന്ന അർത്ഥത്തിൽ "ചെയ്തു" എന്നും, "ചെയ്തോം" എന്ന അർത്ഥത്തിൽ "ചെയ്യും" എന്നും പ്രയോഗങ്ങൾ പഴയ തമിഴിൽ ഇപ്പോഴും കാണുന്നുണ്ട്.) ബഹുവചനത്തിലും ഉപയോഗിക്കപ്പെട്ടിരുന്നതായിത്തോന്നുന്നു. പുരുഷപ്രത്യയങ്ങൾ ഇടക്കാലത്തു ചേർത്തതായിരിക്കണം. ചെയ്തു + ഏൻ = ചെയ്തേൻ = ഞാൻ ചെയ്തു ഇത്യാദി. മലയാളത്തിൽ പുരുഷപ്രത്യയങ്ങൾ ഗദ്യഭാഷയിൽ ഇനിയും ഉപയോഗത്തിൽ

[35] "The verbal form in *du* (e. g. *seydu* = *say-adu*, perhaps"something endowed with what the root *sey* signifies, *i. e.* something doing") originally seems to have been used for all the forms of the finite verb in the singular (*nan seydu,* I doing, *ni seydu* they doing etc.), and *seydum,* (*seydu-um*), in the plural (*nam seydum, ningal seydum,* etc., *seydu* in the sense of I did, and *seydum* in the sense of we did, are still found in the ancient dialects). Probably the personal affixes were added later, *sydu* + *en* = *seyden,* I did etc.In Malayalam the personal afixes are not yet used in prose"". Dravidian Grammer, 2nd edn. p. 401.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 944

വന്നിട്ടില്ല."[36]

സ്വന്തസിദ്ധാന്തം കാണിക്കുന്നതിന് ഗ്രാൽ എടുത്തുകാണിക്കുന്ന രൂപങ്ങൾ തമിഴിൽ വ്യത്യസ്തവർഗ്ഗത്തിൽ ഉൾപ്പെട്ടവയാണെന്നുള്ളതു നിർവ്വിവാദമത്രേ. ഇതുകളുടെ ഉൽപത്തി ഇന്നവിധം എന്ന് ഇതേവരെ സർവ്വസമ്മതമായ തീർച്ച ഒന്നും വന്നിട്ടുമില്ല. എങ്കിലും ഈ പ്രകരണത്തിന്റെ ആരംഭത്തിൽ നാം സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ള നയത്തിന്റെ സ്വാരസ്യവും ഗ്രാലിന്റെ സിദ്ധാന്തത്തെ പിൻതാങ്ങുന്നു. വേറെ പ്രകരണങ്ങളിലും ഈ ഗ്രന്ഥത്തിൽ പ്രസംഗവശാൽ ഈ സംഗതിയെപ്പറ്റി വിചാരണചെയ്തിട്ടുള്ളതും കൂട്ടിച്ചേർത്തു നോക്കുക.

പുരുഷവിഭാഗം ദ്രാവിഡഭാഷകളിൽ ഇടയ്ക്കുണ്ടായതേ ഉള്ളു എന്ന പക്ഷം കാൽഡെ്വല്ലിനും സമ്മതംതന്നെയാണ്.

(1) തെലുങ്കിൽ ഭൂതകാലത്തിലെ പ്രഥമപുരുഷന്ന ലിംഗപുരുഷവചനപ്രത്യയങ്ങൾ മാത്രമല്ല, കാലവാചകപ്രത്യയം പോലുമില്ല: ഭാവിയിലും അതുപോലെതന്നെ, വെറും കാലപ്രത്യയം മാത്രമേ ഉള്ളു.

(2) തെലുങ്കിലെ സമ്പ്രദായം ചെന്തമിഴിലും കാണാറുണ്ട്; വിശേഷിച്ചും നിഷേധരൂപങ്ങളിൽ. വചനഭേദം നപുംസകത്തിൽ അപൂർവ്വമാണ്.

(3) പ്രാചീന കർണ്ണാടകത്തിൽ കും എന്ന ഭാവിരൂപം മൂന്നു പുരുഷന്മാർക്കും തുല്യമായിട്ട് ഉപയോഗിക്കാറുണ്ട്.

ഈ കാരണങ്ങളാൽ ദ്രാവിഡങ്ങളിലെ ആഖ്യാതങ്ങൾക്ക് ആരംഭകാലത്ത് രൂപഭേദം ഇല്ലായിരുന്നു എന്നു തെളിയുന്നു. ഈ സംഗതികൾ പുരുഷഭേദത്തെ ശ്രമംകൂടാതെ ഉപേക്ഷിക്കുന്നതിന്ന മലയാളത്തെ ധാരാളം സഹായിച്ചിരിക്കണം. ഇങ്ങനെയാണ് കാൽഡെ്വൽ പറയുന്നത്. ദ്രാവിഡത്തിൽ പുരുഷഭേദമില്ലാതിരുന്ന കാലം അതു് തമിഴ്, മലയാളം, തെലുങ്ക്, കർണ്ണാടകം മുതലായ സ്വതന്ത്രഭാഷകളായിപ്പിരിയുന്നതിന് വളരെ മുൻപായിരിക്കണം എന്നഭിപ്രായപ്പെടുക നിമിത്തം അദ്ദേഹത്തിന്ന മലയാളത്തിലും പുരുഷഭേദം ഉണ്ടായിരുന്നതു് ലോപിച്ചുപോയതാണെന്ന് സ്വീകരിക്കേണ്ടിവന്നു എന്നേ ഉള്ളു. അതിപ്രാചീനങ്ങളായ രൂപങ്ങളും ധ്വനികളും മലയാളത്തിൽ സുരക്ഷിതങ്ങളായി നിലനിന്നുകാണുന്നതുകൊണ്ട് പുരുഷഭേദം ഉത്ഭവിക്കുംമുമ്പുതന്നെ അതു് തമിഴിൽനിന്നു വേർപിരിഞ്ഞു എന്നു കല്പിക്കുന്നതിൽ എന്ത് അസ്വാരസ്യമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നതു് എന്നറിയുന്നില്ല.[37]

---

[36] വലയങ്ങൾ (Brackets) വിട്ടുവേണം വായിക്കാൻ. അപ്പോൾ "ഇ എന്നവസാനിക്കുന്ന ധാതുരൂപം മുറ്റുവിനയുടെ എല്ലാ ഏകവചനരൂപങ്ങൾക്കും ആദികാലത്ത് ഉപയോഗിക്കപ്പെട്ടിരുന്നതായി തോന്നുന്നു. ചെയ്യും എന്നതു ബഹുവചനത്തിലും ഉപയോഗിക്കപ്പെട്ടിരുന്നതായി തോന്നുന്നു"— എന്നിങ്ങനെ രണ്ടുവാക്യങ്ങൾ കിട്ടും. വലയങ്ങൾക്കകത്തുള്ളതു് ഉദാഹരണമോ രൂപനിഷ്പാദനമോ വിവരണമോ ആണ്. മേൽപറഞ്ഞ രണ്ടുവാക്യങ്ങൾക്കുശേഷമുള്ളതെല്ലാം സുഗ്രഹമാണല്ലോ.

[37] തമിഴ് എന്നു കേട്ടാൽ നമുക്ക് ഏതു ഭാഷയെപ്പറ്റി ബോധമുണ്ടാകുമോ ആ ഭാഷയിൽ (= തമിഴിൽ) നിന്നല്ല മലയാളത്തിന്റെ ഉത്പത്തി എന്ന് ഈ വാക്യം സൂചിപ്പിക്കുന്നില്ലേ?

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 966

2 കാലപ്രത്യയങ്ങളുടെ ആഗമം

രൂപനിഷ്പത്തിയുടെയും അർത്ഥത്തിന്റെയും വ്യവസ്ഥിതത്വം നോക്കുമ്പോൾ ഭൂതകാലത്തിന ലഭിച്ചിട്ടുള്ള പ്രതിഷ്ഠ മറ്റു രണ്ടുകാലങ്ങൾക്കും ദ്രാവിഡങ്ങളിൽ കാണുന്നില്ലെന്ന് പ്രതിപാദിച്ചുവല്ലോ. ഇ, തു എന്ന് രണ്ടു പ്രത്യയങ്ങളാണ് എല്ലാ പ്രധാന ദ്രാവിഡങ്ങളിലും ഭൂതകാലം കുറിക്കുന്നത്:

	തമിഴ്	മലയാളം	തെലുങ്ക്	കർണ്ണാടകം
ചെയ്—	ചെയ്തേൻ	ചെയ്തേൻ	ചേസിതിനി	ചെയ്തേം

ഇവയിൽ ഏൻ, ഏൻ, ഇനി, ഏം എന്ന ഉത്തമപുരുഷൈകവചനപ്രത്യയം കഴിച്ചാൽ തു എന്ന
979 ഭൂതകാലക്കുറി സ്പഷ്ടമായിക്കാണുന്നു.

ആട്—ആടിനേൻ, ആടിനേൻ, ആടിതിനി,
ആടിതെനു (ആടി + ൻ + ഏൻ) (ആടി + ൻ + ഏൻ)
(ആടി + തി + നി) (ആടി + ത് + എനു)

ഇതുകൾ ഇ പ്രത്യയത്തിന് ഉദാഹരണങ്ങളാകും. ഇ, തു എന്ന രണ്ടു പ്രത്യയങ്ങളുടെ വിനിയോഗത്തെപ്പറ്റിയുള്ള വ്യവസ്ഥയും ഏറെക്കുറെ നാലുഭാഷകളിലും തുല്യംതന്നെ. സ്വരാന്തങ്ങൾക്കും ചില്ലന്തങ്ങൾക്കും "തു"; പൂർണ്ണവ്യഞ്ജനാന്തങ്ങൾക്ക് "ഇ" എന്ന് മലയാളത്തിന പറഞ്ഞ നിയമം തന്നെ തമിഴിലും കർണ്ണാടകത്തിലും അൽപാൽപവ്യത്യാസങ്ങളോടു കൂടിക്കാണും. തെലുങ്കിൽമാത്രം വിശേഷമുണ്ട്. ആ ഭാഷയിൽ പ്രായേണ ഇകാരംതന്നെ എല്ലാ ധാതുക്കളിലും ഭൂതകാലപ്രത്യയം എന്നാണ് പ്രഥമദൃഷ്ടിയിൽ തോന്നുക; എന്നാൽ "ചേസിതിനി" എന്ന് മേൽക്കാണിച്ചതുപോലുള്ള പല രൂപങ്ങളിലും ഉത്തമമധ്യമങ്ങളിൽ[38] തി എന്ന വേഷമാറ്റത്തോടെ തുകാരം വെളിപ്പെടുന്നുണ്ട്.

ഇകാരവും തുകാരവും ഇപ്പോൾ സ്വതന്ത്രപ്രത്യയങ്ങളായിട്ടാണ നടക്കുന്നത്. എന്നാൽ തെലുങ്കിലും കർണ്ണാടകത്തിലും ഉള്ള രൂപങ്ങൾ നോക്കുമ്പോൾ ഇ ചേർക്കുന്നിടത്തും തു-ന്റെ ജീർണ്ണാവശേഷം കിടക്കുന്നില്ലയോ എന്നു തോന്നിപ്പോകുന്നു. "ആടിതിനി", "ആടിതെനു" എന്നിവിടെക്കാണിച്ച ഉദാഹരണങ്ങളുടെ ഘടന "ആട് + ഇതു + ഇനി", "ആട് + ഇതു + എനു" എന്നാണെന്നു വരരുതോ? തമിഴുമലയാളങ്ങളിലും, അതുപോലെതന്നെ "ആടിനേൻ" എന്ന രൂപം "ആട്" + ഇന് + ഏൻ" എന്ന് ഇന് ചേർന്നുണ്ടായി എന്നു വരാമല്ലോ. അപ്പോൾ തകാരസ്ഥാനത്ത് അതിന്റെ അനുനാസികമായ നകാരമായിപ്പോയി എന്നു മാത്രമേ ഭേദമുള്ളു. അനുനാസികഭ്രമം തമിഴർക്കും മലയാളികൾക്കും സഹജമാകയാൽ ഇതിന നല്ല സമാധാനവും ഉണ്ട്. ഈ വക യുക്തികൾ നോക്കുമ്പോൾ ദ്രാവിഡങ്ങളിലെ ഭൂതപ്രത്യയസ്ഥാനം വഹിക്കുന്നത് "ഇതു" എന്ന ചുട്ടെഴുത്തിന്റെ നപുംസകൈകവചനരൂപം ആയിരിക്കാമെന്നൂഹിപ്പാൻ ധാരാളം വകയുണ്ട്. ഇവിടെക്കാണിച്ചതും ഇതിലധികവും തെളിവുകൾ എല്ലാം ശേഖരിച്ച് സവിസ്തരം ഈ കേസുവിചാരണചെയ്തതിന്റെ ശേഷം റവറന്റ്

[38] ഉത്തരമധ്യമങ്ങളിൽ = ഉത്തമപുരുഷനിലും മധ്യമപുരുഷനിലും

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 1006

കാൽഡ്വൽസായ്പവർകൾ ഒരു സാരമില്ലാത്ത പോയിന്റിന്മേൽ വിരോധമായിട്ടു വിധിച്ചുകളഞ്ഞു.

ഈ വിധി അപ്പീൽചെയ്താൽ അഴിയുമോ എന്നു നമുക്കു ശ്രമിച്ചു നോക്കുകതന്നെ. ആ, ഇ, ഉ എന്ന ചുട്ടെഴുത്തുകളെ കാലചിഹ്നമാക്കുന്നതിനു നല്ല ന്യായവും രസികത്വവും ഉണ്ട്. എന്നാൽ അങ്ങനെ ചെയ്യയാണെങ്കിൽ "ഇതു" എന്ന സന്നിഹിതവാചിയായ സർവ്വനാമം വർത്തമാനത്തെയും "അതു" എന്ന പരോക്ഷവാചി ഭൂതത്തെയും, "ഉതു" എന്ന അനതിദൂരസന്നിഹിതവാചി ഭാവിയെയും കാണിക്കയാണു വേണ്ടതു്. ഈ ന്യായത്തിനു വിപരീതമായിട്ടു "ഇതു" ഭൂതചിഹ്നമായിട്ടാണ് നമ്മുടെ വിചാരണയിൽ കണ്ടതു്. അതിനാൽ ഈ വാദം ചെല്ലുന്നതല്ലെന്ന് ജഡ്ജി കേസു തള്ളിക്കളഞ്ഞു. ഭൂതകാലക്കുറികളിൽ എവിടെ എങ്കിലും ഇകാരത്തിന്റെ സ്ഥാനത്ത് അകാരം കണ്ടുകിട്ടിയിരുന്നെങ്കിൽ അനുകൂലമായിട്ടു വിധി പറയാമായിരുന്നു എന്ന് അദ്ദേഹം അനുശോചിക്കുകകൂടി ചെയ്യുന്നുണ്ട്. ഇത്രയും അനുകമ്പയുള്ള ജഡ്ജിയുടെ തീർപ്പ് നമുക്ക് അനുകൂലമാക്കുന്നതു് വളരെ ലഘുവാണ്.

ദ്രാവിഡർ വർത്തമാനത്തെ ഒരു പരിച്ഛിന്നമായ കാലമായിട്ടു് ഗണിച്ചിരുന്നില്ല. ആര്യഭാഷകളിൽ വർത്തമാനകാലമുപയോഗിക്കുന്നിടത്ത് ദ്രാവിഡഭാഷകൾ ഭാവിയെ ഉപയോഗിക്കുന്നു. ശരിയായ വർത്തമാനാഖ്യാതം ദ്രാവിഡങ്ങളിൽ ഇടക്കാലത്തുണ്ടായ താണ്. ഇപ്പോൾ കാണുന്ന വർത്തമാനരൂപവും കുവർന്നസ്മി, ക മാ റീശിഴ എന്ന മട്ടിൽ അനുബന്ധിയായ വർത്തമാനത്തെയാണ് കുറിക്കുന്നതു്. ഈ അനുബന്ധിവർത്തമാനാർത്ഥം തമിഴ് മലയാളങ്ങളിൽ ഇറധാതുവിന്റെയും, തെലുങ്കിൽ ഉത്ധാതുവിന്റെയും അനുപ്രയോഗം കൊണ്ടു സാധിക്കുന്നു. ചെയ്കിറാൻ. ചെയ്യുന്നു, ചേസ്തുന്നാനു എന്നുദാഹരണങ്ങൾ. കർണ്ണാടകത്തിൽ കെയ്ദപേം എന്നതിലെ "ദപ"-യ്ക്കുമാത്രമേ വ്യഖ്യാനം കിട്ടാതെയുള്ളു. അതിനും കിറ്റൽ ഒരുവിധം ഉപപത്തി ഉത്ഭാവനം ചെയ്തിട്ടുണ്ട്.[39] അതിനാൽ വർത്തമാനകാലം ഇല്ലാഞ്ഞിട്ടാണ് സന്നികൃഷ്ടവാചിയായ സർവ്വനാമത്തെ ആ കാലം കുറിക്കുന്നതിന് ഉപയോഗിക്കാഞ്ഞതു്. ദ്രാവിഡരുടെ ദൃഷ്ടിയിൽ ഭൂതകാലമൊന്നു മാത്രമേ സിദ്ധവും, പരിച്ഛിന്നവും, പ്രത്യക്ഷാനുഭവഗോചരവും ആയിട്ടുള്ളു. അതുകൊണ്ട് അവർ ആ കാലത്തെ "ഇതു" എന്നു വ്യവഹരിച്ചു ദൂരസന്നിഹിതമായ ഭാവിയെ "ഉതു" കൊണ്ട് പരാമർശിച്ചു. സീമരേഖയായ വർത്തമാനത്തെ "അതു" എന്ന പരോക്ഷസർവ്വനാമത്തിനു വാച്യമാക്കിത്തള്ളി. "ഉ" എന്ന ചുട്ടെഴുത്ത് തമിഴ് മലയാളങ്ങളിലെ ഭാവിയിൽ "ഉ" "ഉം" എന്ന രൂപങ്ങളിൽ കാണുന്നു. തെലുങ്കിൽ ചേയുതുനു(ചേസ്തുനു) എന്ന് "ഉതു" തന്നെയുണ്ട്.[40] കേയുകം മാഡുത്തേനെ മുതലായ കർണ്ണാടക രൂപങ്ങളിൽ "ഉ" പല വേഷത്തിൽ തെളിയുന്നുണ്ട്.[41] കെയ്യേം എന്ന സാധാരണ കർണ്ണാടകരൂപം തന്നെ കെയ്യുവെം എന്നതിൽനിന്നു സങ്കോചിച്ചതാണ് എന്നു

[39] "ദപ" വാസ്തവത്തിൽ "ദ + അപ" എന്നാണെന്നും അതിലെ "ദ" ഭൂതകാലപ്രത്യയവും "അപ" ആകുക എന്നതിന്റെ ഭാവിവിനയെച്ചവുമാണെന്നും കിറ്റൽ നിഷ്പത്തി കല്പിക്കുന്നു "ദ" ഭൂതകാലപ്രത്യയമായ "ഇതു" എന്നതിന്റെ സങ്കുചിതരൂപമാണെന്ന് രാമകൃഷ്ണയ്യ.

[40] ദ്രാവിഡഭാഷകളിൽ ആദികാലത്ത് "ഇതു" ഭൂതകാലത്തെയും "ഉതു" ഭാവികാലത്തെയും കാണിക്കുന്ന കുറികളായിരുന്നുവെന്ന് രാമകൃഷ്ണയ്യ.

[41] പ്രാചീന തെലുങ്കിൽ ഭാവിപ്രത്യയമായി "ഉം" ഉപയോഗിച്ചിരുന്നതായി രാമകൃഷ്ണയ്യ അഭിപ്രായപ്പെടുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-18.tex/Line: 1039

വരാം. ചെയ്യ(= ചെയ് + അ) എന്ന നാല്യഭാഷകളിലും ഒന്നുപോലെ കാണുന്ന നടുവിനയെച്ചപ്രത്യയം എന്ന "അ" പരോക്ഷസർവ്വനാമമാകുന്നു. നടുവിനയെച്ചത്തിൽ നിന്ന് ആഖ്യാതം ഉണ്ടാകുന്നില്ല എന്നുതന്നെ ഇരിക്കട്ടെ. എന്നാൽ ആ വിനയെച്ചത്തെ അർത്ഥത്തിന് യാതൊരു അവച്ഛേദവും ഇല്ലാത്തതിനാൽ സ്വയമേ ആഖ്യാതമായുപയോഗിക്കാമെന്നു മാത്രമല്ല, നാമമാക്കീട്ട് അതിന്മേൽ വിഭക്തികൾ കൂട്ടിച്ചേർക്കാം. നടുവിനയെച്ചത്തിന്റെ ഈവക വെലക്ഷണ്യങ്ങളെല്ലാം വിനയെച്ചപ്രകരണത്തിൽ വിസ്തരിച്ചു കൊള്ളാം.

കാലപ്രത്യയങ്ങളുടെ ഉൽപത്തി മേൽക്കാണിച്ചപ്രകാരംതന്നെ ആയിരിക്കാം എന്നു സ്വീകരിക്കുന്നപക്ഷം തമിഴിലും പ്രാചീനകർണ്ണാടകത്തിലും കാണുന്ന വ്യത്യസ്ത രൂപങ്ങൾക്ക് ശരിയായ ഉപപത്തി ഉണ്ടാകും. ചെന്തമിഴിൽ ചെയ്യു-ചെയ്യും എന്നുള്ള ഭാവിരൂപം ചെയുതു-ചെയുതും എന്ന് ഉകാരം ലോപിച്ചുണ്ടായതെന്നു സമാധാനപ്പെടാം. കർണ്ണാടകത്തിലെ "കും" വ്യത്യസ്തമല്ല, ശരിയായ പ്രാചീനരൂപത്തിന്റെ നഷ്ടശിഷ്ടമാണ് എന്നു സംഗ്രഹം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex/Line: 2

3

പ്രകാരപ്രകരണം

110. ധാതുവർത്ഥം കുറിക്കുന്ന
പ്രകാരംതാൻ പ്രകാരമാം.

പ്രകാരം എന്നാൽ മട്ടെന്നർത്ഥം. ഒരു ധാതു തനിക്കുള്ള അർത്ഥത്തെ ഏതു മട്ടിൽ വെളിപ്പെടുത്തുന്നുവോ അതുതന്നെ പ്രകാരം. "നീ ഇവിടെ വാ", "അവൻ അങ്ങോട്ടു പോകട്ടെ", "എല്ലാവരും സത്യം പറയണം" ഇത്യാദി വാക്യങ്ങളിൽ "വാ", "പോകട്ടെ", "പറയണം" എന്ന രൂപങ്ങൾ കേൾക്കുമ്പോൾ വരിക, പോവുക, പറക എന്ന ക്രിയകളുടെ അർത്ഥത്തിനു പുറമേ മുറയ്ക്കു് വരുതി, നിയോഗം, ശാസന[1] എന്നോരോ വിശേഷാർത്ഥം കൂടി തോന്നുന്നുണ്ടു്. അതിനാൽ "വാ" എന്ന രൂപം വരിക എന്ന ക്രിയയെ വരുതികൊടുക്കുന്നമട്ടിലാണ് കുറിക്കുന്നതു്. അതുപോലെ "പോകട്ടെ" എന്നതു് നിയോഗിക്കുന്ന മട്ടിലും "പറയണം" എന്നതു് ശാസിക്കുന്ന മട്ടിലും ആണ്. ഇതാകുന്നു കൃതികളുടെ രൂപങ്ങളിൽ "പ്രകാരം" എന്ന ഉപാധി.

111. നിയോജകം നിയോഗത്തിൽ;
വിധിമട്ടിൽ വിധായകം;
അനുജ്ഞാരൂപമായ് കാട്ടു-
മനുജ്ഞായകമെന്നത്;
നിർദ്ദേശകം കുറിക്കുന്ന
ധാത്വർത്ഥം പരിശുദ്ധമായ്.

നിയോഗത്തിന്റെമട്ടിൽ ധാത്വർത്ഥത്തെ കുറിക്കുന്ന പ്രകാരം "നിയോജകം"; വിധി എന്നു പറയുന്ന ശാസനയുടെ മട്ടിലുള്ളതു് "വിധായകം"; അനുജ്ഞ എന്നു പറയുന്ന സമ്മതത്തി

[1] ശാസന = വിധി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex/Line: 19

ന്റെ മട്ടിലുള്ളത് "അനുജ്ഞായകം" ഈ വക വിശേഷവിധി ഒന്നും കൂടാതെ ധാത്വർത്ഥത്തെ തനിയെ കാട്ടുന്നത് "നിർദ്ദേശകം"; ഇങ്ങനെ പ്രകാരം നാലു വിധം.

22 ഇനി ഈ പ്രകാരങ്ങളെ ഉണ്ടാക്കാനുള്ള മാർഗ്ഗം പറയുന്നു:

112. അട്ടേ നിയോജകത്തിങ്കൽ;[2]
അണമെന്നു വിധായകേ;
ആമനുജ്ഞായകത്തിന്നും;
പ്രത്യയം ഭാവിരൂപജം.[3]

നിയോജകപ്രകാരത്തിന് "അട്ടേ", വിധായകത്തിന് "അണം", അനുജ്ഞായകത്തിന് "ആം" എന്ന് ഓരോന്നിനും പ്രത്യയങ്ങൾ. ഈ പ്രത്യയം മൂന്നും വേറെ ചില ധാതുക്കളുടെ ഭാവിരൂപം തന്നെ ദൃഷിച്ചുണ്ടായതാണെന്ന് ഉത്ഭവം പറഞ്ഞിരിക്കുന്നു. ആ ഭാഗം പിന്നീടു വിസ്തരിക്കാം. നിർദ്ദേശകപ്രകാരത്തിന് അർത്ഥവിശേഷം ഇല്ലാത്തതിനാൽ രൂപവിശേഷവും ഇല്ല; മുൻചൊന്ന കാലരൂപങ്ങൾ തന്നെ നിർദ്ദേശകപ്രകാരം. ഉദാ:

നിർദ്ദേശകം: ബാലന്മാർ കൂളിക്കുന്നു; രാമൻ രാവണനെ കൊന്നു; കല്ക്കി അവതരിക്കും.

നിയോജകം: പറ—പറയട്ടെ; കളി—കളിക്കട്ടെ; ഇളക്—ഇളകട്ടെ; വര്—വരട്ടെ.

വിധായകം: പറ—പറയണം, കളി—കളിക്കണം, ഇളക്—ഇളകണം, വരു്—വരണം.

അനുജ്ഞായകം: പറ—പറയാം, കളി—കളിക്കാം, ഇളക്—ഇളകാം, വര്—വരാം.

നിയോജകപ്രകാരത്തിനു മാത്രം പുരുഷവചനഭേദം കൂടിയുണ്ട്. "അട്ടേ" എന്നു പറഞ്ഞ പ്രത്യയം പ്രഥമോത്തമപുരുഷന്മാർക്കു മാത്രമാണ്; അവിടെ വചനഭേദവുമില്ല. അവൻ പോകട്ടെ, അവർ പോകട്ടെ, ഞാൻ പോകട്ടെ, ഞങ്ങൾ പോകട്ടെ എന്നു രൂപം ഒന്നു തന്നെ. മധ്യമപുരുഷനിൽ മാത്രം വിശേഷം- അതാവിതു്: ധാതുരൂപംതന്നെ ഏകവചനമാകും. ബഹുവചനത്തിന് ധാതുവിൽത്തന്നെയോ അല്ലെങ്കിൽ ഭാവിരൂപത്തിലോ "ഇൻ" എന്നു പ്രത്യയം
38 ചേർക്കണം. ഈ സംഗതിയെ സൂത്രത്തിൽ സംഗ്രഹിച്ചിരിക്കുന്നു.

113. നിയോജകപ്രകാരത്തിൽ
ധാതുതാൻ മധ്യമൈകമാം;[4]
ഇൻ പ്രത്യയം ബഹുത്വത്തിൽ;
ഭാവി ചേർന്നിടുമാമിതു.[5]

[2] നിയോജകത്തിൽ പ്രഥമ-ഉത്തമപുരുഷന്മാർക്കാണ് "അട്ടേ" പ്രത്യയം. ഒട്ടേ (അട്ടേ) പ്രത്യയത്തിന് കല്പന, അനുഗ്രഹശാപങ്ങൾ, അനുജ്ഞ, ആഗ്രഹം, അപേക്ഷ എന്നീ അർത്ഥങ്ങളുണ്ടെന്നു ഗ്രണ്ടട്ട്. നന്മ ഉണ്ടാകട്ടെ, ഞാൻ പോകട്ടെ?, ഉണ്ണിക്കടൽ കാണട്ടെ — മുതലായവ ഉദാഹരണങ്ങൾ. ഇതുപോലെ വിധായകം, അനുജ്ഞായകം എന്നീ പ്രകാരങ്ങൾക്ക് കേരളപാണിനീയത്തിൽ പറഞ്ഞവകൂടാതെ വേറെയും ചില അർത്ഥങ്ങളുണ്ട്.

[3] ഭാവിരൂപജ = ക്രിയയുടെ ഭാവിരൂപത്തിൽനിന്നുണ്ടായതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex/Line: 45

ഉദാ:

അവൻ അവൾ അവർ	പോക്—പോകട്ടെ
ഞാൻ ഞങ്ങൾ	കേൾ—കേൾക്കട്ടെ
നീ—	പോക്—പോ
	കേൾ—കേൾക്ക്
നിങ്ങൾ—	പോക്—പോകിൻ, പോകുവിൻ, പോവിൻ
	കേൾ—കേൾക്കിൻ, കേൾപ്പിൻ, കേൾക്കുവിൻ.

ഭാവികാല സ്പർശമുള്ളിടത്ത് "ക്ക്" ഇന്ന, പകരം "പ്പ്" ആകാമെന്നു പറഞ്ഞിട്ടുള്ളതും നോക്കുക. ധാതുരൂപംതന്നെ മധ്യമൈകവചനം എന്നു പറഞ്ഞതിൽ ധാതുവിന് അംഗസംസ്കാരം ചെയ്തിട്ടും ചെയ്യാതെയും പ്രയോഗമാകാം. കേൾ എന്നു ശുദ്ധമായ ധാതുരൂപം; കേൾക്ക് എന്ന് അംഗപ്രത്യയം ചെയ്ത രൂപം.

പ്രകാരപ്രത്യയമെല്ലാം ഭാവിരൂപത്തിൽ നിന്നുണ്ടായതാണെന്നു പറഞ്ഞുവല്ലോ; അതെങ്ങനെ എന്നു വിചാരണചെയ്യാം. യോജിക്ക എന്നർത്ഥമായ ഒട്ടുക- ധാതുവിന്റെ ശീലഭാവിരൂപം ഒട്ടും എന്ന്. പോക, വര, ഇരിക്ക, നില്ക്ക ഇത്യാദിപോലെ ധാതുവിൽ "അ" എന്നു പ്രത്യയം ചേർത്താൽ നടുവിനയെച്ചരൂപമുണ്ടാകും; അത് ക്രിയാപദംപോലെയും നാമംപോലെയും പ്രയോഗിക്കയുമാകാം. നാമമാകുമ്പോൾ "പോവുക" എന്ന ക്രിയ എന്നാണ് അതിനർത്ഥവും. ഇതെല്ലാം വിനയെച്ചപ്രകരണത്തിൽ വിസ്തരിക്കും. ഒരു ധാതുവിനോട് മറ്റൊരു ധാതുവിനെച്ചേർത്തു സമാസംപോലെ പ്രയോഗിക്ക പതിവുണ്ടെന്ന് വർത്തമാനകാലത്തിന്റെ ഉൽപത്തി വിചാരണയിൽ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെ ധാതുക്കളെ സമാസിച്ചു ചേർക്കുമ്പോൾ ആദ്യത്തെ ധാതുവിന് പ്രാക്പ്രയോഗം എന്നും രണ്ടാമത്തേതിന് അനുപ്രയോഗം എന്നും പേരുകൾ. ഏതു ധാതുവിന്റെയും നടുവിനയെച്ചത്തോടുചേർത്ത് "ഒട്ടും" എന്ന ഭാവിരൂപം അനുപ്രയോഗിച്ചാൽ നിയോജകപ്രകാരം ഉണ്ടാകും. ചെയ്യ + ഒട്ടും = (അകാരം ലോപിച്ചിട്ട്) ചെയ്യൊട്ടും. ഈ രൂപം നാടോടിത്തമിഴിൽ ധാരാളമുണ്ട്. മലയാളത്തിൽ ഈ രൂപം "ഏ" എന്ന നിപാതം കൂടിച്ചേർന്നിട്ട്, ആദ്യം "ചെയ്യൊട്ടുമേ" എന്നും പിന്നീടു ക്രമേണ ദുഷിച്ച് "ചെയ്യട്ടെ" എന്നുമായിത്തീർന്നു. "ഒട്ടുക" യുടെ ഒകാരം അകാരമായതു ഭ്രമംകൊണ്ടായിരിക്കാം;[6] "ട്ടുമേ" "ട്ടേ" ("ട്ടെ" എന്നും) എന്നായത് സങ്കോചം കൊണ്ടാണ്.

---

4 മധ്യമൈകം = മധ്യമപുരുഷൻ ഏകവചനം.

5 ഭാവിപ്രത്യയം ചേർന്നിട്ടും ഇത് (= ഇൻപ്രത്യയം) ആം (= ചേർക്കാം) — എന്ന് അർത്ഥം.

6 ഒകാരത്തിനു പകരം അകാരം ചിലപ്പോൾ വന്നുകാണാറുണ്ട് "ചെയ്യൊല്ല" എന്നതിന് "ചെയ്യല്ല്" എന്നു നാടോടിമലയാളത്തിൽ പ്രയോഗമുണ്ടല്ലോ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex / Line: 66

വിധായകത്തിൽ "വേണം" എന്ന ശീലഭാവിയാണ് അനുപ്രയോഗം. വേണ്ടുന്നു, വേണ്ടി, വേണ്ടും എന്നു ടകാരം ചേർന്നാണ് വേണ്ടുക എന്ന ധാതുവിന്റെ രൂപങ്ങൾ. അതിൽ വേണ്ടും എന്നു ശീലഭാവിയെ ടകാരം കളഞ്ഞു "വേണം" എന്നും, പിന്നീട് ഉകാരത്തെ അകാരമാക്കിയിട്ട് "വേണം" എന്നും അതിനുശേഷം ആദിയിലേ വകാരം ലോപിപ്പിച്ച് "ഏണം" എന്നും പിന്നെ ഹ്രസ്വം ചെയ്ത് "എണം" എന്നും, വന്നതിനുമേൽ എകാരത്തെ ഭ്രമംമൂലം അകാരമാക്കിത്തീർത്താണ്[7] "അണം" എന്ന വിധായകപ്രത്യയം ഉണ്ടാക്കിയത്. നിയോജകത്തിനു പറഞ്ഞതുപോലെ "അ" എന്ന നടുവിനയെച്ചം തന്നെ ഇതിലും പ്രാൾപ്രയോഗധാതുവിന്റെ രൂപം. വിധായകത്തിന്റെ ഉൽപത്തി ഇപ്രകാരമാണെന്നതിലേക്ക് കവികൾ ചെയ്യേണം. ചെയ്യവേണം എന്ന പഴയ രൂപങ്ങൾ പ്രയോഗിക്കുന്നതും തമിഴിൽ "ചെയ്യവേണ്ടും" എന്നു മൂലഭൂതമായ രൂപംതന്നെ ഉപയോഗിച്ചു വരുന്നതും ലക്ഷ്യങ്ങളാകുന്നു. വേണ്ടുക = ആവശ്യപ്പെടുക; ചെയ്യണം = ചെയ്യുക ആവശ്യമാകുന്നു എന്ന് അർത്ഥയോജന.

അനുജ്ഞായകത്തിൽ ഇതുപോലെ ആവുക ധാതുവിന്റെ ശീലഭാവി അനുപ്രയോഗമായിത്തീർന്നു; "ആകും" (കു ലോപിച്ചിട്ട്) ആം എന്നായി. ചെയ്യാം = ചെയ്യ ആം = ചെയ്യ ആകും = ചെയ്യുക സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം. തമിഴിൽ നടുവിനയെച്ചത്തിൽ നിന്നല്ല, പോകലാം, വരലാം എന്നും മറ്റും ക്രിയാനാമത്തിൽ നിന്നാണ് അനുപ്രയോഗം അധികം പതിവ് എന്നു മാത്രം ഭേദമുണ്ട്.

ഇങ്ങനെ നിയോജകം, വിധായകം, അനുജ്ഞായകം എന്നു പ്രകാരം മൂന്നെണ്ണം പറഞ്ഞതിൽ നിയോജകത്തിന് പുരുഷവചനഭേദംകൂടെയുണ്ടെന്ന് ഒരു വിശേഷം കാണിച്ചുവല്ലോ. 71 വേറെയും അതിനു വിശേഷങ്ങൾ ഉണ്ട്.

114. പിരിച്ചിട്ടും പ്രയോഗിക്കാം വിധ്യനുജ്ഞാർത്ഥകങ്ങളെ.[8]

വിധായകാനുജ്ഞായകങ്ങളിൽ അനുപ്രയോഗധാതുവിനെ പ്രാൾപ്രയോഗധാതുവിൽനിന്നു വേർതിരിച്ചു സ്വതന്ത്രമായിട്ടും പ്രയോഗിക്കാം. നിയോജകത്തിൽ അതു പതിവില്ല. പോകവേണം, പോക ആം എന്നു പ്രയോഗിക്കാം; പോക ഒട്ടും എന്നു പ്രയോഗിച്ചുകൂടാ. നിയോജകംപോലെ മറ്റു രണ്ടു പ്രകാരങ്ങളും ഗാഢമായിട്ട് ഭാഷയിൽ വേരൂന്നിക്കഴിഞ്ഞിട്ടില്ല. പ്രകൃതിയോടു ചേരുമ്പോൾ മാത്രം അർത്ഥം ഉണ്ടായിരിക്കയും പിരിഞ്ഞാൽ അർത്ഥമില്ലാതിരിക്കയും ചെയ്യുന്ന അക്ഷരങ്ങളെ ആണ് പ്രത്യയം എന്നു പറയുന്നത്. ഇപ്പോൾ നാം പ്രത്യയമായിട്ടു കാണുന്ന പലതും ആദ്യകാലത്ത് സ്വതന്ത്രപദങ്ങളായിരുന്നിരിക്കണം; കാലക്രമണ തേഞ്ഞു് സ്വതന്ത്രപ്രയോഗം ഇല്ലാതായിട്ട് അവ പ്രത്യയത്തിന്റെ നിലയിൽ വന്നു പരിണമിക്കയാണു ചെയ്തിട്ടുള്ളത്. ഇക്കൂട്ടത്തിൽ വിധായകാനുജ്ഞായകങ്ങൾ ചെയ്യവേണം, ചെയ്യ ആം എന്നു ചിലപ്പോൾ സ്വതന്ത്രമായി നില്ക്കയും, ചിലപ്പോൾ ചെയ്യണം,

[7] "ണം" എന്നതിലെ അകാരത്തോടു പൊരുത്തപ്പെടാൻവേണ്ടി, എകാരത്തെ തുറന്ന് സ്വരാനുസംവാദനയപ്രകാരം അകാരമാക്കിയതായിരിക്കുമോ?

[8] വിധിയും അനുജ്ഞയും അർത്ഥമുള്ള കൃതിരൂപങ്ങളെ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex/Line: 77

ചെയ്യാം എന്ന പ്രത്യയാന്തമായ ഒറ്റ രൂപമായി പ്രചരിക്കയും ചെയ്യുന്നു. ഇനി ഒരു കാലത്തു് പിരിച്ചുള്ള പ്രയോഗം ഇല്ലാതായിട്ടു് ഇതുകളും നിയോജകംപോലെ മുറ്റി ഉറച്ച പ്രത്യയാന്തങ്ങളായിട്ടു തന്നെ തീർന്നേക്കാം. ഇന്നും പിരിച്ച പ്രയോഗിക്ക കവികളേ ചെയ്യാറുള്ളു. ഈ വക അവ്യവസ്ഥകളെ കരുതിയാണ് മലയാളം ഇപ്പോൾ സംശ്ലിഷ്ടകക്ഷ്യയുടെയും വെകൃതകക്ഷ്യയുടെയും പടിവാതിലിൽ വർത്തിക്കുന്നു എന്നു പറഞ്ഞതു്. 77

115. അനുപ്രയോഗധാത്വർത്ഥം
വേർതിരിച്ചു നിറുത്തുകിൽ
നിഗീർണ്ണകർത്തൃകം രൂപം
വിധ്യനുജ്ഞകൾ രണ്ടിലും.

അനുപ്രയോഗധാതുവിനെ പ്രയോഗിക്കുന്നതു് പിരിച്ചായാലും ശരി, ചേർത്തായാലും ശരി, അനുപ്രയോഗധാതുവിന്റെ അർത്ഥം പ്രാക്പ്രയോഗധാതുവിന്റെ അർത്ഥത്തിൽ ചേർന്നു ലയിച്ചു രണ്ടുംകൂടി വിധിയുടെ മട്ടിലോ അനുജ്ഞയുടെ മട്ടിലോ പ്രകാശിക്കുന്ന ക്രിയ ആയിട്ടു തോന്നാതെ സ്വതന്ത്രങ്ങളായ രണ്ടു സംഗതികളായി തോന്നുന്നപക്ഷം വിധായകാനുജ്ഞായകങ്ങൾ "നിഗീർണ്ണകർത്തൃകം" എന്നു പറയുന്ന ക്രിയാപദമായിത്തീരും." നിഗീർണ്ണകർത്തൃകം" എന്നാൽ കർത്താവിനെ നിഗിരണം (= ഉള്ളടക്കം) ചെയ്ത ക്രിയാപദം എന്നർത്ഥം മുൻപുതന്നെ പറഞ്ഞിട്ടുണ്ടു്. കുംഭകർണ്ണന് ഉറങ്ങണം, എന്നും ചെയ്യാം മഹതാം ഇത്യാദി പ്രയോഗങ്ങളിൽ സാധാണദൃഷ്ട്യാ ഒരു കർത്താവും കാണുന്നില്ല. ഉറങ്ങുകവേണം, ചെയ്യ ആകാം എന്നു കർത്താവുകൂടി ക്രിയാപദത്തിൽ ഉൾപ്പെട്ടുപോകുന്നു. അതിനാൽ ക്രിയ നിഗീർണ്ണകർത്തൃകം ആണെന്നു പറയുന്നു. ബാലന്മാർക്ക് കളിക്കണം എന്നു പറഞ്ഞാൽ ബാലന്മാർക്കു കളിക്കുന്നതിൽ പ്രിയം ഉണ്ടു് എന്നാണർത്ഥം. ബാലന്മാർ കളിക്കണം എന്നായാൽ ബാലന്മാരെ കളിക്കാൻ പ്രേരിപ്പിച്ചു നിർബന്ധിക്കുന്നു എന്നായിപ്പോകും അർത്ഥം. ഇതുപോലെ തന്നെ എനിക്കറിയാം, ഞാൻ അറിയാം എന്നുള്ള പ്രയോഗങ്ങളിലും അർത്ഥത്തിനു വ്യത്യാസമുണ്ടു്. അതിനാൽ വിധായകാനുജ്ഞായകങ്ങളെ സാധാരണയായി പ്രയോഗിക്കുമ്പോഴും, നിഗീർണ്ണകർത്തൃകമായി പ്രയോഗിക്കുമ്പോഴും അർത്ഥത്തിനു ഭേദമുണ്ടു്. നിഗീർണ്ണകർത്തൃകമാകുമ്പോൾ അന്വയത്തെ സംബന്ധിച്ചിടത്തോളം അനുപ്രയോഗത്തിന്റെ അർത്ഥം പ്രാക്പ്രയോഗത്തിൽ നിന്നു വേർപിരിഞ്ഞുതന്നെ നില്ക്കും. കർത്താവു കൂടാതെ ഒരു ക്രിയയും നടക്കുകയില്ലെന്നാണ് ആര്യഭാഷാവ്യാകരണത്തിൽ പ്രവേശമുള്ളവർ വിചാരിക്കുക. എന്നാൽ കർത്താവിന്റെ യത്നം (അല്ലെങ്കിൽ വ്യാപാരം) ഒന്നും കൂടാതെ ചില ക്രിയകൾ നടക്കും എന്ന് അല്പം ആലോചിച്ചാൽ നമുക്ക് ബോധപ്പെടും. വിശക്കുക, ദാഹിക്കുക, വേദനിക്കുക മുതലായ ക്രിയകൾ കർത്തൃവ്യാപാരം കൊണ്ടു് നിഷ്പന്നങ്ങളാണോ? വിശക്കാൻ വേണ്ടി നാം എത്ര ശ്രമിച്ചാലും അതു് സ്വയം ഉദിക്കുന്നതല്ലാതെ അതിനെ പ്രേരിപ്പിക്കാൻ സാധിക്കുന്നതല്ല. ഇതുപോലെ തോന്നുക, രസിക, ബോധിക്കുക, അറയ്ക്കുക, കിട്ടുക മുതലായ പലേ ക്രിയകളും കർത്തൃ വ്യാപാരത്തെ അപേക്ഷിക്കാതെ സ്വയം അനുഭവഗോചരങ്ങളായിത്തീരുന്നു. ഈ വക ക്രിയകളിൽ പലതും നിഗീർണ്ണകർത്തൃകമായി വരും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex / Line: 85

"എനിക്ക് ഒരു ശിഷ്യനെ കിട്ടീട്ടുണ്ട്; അവന് ഉണ്ടാൽ ഉറങ്ങണം, ഉറങ്ങിയാൽ ഉണ്ണണം" ഇത്യാദി വാക്യങ്ങളിൽ ക്രിയകളെല്ലാം നിഗീർണ്ണകർത്തൃകങ്ങളാകുന്നു. "എനിക്കു ശിഷ്യനെ കിട്ടീട്ടുണ്ട്'" എന്നതു് മറ്റൊരു ഭാഷയിലും കാണാത്ത ഒരു വിലക്ഷണശൈലിയാണ്: "ഉണ്ടാൽ ഉറങ്ങണം" എന്നതിൽ "ഉറങ്ങുക" എന്ന കർത്താവിനെ ക്രിയ നിഗിരണം ചെയ്തിരിക്കുന്നു; "എനിക്കു വിശക്കുന്നു" ഇത്യാദികൾ സംസ്കൃതത്തിലെ ഭാവേ പ്രയോഗത്തിന് ഏകദേശം തുല്യമായിരിക്കും.

പ്രകാരം എന്ന ഒരിനം തമിഴ് വൈയാകരണന്മാർ സ്വീകരിച്ചിട്ടില്ല. "പോകവേണ്ടും", "പോകൽ ആം, "പോകൽ ആം", പോക ഒട്ടും" എന്ന പ്രകാരാർത്ഥകപ്രയോഗമെല്ലാം വേണ്ടും, ആകും, ഒട്ടും എന്ന അതാതു ധാതുക്കളുടെ സ്പഷ്ടമായ ഭാവിരൂപമാകയാൽ തമിഴിൽ "പ്രകാരം" എന്നൊരു ഉപാധിയെ സ്വീകരിക്കേണ്ട ആവശ്യമേ വരുന്നില്ല. മലയാളത്തിലാകട്ടെ, പോകണം, പോകാം, പോകട്ടെ എന്ന് ഈ രൂപങ്ങൾ പ്രാൽപ്രയോഗ ധാതുവിൽ ചേർന്ന് അതിന്റെ ഒരു രൂപവിശേഷമായിത്തീർന്നതുകൊണ്ടാണ് പ്രകാരം എന്നൊരിനത്തെ പ്രത്യേകം കല്പിക്കേണ്ടി വന്നതു്. എന്നാൽ മലയാളത്തിലും പോകവേണം എന്നു വേർപിരിച്ച് കവികൾ പ്രയോഗിക്കാറുണ്ടല്ലോ. അപ്പോൾ പ്രകാരം ഒരു പുതിയ ഇനം ആവുകയില്ല എന്നും പറവാൻ പാടില്ല. പിരിച്ചു പ്രയോഗിക്കുമ്പോഴും പ്രാൽപ്രയോഗവും അനുപ്രയോഗവും സമാസിച്ചു തന്നെയാണിരിക്കുന്നത്; പോക ഞാൻ വേണം എന്നോ മറ്റോ രണ്ടിന്റെയും മധ്യേ മറ്റൊരു പദം പ്രയോഗിക്കാൻ പാടില്ല. അതുകൊണ്ട് മലയാളത്തിൽ പ്രകാരത്തെ ധാതുക്കളുടെ രൂപഭേദോപാധികളിൽ ഒന്നായി സ്വീകരിക്കയേ നിർവ്വാഹമുള്ളു. "അവനുടയ പടജ്ജനം ച ഘോരം "ഇത്യാദികളിൽ "ഉടയ" എന്നതു് ഒരു പേരെച്ചമാണെന്ന് സ്പഷ്ടമാണെങ്കിലും അതിനെ സംബന്ധികാവിഭക്തിയുടെ പ്രത്യയമായിട്ടല്ലയോ വെച്ചിരിക്കുന്നത്? അതുപോലെ പ്രകാരങ്ങളിലെ അനുപ്രയോഗങ്ങൾ ആദികാലത്തു് അതാതു ധാതുക്കളുടെ ഭാവിരൂപങ്ങളായിരുന്നെങ്കിലും ഇപ്പോൾ അവ പ്രത്യയസ്ഥാനം തന്നെ വഹിക്കുന്നു. നിയോജകമധ്യമപുരുഷൻമാത്രം ശരിയായപ്രകാരം തന്നെ മതി എന്നേ ഉള്ളു. അതുകൊണ്ട് തമിഴരും ഇതിനെ ഗ്രഹിച്ചിട്ടുണ്ട്. അതിന് അവർ "ഏവൽ" (നിയോഗം) എന്നുപേരും കൊടുത്തിരിക്കുന്നു. ഇതിനുപുറമേ വിയംകോൾ എന്നൊരു പ്രകാരംകൂടി തമിഴ് വ്യാകരണത്തിലുണ്ട്. അതിന്റെ സ്വഭാവം നടുവിനയെച്ചത്തെ ആശിസ്സർത്ഥത്തിൽ ഉപയോഗിക്കയാകുന്നു. അതിനെ വേണമെങ്കിൽ ആശാസകം എന്നൊരു പ്രകാരമാക്കാം. അതിനെപ്പറ്റി മേലിൽ പ്രസ്താവിക്കാം.

91 പ്രകാരാർത്ഥത്തെ വേറെ വിധത്തിലും ഉണ്ടാക്കാം. അതിന്റെ മാർഗ്ഗം കാണിക്കുന്നു:

116. ആലും ചേർന്നുള്ള ഭൂതാന്ത-
മവധാരകഭാവിയും
നിയോജകപ്രകാരത്തിൻ-
മധ്യമത്തിനു തുല്യമാം.[9]

[9] "അങ്ങനെവരുന്ന പക്ഷത്തിലും" എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന "ആലും" (ഉദാ: അഗ്നിത്യാഗംചെയ്താലും ദോഷമുണ്ട്) നിയോജകപ്രകാരത്തിന്റെ ഫലമല്ല ചെയ്യുന്നതും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-19.tex/Line: 100

ഭൂതരൂപത്തിൽ ആലും എന്നു ചേർത്തു പ്രയോഗിച്ചാൽ അത് നിയോജകമധ്യമപുരുഷന്റെ ഫലം ചെയ്യും. ആദരവോടു പറയുന്നിടത്തും കവിതകളിലും മാത്രമേ ഇതിന് ഉപയോഗമുള്ളു. അതുപോലെതന്നെ ഊ എന്ന അവധാരകഭാവിയേയും നിയോഗത്തിനു പകരം ഉപയോഗിക്കാം. ഇത് മധ്യമത്തിൽ മാത്രമല്ല, പ്രഥമപുരുഷനിലും കാണാറുണ്ട്. ഉദാ:

"മധുരമൊഴി ശാരികേ! വന്നാലും നീ!"
"കേട്ടാലുമിത്തരുണി മേനകയെന്ന വാനോർ-
മട്ടോലുമുക്തിമണി തള്ളിയ പിള്ളയത്ര."
"കൂട്ടേണം, കളവൂ പിന്നേ ശേഷം വാങ്ങൂ ഭവേത് സുഖാത്" 107

117. ആവൂ ചേർന്നാൽ ഭൂതരൂപ-
മാംശസാർത്ഥം കുറിച്ചിടും.

ഭൂതകാലത്തിൽ "ആവൂ" എന്ന അവധാരകഭാവിരൂപം ചേർത്താൽ ആശംസ അർത്ഥം ജനിക്കും. ഉദാ:

അവനെ മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ —കൃ.ഗാ.
മുല ഞാനണച്ചാവൂ —ദമയ.നാ. 118
ചേവടി രണ്ടുമെൻ മൗലിയിൽ ചേർത്തുതാവൂ —കൃ.ഗാ.

118. ആശിസ്സർത്ഥത്തിനു നടു-
വിനയെച്ചം സ്വയം മതി.

നടുവിനയെച്ചത്തെത്തന്നെ ആഖ്യാതത്തിന്റെ സ്ഥാനത്തു പ്രയോഗിച്ചാൽ ആശിസ്സർത്ഥമുണ്ടാകും. ഇതിന് "ആശാസകപ്രകാരം" എന്നു നാമകരണം ചെയ്യാം. മുൻപ്രസ്താവിച്ചതു പോലെ ഇത് തമിഴിലുള്ളതാണ്; തമിഴ്വ്യാകരണത്തിൽ ഇതിന് "വിയംകോൾ" എന്നു പേർ. ഉദാ:

"ഗുണനിധി ഗുരുനാഥനും സദാ മേ
തുണയരുളീടുക കാവ്യബന്ധനാർത്ഥം"
"ആര്യേ! വേഷം ധരിച്ചുകഴിഞ്ഞാൽ ഇങ്ങോട്ടു വരികതന്നെ"

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-20.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

4

പ്രയോഗപ്രകരണം

അഴക്, പൊക്കം, മിടുക്ക് മുതലായ ഗുണങ്ങൾ ഒരികലും വേർപിരിയാതെ താൻതാങ്ങളുടെ അവലംബമായ ഗുണിയെ എങ്ങനെ ആശ്രയിച്ചു നില്ക്കുന്നുവോ അങ്ങനെ ഉണ്ണുക, ഉറങ്ങുക, ഇരിക്കുക മുതലായ ക്രിയകളും തങ്ങളുടെ ആശ്രയങ്ങളായ കാരകങ്ങളിൽ തങ്ങിനില്ക്കുന്നു. അനേകം ഗുണങ്ങളുള്ളവനായ ഒരുവനെ നാം സുന്ദരൻ, നെട്ടൻ, മിടുക്കൻ എന്നു വ്യവഹരിക്കുമ്പോൾ അവനിലുള്ള മറ്റു ഗുണങ്ങളെ ഗൗനിക്കാതെ പ്രകൃതഗുണങ്ങൾക്കു മാത്രം പ്രധാന്യം കല്പിക്കുന്നതുപോലെ ക്രിയയെ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ ഒന്നിനു മാത്രം ഇതരാപേക്ഷയാ പ്രധാന്യം വിവക്ഷിക്കപ്പെടുന്നു. കാരകങ്ങളിലൊക്കെയുംവെച്ച് പ്രധാനി കർത്താവാകയാൽ അക്കാരകമാണ് പ്രായേണ മുന്നിട്ടു വരുന്നത്. മറ്റു കാരകങ്ങളെയും പ്രധാനമായി വിവക്ഷിക്കുന്നതിന് വിരോധം ഇല്ല. ഉദാ:

> കുതിര ഓടുന്നു—കർത്തൃപ്രധാനം.
> ശാകുന്തളം കാളിദാസനാൽ നിർമ്മിക്കപ്പെട്ടു—കർമ്മപ്രധാനം.
> ഈ പേന നല്ലവണ്ണം എഴുതും—കരണപ്രധാനം.
> ഉരുളി ഇടങ്ങഴി അരി വയ്ക്കും—അധികരണപ്രധാനം.

ഒരു ധാതുവിനെ ഉപയോഗിക്കുമ്പോൾ ഏതു കാരകത്തിനു പ്രധാന്യം വിവക്ഷിക്കുന്നുവോ ആ കാരകത്തിൽ ആ ധാതുവിനു പ്രയോഗം എന്ന് വൈയാകരണന്മാർ വ്യവഹരിക്കുന്നു. ഇങ്ങനെ കർത്തരിപ്രയോഗം, കർമ്മണി പ്രയോഗം, കരണേപ്രയോഗം ഇത്യാദി സംജ്ഞകൾ കാൺക. ഈവിധം കാരകം ഉള്ളിടത്തോളവും പ്രയോഗവും വരാം. എങ്കിലും സാധാരണമായി കർത്തരിപ്രയോഗത്തെയും കർമ്മണിപ്രയോഗത്തെയും മാത്രമേ സ്വീകരിച്ചിട്ടുള്ളു. അതിലേക്ക് കാരണമെന്തന്നാൽ- ഇവയിൽ കർമ്മണിപ്രയോഗത്തിൽ മാത്രമേ ധാതുവിന് രൂപഭേദം വരുന്നുള്ളു. കരണേപ്രയോഗം മുതലായതു് വളരെ അപൂർവ്വമാണ്; ഉള്ളവയ്ക്ക് കർത്തരിപ്രയോഗത്തെക്കാൾ രൂപത്തിൽ ഒരു വിശേഷവും ഇല്ലതാനും. അത്രതന്നെയുമല്ല- കരണേ പ്രയോഗാദിയിൽ കരണാദികൾക്ക് കർത്തൃത്വം വിവക്ഷിച്ചിരിക്കയാണെന്ന് പറ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാർക്കു വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-20.tex/Line: 31

ഞുനില്ക്കുകയും ചെയ്യാം. എന്നുവേണ്ട, കർമ്മണി പ്രയോഗത്തിൽത്തന്നെയും കർമ്മത്തെ കർത്താവാക്കുകയാണെന്നും, അതിനാൽ ഭാഷയിൽ കർത്തരിപ്രയോഗം ഒന്നേ ആവശ്യപ്പെടുന്നുള്ളു എന്നും കാരകപ്രകരണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്; എങ്കിലും രൂപവ്യവസ്ഥചെയ്യുന്നതിൽ കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം എന്ന രണ്ടുവിധങ്ങളെ സ്വീകരിച്ചേതീരു എന്ന് അവിടെയും പ്രസ്താവിച്ചിട്ടുണ്ട്.

ഇതു രണ്ടും കഴിച്ച് ഭാവേപ്രയോഗം എന്നു മൂന്നാമതൊന്നിനെക്കൂടി സ്വീകരിക്കാം; എന്നാൽ അത് സംസ്കൃതരീതിയിൽനിന്നു വളരെ വ്യത്യസ്തമാണ്. കാരങ്ങളിലൊന്നിനും വിശേഷാൽ പ്രാധാന്യം കല്പിക്കാതെ സാക്ഷാൽ ക്രിയയെ, അതാവിത്, ഭാവത്തെത്തന്നെ പ്രധാനമാക്കി ഉപയോഗിക്കുന്നത് ഭാവേപ്രയോഗം.

ഉദാ: "എനിക്കു വിശക്കുന്നു, ദാഹിക്കുന്നു; കായം മണക്കുന്നു; ഈശ്വരൻ ഉണ്ട്; രാമസ്വാമിക്കു നിധി കിട്ടി; കുംഭകർണ്ണന് ഉറങ്ങണം.

രൂപത്തിൽ തട്ടുന്നതായ അർത്ഥഭേദമേ വ്യാകരണത്തിനു സാക്ഷാദ്വിഷയമാകൂ എന്ന അഭിപ്രായത്തിൻപേരിൽ ഈവക വിശേഷങ്ങളെ വൈയാകരണൻ ഗൗനിക്കാറില്ല. രൂ
44 പത്തെ സ്പർശിക്കുന്ന കർമ്മണിപ്രയോഗത്തെ മാത്രം നിർദ്ദേശിക്കുന്നു:

119. അകാരമാത്രകനടു-
വിനയെച്ചത്തിനപ്പുറം
പ്രയോഗിപ്പൂ പെടുക-യെ;
അതു കർമ്മണിരൂപമാം.

അ എന്നു മാത്രമായിട്ടുള്ള നടുവിനയെച്ച പ്രത്യയം ചേർത്തുണ്ടാക്കിയ ധാതുരൂപത്തിൽ പെടു് എന്ന ധാതുവിനെ അനുപ്രയോഗിച്ചാൽ കർമ്മണി പ്രയോഗം ഉളവാകും. ഉദാ:

പറ—പറയപ്പെടുന്നു, പറയപ്പെട്ടു, പറയപ്പെടണം ഇത്യാദി.
കാൺ—കാണപ്പെടുന്നു. ചെയ്—ചെയ്യപ്പെടുന്നു. ഇട്—ഇടപ്പെടുന്നു.

കർമ്മണിപ്രയോഗം ഭാഷാശൈലിക്കു ചേർന്നതല്ല; അതിനാൽ വൈചിത്ര്യത്തിനും സന്ദേഹനിവാരണത്തിനും മറ്റും മാത്രമേ അതിനെ ഉപയോഗിക്കാവൂ. കർമ്മണിപ്രയോഗം ശോഭിക്കുന്നത് ഇന്നയിന്ന ദിക്കിൽ എന്ന് "സാഹിത്യസാഹ്യ" ത്തിൽ തീർച്ചപ്പെടുത്തിയിട്ടുള്ളതും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 2

5

പ്രയോജകപ്രകൃതി

പ്രയോജകപ്രകൃതി എന്നും കേവലപ്രകൃതി എന്നും ധാതുക്കൾ പ്രകൃതി എന്ന ഇനത്തിൽ രണ്ടുവിധം ഉണ്ടെന്നു പറഞ്ഞുവല്ലോ. അതിൽ കാലപ്രകാരാദികളിൽ ഉണ്ടാകുന്ന രൂപഭേദം കേവലപ്രകൃതിയിൽ ഇരിക്കുന്ന ധാതുവിൽ പറഞ്ഞു കഴിഞ്ഞു. പ്രയോജകപ്രകൃതിയിലും കാലാദ്യുപാധികളെ സംബന്ധിച്ചിട്ടുള്ള രൂപങ്ങളെല്ലാം തുല്യംതന്നെ. കേവലധാതുവിനെ പ്രയോജകപ്രകൃതിയിൽ ആക്കാനുള്ള മാർഗ്ഗംമാത്രം നിർണ്ണയിക്കേണ്ടതുണ്ട്; അതിനാരംഭിക്കുന്നു. പ്രയോജകപ്രകൃതി ഉണ്ടാക്കേണ്ടതെങ്ങനെ?

> 120. പ്രയോജകം ജനിച്ചീടു-
> മി, പ്പി, ത്തു പ്രത്യയങ്ങളാൽ.

കേവലധാതുവിൽ "ഇ", "പ്പി", "ത്തു" എന്ന മൂന്നു പ്രത്യയങ്ങളിൽ ഒന്നു ചേർത്താൽ പ്രയോജകപ്രകൃതിയുണ്ടാകും. ഇന്ന ധാതുവിന് ഇന്നതെന്നു മേലാൽവിവേചനം ചെയ്യും. അതിനു മുമ്പേ പ്രയോജകപ്രകൃതിയിൽ രൂപനിർണ്ണയത്തിനുവേണ്ടി കാരിതാകാരിതഭേദം പറയുന്നു.[1]

> 121. ഇ പ്പി രണ്ടും ചേർന്ന ധാതു-
> വെല്ലാം കാരിതമാണുപോൽ.

ഇ, പ്പി, ത്തു, എന്ന് മൂന്നു പ്രത്യയം പറഞ്ഞതിൽ ആദ്യത്തെ രണ്ടും സ്വരാന്തമാകയാൽ അവയ്ക്ക് കാരിതാകാരിതഭേദത്തിനു വകയുണ്ട്.[2] സന്ദേഹം തീർക്കാനായിട്ട് രണ്ടും കാരിതങ്ങ

[1] ഇതു "സ്വഭാവം" എന്ന വിഭാഗത്തിന്റെ വിശദീകരണമാണ്.

[2] "കാരതാകാരിതഭേദം സ്വരചില്ലന്തങ്ങളിലേയുള്ളൂ. കാകാരാദിപൂർണ്ണവ്യഞ്ജനാന്തങ്ങളിലില്ല"— പരിശിഷ്ടം (–ധാതുപാഠം) നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex / Line: 25

ളാണെന്നു വിധിക്കുന്നു. ത്തു[3] വ്യഞ്ജനാന്തമാകയാൽ അതിൽ ഈ വിഭാഗത്തിന് പ്രസക്തി
25 യേ ഇല്ല.[4] ഇനി ഇന്ന ധാതുവിന് ഇന്ന പ്രത്യയം എന്നു വിഷയവിഭാഗം ചെയ്യാം:

122. കാരിതത്തിൽ പ്പി ശേഷത്തി-
ലെല്ലാറ്റിനുമികാരവും.

കേവലപ്രകൃതിയിൽ കാരിതമായ ധാതുവിന് പ്രയോജകരൂപം ഉണ്ടാക്കാൻ പ്പി എന്നു പ്ര
ത്യയം ചേർക്കണം. ശേഷം എല്ലാ ധാതുക്കൾക്കും അകാരിതമായാലും ശരി, കാരിതഭേദ
മില്ലാത്ത വ്യഞ്ജനാന്തമായാലും ശരി: ഇ എന്നു പ്രത്യയം. എന്നാൽ അകാരിതങ്ങൾക്കും വ്യ
ഞ്ജനാന്തങ്ങൾക്കും ചില വ്യത്യസ്തങ്ങൾ ഉടനെ പ്രസ്താവിക്കും; അതുകൾ ഒഴിച്ചുള്ളവയ്ക്കേ ഇ
പ്രത്യയം കാണുകയുള്ളൂ. ഉദാഹരണം:

കാരിതം		അകാരിതം	
		സ്വരാന്തം:	
കളിക്കുന്നു	കളിപ്പിക്കുന്നു		
കേൾക്കുന്നു	കേൾപ്പിക്കുന്നു	കളയുന്നു	കളയിക്കുന്നു
ചേർക്കുന്നു	ചേർപ്പിക്കുന്നു	പണിയുന്നു	പണിയിക്കുന്നു
തോൽക്കുന്നു	തോൽപിക്കുന്നു		
		വ്യഞ്ജനാന്തം:	
		ഓടുന്നു	ഓടിക്കുന്നു
		ചൊല്ലുന്നു	ചൊല്ലിക്കുന്നു

46 അകാരിതത്തിന് ഇ വരുന്നതിൽ വ്യത്യസ്തം:

123. ഇ പ്രത്യയം വേണ്ട, ധാതു
ജഡകർത്തൃകമാവുകിൽ,
പ്രയോജകാർത്ഥം കാണിക്കാൻ
കാരിതീകരണം മതി.

അകാരിതങ്ങൾക്ക് "ഇ" എന്ന പ്രത്യയമാണല്ലോ പറഞ്ഞതു്; എന്നാൽ ധാതു ജഡകർത്തൃ
കമാണെങ്കിൽ- എന്നുവെച്ചാൽ, അചേതനമായ ജഡവസ്തു ചെയ്യുന്ന ക്രിയയാണ് ധാതു
വിന്റെ അർത്ഥം എന്നുവരികിൽ- പ്രത്യയം ചേർക്കാതെ ധാതുവിനെ കാരിതമാക്കിയാൽ
മതി. അകാരിതത്തെ കാരിതമാക്കുന്നതുകൊണ്ടുതന്നെ പ്രയോജകത്തിന്റെ അർത്ഥം ജനി
ച്ചുകൊള്ളും. ഉദാ:

---

3 ത്തു എന്ന് കാരികയിൽ പറഞ്ഞിരിക്കുന്നതു് വാസ്തവത്തിൽ "ത്ത്" എന്നു വ്യഞ്ജനാന്തമാണെന്ന് അർത്ഥം.

4 ഇ, പ്പി എന്ന പ്രയോജകപ്രത്യയങ്ങൾ ചേർത്താൽ പിന്നെ "ക്ക്" എന്ന അംശംകൂടി ചേർത്തതിനുശേഷമേ സ്വ
രാദിയായ പ്രത്യയം ചേർക്കാവൂ. എന്നാൽ "ത്ത്" ചേർത്താൽ പിന്നെ "ക്ക്" വേണ്ട എന്നു കാരികയ്ക്കു അർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex / Line: 58

ഉടയുന്നു	പൊടിയുന്നു	അരയുന്നു	ചേരുന്നു
ഉടയ്ക്കുന്നു	പൊടിക്കുന്നു	അരയ്ക്കുന്നു	ചേർക്കുന്നു

ഇവിടെ ഉടയുക, പൊടിയുക, അരയുക, ചേരുക എല്ലാം ജഡവസ്തുക്കൾ ചെയ്യുന്ന ക്രിയയാകുന്നു. പണിയുക, കളയുക മുതലായവ ചേതനക്രിയകളാകയാൽ അതുതൾക്ക് "പണിയിക്ക, കളയിക്ക" എന്ന് ഇ വേണം; ഉടയുക, പൊടിയുക മുതലായവ അചേതന ക്രിയകളാകയാൽ ഉടയ്ക്കുക, പൊടിക്കുക എന്ന് പ്രത്യയം കൂടാതെ ഇരുന്നാൽ മതി.

ജഡകർത്തൃകങ്ങളായ വ്യഞ്ജനാന്തത്തിനും വിശേഷം പറയുന്നു: 66

124. ഖരാദേശമിരട്ടിപ്പും വ്യഞ്ജനാന്തജഡത്തിന്

വ്യഞ്ജനാന്തധാതുവും[5] ജഡകർത്തൃകമായാൽ ഇ പ്രത്യയം വേണ്ട; ഖരാദേശവും ദ്വിത്വവും മതി. അന്ത്യവ്യഞ്ജനം ഇരട്ടിച്ചാൽ പ്രയോജകാർത്ഥം ഉളവാകും; ആ വ്യഞ്ജനം അനുനാസികമാണെങ്കിൽ അതിനെ പൊരുത്തം നോക്കി ഖരമാക്കുകയും കൂടി വേണമെന്നർത്ഥം. ഉദാ:

മൂടുന്നു	മൂട്ടുന്നു	(ചേതനകർത്തൃകമായാൽ)	മൂടിക്കുന്നു
ആടുന്നു	ആട്ടുന്നു[6]	"	ആടിക്കുന്നു
മുങ്ങുന്നു	മുക്കുന്നു	"	മുങ്ങിക്കുന്നു
പൊങ്ങുന്നു	പൊക്കുന്നു	"	പൊങ്ങിക്കുന്നു

പ്രയോജ്യകർത്താവു തന്റെ മനസ്സോടുകൂടിയോ കൂടാതെയോ പ്രയോജക കർത്താവിന്റെ നിർബന്ധംകൊണ്ട് ഒരു ക്രിയ ചെയ്യുമ്പോൾ ആ കർത്താവ് സചേതനനെങ്കിലും അചേതന പ്രായനാകുന്നതിനാൽ അവ്വണ്ണമുള്ള ക്രിയയും ഇവിടെ അചേതനകർത്തൃകം തന്നെ. ഉദാ:

തുങ്ങ്—തൂക്കുന്നു; മടങ്ങ്—മടക്കുന്നു.

തുങ്ങിച്ചാവുകയും, മടങ്ങുകയും പ്രായേണ കർത്താവിന് സമ്മതമാവാത്തതിനാൽ ഈ ധാതുക്കൾ അചേതന കർത്തൃകങ്ങൾതന്നെ; ഇങ്ങനെ അചേതനകർത്തൃകത്വം വിവക്ഷാവുസാരിയാകയാൽ പ്രയോജ്യൻ പ്രയോജകപ്രരണനിമിത്തം ഉദാസീനനായി ചെയ്യുന്ന ക്രിയയും ചിലപ്പോൾ അചേതനകർത്തൃകമായി വിവക്ഷിക്കുമാറുണ്ട്. ഉദാ:

ഊൺ—ഊട്ടുന്നു;
തീൻ—തീറ്റുന്നു;

---

[5] "റാവു ചില്ലല്ല കാലത്തില്" എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ, "പ്രകൃതി" യിൽ റകാരം ചില്ലല്ല. അതിനാലാണ് മാറി — മാറ്റി, പാറുന്നു — പാറ്റുന്നു എന്നിങ്ങനെ രൂപങ്ങൾ വരുന്നത്.

[6] അമ്മ തൊട്ടിൽ ആട്ടുന്നു, കുട്ടി കല്ലു പൊക്കുന്നു എന്നൊക്കെ ചേതനകർത്തൃകമായും ഈ രൂപങ്ങൾ പ്രയോഗിക്കും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 93

കാൺ—കാട്ടുന്നു; കാണിക്കുന്നു.

"കാട്ടിപ്പിക്കുന്നു, ഊട്ടിപ്പിക്കുന്നു, പറയിപ്പിക്കുന്നു, നീക്കിപ്പിക്കുന്നു. കളയിപ്പിക്കുന്നു" ഇത്യാദി അർത്ഥവിവക്ഷകൂടാതെ രണ്ടും മൂന്നും പ്രയോജകപ്രത്യയങ്ങളെ ചിലർ പ്രയോഗിക്കുന്നതു പിഷ്ടപേഷംപോലെ അനാവശ്യകവും പൊട്ടുപോലെ അഭംഗിയും ആകുന്നു. എന്നാൽ,

തേ തേയ്യുന്നു, തേയ്ക്കുന്നു, തേപ്പിക്കുന്നു; കായ് കായുന്നു, കാച്ചുന്നു; കാച്ചിക്കുന്നു. ഇത്യാദി ഇരട്ടിച്ച പ്രയോജകാർത്ഥം വിവക്ഷിക്കുന്ന പ്രയോജകങ്ങൾക്ക് ഒരു അസാധുത്വവുമില്ല. ഇവിടെ "തേയ്ക്കുന്നു" എന്ന പ്രയോജകപ്രത്യയം വന്നപ്പോൾ ധാതു കാരിതമായിത്തീർന്നതിനാൽ രണ്ടാമതു പ്രയോജകപ്രത്യയം ചെയ്യുന്നത് കാരിതത്തിനു വരുന്ന പ്പി പ്രത്യയമാകുന്നുവെന്നറിക.

105 ഇനി പൊതുവേയുള്ള രണ്ടു വ്യത്യസ്തങ്ങളെ നിർദ്ദേശിക്കുന്നു:

125. ര-ല-ളാന്തങ്ങൾ, ഴാന്തങ്ങൾ
അവന്ത[7]ങ്ങളുമുള്ളതിൽ
ഏതാനും ധാതുവിൽ ചേർന്ന
കാണും ത്തു പ്രത്യയം പുനഃ.

ര, ല, ള, ഴ ഓഷ്ഠ്യമായ അകാരം ഇത്രയും വർണ്ണങ്ങളിൽ അവസാനിക്കുന്ന ധാതുക്കളിൽ ഏതാനും ചിലതുകൾക്കാണ് ത്തു[8] എന്ന പ്രത്യയം. ഇതിനു ശരിയായ ഒരു നിയമം ചെയ്യുന്നതു ലഘുവല്ല. ത്തു ജഡപ്രയോജകമാണ്; ദ്വിത്വഖരാദേശങ്ങൾക്കു സൗകര്യക്കുറവുള്ള മധ്യമാന്തങ്ങളിൽ അതിനെ ഉപയോഗിക്ക എന്നാണു യുക്തി കൽപിക്കേണ്ടതു്.

ഉദാ:

തുവരുന്നു—തുവർത്തുന്നു.	നീളുന്നു—നീ (ള്ത്തു)ട്ടുന്നു.
പകരുന്നു—പകർത്തുന്നു.	ഉരുളുന്നു—ഉരു (ള്ത്തു)ട്ടുന്നു.
അകലുന്നു—അക(ല്ത്തു)റ്റുന്നു.	നടക്കുന്നു—നടത്തുന്നു.
ചുഴലുന്നു—ചുഴ(ല്ത്തു)റ്റുന്നു.	പരക്കുന്നു—പരത്തുന്നു.
വീഴുന്നു—വീഴ്ത്തുന്നു	നിൽക്കുന്നു—നിറുത്തുന്നു.
താഴുന്നു—താഴ്ത്തുന്നു.	ഇരിക്കുന്നു—ഇരിത്തുന്നു } വ്യത്യസ്തം
	വരുന്നു- വരുത്തുന്നു

128

126. ഏകമാത്രകമായുള്ള
ടറാന്തമുവിയേറ്റിടും.

[7] ഓഷ്ഠ്യമായ അകാരത്തിൽ അവസാനിക്കുന്നതാണ് അവന്തം.
[8] ഈ പ്രകരണത്തിലെ മൂന്നാം അടിക്കുറുപ്പു നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 138

ഒറ്റയായ ഹ്രസ്വസ്വരം മാത്രമുള്ളതും ട എന്നോ റ എന്നോ ഉള്ള വർണ്ണത്തിൽ അവസാനിക്കുന്നതും ആയ ധാതുക്കൾക്ക് ഉവി എന്നാണ് പ്രയോജകപ്രത്യയം. ഈവക ധാതുക്കളെ ഉകാരം (സംവൃതം) ചേർത്ത് സ്വരാന്തമാക്കിയിട്ടുവേണം ഇ പ്രത്യയം ചെയ്യാൻ എന്നർത്ഥം. ഇങ്ങനെയുള്ള ധാതുക്കൾക്കുതന്നെ ഭൂതരൂപത്തിലും വിശേഷം പറഞ്ഞിട്ടുണ്ട്. വ്യഞ്ജനാന്തങ്ങൾക്ക ഭൂതത്തിൽ ഇ എന്നാണ പ്രത്യയം. ഇവയ്ക്കുമാത്രം തു പ്രത്യയമാണ്; അത് പ്രകൃത്യന്തവർണ്ണത്തോടു ചേർന്നു ദ്വിത്വഫലവും കാട്ടും.[9] അതുകൊണ്ട് ഇവ സംവൃതാന്തങ്ങളാണോ എന്നു സംശയിപ്പാൻ ഇടയുണ്ട്. ഇവയ്ക്ക് ഇങ്ങനെ പലയിടത്തും വ്യത്യസ്തരൂപം വരാനുള്ള കാരണം ശബ്ദോത്പത്തി പ്രകരണത്തിൽ സ്പഷ്ടമാകും. ഉദാ:

വിടുന്നു	വിടുവിക്കുന്നു	(വാമൊഴിയിൽ ചുരുങ്ങി)	വിടീക്കുന്നു
ഇടുന്നു	ഇടുവിക്കുന്നു;	””	ഇടീക്കുന്നു
പെറുന്നു	പെറുവിക്കുന്നു;	””	പെറീക്കുന്നു

കെടുക എന്ന ധാതുവിന് ഒരാളെപ്പറ്റി പറയുമ്പോൾ കെടുക്കുക എന്നും തീയെപ്പറ്റിയാണെങ്കിൽ കെടുത്തുക എന്നും ആണ് പ്രയോജകരൂപം. ഇത് ത്തു ജാത്യാജഡപ്രയോജകമാകയാലാകുന്നു.

പ്രയോജകപ്രകൃതിയിലെ രൂപനിഷ്പത്തിക്രമമെല്ലാം വിവരിച്ചു കഴിഞ്ഞല്ലോ. ഇനി അതിനെപ്പറ്റിയുള്ള ചില സിദ്ധാന്തങ്ങളെ വിമർശിക്കാം: പ്രയോജകരൂപങ്ങളെ സംബന്ധിച്ചിടത്തോളം, ധാതുക്കൾ ചേതനകർത്തൃകം, അചേതനകർത്തൃകം എന്നു രണ്ടിനമായിപ്പിരിയുന്നുവെന്നു നാം കണ്ടു. അചേതനമായ ജഡവസ്തു ചെയ്യുന്ന ക്രിയയാണ് ധാതുവിന്റെ അർത്ഥം എങ്കിൽ പ്രയോജകാർത്ഥം കുറിക്കാൻ ഒരു പ്രത്യയത്തിന്റെ ആവശ്യമില്ല; കാരിതീകരണവും (അകാരിതത്തിന്), ദ്വിത്വഖരാദേശങ്ങൾ എന്ന പരസംക്രാന്തിസൂചകങ്ങളായ വർണ്ണവികാരങ്ങളും (വ്യഞ്ജനാന്തങ്ങൾക്ക്) മാത്രം ചെയ്താൽ മതി. ഇതിൽനിന്നു നാം ഗ്രഹിക്കേണ്ടതെന്ത്? ചേതന ധർമ്മമാണ് പ്രയോജകവ്യാപാരം; പ്രയോജ്യകർത്താവു തന്നെയാണ് ക്രിയ ചെയ്യുന്നത്; പ്രയോജകകർത്താവ് അവനെ പ്രേരിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അപ്പോൾ പ്രയോജ്യൻ ജഡനാണെങ്കിൽ അവനെ പ്രയോജകൻ പ്രേരിപ്പിക്കുന്നതെങ്ങനെ? മന്ത്രി, രാജ്യം സ്വയം ഭരിക്കാൻ ശക്തനാണ്. രാജാവ് അവനെ ഉപദേശനിയന്ത്രണാദികൾകൊണ്ട് ഭരണക്രിയയിൽ പ്രവർത്തിപ്പിച്ചാൽ മതി. അതുകൊണ്ടു ഭരിപ്പിക്ക ശരിയായ പ്രയോജകമാണ്. അതുപോലെയല്ല, “കാറ്റ് മരം ഇളക്കുന്നു” എന്നിടത്തെ “ഇളക്കുക”. “കാറ്റു വാക്കിനു മരം തനിയേ ഇളകുന്നു” എന്നല്ലാതെ പ്രയോജകനായ കാറ്റ് വരുതി കൊടുക്കയും അതിൻപ്രകാരം പ്രയോജ്യനായ മരം പ്രവൃത്തിചെയ്യുകയും ഒന്നും ഇവിടെ തെളിയുന്നില്ല. ഇളക്കുക പ്രയോജകമാണെങ്കിൽ തുറക്കുകയും പ്രയോജകമാകരുതോ? മരത്തിൽ ഇളക്കമുണ്ടാകുന്നതിന് കാറ്റ് എന്തു പ്രവൃത്തിചെയ്യുന്നോ ആ പ്രവൃത്തി കതകും മറ്റും തുറക്കുന്ന ആളുടെ കൈയും ചെയ്യുന്നുണ്ട്. ഇളകുക-ഇളക്കുക എന്നപോലെ തുറവുക (അല്ലെങ്കിൽ തുറകുക) തുറക്കുക എന്ന വിധത്തിൽ രൂപം കാണുന്നില്ലെന്നു മാത്രമേ ഭേദമുള്ളൂ.

[9] 99-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 190

തുറക്കുക എന്ന ക്രിയയ്ക്ക് ഒരു കർമ്മത്തിന്റെ അപേക്ഷയുള്ളതിനാൽ അതിനെ നാം സകർമ്മകക്രിയ എന്നു പറയാറുണ്ട്. അതുപോലെ ഇളക്കുക എന്നതിനെയും സകർമ്മക്രിയ എന്നു പറഞ്ഞാൽ മതിയാകും. കർമ്മാപേക്ഷകൂടാതെ ഇളകുക എന്നു മാത്രമായിട്ടും ആ ക്രിയയെ കാണിക്കാം. അതുപോലെ തുറവുക എന്ന് അകർമ്മരൂപം കാണുന്നില്ലെങ്കിൽ അത് ഒരു യദൃച്ഛാവിലാസമെന്നേ വരികയുള്ളൂ. അതുകൊണ്ട് അചേതനകർത്തൃകക്രിയകൾക്കു പറഞ്ഞ പ്രയോജകം ശരിയായ പ്രയോജകമല്ല, അകർമ്മക്രിയയെ സകർമ്മകമാക്കാനുള്ള മാർഗ്ഗമെന്നു പറകയാണ് അധികം നന്ന് എന്നു വരുന്നു. അകർമ്മകധാതുവിൽ ക്രിയ കർത്താവിൽത്തന്നെ വിശ്രാന്തമായിട്ടു നിലച്ചു പോകുന്നു; സകർമ്മത്തിൽ അത് കർത്താവിനെക്കവിഞ്ഞ് കർമ്മത്തിലേക്കു സംക്രമിക്കുന്നു. ഇതാണല്ലോ സകർമ്മകാകർമ്മകങ്ങളുടെ വ്യത്യാസം. പരസംക്രാന്തിയെ സൂചിപ്പിക്കുന്നതിനുള്ള ഉപായം ഖരാദേശവും ഇരട്ടിപ്പും ആണെന്ന് ഇതിനുമുമ്പ് സ്ഥാപിച്ചിട്ടുണ്ട്.[10] ജഡക്രിയകളിൽനിന്ന് പ്രയോജകം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗവും ഈ ദ്വിത്വഖരാദേശങ്ങൾ തന്നെയാണ് പല ദിക്കിലും. അതുകൊണ്ട് ഇളകുക എന്നപോലുള്ള അകർമ്മകധാതുക്കൾക്ക് ഇളക്കുക എന്നപോലെ ഒരു സകർമ്മരൂപം വേറെ ഉണ്ടെന്നു പറകയാണ് യുക്തം; അല്ലാതെ അവയെ കേവലപ്രയോജകകൃതികളായിട്ടു ഗണിക്കയല്ല. ഈ സ്ഥിതിക്കു ധാതുക്കൾക്ക് രൂപഭേദം വരുന്നതിനു പറഞ്ഞ കാലപ്രകാരാദികളായ ഇനങ്ങളുടെ കൂട്ടത്തിൽ സകർമ്മകാകർമ്മകഭേദത്തെക്കൂടി ഒരു പുതിയ ഉപാധിയായി ഗണിക്കണമെന്നു വരുന്നു: അങ്ങനെ ചെയ്യുതന്നെയാണ് ന്യായം; ഈ ഉപാധിക്ക് കർമ്മയോഗം എന്നു പേരും കൊടുക്കാം. സംസ്കൃതം മുതലായ ആര്യഭാഷകളിലെ പതിവനുസരിച്ചാണ് ഇവിടെ കർമ്മയോഗം എന്ന ഉപാധിയെ പ്രയോജകം എന്ന ഉപാധിയിൽത്തന്നെ ഉൾപ്പെടുത്തിയത്. എന്നാൽ ഈ അംശത്തിൽ ആര്യഭാഷകൾക്കും ദ്രാവിഡഭാഷകൾക്കും തമ്മിൽ വ്യത്യാസമുണ്ട്. സംസ്കൃതത്തിൽ "വായുർ വൃക്ഷം ചാലയതി (= വായു വൃക്ഷത്തെ ഇളക്കുന്നു) എന്ന് ജഡ ധാതുവിനും, "രാജാ മന്ത്രിണാ രാജ്യം ശാസയതി" (= രാജാവ് മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു) എന്ന് ചേതനധാതുവിനും രൂപത്തിൽ വിശേഷമില്ല. ദ്രാവിഡത്തിൽ അതുപോലെയല്ല; ക്രിയ ചേതനകർത്തൃകമാകയാൽ പാടിക്കുന്നു ഇത്യാദിപോലെ ഇ എന്നോ, ഭരിപ്പിക്കുന്നു എന്നപോലെ പ്പി എന്നോ പ്രയോജകപ്രത്യയം വേണം. അചേതനകർത്തൃകത്തിനാകട്ടെ, പരസംക്രാന്തി ദ്യോതിപ്പിക്കുന്നതിനുള്ള വർണ്ണവികാരങ്ങളേ ഉള്ളൂ; ഏതാനും ധാതുക്കൾക്ക് ത്തു എന്നൊരു പ്രത്യയവും ഉണ്ട്. അപ്പോൾ (1) കാരിതീകരണം (2) ഖരാദേശത്തോടു കൂടിയോ തനിയേയോ അന്ത്യദ്വിത്വം (3) ത്തു പ്രത്യയയോഗം ഇങ്ങനെ മൂന്നു മാർഗ്ഗങ്ങളാണ് അകർമ്മകത്തെ സകർമ്മകമാക്കാൻ ഉള്ളത്. കാരിതത്തിന് പ്പി എന്നും ശേഷമെല്ലാത്തിനും ഇ എന്നും പ്രത്യയങ്ങൾ പ്രയോജകപ്രകൃതിയെ ഉളവാക്കുന്നു. ഇങ്ങനെ പ്രയോജകം, കർമ്മയോഗം എന്നു രണ്ടായി പിരിച്ച ഉപാധികൾക്ക് വിഷയവിവേചനം സിദ്ധിച്ചു.

എന്നാൽ കർമ്മയോഗം എന്നൊരു പുതിയ ഉപാധി കല്പിക്കുന്നതിൽ പലേ ദുർഘടങ്ങളും വന്നു ചേരുന്നു. സ്വരാദിപ്രത്യയങ്ങളിൽ ക്ക അംഗപ്രത്യയവും ഭൂതതുകാരത്തിന് ഇരട്ടിപ്പും

[10] 108-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 194

കർമ്മയോഗത്തിന്റെ ലക്ഷണങ്ങൾ ആണല്ലോ. ഇതുപോലെ അകർമ്മകധാതുക്കളിലും കാണുന്നുണ്ട്. എങ്ങനെ എന്നാൽ, 194

പിട—പിടയ്ക്കുന്നു, പിടച്ചു. മൂ—മുക്കുന്നു, മൂത്തു. തോല്—തോല്ക്കുന്നു, തോറ്റു.
വിറ—വിറയ്ക്കുന്നു, വിറച്ചു. വിയർ—വിയർക്കുന്നു, വിയർത്തു.

അതിനാൽ ഇച്ചൊന്ന ലക്ഷണമുള്ള ധാതുവെല്ലാം സകർമ്മകം എന്നു പറവാൻ പാടില്ല. ഈ ലക്ഷണമില്ലാത്ത ധാതുക്കൾ സകർമ്മമായിട്ടു കാണുന്നുമുണ്ട്:

കട—കടയുന്നു, കടഞ്ഞു. തുടര്—തുടരുന്നു, തുടർന്നു.
അറി -അറിയുന്നു, അറിഞ്ഞു. ചൊല്ല്—ചൊല്ലുന്നു, ചൊന്നു.

ഇങ്ങനെ താർക്കികന്മാർ പറയുന്ന അന്വയവ്യാപ്തിയും വ്യതിരേകവ്യാപ്തിയും ഇല്ലാത്തതിനാൽ ക്ക യോഗവും ഭൂതതുകാരദ്വിത്വവും സകർമ്മകത്തിന്റെ ലക്ഷണങ്ങാകുന്നതല്ല. ഉക്ത ക്രിയകൊണ്ട് പലേ അകർമ്മങ്ങളെയും സകർമ്മങ്ങളാക്കാമെന്നേ ഉള്ളു. അതിനാൽ,

ചേരുന്നു—ചേർന്നു. ചേർക്കുന്നു—ചേർത്തു.
അരയുന്നു—അരഞ്ഞു അരയ്ക്കുന്നു—അരച്ചു.

ഇത്യാദിപോലെ രണ്ടുവിധരൂപവും ഉള്ള ധാതുക്കളിൽ ക്കവും തുകാര ദ്വിത്വവും ഉള്ള രൂപം സകർമ്മകം, മറ്റേതു് അകർമ്മകം എന്നു തീരുമാനിക്കാം എന്നല്ലാതെ ക്ക യോഗദ്വിതങ്ങൾ സകർമ്മലക്ഷണങ്ങളാണെന്നു സാമാന്യവിധി ചെയ്യുന്നതിനു മാർഗ്ഗമില്ല. അകർമ്മകധാതുക്കൾക്ക് സകർമ്മകരൂപവും, മറിച്ച് സകർമ്മകങ്ങൾക്ക് അകർമ്മകരൂപവും കാണുന്നതു് ഇടക്കാലത്തുണ്ടായ ഒരു വ്യതിയാനമാണെന്നു കല്പിക്കുന്നതിന് നമുക്ക് തക്കതായ ലക്ഷ്യങ്ങളും കിട്ടീട്ടില്ല. അതുകൊണ്ട് ഇവിടെ അർത്ഥമല്ല, രൂപമാണ് പ്രമാണം. ഈ ദുർഘടംകൊണ്ടു ധാതുക്കളെ സകർമ്മകാകർമ്മകങ്ങൾ എന്നു വിഭാഗിക്കാതെ കാരിതാകാരിതങ്ങൾ എന്നു വിഭാഗിക്കേണ്ടി വന്നു. കർമ്മമുണ്ടായാലും ശരി, ഇല്ലാഞ്ഞാലും ശരി, ക്ക് യോഗവും, തുകാരദ്വിത്വവും ഉള്ള ധാതുകാരിതം; ഈ വിശേഷം ഇല്ലാത്തതു് അകാരിതം.

ഇങ്ങനെ സകർമ്മകാകർമ്മകവിഭാഗം യോജിക്കാതെവന്നതിൽ ആ വിഭാഗത്തെക്കൂടി പ്രയോജകത്തിൽത്തന്നെ ഉൾപ്പെടുത്തീട്ട് പ്രയോജകത്തിന് ചേതനപ്രയോജകം, അചേതനപ്രയോജകം എന്നൊരു വിഭാഗം കല്പിക്കേണ്ടിവന്നു. അപ്പോൾ സകർമ്മകരൂപംതന്നെ അചേതനപ്രയോജകമായി "തേയുന്നു" എന്ന് അകർമ്മകമായ കേവലപ്രകൃതി; തേയ്ക്കുന്നു" എന്ന് അതിന്റെ സകർമ്മകം അചേതന പ്രയോജകം," തേപ്പിക്കുന്നു" എന്ന് ഇരട്ടിച്ച പ്രയോജകം ചേതനം. ഈ വിഭാഗത്തിൽ സകർമ്മകാകർമ്മകഭേദമുള്ള ധാതുക്കൾക്ക് ഇരട്ടിപ്പടിയായി പ്രയോജകപ്രകൃതി വരുമെന്നേ ഉള്ളു.

രൂപനിഷ്പത്തി അർത്ഥനിബന്ധനമല്ലായ്കയാൽ ചേതനകർത്തൃകം, അചേതന കർത്തൃകം എന്നവിഭാവും സർവ്വത്രികമല്ലെന്ന് എടുത്തു പറയേണ്ടതില്ല.

ഉണ്ണുക—ഊട്ടുക; തിന്നുക—തീറ്റുക; കയറുക—കയറ്റുക;

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 232

ഉറങ്ങുക—ഉറക്കുക; കാണുക—കാട്ടുക; മടങ്ങുക—മടക്കുക.

ഇത്യാദികളായി അനേകം ഉദാഹരണങ്ങൾ നോക്കുക. ഇത് ചേതന കർത്തൃകത്തിന് അചേതനകർത്തൃകത്തിന്റെ രൂപം വന്നതിനുള്ള ലക്ഷ്യമാണ്. മറിച്ചുള്ളതിനും അപൂർവ്വമായിട്ടെങ്കിലും ഉദാഹരണങ്ങൾ ഇല്ലാതില്ല:

[11] മിന്നുക—ചൂട്ടു മിന്നിക്കുന്നു. പെയ്യുക—മഴ പെയ്യിക്കുന്നു.
പറ്റുക—പൊടി പറ്റിക്കുന്നു.

എന്നാൽ ഇ പ്രത്യയത്തിന് ചേതനപ്രവൃത്തി കുറിക്കാൻ ഒരു വിശേഷശക്തിയുണ്ടെന്ന് താഴേക്കാണിക്കുന്ന പ്രയോഗങ്ങൾ ബോദ്ധ്യപ്പെടുത്തും:

മൂട്ട്—കുപ്പായത്തിന്റെ കീറൽ മൂട്ടുന്നു	ശവം മൂടിക്കുന്നു
ആട്ട് -വാൽ ആട്ടുന്നു	ദാസിയെ ആടിക്കുന്നു
വീഴ്—വെള്ളം വീഴ്ത്തുന്നു	കുട്ടിയെ വീഴിക്കുന്നു
ചമ—ഗ്രന്ഥം ചമയ്ക്കുന്നു	കന്യകയെ ചമയിക്കുന്നു

ഇങ്ങനെ രണ്ടു അർത്ഥം വരുന്നിടത്തുള്ള രൂപഭേദം ചൂണ്ടിക്കാണിക്കേണ്ടതുള്ളതുകൊണ്ട് ചേതനാചേതനവിഭാഗം ഉപേക്ഷിക്കാവുന്നതല്ല. ചേതനം, അചേതനം എന്ന കല്പന വിവക്ഷാധീനമാകായാൽ, ഉദാസീനമായോ നിർബന്ധം നിമിത്തമായോ ഉള്ള ചേതനന്റെയും പ്രവൃത്തിയെ അചേതനക്രിയയായി ഗണിക്കാമെന്നു പറഞ്ഞിട്ടുള്ളതും നോക്കുക. അതിനാൽ നപുംസകനാമങ്ങൾക്ക് പ്രതിഗ്രാഹികാവിഭക്തി വേണ്ടെന്നു വയ്ക്കാനുള്ള യുക്തിതന്നെയാണ് പ്രയോജകചിഹ്നമായ ഇപ്രത്യത്തെ ഉപേക്ഷിക്കുന്നതിനുള്ള യുക്തിയും എന്നു സമാധാനപ്പെടാം. ക്കു യോഗാദികൾ അചേതനപ്രയോജകം. ഇ ചേതനപ്രയോജകം. ഇപ്പി ദ്വിഗുണപ്രയോജകം. അതിലും പ്രത്യയം ഇ എന്നുതന്നെ. പ്രയോജകത്തിനെല്ലാം കാരിതരൂപം വേണ്ടതിനാൽ രണ്ടു് ക്കു വരുന്നതിൽ ആദ്യത്തേതിന് പ്പ എന്ന് ആദേശം ചെയ്യുന്നുവെന്നേ ഉള്ളു. ഈ ആദേശം ഉ, ഇൻ, ആൻ (കേൾപ്പു, കേൾപ്പിൻ, കേൾപ്പാൻ) എന്ന മറ്റു പ്രത്യയങ്ങളിൽക്കൂടി ഉള്ളതുമാണല്ലോ. പ്രയോജകൻ ചെയ്യുന്ന പ്രേരണയുടെ ബലമനുസരിച്ചാണ് പ്രയോജകപ്രകൃതിയിൽ രൂപനിഷ്പത്തി. ക്രിയാഫലത്തെ കർമ്മത്തിൽ സംക്രമിപ്പിക്കുന്നതുപോലെ ദുർബ്ബലമായ ഒരു പ്രവൃത്തിയേ ഉള്ളു എങ്കിൽ ക്കു യോഗദ്വിത്വാദി വികാരങ്ങൾ മതി; അതിൽ കടന്നതായ ഒരു ചേതനവ്യാപാരം വിവക്ഷിതമാണെങ്കിൽ ഇ എന്ന പ്രത്യയം കൂടി ചേർക്കണം. പ്രേരിപ്പിക്കുന്നവനെ പ്രേരിപ്പിക്ക എന്ന് ഇരട്ടിപ്പടിയായി പ്രേരണയുണ്ടെങ്കിൽ ഓരോന്നിനും വേറെ വേറെ ഇ എന്നു പ്രത്യയം വേണം. ക്കു യോഗദ്വിത്വാദിവികാരങ്ങൾ പ്രേരണാർത്ഥവിവക്ഷയില്ലാത്തിടത്തുകൂടി പലേ ധാതുക്കളിലും വന്നുചേർന്നിട്ടുണ്ട്. സ്വാർത്ഥത്തിൽത്തന്നെ പ്രയോജകരൂപമുള്ള ഈ ധാതുക്കളെ കാരിതം എന്നൊരിനം കല്പിച്ച് അതിൽ ചേർത്തിരിക്കുന്നു. ക്കു ചേരുന്നതു് സ്വരാന്തങ്ങളി

[11] ശബ്ദോൽപ്പത്തിപ്രകരണത്തിൽ പറയാൻപോകുന്ന വിവർത്തനപ്രക്രിയപ്രകാരം ഈ വ്യത്യസ്തങ്ങൾക്ക് ചില സമാധാനം ഉണ്ടാക്കാം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-21.tex/Line: 280

ലും ചില്ലന്തങ്ങളിലും മാത്രമേ ഉള്ളൂ. അതുകൊണ്ട് കാരിതാകാരിതവിഭാഗവും അതുകൾക്കു മാത്രമേ ഉള്ളൂ. വ്യഞ്ജനാന്തങ്ങളിൽ ക്കുവിന്റെ സ്ഥാനത്ത് ഖരാദേശദ്വിത്വങ്ങൾ ഉണ്ടെങ്കിലും ക്കു പോലെ അതുകൾ സ്വാർത്ഥത്തിൽ വന്നിട്ടുള്ള ലക്ഷ്യങ്ങൾ കാണുന്നില്ല. ത്തു എന്നതു് പ്പു പോലെ ക്കുവിന്റെ സ്ഥാനത്തു വരുന്ന ഒരിടനിലയേ ഉള്ളൂവെന്ന് പ്രഥമദൃഷ്ടിയിൽ തോന്നാം. ചേരുന്നു—ചേർക്കുന്നു എന്നപോലെയാണല്ലോ വീഴുന്നു-വീഴുത്തുന്നു എന്ന രൂപോൽപ്പത്തിയും. എന്നാൽ ഭൂതരൂപത്തിൽ ഭേദം വരുന്നുണ്ട്. "ചേർക്കുന്നു" എന്ന പ്രയോജകത്തിന് ഭൂതം "ചേർത്തു" എന്ന "തു" പ്രത്യയം കൊണ്ടായിരിക്കെ "വീഴ്ത്തുന്നു" എന്നതിന് "വീഴ്ത്തി" എന്ന് ഇകാരംകൊണ്ടാണ്. സ്വരാന്തങ്ങൾക്കും ചില്ലന്തങ്ങൾക്കും തുപ്രത്യയം; പൂർണ്ണവ്യഞ്ജനാന്തങ്ങൾക്ക് "ഇ" പ്രത്യയം എന്നാണ് ഭൂതരൂപത്തിൽ നിയമം കാണുന്നതു്; ആ സ്ഥിതിക്ക് ത്തു പ്രത്യയംതന്നെ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ത്തു ഒരു പ്രത്യയമാകുമ്പോൾ "വീഴ്ത്ത്" എന്ന പ്രയോജകപ്രകൃതി വ്യഞ്ജനാന്തമായിപ്പോയതിനാൽ ഭൂതകാലത്തിൽ ഇ പ്രത്യയം വരുന്നു എന്ന് സാമാധാനം സുലഭമാണ്. "ത്ത്" പ്രത്യയമാണെന്നുള്ളതിന് സംശയമില്ല. എഴുതുന്നു, കരുതുന്നു, പൊരുതുന്നു ഇത്യാദികളിൽ കാണുന്ന പ്രത്യയം തന്നെ ഇരട്ടിച്ചതാണിതു്. ശബ്ദോൽപ്പത്തിപ്രകരണത്തിൽ വിവർത്തന പ്രക്രിയ നോക്കുക. പരസംക്രാന്തിയുള്ളതിനാൽ ഇരട്ടിക്കേണ്ടിവന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

6

നാമധാതുപ്രകരണം

സ്വതേ ഉള്ള ധാതുക്കൾക്കുടാതെ മറ്റു ശബ്ദങ്ങളിൽനിന്നും ധാതുക്കളെ സൃഷ്ടിക്കാറുമുണ്ട്. ഈ വക ധാതുക്കളിൽ മിക്കവയും നാമജങ്ങളാകയാൽ ഇവയ്ക്ക് "നാമധാതു" എന്നു പേർ ചെയ്തിരിക്കുന്നു. ഉദാ:

കല്ലുപോലാകുന്നു = കല്ലിക്കുന്നു. മുറുമുറു എന്നു ശബ്ദിക്കുന്നു = മുറുമുറുക്കുന്നു.

നാമധാതുക്കൾക്ക് അർത്ഥം കല്പിക്കുന്നത് "ആ നാമത്തെ ചെയ്തു", "അതുപോലെ ആവുക" മുതലായ ഒരു സാമാന്യധാതുവിന്റെ കർത്താവോ കർമ്മമോ ചേർച്ചപോലെ ആക്കീട്ടു വേണ്ടതാകുന്നു.

127. ഇ–പ്രത്യയത്താൽ കൃതിയായ്
ചമയും മിക്ക നാമവും

മിക്ക നാമങ്ങളെയും ധാതുക്കളാക്കുന്നതിന് ഇ എന്നു പ്രത്യയം ചേർത്താൽ മതിയാകും. ഉദാ:

നാമം	ധാതു	രൂപം
വമ്പ്[1]	വമ്പി	വമ്പിക്കുന്നു
ഒന്ന്	ഒന്നി	ഒന്നിക്കുന്നു
കഴമ്പ്	കഴമ്പി	കഴമ്പിക്കുന്നു
കെടുമ്പ്	കെടുമ്പി	കെടുമ്പിക്കുന്നു

128. നാമം സ്വരാന്തമാണെങ്കിൽ
കാരിതീകരണം മതി.

[1] 128-ആം കാരിക അനുസരിച്ച് "വമ്പ്" മുതലായവ സ്വരങ്ങളല്ലെന്നും അവയുടെ അന്ത്യമായ സംവൃതോകാരം ഉച്ചാരണസൗകര്യത്തിനുവേണ്ടി ചേർത്തതാണെന്നും വരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-22.tex/Line: 28

സ്വരത്തിൽ അറുന്ന നാമങ്ങൾക്ക് പ്രയോജകത്തിനു പറഞ്ഞതുപോലെ ഇ എന്നു പ്രത്യയം ചേർത്താൽ മതിയാകും. ഉദാ:

തടി — തടിക്കുന്ന, ചുമ — ചുമയ്ക്കുന്നു,
ബല — ബലക്കുന്നു, നര — നരയ്ക്കുന്നു.

മധുരം എന്നതിനു മധുരിക്കുന്നു എന്ന രൂപം വരുന്നതിൽ അകാരലോപവും ഇ പ്രത്യയവും വ്യത്യസ്തം. ഇതുപോലെ വേറെയും കാണും.[2]

129. വികാരമെന്നിയേ നാമം
ധാതുവാകുമപൂർവ്വമായ്.

അപൂർവ്വം ചില ധാതുക്കൾ വികാരമൊന്നും കൂടാതെ യഥാസ്ഥിതമായ നിലയിൽത്തന്നെ ധാതുവാകുന്നതുമുണ്ട്. ഉദാ:

തൊലി — തൊലിയുന്നു, കരി — കരിയുന്നു, പുക — പുകയുന്നു.

നാമധാതുക്കളുടെ രൂപനിഷ്പത്തിയും പ്രയോജകപ്രകൃതിക്കു കാണിച്ച യുക്തിയനുസരിച്ചു തന്നെ എന്ന് ഈ സൂത്രങ്ങളുടെ സ്വഭാവം കൊണ്ടു സ്പഷ്ടമാകുന്നു. വേറെ വിധത്തിലും നാമധാതുവുണ്ടാക്കാൻ വഴി കാണിക്കുന്നു:

130. കൊള്ളാംപെടുകയെന്നുള്ള
ധാതുവോടു സമാസവും;

"പെട്" എന്ന ധാതുവിനോടു സമാസം ചെയ്തും നാമധാതുവിനെ ഉണ്ടാക്കാം ഉദാ:

പണി — പണിപ്പെടുന്നു, കീഴ് — കീഴ്പ്പെടുന്നു, ഭയ — ഭയപ്പെടുന്നു,
സുഖ — സുഖപ്പെടുന്നു, ഗുണ — ഗുണപ്പെടുന്നു, ദോഷ — ദോഷപ്പെടുന്നു,
അക — അകപ്പെടുന്നു, അടി — അടിപെടുന്നു (ദ്വിത്വാഭാവം വ്യത്യസ്തം)

ഇനി സംസ്കൃതത്തിൽ നിന്നെടുക്കുന്ന ധാതുക്കളെ മലയാളമാക്കാനുള്ള മാർഗ്ഗം പറയുന്നു:

131. ഗുണം പ്രസക്തിയുണ്ടെങ്കിൽ
ചെയ്തിട്ടി പ്രത്യയത്തൊടേ[3]
പ്രയോഗിപ്പ സംസ്കൃതത്തിൽ
നിന്നു ധാതുവെടുക്കുകിൽ
രൂപമെല്ലാമികാരാന്ത-
കാരിതത്തിനു തുല്യമാം.

[2] മദ്യപൻ — മദ്യപിക്കുക, ഓർമ്മ — ഓർമ്മിക്കുക, ഒരുമ — ഒരുമിക്കുക മുതലായവ വേറെ ഉദാഹരണങ്ങൾ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-22.tex/Line: 63

സംസ്കൃതത്തിൽനിന്നു ധാതുക്കളെ ഭാഷയിൽ എടുക്കുമ്പോൾ അവയ്ക്കു് സംസ്കൃത പ്രസിദ്ധമായ "ഗുണം" എന്ന സ്വരവികാരം നിമിത്തമുള്ളിടത്തെല്ലാം ചെയ്തിട്ടു് പ്രയോജകത്തിനു പറഞ്ഞ ഇ എന്ന പ്രത്യയം ചേർക്കണം. അപ്പോൾ അതു് ഇകാരാന്ത കാരിതധാതുപോലെ ആയിത്തീരുന്നതിനാൽ രൂപങ്ങളെല്ലാം അതിനു ചേർന്നു വരും. ഉദാ:

സംസ്കൃതം	മലയാളം	സംസ്കൃതം	മലയാളം
നമ് —	നമി — നമിക്കുന്നു	ഭാഷ്	ഭാഷി — ഭാഷിക്കുന്നു
വദ് —	വദി — വദിക്കുന്നു	ചിന്ത്	ചിന്തി — ചിന്തിക്കുന്നു

"ഗുണം" എന്നു പറയുന്നതു് ഇകാരം ഏകാരമായിട്ടും, ഉകാരം ഓകാരമായിട്ടും ഋകാരം അരു് എന്നായിട്ടും മാറുകയാകുന്നു. ഇ = ഏ ഉ = ഓ എന്നും ഉള്ള മാറ്റം വന്നതിനുമേൽ ഏ = അയ് എന്നും, ഓ = അവ് എന്നുകൂടി സ്വരംപരമായാൽ മാറ്റമുണ്ടാകും. ഉദാ:

വിദ് — വേദിക്കുന്നു.	നദ് — നോദിക്കുന്നു,	ദൃശ് — ദർശിക്കുന്നു,
ഭൂ — ഭവിക്കുന്നു,	നീ — നയിക്കുന്നു,[4]	ഹൃ — ഹരിക്കുന്നു

ഭാഗിക്കുന്നു, വാദിക്കുന്നു, സ്തുതിക്കുന്നു, സൃഷ്ടിക്കുന്നു ഇത്യാദികൾ ഭാഗം, വാദം, സ്തുതി, സൃഷ്ടി എന്നു നാമത്തിൽനിന്നുണ്ടാക്കീട്ടുള്ള ധാതുക്കളാകുന്നു.

[3] (ഗുണത്തിനു) പ്രസക്തിയുണ്ടെങ്കിൽ ഗുണംചെയ്തിട്ടു് ഇ പ്രത്യത്തോടേ — എന്നു പദച്ഛേദം.

[4] ഭൂ > ഭോ > ഭവ് എന്നും, നീ > നേ > നയ് എന്നും മാറ്റം വരുന്നു എന്നു് സാരം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-23.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

7

ഖിലധാതുക്കൾ

എല്ലാക്കാലങ്ങളിലും എല്ലാ പ്രകാരത്തിലും മറ്റും പ്രയോഗമില്ലാതെ ജനനം മുതൽതന്നെയോ ജരയാലോ അംഗവൈകല്യം സംഭവിച്ച ചില മനുഷ്യരെപ്പോലെ ഭാഷയിൽ കാണുന്ന രൂപവികലങ്ങളായ ധാതുക്കളെ ഖിലധാതുക്കൾ എന്നു പറയുന്നു. ഈവിധം ധാതുക്കൾ പ്രായേണ മിക്ക ഭാഷകളിലും കാണും. സംസ്കൃതത്തിൽ "ദൃശ്ര് പ്രക്ഷണേ", "ദാ ദാനേ", "ഖ്യാപ്ര കഥനേ" ഇത്യാദികളും ഇവയ്ക്കാദേശങ്ങളായി പാണിനി വിധിക്കുന്ന "പശ്യ", "യച്ഛ" ഇത്യാദികളും ഖിലധാതുക്കളാകുന്നു.

ഏതാനും ഖിലധാതുക്കളെ താഴെച്ചേർക്കുന്നു:

ഉൾ, എൻ, ഇൽ, അൽ, അരു, വേ, തൾ, മിൾ, പോൽ, പുൾ, ഉറ്, കൻ ഇത്യാദി.[1]

[1] ഉറ്റ്, ഉറ്റ എന്നിവയുടെ ധാതുവാണ് "ഉറ്". കൻ ധാതുവിന്റെ "കനൾ" എന്ന കൃതികൃദ്രൂപം മത്രമേ ഇപ്പോൾ നടപ്പുള്ളൂ. നല്ല, നല്ല എന്നിവയുടെ "നൽ" ധാതുവിനെയും ഗ്രണ്ടർട്ട് ഖിലാധാതുവായി എണ്ണുന്നു. അതുകൊണ്ടായിരിക്കാം "ഇത്യാദി" എന്നു കേരളപാണിനി പറഞ്ഞതു്. "തെരുതെരെ" എന്നതിന്റെ "തെര്" ധാതുവും ഖിലധാതുക്കളിൽ ഒരിനമാണെന്നു ഗ്രണ്ടർട്ട് പറയുന്നു. അദ്ദേഹം ഖിലാധാതുക്കളെ ഊനക്രിയകൾ എന്നണു വിളിക്കുന്നതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

8

അനുപ്രയോഗം

പ്രകൃതവശാൽ മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ മറ്റു ധാതുക്കളെ സഹായിപ്പാനായി അതിനടുത്തു പരമായി പ്രയോഗിക്കുന്ന ധാതുവാകുന്നു അനുപ്രയോഗം. ആയതു മൂന്നു മാതിരിയുണ്ട്: (1) ഭേദകാനുപ്രയോഗം, (2) കാലാനുപ്രയോഗം, (3) പൂരണാനുപ്രയോഗം.[1] ധാതുവിന്റെ സ്വന്താർത്ഥത്തിൽ ചില വിശേഷാർത്ഥങ്ങളെ ചേർക്കുന്നത് ഒന്നാമത്തേത്. ഭൂതാദികാലത്രയത്തിൽ ചില താരതമ്യം ചെയ്യുന്നതു രണ്ടാമത്തേത്. ഖിലങ്ങളെ പൂരിപ്പിക്കുന്നതു മൂന്നാമത്തേത്. സംസ്കൃതത്തിലെ ഉപസർഗ്ഗങ്ങളുടെ സ്ഥാനമാകുന്നു ഭേദകാനുപ്രയോഗം വഹിക്കുന്നത്. എന്നാൽ പ്രഹരം, ആഹാരം, സംഹാരം, വിഹാരം, പരിഹാരം എന്നു പ്രാദ്യുപസർഗ്ഗങ്ങൾ ഹൃ–ധാതുവിന്റെ അർത്ഥത്തെ പ്രകൃത്യർത്ഥത്തോടു ലേശം സംബന്ധമില്ലാത്തവിധം ഭേദപ്പെടുത്തുന്നതു പോലെ അനുപ്രയോഗങ്ങൾ ഒരിക്കലും ചെയ്യുന്നില്ല. സംസ്കൃതത്തിൽ ഗമ് എന്ന ധാതുവിനു ഗമിക്കുക, പോക എന്നർത്ഥമാകുന്നു. അതിൽ "സം" ഉപസർഗ്ഗം ചേർത്താൽ സംഗമിക്കുക (കൂടിച്ചേരുക) എന്നർത്ഥമായിത്തീരും. അതിന്മണ്ണം നിർഗ്ഗമിക്കുക — വെളിയിൽ പോകുക എന്നർത്ഥമാകുന്നു. ഈ മാതിരിയുള്ള അർത്ഥഭേദമാണ് അനുപ്രയോഗങ്ങൾ ഉണ്ടാക്കുന്നത്. എങ്ങനെയെന്നാൽ, 18

പൊയ്ക്കളയുന്നു = പ്രയാസംകൂടാതെ പോകുന്നു; പൊയ്പ്പോകുന്നു = അറിയാതെ പോകുന്നു ഇത്യാദി.

[1] അനുപ്രയോഗങ്ങളെ സഹായക്രിയകൾ എന്നാണ് ഗ്രണ്ടർട്ട് വിളിക്കുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 6

വിലയാളുകളുടെ രൂപങ്ങൾ

	മുറ്റവിന		ഭാവി		പേരെച്ചം		ഭാ	പറ്റവിന		വിനയെച്ചം				കുത്തുകൾ
ധാതു	വർത്തമാനം	ഭൂതം	ശീലം	അവ്യയരൂപം	വ	ഭൂ		മുൻ–	പിൻ–	നടു–	പാക്ഷി–	തൻ–		കൂതിക്കുത്ത്
ഉള്	–	–	ഉണ്ട് (വർത്തമാനകാലം)	ഉള്ള	–	–	ഉള്ള –വൻ, –വൾ, –വർ, –ള് ഇടയ്	–	–	–	–	–		ഉളവ്, ഉണ	
എന്	–	എന്നു എന്നാൻ, –ൾ, –ർ	എന്നാം	എന്നു (എന്നമട്ട്)	–	ഉള്ള –വൻ, –വൾ, –വർ, –ള് ഇടയ്	എന്നാം എന്നാള (നാമം)	എന്ന്	എന്നാൻ	എന്ന, അന	എന്നാൻ, എന്നുക്കിൽ	എന്നാവു, എന്ന		–
ഇടുക്കുവിധി നിഷേധം	വേണാനാ വേണ്ടുന്നാ –ധം	വേണ്ടി വേണ്ടുന്ന വേണ്ടുന്നതു	വേണാം വേണ്ടാം വേണ്ടാ വേണ്ട	വേണ്ട	വേണാന്ന വേണ്ടുന്ന വേണ്ടാത്ത വേണ്ടാത്ത	–	വേണ്ടിയ	വേണ്ടും	വേണ്ടാ വരെ വേണ്ടാത്തതു	–	വേണ്ടുന്ന കിൽ വേണ്ടാത്തിൽ വേണ്ടാത്തതാൽ	–		വേണ്ടാവൂ

വിലധാതുക്കളുടെ രൂപങ്ങൾ (തുടർച്ച)

	മുറ്റുവിന				പറ്റുവിന								കൃത്തുകൾ
ധാതു	വർത്തമാനം	ഭൂതം	ഭാവി		പേരെച്ചം		ഭാ	വിനയെച്ചം					കൃതികൃത്ത്
			ശീലം	അവധാരകം	വ	ഭൂ		മുൻ–	പിൻ–	നടു–	പാക്ഷി–	തൻ–	
വല് { വിധി നിഷേധം	വല്ലുന്നു —	വല്ല വല്ലാഞ്ഞു	വല്ലും വല്ലാ ഒല്ലാ ഒലാ	വല്ലൂ, (വല്ലേൻ, വല്ലോം) —	— —	— —	വല്ലും വല്ല വല്ല-വൻ –വൾ, –വർ, –തു } നാമം വല്ലാ-ത്ത, ഒല്ലാ-ത്ത	— —	— —	— വല്ലായ്ക	— —	— —	— വല്ലായ്ക
തക്	—	—	തകം	തകൂ	തക്ക തക്ക-വൻ –വൾ, –വർ, –തു } നാമം	തകും തക വോർ	—	—	—	—	—	തക്കവേ	തക്കം
മിക്	—	—	മികം	—	മിക്ക, –വൻ, –വൾ, –വർ, –തു	—	—	—	—	—	—	—	മികവ്, മികതി
പോല്	—	—	—	പോലും, പോൽ	—	—	—	—	—	—	—	പോലെ, പോലവേ	—

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 148

വിലധാതുക്കളുടെ രൂപങ്ങൾ (തുടർച്ച)

ധാതു	മൂടുവിന			ഭാവി		പേരെച്ചം		ഭാ	പുറുവിന					കൃതികൾ
	വർത്തമാനം	ഭൂതം		ശീലം	അവധാരണം	വ	ഭൂ			വിനയെച്ചം				കൃതികൾ
									മുൻ–	പിൻ–	നട–	പാക്ഷി–	താൻ–	
*ഇല്	ഇല്ലാ യിന്നു	ഇല്ലാ–ഞ്ഞു ഇല്ലായാ–ഞ്ഞു	ഇല്ലാ, ഇല്ല്, ഇൗല, ഇല്ലായാം	–	–	–	–	ഇല്ല, ഇല്ല്, ഇല്ലാത, ഇല്ലാത്ത, ഇല്ലായ്മ	ഇല്ലാതെ, ഇല്ലാഞ്ഞു്	ഇല്ലായ് വാൻ	ഇല്ലായ്മ	ഇല്ലായ്കിൽ, ഇല്ലാഞ്ഞാൽ	–	ഇല്ലായ്മ, ഇല്ലായ്മ
അരുതു	അരുതായിന്നു	അരുതാഞ്ഞു	–	–	–	–	–	അരുതാത, അരുത്താത്ത, അരുതായ്മ	അരുതാതെ	–	അരുതായ്മ	അരുതായിൽ, അരുതാഞ്ഞാൽ	–	അരുതായ്മ

*അല് ധാതുവിനും രൂപമല്ലാം ഇതുപോലെ തന്നെ. ഈ മൂന്നു ധാതുക്കളും (അൽ, അരുത്) നിഷേധക്രിയകളാകയാൽ രൂപങ്ങളെല്ലാം നിഷേധ മാർഗ്ഗത്തിലുള്ളവയാകുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 149

അതിനാൽ അനുപ്രയോഗധാതുക്കൾക്ക് ഉപസർഗ്ഗധാതുക്കളെന്നും വേണമെങ്കിൽ പേരിടാം. ഇതുകൂടാതെ സംസ്കൃതത്തിലെ ലൃങ്, ലിങ് മുതലായ ചില ലകാരങ്ങളുടെ അർത്ഥം കാണിക്കുന്നതിനും ഭാഷയിൽ അനുപ്രയോഗം ഉപയോഗപ്പെടുന്നു. ഈ വകയാകുന്ന കാലാനുപ്രയോഗം എന്നു പറയപ്പെട്ടവ. പോകുമായിരുന്നു, പോയേക്കും ഇത്യാദി ഇതിന്നുദാഹരണങ്ങൾ. പൂരണാനുപ്രയോഗം ഏധാം ചക്ര, ചോരയാമാസ എന്നതുപോലെ സംസ്കൃതത്തിലുമുണ്ട്. അധികം നടപ്പുള്ള അനുപ്രയോഗങ്ങൾ താഴെ കാണിച്ചിട്ടുള്ളവയാണ്. ഉദാഹരണം:

1) കൊൾ	5) കള	9) ഇരി	13) കൂട്
2) ഇട്ട് – ഈട്ട്	6) കൊട്ട	10) പോ	14) കഴി
3) ഏ (വെയ്ക്കുക)	7) തരു്	11) വരു്	15) തീര്
4) വിട്ട് (ഊട്) (അല്ലെങ്കിൽ പോട്)	8) അരുളു്	12) പോരു്	16) ചമ

132. വിനയെച്ചം ചേർച്ചപോലെ
പ്രാക്പ്രയോഗത്തിലൊക്കവേ.

ഏതു ധാതുവിനെ സഹായിപ്പാനായി അനുപ്രയോഗം ചെയ്യുന്നുവോ ആ ധാതുവിനു പ്രാക്പ്രയോഗം എന്നുപേർ. ആ പ്രാക്പ്രയോഗത്തിന് അർത്ഥയോജനയ്ക്കു തക്കവണ്ണം മുൻവിനയെച്ചം, പിൻവിനയെച്ചം, നടുവിനയെച്ചം എന്നു മൂന്നുമാതിരി വിനയെച്ചങ്ങളുള്ളതിലൊന്നുവരും. അർത്ഥയോജനയാവിതു്-അനുപ്രയോഗത്തെക്കുറിച്ചു പ്രാക്പ്രയോഗം ഭൂതമെങ്കിൽ മുൻവിനയെച്ചം, ഭാവിയെങ്കിൽ പിൻവിനയെച്ചം, രണ്ടുമല്ലാതെ മദ്ധ്യസ്ഥമെങ്കിൽ നടുവിനയെച്ചം. ഉദാ:

പറഞ്ഞുപോയി, പറയാൻപോയി, പറകവേണം.

പ്രാക്പ്രയോഗം മുൻവിനയെച്ചമായി വരുന്ന സ്ഥലങ്ങളാണ് അധികം; പിൻവിനയെച്ചമായി വരുന്നവ അതിൽ കുറയും; അതിലും കുറയും നടുവിനയെച്ചമായി വരുന്നവ.

ഇനി അനുപ്രയോഗങ്ങളുടെ അർത്ഥം സംക്ഷേപമായി വിവരിക്കുന്നു;

1 ഒന്നാംവക, ഭേദകാനുപ്രയോഗം

അതിലും 1-മതു് പ്രാക്പ്രയോഗം മുൻവിനയെച്ചമാകുമ്പോൾ വരുന്നവ:

133. അനുപ്രയോഗേ മൂലാർത്ഥം
ബീജത്തിൽ തരുവെന്നപോൽ
ആരാഞ്ഞു നോക്കിയാൽ കാണാം
നീണ്ടു നീണ്ടു മുളച്ചതായ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 70

ഒരു വിത്തു വിതച്ചാൽ അതു് കിളുത്തു് ഇലകളായിച്ചമഞ്ഞു്, കൊമ്പുകൾ മുളച്ചു്, പൂത്തുകായ്ക്കുന്നതുപോലെ അനുപ്രയോഗങ്ങളിൽ മൂലാർത്ഥം ഓരോ അവസ്ഥാന്തരങ്ങളെ പ്രാപിച്ചുകാണുന്നു. അനുപ്രയോഗത്തിലർത്ഥംഭേദിച്ചു കാണുന്നതു് മൂലാർത്ഥം നീണ്ടുനീണ്ടുണ്ടായതാണെന്നു താൽപര്യം.

ശ്രാദ്ധം കഴിഞ്ഞാൽ ശേഷം കൊള്ളണം. കരിമ്പു തിന്നാൻ കൊള്ളാം.
ശിഷ്യൻ അടി കൊള്ളുന്നു.

ഇത്യാദി സ്വതന്ത്രപ്രയോഗങ്ങളിൽ നിന്നു് വെളിപ്പെടുന്നതുപോലെ കൊള്ളുകയുടെ മൂലാർത്ഥം ആവശ്യമായിരിക്കുക, അനുഭവിക്കുക, യോഗ്യതയുണ്ടായിരിക്കുക ഇത്യാദിയാകുന്നു. അനുപ്രയോഗസ്ഥലങ്ങളിലും എത്രതന്നെ ദൂരമെങ്കിലും ഈ അർത്ഥങ്ങൾതന്നെ മുൻപിട്ടു നില്ക്കും. ബുദ്ധിമാന്മാർക്കിത്രയും കൊണ്ടു മതിയാകുന്നതിനാലും മന്ദന്മാർക്കു് എത്രതന്നെ വിസ്തരിച്ചാലും മനസ്സിലാവാൻ പ്രയാസമെന്നു ഭയന്നും ഇതിനെ ഉദാഹരണങ്ങളെക്കൊണ്ടു വെളിപ്പെടുത്താൻ ഇവിടെ ആരംഭിക്കുന്നില്ല. ഓരോ അനുപ്രയോഗധാതുവിനും ഉപലക്ഷണാർത്ഥമായി ചില അർത്ഥങ്ങളും ഉദാഹരണങ്ങളും താഴെ കാണിച്ചിരിക്കുന്നു.

(1) കൊള്ളുക — (ഗ്രാമ്യം — ഓള്)[2] സ്വയംപ്രവൃത്തി, 2. സ്വോപയോഗം, 3. ചുമതല, 4. വിനയം, 5. നൈരന്തര്യം, 6. സമ്മതം. ഉദാ:

1. പുത്രനും ഞാനും നിന്നോടുകൂടവേ ചത്തുകൊള്ളുന്നു. കേ.രാ. (സ്വയംപ്രവൃത്തി)
2. എന്നോടുകൂടി പോന്നുകൊൾക നീ. നള. (സ്വോപയോഗം)
3. കാര്യം ഞാൻ സാധിച്ചുകൊള്ളാം. (ചുമതല)
4. വിവരം തിരുമനസ്സറിയിച്ചു കൊള്ളുന്നു. (വിനയം)
5. ശിഷ്യൻ പഠിച്ചുകൊണ്ടിരിക്കുന്നു (നൈരന്തര്യം)
6. ഉടനെ പൊയ്ക്കൊള്ളണം. (സമ്മതം)

ഗ്രാമ പ്രയോഗത്തിൽ കൊള്ള് പ്രായേണ ഓള് എന്നു സങ്കോചിക്കും:

കെട്ടുകൊള്ളു = കേട്ടോളൂ, നോക്കിക്കൊള്ളു = നോക്കോളൂ.

(2) ഇട് — ഈട് — കവിതകൾ ഇതിനെ പ്രായേണ ഒരു അർത്ഥ വിശേഷവും കൂടാതെ സ്വാർത്ഥത്തിൽത്തന്നെ അനുപ്രയോഗിച്ചുവരുന്നു. എങ്കിലും മുൻവിനയെച്ചങ്ങളുടെയും ക്രിയാവിശേഷണങ്ങളുടെയും ദൃഢീകരണം (ഉറപ്പിക്കൽ) ഇതിന്റെ ഒരു ഉപയോഗമെന്നു പറയാം. ഉദാ:

1. വേപ്പിന്റെ കയ്പു ശമിച്ചീടുമോ? —പഞ്ച. (സ്വാർത്ഥം)
2. പെരുവെള്ളം വന്നു ചിറ മുറിഞ്ഞാൽ അണകെട്ടീട്ടു ഫലമെന്ത്? —കേ.രാ. (ദൃഢീകരണം)

[2] "കൊള്ളുക"-യുടെ അർത്ഥമാണു സ്വയംപ്രവൃത്തി മുതലായവ. ഇതുപോലെ മറ്റുള്ളവയും കണ്ടുകൊള്ളണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 116

3. എന്നിട്ട്, ആയിട്ട് —(ക്രിയാവിശേഷണം)

ഈടുക എന്നതു കവികൾ ചെയ്ത ദീർഘമേ ഉള്ളൂ.

(3) വെയ്ക്കുക — (ഗ്രാമ്യം — ഏക്കുക) 1. സ്വകൃത്യകരണം. 2. ഫലസന്ദേഹം, 3. ലാഘവം, 4. തൽക്കാലവിരാമം. ഉദാ:

1. "സ്ത്രീയെ വിവാഹം ചെയ്യേപ്പൂ; ധർമ്മത്തെ രക്ഷിച്ചേപ്പൂ." കേ.ഉ. (സ്വകൃത്യകരണം)
2. ക്ഷണിച്ചേച്ചു പോന്നു — (ഫലസന്ദേഹം)
3. ഞാൻ വന്നേക്കാം — (ലാഘവം)
4. വിസ്താരം നിറുത്തിവെയ്ക്കുന്നു — (തൽക്കാലവിരാമം)
5. ദശമിനാൾ വിദ്യ ആരംഭിച്ചുവെയ്ക്കണം — (തൽക്കാലവിരാമം)

(4) വിടുക — (ഗ്രാമ്യം — ഊടുക) 1. ദൂത്യം, 2. ക്ഷണികത. ഉദ:

1. അമാത്യൻ തന്നുവിട്ടു. —ചാണ (ദൂത്യം)
2. കള്ളൻ അടിച്ചേച്ചു പോയുട്ടു (ക്ഷണികത)

(5) കളക — (സംസ്കൃതം — നീര്, അപ; ഇംഗ്ലീഷ് — off) 1. നിശ്ശേഷത, 2. സാഹസം, 3. അനാസ്ഥ, 4. അനായാസം. ഉദാ:

1. ശത്രുക്കളെ തോല്പിച്ചുകളഞ്ഞു — (നിശ്ശേഷത)
2. ഹനുമാൻ സമുദ്രം ചാടിക്കളഞ്ഞു — (സാഹസം)
3. സത്യം പറഞ്ഞുകളയണം — (അനാസ്ഥ)
4. കള്ളൻ ഓടിക്കളഞ്ഞു — (അനായാസം)

(6-7) കൊടുക്ക, തരിക — പരാർത്ഥപ്രവൃത്തി. ഉദാ:

1. മന്ത്രി രാജാവിനു രാജ്യം പിടിച്ചു കൊടുത്തു.
2. നീ എനിക്കു ബുദ്ധി പറഞ്ഞുതരേണ്ട.

(8) അരുൾ — ബഹുമാനം (ആചാരം). ഉദാ:

1. എഴുന്നരുളുന്നു (എഴുന്നള്ളുന്നു.)
2. ഖേദമൊഴിച്ചരുളീടുക നീ — മ. ഭാ.
3. മമ ശാപം തീർത്തരുൾ നീ — മ.ഭാ.
4. കേട്ടരുളീ — കൃ. ഗാ.
5. ദ്വാരത്തിൽ പാർത്തുനിന്നരുളുന്നു — രാ. ച.

(9) ഇരിക്ക — കാലാനുപ്രയോഗം — മേൽ വിവരിക്കും.

(10) പോക — (സംസ്കൃതം — അപ: ഇംഗ്ലിഷ് — off, away) 1. പരിണാമം, 2. അനവധാനം,

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 175

3. അപ്രതീക്ഷിതസംഭവം, 4. അമ്പരപ്പ്. ഉദാ:

1. ഗൃഹമശേഷവും കൊടുത്തു പോയാൻ - നള. (പരിണാമം)
2. അവൻ പരീക്ഷയിൽ തോറ്റു പോയി — നള. (പരിണാമം)
3. ഞാൻ കള്ളം പറഞ്ഞു പോയി — (അനവധാനം)
4. ഇടയിൽ ഒരു മുത്തു തങ്ങിപ്പോയി — (അപ്രതീക്ഷിതസംഭവം)
5. സ്തംഭിച്ചു നിന്നു പോയി — (അമ്പരപ്പ്)

(11) വരുക — 1. നിത്യത അല്ലെങ്കിൽ പതിവ്, 2. ക്രമേണസിദ്ധി. ഉദാ :

1. ആണ്ടുതോറും ഉത്സവം നടത്തി വരുന്നു — (പതിവ്)
2. കലിക്കു ശക്തി കൂടി വരുന്നു — (ക്രമേണസിദ്ധി)

(12) പേരുക — പതിവ്. ഉദാ:

1. ഇത്രകാലം രക്ഷിച്ചുപോന്നിരിക്കുന്നു.

(13) കൂടുക — 1. ക്രിയാസമാപ്തി, 2. ശക്തി, 3. സമ്മതം. ഉദാ:

1. സൂര്യൻ അസ്തമിച്ചുകൂടുമ്പോൾ ഇരുട്ടുവരുന്നു — (ക്രിയാസമാപ്തി)
2. കണ്ടു കൂടുന്നനേരം മ. ഭാ. — (ക്രിയാസമാപ്തി)
3. ഞങ്ങൾ കർമ്മമെല്ലാം മുടങ്ങിക്കൂടി കൃ. ഗാ. — (ക്രിയാസമാപ്തി)
4. ഉള്ളതേ തന്നുകൂടു മമ ചാണ — (ശക്തി)
5. തമ്മിൽ തമ്മിൽ ബാന്ധവിച്ചു കൂടാ — (സമ്മതം)

(14, 15) കഴിയുക, തീരുക — ക്രിയാവസാനം. ഉദാ:

1. പറഞ്ഞു കഴിഞ്ഞതിന്റെ ശേഷം,
2. പറഞ്ഞുതീർന്നതിന്റെ ശേഷം;
3. കലിയുഗം മുഴുത്തുകഴിഞ്ഞില്ല;
4. ധർമ്മം നശിച്ചുതീർന്നില്ല.

(16) ചമയുക — അവസ്ഥ.

1. തിരുവുടൽ വിറച്ചുചമഞ്ഞു മ.ഭാ.
2. ദേഹം വളഞ്ഞുചമഞ്ഞു മ.ഭാ.
3. പല വടിവും വന്നുചമഞ്ഞു നള.ച.തു.

2-ണ്ടാമത് പ്രാൾപ്രയോഗം, പിൻവിനയെച്ചമാകുമ്പോൾ വരുന്നവ — ഈ വകയിൽ പ്രായേണ അകർമ്മങ്ങളേ ഉള്ളൂ.

1. ഇരി, 2. പോ, 3. വര് — കേവലഭാവ്യർത്ഥം സ്വല്പഭേദങ്ങളോടെ. ഉദാ:

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 235

1. വരാനിരിക്കുന്നതു വരും.[3]
2. കാണാൻ പോകുന്ന പൂരം കേട്ടറിയേണമോ?
3. ഛർദ്ദിക്കാൻ വരുന്നു.
4. പോര് — പര്യാപ്ത — (ശേഷി) ഉദാ: രാമൻ രാവണനെ ജയിക്കാൻ പോരും.
5. കൂട്- സൗകര്യം ഉദാ: എനിക്കു വരാൻ കൂടുകയില്ല.
6. കഴി- ശക്തി, സാമർത്ഥ്യം, മനസ്സ്, ഉദാ: എനിക്ക് ഇന്നു കളിപ്പാൻ കഴിയുകയില്ല.

അനുപ്രയോഗങ്ങളിൽ മിക്കവയും സ്വതന്ത്രമായി പ്രയോഗിക്കുന്നവയാകയാൽ അനുപ്രയോഗസ്ഥയുടെയും സ്വതന്ത്രപ്രയോഗാവസ്ഥയുടെയും മദ്ധ്യേ നിന്നുകൊണ്ടു കയ്യാലപ്പുറത്തെ തേങ്ങായുടെ മട്ടിൽ ഏതു വശത്തേക്കു ചേരുന്നുവെന്നു തീരുമാനിപ്പാൻ പാടില്ലാത്തവയായ ചില ഉദാഹരണങ്ങളും കാണുന്നുണ്ട്. അതിനാൽ ഈ പ്രകരണത്തെ ഇതിലധികം വിസ്തരിക്കുന്നില്ല.

3-ആമത്- പ്രാക്പ്രയോഗം നടുവിനയെച്ചമാകുമ്പോൾ വരുന്നവ. ഇവ- "വേ", "ആ" (വിധായകാനുജ്ഞായകങ്ങളിലേ), "ഉൾ" നിഷേധക ധാതുക്കൾ ഇത്യാദിയാകുന്നു. അവ അധികമെണ്ണമില്ല. ഉള്ളവയിൽ മിക്കവയേയും അവിടെവിടെ പ്രസ്താവിച്ചിട്ടുമുണ്ട്.

2 രണ്ടാം വക; കാലാനുപ്രയോഗം

അനാദ്യന്തമായ കാലത്തിൽ ഭൂതമെന്നാൽ ഇന്നലെ നടന്ന സംഗതിയും, ആയിരം വർഷത്തിനു മുമ്പു നടന്നതുമാകാം. അതിന്മണ്ണം ഭാവിയും നാളത്തെ സംഗതിക്കും ആയിരം വർഷത്തിനപ്പുറത്തെ സംഗതിക്കും ഒരുപോലെ പറ്റും. ഈ മാതിരിയിൽ കാലത്തിനുളവാകുന്ന ഭേദങ്ങളെ കുറിക്കുകയാകുന്നു കാലാനുപ്രയോഗങ്ങളുടെ പ്രവൃത്തി. കാലപ്രത്യയങ്ങൾ എല്ലാമാതിരി കാലങ്ങളേയും കുറിക്കുന്നതിനാൽ അവയുടെ അർത്ഥമായ കാലം സാമാന്യം അല്ലെങ്കിൽ അപരിച്ഛിന്നമാകുന്നു; അപരിച്ഛിന്നഭൂതം, അപരിച്ഛിന്നവർത്തമാനം, അപരിച്ഛിന്നഭാവി എന്ന്. അനുപ്രയോഗങ്ങളാൽ ഉളവാകുന്ന പരിച്ഛേദമാവിത്:

1. ഇരിക്കുക — ഇരി ധാതുവിനെ അനുപ്രയോഗിച്ചാൽ അനുപ്രയോഗധാതു ഏതു കാലത്തിൽ ഇരിക്കുന്നുവോ അക്കാലത്തിനു സ്വല്പം മുമ്പാണ് പ്രധാനക്രിയ നടന്നിരിക്കുന്നതെന്നു താൽപര്യം വരും. എങ്ങനെയെന്നാൽ — വർത്തമാന പ്രയോഗത്തിൽ ഭൂതപ്രായമായ വർത്തമാനത്തെയും ഭൂതപ്രയോഗത്തിൽ ഒരു നിർദ്ദിഷ്ടഭൂതത്തിനു മുൻപു കഴിഞ്ഞ ഭൂതത്തെയും, ഭാവിപ്രയോഗത്തിൽ വർത്തമാനപ്രായമായ ഭാവിയെയും കുറിക്കുന്നു. ഉദാ.

ആര്യാ! ഞാനിതാ വന്നിരിക്കുന്നു (ശാകു)

[3] "വരാനുള്ളത് എന്നതിനും ഇതുതന്നെ അർത്ഥം"

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 272

(വന്നിട്ടു സ്വൽപം നേരമായി എന്നു താൽപര്യം)
രാമൻ രാവണവധത്തിനു മുൻപു ബാലിയെക്കൊന്നിരുന്നു.
കാക്ക കരയുന്നു; രാത്രി കഴിഞ്ഞിരിക്കും.

അടുത്തു പറയുന്ന ഫലാനുവൃത്തി, അർത്ഥവും ഇതിനു ചിലേടത്തു കാണും.

പണ്ടു നീ ബാലിയെക്കണ്ടല്ലോ ഇരിക്കുന്നു— കേ.രാ.
നിന്മഹിമകളെല്ലാം ഞാനറിഞ്ഞിരിക്കുന്നു— മ.ഭാ.

2. ഇട്ടുൾ —ഫലാനുവൃത്തി, "ഇട്ടുണ്ട്" എന്ന് അനുപ്രയോഗിച്ചാലും കാലത്തിനു മുൻപറഞ്ഞ ഭേദം ഉണ്ടാകും; എന്നാൽ ഇതു ക്രിയയുടെ ഫലാവൃവൃത്തിയെക്കൂടി പ്രകാശിപ്പിക്കും. ഉദാ:

ഞാൻ വ്യാകരണം പഠിച്ചിട്ടുണ്ട്.
(പഠിച്ചതിന്റെ ഫലം ഇപ്പോഴും തുടരുന്നുവെന്നർത്ഥം)

"ഉൾ" ഖിലധാതുവാകയാൽ ഭൂതത്തിൽ "ഉണ്ടായിരുന്നു" എന്നും ഭാവിയിൽ ഉണ്ടായിരിക്കും "എന്നും രൂപമൂഹിക്കുക.

രണ്ടനുപ്രയോഗങ്ങളിലും ഫലാനുവൃത്തി പ്രായേണ കാണുന്നതിനാൽ ഇവ തമ്മിലുള്ള ഭേദം വളരെ സൂക്ഷ്മമാകുന്നു. വക്താവിനോ ശ്രോതാവിനോ ക്രിയാസിദ്ധിയിൽ പ്രതിപത്തിയുണ്ടെങ്കിൽ ഇട്ടുണ്ട് കൊള്ളാം. ഔദാസീന്യമെങ്കിൽ ഇരി മതിയാകും. ആഭരണം തീർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നവനോടു പറയുമ്പോൾ "ഒരു തട്ടാൻ വന്നിട്ടുണ്ട്", ആഭരണം വല്ലതും തീർപ്പിക്കാൻ ആവശ്യമുണ്ടോ എന്നന്വേഷിക്കയാണെങ്കിൽ — "ഒരു തട്ടാൻ വന്നിരിക്കുന്നു."

വേറെയും അതി സൂക്ഷ്മങ്ങളായ ഭേദങ്ങളുണ്ടാകുന്നവ പ്രയോഗങ്ങളിൽ നിന്നു പ്രായേണ പരിചയം കൊണ്ടറിയേണ്ടവയാകുന്നു.

3. ഉന്നുണ്ട് — വർത്തമാനത്തോട് "ഉള്ളി" നെ അനുപ്രയോഗിച്ചാൽ ആ വർത്തമാനത്തിനു ദാർഢ്യം ഉണ്ടാകും. അതിനടുത്തിരിക്കുന്ന ഭൂതഭാവികൾക്കു പ്രതീതി വരികയും ചെയ്യും. ഉദാ:

ഗുരു — "നീയെന്തു മിണ്ടാതിരിക്കുന്നു?"
ശിഷ്യൻ — "ഞാൻ വായിക്കുന്നുണ്ട്."

ഇത് "ഞാൻ വായിക്കുന്നു" എന്നതിനെക്കാൾ വർത്തമാനത്തെ ഉറപ്പിക്കുന്നു.

രണ്ടു നാളുണ്ടു പട്ടിണി കിടക്കുന്നു — ശി. പൂ. (ഭൂതസ്പഷ്ടം)
ഞാൻ ഒരു പുസ്തകം ഉണ്ടാക്കുന്നുണ്ട് — (ഭാവിസ്പഷ്ടം)

ഒന്നാമതിൽ രണ്ടുനാൾ മുമ്പു തുടങ്ങി സംസാരിക്കുന്ന ക്ഷണംവരെയുള്ള കാലം വർത്തമാനമായിത്തോന്നുന്നു. രണ്ടാമതിൽ സംസാരിക്കുന്ന ക്ഷണം മുതൽ പുസ്തകം ഉണ്ടാക്കിത്തീരുന്ന ക്ഷണം വരെയുള്ള കാലം വർത്തമാനമായി സ്ഫുരിക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

4. കൊണ്ടിരി — കൊള്, ഇരി ഇവയെ ഒരുമിച്ച് അനുപ്രയോഗിച്ചാൽ ക്രിയയ്ക്ക് അനുബന്ധം (തുടർച്ച) സ്ഫുരിക്കും. ഉദാ:

"പഠിച്ചുകൊണ്ടിരിക്കുന്നു" = പഠിക്കയിൽ കുറച്ചുനേരമായി നിരന്തരം പ്രവർത്തിക്കുന്നുവെന്നർത്ഥം.

5. ആയിരിക്കും — ആയിരിക്കും എന്നതിന്റെ അനുപ്രയോഗം എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും ഊഹത്തെ ദ്യോതിപ്പിക്കും.[4] ഉദാ:

പറയുന്നായിരിക്കും, പറഞ്ഞായിരിക്കും, പറയുമായിരിക്കും,
പറയണമെന്നായിരിക്കും, പറയാമായിരിക്കും.

6. ആയിരുന്നു — നിർദ്ദേശകത്തിന്റെ ഭാവികാലത്തിലും, അനുജ്ഞായകവിധായക പ്രകാരങ്ങളിലും ഇരിക്കുന്ന ഒരു ധാതുവിനോടു ചേർത്ത് "ആയിരുന്നു" എന്നനുപ്രയോഗിച്ചാൽ ക്രിയാതിപത്തിയുണ്ടാകും. ക്രിയാതിപത്തി എന്നാൽ ക്രിയ വാസ്തവത്തിൽ നടന്നില്ലെന്നുള്ള പ്രതീതി. ഉദാ. 335

ബാലി രാവണനെ കൊല്ലുമായിരുന്നു (പക്ഷേ, അതു നടന്നില്ലെന്നു താൽപര്യം).
മഴ പെയ്തെങ്കിൽ വിതയ്ക്കാമായിരുന്നു (രണ്ടും ഉണ്ടായില്ലെന്നു താൽപര്യം)
കള്ളനെ ഉടൻ പിടിക്കണമായിരുന്നു (അപ്പോൾ പിടിച്ചില്ലെന്നു താൽപര്യം).

3 മൂന്നാംവക, പൂരണാനുപ്രയോഗം

ഇതു് എണ്ണത്തിൽ ചുരുങ്ങും,[5] ആവുകതന്നെ മുഖ്യം. ഉദാ: ഉൾ - ഉണ്ട്- ഉണ്ടായി -ഉണ്ടാകും.[6] 352

134. വരാമനുപ്രയോഗങ്ങൾ
മേല്ക്കുമേലും പിരിഞ്ഞുമായ്

അനുപ്രയോഗം വിവക്ഷപോലെയും അർത്ഥയോജനപോലെയും ഉപര്യുപരി പ്രയോഗിക്കാം. അനുപ്രയോഗങ്ങൾ പ്രാക്പ്രയോഗങ്ങൾക്കു നേരെ പരമായിരിക്കണമെന്നു നിർബ്ബന്ധമില്ല; അവയുടെ മദ്ധ്യേ മറ്റു പദങ്ങൾ ഇരിക്കുന്നതിനു വിരോധമില്ല. എന്നാൽ ഇങ്ങനെ വരുന്നതു പ്രായേണ ചോദ്യങ്ങളിലാകുന്നു. ഉദാഹരണം:

കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ കപ്പാൻ മടിക്കുന്നു തരംവരുമ്പോൾ? കൃ.ച.
ഭക്തന്മാർക്കുണ്ടോ സങ്കടമുണ്ടാകുന്നു? മ. ഭാ.
വണ്ടിണ്ടയെ പൂമലർ ചെന്നു തെണ്ടിനടക്കുമാറുണ്ടോ കണ്ടു? കൃ. ഗാ.

4 "ആയിരിക്കാം" ദുർബ്ബലമായ ഊഹത്തെ ദ്യോതിപ്പിക്കുന്നു.

5 "ആ" എന്ന ധാതു "ഉൾ" എന്ന ഖിലത്തെ "ആ" ധാതിവിന്റെ ഭൂതകാലരൂപം ചേർത്ത് പൂരിപ്പിച്ചതാണ് "ഉണ്ടായി". ഉണ്ട് എന്നതിൽ അനുപ്രയോഗമില്ല.

6 അകർമ്മങ്ങളെ സകർമ്മകങ്ങളാക്കാനും സഹായക്രിയ (= അനുപ്രയോഗം) കൊള്ളാം എന്നു പറഞ്ഞ് ഗ്ലണ്ടർട്ട് "വീണ്ടുകൊൾക = വിടുവിക്ക" എന്ന ഉദാഹരണം കൊടുക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-24.tex/Line: 364

കണ്ടുണ്ടോ[7] = കണ്ടിട്ടുണ്ടോ. ഇവിടെ "ഇടുക" യെ സ്പഷ്ടതയ്ക്കു കുറവു വരായ്കയാൽ വിട്ടിരിക്കുന്നു. ഉദാ:

> വൃത്താന്തമാരുണ്ടോ ധരിച്ചിട്ടു നള.ച.
> ഒന്നുണ്ടു ചെയ്യേണ്ടു നിങ്ങളെന്മക്കളേ ഭാര.
> പണ്ടു നീ ബാലിയെക്കണ്ടല്ലോ ഇരിക്കുന്നു കേ.രാ.

മേല്ക്കുമേൽ വരുന്നതിന്: "ആശാൻ വന്നപ്പോൾ കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു."

ഇവിടെ പഠിക്കുകയ്ക്കു "കൊൾ, ഇരി, ഉൾ, ആ, ഇരി" എന്ന് അഞ്ചനുപ്രയോഗ ങ്ങളാകയാൽ സ്വാർത്ഥത്തേയും കുറിക്കുന്നു. അതിനാൽ ഈ സാംഗക്രിയാപദത്തിൽ നിന്നുണ്ടാകുന്ന ബോധം ഫലവ്യാപാരങ്ങളുടെ തുടർച്ചയുള്ളതായും ഒരു ഭൂതത്തെ (വരവ്)[8] അപേക്ഷിച്ചു
381 ഭൂതമായും ഇരിക്കുന്ന "പഠിക്കൽ" എന്നാകുന്നു.

> "പണിഞ്ഞുതീർന്നിട്ടുണ്ടായിരുന്നു"

ഇതിൽ പണിയുക മുഖ്യക്രിയ; തീരുക- ഭേദകാനുപ്രയോഗം; ഉണ്ട്- കാലാനുപ്രയോഗം; ആയിരിക്കുക- പൂരണാനുപ്രയോഗം. ഇങ്ങനെ മൂന്നുമാതിരി അനുപ്രയോഗവും മേല്ക്കുമേലായി വന്നിരിക്കുന്നു.

അനുപ്രയോഗങ്ങൾക്ക് (വിശിഷ്യ കാലാനുപ്രയോഗങ്ങൾക്ക്) പര്യായവും ചിലേടത്തു പറ്റും.
388 ഉദാ:

> വീണിരിക്കുന്നു = വീണുകിടക്കുന്നു; വന്നു നില്ക്കുന്നു = വന്നിരിക്കുന്നു.

കാലപ്രത്യയം കുറിക്കുന്ന കാലത്തിന് അപരിച്ഛിന്നം എന്നും "കൊണ്ടിരി" യുടേതിന് അനുബന്ധി എന്നും "ഇട്ടുണ്ടി" ന്റേതിനും "ഇരി" യുടേതിനും ക്ലൃപ്തമെന്നും പേരിടാം. എങ്ങനെയെന്നാൽ:

> പറയുന്നു — അപരിച്ഛിന്നവർത്തമാനം.
> പറഞ്ഞുകൊണ്ടിരിക്കുന്നു — അനുബന്ധിവർത്തമാനം.
> പറഞ്ഞിട്ടുണ്ട്, പറഞ്ഞിരിക്കുന്നു — ക്ലൃപ്തവർത്തമാനം.
> പറഞ്ഞ്കൊണ്ടിരിക്കുന്നുണ്ട് — അനുബന്ധിക്ലൃപ്തവർത്തമാനം.

ഏധാംചക്ര, ഏധാംബഭ്രവ, ഏധാമാസ എന്നപോലെ സംസ്കൃതത്തിലെ അനുപ്രയോഗങ്ങളെല്ലാം പൂരണാനുപ്രയോഗങ്ങളാകുന്നു. I am writing, I have written, I have been writing എന്നപോലെ ഇംഗ്ലീഷിലെ അനുപ്രയോഗങ്ങളെല്ലാം കാലാനുപ്രയോഗങ്ങളുമാകുന്നു. ഉപസർഗ്ഗാനുപ്രയോഗം സ്ഥൂലദൃഷ്ടിയിൽ ആര്യഭാഷകൾക്കില്ലാത്തതായ ദ്രാവിഡത്തിലെ ഒരു വൈലക്ഷണ്യമാകുന്നു.

---

[7] മുകളിലത്തെ വരിയിലുള്ള "തെണ്ടിനടക്കുമാറുണ്ടോ കണ്ടു" എന്ന ഭാഗത്തെ ക്രിയയാണ്"കണ്ടുണ്ടോ" എന്നതു്.
[8] മുകളിലത്തെ ഉദാഹരണത്തിലുള്ള "വന്നപ്പോൾ" എന്നതിലേ "വന്നു" എന്ന ഭൂതത്തെ എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 2

9

നിഷേധപ്രകരണം

വിധി എന്നും നിഷേധം എന്നും വാക്യഗതി രണ്ടുവിധമാണെന്ന് ഇതിനു മുൻപുതന്നെ പ്രസംഗവശാൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സംസ്കൃതം മുതലായ ആര്യഭാഷകൾ അഭാവാർത്ഥകമായ നിപാതംകൊണ്ട് വിധി വാക്യക്രിയാപദത്തെ വിശേഷിപ്പിച്ച് നിഷേധാർത്ഥം ഉളവാക്കുന്നു. ദ്രാവിഡങ്ങളിൽ നിഷേധാർത്ഥം, അതിലേക്കു പ്രത്യേകം ഉള്ള ചില രൂപഭേദങ്ങൾകൊണ്ടു സാധിക്കേണ്ടിയിരിക്കുന്നു.

സംസ്കൃതം		മലയാളം		
വിധി	നിഷേധം	വിധി	നിഷേധം	
കരോതി	ന കരോതി	ചെയ്യുന്നു	ചെയ്യായുന്നു,	ചെയ്യുന്നില്ല.
അകാർഷിത്	നാകാർഷിത്	ചെയ്തു	ചെയ്യാഞ്ഞു,	ചെയ്തില്ല.
കരിഷ്യതി	ന കരിഷ്യതി	ചെയ്യും	ചെയ്യാ	ചെയ്യുവില്ല, ചെയ്യുകയില്ല, ചെയ്യില്ല.
കരോതു	ന കരോതു	ചെയ്യട്ടെ ചെയ്യാം	ചെയ്യാതിരിക്കട്ടെ, ചെയ്യാതിരിക്കാം,	ചെയ്യുകൂടാ. ചെയ്യരുത്.
കുര്യാത്	ന കുര്യാത്	ചെയ്യണം	ചെയ്യേണ്ട.	
കൃത്വാ	ന കൃത്വാ	ചെയ്തു്	ചെയ്യാതെ.	
കർത്തും	ന കർത്തും	ചെയ്യാൻ	ചെയ്യായ്വാൻ	
—	—	ചെയ്കു	ചെയ്യായ്കു	
—	—	ചെയ്കിൽ	ചെയ്യായ്കിൽ	
കുർവത്	അകുർവത്	ചെയ്യുന്ന	ചെയ്യായുന്ന	
കൃത	അകൃത	ചെയ്ത	ചെയ്യാഞ്ഞ	

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 35

	സംസ്കൃതം	മലയാളം	
കരിഷ്യത്	അകരിഷ്യത്	ചെയ്യും	ചെയ്യാ
കരണം	അകരണം	ചെയ്യൽ	ചെയ്യായൽ

മേൽക്കാണിച്ച പട്ടികയിൽ സംസ്കൃതത്തെയും മലയാളത്തെയും വിധിനിഷേധങ്ങളെ ഉള വാക്കുന്ന വിഷയത്തിൽ താരമ്യപ്പെടുത്തിയിരിക്കുന്നു. സംസ്കൃതത്തിൽ ഏതു രൂപമായാലും ന എന്ന നിപാതത്തിന്റെ യോഗംകൊണ്ടു വിധി നിഷേധമാകും; സമാസമുള്ളിടത്തു മാത്രം ന എന്നല്ല, അ എന്നാണ് നിഷേധാർത്ഥക നിപാതം എന്നു മാത്രമേ വിശേഷമുള്ളു. ഭാഷ യിലാകട്ടെ പലവിധത്തിലായിട്ടാണ് നിഷേധരൂപത്തിന്റെ നിഷ്പത്തി. നിർദ്ദേശകപ്രകാ രത്തിൽ ഏകദേശം സംസ്കൃതത്തോടു യോജിച്ച് "ഇല്ല" എന്ന പദത്തിന്റെ യോഗംകൊണ്ടും നിഷേധരൂപം ഉളവാകുന്നു; എന്നാൽ അവിടെയും ഭാവി കാലത്തിനു പലേവിധം രൂപങ്ങളു ണ്ട്. വിധായകത്തിൽ അനുപ്രയോഗമായ വേ ധാതുവിന്റെ ഭാവികാലത്തിലുള്ള നിഷേധരൂ പമാണ് ഉപയോഗിക്കുന്നത്. വേണ്ടും — വേണ്ട. നിയോജകത്തിലും അനുജ്ഞായകത്തി ലും ശരിയായ നിഷേധരൂപമില്ല. കൂടാ, അരുത് എന്നു വേറെ പദങ്ങളുടെ സഹായംകൊണ്ടും മുൻവിനയെച്ചത്തിലുള്ള നിഷേധരൂപത്തെ ഉപയോഗിച്ചിട്ടുമാണ് നിഷേധാർത്ഥം സമ്പാ ദിക്കുന്നത്. ഇങ്ങനെ രൂപസിദ്ധി ഓരോ ഇടത്തും ഓരോ വിധം ആണെങ്കിലും എല്ലാ ഇട ത്തും ഒന്നുപോലെ കാണുന്നതായിട്ട് ഒരു ഭാഗമുണ്ടെന്നു സൂക്ഷിച്ചുനോക്കിയാൽ ബോധപ്പെ ടും. ഇത് ആ എന്നുള്ള അംശമാണ്.

ചെയ് = ആ = ഉന്നു + ചെയ്യായുന്നു —	വർത്തമാനം
ചെയ് = ആ = ന്നു (+ ഞ്ചു + ഞ്ഞു) + ചെയ്യാഞ്ഞു —	ഭൂതം
ചെയ് = ആ + ചെയ്യാ —	ഭാവി
വേണ്ട് = ആ + വേണ്ടാ —	വിധായകം
കൂട് = ആ + കൂടാ —	നിയോജകം
ഇൽ = ആ + ഇല്ലാ —	(ഇല്ല ചേർന്ന രൂപങ്ങൾ)[1]
ചെയ് = ആ = ക + ചെയ്യായ്ക —	നടുവിനയെച്ചം
ചെയ് = ആ = ആൻ + ചെയ്യാ (യ്) ആൻ —	പിൻവിനയെച്ചം.

"ഇല്ല" എന്നതിന് ദീർഘമില്ലാത്തതിനാൽ അത് "ഇൽ" എന്ന ധാതുവിന്റെ നടുവിനയെ ച്ചരൂപമായാൽ പോരയോ? ദീർഘം ചെയ്യാറുള്ളതു ബലത്തിനുവേണ്ടിയാണെന്നു കല്പിച്ചു കൊള്ളാം എന്നൊരു പക്ഷം പ്രഥമദൃഷ്ടിയിൽ തോന്നാം. എന്നാൽ ഇല്ലായ്മ, ഇല്ലായ്ക, ഇല്ലാ ഞ്ഞു ഇത്യാദിയായ അതിന്റെ മറ്റു രൂപസിദ്ധികൾ നോക്കുമ്പോൾ അതിലും ആ — യുടെ സാ ന്നിദ്ധ്യമുണ്ടെന്നു തീർച്ചപ്പെടും.[2] ഇല്ലപോലെതന്നെയാണ് അല്ല എന്നു വേറെ ഒരു പദമു

[1] ചെയ്യുന്നില്ല, ചെയ്തില്ല, ചെയ്യുവില്ല എന്നിങ്ങനെ "ഇല്ല" ചേർന്ന രൂപങ്ങൾ. ഈ രൂപങ്ങൾക്ക് പ്രാക്പ്രയോഗ ത്തിന്റെ കാലമാണ്.

[2] അരുതായ്മ, അരുതായ്ക, അരുതാഞ്ഞു മുതലായ രൂപങ്ങളുണ്ടെങ്കിലും "അരുതാ എന്നു പദമുണ്ടോ?"

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദ യം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതിക രണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 57

ള്ളതും.[3] അതുകൊണ്ട് അൽ ഇൽ എന്ന ധാതുക്കൾ സ്വയമേ നിഷേധാർത്ഥകങ്ങളാണെങ്കിലും അതുകളിലും ആ ചേർത്താലേ പ്രയോഗാർഹമായ പദമുണ്ടാകയുള്ളൂ എന്നു സിദ്ധിക്കുന്നു. അപ്പോൾ "അല്ല, ഇല്ല" എന്ന പദങ്ങളിൽ നിഷേധാർത്ഥം ഇരട്ടിപ്പടിയായിത്തീരുന്നു എന്നൊരു തരക്കേടുണ്ട്; അതിനു നിർവ്വാഹമില്ല. സംസ്കൃതത്തിൽ ഏകഃ, ദ്വൗ, ത്രയഃ എന്ന സംഖ്യാവാചകങ്ങളിലെ വചനപ്രത്യയങ്ങൾ പോലെ പ്രകൃത്യർത്ഥവും പ്രത്യയാർത്ഥവും ഒന്നുതന്നെ ആകുമ്പോൾ അവയ്ക്കു തങ്ങളിൽ അഭേദാന്വയം വരുന്നുവെന്നു സമാധാനപ്പെടണം.

ഇനി ഈ ആ-യുടെ സ്വഭാവം എന്തെന്നാലോചിപ്പാനുണ്ട്. ഇതു് ഒരു അനുപ്രയോഗ ധാതുവോ, ഇടനിലയോ പ്രത്യയമോ? ധാതുവാണെങ്കിൽ ഇല്ല, അല്ല എന്ന രൂപസിദ്ധി യോജിക്കയില്ല; ഒരു പ്രത്യയവും കൂടാതെ രണ്ടു ധാതുക്കൾ മാത്രം തങ്ങളിൽ സമാസിക്ക പതിവില്ലല്ലൊ. ഇടനില എന്നതു് അംഗസംസ്കാരമാകയാൽ അതു സ്വതന്ത്രമായി നില്ക്കുന്നതു ന്യായമല്ല; പ്രത്യയത്തിന്റെയും പ്രകൃതിയുടെയും ഇടയ്ക്കു നില്ക്കുന്നതല്ലേ ഇടനില? അതുകൊണ്ടു പരിശേഷാൽ ആ ഒരു പ്രത്യയം തന്നെ എന്നു സ്വീകരണം. ഇ എന്ന പ്രയോജകപ്രത്യയംപോലെ ആ എന്നൊരു നിഷേധപ്രത്യയം വരുന്നതിനു വിരോധമില്ലല്ലോ, ഇല്ലാ അല്ലാ രണ്ടും അനുപ്രയോഗങ്ങൾ. ഇതുകൾക്കു പുറമേകൂടാ, വഹിയാ (വയ്യാ), ഒല്ലാ, അരുതു് എന്ന പദങ്ങൾക്കും അനുപ്രയോഗത്തിന്റെ നിലതന്നെ. "ഇല്ല" "അല്ലാ" എന്ന രണ്ടിലും ആ സ്വാർത്ഥത്തിൽ; ശേഷം മൂന്നിലും നിഷേധംകുറിക്കുന്നു. കൂടാ = യോജിക്കയില്ല; വഹിയാ = ശേഷിയില്ല, ഒലാ (= വല്ലാ) = ശരിയല്ല. "ചെയ്യുകൂടാ" എന്നു കൂടാ എന്നതിൽ പ്രാക്പ്രയോഗത്തിനു ഭൂതമാണ് പതിവ്; ഇതൊരു ശൈലി എന്നേ പറവാനുള്ളൂ. ചെയ്യവയ്യാ, ചെയ്യൊലാ (ചെയ്യവല്ലാ), ചെയ്യ + അരുത് = ചെയ്യരുതു് എന്ന മൂന്നിലും പ്രാൾപ്രയോഗത്തിനു നടുവിനയെച്ചം ന്യായംതന്നെ. അരുതു് എന്നതിൽ നിഷേധാർത്ഥത്തിന് ആ ചേർന്നിട്ടില്ല. അപൂർവ്വം, അസാദ്ധ്യം എന്നർത്ഥമുള്ള അരു എന്ന ഭേദകപ്രകൃതിയിൽ നിന്നുണ്ടായ നപുംസകരൂപമാണ് "അരുത്". അതുകൊണ്ടു് അതിനു വാച്യമായിട്ടു നിഷേധമില്ല; സംസ്കൃതത്തിൽ ദുസ്സാദ്ധ്യം ഇത്യാദികളിലോ ദുർ എന്ന ഉപസർഗ്ഗത്തിനും ഇംഗ്ലീഷിൽ hardly possible ഇത്യാദികളിലേ hardly എന്ന ക്രിയാവിശേഷണത്തിനും ഉണ്ടാകുന്നതുപോലെ നിഷേധാർത്ഥം വ്യംഗ്യമായിട്ടു് ഉണ്ടാകുന്നതാണ്.

ആഗമപ്രകാരം നോക്കുമ്പോൾ മറ്റു ദ്രാവിഡങ്ങളുടെയും മട്ടിതുതന്നെ. ആ പ്രത്യയം ചേർത്തു നിഷേധകപ്രകൃതിയുണ്ടാക്കുകതന്നെയാണ് എല്ലാ ദ്രാവിഡങ്ങളും ആദികാലത്തു ചെയ്തുകൊണ്ടിരുന്നത്; ഇൽ അൽകളുടെ അനുപ്രയോഗം പിന്നീടുണ്ടായതാണ്. കാലഭേദം

[3] "വേണ്ടാ" എന്ന നിഷേതാർത്ഥകരൂപവും ചുരുങ്ങി ഇന്ന് "വേണ്ട" എന്നായിട്ടുണ്ട്. വാക്യാവസാനത്തിൽ ആ നിഷേധക്രിയ വരുമ്പോൾ "വേണ്ട" എന്നു മാത്രം എഴുതിയാൽ മതി. അല്ല ഇല്ലകളും നാം അങ്ങനെ ഹ്രസ്വസ്വരത്തോടുകൂടിയേ എഴുതാറുള്ളല്ലോ. കേരലപാണിനീയത്തിന്റെ പഴയ പതിപ്പുകളിൽ "വേണ്ട" എന്നു മാത്രമായിരുന്നതു് ഇതിനു മുൻപിലത്തെ പതിപ്പിൽ പലേടത്തും "വേണ്ടാ" എന്നു മാറ്റിയിട്ടുണ്ട്. ആ മാറ്റം വേണ്ട. ഗ്രണ്ടർട്ടു പോലും വേണ്ടാ, വേണ്ട എന്നു രണ്ടു രൂപങ്ങളും മറവിനയായി കൊടുക്കുന്നുണ്ട്. കേരളപാണിനിതന്നെ ഈ പ്രകരണത്തിൽ "ന കര്യാത്" എന്ന സംസ്കൃതത്തിനു സമാനാർത്ഥകമായ മലയാളപദം "ചെയ്യേണ്ട" എന്നു കൊടുത്തിട്ടുള്ളതും ശ്രദ്ധിക്കുക. "അൽ" എന്നതിനോടു് "അ" എന്ന ബഹുവചനപ്രത്യയം ചേർന്ന് ഉണ്ടായതാണ് "അല്ല" എന്നു കാൽഡ്വൽ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex / Line: 61

മലയാളത്തിൽമാത്രമേ സ്ഫുടമായിട്ടുള്ളു; തമിഴ്, കർണ്ണാടകം, തെലുങ്ക് മൂന്നും പ്രായേണ ശീലഭാവിയെത്തന്നെ മൂന്നുകാലത്തിലും ഭേദം കൂടാതെ ഉപയോഗിക്കുന്നു. പുരുഷഭേദവും ശീലഭാവിയിൽ മാത്രമേ കാണുന്നുള്ളു.

ശീലഭാവി (സാർവ്വലൗകികം)

	തമിഴ്	മലയാളം			തെലുങ്ക്	കർണ്ണാടകം
		പ്രാചീനം	മദ്ധ്യം	ആധുനികം		
ഏകവചനം						
പ്ര. പു. പും.	ചെയ്യാൻ	ചെയ്യാൻ	ചെയ്യാൻ	ചെയ്യില്ല	ചേയണ്ടു	കെയ്യും
പ്ര. പു. സ്ത്രീ.	ചെയ്യാൾ	ചെയ്യാൾ	ചെയ്യാൾ	ചെയ്യില്ല	ചേയദു	കെയ്യൾ
പ്ര. പു. നപും.	ചെയ്യാതു ചെയ്യാ	ചെയ്യാതു ചെയ്യാ	ചെയ്യാതു ചെയ്യാ	ചെയ്യാത്തു ചെയ്യാ	ചേയദു	കെയ്യതു
മ. പു.	ചെയ്യായ്	—	—	ചെയ്യാ	ചേയവു	കെയ്യയ്
ഉ. പു.	ചെയ്യേൻ	ചെയ്യേൻ	ചെയ്യാ	ചെയ്യില്ല	ചേയനു	കെയ്യും
ബഹുവചനം						
പ്ര. പു. പും. പ്ര. പു. സ്ത്രീ.	ചെയ്യാർ	ചെയ്യാർ	ചെയ്യാ	ചെയ്യില്ല	ചേയരു	കെയ്യർ
പ്ര. പു. നപും.	ചെയ്യാവന	ചെയ്യാ	ചെയ്യാ	ചെയ്യില്ല	ചേയരു	കെയ്യ
മ. പു.	ചെയ്യീർ	ചെയ്യാ	ചെയ്യാ	ചെയ്യില്ല	ചേയരു	കെയ്യിർ
ഉ. പു.	ചെയ്യോം	ചെയ്യാ	ചെയ്യാ	ചെയ്യില്ല	ചേയമു	കെയ്യിവ
ഭൂതകാലം						
പ്ര. പു. പും. പ്ര. പു. സ്ത്രീ.	ചെയ്തിലാൻ ചെയ്തിലാൾ	ചെയ്യാഞ്ഞാൻ ചെയ്യാഞ്ഞാൾ	ചെയ്യാഞ്ഞു	ചെയ്യാഞ്ഞു ചെയ്തില്ല	—	—
മ. പു.	ചെയ്തിലായ്	ചെയ്യാഞ്ഞായ്	– do –	– do –	—	—
ഉ. പു.	ചെയ്തിലേൻ ചെയ്‌വേനിലേൻ	ചെയ്യാഞ്ഞേൻ	– do –	– do –	—	—
വർത്തമാനകാലം						
പ്ര. പു. പും. പ്ര. പു. സ്ത്രീ.	ചെയ്തിന്റിലാൻ ചെയ്തിലാൾ	ചെയ്യായുന്നാൻ ചെയ്യായുന്നാൾ	ചെയ്യായുന്നു	ചെയ്യുന്നില്ല	—	—
മ. പു.	ചെയ്തിന്റിലായ്	ചെയ്യായുന്നായ്	– do –	– do –	—	—
ഉ. പു.	ചെയ്തിന്റിലേൻ	ചെയ്യായുന്നേൻ	– do –	– do –	—	—
അവധാരകഭാവി						
ഉ. പു.	ചെയ്യലേൻ	ചെയ്യായു	ചെയ്യായു	—	—	—
നിയോജകബഹുവചനം						
മ. പു.	ചെയ്യായ്‌വിൻ	ചെയ്യായ്‌വിൻ	ചെയ്യായ്‌വിൻ	ചേയകണ്ടു	—	

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 120

ശീലഭാവി (സാർവ്വലൗകികം) (തുടർച്ച)

	തമിഴ്	മലയാളം			തെലുങ്ക്	കർണ്ണാടകം
		പ്രാചീനം	മദ്ധ്യം	ആധുനികം		
		വിനയെച്ചം				
മുൻ.	ചെയ്യാ ചെയ്യാമൽ	ചെയ്യാ	ചെയ്യാതു	ചെയ്യാതെ ചെയ്യാഞ്ഞു്	ചേയക	കെയ്യതേ
പിൻ.	—	—	—	ചെയ്യായ്വാൻ	—	—
നടു.	ചെയ്യാർക	ചെയ്യായ്ക	ചെയ്യായ്ക	ചെയ്യായ്ക	ചേയക	—
		പേരെച്ചം				
ഭൂത.	ചെയ്യാ ചെയ്യാതെ	ചെയ്യാ	ചെയ്യാ	ചെയ്യാ	—	—
ഭാവി.	—	ചെയ്യാ ചെയ്യാ	ചെയ്യാഞ്ഞ ചെയ്യാത	ചെയ്യാഞ്ഞ ചെയ്യാത	ചേയനീ	കെയ്യത
വർത്ത.	—	ചെയ്യാ	ചെയ്യാത	ചെയ്യാത്ത	—	—

മേൽക്കാണിച്ച പട്ടികയിൽ ഒന്നാമതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു തമിഴിൽ പുരുഷഭേദമുള്ള ശീലഭാവിരൂപങ്ങളാകുന്നു. അതിലൊന്നിലും ആ പ്രത്യയം കാണുന്നില്ല. മധ്യേ ഒരു പ്രത്യയവും ചേർക്കാതെ പുരുഷചിഹ്നങ്ങളെ നേരെ ധാതുവിൽത്തന്നെ തൊടുത്തിരിക്കുന്നു. അപ്പോൾ അതുകളിൽ നിഷേധം കുറിക്കുന്നതിനു ചിഹ്നമൊന്നുമില്ലയോ? ഒരടയാളവും ഇല്ലാതിരിക്കുന്നതുതന്നെ നിഷേധത്തിന് ഒരടയാളം എന്നായിരിക്കുമോ തമിഴരുടെ യുക്തി? ചെയ്യേൻ, ചെയ്യേൻ, ചെയ്യിറേൻ എന്നു വിധി രൂപത്തിൽ ഓരോ കാലത്തെയും കുറിക്കുന്നതിൽ വേറെ വേറെ പ്രത്യയമുള്ള സ്ഥിതിക്ക് ഒരു പ്രത്യയവും ചെയ്യാതിരുന്നാൽ അതു നിഷേധാർത്ഥം കാണിക്കാനുള്ള മാർഗ്ഗമാകണമല്ലോ. നിർദ്ദേശികാവിഭക്തി, നിയോജകമധ്യമപുരുഷൻ, ഏകവചനം ഇതുകൾക്കു വാചകമായിട്ടു രൂപവികാരമൊന്നും വേണ്ടെന്നേർപ്പാടു ചെയ്തു ദ്രാവിഡഭാഷകളുടെ വ്യാകരണരീതി നോക്കുമ്പോൾ ഈവിധം സംഭവിക്കാവുന്നതുമാണ്. എന്നാൽ പുരുഷഭേദം ഉപേക്ഷിക്കുമ്പോൾ ആ പ്രത്യയം ചേർക്കുന്നതെന്തിന്? — എന്നൊരു യുക്തിഭംഗം ഇവിടെ വരുന്നുണ്ട്. അതിനാൽ പുരുഷപ്രത്യയം ചേർന്ന ചെയ്യേൻ, ചെയ്യായ് ഇത്യാദികളിലും ആ — യുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതിനാണ് ന്യായം. അങ്ങനെതന്നെ റവറന്റ് കാൽഡ്വെല്ലും അഭിപ്രായപ്പെടുന്നു. ഏൻ, ആയ്, ആൻ മുതലായ പുരുഷപ്രത്യയങ്ങളിലെ ആദ്യസ്വരങ്ങൾ വിധിരൂപങ്ങളിലെല്ലാം ദീർഘമായും ഹ്രസ്വമായും നില്ക്കാമെന്നിരിക്കെ നിഷേധരൂപങ്ങളിൽ സർവ്വത്ര ദീർഘമായിട്ടു മാത്രമേ കാണുന്നുള്ളു. അതുകൊണ്ട് നിഷേധപ്രത്യയമായ ആ ഈ പുരുഷപ്രത്യയങ്ങളുടെ ആദ്യസ്വരങ്ങളിൽ ലയിച്ച് അതുകളെ ദീർഘീകരിച്ചതായിരിക്കണം എന്നുള്ള കാൽഡ്വെല്ലിന്റെ യുക്തി ഹൃദയംഗമമായിരിക്കുന്നു.

പ്രാചീനം, മദ്ധ്യം, ആധുനികം എന്നു മലയാളത്തിനു കാണിച്ചതുപോലെ കാലക്രമത്തിൽ ഏർപ്പെട്ടിട്ടുള്ള ഭേദങ്ങൾ മറ്റു ദ്രാവിഡങ്ങളെയും ബാധിച്ചിട്ടുണ്ട്. അതുകളെ മലയാളവ്യാകരണത്തിൽ വിസ്തരിച്ചിട്ടാവശ്യമില്ലെന്നുപേക്ഷിച്ചതാണ്. ആ ഭാഷകളിലും മലയാളത്തി

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 69

ലെപ്പോലെ ക്രമേണ അനുപ്രയോഗത്തിനു പ്രാധാന്യം വന്നുചേർന്നിട്ടുണ്ട്. അതിനാലാണ് നിഷേധത്തെ അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ചേർക്കാമെന്നു ചിലേടത്തു പ്രസ്താവിച്ചിട്ടുള്ളത്. വസ്തുസ്ഥിതി നോക്കുന്നതായാൽ പ്രകൃതി എന്ന ഇനത്തിലാണ് നിഷേധം ഉൾപ്പെടേണ്ടത്. ഇ എന്ന പ്രത്യയം ചേർത്താൽ പ്രയോജകപ്രകൃതിയുണ്ടാകുമ്പോലെ ആ എന്നു പ്രത്യയം ചേർത്താൽ നിഷേധപ്രകൃതിയുണ്ടാകുന്നു. കേവലപ്രകൃതിയിൽനിന്ന് ഏതെല്ലാം അർത്ഥവിശേഷം കുറിക്കുന്നതിനു പ്രത്യയങ്ങൾ ചേരുമോ അതെല്ലാം പ്രയോജകപ്രകൃതിയിൽ നിഷേധപ്രകൃതിയിൽനിന്നും ഒന്നുപോലെ ചേരുന്നുണ്ട്. പഴയ സ്ഥിതി നോക്കുമ്പോൾ പ്രകൃതി എന്ന ഇനത്തിലും ഇപ്പോഴത്തെ സ്ഥിതി നോക്കുമ്പോൾ അനുപ്രയോഗത്തിലും നിഷേധത്തെ ഉൾപ്പെടുത്തേണ്ടിവന്നതിൽ രണ്ടും ഉപേക്ഷിച്ച മാർഗ്ഗഭേദം എന്നൊരു പുതിയ ഉപാധിയെ കല്പിക്കേണ്ടിവന്നു.

ഇനി നിഷേധമാർഗ്ഗത്തിലെ രൂപസിദ്ധികളെ സംഗ്രഹിക്കുന്നതിനു സൂത്രങ്ങളെ അവതരിപ്പിക്കാം;

72

135. ആ നിഷേധ പ്രത്യയമാം;
ശീലഭാവിക്കതേ മതി;
വരാം ഭൂതമതിന്മീതേ;
വർത്തമാനം വിലുപ്തമായ്.

ധാതുവിൽ ആ എന്നു പ്രത്യയം ചേർത്താൽ അതു നിഷേധാർത്ഥം കുറിക്കുന്ന പ്രത്യയമായിത്തീരും. പിന്നീട് ഈ പ്രകൃതിയിൽനിന്നു മുറയ്ക്കു കാലപ്രത്യയങ്ങൾ ചേർക്കാം, എന്നാൽ ഉം പ്രത്യയം കൂടാതെതന്നെ ശീലഭാവിരൂപം പ്രയോഗിക്കാം; "ചെയ്യായും" എന്നതിനു പകരം "ചെയ്യാ" എന്നുതന്നെ രൂപംചെയ്താൽ മതി. ഭൂതത്തിൽ ആരാഞ്ഞു എന്ന് ആകാരാന്തധാതുവിന്റെ മുറയ്ക്ക് ചെയ്യാഞ്ഞു എന്നു രൂപം. ചെയ്യായുന്നു എന്നു വർത്തമാനരൂപം ഉന്നു എന്നു മാറുന്നതിനു മുമ്പുതന്നെ ഈ പ്രചാരലോപം സംഭവിച്ചിരിക്കയാൽ". ചെയ്യായുന്നു" എന്ന് ആധുനിക സമ്പ്രദായപ്രകാരമുള്ള രൂപം വളരെ അപൂർവ്വമായിട്ടേ മലയാളസാഹിത്യത്തിൽ കാണുകയുള്ളു. ഇക്കാലത്താകട്ടെ ആ ചേർന്ന രൂപം എല്ലാംതന്നെ സംഭാഷണത്തിൽ അധികം നടപ്പില്ല; അനുപ്രയോഗം കൊണ്ടാണ് നിഷേധം കുറിക്കുക പതിവ്.

79

136. ഇല്ലയല്ലകൾ ചേർന്നിട്ടു-
മുണ്ടാം കാലനിഷേധനം

വിധിരൂപത്തിൽ ഇല്ല എന്നോ അല്ല എന്നോ അനുപ്രയോഗിച്ചാലും അതു നിഷേധരൂപമാകും; കാലങ്ങളെ നിഷേധിക്കുന്നതിൽ ഈ സമ്പ്രദായമാണ് ഇപ്പോൾ നടപ്പ്. ഉദാ:

87

ചെയ്യുന്നു, ചെയ്യുന്നില്ല, ചെയ്തു, ചെയ്തില്ല, ചെയ്യും, ചെയ്യുവില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 89

137. ഭാവിയിൽ പ്രാക്പ്രയോഗത്തി-
ലെച്ചമോ ധാതുവോ വരാം.

ഭൂതത്തിലും വർത്തമാനത്തിലും വിധിരൂപമാണല്ലോ പ്രാക്പ്രയോഗം; അതുപോലെ ഭാവിയിലും ഭാവിയിലേ വിധിരൂപം ഉപയോഗിക്കാറുള്ളതിനു പുറമേ നടുവിനയെച്ചരൂപമോ കേവലധാതുതന്നെയോ ആയാലും മതിയാകും. ഉദാ:

ചെയ്യുവില്ല, ചെയ്കയില്ല, ചെയ്യില്ല.

അല്ല — ഇല്ലകൾക്ക് അർത്ഥം ഒന്നാണെങ്കിലും പ്രയോഗഭേദമുണ്ട്: അല്ല നാമത്തോടേ ചേരൂ; അതു് "ആകുന്നില്ല" എന്നതിനു തുല്യമാകുന്നു. ക്രിയയിൽ അന്വയിക്കാത്തതിനാൽ അതിനു കാലഭേദമൊന്നും വരാനില്ല. ഇല്ല ക്രിയയോടെ ചേരൂ; അതു് "ഉണ്ടാകുന്നില്ല" എന്നതിനു തുല്യമാകുന്നു; ക്രിയാന്വയമുള്ളതിനാൽ അതിനു കാലഭേദം കാണും. താർക്കികന്മാരുടെ സങ്കേതഭാഷയിൽ അല്ല അന്യോന്യായഭാവത്തെയും, ഇല്ല അത്യന്താഭാവത്തേയും കുറിക്കുന്നു എന്നു പറയാം. ഉദാഹരണം: 95

ആനയ്ക്കു കൊമ്പുണ്ട്, കുതിരയ്ക്കു കൊമ്പില്ല, മുല്ല ഒരു വള്ളിയാണ്, വൃക്ഷമല്ല,
ചെയ്യുന്നില്ല, ചെയ്തില്ല, ചെയ്യുവില്ല, ചെയ്യുന്നതല്ല, ചെയ്തതല്ല, ചെയ്‌വതല്ല.

ഇല്ല–യെ കവികൾ "ഈല" ആക്കാറുണ്ട്. ഉദാ: 100

തിരിയുന്നീല തതസ്തു മാനസം മേ — ശാകു.

ഇല്ല–അല്ലകൾ നിഷേധാർത്ഥകധാതുക്കൾതന്നെ ആകയാൽ അതുകളെത്തന്നെ "ഉണ്ടാകുന്നില്ല", "ആകുന്നില്ല" എന്നതുകൾക്കു പകരം സ്വതന്ത്രമായി പ്രയോഗിക്കാം.

പ്രകാരങ്ങൾ അനുപ്രയോഗം കൊണ്ടുണ്ടാകുന്നവയാകയാൽ അനുപ്രയോഗ ധാതുവിന്റെ നിഷേധരൂപംതന്നെ ഉപയോഗിക്കുന്നതിനാണ് ന്യായം; വിധായകത്തിൽ അതിൻപ്രകാരംതന്നെ നടപ്പും. നിയോജകാനുജ്ഞായകങ്ങളിൽ അനുപ്രയോഗധാതുക്കളെല്ലുടെ മാറ്റാറുണ്ട്. ഇതിൽ അനുജ്ഞായകത്തിൽ അനുപ്രയോഗമായ ആവുക ധാതുവിന്റെ "ആകാ" എന്ന നിഷേധരൂപം ഒരു വിധം യോജിക്കായ്കയില്ല; നിയോജകത്തിന്റെ അനുപ്രയോഗം വളരെ വികൃതമായിപ്പോയതിനാൽ ഒട്ടുംതന്നെ യോജിക്കയില്ല. 107

138. വിധായകത്തിൽ വേണിന്റെ
ശീലഭാവി ശരിപ്പെടും;[4]
നിയോഗാനുജ്ഞകൾക്കില്ല
ശരിയായ നിഷേധകം.
വയ്യാ കൂടാ അരുതൊലാ
ഇതിലൊന്നു യഥോചിതം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 116

നിയോജകാനുജ്ഞായകങ്ങളിൽ സ്വന്തമായ അനുപ്രയോഗം യോജിക്കായ്കയാൽ വയ്യാ, കൂടാ, അരുതു, ഒലാ എന്ന നാലു നിഷേധരൂപങ്ങളിൽ ഒന്ന് ഉചിതംപോലെ ഉപയോഗിച്ചുവരുന്നു. 116

(വയ്യാ + വഹിയാ + ശരിയല്ല.[5] അരുതു + ശ്രമസാധ്യം + അകാര്യം. കൂടാ + കൂടുക (സാധിക്ക) ഇല്ല,[6] ഒലാ + വല്ലാ + അശക്യം, അനുചിതം.)

ഉദാഹരണം:

	വിധി	നിഷേധം
നിയോ:	ചെയ്യട്ടെ + ചെയ്യുകൂടാ	ചെയ്യൊലാ, ചെയ്യാതിരിക്കട്ടെ.
അനു:	ചെയ്യാം + ചെയ്യവയ്യാ,	ചെയ്യരുത്.

ചെയ്യാതിരിക്കട്ടെ എന്നു വളച്ചുകെട്ടിയ രൂപമാണ് നിയോജകത്തിലധികം നടപ്പ്. ചെയ്യേണ്ട എന്നു വിധായകനിഷേധകവും ചിലപ്പോൾ ഉപയോഗിക്കാറുണ്ട്. 129

139. ശീലാർത്ഥക്ലീബരൂപത്താൽ പേരെച്ചം വിനയെച്ചവും.

"ചെയ്യാ" എന്ന[7] ശീലാഭാവിയിൽ തു എന്ന നപുംസകപ്രത്യയം ചേർത്തുണ്ടാകുന്ന രൂപത്തിൽ മുറയ്ക്കുള്ള അ ചേർത്താൽ പേരെച്ചമുണ്ടാകും; ഏ എന്ന നിപാതയോഗത്തിൽ വിനയെച്ചവുമായി. ചെയ്യാതു ചെയ്യ ത എന്നു പേരെച്ചം; ചെയ്യാതെ[8] എന്നു വിനയെച്ചം. ക്ലീബരൂപത്തിൽ നിന്നുണ്ടാകുന്ന എന്നുള്ളതുമാത്രമാണ് ഇതിൽ വ്യത്യസ്തം. ശീലഭാവിതനെ പേരെച്ചത്തിൽ വർത്തമാനകാലത്തിനും ഉപയോഗിക്കുന്നു; ചെയ്യായുന്ന എന്നു മുറയ്ക്കു വരേണ്ടുന്ന രൂപം ഉപയോഗിക്കാറില്ല. തകാരം ഇരട്ടിച്ച് ആത ആത്ത ആയിട്ടുണ്ടെന്നുമാത്രം

---

4 ഒരു ക്രിയയുടെ നിഷേധമാർഗ്ഗത്തിലുള്ള വിധായകപ്രകാരം ഉണ്ടാക്കണമെങ്കിൽ, "വേൺ" എന്ന ധാതുവിന്റെ നിഷേധശീലഭാവിരൂപമായ "വേണ്ടാ" (= വേണ്ട = ഏണ്ട) എന്നത് ആ ക്രിയയുടെ നടുവിനയെച്ചത്തോടോ ധാതുവിനോടോ ചേർത്തുകൊള്ളണം. — എന്നർത്ഥം. ഉദാ: പറകവേണ്ട, ചെയ്യേണ്ട. "ഖിലധാതുക്കളിൽ ഒന്നായ വേണിന്റെ രൂപങ്ങൾ ചേർന്നുണ്ടാകുന്ന വിധായകപ്രകാരത്തിന് ആ ധാതുവിന്റെതന്നെ നിഷേധരൂപമായ "വേണ്ടാ" (= ഏണ്ട) നേരേ ഒരു നിഷേധരൂപം ഉളവാക്കുന്നതു മുമ്പിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്"— കേരളപാണിനീയം, 107 M. E.

5 "" മേലാ" എന്ന "വഹിയാ" പോലെ ഒരു ഗ്രാമ്യമായ നിപാതമുണ്ട്. ഉദാ: എനിക്ക് മേലാ."— കേരളപാണിനീയം 1071 M. E.

6 "കൂടാ" എന്ന അനുപ്രത്യയത്തിന് "അകാർയ്യം" എന്നും ഇന്ന് അർത്ഥമുണ്ട്. "തമ്മിൽ തമ്മിൽ ബാന്ധവിച്ചുകൂടാ" എന്ന് ഈ ഗ്രന്ഥത്തിലെ അനുപ്രയോഗപ്രകരണത്തിൽ ഉദാഹരണമുണ്ട്.

7 135-ആം കാരിക നോക്കുക.

8 തൊട്ടുമുകളിൽ "ഏ" എന്ന നിപാതം നിർദ്ദേശിച്ചിരിക്കുകയാൽ, ചെയ്യാതേ, ചെയ്യാതെ എന്നു രണ്ടു രൂപവുമാകാം എന്നു സിദ്ധിക്കുന്നു. കാൽഡ്വെലിന്റെയും ഗുണ്ടർട്ടിന്റെയും മതത്തിൽ "ഏ" എന്ന നിപാതമാണ് നിഷേധവിനയെച്ചത്തിന്റെ അന്ത്യം. എങ്കിലും, പ്രത്യേകദാർഢ്യം വിവക്ഷിക്കാത്തിടത്ത് ഇന്നത്തെ മലയാളത്തിൽ "ആതെ" എന്നു മതി. 6-ആം കാരികയും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-25.tex/Line: 134

വിശേഷം. വിനയെച്ചത്തിൽ ഭൂതത്തിനു "ചെയ്യാഞ്ഞ്" എന്നു മുറയ്ക്കുള്ള രൂപമുണ്ടെങ്കിലും "ആതെ" എന്ന ശീലഭാവിതന്നെ ഭൂതത്തിനും ഉതകും. "അറിഞ്ഞും അറിയാതെയും" ഇത്യാദ്യുദാഹരണഹങ്ങൾ നോക്കുക. 134

140. ശേഷമാകാരാന്തമായ
ധാതുവിൽ രൂപമാലതാൻ.

വ്യത്യസ്തങ്ങളെ എടുത്തു പറഞ്ഞല്ലോ. അതുകൾ ഒഴിച്ചുള്ള രൂപമെല്ലാം നിഷേധക പ്രകൃതിയിൽ ആ ചേർന്ന് ധാതു ആകാരന്തമാകുന്നതിനാൽ കേവലപ്രകൃതിയിൽ ആകാരാന്തത്തിനുള്ള രൂപങ്ങൾതന്നെ. അതിനാൽ പിൻവിനയെച്ചം "ചെയ്യായ്വാൻ; നടുവിനയെച്ചം "ചെയ്യായ്ക"; നിയോജകബഹുവചനം "ചെയ്യായ്വിൻ; ഭൂതപേരെച്ചം "ചെയ്യാത്ത" എന്നും മറ്റും രൂപസിദ്ധി.

ഇവിടെ വിവരിച്ചപ്രകാരം മലയാളത്തിൽ നിഷേധവാക്യം നിർമ്മിക്കുന്നതിനു രണ്ടു മാർഗ്ഗങ്ങളുണ്ട്. "അല്ല — ഇല്ല" നിർദ്ദേശകത്തിന്; "ഒലാ — അരുത്" നിയോജകവിധായങ്ങൾക്ക്, "വഹിയാ" അനുജ്ഞായകത്തിന് എന്ന് അനുപ്രയോഗങ്ങളെക്കൊണ്ടുണ്ടാവുന്നതു് ഒന്നാമത്. ആ എന്നു പ്രത്യയം ചേർത്താലുളവാകുന്നതു് രണ്ടാമത്. ഇവ തമ്മിൽ അർത്ഥത്തിൽ ചിലെടത്തു ഭേദം തോന്നുന്നുണ്ട്.

എങ്ങനെ: 142

രാമൻ വന്നു — വന്നില്ല. വരാഞ്ഞു.
രാമൻ വന്നിരുന്നു — വന്നിരുന്നില്ല, വരാതെയിരുന്നു.

ഇവയിൽ വരാഞ്ഞു–വും വരാതെയിരുന്നു–വും സൂക്ഷ്മത്തിൽ പര്യായങ്ങളാകുന്നു.

അനേകധാതുകങ്ങളായ ആഖ്യാതങ്ങളെ നിഷേധിക്കുമ്പോൾ പ്രാക്പ്രയോഗത്തിനോ അനുപ്രയോഗത്തിനോ ഇച്ഛപോലെ നിഷേധം ചേർക്കാവുന്നതിനാലും നിഷേധിപ്പാൻതന്നെ രണ്ടുവഴിയുള്ളതിലും ആ വകസ്ഥലങ്ങളിൽ ഒന്നിലധികം നിഷേധരൂപം ഉത്ഭവിപ്പാൻ ഇടയുണ്ട്. ഈമാതിരി ഒരവസരം വന്നാൽ പ്രാക്പ്രയോഗത്തിൽ ആ — യെ ചേർക്കു, അനുപ്രയോഗത്തിൽ ഇല്ല മുതലായ അനുപ്രയോഗങ്ങളെ ചേർക്കു എന്നാണ് കീഴ്നടപ്പിൻപടി ഏർപ്പെട്ടിട്ടുള്ള പതിവ്. നിഷേധം ചേരുന്നതിനു തക്കതായി അർത്ഥവും സ്വല്പം ഭേദിക്കും. ഉദാഹരണം:

വിധി	നിഷേധം
കാര്യം നടന്നുപോയി	ക്രാര്യം നടക്കാതെ പോയി കാര്യം നടന്നുപോയില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-26.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

10

സമുച്ചയം

സമുച്ചയമെന്നാൽ സജാതീയങ്ങളുടെ (ഒരേവകയെണ്ണങ്ങളുടെ) ഏകത്രസമാവേശം (ഒരേ ഇടത്തു കൂട്ടംകൂടൽ) ആകുന്നു. സംസ്കൃതാദ്യാര്യഭാഷകളിൽ സമുച്ചയത്തെപ്പറ്റി വൈയാകരണന് ഒരു വിശേഷവും ചൂണ്ടിക്കാണിക്കേണ്ടതില്ല. ഭാഷയിൽ ക്രിയാസമുച്ചയത്തിൽ മാത്രം ഭേദമുണ്ട്.

സംസ്കൃതം — രാമോ ദണ്ഡകായാമുവാസ, സമുദ്ര സേതും ബബന്ധ, രാവണാദീൻ ജഘാന ച.

ഭാഷ — രാമൻ ദണ്ഡകയിൽ വസിക്കയും, സമുദ്രത്തിൽ സേതു കെട്ടുകയും രാവണാദികളെ കൊല്ലുകയും ചെയ്തു.

ഇതിൽ സംസ്കൃതം നേരെ കാലാദിവിശിഷ്ടങ്ങളായ ആഖ്യാതങ്ങളെത്തന്നെ സമുച്ചയിക്കുന്നു. ഭാഷയാകട്ടെ ധാതുക്കൾക്കു നടുവിനയെച്ചം കൊടുത്തു കാലാദിവിശേഷണങ്ങളിൽ നിന്നും വേർപെടുത്തി, സമുച്ചയാർത്ഥകമായ "ഉം" എന്ന നിപാതത്തെ പ്രത്യേകം ഓരോന്നിലും ചേർത്ത്, ഒടുവിൽ "ചെയ്യുക" എന്ന സാമാന്യക്രിയയോടു ഘടിപ്പിച്ചു കാലാദിവിശേഷങ്ങളൊക്കെയും അതുകൊണ്ടു കുറിക്കുന്നു. അതിനാൽ ഭാഷയിൽ സമുച്ചയത്തിനും അനുപ്രയോഗം ആവശ്യപ്പെട്ടിരിക്കുന്നു. സമുച്ചയിക്കുമ്പോൾ സമുച്ചയക്രിയകളെ നടുവിനയെച്ചത്തിലുള്ള പ്രാക്പ്രയോഗങ്ങളാക്കിക്കൊണ്ട് ചെയ്യുകയെ അനുപ്രയോഗിക്കണം. ഈ വിഷയത്തിൽ സൂക്ഷ്മമാലോചിച്ചാൽ ഭാഷാരീതിതന്നെയാണ് ലഘുവും യുക്തിക്കു ചേർന്നതും. സ്വത ഏവ അനുപ്രയോഗങ്ങളുള്ളെടത്ത് ഈ ശ്രമം ആവശ്യപ്പെടുന്നില്ല. ഉദാഹരണം:

കണ്ടിട്ടും കേട്ടിട്ടുമില്ല, സ്ഫുടീകരിച്ചുമില്ലിങ്ങുമറച്ചുമില്ലവൾ — ശാകു.

അനുജ്ഞായകവിധായകങ്ങളിൽ ആവുക — വേൺ–കൾ അനുപ്രയോഗങ്ങളാകയാൽ ആ പ്രകാരങ്ങളിൽ സമുച്ചയം ചെയ്‌വാൻ സൗകര്യമുണ്ട്.

കുളിക്കയും ഉണ്ണുകയും വേണം; കുളിക്കയും ഉണ്ണുകയും ആം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 5

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

11

അംഗക്രിയ

"കുതിരയോടി" എന്നു പറയുന്നിടത്ത് "ഓടി" എന്ന ക്രിയ കഴിഞ്ഞതാണെങ്കിലും അതു നടക്കുന്ന മട്ടിലാണ് നമുക്കു ബുദ്ധിയിൽ പെടുന്നത്. "ഓടി" എന്നു കേൾക്കുമ്പോൾ കുതിര വേഗത്തിൽ കാലുകൾ നീട്ടിവച്ചതും ക്രമേണ ദേശം പകർന്നുപകർന്നു മുൻനിന്നിരുന്നിടത്തുനിന്നു ദൂരത്തു ചെന്നുചേർന്നതും എല്ലാം സാധ്യദശയിലാണ് നാം ഗ്രഹിക്കുന്നത്. ഭൂതപ്രത്യയം ചെയ്യുന്ന പ്രവൃത്തി, നാം ചൊല്ലുന്ന സംഗതി മുൻപൊരിക്കൽ നടന്നതാണെന്ന് ഓർമ്മിപ്പിക്കമാത്രമേ ഉള്ളൂ. ഇങ്ങനെയുള്ള ക്രിയയ്ക്കു "സാധ്യക്രിയ" എന്നുപേർ ഇനി "ഞാൻ കുതിരയുടെ ഓട്ടം കണ്ടു" എന്നാണു പറയുന്നതെങ്കിൽ "ഓടുക" ധാതുവിന്റെ രൂപത്തിൽ നിന്നുണ്ടാകുന്ന ബോധത്തിനു വളരെ ഭേദമുണ്ട്. ഇതിലെ ഓടുക ഒരു നടന്ന സംഗതിയാണ്. നാം അതിനെ സിദ്ധവൽക്കരിച്ചുകൊണ്ട് (നടന്നതുതന്നെ എന്ന് ഒപ്പു കൊണ്ടും[1] കൊണ്ട്) അതിനെപ്പറ്റി ഉപരിവിചാരണകൾ ചെയ്‌വാൻ തുടങ്ങുന്നു. ഏവം ച, ഇത്,[2] "കണ്ടു" എന്നു മറ്റൊരു ക്രിയയുടെ കർമ്മമായിത്തീരുന്നു. ഇങ്ങനെയുള്ള ക്രിയ സിദ്ധക്രിയ. ഒരു ക്രിയ സിദ്ധമായിത്തീർന്നാൽ പിന്നെ അതിനെ ക്രിയയെന്നു വിളിക്കുകതന്നെ ശരിയല്ലെന്നു സ്ഥാപിച്ചിട്ടുള്ളതു നോക്കുക. അതിനാൽ സിദ്ധക്രിയ എന്നാൽ ക്രിയയിൽനിന്നു ജനിച്ച നാമമെന്നു വന്നുകൂടുന്നു. സിദ്ധക്രിയയെ കുറിക്കുന്ന രൂപങ്ങൾക്കു "കൃത്തുകൾ" എന്നുപേർ.

സാധ്യക്രിയ "അംഗി" എന്നും "അംഗം" രണ്ടുവിധം. വിശേഷ്യമായും പ്രധാനമായും നില്ക്കുന്നത് അംഗി; വിശേഷണമായും അപ്രധാനമായും നില്ക്കുന്നത് അംഗം. "ബ്രഹ്മാവ് കുംഭകർണ്ണനു വരം കൊടുത്തു: അത് ഉറക്കവുമായിരുന്നു" ഇവിടെ കൊടുത്തു എന്ന ക്രിയ മറ്റൊന്നിന്റെയും വിശേഷണമാകാതെ സ്വയം പ്രധാനമായി നില്ക്കുന്നതിനാൽ ഈ സാധ്യക്രിയ അംഗിതന്നെ. ഇനി "ബ്രഹ്മാവ് കുംഭകർണ്ണനു വരം കൊടുത്ത വരം ഉറക്കമായിരുന്നു" എന്നാണ് വാക്യമെങ്കിൽ ഇതിലെ "കൊടുത്ത" വരത്തിനു വിശേഷണമായിത്തീർന്ന് അപ്രധാനമായി

[1] ഒപ്പു കൊള്ളുക = സമ്മതിക്കുക.

[2] ഇത് = ഓട്ടം എന്ന സിദ്ധക്രിയ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാർക്കു വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 37

നില്ക്കുന്നു. ബ്രഹ്മാവ് കൊടുത്തു വരം" എന്നത് വാസ്തവത്തിൽ ബ്രഹ്മാവ് ഏതിനെ കൊടുത്തു ആ വരം എന്നതിനു സമാനമാകയാൽ "കൊടുക്കുക" ഇവിടെ സാധ്യക്രിയതന്നെ. പക്ഷേ, അത് "വരം" എന്ന നാമത്തിനു കീഴ്പ്പെട്ടുപോയി. ക്രിയയ്ക്കു പൂർത്തിവരുന്നത് അംഗിസാദ്ധ്യ ക്രിയയിലാകയാൽ[3] ആയതിനെകുറിക്കുന്ന ധാതുരൂപത്തിന് "കരോതി" എന്നു സംജ്ഞ ചെയ്തിരിക്കുന്നു; അംഗസാധ്യക്രിയയെ കുറിക്കുന്നവയെ "കൂർവ്വത്തുകൾ" എന്നു വിളിക്കുന്നു. ക്രിയയുടെ വിഭാഗങ്ങളും തദനുസാരേണ ഒരു ക്രിയയെ താഴെ ചേർക്കുന്ന പട്ടികകളിൽ വിവരിച്ചിരിക്കുന്നു.

ക്രിയ

1. സാദ്ധ്യം { 1. അംഗി, 2. അംഗം } 2. സിദ്ധം

ധാതുരൂപം

1. സാദ്ധ്യപരം = ക്രിയാപദം
- 1. ആഖ്യാതം അല്ലെങ്കിൽ കരോതി (മുറ്റുവിന)
  - 1. വർത്തമാനം (നടു മുറ്റുവിന)
  - 2. ഭൂതം (മുൻ മുറ്റുവിന)
  - 3. ഭാവി (പിൻ മുറ്റുവിന)
- 2. ആഖ്യാതകം അല്ലെങ്കിൽ കൂർവ്വത്തു് (പറ്റുവിന)
  - 1. നാമാംഗം (പേരെച്ചം)
    - വർത്തമാനം
    - ഭൂതം
    - ഭാവി
  - 2. ക്രിയാംഗം (വിനയെച്ചം)
    - 1. പൗർവ്വകാലികം (മുൻവിന)
    - 2. അനവച്ഛേദകം (നടുവിന)
    - 3. താദർത്ഥികം

2. സിദ്ധപരം = കൃത്ത്
- 1. കാരകകൃത്ത്
- 2. കൃതികൃത്ത്

ഇതിൽ സാധ്യക്രിയയുടെ അംഗിപക്ഷത്തെ കുറിക്കുന്ന ക്രിയാപദങ്ങളെപ്പറ്റിയായിരുന്നു ഇതേവരെ പ്രസ്താവിച്ചുവന്നത്. ഇനി അതിന്റെ തന്നെ അംഗപക്ഷത്തെ കുറിക്കുന്ന കൂർവ്വ
67 ത്തുകളെ എടുക്കുന്നു. ക്രിയ അംഗമായത് ക്രിയാംഗം അല്ലെങ്കിൽ വിനയെച്ചം.

141. പേരിന്നു കീഴടങ്ങുന്ന
വിന പേരെച്ചമായത്;
വിനയ്ക്കു കീഴടങ്ങുന്ന
വിനതാൻ വിനയെച്ചമാം.

നാം ഇവിടെ "നാമാംഗം" എന്നു പേരിട്ടതിനെ പേരെച്ചമെന്നും, ക്രിയാഗം എന്നുപേരിട്ടതിനെ വിനയെച്ചമെന്നുമാണ് അഗസ്ത്യമുനി വിളിക്കുന്നത്. പാണിനിമഹർഷി ചെയ്തിട്ടുള്ള

[3] അംഗിസാധ്യക്രിയ = അംഗിയായ സാധ്യക്രിയ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 98

സംജ്ഞകളിൽ- "നിഷ്ഠാ, സത്, ക്വസു" കളും "ക്ത്വാ ല്യപ് തുമുന്ന" കളുമാണ്.[4] ഇവയോടു് എതിരായ് വരുന്നതു്. ഗാർത്ത്വെറ്റ സാഹിബ്ബ് നാമാംഗത്തിന് "ശബ്ദന്യൂന" മെന്നും ക്രിയാംഗത്തിന് "ക്രിയാന്യൂനം" എന്നും പേർ ഏർപ്പെടുത്തിയിരിക്കുന്നു.[5] നന്നൂൽപേരുകളുടെ ഒരു വക തർജ്ജമ എങ്കിലും സായ്പവർകളുടെ സംജ്ഞകൾ അത്ര ചേർച്ചയുള്ളവയല്ലെന്നു തോന്നുകയാൽ അവയ്ക്ക് പുതിയ പേരുകൾ സൃഷ്ടിക്കേണ്ടിവന്നു. ദ്രാവിഡവംശത്തിൽ ജനിച്ചിരിക്കുന്ന മലയാളത്തിന്റെ വ്യാകരണത്തിൽ നന്നൂൽപ്രകാരമുള്ള സംജ്ഞകളെയും പരിഭാഷകളെയുമാണ് കഴിയുന്നിടത്തോളവും ഉപയോഗിക്കേണ്ടതെന്നതു് നിർവ്വിവാദം തന്നെ; എന്നാൽ മണിപ്രവാളകവിത നടപ്പായ നാൾമുതൽ മലയാളികൾക്കു തമിഴിന്റെ നേരെ കഠിനമായ ഒരു വെറുപ്പും സംസ്കൃതത്തിൽ അകാരണമായ പക്ഷപാതവും ഉളവായി നാൾക്കുനാൾ വർദ്ധിച്ചു വന്നിരിക്കുന്നതിനാൽ ഈ ഘട്ടത്തിൽ തമിഴ്പദങ്ങളെ ധാരാളമായി ഉപയോഗിപ്പാൻ പുറപ്പെട്ടാൽ മിക്കപേർക്കും അസ്വരസത്തിനിടവരും. "അടിക്കുന്ന വഴിയേ പോകാഞ്ഞാൽ പോകുന്ന വഴി അടിച്ചു കൊള്ളുക" എന്ന സമാധാനത്തിൻപേരിൽ വ്യാകരണത്തിനാവശ്യപ്പെട്ട ശാസ്ത്രീയശബ്ദങ്ങളെ നിർമ്മിക്കുന്നതിൽ ഇതേവരെ സംസ്കൃതത്തെത്തന്നെ ഏകശരണമാക്കിവച്ചും കൊണ്ടു വന്നു എങ്കിലും, വിനയെച്ചങ്ങളും പേരെച്ചങ്ങളും ദ്രാവിഡത്തിലെ വിലക്ഷണരൂപങ്ങളാകയാൽ ആ വസ്തുതയെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഈ തമിഴ്പേരുകളെത്തന്നെയാണ് അധികം ഉപയോഗിച്ചിരിക്കുന്നതു്. അത്രമാത്രവുമല്ല, നടുവിനയെച്ചം, മുൻവിനയെച്ചം, പിൻവിനയെച്ചം എന്നുള്ള വിനയെച്ചങ്ങളുടെ ഹൃദയംഗമമായ വിഭാഗത്തെ ഉപേക്ഷിച്ചിട്ടു് അനവച്ഛേദകം പൗർവ്വകാലികം, താദർത്ഥികം എന്നു് യാഥാക്രമം പുതുതായി പേരുകൾ സൃഷ്ടിക്കുന്നതു കേവലം പണ്ഡിതമാനിതയുടെ വിലാസംതന്നെ എന്നുകൂടി മഹത്തുക്കൾക്കു തോന്നിയേക്കും.

കുർവ്വത്തുകളുടെ വൈലക്ഷ്യമാകട്ടെ, "അ" എന്ന സർവ്വനാമത്തെ പ്രത്യയംപോലെ ചേർത്താൽ എല്ലാ ക്രിയാപദങ്ങളും പേരെച്ചങ്ങളായിത്തീർന്നു് നാമങ്ങളെ വിശേഷിപ്പിക്കുന്നു എന്നുള്ളതാണ്. എങ്ങനെ എന്നാൽ,

ക്രിയാപദം—	പേരെച്ചം—	വകഭേദം—	
കാണുന്നു	കാണുന്ന	വർത്തമാനം	നിർദ്ദേശകം
കണ്ടു	കണ്ട	ഭൂതം	
കാണും	കാണുമ, കാണും	ഭാവി	
കാണാം	കാണാമ	ഭാവി	അനുജ്ഞായകം
കാണാവുന്നു	കാണാം	വർത്തമാനം	
കാണായി	കാണായ	ഭൂതം	

[4] വിദ്വാൻ, വിദൂഷീ മുതലായവയിലെ വസ്തുപ്രത്യയത്തിനു "ക്വസ" എന്നും ശ്രുതം കൃതവാൻ മുതലായവയിലെ ത, തവത് എന്ന പ്രത്യങ്ങൾക്കു നാഷ്ഠ എന്നും പേരുകൾ ഭൂത്വാ, ഗത്വാ എന്നിവ ക്ത്വാന്തങ്ങളും അനുഭൂയ, ഉപനീയ എന്നിവ ല്യബന്തങ്ങളും ഗന്തും, ശ്രോതും എന്നിവ തുമുന്നന്തങ്ങളുമാണ്.

[5] ശബ്ദന്യൂനം, ക്രിയാന്യൂനം എന്ന പേരുകൾതന്നെയാണ് ശേഷഗിരിപ്രഭുവും സ്വീകരിച്ചിട്ടുള്ളതു്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

കാണണം	കാണേണ്ടും	ഭാവി	വിധായകം
കാണേണ്ടുന്ന	കാണേണ്ടുന്ന	വർത്തമാനം	
(കാണേണ്ടി)	കാണേണ്ടിയ	ഭൂതം	

ഇതിന് ഒത്ത സംസ്കൃതം

ക്രിയാപദം—	പേരെച്ചം—	വകഭേദം—	
ഈക്ഷതേ	ഈക്ഷമാണ	വർത്തമാനം	നിർദ്ദേശകം
ഐക്ഷിഷ്ട	ഈക്ഷിതവത്	ഭൂതം	
ഈക്ഷിഷ്യതേ	ഈക്ഷിഷ്യമാണ	ഭാവി	
ഈക്ഷേത	ഈക്ഷിതവ്യ	ത്രൈകാലികം	— വിധായകം.

1. സംസ്കൃതത്തിൽ പേരെച്ചങ്ങളെ വിഭക്തിചേർത്തേ പ്രയോഗിച്ചു കൂട്ടു. ഭാഷയിൽ നാമത്വം വിവക്ഷിക്കുമ്പോഴേ ഇവയിൽ ലിംഗവും വിഭക്തിയും ചേരുന്നുള്ളു.

2. സംസ്കൃതത്തിൽ ഇവയ്ക്കു കർത്താവിലോ കർമ്മത്തിലോ മാത്രമേ പ്രയോഗം വരൂ. ഭാഷയിൽ ഇവയെ എല്ലാക്കാരകങ്ങളിലും ഇച്ഛപോലെ പ്രയോഗിക്കാം. സംസ്കൃതത്തിലെപ്പോലെ പ്രയോഗഭേദത്തിനനുസരിച്ച് രൂപഭേദമില്ലതാനും. എങ്ങനെ:

സംസ്കൃതം	മലയാളം	
ഈക്ഷമാണഃ — കർത്തരിപ്രയോഗം	കടിക്കുന്ന പട്ടി	— കർത്താ
ഈക്ഷ്യമാണഃ — കർമ്മണിപ്രയോഗം	ഉണ്ണുന്ന ചോറ്	— കർമ്മം
	ഞാൻ എഴുതുന്ന പേന	— കരണം
	ഞാൻ വഴിചോദിച്ച പയ്യൻ	— സാക്ഷി
	ഞാൻ കടം കൊടുത്ത പുള്ളി	— സ്വാമി
	നാം ഇരിക്കുന്ന വീട്	— അധികരണം
	നെയ്യ് എടുത്ത തയിർ	— അപാദാനം

3. ഭാഷയിൽ പേരെച്ചം ഒരു വിശേഷണവാക്യത്തിന്റെ ക്രിയാപദം തന്നെയാണ്; സംസ്കൃതത്തിൽ ഇതൊരു ധാതുജമായ നാമവിശേഷണമെന്നേ ഉള്ളു. എങ്ങനെ:

ഭാഷ — വൈശമ്പായനൻ ജനമേജയനോടു പറഞ്ഞ കഥ.

സംസ്കൃതം — വൈശമ്പായനേന ജനമേജയായ പ്രാക്താ കഥാ.

ഭാഷ — നിന്നെ { കാണുന്നതു / കണ്ടതു / കാണുവതു } കൊണ്ടു ഞാൻ സന്തോഷിക്കുന്നു.

സംസ്കൃതം — തവ ദർശനാത് സന്തുഷ്യാമി.

4. ഭാഷയിൽ നടുവിനയെച്ചം ക്രിയാപദംപോലെയും, നാമംപോലെയും, ക്രിയാംഗംപോലെയും നില്ക്കും; സംസ്കൃതത്തിൽ ല്യുഡന്തം ഭാവകൃത്തായ ഒരു നാമം എന്നേ ഉള്ളു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

എങ്ങനെ:

ഭാഷ	സംസ്കൃതം
ആര്യേ! വേഷം ധരിച്ചു കഴിഞ്ഞാൽ ഇങ്ങോട്ടു വരികതന്നെ — ഭാ. ശാ.	ആര്യേ! യദി നേപഥ്യവിധാന–മവസിതം തർഹീതസ്ത്വാവദാഗമ്യതാം. (ക്രിയാപദം)
കള്ളം പറക ശരിയല്ല — (നാമം) കേൾക്കത്തക്ക സംഗതി — (ക്രിയാംഗം അല്ലെങ്കിൽ വിനയെച്ചം)	അസത്യസ്യ ഭാഷണം ന യുക്തം ശ്രാതുമർഹോऽർത്ഥഃ

5. മുൻവിനയെച്ചം സംസ്കൃതത്തിൽ സമാനകർത്തൃകമായിരിക്കണം. ഭാഷയിൽ ആ നിയമമില്ല. എങ്ങനെ:

ഭാഷ	സംസ്കൃതം
ഭാരതം ജനമേജയൻ ചോദിച്ചിട്ട് വൈശമ്പായനൻ അരുളിച്ചെയ്ത കഥയാകുന്നു.	ഭാരതം ജനമേജയേന പൃഷ്ടേന വൈശമ്പായനേന പ്രോക്താ കഥാ ഭവതി.

ഇത്യാദി യഥാസംഭവമൂഹിക്കുക. ഈ കുർവ്വത്തുകളിൽനിന്നു ഭാഷയ്ക്കു അനേകം സൗകര്യങ്ങൾ സിദ്ധിച്ചിട്ടുള്ളവയെ മറ്റൊരിടത്തു വിസ്തരിക്കാം.

1 പേരെച്ചം 180

142. അ എന്നു മുറ്റുവിനയിൽ
ചേർത്താൽ പേരെച്ചമാമതു.

പേരെച്ചമുണ്ടാക്കുന്നതിന്ന് ആഖ്യാതത്തിൽ അ എന്നു പ്രത്യയം ചേർക്കണം. അ ചേർക്കുമ്പോൾ ഉന്നു, തു എന്ന കാലപ്രത്യയങ്ങളിലെ അന്ത്യ ഉകാരം ലോപിച്ചു പോകുന്നു. അതുകളിലേ ഉകാരം ആഗമത്തിൽ സംവൃതമായിരിക്കണമെന്ന് മുൻ ചെയ്തിട്ടുള്ള ഊഹത്തെ ഈ ലോപം സ്ഥിരപ്പെടുത്തുന്നു. "ഇ" എന്ന ഭൂതപ്രത്യയം ലോപിക്കുന്നില്ല; അത് സന്ധീകാര്യമായ യകാരമോ നകാരമോ ചേർന്ന് ഇയ, ഇനി രൂപം പ്രാപിക്കുന്നു. ഉദാ: 188 193

ചെയ്യുന്നു — ചെയ്യുന്നു; ചെയ്തു — ചെയ്തു, നൽകി — നൽകിയ; നൽകിന.

143. കുറിക്കുടാതെതാൻ ശീല-
ഭാവി പേരെച്ചമായ് വരും.

ശീലഭാവിക്ക് അ എന്ന പ്രത്യയമാവശ്യമില്ല; യാഥാസ്ഥിതമായ രൂപം തന്നെ പേരെച്ചമായിട്ടും ഉപയോഗിക്കാം. 198

ഉദാ: മുറ്റുവിന — കാലം വരും; പേരെച്ചം — വരുംകാലം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 203

ഭാവിപേരെച്ചങ്ങൾ സംഭാഷണഭാഷയിൽ ഏറെ നടപ്പില്ല. 203

144. ഒരുവെന്നുള്ളതും കൊള്ളാം
പേരെച്ചപ്രത്യയത്തിന്.

അ ആണല്ലോ പേരെച്ചത്തിന് പ്രത്യയം പറഞ്ഞത്. അതുതന്നെയാണ് പ്രധാന ദ്രാവിഡങ്ങളിലെല്ലാം കാണുന്നതും; എന്നാൽ മലയാളത്തിൽ ഒരു എന്നതും പേരെച്ച പ്രത്യയസ്ഥാനം വഹിച്ചു കാണുന്നുണ്ട്. ഇത് കവിതകളിൽ മാത്രം ഏർപ്പെട്ടിട്ടുള്ള ഒരു വിശേഷവും ആകുന്നു. പേരെച്ചത്തിന്റെ ചിഹ്നമായ അ ആഗമം നോക്കുമ്പോൾ സംബന്ധികാവിഭക്തിയാണെന്നു സ്ഥാപിക്കാൻ റവറൻറ് കാൽഡ്വെൽ വളരെ പ്രയാസപ്പെടുന്നു. ഇതിലേക്കുവേണ്ടി അദ്ദേഹം സിഥിയൻ ഭാഷാശാഖകളിൽ ഓരോന്നിലും ഉള്ള പേരെച്ചരൂപനിഷ്പത്തിയെ കൂലങ്കഷമായി വിമർശിച്ചിട്ടുണ്ട്. ഡാക്ടർ ഗുണ്ടർട്ട് ഈ അ പ്രത്യയം ചുട്ടെഴുത്തുതന്നെയാണെന്നു ബലമായിട്ടഭിപ്രായപ്പെട്ടിട്ടുള്ളതും നിരസിച്ചിട്ട് ഇതിനെ സംബന്ധികാപ്രത്യയത്തോടു ഘടിപ്പിക്കണമെന്നു കാൽഡ്വെൽ ശാഠ്യം പിടിക്കുന്നതിന്റെ താൽപര്യം സ്പഷ്ടമായി മനസ്സിലാകുന്നുന്നില്ല. ആ എന്ന നിഷേധ പ്രത്യയത്തെപ്പോലും ചുട്ടെഴുത്തിൽനിന്നുണ്ടായതാക്കിത്തീർക്കാൻ ശ്രമിക്കുന്ന റവറന്റിന് അർത്ഥാനുരൂപ്യം നോക്കുമ്പോൾ പേരെച്ചത്തിൽ ഏറ്റവും സ്പഷ്ടമായിക്കാണുന്ന ചുട്ടെഴുത്തിൽ നിന്നുള്ള ഉൽപ്പത്തിയെ അപലപിക്കണമെന്നു തോന്നിയതു് ആശ്ചര്യംതന്നെ. പേരെച്ചത്തിന്റെ അ ചുട്ടെഴുത്താണോ എന്ന് ഒരു ദ്രാവിഡ വൈയാകരണൻ സന്ദേഹിക്കപോലും ചെയ്യുമെന്ന് ഈ ഗ്രന്ഥകാരൻ വിചാരിച്ചിരുന്നില്ല. അതിനാൽ കേരള പാണിനീയത്തിന്റെ ആദ്യത്തെ പതിപ്പിൽ സൂത്രം തന്നെ "നാമത്തിനു കീഴടങ്ങും വാക്യത്തിൻ ക്രിയാപദത്തിൽ ചുട്ടെഴുത്തു ചേരും പ്രത്യയംപോലതു പേരെച്ചമത്ര" എന്നു സ്വാഭിപ്രായം വിളിച്ചുപറഞ്ഞാണ് ചെയ്തിരുന്നത്. മലയാളത്തിന്റെ വ്യാകരണഗതി പ്രത്യേകം സൂക്ഷിച്ചു നോക്കുമ്പോൾ ഈ അഭിപ്രായം ബലപ്പെടാതിരിപ്പാനും നിർവ്വാഹമില്ല. അ എന്ന ചുട്ടെഴുത്തിനു പകരം ഒരു എന്നു തത്തുല്യമായ മറ്റൊരു സർവ്വ നാമവും കവികൾ പ്രയോഗിക്കുന്നു. അവധാരകഭാവിയിൽ ഒരു മാത്രമേ ഉപയോഗിക്കാറുള്ളു. ഉദാ:

ഇരിപ്പ + ഒരു = ഇരിപ്പൊരു; ഒരുവിനെ ഓരുവും ആക്കാറുണ്ട്: "ഇരിപ്പോരു".

അർത്ഥയോജനയും സ്പഷ്ടമാണ്. "നീ പുസ്തകം വായിച്ചോ?" എന്നു ചോദ്യം; അതിൽ ഏതു പുസ്തകം എന്നു തിട്ടപ്പെടുത്താൻവേണ്ടി, "ഞാൻ തന്നു" എന്നൊരു വാക്യംകൂടി പുസ്തകത്തെ വിശേഷിപ്പിക്കാൻ (കുറിപ്പെടുത്താൻ) വേണ്ടി പ്രയോഗിക്കുന്നു. അപ്പോൾ വാക്യം -"ഞാൻ തന്നു; ആ പുസ്തകം നീ വായിച്ചോ" എന്നു രണ്ടു സ്വതന്ത്രവാക്യങ്ങൾ ചേർന്ന് ഒരു മഹാവാക്യമായിത്തീരുന്നു. വാക്യം രണ്ടും ഇപ്പോൾ വ്യാകരണദൃഷ്ട്യാ സ്വതന്ത്രമായി നില്ക്കുന്നെങ്കിലും അർത്ഥദൃഷ്ട്യാ "ഞാൻ തന്നു" എന്ന വാക്യം പുസ്തകത്തെ വിശേഷിപ്പിക്കയാണു ചെയ്യുന്നത്. ആ വിശേഷണവിശേഷ്യഭാവം പ്രത്യക്ഷപ്പെടുത്താനായിട്ട് "അ" എന്ന ചുട്ടെഴുത്തിനെ "തന്നു" എന്ന ക്രിയയിൽത്തന്നെ ചേർക്കുന്നു. അപ്പോൾ, "ഞാൻ തന്ന പുസ്തകം നീ വായിച്ചോ?" എന്നു മഹാവാക്യം സങ്കീർണ്ണവാക്യമായിച്ചമയുന്നു. ഇതിൽ തന്ന വിശേഷണ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 243

വാക്യത്തിലെ മുറ്റുവിന തന്നെ; അതു പ്രധാനവാക്യത്തിലെ പുസ്തകത്തെ വിശേഷിപ്പിക്കയും ചെയ്യുന്നു. ഈ അന്വയക്രമം ഇംഗ്ലീഷിൽ Did you read the book I gave you? എന്നു Relative Pronoun കൂടാതുള്ള പ്രയോഗത്തെക്കാൾ ഒട്ടും അസ്പഷ്ടമല്ല. കാൽഡ്വെൽ സംബന്ധികയുടെ അർത്ഥം പേരെച്ചത്തിൽ ഘടിപ്പിക്കാൻവേണ്ടി കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ ഒന്നും ഇവിടെ ആവശ്യമില്ല.

പേരെച്ചം ആഖ്യാതത്തിൽനിന്നുണ്ടാകുന്നതാകയാൽ ആഖ്യാതത്തിനുള്ള ഭേദങ്ങളെല്ലാം പേരെച്ചത്തിനും വരും. എങ്ങനെ:

നിർദ്ദേശകം	വിധായകം
പറയുന്ന — പറയുന്ന — വർത്ത	പറയേണ്ടുന്ന — പറയേണ്ടുന്ന — വർത്ത.
പറഞ്ഞു — പറഞ്ഞ — ഭൂതം	പറയേണ്ടി — പറയേണ്ടിയ — ഭൂതം
പറയും — പറയുമ — ഭാവി	പറയണം — പറയേണ്ടും — ഭാവി

നിഷേധകവിധായകം	അനുജ്ഞായകം
പറയേണ്ടാത്തു – പറയേണ്ടാത്ത – വർത്ത	പറയാവുന്ന — പറയാവുന്ന — വർത്ത
പറയേണ്ടാഞ്ഞു — പറയേണ്ടാഞ്ഞ — ഭൂതം	പറയായി — പറയായ — ഭൂതം
പറയേണ്ടാ — പറയണ്ടാ — ഭാവി	പറയാം — പറയാമ — ഭാവി

പറയാത്തു — പറയാത്ത — വർത്ത പറയാഞ്ഞു — പറയാഞ്ഞ — ഭൂതം പറയാ — പറയാ — ഭാവി.	നിഷേധകനിർദ്ദേശകം.
പറയുന്നില്ല — പറയുന്നില്ലാത്ത — വർത്ത	നിഷേധകനിർദ്ദേശകം
പറയരുത് — പറയരുതാത്ത	നിഷേധകവിധായകം
പറയവഹിയാ(തു) — പറയവഹിയാത്ത	നിഷേധകാനുജ്ഞായകം
പറയൊലാ(തു) — പറയൊലാത്ത	നിഷേധകവിധായകം

പേരെച്ചം ഒരു വാക്യത്തിന്റെ ക്രിയാപദമായ നാമവിശേഷണമാകയാൽ അത് സകല സംബന്ധങ്ങളേയും കുറിക്കുന്നു. എങ്ങനെ:

കടിക്കുന്ന പട്ടി — കർത്താ	ഞാൻ കടംകൊടുത്ത പുള്ളി — സ്വാമി
ഉണ്ണുന്ന ചോറ് — കർമ്മം	ഇരിക്കുന്ന വീട് — അധികരണം
എഴുതുന്ന പേന — കരണം	ദ്വാദശി നോറ്റ ഫലം — ഹേതുഹേതു — മത്തുവസംബന്ധം
ഞാൻ വഴിചോദിച്ച പയ്യൻ — സാക്ഷി	അടികൊണ്ട വേദന — ടി

സംസ്കൃതത്തിൽ "യത്" എന്നും ഇംഗ്ലീഷിൽ "Who, which" എന്നും ഉള്ള വ്യപേക്ഷക സർവ്വനാമം ചെയ്യുന്ന പ്രവൃത്തി ഭാഷയിൽ പേരെച്ചങ്ങളെക്കൊണ്ടു നിർവ്വഹിക്കാം. എങ്ങനെ,

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 285

ഭാഷ — ദേവിതൻചൊല്ലെല്ലാം നെഞ്ചകംപൂകിന കഞ്ചൻ — കൃ. ഗാ.

സംസ്കൃതം — കംസോ യസ്യ ഹൃദയം ദേവ്യാഃ സർവാ വാചഃ പ്രാവിക്ഷൻ.

ഇംഗ്ലീഷ് — Kansha into whose heart the queen's words had entered.

നിയോജകപ്രകാരത്തിൽനിന്നുമാത്രം പേരെച്ചം ജനിക്കുന്നില്ല. ഈ പ്രകാരത്തിനു വേറെയും വൈലക്ഷണ്യങ്ങളുണ്ട്. അനുജ്ഞായകവിധായകങ്ങളിലെപ്പോലെ ഇതിൽ അനുപ്രയോഗം സ്പഷ്ടമല്ല. ഇതിൽ പുരുഷവചനവിഭാഗം പ്രത്യയങ്ങളിൽത്തന്നെ കാണുന്നു. കാലഭേദം ഇതിനു വരുന്നില്ല. നിയോജകപ്രകാരത്തിന്റെ ഈ വക വൈലക്ഷണ്യങ്ങൾ നിമിത്തമാണ് വാസ്തവത്തിൽ പ്രകാരം എന്നൊരുപാധിതന്നെ സ്വീകരിക്കേണ്ടി വന്നതു്. അല്ലെങ്കിൽ അനുജ്ഞായകവിധായകങ്ങളെ അനുപ്രയോഗങ്ങളിൽ ചേർത്തുകൊണ്ടാൽ
296 പ്രകാരം എന്ന ഇനത്തിന് അവകാശമേ വരുന്നതല്ല.

145. വെറും ഭേദകമായിട്ടും
പേരെച്ചം ചിലെടങ്ങളിൽ.

പേരെച്ചം വിശേഷണവാക്യത്തിലേ ആഖ്യാതമാകയാൽ അതിന് ഒരു കർത്താവും യഥാസംഭവം മറ്റുകാരകങ്ങളും ഓരോന്നിനും പരിച്ഛദങ്ങളും വേണം. എന്നാൽ ചിലെടത്തു് ഈ വക വാക്യപരിവാരങ്ങളൊന്നും കൂടാതെ ഒരു വെറും ഭേദകത്തിന്റെ നിലയിലും പേരെച്ചം കാണും. ഉദാ:

വെളുത്ത പശു, നീണ്ട വടി, പെരുങ്കായം.

ഇവിടെ ഏതു വെളുത്തുവോ ആ പശു, ഏതു നീണ്ടുവോ ആ വടി, ഏതു പെരുകുമോ (വലുതാകുമോ) ആ കായം എന്നു വാക്യങ്ങളുള്ളതിനെ എടുത്തു കാണിച്ചിട്ടില്ല എന്നേ ഉള്ളു എന്നു യുക്തി പറഞ്ഞു നില്ക്കാം. വാസ്തവത്തിൽ ഭേദകപ്രകൃതികൾക്കും രൂപസിദ്ധി കൃതിപ്രകൃതികളായ ധാതുക്കൾക്കൊപ്പമാകയാൽ പേരെച്ചരൂപം വെളുത്ത, നീണ്ട (ഭൂതം), പെരും (പെരുകുകയുടെ ശീലഭാവി) എന്നു വന്നതേ ഉള്ളു. വെളുത്ത, നീണ്ട എന്നിവയിൽ വെളുക്കുന്നു — വെളുത്തു — വെളുത്ത; നീളുന്ന — നീണ്ടു — നീണ്ട എന്ന ഭൂതാർത്ഥവും വിവക്ഷിതമല്ല. വെളുപ്പുള്ള, നീളമുള്ള എന്ന അർത്ഥമേ നാം ഗ്രഹിക്കുന്നുള്ളു. ഈ വക ഭേദകങ്ങൾ നാമാംഗം എന്നുകൂടി പേർ കൊടുത്തിട്ടുള്ള പേരെച്ചമായിട്ടു ജനിക്കയാൽ അതുകൾക്കു "നാമാംഗജം" എന്നു വിശേഷസംജ്ഞ ചെയ്തിട്ടുണ്ട്, പെര് — പെരിയ — പെരും; ചെറ് — ചെറിയ; നറ് — നറും; ചെം — ചെവന്ന; കുറു — കുറും; വൻ(ൽ) — വലിയ; കൊടു — കൊടിയ, കൊടും ഇത്യാദി പല ഭേദകങ്ങളും ഈവിധം ഉണ്ടായവയാണ്. പേരാല്, ചെറുപുന്ന,നറുനണ്ടി, ചെമ്പരുത്തി, കുറുമൊഴി, വൻതേൻ, കൊടുവേലി എന്ന മട്ടിൽ പ്രകൃതികളെത്തന്നെ ഉപയോഗിപ്പാനും വിരോധമില്ല. എങ്കിലും പ്രകൃതികൾ നാമങ്ങളോടു ചേർന്നു സമാസിച്ചേ നില്ക്കയുള്ളു; പേരെച്ച
320 പ്രത്യയം ചേർത്താൽ സ്വതന്ത്രപദങ്ങളാക്കാമെന്നു സൗകര്യം കൂടും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പരുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 322

146. പേരെച്ചം ലിംഗയോഗത്താൽ വരുമാഖ്യാതനാമമായ്.

പേരെച്ചം നാമത്തെ വിശേഷിപ്പിക്കയാൽ അതു് ഭേദകത്തിന്റെ സ്ഥാനമാണല്ലോ വഹിക്കുന്നതു്. അതിനാൽ പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർത്താൽ അതു മറ്റു ഭേദകംപോലെ നാമമായ്ച്ചമയും. അങ്ങനെ ഉണ്ടാകുന്ന നാമത്തിന്“ആഖ്യാതനാമം” എന്നുപേർ. പേരെച്ചനാമമെന്നോ ക്രിയാംഗനാമമെന്നോ പേർ ചെയ്യാനും വിരോധമില്ല: ഒരാഖ്യാതം നാമമായിച്ചമയുന്നതും അതിൽ സാധാരണനാമങ്ങളിലെപ്പോലെ വിഭക്തികൾ ചേരുന്നതും ആര്യഭാഷകളിൽ ഒരിക്കലും സംഭവിക്കുന്നതല്ല. “അവൻ പറഞ്ഞതു ഞാൻ കേട്ടു; അവൻ പറഞ്ഞതിനാൽ ഞാൻ അക്കാര്യം സമ്മതിച്ചു. അവൻ പറഞ്ഞതിൽ വാസ്തവമുണ്ട്”— ഇത്യാദി പ്രയോഗങ്ങൾ ദ്രാവിഡങ്ങളിൽ സാധാരണമാകുന്നു; ആര്യഭാഷകളിലാകട്ടെ ഇതെല്ലാം യതു്, തതു് എന്ന വ്യപേക്ഷകസർവ്വനാമങ്ങളുടെ സഹായം കൂടാതെ സാധിക്കുന്നതല്ല. “സ യദവോചത് തദഹമശ്രൗഷം;[6] സ യദവോചത്തേനാഹം തമർത്ഥമംഗ്യകാർഷം; സ യദവോചത്തത്രാസ്തി വാസ്തവം. അല്ലാത്തക്ഷം കർമ്മണിപ്രയോഗം സ്വീകരിച്ച്“തേനോക്തമഹാമശ്രൗഷം; തേനോക്തത്വാത്തമർത്ഥമംഗ്യകാർഷം; തേനോക്തേഽസ്തി വാസ്തവം” എന്നു പറയണം. ഒരു വാക്യത്തിന്റെ ആഖ്യാതമായി നിന്നു കർത്തൃകർമ്മാദികാരങ്ങളോടന്വയിക്കാനും നാമമാകയാൽ എല്ലാ വിഭക്തികളിലും പ്രയോഗം വരാനും കഴിയും എന്നുള്ള സംഗതി ഓർമ്മിക്കാൻ വേണ്ടിയാണ്“ആഖ്യാതനാമം” എന്നുപേർ കൊടുത്തതു്. അൻ, അൾ, അർ, തു എന്ന ലിംഗപ്രത്യയങ്ങളെ മുൻപുതന്നെ വിവരിച്ചിട്ടുണ്ടല്ലോ. സന്ധിയിൽ വകാരാഗമം ചേർന്നു പേരെച്ചപ്രത്യയമായ അ അവൻ, അവൾ, അവർ, അതു് എന്നായിച്ചമയുന്നു. അവൻ, അവൾ, അവർ എന്നിവയെ ഓൻ, ഓൾ, ഓർ എന്നു സംക്ഷേപിക്കാറുമുണ്ടു്.

ഉദാഹരണം:

അറിയുന്നവൻ — അറിയുന്നോൻ അറിയുന്നവൾ — അറിയുന്നോൾ അറിയുന്നതു് —	വർത്ത.	അറിഞ്ഞവൻ — അറിഞ്ഞോൻ അറിഞ്ഞവൾ — അറിഞ്ഞോൾ അറിഞ്ഞതു് —	ഭൂതം

അറിയുവവൻ (ഉം)[7] അറിയുവവൾ, അറിയുവതു്	അറിയുവോൻ (ലുപ്തം)[8] അറിയുവോൾ, അറിവൂത്	അറിവവൻ, അറിവോൻ അറിവോൾ	ഭാവി

അനുജ്ഞായകവർത്തമാനം	വിധായകവർത്തമാനം
അറിയാവുന്നവൻ, —വുന്നോൻ.	അറിയേണ്ടുന്നവൻ, —ന്നോൻ

[6] മുകളിൽ കൊടുത്തിട്ടുള്ള മൂന്നു മലയാളവാക്യത്തിന്റെ തർജ്ജമയാണ് ഈ സംസ്കൃതവാക്യങ്ങൾ.

[7] അറിയും, അവൻ എന്നിവ ചേർന്നാണ് “അറിയുന്നവൻ” എന്ന രൂപം ഉണ്ടായതെന്നുള്ളതിനാൽ “അറിയുവവൻ” എന്നതിൽ ഭാവപ്രത്യയമായ “ഉം” ഉണ്ടു് — എന്നർത്ഥം.

[8] അറിവു, അവൻ എന്ന രണ്ടു പദങ്ങൾ ചേർന്നപ്പോൾ “അറുവു” എന്നതിന്റെ അന്ത്യമായ ഉകാരം (–ഭാവിപ്രത്യയമായ “ഉ”) ലോപിച്ചാണ് “അറിവവൻ” എന്ന രൂപം ഉണ്ടായതു് — എന്നായിരിക്കണം വിവക്ഷ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-27.tex/Line: 371

അറിയാവുന്നവൾ, അറിയാവുന്നത്	—വുന്നോൾ.	അറിയേണ്ടുന്നവൾ, അറിയേണ്ടുന്നത്.	—ന്നോൾ

അറിയാത്തവൻ, അറിയാത്തവൾ, അറിയാത്തത് — വർത്ത അറിയാഞ്ഞവൻ, അറിയാഞ്ഞവൾ, അറിയാഞ്ഞതു — ഭൂതം അറിയായവൻ, അറിയായവൾ, അറിയായതു — ഭാവി	നിഷേധകം

പേരെച്ചത്തിൽ "അറിയും" എന്നു ഭാവിരൂപം തന്നെയല്ലാതെ "അറിയുമ" എന്നു ശരിയായി വേണ്ട രൂപം കാണുന്നില്ലെങ്കിലും അറിയുവവൻ അറിയുവോൻ എന്നു നാമാവസ്ഥയിൽ രൂപനിഷ്പത്തി കാണുന്നതിനാൽ പേരെച്ചരൂപത്തിൽ അ എന്നു പ്രത്യയസ്ഥാനം വഹിക്കുന്ന ചുട്ടെഴുത്തു ലോപിച്ചു പോയതാണെന്നുള്ളതു തെളിയുന്നു.

കർത്താവ് വക്താവിന് അജ്ഞാതനോ, അപരിചിതനോ ആയിട്ടുള്ള ദിക്കിൽ പുംസ്ത്രീഭേദവിവക്ഷയില്ലാത്തതിനാൽ കേവലകർത്തൃർത്ഥത്തിൽ നപുംസക പേരെച്ചനാമങ്ങളെ ഉപയോഗിക്കാറുണ്ട്, എങ്ങനെ:

വന്നതു ഭർത്താവെന്നറിഞ്ഞു — വന്നത് = വന്നതിന്റെ കർത്താ = വന്നയാൾ

ചിലെടത്ത് പേരെച്ചനാമത്തിന് ആഖ്യാതവും ചുട്ടെഴുത്തുമായി മുറിച്ചതിന്റെ ശേഷമേ അന്വയബോധമുണ്ടാകുന്നുള്ളു.

അങ്ങാടിയിൽ തോറ്റതിനമ്മയോട് — തോറ്റു — അതിന്.

ഇംഗ്ലീഷിൽ what സർവ്വനാമത്തിന്റെ ഉപയോഗം ഈ മട്ടിലാണ്. ചിലെടത്ത് പേരെച്ചങ്ങ
398 ളെ തത്കാലവിശേഷണങ്ങളാക്കി ഉപയോഗിച്ചു കാണും:

വീരനെ വരുന്ന കണ്ടു = വീരനെ വരുന്നവനായിട്ടു കണ്ടു.
ഇവ്വണ്ണം ദഹിക്കുന്ന കണ്ടു — ശി. പു. (ദഹിക്കുന്നതായിട്ടു കണ്ടു.)

എന്നാൽ — വീരനെ വന്നതു കണ്ടു — നാഥനെ പോകുന്നതു കണ്ടില്ലല്ലോ എന്ന കൃഷ്ണഗാഥാപ്രയോഗത്തിനു സാധുത്വം സമ്പാദിക്കുന്നത് പ്രയാസം തന്നെ. ഒരുത്തനെ പോകക്കണ്ടു (കേ.
405 രാ.) ഇത്യാദി പ്രയോഗം തമിഴിന്റെ അനുകരണം കൊണ്ടു വന്നതാണ്.

ഒരു വസ്തു മേടിച്ചതു നായിനെത്തന്നെ ആയിരിക്കും.

എന്നുള്ളതു "നായ് തന്നെ" എന്നു വേണ്ടതാണ്. അതൊരു ശൈലീവിശേഷമെന്നു സമാധാനപ്പെടണം. വാങ്ങിയതു "നായ് തന്നെ" എന്നായാൽ "വന്നതു ഭർത്താവെന്നറിഞ്ഞു" എന്ന, മുൻകാണിച്ച ഉദാഹരണത്തിലെപ്പോലെ "വാങ്ങിച്ച ആൾ നായായിരുന്നു" എന്നർത്ഥം തോന്നിപ്പോകും. അതു കൂടാതിരിക്കാൻനവേണ്ടിയാണ് "നായിനെ" എന്നു കർമ്മമാക്കുന്നത്. കർമ്മണി പ്രയോഗം ഉണ്ടായിരുന്നെങ്കിൽ വാങ്ങപ്പെട്ടത് "നായായിരിക്കും" എന്നു പ്രയോഗിച്ചു ശരിപ്പെടുത്താമായിരുന്നു. കർമ്മണിരൂപമില്ലാത്തതിനാൽ കർമവിഭക്തി തന്നെ വിധേയമായിട്ടുപയോഗിക്കേണ്ടി വരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

"കണ്ടിതു കുമാരന്മാർ" എന്നും മറ്റും ഇത് — ന്റെ നിരർത്ഥപ്രയോഗം പാദപൂരണത്തിനെന്നു പറയാം. നാമങ്ങളിലും ഈ മാതിരി പ്രയോഗം മുൻ പറഞ്ഞിട്ടുണ്ട്.

2 വിനയെച്ചം

423

147. വിനയെച്ചങ്ങളഞ്ചത്ര;
മുൻ, പിൻ, തൻ, നടു, പാക്ഷികം.

മുൻവിനയെച്ചം, പിൻവിനയെച്ചം, തൻവിനയെച്ചം, നടുവിനയെച്ചം, പാക്ഷികവിനയെച്ചം എന്നു വിനയെച്ചം അഞ്ചുവിധം.[9] ഇതിൽ മുൻവിനയെച്ചം ഭൂതകാലത്തിലുള്ള ക്രിയാവിശേഷണക്രിയയെയും പിൻവിനയെച്ചം ഭാവികാലത്തിലുള്ള ക്രിയാവിശേഷണക്രിയയെയും പിൻവിനയെച്ചം ഭാവികാലത്തിലുള്ളതിനെയും കാണിക്കുന്നു. ഈ മുറയ്ക്കു നടുവിനയെച്ചം ഭൂതഭാവികൾക്കു നടുക്കമുള്ള വർത്തമാനകാലത്തെ കുറിക്കേണ്ടതാണു ന്യായം. എന്നാൽ അല്പം വിശേഷമുണ്ട്. ദ്രാവിഡങ്ങളിൽ ശരിയായ വർത്തമാനകാലത്തിന്റെ ഗ്രഹം തന്നെ ആദികാലത്തിൽ ഉദിച്ചിട്ടില്ലായിരുന്നു എന്നാണ് ഊഹമെന്നു മുമ്പു സ്ഥാപിച്ചിട്ടുണ്ടല്ലോ.[10] കാലത്രയത്തിനും ഒന്നുപോലെ ചേരുന്നതാണു നടുവിനയെച്ചം, അതായത് കാലപ്രതീതിയില്ലാത്തത്. നടുവിനയെച്ചത്തിനു വേറെയും ചില വെലക്ഷണ്യങ്ങളുള്ളത് ഉപരി സ്പഷ്ടമാകും. പാക്ഷികവിനയെച്ചം "ഒരുവിധം സംഭവിക്കുന്ന പക്ഷം" എന്നുള്ള സംഭാവനയെ കാണിക്കുന്നു. തനിയേ നില്ക്കാവുന്ന നടുവിനയെച്ചംതന്നെ തൻവിനയെച്ചമെന്നത്. ഇനി ഓരോന്നിന്റെയും രൂപസിദ്ധി: 442

148. ദുർബലം ഭൂതരൂപം താൻ
സ്വയം മുൻവിനയെച്ചമാം.

ഭൂതാഖ്യാതത്തിന്റെ രൂപംതന്നെ ദുർബ്ബലപ്പെട്ടതാണു മുൻവിനയെച്ചം. ദുർബ്ബലപ്പെടുത്താനും പ്രബലപ്പെടുത്താനുമുള്ള മാർഗ്ഗം മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.[11] ഭൂതപ്രത്യയം ചേർന്ന ധാതു തന്നെ മുൻവിനയെച്ചം. അതിനെ ഉറപ്പിച്ചാൽ മുറ്റുവിനയായ ആഖ്യാതം; ഉറപ്പിക്കാഞ്ഞാൽ പറ്റുവിനയായ വിനയെച്ചം. ഉദാ:

ഞങ്ങൾ ഇവിടെ വന്ന് ചേർന്നു ഞങ്ങൾ ഇവിടെ ചേർന്ന് വന്നു.	സംവൃതീകരണം ദുർബ്ബലപ്പെട്ട രൂപം പറ്റുവിന; വിവൃതീകരണം കൊണ്ടുറപ്പിച്ചത് മുറ്റുവിന.

[9] മുൻവിനയെച്ചത്തിനു ഭൂതക്രിയാന്യൂനമെന്നും പിൻവിനയെച്ചത്തിനു ഭാവിക്രിയാന്യൂനമെന്നും തൻവിനയെച്ചത്തിനു ഭാവരൂപമെന്നും നടുവിനയെച്ചത്തിനു ക്രിയാനാമമെന്നും പാക്ഷികവിനയെച്ചത്തിനു സംഭാവനയെന്നും സംജ്ഞാന്തരങ്ങൾ വ്യാകരണാന്തരങ്ങളിൽ കണ്ടിട്ടുണ്ട്.

[10] കാലപ്രകരണം "വർത്തമാനാഖ്യാതത്തിന്റെ ചരിത്രം"" നോക്കുക.

[11] 107-ആം കാരിക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 461

അവൻ മതിലിൽ ചാടിക്കേറി
അവൻ മതിലിൽ കേറിച്ചാടി. } പരദ്വിത്വംകൊണ്ടു് ദുർബ്ബലപ്പെട്ടതു് പറ്റുവിന; അന്ത്യത്തിൽ ബലപ്പെടുത്താവുന്ന രൂപം മുറ്റുവിന.

461 പറന്നുചെന്നങ്ങു കരേറിക്കൂട്ടിൽ — ഇതിൽ "കരേറി" മുറ്റുവിനയാകയാൽ "കരേറിക്കൂട്ടിൽ" എന്ന പരദ്വിത്വമില്ല.

149. ചേർപ്പു പിൻവിനയെച്ചത്തി-
ന്നാൻ നേരെ, ഭാവിയിങ്കലോ.

പിൻവിനയെച്ചമുണ്ടാക്കുന്നതിന്, നേരെ ധാതുവിൽത്തന്നെയോ ഭാവികാല രൂപത്തിലോ
466 ആൻ എന്ന പ്രത്യയം ചേർക്കണം. ഉദാ:

പോക് — പോകാൻ, പോകുവാൻ ഇര.
ഇരിക്കാൻ, ഇരിപ്പാൻ, ഇരിക്കുവാൻ.[12]
ഉൺ — ഉണ്ണാൻ, ഉണ്മാൻ, ഉണ്ണുവാൻ.
വരു് — വരാൻ, വരുവാൻ.
ഉണ്ണാൻ പോയി; കളിക്കാൻ വന്നു; കാണാൻ ചെന്നു.

തമിഴിൽ ആൻ പ്രത്യയം അപൂർവ്വമാണ്. "കുളിക്കും വന്തോം" എന്നു ഭാവി മുറ്റുവിന തന്നെ ചെന്തമിഴിൽ വിനയെച്ചമായിട്ടുപയോഗിക്കാം നാടോടിഭാഷയിൽ "കുളിക്കു വന്താൻ" എന്ന് നടുവിനയെച്ചമാണുപയോഗിക്ക നടപ്പ്. എന്നാൽ "വാൻ, പാൻ, പാക്കു് എന്നു നന്നൂലിൽ പിൻവിനയെച്ചപ്രത്യയങ്ങളെ പരിഗണിച്ചിട്ടുള്ളതിനാൽ ആദികാലത്തിൽ തമിഴി
479 ലും ഇവയ്ക്കു പ്രചാരമുണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു.

150. അനുപാധിക്രിയ നടു-
വിനയെച്ചമുരപ്പതു;
അകാരംതാൻ, കകാരംതാൻ
ഉക താനായതിൻ കുറി

കാലം, പ്രകാരം, പുരുഷൻ ഇത്യാദികളായ ഉപാധികളൊന്നുമില്ലാതെ കേവലമായ ക്രിയയെ ആണ് നടുവിനയെച്ചം കുറിക്കുന്നതു്. അതിന് അ, ക, ഉക എന്ന ഈ മൂന്നിൽ ഒന്നു പ്രത്യയമാകും. ചെയ്തേൻ എന്നു പറയുമ്പോൾ ക്രിയയിൽ ഞാൻ എന്നു പുരുഷവചനങ്ങളും, ഭൂതകാലവുംകൂടി ഉൾപ്പെടുന്നു. ചെയ്യണം എന്നതിൽ ശാസന എന്നൊരംശം അധികമായിട്ടുണ്ട്. ചെയ്ക എന്ന നടുവിനയെച്ചത്തിൽ ഈവക ഉപാധിയൊന്നുമില്ല. ചെയ്യുന്ന ആൾ ഏതെന്നോ, എപ്പോൾ ചെയ്തുവെന്നോ, ഒരുവക അവച്ഛേദകോപാധിക്കും പ്രതീതിയുണ്ടാകുന്നില്ല. പരബ്രഹ്മത്തെപ്പോലെ അതു് നിരുപാധിയായ കേവലക്രിയയെ കുറിക്കുന്നതേയുള്ളു.

[12] "ഇരിപ്പാൻ" എന്നതിൽ "ഇരിപ്പ്" എന്നതിലെ ഉ പ്രത്യയത്തിനു ശേഷവും "ഇരിക്കുവാൻ" എന്നതിൽ "ഇരിക്കും" എന്നതിലെ ഉം പ്രത്യയത്തിനു ശേഷവുമാണ് ആൻ പ്രത്യയം ചേർക്കുന്നതെന്നു കണ്ടുകൊൾക."

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 518

അതുകൊണ്ട് അതിനെ ആഖ്യാതമായിട്ടും ആഖ്യ (കർത്താവ്) ആയിട്ടും ഉപയോഗിക്കാം. "വ്യാജം പറക ശരിയല്ല" എന്നിടത്ത് "പറക" നാമംപോലെ കർത്താവായി നില്ക്കുന്നു; "സുഖമായ് വാഴ്ക" എന്നിടത്ത് ആഖ്യാത (ആശംസകപ്രകാരം)[13] ത്തിന്റെ സ്ഥാനംവഹിക്കുന്നു. നടുവിനയെച്ചത്തിന്റെ ഇതുമാതിരി ഉപയോഗങ്ങൾ നോക്കുമ്പോൾ അതിനെ വിനയെച്ചത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതേ ശരിയല്ല. എന്നാൽ നാമമായിട്ടും മറ്റുവിനയായിട്ടും ഉള്ള ഉപയോഗം ഇതിന് കാലക്രമത്തിൽ ഏർപ്പെട്ടതായിരിക്കണം. വാഴ്ക, വാഴാം, വാഴണം, വാഴട്ടേ — എന്ന രൂപങ്ങളിൽ അതാതു കാലപ്രകാരങ്ങളുടെ അർത്ഥപ്രതീതി വരും; അതൊന്നും കൂടാതെ കേവലക്രിയാമാത്രമായ "വാഴ്ക" എന്ന രൂപം ക്രിയാ സ്ഥാനത്തുപയോഗിക്കുമ്പോൾ ആദരം, ആശംസ മുതലായ അർത്ഥങ്ങൾ വ്യംഗ്യമായിട്ടു പ്രകാശിക്കും എന്നല്ലാതെ ശബ്ദവാച്യമായിട്ടു വരുന്നില്ല. അപ്രകാരംതന്നെ "കോനേൻ" = ഞാൻ രാജാവാകുന്നു; "അടിയേൻ" = ഞാൻ ദാസനാകുന്നു ഇത്യാദി പ്രയോഗങ്ങളിൽ (തമിൾ, വിനപ്പേർ) നാമങ്ങൾ പുരുഷപ്രത്യയയോഗത്താൽ നേരെ ആഖ്യാതങ്ങളായിത്തീരുംപോലെ "വാഴ്കയാൽ" ഇത്യാദികൾ വിനയെച്ചം നേരെതന്നെ നാമമായ് ചമയുന്നതാണ്. എന്നുമാത്രമല്ല, ചെയ്യുന്നത്, ചെയ്യുന്നതിനെ, ചെയ്യുന്നതിനാൽ, ചെയ്യുന്നതിനു, ചെയ്യുന്നതിന്റെ, ചെയ്യുന്നതിൽ എന്ന് ആഖ്യാതനാമങ്ങളെപ്പോലെ നടുവിനയെച്ചരൂപത്തെ എല്ലാ വിഭക്തികളിലും പ്രയോഗിക്കാറില്ല. ചെയ്ക, ചെയ്കയാൽ, ചെയ്കയിൽ എന്നു മൂന്നു വിഭക്തികളിൽ മാത്രമേ ഇതിനുപയോഗം നടപ്പുള്ളു; ചെയ്ക്കയ്ക്ക് എന്നോ ചെയ്കയുടെ എന്നോ ആരും പ്രയോഗിക്കയില്ല. ചെയ്യ വേണം, ചെയ്യ ആം, ചെയ്യപ്പെടുക, ചെയ്യത്തക്ക ഇത്യാദി പ്രാക്പ്രയോഗങ്ങളിലാണ് നടുവിനയെച്ചത്തിന്റെ ശരിയായ പ്രയോഗം. ഇതുകളിൽ അതിനു ക്രിയാവിശേഷണത്വം സ്പഷ്ടമായി കാണുന്നുമുണ്ട്. നന്നൂൽകാരനും ഈ രൂപത്തെ വർത്തമാനകാലത്തിലെ വിനയെച്ചമായി ഗണിച്ചിരിക്കുന്നു; വർത്തമാനകാലത്തിന്റെ പ്രതീതി ഒരിടത്തുതന്നെ സ്പഷ്ടമായി കാണായ്കയാൽ നടുവിനയെച്ചം എന്നുപേർ ഭേദപ്പെടുത്തി. ഭൂതഭാവികാലങ്ങൾക്കു മദ്ധ്യേയുള്ളതെന്നും കൃതിയുടെയും നാമത്തിന്റെയും ഇടയ്ക്കുള്ളതെന്നും സംജ്ഞയ്ക്ക് അന്വർത്ഥതയും വ്യാഖ്യാനിക്കാം. ഈവക അസ്വാരസ്യവും മറ്റും പരിഹരിപ്പാൻവേണ്ടി ഇതിന് അനവച്ഛേദകം എന്നും സംജ്ഞചെയ്തിട്ടുണ്ട്. അ, ക, ഉക എന്ന മൂന്നു പ്രത്യയം പറഞ്ഞതിൽ അ ആണ് പ്രാചീനവും പ്രാക്പ്രയോഗങ്ങളിൽ കാണുന്നതും. ക, ഉക രണ്ടും അതിനെ നീട്ടി ഉണ്ടാക്കിയതും ഇടക്കാലത്തു നടപ്പിൽവന്നതുമാണ്.

ഉദാ: ചെയ് — ചെയ്യ, ചെയ്ക, ചെയ്യുക. കേൾ — കേൾക്ക, കേൾക്കുക അറി — അറിയ, അറിക, അറിയുക. ഓട്ട് — ഓട, ഓടുക

പൂർണ്ണവ്യഞ്ജനാന്തങ്ങളിൽ ക പ്രത്യയം യോജിക്കാത്തതിനാൽ[14] ഉക മാത്രമേ ഉള്ളു. 526

[13] പ്രകാരപ്രകരണത്തിൽ ആശാസകം" എന്ന രൂപമാണ് കാണുന്നതു. ആശംസയും ആശിസ്സും രണ്ടെന്നപോലെയാണ് അവിടത്തെ പ്രതിപാദനം.

[14] മറിച്ചുപറയുകയാണെങ്കിൽ — പ്രത്യയം "ക"എന്നേ ഉള്ളു; അതു ചേർക്കുമ്പോൾ പൂർവ്വം പൂർണ്ണവ്യഞ്ജനമാണെങ്കിൽ അതിൽ ഉകാരം (സംവൃതാഗമം) ചേരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 527

151. ഇൽ കില്ലുകിൽ പ്രത്യയങ്ങൾ
പൂർവ്വവൽ[15] പാക്ഷികത്തിന്.

നടുവിനയെച്ചത്തിന് അ, ക, ഉക, പറഞ്ഞതുപോലെ പാക്ഷിക വിനയെച്ചത്തിന് ഇൽ, കിൽ, ഉകിൽ, എന്ന യഥായോഗം പ്രത്യയങ്ങൾ.

ഉദാ: ചെയ് — ചെയ്യിൽ, ചെയ്കിൽ, ചെയ്യുകിൽ.
അറി — അറിയിൽ, അറികിൽ, അറിയുകിൽ.
കേൾ — — കേൾക്കിൽ, കേൾക്കുകിൽ.
ഓട്ട് — ഓടിൽ, ഓടുകിൽ, —

"എൻ" എന്ന ഖിലധാതുവിന്റെയും "ആവുക" യുടെയും പാക്ഷികവിനയെച്ചങ്ങളായ "എൻകിൽ", "ആകിൽ" എന്ന രൂപങ്ങൾ നിപാതങ്ങളായിത്തീർന്നീട്ടുണ്ട്. ഇവയെ ആഖ്യാതത്തിൽ ചേർത്താലും സംഭാവനയർത്ഥമുണ്ടാകും. എങ്ങനെ:

വര് — വരിൽ, വരുകിൽ, വന്നെങ്കിൽ, വരുന്നുവെങ്കിൽ,
വന്നെങ്കിൽ, വന്നുവെങ്കിൽ, വരുമെങ്കിൽ, വരാമെങ്കിൽ,
വരട്ടെ എങ്കിൽ, വരണമെങ്കിൽ, വരാ എങ്കിൽ, വരാഞ്ഞെങ്കിൽ, വരാഞ്ഞുവെങ്കിൽ
വരുന്നാകിൽ, വരുമാകിൽ, വന്നാകിൽ — ഇത്യാദി

152. ഭൂതകാലത്തിലാൽ ചേർന്നു-
മുണ്ടാം പാക്ഷികമെന്നതു്.

ഭൂതകാലരൂപത്തിൽ ആൽ എന്ന പ്രത്യയം ചേർത്തിട്ടും പാക്ഷികവിനയെച്ചമുണ്ടാക്കാം. ചെയ് — ചെയ്താൽ; അറി — അറിഞ്ഞാൽ; കേൾ — കേട്ടാൽ; ഓട് — ഓടിയാൽ. ഈ ആൽപ്രത്യയം സംസ്കൃതത്തിലേ "കാല" ശബ്ദം തന്നെ ആയിരിക്കാം. തമിഴിൽ ഈ രൂപം" ചെയ്താക്കാൽ" എന്ന ककारം ചേർന്നാണ്. അതുകൊണ്ട് മലയാളത്തിലും ഭൂതപേരെച്ചത്തിൽനിന്നാകുന്ന പ്രത്യയം വരുന്നതു്. പേരെച്ചപ്രത്യയമായ അകാരവും പാക്ഷികപ്രത്യയത്തിന്റെ ആദിവർണ്ണമായ ककारവും ലോപിക്കുന്ന എന്നേ ഉള്ളു. ഈ രണ്ടു വർണ്ണങ്ങൾ മറ്റു പലെടത്തും ലോപിക്കുമാറുണ്ട്. അർത്ഥയോജനയും നല്ലവണ്ണമുണ്ട്. വന്നകാലം = വന്നപക്ഷം. തമിഴിൽ ഒരുക്കാൽ = ഒരുപക്ഷേ എന്ന വേറെ സ്ഥലങ്ങളിലും കാലശബ്ദത്തിനു സംഭാവനാർത്ഥത്തിൽ പ്രയോഗം കാണുന്നുണ്ട്. ആധാരികാപ്രത്യയമായ കൽ(കാൽ)ക കാരലോപത്തിനു പ്രതിവിധിയായ പൂർവ്വസ്വരത്തിനുള്ള ദീർഘം വിടാതെ ആൽ എന്നായ് ചമഞ്ഞു എന്നും വരാം. കാൽ എന്ന ആധാരികാപ്രത്യയത്തിനു സ്ഥലം എന്നാണർത്ഥം. അതിനും സംഭാവനയർത്ഥം എളുപ്പത്തിൽ യോജിക്കും.

[15] പൂർവ്വവൽ = മുൻപിലത്തെപ്പോലെ = മുൻപു പറഞ്ഞ നടുവിനയെച്ചത്തെപ്പോലെ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 567

153. ഏതാനവേതാൻ തൻവിന-
യെച്ചത്തിൻ കുറിയായതു്.

ഏ എന്നോ, നീട്ടിട്ടു് അവേ എന്നോ ധാതുവിൽ പ്രത്യയസ്ഥാനത്തു ചേർത്താൽ തൻവിന യെച്ചമുണ്ടാകും. എ, അവെ എന്ന ഹ്രസ്വമായിട്ടുമാവാം. ഉദാ:

ചെയ് — ചെയ്യെ, ചെയ്യവേ, കേൾക്കെ, കേൾക്കവേ.[16]

"ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ ശ്രേഷ്ഠൻ ഞാനെന്നവനുടെ ഭാവം."

മറ്റുള്ള വിനയെച്ചങ്ങളെപ്പോലെ ഇതും ക്രിയയെ വിശേഷിപ്പിക്കുന്നു എങ്കിലും വിശേഷണ ത്വംകൊണ്ടുള്ള ന്യഗ്ഭാവ(കീഴടങ്ങൽ)ത്തിനു കുറവുള്ളതിനാൽ സ്വാതന്ത്ര്യത്തിനു കൂടുതലു ണ്ടെന്നുള്ള താൽപര്യത്തിലാണ് തൻവിനയെച്ചം എന്നുപേർ ചെയ്തതു്. തനിയേ നില്ക്കത്ത ക്ക സ്വാതന്ത്ര്യമുള്ളതു് തൻവിനയെച്ചം. തേച്ചുകുളി, വരാൻപോകുന്ന കാര്യം ഇത്യാദികളിൽ "തേച്ച്", "വരാൻ" എന്ന മുൻ — പിൻ വിനയെച്ചങ്ങൾ എത്രത്തോളം സ്വവിശേഷ്യങ്ങൾ ക്കു കീഴടങ്ങുന്നുവോ അത്രത്തോളം "ജ്യേഷ്ഠനിരിക്കെ..." എന്നതിലെ ഇരിക്കെ, "എന്നാ ണ് ഭാവം" എന്ന വിശേഷ്യത്തിനു കീടങ്ങുന്നില്ല എന്നതു് അനുഭവസിദ്ധമാണല്ലോ. രൂപ സിദ്ധി നോക്കുമ്പോൾ നടുവിനയെച്ചത്തിൽ എ ചേർത്തതേ ഉള്ളു തൻവിനയെച്ചം എന്നു പറയുന്നതു് എന്നു സ്പഷ്ടമാണ്. തമിഴിൽ തൻവിനയെച്ചത്തിന്റെ സ്ഥാനത്തു നടുവിനയെ ച്ചംതന്നെയാണ് ഉപയോഗിക്കുന്നതും. "ചെയ്യവേണ്ടും" എന്ന് അനുപ്രയോഗം ചേർന്ന തമ ഴ്രൂപം മലയാളത്തിൽ "ചെയ്യണം" എന്നു വിധായകപ്രകാരം എന്നൊരു പുതിയ ഇനമായ തുപോലെതന്നെയാണ് നടുവിനയെച്ചം എ എന്ന നിപാതം ചേർന്നു തൻവിനയെച്ചം എന്നു പ്രത്യേകം ഒരു വിനയെച്ചമായിത്തീർന്നതു്.

ആഗമം ഒന്നുകൂടി സൂക്ഷിച്ചുനോക്കുമ്പോൾ പാക്ഷികവിനയെച്ചവും തൻവിനയെച്ചം പോ ലെ നടുവിനയെച്ചത്തിന്റെ വിഭക്തിരൂപംതന്നെ ആയിപിക്കണമെന്നു തോന്നുന്നു. നടുവി നയെച്ചത്തിൽ നാമങ്ങളെപ്പോലെ പ്രായേണ മിക്ക വിഭക്തികളും ചേർക്കാവുന്ന വിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനാൽ പാക്ഷികം ആരംഭകാലത്തിൽ വരുക + ഇൽ = വരുകയിൽ = വരുകിൽ (അകാരലോപത്താൽ) = വരുന്ന സ്ഥിതിയിൽ = വരുന്നപക്ഷം, ഇങ്ങനെ ആധാരികയിലെ രൂപവും, അതിന്മണ്ണം തൻവിനയെച്ചം ഏ എന്ന വിഭക്ത്യാഭാ സത്തിലെ രൂപവും ആയിരുന്നിരിക്കണം.

ഇനി വിനയെച്ചങ്ങളുടെ പ്രയോഗവിശേഷങ്ങളെപ്പറ്റി സ്വല്പം വിചാരണ ചെയ്യാം — മുൻ — പിൻ — നടു വിനയെച്ചങ്ങൾ അതതു പേരിനനുരൂപമായിട്ടു വിശേഷ്യക്രിയയുടെ മുൻപിലും പിൻപിലും അതോടു സമകാലമായുള്ള ക്രിയകളെക്കുറിക്കുന്നു. മുൻപും പിൻപും വളരെ അടു ത്തോ ദൂരയോ ആവാം. "മനുഷ്യർ ജനിച്ചു വളർന്നു മരിക്കുന്നു" എന്ന ഉദാഹരണത്തിൽ ജന നം, വളർച്ച, മരണം ഇവയ്ക്കുതമ്മിൽ മഹത്തായ അന്തരം ഇരിക്കാം; നേരെമറിച്ച്, "കൊ ണ്ടുവരുക" പറഞ്ഞയയ്ക്കുക" ഇത്യാദികളിൽ കൊള്ളുകയും വരുകയും; പറയുകയും അയയ്ക്കു

[16] ചെയ്യേ, ചെയ്യവെ, കേൾക്കേ, കേൾക്കവെ എന്നും രൂപങ്ങളുണ്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 610

കയും അല്പകാലം കൊണ്ടേ അന്തരിതമാകുന്നുള്ളു. പ്രാക്പ്രയോഗമായി വരുന്ന മുൻവിന യെച്ചങ്ങളിൽ ഒക്കെയും ഈ സാമീപ്യം കാണും. "കൃഷ്ണൻ പൂതനയെയും ശിശുപാലനെയും കൊല്ലാൻ അവതരിച്ചു" എന്നതിൽ രണ്ടുപേരെയും കൊല്ലുന്നതു തമ്മിൽ വളരെ കാലവ്യവ ധാനമുണ്ട്. "ഇടുക" യുടെ അനുപ്രയോഗം മുൻവിനയെച്ചത്തെയും "ആയിട്ടു" എന്ന നിപാത ത്തിന്റെ യോഗം പിൻവിനയെച്ചത്തെയും ഒന്നു തേച്ചുമിനുക്കിയാലെന്നപോലെ പ്രകാശി പ്പിക്കും. ഈ ഉപായംകൊണ്ടു് പ്രധാന്യത്തെയും കാലതാരമ്യത്തെയും മറ്റും പ്രത്യക്ഷപ്പെടു ത്താൻ സൗകര്യമുണ്ട്. എങ്ങനെ:

പ്രാധാന്യം	കാലതാരതമ്യം
1 { രാമസ്വാമി ഇവിടെ താമസിച്ചു പഠിച്ചു രാമസ്വാമി ഇവിടെ താമസിച്ചിട്ടു പഠിച്ചു[17]	1 { രാമസ്വാമി വന്നു് കളിച്ചു് ഉണ്ടു. രാമസ്വാമി വന്നു കളിച്ചിട്ടു് ഉണ്ടു.
2 { രാമസ്വാമി ഉണ്ണാൻ പോയി രാമസ്വാമി ഉണ്ണാനായിട്ടുപോയി.[18]	2 { രാമസ്വാമി പഠിക്കാൻ വരാൻ ഭാവമുണ്ടു്. രാമസ്വാമി പഠിക്കാനായിട്ടുവരാൻ ഭാവമുണ്ടു്.

പ്രാക്പ്രയോഗവിവേചനം

632

രാമസ്വാമി പോയിരിക്കുന്നു. രാമസ്വാമി പോയിട്ടിരിക്കുന്നു.
രാമസ്വാമിക്കു പറയാൻതക്ക കാര്യമില്ല.
രാമസ്വാമിക്കു പറയാനായിട്ടു തക്ക കാര്യമില്ല.

എന്നാൽ — പറയത്തക്ക കാരണം, പറയാൻതക്ക കാരണം, ഇത്യാദി വിനയെച്ചങ്ങൾക്കുത ന്നെ വച്ചുമാറ്റം ചെയ്യുന്ന സ്ഥലങ്ങളിൽ സൂക്ഷ്മമായ അർത്ഥതാരതമ്യം സാധാരണയിൽ ഗൗ നിക്കുമാറില്ല. അപൂർവ്വം ചില സ്ഥലങ്ങളിൽ നടുവിനയെച്ചത്തിനു പകരം പിൻവിനയെച്ചം
641 പ്രയോഗിച്ചു കാണുന്നു. എങ്ങനെ:

"മനുഷ്യരായാലിവ രണ്ടിലൊന്നു നിനച്ചുവേണം സമയം കഴിപ്പാൻ."

ഇവിടെ കഴിപ്പാൻ "വേണം" എന്നതിന്റെ കർത്താവാകുന്നു. സമയം കഴിപ്പതു് ഇവ രണ്ടി ലൊന്നു നിനച്ചിട്ടു വേണം.

മിക്ക സ്ഥലങ്ങളിലും പ്രയോഗവും വ്യുൽപ്പത്തിയും അനുസരിച്ചു മുൻവിനയെച്ചത്തിനു പൂർ വ്വകാലക്രിയയും പിൻവിനയെച്ചത്തിനു ക്രിയാർത്ഥക്രിയയുമാകുന്നു അർത്ഥം. അവയിൽ നിന്നു മുൻവിനയെച്ചത്തിനു്"അതിന്റെ ശേഷം" എന്നും മറ്റേതിനു്"അതുദ്ദേശിച്ചിട്ടു്" എന്നും
651 അർത്ഥം ധാരാളം ഉളവായി. എങ്ങനെ:

യുദ്ധം കഴിഞ്ഞു പുരംപ്രവേശിച്ചു (ശി. പൂ) = കഴിഞ്ഞതിന്റെ ശേഷം.
രാമൻ ജനിച്ചിട്ടു് ഏഴു വർഷമായി = ജനിച്ചതിന്റെ ശേഷം.
രാമനു പുത്രനുണ്ടാകാൻ അനുഗ്രഹിക്കുന്നു = ഉണ്ടാകണമെന്നുദ്ദേശിച്ചിട്ടു്.

[17] "ഇടുക"-യുടെ അനുപ്രയോഗം.
[18] "ആയിട്ടു്" എന്ന നിപാതത്തിന്റെ (ശരിയായിപ്പറഞ്ഞാൽ, അവ്യയത്തിന്റെ യോഗം.)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദ യം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതിക രണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഈ മാതിരി സ്ഥലങ്ങളിലാണ് രണ്ടു വിനയെച്ചങ്ങളും ഭിന്നകർത്തൃകങ്ങളായിച്ചമയുന്നതും എങ്ങനെ: 657

> മുനിമാർ ചോദിച്ചിട്ട് സൂതൻ പറഞ്ഞ കഥ
> രാമസ്വാമി ഉണ്ടാകാൻ അയാളുടെ അച്ഛൻ നേർന്ന വഴിപാട്.

കർത്താ, കർമ്മം മുതലായ പരിച്ഛദ (attribute) ങ്ങളൊക്കെയും പ്രത്യേകമുള്ളതിനാൽ ഒന്നിന മറ്റൊന്നിലുള്ള അംഗഭാവത്തിനു ഹാനി വരുന്നുവെന്നു ശങ്കിപ്പാനില്ല. ഇവിടെയും സാമന്തരാജാവ് ചക്രവർത്തി മഹാരാജാവിനു കീഴടങ്ങുംവണ്ണം അംഗത്തിന് പര്യവസാനത്തിൽ അംഗിയുടെ നേരെ ചായ്‌വുകൂടാതിരിക്കുന്നില്ല. ഇങ്ങനെ പൗർവ്വാപര്യമർത്ഥം സ്ഥിരപ്പെട്ടതോടുകൂടി മുൻവിനയെച്ചത്തിന് ആ സംബന്ധത്തിന്റെ സ്പർശമുള്ള കാര്യകാരണഭാവം, നിമിത്തനൈമിത്തികഭാവം മുതലായ എല്ലാ അർത്ഥങ്ങളിലും നടപ്പുവന്നു. ഉദാ:

അവന്നാഭരണം വിറ്റിട്ടൊരു ലാഭം വേണമോ?	—	ചാണ.
മന്നവനയച്ചിങ്ങു വരുന്ന ഞങ്ങൾ	—	കേ. രാ.
ഭീമന്റെ തല്ലു തുടമേൽകൊണ്ടു ചാക	—	ഭാര.
പറഞ്ഞേ സുഖം വരൂ	—	നള.
കൊന്നുതന്നേ ശമംവരൂ	—	പ. ത.

പിൻവിനയെച്ചത്തിന് ഇച്ഛാ — ശക്തി — സാമർത്ഥ്യ — പര്യാപ്തദ്യമാദ്യർത്ഥകധാതുയോഗത്തിലാണ്[19] ധാരാളമായ പ്രയോഗം. ഇവതന്നെ ഉദ്ദേശികാവിഭക്തിക്കും അർത്ഥമാകയാൽ പേരെച്ചനാമങ്ങളുടെ ഉദ്ദേശികയും പിൻവിനയെച്ചവും പര്യായമായിവരുന്നു. ഉദാ:

കുളിപ്പാൻ പോകുന്നു	=	കുളിക്കുന്നതിനു പോകുന്നു.
കുളിപ്പാൻ ഇച്ഛിക്കുന്നു	=	കുളിക്കുന്നതിന് ഇച്ഛിക്കുന്നു.
പറവാൻ കഴിയും	=	പറയുന്നതിനു കഴിയും.
പറവാൻ ഭാവിക്കുന്നു	=	പറയുന്നതിനു ഭാവിക്കുന്നു.

മുൻവിനയെച്ചവും പിൻവിനയെച്ചവും ഗമ്യമാനക്രിയയെക്കുറിച്ചും പ്രവർത്തിക്കും. എങ്ങനെ:

> [20]അവനോട് പറഞ്ഞിട്ടെന്തു കാര്യം. ഉണ്ണാൻനേരത്ത് ഉറങ്ങരുത്.

ഇടത്തോടുകൾ വല്ല കാരണവശാലും കുറച്ചുകാലം ജനസഞ്ചാരമില്ലാതെ കിടന്നുപോയാൽ ഇരുപുറവുമുള്ള കുടിയാനവന്മാർ തങ്ങളുടെ പുരയിടങ്ങളുടെ അതിർത്തി നീക്കിനീക്കി അതിനെ വളരെ ഇടുക്കിക്കളയുന്നതുപോലെ മുന്നിലും പിന്നിലുമുള്ള വിനയെച്ചങ്ങൾ നടുവിലത്തേതിന്റെ മിക്ക വിഷയങ്ങളെയും ക്രമേണ ആക്രമിച്ചിരിക്കുന്നു. നടുവിനയെച്ചത്തിന്റെ അധികാരം പ്രകൃത്യാ വിശേഷ്യക്രിയയും വിശേഷണക്രിയയും സമകാലങ്ങളായിവരുന്ന

[19] ഇച്ഛാ, ശക്തി, സമാർത്ഥം, പര്യാപ്തി, ഉദ്യമം ആദിയായ അർത്ഥമുള്ള ധാതുക്കളുടെ യോഗം — എന്നർത്ഥം.
[20] പറയുകയും ഉണ്ണുകയും ഇതുവരെ നടന്നില്ല. ഇനി നടക്കുമെന്ന് ഉറപ്പുമില്ല, അതിനാൽ ഗമ്യമാനക്രിയ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 705

സ്ഥലങ്ങളിലാണല്ലോ. ഒട്ടും ഏറ്റക്കുറവുകൾ കൂടാതെ രണ്ടു ക്രിയകൾ ഒരേ കാലത്തിൽ നടക്കുന്നത് അപൂർവ്വമാകുന്നു. അതിനാൽ "ചൊല്ലത്തുടങ്ങിനാൻ" എന്നു തമിഴിനെ അനുസരിച്ചുള്ള പ്രാചീനപ്രയോഗത്തിന്റെ സ്ഥാനത്തിൽ അർവ്വാചീനന്മാർ "ചൊല്ലാൻ തുടങ്ങിനാൻ" എന്നോ "ചൊല്ലിത്തുടങ്ങിനാൻ" എന്നോ വ്യവഹരിക്കും. "ഗുരുവരുളിക്കേട്ട കഥ" എന്ന പ്രയോഗത്തിൽ അർത്ഥം "ഗുരുവരുളിയ രൂപത്തിൽ കേട്ട കഥ" എന്നാകയാൽ അരുളിയതും കേട്ടതും ഒരേ കാലത്തേ സംഭവിക്കൂ. എങ്കിലും അരുളലിനും കേൾവിക്കും സഹജമായുള്ള ഹേതുഹേതുമത്ഭാവം പ്രമാണിച്ച് തദ്ഗതപൗർവ്വാപര്യദ്വാരാ[21] അരുളലിനു കേൾവിയെക്കാൾ പൂർവ്വത്വം കല്പിച്ച് അതിനെ മുൻവിനയെച്ചമാക്കിയിരിക്കുന്നു. ഇപ്രകാരം തന്നെ മറ്റു സ്ഥലങ്ങളിലും സമാധാനം സൂക്ഷ്മദൃഷ്ടികൾ ഊഹിച്ചുകൊള്ളട്ടെ.

നടുവിനയെച്ചത്തിന് ഇങ്ങനെ ഒരു വഴിയേപ്രകാരം കുറഞ്ഞതിനോടുകൂടി വഴിയേപ്രചാരം വർദ്ധിച്ചിട്ടുമുണ്ട്. നാം വാസ്തവത്തിൽ തോർന്നതിന്റെ ശേഷമേ നനയ്ക്കുന്നുള്ളൂ. എങ്കിലും "തോരത്തോരെ നനയ്ക്കുന്നു" എന്നു ധാരാളം പ്രയോഗിക്കുമാറുണ്ട്. "തോര" എന്ന നടുവിനയെച്ചത്തിൽ നിന്നുശാബ്ദമായുളവാകുന്ന ബോധപ്രകാരം തോരുന്നതും നനയ്ക്കുന്നതും ഒരേകാലത്തു വേണ്ടിവരും. അത് അസംഭാവ്യവുമാണ്. ഈ പ്രകൃതത്തിൽ നിന്നു ശബ്ദാനുശാസനശാസ്ത്രത്തിലെ രണ്ടു സിദ്ധാന്തങ്ങൾ നമുക്കു വെളിപ്പെടുന്നു. (1) ഔദാസീന്യന്യായം (2) സ്ഫുടപ്രത്യായനന്യായം. ഒന്നാമത്തേതു "ചൊല്ലത്തുടങ്ങി, ചൊല്ലാൻതുടങ്ങി" എന്നപോലുള്ള സ്ഥലങ്ങളിൽ സ്ഥിതമായ ഭേദത്തെ അലസതമൂലം ഗൗനിക്കാതിരിക്കുന്നു. രണ്ടാമത്തേതിന്റെ സ്വഭാവം "തോരെ തോരെ നനയ്ക്കുന്നു" ഇത്യാദികളിലെപ്പോലെ വിവക്ഷിതത്തെ കഴിയുന്നതും സ്ഫുടമാക്കണമെന്നുള്ള ഉദ്ദേശ്യത്തിൻ പേരിൽ ഇല്ലാത്തതിനെ ഉണ്ടാക്കുകയാകുന്നു. ഈ രണ്ടു പരസ്പരവിരുദ്ധങ്ങളായ ന്യായങ്ങളുടെയും, ഇവയിലും പ്രബലമായ ഔപമ്യന്യായം അല്ലെങ്കിൽ ഉപചാരന്യായം എന്നതിന്റെയും വിലാസംകൊണ്ട് ശബ്ദങ്ങൾക്കു രൂപത്തിലും അർത്ഥത്തിലും നാൾക്കുനാൾ ജനിച്ചുകൊണ്ടുവരുന്ന ഭേദങ്ങളെ ആസകലം വ്യാഖ്യാനിക്കാം; എങ്കിലും ഈ പ്രകൃതാനുപ്രകൃതമായ ശാസ്ത്രീയസിദ്ധാന്തവിചാരം ഇവിടെ നില്ക്കട്ടെ.

ഈവിധം വിഷയസങ്കോചംവന്നതിനാൽ നടുവിനയെച്ചം എ എന്ന നിപാതത്തിന്റെ സഹായത്തോടുകൂടി ക്രിയാനുബന്ധം, ക്രിയാലക്ഷണം ഇത്യാദി അർത്ഥമുള്ളതായ തൻവിനയെച്ചം എന്നൊരു പുതിയ ഇനമായിത്തീർന്നു. പാക്ഷികവിനയെച്ചം നടുവിനയെച്ചത്തിന്റെ ഒരു വകഭേദമേ ആകുന്നുള്ളൂ. എന്നു മുനപിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. അതിനാൽ പ്രധാനമായി വിനയെച്ചം മൂന്നേ ഉള്ളൂ എന്നും പറയാം.

നിരുപാധികമായ ക്രിയയെ കുറിക്കുന്ന നടുവിനയെച്ചത്തിനു സ്വതസ്സിദ്ധമായ അംഗഭാവത്തെ ഗൗനിക്കായ്കയാൽ പ്രധാന ക്രിയാസ്ഥാനത്തിലും ക്രിയാത്വത്തിൽ അനാസ്ഥമൂലം നാമത്തിന്റെ നിലയിലും പ്രയോഗം നടപ്പായി വന്നു. ബഹുമാനം, ഭക്തി, വിനയം മുതലായവയുടെ വിവക്ഷയിൽ ആജ്ഞ, അനുജ്ഞ, വിധി തുടങ്ങിയുള്ള വിശേഷാർത്ഥങ്ങളുടെ

[21] ഹേതുവിന്റെയും ഹേതുമത്തിന്റെയും മുൻ പിൻ ക്രമം വഴിയായി എന്നർത്ഥം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 733

സ്പർശമുള്ള നിയോജകാദിപ്രകാരങ്ങൾക്ക് അനൗചിത്യം ശങ്കിച്ചു പരിശുദ്ധക്രിയാവാചകമായ നടുവിനയെച്ചത്തെ ആഖ്യാതമാക്കി പ്രയോഗിച്ചു തുടങ്ങി. എങ്ങനെ:

ആര്യേ! വേഷം ധരിച്ചുകഴിഞ്ഞാൽ ഇങ്ങോട്ടു വരികതന്നെ — ഭാ. ശാ.
വൃത്താന്തമെന്തന്നുരചെയ്യ — നള.
നരപതി വേട്ടയ്ക്കു വരികയോ — കേ. രാ.

നാമപദങ്ങളെപ്പോലെ ഒരു വാക്യംതന്നെ ഒരു ക്രിയയ്ക്കു കർത്താവോ കർമ്മമോ മറ്റു കാരകമോ ആയിവരുന്ന സ്ഥലങ്ങളിൽ ആ വാക്യത്തിന്റെ ക്രിയാപദത്തെ നടുവിനയെച്ചമാക്കീട്ട് അതിൽ നാമങ്ങളിലെപ്പോലെ ലക്ഷ്യം കൂടതെ വിഭക്തികളെ ചേർക്കുന്നു. എങ്ങനെ:

ദൂതരെക്കൊലചെയ്യ ശാസ്ത്രത്തിൽ വിധിയല്ല (നിർദ്ദേ) — കേ. രാ.
നീ തുണയാകയാൽ ജയം വരുന്നു (പ്രയോ) — ഭാര.
അവനു കേൾക്കയിൽ ആഗ്രഹമുണ്ട് (ആധാ) — ഭാര.
ത്യജിക്കയെക്കാട്ടിൽ നല്ലതു (പ്രതി) — നള.

കാലാദ്യുപാധികളെക്കൂടി വിവക്ഷിപ്പാൻ മടിയില്ലാത്ത പക്ഷം "ദൂതരെക്കൊല ചെയ്യുന്നതു, ചെയ്തതു, ചെയ്യുവതു (ചെയ്‌വതെന്നോ) വിധിയല്ല," എന്നും പ്രയോഗിക്കാം.

"ആതെ" എന്നുള്ള മറവിനയെച്ചത്തിലെ വിശേഷരൂപം എല്ലാവിനയെച്ചംപോലെയും പ്രയോഗിക്കുമാറുണ്ട്. എങ്ങനെ:

അറിഞ്ഞുമറിയാതെയും ചെയ്ത തെറ്റുകൾ — (മുൻ)
ഉരുണ്ടുപോകാതെ (പോകായ്‌വാൻ) പിടിച്ചു — (പിൻ)
ശീലമറിയാതെ (അറിയാഞ്ഞാൽ) കളിക്കരുതു് — (പാക്ഷിക)

ധാതുവിൽ കാലപ്രത്യയം ചേർത്താൽ കിട്ടുന്ന രൂപം വിനയെച്ചമാണ്; അതിന്മേൽ പുരുഷപ്രത്യയം ചേർത്താൽ മറ്റുവിനയാകും എന്നാണ് ദ്രാവിഡങ്ങളിൽ പൊതുവേ ഏർപ്പാടു് എന്നു (സൂത്രം 105) കാലപ്രകരണത്തിൽ പറഞ്ഞല്ലൊ. അവിടെത്തന്നെ അതിനെപ്പറ്റി വിചാരണകളും ചെയ്തു; എങ്കിലും അവിടെ ചെയ്ത വിമർശം പല സംഗതികളും തീരുമാനിക്കാനുണ്ടായിരുന്നതിനാൽ വളരെ ദീർഘവും കുറെ വ്യാകുലവും ആയിപ്പോയിട്ടുണ്ട്. അതിനാൽ വിനയെച്ചങ്ങളെപ്പറ്റിയുള്ള ഈ പ്രകരണം നിറുത്തും മുൻപ് ആ സംഗതിയെക്കുറിച്ച് രണ്ടു വാക്കുകൂടി പ്രസ്താവിക്ക വിഹിതമായിരിക്കും. മുൻവിനയെച്ചംതന്നെയാണ് ഭൂതാഖ്യാതം എന്നുള്ളതിൽ സന്ദേഹത്തിനൊന്നും വകയില്ല. ശരിയായ വർത്തമാനകാലം ആദ്യത്തിലില്ലായിരുന്നു; അതുകൊണ്ടാണ് ഇപ്പോഴത്തെ വർത്തമാനകാലത്തിലുള്ള ആഖ്യാതത്തിന് എതിരായിട്ട് ഒരു വിനയെച്ചം തമിൾ — മലയാളങ്ങളിൽ കാണാത്തതു്. വർത്തമാനത്തിന്റെ സ്ഥാനത്തുള്ള നടുവിനയെച്ചത്തിന് എതിരായിട്ട് ആഖ്യാതം നന്നൂലിൽ പറഞ്ഞിട്ടില്ലെങ്കിലും വായ്മൊഴിയിൽ അതു് അപൂർവ്വമായി ഉപയോഗിക്കാറുണ്ട്. അതിനാൽ പിൻവിനയെച്ചത്തിന്റെ സംഗതിയിലാണ് സംശയങ്ങൾ തീരാത്തതു്. (1) പിൻവിനയെച്ചം, "ചെയ്‌വാൻ", "നടപ്പാൻ" എന്ന് ആൻ പ്രത്യയാന്തമാണ്. ഇതിൽ പു

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 778

രൂഷപ്രത്യയം ചേർന്നിട്ട് ഒരു ഭാവിരൂപം ഉണ്ടാകുന്നില്ല. (2) ഭാവികാലപ്രത്യയം ഉ എന്നോ, ഉം എന്നോ ആണ്, അതിനു യോജിച്ച ഒരു വിനയെച്ചവും കാണുന്നില്ല. ഇങ്ങനെ രണ്ടു പോയിന്റ തീർച്ചപ്പെടണം. കാലപ്രകരണത്തിലാകട്ടെ ഭാവികാലത്തിന്റെ അർത്ഥവും രൂപവും ഇന്നവിധമെന്നു ഖണ്ഡിതമായി തീർച്ചപ്പെട്ടിട്ടില്ലെന്നും, "ചെയ്യും വന്തോം" ഇത്യാദികളായ ചില വ്യത്യസ്തപ്രയോഗങ്ങളിൽ ഉക്തനയപ്രകാരം ആവശ്യപ്പെട്ട രൂപം കാണുന്നുണ്ടെന്നും മാത്രം സമാധാനം പറഞ്ഞു് സംഗതി തള്ളിക്കളഞ്ഞതേ ഉള്ളു. അതിനാൽ ഇവിടെ ആ കേസ് പുനർവ്വിചാരണയ്ക്ക് എടുക്കേണ്ടിയിരിക്കുന്നു.

"കാലവാചിപ്രത്യയാന്തം തനിയേ (നിന്നാൽ) വിനയെച്ചമാകും" എന്നു മാത്രമേ സൂത്രത്തിൽ പറഞ്ഞിട്ടുള്ളു.[22] ആൻ ഒരു കാലപ്രത്യയമല്ല; അതുകൊണ്ടുതന്നെയാണ് അതിന്നെതിരായിട്ട് ഒരാഖ്യാതമില്ലാത്തതു്. ഇത്രയുംകൊണ്ട് ഒന്നാംപോയിന്റ തള്ളിപ്പോയി. എന്നാൽ ഈ ആൻ എവിടുന്നു ചാടിവീണു എന്നുകൂടി ജിജ്ഞാസ വരുന്നു. അ എന്ന നടുവിനയെച്ചത്തെ നീട്ടിയുണ്ടാക്കിയതേ ഉള്ളു ആൻ. കർണ്ണാടകത്തിൽ ഇതു് "അല്" എന്നാണ്; ഒടുവിൽ ഉകാരം ചേർത്തു് "അല്ലു" എന്നും ആക്കാറുണ്ട്. എന്നാൽ അ എന്നു മാത്രമായിട്ടുള്ള രൂപവും ധാരാളം നടപ്പുണ്ട്. കേശവൻ എന്ന കർണ്ണാടകവൈയാകരണൻ ഇവിടെ ലകാരലോപമാണ് വിധിക്കുന്നതെങ്കിലും ശേഷം ദ്രാവിഡങ്ങളോടു താരമ്യപ്പെടുത്തി നോക്കുമ്പോൾ അ നീട്ടിയതാണ് അല്, അല്ലാതെ അ എന്നതിൽ ലകാരലോപമല്ലെന്നു തെളിയും. തെലുങ്കിലെ പിൻവിനയെച്ചവും പ്രധാനമായിട്ട് അ തന്നെ. സ്വരം പരമായാൽ അതു് ൻ ചേർന്ന് അൻ എന്നാകും. ഉദാ:

കർണ്ണാടകം	—	അവനു ആ കൈലസ മാഡലാരംഭിസിദിനു.
തെലുങ്ക്	—	അദഡു ആ പനി ചേയനാരംഭിചിവാഡു.
മലയാളം	—	അവൻ ആ പണി ചെയ്യാനാരംഭിച്ചാൻ

തെലുങ്കിൽ മലയാളത്തിലെപ്പോലെതന്നെ അയ = ആയി(ട്ട്) എന്ന അവ്യയം കൂടിചേർത്തു ബലപ്പെടുത്തുകയും നടപ്പുണ്ട്.

തെലുങ്ക്	—	വാഡു ആ പനി ചേയനയ ഉന്നാഡു.
മലയാളം	—	അവൻ ആ പണി ചെയ്യാനായിട്ടു തയ്യാറായാൻ.

ആനി — ന്റെ ഉത്ഭവം ഈ വിധം ആയിരിക്കണം എന്നു തോന്നുന്നു.[23] സിന്ധികാര്യമാത്രമാകയാൽ നിരർത്ഥകമായ ഇതു കാലക്രമത്തിൽ താദർത്ഥ്യം അർത്ഥമുള്ള ഒരു പ്രത്യയമായിച്ചമഞ്ഞു. തെലുങ്കരും കർണ്ണാടകരും ഇതിനെ ഉൽപ്പത്തിയനുസരിച്ചു നടുവിനയെച്ചത്തിന്റെ ഒരു നീട്ടിലായിട്ടു മാത്രമേ ഉപയോഗിച്ചതുമുള്ളു. തമിഴർ ഇതിനെ ഭാവികാലവിനയെച്ചമായ പിൻവിനയെച്ചത്തിൽ പ്രവേശിപ്പിച്ചു. അതിലേക്കു ലക്ഷ്യമാണ് നന്നൂൽകാരൻ വാൻ, പാൻ എന്ന ആകൃതിയിൽ പിൻവിനയെച്ചപ്രത്യയങ്ങളെ പറഞ്ഞതു്. വാൻ = വ് + ആൻ;

[22] വിനയെച്ചമെല്ലാം കാലപ്രത്യയാന്തമാണെന്നും ഏതുവിനയെച്ചത്തോടും പുരുഷപ്രത്യയം ചേർത്താൽ മുൻവിന ആകുമെന്നും പറഞ്ഞിട്ടില്ലല്ലോ — എന്നർത്ഥം.

[23] "ആൽ" എന്നർത്ഥമുള്ള ആൻ ആകുന്ന പ്രത്യയം ചേർക്കയാൽ പിൻവിനയെച്ചം ഉണ്ടാകുന്നു — ഗുണ്ടർട്ട്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 816

പാൻ = പ് + ആൻ; പകാരവകാരങ്ങൾ കാരിതാകാരിങ്ങൾക്കു മുറയ്ക്കുള്ള ഭാവിചിഹ്നനങ്ങളാകുന്നു. ഉ എന്നിരുന്ന ഭാവിപ്രത്യയം വകാരപകാരങ്ങളായിപ്പരിണമിക്കാനുള്ള കാരണം അടുത്തുതന്നെ പ്രസ്താവിക്കും. മലയാളികൾക്കാകട്ടെ ആൻ വളരെ രസിച്ചു; അവർ അതിനെ നാമമായിട്ടുപയോഗിക്കുന്ന (അനവച്ഛേദകം എന്നു പേരിട്ടിട്ടുള്ള) നടുവിനയെച്ചത്തിൽ കൂടി കുത്തിച്ചെലുത്തി. "മനുഷ്യ ....സമയം കഴിപ്പാൻ" (265-ാം പുറം) മുൻകാണിച്ച ഉദാഹരണം നോക്കുക. ആൻ ഇങ്ങനെ വിളിക്കാതെ വന്നുകയറിയ വിരുന്നുകാരനാണ്. അവനെ ആട്ടിപ്പുറത്തിറക്കിയാൽ ഭാവികാലപ്രത്യയാന്തംതന്നെ പിൻവിനയെച്ചമായിട്ടു തെളിഞ്ഞു കാണും.

ഒന്നാം പോയിന്റു തീർച്ചപ്പെട്ടതോടുകൂടി രണ്ടാമത്തേതും തീർച്ചപ്പെട്ടു. കാര്യത്തിൽ പോയിന്റു രണ്ടും ഒരു സംഗതിതന്നെ തിരിച്ചും മറിച്ചും ഇട്ടതേ ഉള്ളല്ലോ. കടുക്കപ്പായാൽ നീക്കിക്കളഞ്ഞു നോക്കിയപ്പോൾ കുളം കുളംതന്നെ എന്നു ബോധപ്പെട്ടു; അത്രയേയുള്ളു. ഭാവികാലപ്രത്യയാന്തമായ "വരു" "ഇരിക്കു" തന്നെ പിൻയെച്ചം; "വരുവാൻ" "ഇരിക്കുവാൻ" എന്ന ആൻ പായലിന്റെ മട്ടിൽ യദൃച്ഛയാ വന്നുകൂടിയതു്. ഭജനം മൂത്തു് ഊരാണ്മ തുടങ്ങുകയാൽ ആൻ ഉടമസ്ഥനായ ഉ പ്രത്യയത്തെ നീക്കിക്കളഞ്ഞിട്ടു് ഇപ്പോൾ സ്വതന്ത്രമായിത്തീർന്നിരിക്കുന്നു. ഇപ്പോഴത്തെ മലയാളത്തിൽ രൂപം "വരാൻ" "ഇരിക്കാൻ" എന്നു മാത്രമായാൽ ധാരാളം മതി. തമിഴിൽ ആനിന്റെ അധികാരം ഇത്രത്തോളം മുഴുത്തില്ല; അതിൽ വാൻ, പാൻ എന്നു വകാരപകാരങ്ങൾ ചേർന്നേ നിൽക്കൂ. എന്നു മത്രമല്ല, തമിഴിൽ ഈ രൂപങ്ങൾതന്നെ വ്യത്യസ്തശേഖരത്തിൽ ചേർന്നുപോയി. അതുകൊണ്ടു് "വരുവാൻ" എന്നതാണ് ശരിയായ രൂപം; "വരാൻ" എന്നതു് അതിൽനിന്നു സങ്കോചിപ്പിച്ചുണ്ടാക്കിയതേ ഉള്ളു. എന്നാൽ "വരുക" "ഇരിക്കുക" എന്ന രൂപങ്ങളുടെ സംഗതിയിൽ കാര്യം നേരെ മറിച്ചാണുതാനും. വര, ഇരിക്ക നീട്ടിയതാണ് ആ രൂപങ്ങൾ.

അ, ക, ഉക എന്നു മൂന്നു പ്രത്യയം പറഞ്ഞതിൽ ഏതാണ് ശരിയായ നടുവിനയെച്ചം എന്നു പര്യാലോചിക്കാം. വരുവാൻ (= വരു + ആൻ), വരുവിൻ (വരു + ഇൻ) എന്നു മറ്റു രൂപങ്ങളിൽ കാണുന്നതുപോലെ ഇതിലും ഉകാരം ഭാവിചിഹ്നമാണോ എന്നാണ് സംശയം തോന്നുക. ഈ സംശയം തീർക്കുന്നതിലേക്കുവേണ്ടി ആദ്യമായിട്ടു് ഭാവിപ്രത്യയംതന്നെ ഉ എന്നോ ഉം എന്നോ എന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആദ്യം ആ സംഗതി വിചാരണയ്ക്കെടുക്കാം.

പഴയ തമിഴിൽ ഭൂതകാലത്തിന്റെ ഏകവചനത്തിനു മൂന്നു പുരുഷനിലും ഒന്നുപോലെ ചെയ്തു എന്നും, ബഹുവചനത്തിനു ചെയ്തും എന്നും രൂപങ്ങളുണ്ടായിരുന്നു.[24] അതുപോലെ ഭാവിയിലും ഉത്തമപുരുഷനിൽ മാത്രം ചെയ്യു എന്നു് ഏകവചനവും ചെയ്യും എന്നു ബഹുവചനവും ഉണ്ടായിരുന്നു. "നമ്മൾ", "തമ്മൾ", "മാർ" ഇത്യാദി നാമരൂപങ്ങളിൽ മകാരം ബഹുവചനചിഹ്നമായിട്ടു കാണുന്നുമുണ്ടു്. അതിനാൽ ഈ ക്രിയാരൂപങ്ങളിലും മകാരം ബഹുവചനക്കുറിയായിത്തന്നെ ഇരിക്കണം. കാൽഡ്വെൽ ചെയ്തും, ചെയ്യും എന്ന രൂപങ്ങൾ ഉം എന്ന സമുച്ചയരൂപം ചേർന്നുണ്ടായതാണെന്നു പറയുന്നതു് ഗണിക്കാനില്ല. അദ്ദേഹം വേണ്ടാ

[24] 109-ആം കാരികയുടെ ഉപപാദനം നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 854

ത്തതെല്ലാം ആ സാധുവായ നിപാതത്തിന്റെ തലയിൽ കെട്ടിവയ്ക്കാറുള്ള കൂട്ടത്തിലായിരിക്കാം ഇതും. അപ്പോൾ ഉ തന്നെയാണ് ഭാവി പ്രത്യയം. ആദികാലത്ത് മറ്റുവിനകൾക്ക് ഇപ്പോഴത്തെ മലയാളത്തിലെപ്പോലെ ലിംഗപുരുഷ വചനഭേദമില്ലായിരുന്നു എന്നു മുമ്പുതന്നെ സ്ഥാപിച്ചിട്ടുണ്ടല്ലോ. ആദ്യമായി രൂപഭേദം ആരംഭിച്ചത് വചനം എന്ന ഉപാധിയിൽ ആയിരിക്കാം എന്നുവേണം ഇതിൽനിന്നൂഹിപ്പാൻ. ക്രമേണ പുരുഷഭേദംകൂടി ഏർപ്പെട്ടപ്പോൾ അതിലേക്കുള്ള പ്രത്യയത്തിൽത്തന്നെ വചനം കൂടി ഉൾപ്പെട്ടുപോകയാൽ ഉം എന്നു മകാരം ചേർന്ന രൂപം ആവശ്യമില്ലാതായി. എന്നാൽ ഒരിക്കൽ നടപ്പിൽവന്നു പോയ രൂപം ഉടനെ നശിച്ചുപോവുക എന്നത് എളുപ്പമല്ല. അതുകൊണ്ട് അതിനെ വ്യക്തിവിവക്ഷ അത്യാവശ്യമല്ലാത്തതിനാൽ വചനവിഷയത്തിൽ ദുർബ്ബലമായ നപുംസകലിംഗത്തിൽ രണ്ടു വചനത്തിലും ഭേദംകൂടാതെ ഉപയോഗിക്കാൻ ആരംഭിച്ചിരിക്കണം. ഇങ്ങനെയാണ് ഉ എന്നും ഉം എന്നും രണ്ടു ഭാവിപ്രത്യയം ഉണ്ടായിത്തീർന്നത്.

ഉ പ്രത്യയത്തിൽ പുരുഷപ്രത്യയങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന രൂപഗതിയും കാണിക്കാം.[25] പാടു + ഏൻ = പാടുവേൻ, തൂങ്ങു + ഏൻ = തൂങ്ങുവേൻ എന്നിത്യാദി കാരിതാകാരിഭേദമില്ലാത്ത വ്യഞ്ജനാന്തങ്ങളിൽ സന്ധികാര്യം കൊണ്ടുതന്നെ രൂപം ശരിപ്പെടുന്നു. അറി + ഉ + ഏൻ = അറിയുവേൻ എന്നു വരേണ്ടതിനു പകരം "അറിവേൻ" എന്നും, "നട + ഉ + ഏൻ = നടക്കുവേൻ എന്നതിനുപകരം "നടപ്പേൻ" എന്നും രൂപങ്ങൾ വന്നതെങ്ങനെ? ഇവിടെ ഉ ലോപിച്ചു പോകുന്നതാണ്. ഉകാരം മിക്ക ദിക്കിലും ലോപിക്കുന്ന സ്വരവുമാണല്ലോ. എന്നാൽ മുറയ്ക്കുള്ള ലോപം എന്നിടത്തോളം വകവയ്ക്കേണ്ടതില്ല; "അറിയുവേൻ" എന്നതിനെ "അറിവേൻ" എന്നു സങ്കോചിപ്പിക്കുന്നു എന്നു ഗണിച്ചാൽ മതി. അപ്പോൾ ധാതു താലവ്യാന്തമായാലും സന്ധിയിൽ അതിന് യകാരാഗമത്തിനു പകരം വകാരാഗമം വന്ന ഫലമായി. അകാരിതത്തിന് സന്ധികാര്യമായ ഇടനില വകാരമാണെങ്കിൽ കാരിതത്തിന് അതിന്റെ ഇരട്ടിച്ച ഖരമായ പ്പ ആണു വേണ്ടത്. ഇങ്ങനെ "നടപ്പേൻ" എന്ന രൂപവും സിദ്ധിച്ചു. വ, പ രണ്ടും ഭാവിയെക്കുറിക്കുന്ന ഇടനിലകളാണെന്നു നന്നൂൽകാരൻ പറഞ്ഞതിന്റെ യുക്തിയും ഇതുതന്നെ ആയിരിക്കണം. ഭാവികാലത്തിലെ വിനയെച്ചമായിട്ടും അദ്ദേഹം വാൻ, പാൻ എന്ന് എടുത്തു വകാരപകാരങ്ങളെച്ചേർത്തു നിർദ്ദേശിച്ചതും പ്രത്യേകം നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നു. ഭാവിയിൽ രൂപസിദ്ധിക്കുള്ള കുഴപ്പമെല്ലാം ഇപ്പോൾ തീർന്നു.

അ മാത്രമേ നടുവിനയെച്ചമായിട്ടുള്ളൂ. വിനയെച്ചം ക്രിയാംഗമാകയാൽ അത് ഒരു ക്രിയയുടെ വിശേഷണമായിരിക്കണം. ക്രിയാവിശേഷണമായിട്ടുള്ള പ്രയോഗങ്ങളിലെല്ലാം അ മാത്ര
876 മേ കാണുന്നുള്ളൂ.

ചൊല്ലിത്തുടങ്ങിനാൻ; പറയത്തക്ക, നടത്തവേണ്ടും;
ചെയ്യപ്പെട്ടു; വര; ഇരിക്ക (= വരെ, ഇരിക്കേ — തൻ വിനയെച്ചം.)

[25] പാട് + ഉ + ഏൻ = പാടുവേൻ, തൂങ് + ഉവ്വ് + ഏ = തൂങ്ങുവേൻ. ങകാരത്തിന്റെ ദ്വിത്വത്തിന് 18-ആം കാരിക നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 907

വിയംകോൾ എന്നു തമിഴർ പറയുന്ന ആശാസകപ്രകാരമായിട്ടും, നാമമായിട്ടും ഉള്ള ഉപയോഗത്തിൽ ആണ്ക, ഉക ചേർന്നു കാണുന്നത്. ആദ്യത്തേത് മുറ്റുവിനയായ കൃതിരൂപവും രണ്ടാമത്തേത് നാമവും ആയിപ്പോകുന്നതിനാൽ അത് വിനയെച്ചമേ അല്ലെന്ന് അർത്ഥം കൊണ്ടു വിശദമാകുന്നു. എന്നാൽ ഇതിനെ രണ്ടിനെയും എന്തിന് നടുവിനയെച്ചത്തിൽ ഉൾപ്പെടുത്തി എന്നാണ് പിന്നത്തെ ചോദ്യം. അതിനു സമാധാനം പറയാം. വിനയെച്ചങ്ങളുടെ കൂട്ടത്തിലല്ലെങ്കിൽ ഇതിനെ ചേർക്കാവുന്നത് കാൽഡ്വെൽ ചെയ്തപോലെ കൃതികൃത്തെന്നു പറയുന്ന ക്രിയാനാമങ്ങളുടെ ശേഖരത്തിലാണ്. കൃതികൃത്ത് നാമമായിപ്പോകുന്നതിനാൽ അതിന്റെ കർത്താവും കർമ്മവും കുറിക്കുന്നതിന് സംബന്ധികാവിഭക്തിയല്ലാതെ മുറയ്ക്കുള്ള നിർദ്ദേശികയും പ്രയോജികയും വരികയില്ല. കൃതികൃത്താകുമ്പോൾ "തട്ടാന്റെ പണി", "മോതിരത്തിന്റെ കെട്ട്" എന്നാണ് പ്രയോഗം. ഉക പ്രത്യയാന്തമാകയാൽ "തട്ടാൻ പണിയുക" "മോതിരം" (ത്തെ) കെട്ടുക എന്നു കർത്തൃകർമ്മങ്ങളെ മുറപ്രകാരം കാണിക്കാം. ക്രിയാധർമ്മം പോകാത്തതിനാൽ ഇത് ക്രിയാനാമമല്ല; മറ്റൊന്നിന്റെ വിശേഷണമല്ലാത്തതിനാൽ പറ്റുവിനകളുടെ കൂട്ടത്തിൽ ഇതിനു സ്ഥാനം കൊടുത്തുകൂടാ; സ്വയം പൂർണ്ണക്രിയ അല്ലാത്തതിനാൽ മുറ്റുവിനയിലും ചേരുകയില്ല. കാലാദ്യുപാധിയൊന്നും ഇല്ലാത്തതിനാൽ പരബ്രഹ്മതുല്യമാണിത് എന്ന് മുൻപുതന്നെ ഉപന്യസിച്ചത് ഇപ്പോൾ സ്പഷ്ടമായി. സംസ്കൃതത്തിൽ ഇതിനെതിരായിട്ട് ഒരു രൂപമില്ല. ഇംഗ്ലീഷിൽ Infinitive എന്നതിന്റെ സ്ഥാനമാണിതിന്, ഇംഗ്ലീഷുവൈയാകരന്മാർ അതിനെ Mood എന്നു പറയുന്ന "പ്രകാരം" എന്ന ഇനത്തിൽ ചേർത്തു. എന്നാൽ പ്രകാരങ്ങൾ (Mood) ഐല്ലാം പൂർണ്ണക്രിയകൾ (Finite Verbs) ആണ്; ഇത് അപൂർണ്ണവുമാണ്. (How can infinte be finite?) അതുകൊണ്ട് പ്രകാരത്തിൽ ഉൾപ്പെടുത്തുന്നതിനും ന്യായം പോരാ. വിയങ്കോളായിട്ടുള്ള ഉപയോഗത്തിൽ ഇത് മുറ്റുവിനയായിത്തീരുന്നതിനാൽ പ്രകാരത്തിന്റെ കൂട്ടത്തിൽ ആശാസകപ്രകാരം എന്ന് ഇതിനു സ്ഥാനം കൊടുക്കുകയും ചെയ്തു. പോരാത്തതിന് ദ്രാവിഡങ്ങൾക്കു ശരിയായ പ്രകാരങ്ങളേ ഇല്ല; ഉള്ളതു മിക്കതും അനുപ്രയോഗസിദ്ധവുമാണ്. അതിനാൽ ആ ഇനത്തിൽ ഇതിന് സ്ഥാനം ഒരിക്കലും അനുവദിക്കാൻ പാടില്ല. ഈ ദുർഘടത്തിൽ ആർക്കും വേണ്ടാത്തതിനും വല്ലെടത്തും ഒരു സ്ഥലം കൊടുക്കണമല്ലോ എന്നുവച്ച് ഇതിനെ നടുവിനയെച്ചത്തിന്റെ കൂട്ടത്തിൽ തള്ളിവിട്ടതേ ഉള്ളൂ. ഇതെല്ലാം കരുതീട്ടാണ് മുറ്റുവിനയ്ക്കും പറ്റുവിനയ്ക്കും നടുക്കുള്ളത് "നടുവിനയെച്ചം" എന്നൊരു വ്യാഖ്യാനംകൂടി മുമ്പുതന്നെ ചെയ്തുവച്ചതും "അനവച്ഛേദകം" എന്നൊരു പുതിയ പേർ സൃഷ്ടിച്ചതും.

അനവച്ഛേദകത്തിനു പ്രത്യയം ക എന്നു മതി. വ്യഞ്ജനാന്തധാതുക്കളിൽ അത് സംവൃതം ചേർന്ന് ഉക എന്നായിക്കൊള്ളും. ഇരിക്കുക, ചേർക്കുക എന്നു സ്വരാന്തങ്ങളിലും ചില്ലന്തങ്ങളിലുംകൂടി ഉ ചേർക്കുന്നത് അനാവശ്യകമാണ്; ഈയിടെ തുടങ്ങിയ ഒരു നീട്ടലേ ഉള്ളൂ അത്. പോകുവാൻ, പോകുവിൻ എന്ന രൂപങ്ങളിലെപ്പോലെ ഭാവിപ്രത്യയത്തിന് ഇതിൽ അർത്ഥച്ചേർച്ച ലേശംപോലുമില്ല. ആ രൂപങ്ങളെ അനുകരിച്ച് ഇതിലും വെറുതെ നീട്ടൽ ആരംഭിച്ചതായിരിക്കണം. പാക്ഷികവിനയെച്ചത്തിന്റെ ഉൽപ്പത്തി ഈ അനവച്ഛേദകത്തിൽനിന്നാണ്. അതിൽ ഭാവിസ്പർശത്തിന് അർഹതയുള്ളതിനാൽ "ഇരിക്കുകിൽ" എന്നു നീട്ടിയാലും അസ്വാരസ്യമില്ല. തമിഴിൽ വർത്തമാനാഖ്യാതം ഇറ എന്ന ധാതുവിന്റെ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 922

അനുപ്രയോഗം കൊണ്ടാണുണ്ടാകുന്നതെന്നു സ്ഥാപിച്ചല്ലോ. അവിടെ പ്രാക്പ്രയോഗം ഈ അനവച്ഛേദകമാണ്. അതിന്റെ കുറിയായ ക പ്രത്യയത്തിലെ അകാരം ലോപിച്ച് ഇറയോടു ചേർന്ന് കിറ ഉണ്ടാകുന്നു. അതാണ് ചെയ്കിറാൻ, വരുകിറാൻ എന്നു കകാരം കേൾക്കുന്നത്. അത് മലയാളത്തിൽ വിധായകപ്രകാരത്തിന്റെ അനുപ്രയോഗമായ വേണ്ടും അണം ആയതുപോലെ ഉന്നു എന്നു പ്രത്യയമായിത്തീർന്നതിനാൽ കകാരംകൂടി കേൾക്കാതെ "ചെയ്യുന്നു", "വരുന്നു" എന്നു രൂപം ധരിക്കുന്നു. പ്രത്യയസ്ഥാനം ലഭിക്കയാൽ കാരിതങ്ങളിൽ ക്ക് ഇടനിലചേരുമ്പോൾ "ഇരിക്കുന്നു" "കേൾക്കുന്നു" എന്നു കകാര സഹിതങ്ങളായ രൂപങ്ങളും ഉണ്ടാകുന്നു.

മേൽപ്രസ്താവിച്ച സിദ്ധാന്തപ്രകാരം വിനയെച്ചങ്ങളുടെ വിഭാഗം താഴെ ചേർത്തിരിക്കുന്ന പട്ടികപ്രകാരമാകുന്നു.

പേർ	പ്രത്യയം	ഉദാഹരണം
മുൻവിനയെച്ചം	തു, ഇ (ശിഥിലീകൃത ഭൂത പ്രത്യയങ്ങൾ)	ചെയ്തു്, ഓടിപ്പോയി
പിൻവിനയെച്ചം	ഉ (ഭാവിപ്രത്യയം, അതിന്മേൽ ആൻ)	ചെയ്യുവാൻ, ചെയ്‌വാൻ
നടുവിനയെച്ചം	കേവലം	അ	ചെയ്യ (വേണം)
	തൻവിനയെച്ചം	എ, അവെ	ചെയ്യെ, ചെയ്യവെ
	അനവച്ഛേദകം	ക (ഉക)	ചെയ്യ, ചെയ്യുക
	പാക്ഷികം	ഇൽ (കിൽ, ഉകിൽ)	ചെയ്യിൽ, ചെയ്കിൽ, ചെയ്യുകിൽ

പാക്ഷിക വിനയെച്ചത്തിൽ ഉം എന്ന സമുച്ചയനിപാതം ചേർത്താൽ അംഗീകാരം അർത്ഥം ഉണ്ടാകും.

"രണ്ടുപ്രകാരം നിരൂപിച്ചാലും തണ്ടാർമിഴിയെ നമുക്കിഹ വേണ്ടാ" ഇത്യാദ്യുദാഹരണങ്ങൾ. രൂപത്തെ ഒരുവിധവും സ്പർശിക്കാത്ത ഒരർത്ഥ വിശേഷമാണിതു്. അതിനാൽ വ്യാകരണത്തിൽ ഇതിനെ ഗണിക്കേണ്ടതില്ല. ഡാക്ടർ ഗുണ്ടർട്ടു് ഇതിന്"അനുവാദകം" എന്നു പേരിട്ടു് വിനയെച്ചങ്ങളുടെ ഉൾപ്പിരിവിൽ ചേർത്തതു് ഇംഗ്ലീഷിൽ ഇതു "yet" ഏന്ന ഘടകനിപാതത്തിന്റെ സ്ഥാനം വഹിക്കുന്നതിനാലായിരിക്കണം.

കൃത്തുകൾ

അംഗയായും അംഗമായും ഉള്ള സാദ്ധ്യക്രിയയെ വിവരിച്ചതിന്റെ ശേഷം ഇനി ബാക്കിയുള്ള സിദ്ധക്രിയയെ എടുക്കുന്നു. ഈ മാതിരി ക്രിയയെ കുറിക്കുന്ന പ്രത്യയങ്ങൾക്ക്"കൃത്ത്" എന്നുപേർ മുമ്പിൽത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ. വാസ്തവത്തിൽ സാദ്ധ്യദശയിൽ ഇരിക്കുന്ന ക്രിയയേ ക്രിയയാവുകയുള്ളു എന്നുസ്ഥാപിച്ചിട്ടുള്ളതിനാൽ സിദ്ധക്രിയകളൊക്കെയും ക്രിയയിൽനിന്നു ജനിച്ച നാമങ്ങളാകുന്നു. നാമത്തിൽനിന്നുളവാകുന്ന നാമപ്രത്യയങ്ങൾക്ക് തദ്ധിതമെന്നു പേർ ചെയ്തുപോലെ ക്രിയയിൽനിന്നുത്ഭവിക്കുന്ന നാമപ്രത്യയങ്ങൾക്ക് കൃത്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-27.tex/Line: 959

പ്രത്യയമെന്ന സംജ്ഞ കൊടുത്തിരിക്കുന്നു.[26] "കൃതികൃത്ത്", "കാരകകൃത്ത്" എന്ന കൃത്ത് രണ്ടുവിധം; ഒന്നാമത്തേത് കേവലമായ ക്രിയാസ്വരൂപത്തെക്കുറിക്കുന്നു; രണ്ടാമത്തേതിൽ ക്രിയയെ നടത്തുന്ന കാരകങ്ങളിൽ ഒന്ന് പ്രത്യയത്തിന്റെ വാച്യമായി നിൽക്കുന്നു.

[26] പ്രത്യയങ്ങൾക്കാണു തദ്ധിതമെന്നും കൃത്തെന്നും പേർ — എന്ന് ഇവിടെ സ്പഷ്ടമായി പറഞ്ഞിരിക്കുന്ന കൃതികൃദ്രൂപത്തെ ഭാവനാമം എന്നും കാരകകൃദ്രൂപത്തെ പുരുഷനാമമെന്നുമാണ് ഗ്രണ്ടർട്ടു വിളിക്കുന്നത്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-28.tex/Line: 5

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

12

കൃതികൃത്തുക്കൾ

9

154. അൽ, തൽ, പ്പ, വ്, ച, തി, ത്തു, ത്തം,
അ, ഇ, അം, മ, വി, ഇൽ, പടി,
തല, മാനം, ടു, മ്പ, വാരം
ഇത്യാദി കൃതികൃത്തുകൾ.

കൃതികൃത്തിനെക്കുറിക്കുന്നതിന് അൽ, തൽ, പ്പ്, വ്, ച, തി, ത്തു്, ത്തം ഇത്യാദി ഇരുപതു പ്രത്യയങ്ങളുണ്ടു്. ഇവയെ ചേർച്ചപോലെ ധാതുക്കളിൽ ചേർക്കേണ്ടതാകുന്നു. വ്യത്യസ്തങ്ങൾ അധികപ്പെടുകയാൽ ഇന്ന ധാതുവിന് ഇന്ന പ്രത്യയം എന്നു വ്യവസ്ഥചെയ്യുന്നതു സ്വൽപം പ്രയാസവും, ഉത്സർഗ്ഗത്തിന് അപവാദം, അപവാദത്തിനുപരി അപവാദം, തിരിയെ പ്രതിപ്രസവം ഇത്യാദി നാനാപ്രകാരമുള്ള വളച്ചുകെട്ടുകൾ കൂടാതെ അസാദ്ധ്യവുമാകയാൽ ഈ വിധത്തിൽ പ്രത്യയങ്ങൾക്കു പരിഗണനം ചെയ്യേണ്ടിവന്നുവെന്നറിക. എങ്കിലും പ്രായികങ്ങളായ ചില നിയമങ്ങളെ താഴെ പ്രസ്താവിക്കാം:

1. അൽ: തുപ്പ് — തുപ്പൽ; ചെയ് — ചെയ്യൽ.
2. തൽ: കെടു — കെടുതൽ; പാ — പാച്ചൽ = (താലവ്യാദേശം); ഊറ് — ഊറ്റൽ, മറി — മറിച്ചൽ.
3. പ്പ്: തേ — തേപ്പ്; കിട — കിടപ്പ്; പാർ — പാർപ്പ്.
4. വ് അറി — അറിവ്; നോ — നോവ്; നിന — നിനവ്; അള — അളവ്.
5 ച ചേർ — ചേർച്ച; വീഴ് — വീഴ്ച; അകൽ — അകൽച: അരുൾ — അരുൾച.
6. തി അറു — അറുതി; പൊറു — പൊറുതി.
7. ത്ത് നെയ്യ് — നെയ്ത്ത്; കൊയ്യ് — കൊയ്ത്ത്; ഊത് — ഊത്ത്; ഓത് — ഓത്ത്; പൂശ് — പൂച്ച്; (താലവ്യാദേശം); പാട് — പാട്ടു് (സന്ധികാര്യം); കൂട് — കൂട്ട്; മാറ് — മാറ്റ്.
8. ത്തം പിടി — പിടിത്തം, വെളി — വെളിച്ചം, വെട്ടം; പാട് — പാട്ടം; കോട് — കോട്ടം; ഏറ് — ഏറ്റം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-28.tex/Line: 44

9. അ കൊടു — കൊട; നിൽ — നില; പടു — പട.
10. ഇ കേൾ — കേളി; തോൽ — തോലി.
11. അം നീൾ — നീളം; ആഴ് — ആഴം; കൾ — കള്ളം; എണ് — എണ്ണം.
12. മ ഓർ — ഓർമ്മ; കൂർ — കൂർമ്മ; താഴ് — താഴ്മ.
13. വി മറ — മറവി; പിറ — പിറവി; തോൽ — തോൽവി.
14. ഇൽ വേവ് — വെയിൽ; തു — തുയിൽ (തുയർ).
15. പടി നട — നടപടി.
16. തല നടു — നടുതല; മറു — മറുതല.
17. മാനം തേ — തേമാനം; വരു — വരുമാനം; തീര് — തീരുമാനം.
18. ട് ചുമ — ചുമട്.
19. മ്പ് കെടു — കെടുമ്പ്
20. വാരം (അരം — അലം) — തങ് — തങ്ങാരം; നൊ — നൊമ്പലം (രം.)[1]

155. ബഹുലം പ്രക്രിയാകാര്യം
ഖരാദേശാദി ചൊന്നതു്.

ഇച്ചൊന്ന ഇരുപതു കൃതികൃത്പ്രത്യയങ്ങളെ ധാതുവിൽ ചേർക്കുമ്പോൾ പലക്രിയാകാര്യങ്ങളും വേണ്ടിവരും; അതിനു വ്യവസ്ഥചെയ്യുന്നതു് ദുഷ്കരമാകുന്നു. പൂർവ്വസവർണ്ണം, താലവ്യാദേശം, കാരിതങ്ങളുടെ ക — പാദ്യാഗമം മുതലായ പ്രക്രിയാകാര്യങ്ങൾ ഇവിടെ പ്രായേണ തരംപോലെ ചെയ്യേണ്ടതാണ്. വിധിച്ചിട്ടില്ലാത്ത ചില വിശേഷകാര്യങ്ങളും ചിലെടത്തു കണ്ടേക്കും.

മുഴങ് + അം = മുഴക്കം (ഖരാദേശവും ദ്വിതവും)
കോ + അം = കോട്ടം (ഖരാദേശവും ദ്വിതവും)
കാ + അൽ = കാവൽ (സന്ധികാര്യം വാഗമം)
കര + തൽ = കരച്ചൽ (ദ്വിത്വവും താലവ്യാദേശവും)

156. (എ) മ നിഷേധപ്രകൃതിയിൽ;
(ബി) അൽ കൊള്ളാം മിക്ക ദിക്കിലും;
(സി) പ്പ് ചേരും കാരിതങ്ങൾക്ക്;
(ഡി) ച രേഫ ല ള ഴ ങ്ങളിൽ.

ഇരുപതു പ്രത്യയങ്ങളെ പരിഗണിച്ചല്ലാതെ ഇന്ന ധാതുവിന് ഇന്ന പ്രത്യയം എന്നു പറഞ്ഞില്ല; അതത്ര സുകരവുമല്ല. എങ്കിലും മാർഗ്ഗപ്രദർശനത്തിനായി ഏതാനും നിയമങ്ങളെ ഈ സൂത്രത്തിൽ കൊടുത്തിരിക്കുന്നു: നിഷേധപ്രകൃതിയിൽ നിന്നു മ പ്രത്യയം വരും; ഏതു ധാതുവിനും ആ ചേർത്തു് നിഷേധപ്രകൃതിയുണ്ടാക്കീട്ടു് നേരെ അതിന്മേൽ മ ചേർത്താൽ കൃ

[1] പ്പം, അവ്, ഉൾ എന്നു മൂന്നു പ്രത്യയംകൂടി ഗ്രണ്ടർട്ട് കൊടുക്കുകയും അടുപ്പം, കുഴപ്പം, കളവ്, വരവ്, ഇരുൾ, പൊരുൾ എന്ന് ഉദാഹരിക്കുകയും ചെയ്യുന്നു. കാൽഡ്വെലാകട്ടെ കൃതികൃത്തുക്കളുടെ വളരെയേറെ രൂപഭേദങ്ങൾ കൊടുക്കുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-28.tex/Line: 70

തികൃത്തിലെ രൂപമാകും. അൽപ്രത്യയം മിക്ക ധാതുവിലും ചേർക്കാം; വേറെ ഒന്നും യോജിക്കാഞ്ഞാൽ ഏതു ധാതുവിലും ഇതു ചെയ്യാം. തമിഴിലും പ്രധാനമായ കൃതികൃത്പ്രത്യയം ഇതുതന്നെ. കാരിതങ്ങളിലാണ് പ്പ് എന്നതിന് അധികമുപയോഗം. ഉ് എന്നു സംവൃതമാണ് പ്രത്യയം; അതു പരമാകുമ്പോൾ കാരിതങ്ങൾക്ക് പ്പ് ഇടനില വരുന്നു എന്ന് ഇവിടെ പ്രക്രിയ പറയാം. അംഗരൂപം തന്നെ കൃതികൃത്തായിരിക്കുന്നു എന്നും യുക്തി കല്പിക്കാം. ഇതുപോലെ മറ്റുള്ളിടത്തും യഥാസംഭവം പ്രക്രിയ ഊഹിക്കുക. ച പ്രത്യയം വരുന്നതു പ്രായേണ ര, ല, ള, ഴ എന്ന വർണ്ണങ്ങളിലവസാനിക്കുന്ന ധാതുക്കൾക്കാണ്.

(എ) മ — ഇല്ലാ; ഇല്ലായ്മ; വല്ലാ — വല്ലായ്മ; അരുത് — അരുതായ്മ; വരാ — വരായ്മ; കൊൾ — കൊള്ളാം — കൊള്ളായ്മ.

(ബി) അൽ: തോന്ന് — തോന്നൽ; പോറ് — പോറൽ.

(സി) പ്പ്: ഇരി — ഇരിപ്പ്; തേ — തേപ്പ്, നില് — നില്പ്പ്.

(ഡി) ച: തളര് — തളർച്ച; കവര് — കവർച്ച; ഉണര് — ഉണർച്ച; വളര് — വളർച്ച; അകൽ — അകൽച്ച; നികൽ — നികൽച്ച; അനൽ — അനൽച്ച; വിരൾ — വിരൾച്ച, ഉരുൾ — ഉരുൾച്ച (ഉരുളിച്ച); താഴ് — താഴ്ച്ച; വേൾ — വേഴ്ച്ച, കാ — കാഴ്ച്ച; വീഴ് — വീഴ്ച്ച. 81

157. ദ്വിത്വം ഖരത്വവും ചേർന്നി-
ട്ടും പറ്റും ങാന്തധാതുവിൽ.

ദ്വിത്വഖരാദേശങ്ങളോടുകൂടെ അം പ്രത്യയം ങകാരാന്തധാതുക്കൾക്കു കൊള്ളാം.

90

ഉദാ: പിണങ് — പിണക്കം. ഇണങ്ങ് — ഇണക്കം. അടങ് — അടക്കം. ഉറങ് — ഉറക്കം.

158. ധാതു രൂപം ചിലേടത്തു
പോരും കൃത്തുകൾ രണ്ടിലും.

കൃതികൃത്തെന്നും, കാരകൃത്തെന്നും രണ്ടു വകയായിട്ടുള്ള കൃത്തുകൾക്കും ചിലപ്പോൾ ധാതുരൂപംതന്നെ മതിയാകും; പ്രത്യയത്തിന്റെ ആവശ്യമില്ല. കൃതികൃത്തിന് ഉദാഹരണം: കളി, കുളി, വിത, പൊടി, നോവ്, വേവ്, പണി, വിളമ്പ്.

കാരകത്തിന് ഉദാഹരണം: വള, പിടി, ഉരുൾ, ചുരുൾ, ഉരുക്ക്. 97

159. ചിലേടത്തുപധാദീർഘം,
വിശേഷപ്രത്യയങ്ങളും.

മറ്റു ചിലേടത്ത് ഉപധാദീർഘം കാണും. "ഉപധ" എന്നാൽ ഉപാന്ത്യം = ഒടുവിലത്തേതിനു മുമ്പുള്ള വർണ്ണം. വേറെ ചില ദിക്കിൽ മുൻപരിഗണിച്ച 20 പ്രത്യയങ്ങൾക്കു പുറമേ വിശേഷാൽ പ്രത്യയങ്ങൾ കാണും. ഉദാ:

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-28.tex/Line: 110

ഉപധാദീർഘത്തിന്

പട് — പേട്ട് — പട്ട് — പാട്ട്; തിൻ — തീൻ.	
ഉൺ — ഊൺ; ചൂട് — ചൂട്ട്; കെടു-കേട്ട്.	
എറ് — ഏറ്; പൊരു — പോരു്; നടു — നാട്ട്.	

113 വിശേഷപ്രത്യയങ്ങൾക്ക്: പുതു — പുത്തൻ; ഒടുങ് — ഒടുവ്; മിക് — മിക് — മിച്ചം.

160. രൂപത്തിനൊത്തു പൊരുളു-
മല്പാല്പം മാറിവന്നിടും.

കൃതികൃത്തുകളിൽ സൂക്ഷ്മം നോക്കുമ്പോൾ അർത്ഥം ഒന്നുതന്നെ എന്നിരിക്കിലും ഓരോ പ്ര
ത്യയത്തിനും ഓരോ വിശേഷമായ ഉപയോഗം വന്നിട്ടുള്ളതിനാൽ രൂപഭേദത്തിനനുരൂപ
മായി അർത്ഥഭേദവും കാണും. ഒരേ ധാതുവിൽതന്നെ പ്രത്യയങ്ങളിൽ ഓരോന്നു മാറിമാറി
117 ചേർത്താൽ അർത്ഥവും മാറുമെന്നു താൽപ്പര്യം. ഉദാ:

തീര് = തീർച്ച, തീർവ, തീരുവ, തീർപ്പ്, തീരുമാനം, തീർവ്.
പകര് = പകർപ്പ്, പകർച്ച, പകരം, വേൾ = വേൾച്ച, വേളി.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-29.tex/Line: 5

13

കാരകൃത്തുക്കൾ

കാരകൃത്തുകൾ ക്രിയയെ വിശേഷണമാക്കി അപ്രധാനീകരിച്ചും കൊണ്ട് ആ ക്രിയാസിദ്ധിയിൽ ഹേതുഭൂതങ്ങളായ കാരകങ്ങളിൽ ഒന്നിനെ വിശേഷ്യമാക്കി പ്രാധാന്യദശയിൽ കാണിക്കുന്നു. കാരകങ്ങളിൽ മുഖ്യം കർത്താവാകയാലും, ശേഷം കാരകങ്ങളെ ഒക്കെയും വിവക്ഷപോലെ കർത്താവാക്കാവുന്നതിനാലും കർത്താവ് ഒന്നുമാത്രമേ കാരകകൃത്തിനർത്ഥമാവുന്നുള്ളു എന്നു വാദിക്കാം. എങ്കിലും ലാഘവത്തിനുവേണ്ടി എല്ലാ കാരകങ്ങളുടെ അർത്ഥത്തിലും കാരകൃത്തു വരുന്നുവെന്നുതന്നെ ഇവിടെ അംഗീകരിച്ചിരിക്കുന്നു.

161. അകാരംതാൻ ഇകാരംതാൻ
കുറി കാരകകൃത്തിന്.

കാരകകൃത്തിൽ അ, ഇ എന്ന രണ്ടു പ്രത്യയങ്ങൾ വരും; അതും സൗകര്യം പോലെ ചേർക്കേണ്ടതും പ്രക്രിയയിൽ അവ്യവസ്ഥിതവും ആകുന്നു. ഉദാ:

നൊണ — നൊണയ	= നൊണയൻ, നൊണച്ചി.	
ചതി — ചതിയ	= ചതിയൻ(വൻ), ചതിച്ചി.	
കോട് — കോട	= കോടൻ (പുംനപുംസകതുല്യം)	
ഉരുൾ — ഉരുള	= ഉരുളൻ	ടി
തുവര് — തുവര	= തുവരൻ	ടി
തെണ്ട് — തെണ്ടി		ടി
മൊണ്ട് — മൊണ്ടി		ടി

ഇവ കർത്തൃർത്ഥങ്ങൾക്കുദാഹരണങ്ങൾ. ഇനി കർമ്മാദ്യർത്ഥങ്ങൾക്ക്:

അരി — അരിപ്പൻ(കരണത്തിൽ); അട — അടപ്പൻ (കർമ്മത്തിൽ):
താങ്ങ് — കാൽതാങ്ങി (അധികരണത്തിൽ).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഇപ്രത്യയം സമാസമായിട്ടാണ് അധികം കാണുന്നത്:

മരം ചാടി	= മരത്തിൽ ചാടുന്ന	വസ്തു	ആൾ
കാടോടി	= കാട്ടിൽ ഓടുന്ന	വസ്തു	ആൾ
മീൻകൊല്ലി	= മീനിനെ കൊല്ലുന്ന	വസ്തു	ആൾ
കാറ്റാടി	= കാറ്റിൽ ആടുന്ന	വസ്തു	ആൾ
വായാടി	= വാകൊണ്ട് ആടുന്ന	വസ്തു	ആൾ
നിലംതല്ലി	= നിലത്തു തല്ലുന്ന	വസ്തു	ആൾ
പാക്കുവെട്ടി	= പാക്കിനെ വെട്ടുന്ന	വസ്തു	ആൾ
തീതോണ്ടി	= തീയെ തോണ്ടുന്ന	വസ്തു	ആൾ
കഴുവേറി	= കഴുവിൽ ഏറേണ്ടുന്ന	വസ്തു	ആൾ
അടിച്ചുതളി	= അടിച്ചുതളിക്കുന്ന	വസ്തു	ആൾ
ആനപ്പാറ്റി	= ആനയെ പാറ്റുന്ന	വസ്തു	ആൾ
നാണം കുണുങ്ങി	= നാണംകൊണ്ടു കുണുങ്ങുന്ന	വസ്തു	ആൾ

162. കാരകാർത്ഥം പലേടത്തും
കാണിക്കും കൃതികൃത്തുകൾ.

കൃതികൃത്തിന്റെ രൂപവും കാരകകൃത്തിന്റെ അർത്ഥവുംകൂടി വ്യാമിശ്രസമ്പ്രദായത്തിലും പ്രയോഗങ്ങളുണ്ട്.[1] ഇതെല്ലാ ഭാഷകളുടേയും സ്വഭാവം തന്നെ. "കൃദഭി ഹിതോ ഭാവോ ദ്രവ്യവത് പ്രകാശതേ" എന്ന സംസ്കൃതനിയമം നോക്കുക. ലക്ഷണാവൃത്തിയാൽ[2] ഉളവാകുന്ന അർത്ഥവികാസങ്ങളാണ് ഇവയെന്നും സമർത്ഥിക്കാം.

[1] എന്തുകൊണ്ട് അടയ്ക്കുന്നുവോ അതു "അടപ്പ്" മുതലായവ.

[2] "വാച്യാർത്ഥത്തിന് അന്വയം വരായ്കയാൽ അതിനെ ഉപേക്ഷിച്ചിട്ട് അതിന്റെ സംബന്ധം ഉള്ളതായ ഒരു പുതിയ അർത്ഥത്തെ പ്രസിദ്ധി പ്രമാണിച്ചോ ഒരു ഫലത്തെ ഉദ്ദേശിച്ചോ ഏതു വ്യാപാരത്തിന്റെ മഹിമയാ നാം കല്പിക്കുന്നു, ആവ്യാപാരം ലക്ഷണവൃത്തി."— ഭാഷാപൂഷണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-30.tex/Line: 1

ഭാഗം അഞ്ച്

ഭേദാധികാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-30.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

ഭേദാധികാരം

തമിഴ് വൈയാകരണന്മാർ ഭേദകത്തെ പ്രത്യേകം ഒരിനമായി ഗണിക്കുന്നില്ല.[1] അവരുടെ മതത്തിൽ ഗുണവാചകങ്ങളായ നാമങ്ങളാണ്.[2] "ചെമ്മ, ചെറുമ" എന്നു ഗുണവാചകനാമമായിട്ടല്ലാതെ ചെം, ചെറു എന്നു കേവലഗുണിവാചകമായിട്ടു പദങ്ങളില്ലെന്നാണ് അവരുടെ വാദം. "ചെങ്കനൽ, ചെറുപയറ്" എന്നിത്യാദി പ്രയോഗങ്ങളിൽ ചെമ്മ, ചെറുമ എന്നിവകളിലെ മ എന്ന അംശം ലോപിച്ചിരിക്കുന്നു എന്ന് അവർ കല്പിക്കുന്നു. ഒരുവിധം നോക്കിയാൽ ഈ വാദത്തിനു യുക്തിയില്ലെന്നുമില്ല. ചെം, ചെറു മുതലായവ ഭേദകപ്രകൃതികളാകുന്നു. അവയെ ഒരു നാമത്തിനു മുൻപ് സമാസമായിട്ടല്ലാതെ പ്രയോഗിച്ചുകൂടാ. ഈ സ്ഥിതിക്ക് സംസ്കൃതത്തിലെ നിത്യസമാസങ്ങളിലുള്ള പൂർവ്വപദങ്ങളുടെ സ്ഥാനമാണവയ്ക്ക്. സ്വതന്ത്രപ്രയോഗാനർഹമായ ശബ്ദം എങ്ങനെ പദമാകും? പ്രത്യയങ്ങളെക്കാൾ എന്തു വിശേ

---

[1] നന്നൂൽസൂത്രം 442, ഉരിച്ചൊൽ = ഭേദകം, ഉരിച്ചൊൽ കവിതയിലേ അധികം കാണാറുള്ളു എന്ന് "ഇലക്കണവിളക്കം". തൊൽക്കാപ്പിയം ചൊല്ലധികാരം 297-ആം സൂത്രവും ശ്രദ്ധിക്കുക.

[2] ഗുണനാമം = abstract noun = പൺപുപ്പെയർ (തൊൽക്കാപ്പിയം). ഈ അഭിപ്രായത്തിന് ഇന്നു പ്രാബല്യമുണ്ട്.

(a) "നാമവിശേഷണത്തിനുവേണ്ടി സംസ്കൃതത്തി ഗുണവചനങ്ങൾ ഉണ്ട്. ആവക മലയാളത്തിൽ ഇല്ലായ്കയാൽ ക്രിയാപദംകൊണ്ടുതാൻ സമാസംകൊണ്ടുതാൻ സമാസങ്ങളെ വിശേഷിപ്പിക്കും. ഇല്ലായ്കയാൽ ക്രിയാപദംകൊണ്ടുതാൻ സമാസംകൊണ്ടുതാൻ സമാസങ്ങളെ വിശേഷിപ്പിക്കും". ഗുണ്ടർട്ട് — മലയാളവ്യാകരണം; വശം 65.

(b) Dravidian adjectives, properly so called are nouns of quality or relations which acquire the signification of adjectives merely by being prefixed to substantive nouns without declensional change — Caldweil; Comparative Grammar, p. 308.

(c) "But there are no adjectives properly so called in Dravidian. Adjectives are nouns inflected in case and gender in congruence with other nouns." Jules Bloch — the Grammatical structure of Dravidian Languages, p. 42.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-30.tex / Line: 13

ഷമാണവയ്ക്കുള്ളത്? ചെമ്മ, ചെറുമ എന്ന് തന്മാത്രതദ്ധിതം അതുകളിൽനിന്നുണ്ടാകുന്നുണ്ട്; സമാസത്തിൽ പൂർവ്വപദമായി നിന്ന് ഒരു ഗുണിയെ കുറിക്കുന്നുമുണ്ടല്ലോ എന്നു ചോദിക്കുന്നതായാൽ നാമകൃതികൾക്കും ഈ മാതിരി പ്രയോഗം വരാറുണ്ട്; അതുകളെയും അപ്പോൾ ഭേദകമെന്നു പറയേണ്ടിവരുമെന്നു തരക്കേടുവരുന്നു." നിറകുടം", "പൊന്മല" എന്നു സമാസങ്ങളിൽ പൂർവ്വപദങ്ങൾ മുറയ്ക്കു കൃതിയും നാമവുമല്ലയോ? അതുകൾ പൂർവ്വപദമായി നിന്നും കൊണ്ട് ഉത്തരപദമായ നാമത്തെ വിശേഷിപ്പിക്കുന്നതുപോലെയല്ലാതെ എന്തു വിശേഷമാണ്"ചെങ്കനൽ", "ചെറുപയറ്" ഇത്യാദികളിലും? ചെവന്ന കനൽ, ചെറിയ പയറ് എന്നിവയ്ക്ക് സ്വതന്ത്രപ്രയോഗവുമുണ്ടല്ലോ എന്നാണ് ഇനി ചോദ്യമെങ്കിൽ അതിനു വേറെ സമാധാനമുണ്ട്. "ചെവന്ന", "ചെറിയ" എന്നിവ പേരെച്ചരൂപങ്ങളാണ്; അതുകൊണ്ട് അവ കൃതികളായിപ്പോയി.

എന്നാൽ ഇതെല്ലാം വെറും മുറട്ടുവാദമാണ്. സ്വതന്ത്രമായാലെന്ത്? പരതന്ത്രമായാലെന്ത്? ചെം, ചെറു മുതലായവ ഗുണിവാചകങ്ങളല്ലയോ? സ്വതപ്രയോഗാർഹത്വംകൂടി പദലക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നുണ്ടോ? അല്ല, സ്വതന്ത്രത്വം കണിശമായിട്ടു നോക്കുകയാണെങ്കിൽ നാമകൃതികൾക്കും[3] വാക്യസ്ഫോടപക്ഷത്തിൽ സ്വാതന്ത്ര്യമുണ്ടോ എന്നു ചോദിക്കാം. പേരെച്ച രൂപം വന്നതുകൊണ്ട് ചെവന്ന, ചെറിയ മുതലായവ ഒരിക്കലും കൃതികളാകുന്നതുമല്ല; കൃതിപ്രകൃതിയായ ധാതുവിൽ പേരെച്ചത്തിനു ചെയ്യുന്ന പ്രത്യയവും പ്രക്രിയയുംതന്നെയാണ് ഭേദകപ്രകൃതികളിലും എന്നു വരരുതോ? വേണമെങ്കിൽ ഒരുപടികൂടി കടന്ന് പേരെച്ചംതന്നെ കൃതികളിൽനിന്നു ജനിക്കുന്ന ഭേദകമാണെന്നുകൂടി നേരെമറിച്ചു വാദിക്കാം. വാസ്തവത്തിൽ പേരെച്ചം നാമത്തെ വിശേഷിപ്പിക്കുന്ന കൃതിയാണല്ലോ. ഗുണദ്വാരാ അല്ല ക്രിയാദ്വാരാ ആണ് വിശേഷിപ്പിക്കുന്നത് എന്നു മാത്രമേ ഭേദമുള്ളു. ഗുണം എന്ന അംശത്തെ ഭേദകത്തിന്റെ ലക്ഷണത്തിൽ അന്തർഭവിപ്പിച്ചിട്ടാവശ്യവുമില്ല. വിശേഷിപ്പിക്കുന്നത് ഗുണത്തെയോ ക്രിയയെയോ പുരസ്കരിച്ചാവാം എന്നേ ഉള്ളു. ഗുണക്രിയകളെ കൂട്ടിച്ചേർത്ത് ഒന്നായി ഗ്രഹിക്കുന്നതിനു "ധർമ്മം" എന്ന പദത്തെ വേണമെങ്കിൽ ഉപയോഗിക്കയും ചെയ്യാം. പേരെച്ചം പേരിനും, വിനയെച്ചം വിനയ്ക്കും വിശേഷണമാണെന്നുള്ളത് സമ്മതിച്ചേ തീരൂ; വിശേഷണമായിത്തീരുന്ന അവസ്ഥയിലും അതുകൾ തങ്ങൾക്കുള്ള ക്രിയാധർമ്മത്തെ ഉപേക്ഷിക്കുന്നില്ല എന്നു മാത്രം വിശേഷം. മറ്റൊന്നിനു കീഴടങ്ങിപ്പോയി എന്നുവച്ചിട്ട് സ്വധർമ്മം വിടണമെന്നില്ലല്ലോ. ചക്രവർത്തിക്ക് കീഴടങ്ങുന്ന സാമന്തരാജാവ് സ്വരാജ്യത്തിൽ, രാജാവുതന്നെയാണല്ലോ. അതുപോലെ പറ്റുവിനകൾ വിശേഷണവാക്യത്തിൽ ആഖ്യാതംതന്നെ. സാമ്രാജ്യത്തെപ്പറ്റി പറയുമ്പോൾ സ്വതന്ത്രനല്ലാത്തതുപോലെ പറ്റുവിനകളും മഹാവാക്യത്തിൽ പരാശ്രയികളാകുന്നു. അതിനാൽ പദവിഭാഗത്തിൽ ഭേ

[3] വാക്യമാണ് അർത്ഥനിവേദനത്തിനുള്ള പ്രഥമ ഏകകം എന്ന സ്ഫോടസിദ്ധാന്തം.

"പദേ ന വർണ്ണാ വിദ്യന്തേ
വർണ്ണേഷ്വവയവാ ഇവ
വാക്യാത് പദാനാമത്യന്തം
പ്രവിവേകോ ന കശ്ചന"— എന്ന വാക്യപദീയകാരികയും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-30.tex/Line: 23

ദകം എന്നൊരിനം ആവശ്യം തന്നെ.[4] 26

163. ഭേദകത്തിൽ പ്രകൃതിതാൻ
നാമാദിക്കു വിശേഷണം;
പേരെച്ചരൂപവും കൊള്ളാം
ധാതുവിൽ ചൊന്നമട്ടിലേ.

വിനയെച്ചത്തിലെ രൂപം
ക്രിയാഗുണവിശേഷണം.
അന്ത്യദ്വിത്വം ക്ലീബരൂപ-
മിത്യാദികളുമങ്ങനെ.

നാമവിശേഷണം, ക്രിയാവിശേഷണം, ഗുണവിശേഷണം എന്നു മൂന്നു വകഭേദങ്ങൾ വരാമല്ലോ. അതിൽ പ്രകൃതികൾതന്നെ ഓരോന്നിനും വിശേഷണമായി നില്ക്കും; നാമകൃതികൾക്കു പറഞ്ഞതുപോലെ രൂപനിഷ്പത്തിയൊന്നും ആവശ്യമില്ല. പ്രകൃതിദശയിൽത്തന്നെ നില്ക്കെ നിമിത്തം നാമവിശേഷണമായി വരുമ്പോൾ വിശേഷ്യങ്ങളായ നാമങ്ങളിൽ നിന്നു പിരിച്ചു പ്രയോഗിക്ക പതിവില്ല. പിരിച്ചു പ്രയോഗിക്കണം എന്നു വിവക്ഷിക്കുന്നപക്ഷം കൃതികൾക്കു പേരെച്ചമുണ്ടാക്കുന്നതിനു ചെയ്യാറുള്ള പ്രത്യയവും പ്രക്രിയയുംതന്നെ ഇതുകൾക്കും; തുല്യന്യായപ്രകാരം വിനയെച്ചത്തിനുള്ളതു് ക്രിയാവിശേഷണങ്ങൾക്കും വരും. പറ്റുവിനകളുടെ രൂപനിഷ്പത്തിസമ്പ്രദായം യോജിക്കാത്തിടത്തു് അന്ത്യവ്യഞ്ജനത്തിനു ദ്വിത്വം, നാമമായിരുന്നാൽ അതിന്റെ നപുംസകൈകവചനരൂപം ഇത്യാദികളും ഭേദകങ്ങളെ സ്വതന്ത്രപ്രയോഗാർഹങ്ങളാക്കിത്തീർക്കും. ഉദാ:

ചെറു	: ചെറുപയറ്	— പ്രകൃതിസ്വരൂപം	സമാസമായിട്ടു്	— നാമവിശേഷണം.
ചെറിയ	: ചെറിയ മരം	— പേരെച്ചം	സ്വതന്ത്രമായിട്ടു്	— നാമവിശേഷണം.
ചെറ്റ്	: മുഖം ചെറ്റ വിയർത്തു	— അന്ത്യദ്വിത്വം	സ്വതന്ത്രമായിട്ടു്	— ക്രിയാവിശേഷണം
ചെറുതു	: മുഖം ചെറുതു വിയത്തു	— ക്ലീബരൂപം	സ്വതന്ത്രമായിട്ടു്	— ക്രിയാവിശേഷണം
മെൽ	: മെല്ലെ — മുഖം മെല്ലെ വിയർത്തു	നടുവിനയെച്ചം	സ്വതന്ത്രമായിട്ടു്	— ക്രിയാവിശേഷണം
ഒട്ടു	: (1) ഒട്ടു നേരം	:		നാമവിശേഷണം
	(2) ഒട്ടു നന്ന്	:		ഗുണവിശേഷണം
	(3) ഒട്ടു ഫലിച്ച കാര്യം	:		ക്രിയാവിശേഷണം

53

164. ആയ–ആയി–കൾ കൂടാതെ

[4] ഭേദകം ആവശ്യമാണെന്നും മലയാളത്തിൽ ഭേദകങ്ങൾ കേരളപാണിനി സിദ്ധാന്തിച്ചിട്ടുള്ളതു ഉണ്ടെന്നും ഉള്ള നിലപാടുകൾ പുനഃപരിശോധനയ്ക്കു വിഷയമായിട്ടുണ്ട്. മലയാളത്തിൽ ഭേദകങ്ങളായി കരുതപ്പെടുന്ന പല പദങ്ങളും അർത്ഥംകൊണ്ടു മാത്രമേ ഭേദകങ്ങളായിരിക്കുന്നുള്ളൂ. പക്ഷേ, പദവിഭാഗകല്പനയുടെ മുഖ്യാടിസ്ഥാനങ്ങൾ പദവ്യാകരണവും (morphology) ആകാംക്ഷയും (syntax) ആണല്ലോ. (കൂടുതൽ പ്രസ്താവന നോക്കുക).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക. File: kp-30.tex / Line: 55

യോജിക്കില്ല വിഭാവകം.

ഭേദകങ്ങളിൽ ശുദ്ധം, നാമാംഗജം, ക്രിയാംഗജം എന്ന വിഭാഗങ്ങളെപ്പറ്റിയാണ് പൂർവ്വസൂത്രത്തിൽ പറഞ്ഞത്. പ്രകൃതസൂത്രം "വിഭാവകം" എന്ന ഇനത്തെപ്പറ്റിയാകുന്നു. വിഭാവക ഭേദകം ലിംഗഭേദത്തെക്കൂടി കാണിക്കുന്നതാകയാൽ അത് ഏകദേശം നാമത്തിനു തുല്യമാണ്. വ്യാകരണദൃഷ്ട്യാ വിഭാവകം നാമത്തിന്റെ വകഭേദമാകേണ്ടതാണ്; ഗുണദ്വാരാ നാമങ്ങളെയും ക്രിയകളെയും ഭേദിപ്പിക്കുകയാൽ, ഭേദകലക്ഷണത്തിൽ അർത്ഥംപ്രമാണിച്ച് ഇതിന് അന്തർഭാവം വരുന്നുവെന്നേ ഉള്ളു. ശുദ്ധത്തിന് എത്രത്തോളം പാരതന്ത്ര്യം നിമിത്തം അതു വിശേഷ്യത്തോടു നേരെ യോജിക്കുന്നില്ല; അതിനാൽ ആയ, ആയി എന്ന് "ആവുക" ധാതുവിന്റെ പറ്റുവിനകളുടെ സഹായം ഇതിനു വേണ്ടിയിരിക്കുന്നു. നാമവിശേഷണമാകുമ്പോൾ ആയ എന്ന പേരെച്ചവും, ഗുണക്രിയാവിശേഷണങ്ങളാകുമ്പോൾ ആയി എന്ന വിനയെച്ചവും മദ്ധ്യേ പ്രയോഗിക്കണം. ഉദാ:

കേമമായ സദ്യ — നാമവിശേഷണം	സദ്യ കേമായി നടന്നു — ക്രി. വി.
സുഖമായ ഉറക്കം — നാമവിശേഷണം	ഉറക്കംസുഖമായി വരുന്നു — ക്രി. വി.

63

165. സാംഖ്യം മുറയ്ക്കൊരിരുമൂ-
നാലെയറെഴുവെൺപതു.

സാംഖ്യഭേദകങ്ങളെ മുറയ്ക്ക് ഈ സൂത്രത്തിൽ പരിഗണിച്ചിരിക്കുന്നു.

1. ഒരു	3. മൂ.	5. ഐ	7. എഴു	10. പതു
2. ഇരു	4. നാൽ	6. അറു	8. എൺ	

ഉദാ: ഒരു കുതിര, മുക്കണ്ണൻ, ഐയമ്പൻ, എഴുപത്, പതു (ഇൻ) ആയിരം ഇരുഭാഗം, നാലു ദിക്കുകൾ, അറുനൂറു, എൺദിശ

സ്വാർത്ഥവിശ്രാന്തിസൂചകമായ അനുനാസികസംസർഗ്ഗം; കു, ടു, തു, റു, എന്ന വിവർത്തക പ്രത്യയങ്ങൾ; അന്ത്യദ്വിത്വം ഈവക പ്രക്രിയകൾകൊണ്ട് ഈ സാഖ്യഭേദങ്ങൾ സാംഖ്യനാമങ്ങളായിത്തീരുന്നു. ഉദാ:

ഒരു:	ഒൻരു = ഒൻരു = ഒന്ന്	അനുനാസികസംസർഗ്ഗം
ഇരു:	ഇര് + അ + തു = ഇരണ്ടു = രണ്ടു്	അനുനാസികസംസർഗ്ഗം തു പ്രത്യയവും
മൂ:	മുരു = മുറു = മുൻറു = മുന്നു്	അനുനാസികസംസർഗ്ഗം റു പ്രത്യയം
നാൽ:	നാൽ + കു(ലകാരത്തിന് അനുനാസികം) = നാങ്കു	കു പ്രത്യയവും.
ഐ:	ഐഞ്ചു = ഐഞ്ചു = അഞ്ചു്	അനുനാസികവും തുപ്രത്യയവും.
അറു:	ആറു ദീർഘം.	
എഴ്:	ഏഴ് ദീർഘം.	
എൺ:	എട്ടു്	ദ്വിത്വഖരാദേശങ്ങളും ടു പ്രത്യയവും.
പതു:	പത്തു്	ദ്വിത്വം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-30.tex/Line: 92

ഇരു[5] — ഇലെ ഉകാരം സംവൃതമാണ്; അതുകൊണ്ട് ശബ്ദസ്വരൂപം ഇര് എന്നേ ഉള്ളൂ. ഏകമാത്രമായിട്ടു പദം നിന്നുകൂടാ എന്നുള്ള സിദ്ധാന്തപ്രകാരമാണ് അതിൽ സംവൃതം ചേർക്കുന്നത്. ഈ ഫലം സാധിക്കുന്നതിന് ആദ്യസ്വരം നീട്ടിയാലും മതി. അതിനാൽ ഈരു് എന്നും രൂപമുണ്ട്. അറു, ഏഴു എന്നിവയെ നോക്കുമ്പോൾ മു "മുരു" എന്നുതന്നെ ആയിരിക്കണമെന്നൂഹിപ്പാൻ വകയുണ്ട്. കർണ്ണാടകത്തിലെ രൂപവും അങ്ങനെതന്നെ; തമിഴ്മലയാളങ്ങളിൽ രു ലോപിച്ചതായിരിക്കാം. നാങു എന്ന ശരിയായ നാമരൂപം മലയാളത്തിൽ "പതിന്നാങു" എന്ന ചതുർദ്ദശീതിഥിസംജ്ഞയിലും "ഇരുനാങെട്ട്" ഇത്യാദി എൺചുവടികളിലും മാത്രമേ ഉപയോഗിക്കാറുള്ളൂ; മറ്റുള്ളിടത്തു നാൽ എന്ന ഭേദകരൂപംതന്നെ നടപ്പായി. ഐമ്പതു ഐഞ്ഞൂറു ഇത്യാദികളിൽ ഭേദകാവസ്ഥയിലും അനുനാസികയോഗം ഏർപ്പെട്ടിരിക്കുന്നു. "ഐത്തു" എന്ന തമിഴിലെ ഐകാരം "അഞ്ച്" എന്നതിൽത്തന്നെ അകാരമായിട്ടു മാറിപ്പോയതിനാൽ അൻപതു്, അഞ്ഞൂറ് എന്ന് എഴുത്തിൽ വിധം മാറിപ്പോയി.[6] "തൊണ്ണൂറ്", തൊള്ളായിരം" രണ്ടിന്റെയും ഛായ നോക്കുമ്പോൾ ഒൻപതു "തൊപത്" ആയിരിക്കണമെന്നു തെളിയുന്നു; തെലുങ്കിൽ "തൊമ്മിദി" എന്നു തകാരം കാണുന്നുമുണ്ട്. തൊൾ എന്ന പ്രകൃതിക്കു "മുൻ" എന്നാണർത്ഥം. അപ്പോൾ പത്തിനു മുൻപിലത്തേതു = തൊപതു (= ഒൻപത്) എന്നർത്ഥവും യോജിക്കുന്നുണ്ട്. "പതു" അന്ത്യദ്വിത്വം കൊണ്ട് എളുപ്പത്തിൽ പത്തായിക്കൊള്ളും.[7] പതിനൊന്ന്, പതിമൂന്ന്, പതിന്നാല് ഇത്യാദികളിൽ ഇൻ അംഗസംസ്കാരം വരുന്നു. ഇരുപതു്, മുപ്പതു് ഇത്യാദികളിൽ സമാസം കൊണ്ട് ശബ്ദം നീളുന്നതിനാൽ "ഇരുപത്" എന്ന് അന്ത്യദ്വിത്വത്തിന്റെ ആവശ്യമില്ല. പന്ത്രണ്ടിൽ പതു — വിനു പകരം "പന്ത്" എന്നാണ് പ്രകൃതി. ഇതി ഇരുപാനേഴ് (27) എന്നും മറ്റും ചെന്തമിഴിൽ കാണുന്ന പാൻ എന്നതിൽ ബലത്തിനുവേണ്ടി തകാരം ചേർത്തുണ്ടാക്കിയതായിരിക്കണം. ഇതിന്റെ തന്നെ തമിരൂപം "പന്തിരണ്ട്" എന്നാണല്ലോ.

ഒന്ന് (ലാറ്റിൻ — ഉനസ്), അഞ്ച് (സംസ്കൃതം — പഞ്ച), എട്ട് (സംസ്കൃതം — അഷ്ട), പത്തു് (സംസ്കൃതം — പംക്തി) എന്ന സംഖ്യകൾക്ക് അതാതു് ആര്യഭാഷാശബ്ദങ്ങളോടു സാമ്യം കാണുന്നു. അതിനാൽ ഈ പദങ്ങൾ ഒന്നുമറ്റതിൽനിന്നു കടംവാങ്ങിയവ ആയിരിക്കാമെന്നു പലരും ശങ്കിച്ചിട്ടുണ്ട്. കടംവാങ്ങുക ദരിദ്രൻ ധനികൻവശമാണല്ലോ പതിവ്. അപ്പോൾ ദ്രാവിഡങ്ങൾ ആര്യഭാഷകളിൽനിന്നു കടംവാങ്ങി എന്നു വരണം. എന്നാൽ ഈ സംഗതി വേണ്ടുംവണ്ണം വിചാരണചെയ്തിട്ട് ധ്വനിസാമ്യം കാണുന്നതു് കേവലം യദൃച്ഛാവിലാസമേ ഉള്ളൂ എന്ന് ഡാക്ടർ കാൽഡ്വൽ തീരുമാനിച്ചിരിക്കുന്നു.[8] പന്തിരണ്ട് എന്നു മലയാളത്തിൽ പംക്തി ശബ്ദം തെളിഞ്ഞു കാണുന്നുണ്ടെന്ന് ഗ്രണ്ടർട്ട് പ്രബലമായി വാദിക്കുന്നു. എന്നാൽ കടംവാങ്ങുന്ന പക്ഷം ഐന്ദ്യയൂറോപ്യൻഭാഷകൾക്കു പൊതുവേയുള്ള ദശശബ്ദം വിട്ട് അനതിപ്രസിദ്ധമായ പംക്തിശബ്ദത്തെ കെക്കൊള്ളാനുള്ള കാരണം എന്തെന്നു സ്പഷ്ടമാകുന്നില്ല. സംസ്കൃതത്തിൽ വിംശതി, സപ്തതി, നവതി ഇത്യാദികളിലെ "തി" പംക്തിയുടെ അവശേ

---

5 സംവൃതം — ഇര് + ഉ > ഇരു.

6 നൂറിനോട് തൊട്ടുനില്ക്കുന്നതു് തൊണ്ണൂറ്. തൊൾ — തൊട്ട് (തൊൽക്കാപ്പിയം. എഴുത്ത് 397).

7 "പത്തു" "പക്തി" യുടെ തദ്ഭവം ആകാം — ഗ്രണ്ടർട്ട്; മ. വ്യാ., വശം. 61

8 കാൽഡ്വൽ — comparative Grammer, p 71.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-30.tex/Line: 94

ഷമാണെന്നു സ്ഥാപിക്കാമെങ്കിൽ ഗ്രണ്ടർട്ടിന്റെ യുക്തിക്കു ബലം കൂടുമായിരുന്നു. ആയിരം മുതൽ മേൽപ്പോട്ടുള്ള ഉയർന്ന സംഖ്യകളുടെ സംജ്ഞകൾ സംസ്കൃതത്തിൽനിന്നു ദ്രാവിഡർ എടുത്തതാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. "സഹസ്രം" ഊഷ്മത്യാഗത്താൽ എളുപ്പത്തിൽ ആയിരമാകും; കർണ്ണാടകത്തിൽ സാവിര എന്ന് ആദ്യസകാരം കേൾക്കുന്നുമുണ്ട്. ലക്ഷകോടികൾ തത്സമങ്ങൾ തന്നെ.

ശരിയായ സംഖ്യഭേദകങ്ങളെ സമാസമായിട്ടേ ഉപയോഗിക്കാറുള്ളൂ; വാക്യത്തിൽ സംഖ്യാനാമങ്ങളെത്തന്നെ ഭേദകമായിട്ടുപയോഗിച്ചുവരുന്നു. ഒരു — വിനു മാത്രം വാക്യത്തിലും ഉപയോഗമുണ്ട്; ഒന്ന് എന്നതിനെ ഒരിക്കലും ഭേദകമായിട്ടു പ്രയോഗിക്കാറില്ല. ആം എന്ന ശീലഭാവിപേരെച്ചത്തിന്റെ യോഗത്താൽ സംഖ്യാനാമങ്ങളിൽനിന്നു പൂരണികൾ ഉണ്ടാ
97 കുന്നത് തദ്ധിത പ്രകരണത്തിൽ വിവരിച്ചിട്ടുണ്ട്.

166. വിഭക്ത്യാഭാസരൂപങ്ങ-
ളെല്ലാംതാൻ ഭേദകങ്ങളാം.

വിഭക്ത്യാഭാസരൂപങ്ങളെ നാമനിഷ്പന്നങ്ങളായ ഭേദകങ്ങളായിട്ട് ഗണിക്കാം. നിർദ്ദേശികയൊഴികെയുള്ള വിഭക്തികളെല്ലാം ക്രിയയെയോ നാമത്തെയോ വിശേഷിപ്പിക്കുന്നു; എങ്കിലും വിഭക്തികൾ നാമത്തിന്റെ രൂപ ഭേദങ്ങളെന്നേ വരൂ. വിഭക്ത്യാഭാസങ്ങളാകട്ടെ വിഭക്തിയെപ്പോലെ സാർവ്വത്രികങ്ങളല്ലാത്തതിനാൽ അതുകളെ നാമത്തിന്റെ രൂപാന്തരങ്ങളായിട്ടു വിചാരിപ്പാൻ തരമില്ല.

103 ഉദാ:

അന്ന്, ഇന്ന്, അങ്ങ്, ഇങ്ങ്, അവിടെ, ഇവിടെ (ക്രിയാവിശേഷണം)
കാട്ടിലേ, വീട്ടിലേ, അത്ര, ഇത്ര (നാമവിശേഷണം).

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-31.tex/Line: 1

ഭാഗം ആറ്

നിപാതാവ്യയാധികാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

നിപാതാവ്യയാധികാരം

വാചകശബ്ദങ്ങളായ നാമകൃതിഭേദകങ്ങളെ പ്രത്യേകം എടുത്തു വിവരിച്ചു കഴിഞ്ഞല്ലോ. ഇനി ദ്യോതകശബ്ദങ്ങളായ നിപാതാവ്യയങ്ങളെപ്പറ്റി വിചാരണചെയ്യാം. ദ്യോതകശബ്ദങ്ങൾക്ക് രൂപഭേദമില്ലാത്തതിനാൽ അവയെപ്പറ്റി ഏറെയൊന്നും പ്രസ്താവിക്കേണ്ടതില്ല.

ആദികാലത്തിൽ നാമം, കൃതി, ഭേദകം എന്നു മൂന്നു വാചകശബ്ദങ്ങളും നിപാതം എന്നൊരു ദ്യോതകശബ്ദവും മാത്രമേ ഭാഷയ്ക്കുണ്ടായിരുന്നുള്ളു. പിന്നീട് പല പുതിയ സംബന്ധവിശേഷങ്ങളെയും കാണിക്കേണ്ടിവന്നപ്പോൾ നാമകൃതിരൂപങ്ങളിൽ ചിലതിനെത്തന്നെ ദ്യോതകമായിട്ടുപയോഗിച്ചുതുടങ്ങി. ഇങ്ങനെയാണ് അവ്യയങ്ങളുണ്ടായിത്തീർന്നത്.[1] അതിനാൽ ചില നാമരൂപങ്ങളും കൃതിരൂപങ്ങളും ചിലപ്പോൾ രണ്ടുവിധത്തിലും ഉപയോഗിച്ചു കാണും. "വിവരം കുറിച്ചുവയ്ക്കുന്നു" എന്നിടത്ത് "കുറിച്ച്" എന്നത് "കുറിക്കുക" എന്ന കൃതിയുടെ മുൻവിനയെച്ചരൂപമായിരിക്കേ "ആ സംഗതിയെക്കുറിച്ച് എനിക്കറിവില്ല" എന്ന വാക്യത്തിൽ "കുറിച്ച്" ദ്യോതകമാകയാൽ അവ്യയമായിച്ചമഞ്ഞിരിക്കുന്നു. അവ്യയത്തിനും നിപാതത്തിനും പ്രവൃത്തി ഒന്നാകയാൽ അവയ്ക്കുള്ള വിഭാഗങ്ങളും ഒന്നു തന്നെ. നിപാതമായാലും അവ്യയമായാലും രണ്ടിനെയും ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നു വിഭജിക്കാം.

---

[1] നാമകൃതികളിൽനിന്നാണ് അവ്യയങ്ങളുടെ ഉൽപത്തി. "മലയാള അവ്യയങ്ങൾ മിക്കതും ക്രിയയിൽനിന്നുണ്ടായി. അവ്യയം ആകുന്നത് നാമത്തിനും ക്രിയയ്ക്കും വരുന്നപ്രകാരം അക്ഷരവ്യയം മുതലായ മാറ്റങ്ങൾ വരുന്ന പദം അത്രേ"— ഗുണ്ടർട്ട്; മ. വ്യാ. വശം. 11. "ആഖ്യയോ ആഖ്യാതമോ ആയിരിപ്പാനുള്ള ശക്തിയില്ലാത്ത പദങ്ങൾ അവ്യയങ്ങളാകുന്നു"— ശേഷഗിരിപ്രഭു; വ്യാകരണമിത്രം, വശം 250.

> "സദൃശം ത്രിഷു ലിംഗേഷു
> സർവ്വസു ച വിഭക്തിഷു
> വചനേഷു ച സർവ്വേഷു
> യന്നവ്യേതി തദവ്യയം"— എന്ന നിർവചനവും നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-31.tex / Line: 18

നാമത്തിനും കൃതിക്കുമാണല്ലോ രൂപഭേദങ്ങളുള്ളത്. രണ്ടിന്റെയും പലേ രൂപങ്ങൾ വാച്യാർത്ഥം വിട്ട് ദ്യോതകങ്ങളായി ദൃഷിക്കയാൽ അവ്യയക്കൂട്ടത്തിൽ ചേർന്നിട്ടുണ്ട്. അതുകൾക്ക് കഴിയുന്നതും സാമാന്യ ലക്ഷണംചെയ്യാൻ നോക്കാം:

167. എൻ നിരൂപകമാം ധാതു,
സമ്പത്തിക്രിയയാവുക;
ഇവരണ്ടിൻ പറ്റുവിന-
രൂപമവ്യയമായ് വരും.

എൻ എന്ന ഖിലധാതുവിന് ഒരുവസ്തുവിന്റെയോ സംഗതിയുടെയോ സ്വരൂപത്തെ നിരൂപണം ചെയ്യ അർത്ഥമാകയാൽ അതിന് നിരൂപകക്രിയ എന്നു പേർ. അതുപോലെ ഒന്ന് ഒരു വിധമായി ചമയുന്നു എന്നു കാണിക്കുന്ന "ആവുക" ധാതുവിന് സമ്പത്തിക്രിയ എന്നു പേർ. ഇതു രണ്ടിന്റെയും പറ്റുവിനകളിൽ, അതായത് വിനയെച്ചത്തിലും പേരെച്ചത്തിലും, ഉള്ള മിക്ക രൂപങ്ങളും അവ്യയങ്ങളായി വരുന്നവയാണ്. ഇതിൽ പേരെച്ചരൂപങ്ങൾ ഗതികൾ എന്ന ഇനത്തിലും, വിനയെച്ചരൂപങ്ങൾ ഘടകം എന്ന ഇനത്തിലും ഉൾപ്പെടും.

എൻ — എന്നു; എന്ന്, എനെ, എങ്കിൽ, എന്നാൽ.

ആ — ആയ, ആകുന്ന, ആകും, ആം, ആയി, ആയിട്ട്, ആയ്; ആകെ, ആകിൽ, ആയാൽ.

ഇതിൽ[2] എനെ (തൻവിനയെച്ചരൂപം) വിലങ്ങനെ, പതുക്കനെ ഇത്യാദി അപൂർവ്വമായിട്ടേ നടപ്പുള്ളു.

168. വിനയെച്ചം ദൃഷിച്ചുള്ളോ-
രവ്യയം ഗതി മിക്കതും.

ഗതികൾ എന്ന ഇനത്തിൽ മിക്കതും വിനയെച്ചം ദൃഷിച്ചുണ്ടായതാകായാൽ അവ്യയമായിരിക്കും.

മുൻവിയെച്ചം:	കൊണ്ട്, കുറിച്ച്, പറ്റി	— ഇത്യാദി.
പാക്ഷികം:	കാണിൽ, കാട്ടിൽ, കായിൽ	— ഇത്യാദി.
തൻ:	വരെ, കാണെ	— ഇത്യാദി.

നിപാതങ്ങൾ എണ്ണത്തിൽ വളരെ ചുരുങ്ങും. പ്രധാനപ്പെട്ടവയെ താഴെ കാണിച്ചിരിക്കുന്നു:

1. ഉം: സമുച്ചയനിപാതം — സമുച്ചയം, അനവക്ലൃപ്തി ഇത്യാദികളർത്ഥങ്ങൾ

2. ഓ: വികൽപനിപാതം — വികല്പം, ചോദ്യം ഇത്യാദികളർത്ഥങ്ങൾ.

[2] "അന" എന്നും ആകും. തിട്ടന, പട്ടന, കടുതന.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-31.tex/Line: 44

3. ഏ: അവധാരണനിപാതം — അവധാരണം, വ്യവച്ഛേദം, സംബോധനം, പ്രകാരം, മാർഗ്ഗം — ഇത്യാദികളർത്ഥങ്ങൾ.

4. ആ: അതാ, ഇതാ എന്നതുകളിൽ കാണുന്ന — ചൂണ്ടിക്കാണിക്കുക അർത്ഥം.

5. ആൻ: ആരാൻ, എന്തുവാൻ എന്നിവയിൽ കാണുന്ന — അനവ ക്ലൃപ്തി അർത്ഥം.

6. ഈ: "അല്ലീ" എന്നിടത്തു കാണുന്ന — അലങ്കാരമായ ചോദ്യമർത്ഥം.

ഇവയിൽ ആ, ഈ, ഉം[3] ചുട്ടെഴുത്തുകളിൽ നിന്ന് ജനിച്ചവയാണെന്ന് ഊഹിക്കാം. ആൻ "ആയിൽ" (= ആകിൽ)[4] എന്ന പഴയ പാക്ഷികവിനയെച്ചത്തിന്റെ വികൃതരൂപമായി വരാം.

നിപാതങ്ങളുടെ അർത്ഥവിശേഷങ്ങളും, പ്രയോഗവൈചിത്ര്യങ്ങളും വ്യാകരണത്തിൽ പ്രതിപാദിക്കേണ്ടുന്ന വിഷയങ്ങളല്ല. എങ്കിലും സമുച്ചയവികല്പങ്ങളെപ്പറ്റി രണ്ടു വാക്കു പറയേണ്ടതുണ്ട്. 52

169. സമുച്ചയവികല്പങ്ങൾ
സജാതീയത്തിനേ വരൂ.

സമുച്ചയനിപാതം ഉം, താൻ; വികല്പനിപാതം ഓ; ഇതു രണ്ടും ഒരേ തരത്തിലും ഒരേ കാരകാദിസംബന്ധത്തിലും ഉള്ള പദങ്ങളെ മാത്രമേ സമുച്ചയിക്കയും വികല്പിക്കയും ചെയ്യുകയുള്ളൂ.

ഉദാ: രാമനും കൃഷ്ണനും ഗോവിന്ദനും മറ്റും വന്നു.
ചെറുപ്പക്കാരനും മിടുക്കനും ആയ രാമൻ.
രാമൻ രാവിലെ എഴുന്നേല്ക്കയും, പള്ളിക്കൂടത്തിൽ സമയത്തിനെത്തുകയും ശ്രദ്ധിച്ചു പഠിക്കയും ചെയ്യുന്നു.

പ്രത്യുദാഹരണം: "ലേലത്തിൽ വിളികേൾക്കുന്നതിനു മനസ്സുള്ള ആളുകൾ അവധിദിവസം ഹാജരായിക്കൊള്ളുവാനുള്ളതും ഈയ്യമണ്ണിനെ വിലയ്ക്കു വാങ്ങിക്കുന്നവർ അതിനെ ... രാജഭോഗം കൊടുത്തു കൊണ്ടു പോകുവാനുള്ളതാകയാൽ ആ വിവരവും ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു." തിരു. ഗസെറ്റ്, പേ. 1683 — ധനു — 6 — 69.

ഇതിൽ "കൊള്ളുവാനുള്ളത്" എന്നതും, "ആ വിവരം" എന്നതും സജാതീയങ്ങളല്ലാത്തതിനാൽ അവയെ "ഉം" കൊണ്ടു സമുച്ചയിച്ചതു ശരിയല്ല. ഈ വാക്യത്തെ രണ്ടുപ്രകാരം തിരുത്താം:

(1) മനസ്സുള്ള ആളുകൾ അവധിദിവസം ഹാജരായിക്കൊള്ളേണ്ടതാണെന്നും... കൊണ്ടു പോകുവാനുള്ളതാണെന്നും (ഉള്ള) വിവരം ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു.

---

[3] "ഉ" ചുട്ടെഴുത്തിൽനിന്ന് ജനിച്ചതാണോ?

[4] "ആയിൽ ആകർണ്യതാം."— ലീലാതിലകം., ശില്പം ഒന്ന്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-31.tex / Line: 69

(2) മനസ്സുള്ളവർ ഹാജരായിക്കൊള്ളുവാനുള്ളതും ഈയ്യമണ്ണിനെ... കൊണ്ടു പോകുവാനുള്ളതും ആകയാൽ വിവരം ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു.

ഈമാതിരി അന്വയിക്കാത്ത വാക്യങ്ങൾ സർക്കാർ എഴുത്തുകുത്തുകളിലും മറ്റും ഒട്ടും അപൂർവ്വമല്ല. എത്രതന്നെ വ്യാമിശ്രമായിരുന്നാലും ഒരു സംഗതിയെ ഒരു വാക്യംകൊണ്ട് വിവരിച്ചാലേ സാമർത്ഥ്യമായുള്ളു എന്നുള്ള ഭ്രമത്തിലാണ് രായസക്കാർ ഈവിധം അസംബന്ധവാക്യങ്ങളെഴുതിക്കൂട്ടുന്നത്. അന്യോന്യം യോജിക്കാത്ത പലതരം വാക്യഖണ്ഡങ്ങളെ തുന്നിത്തച്ചു കെട്ടിച്ചമയ്ക്കുന്ന മഹാവാക്യങ്ങൾ കോമാളിയുടെ കുപ്പായം പോലെ വിചിത്രങ്ങളായിരിക്കുമെന്നതിലേക്കു സംശയമില്ല. അതിനാൽ സജാതീയസമുച്ചയംതന്നെയും രണ്ടുമൂന്നു ദിക്കിലായി ഒരേ വാക്യത്തിൽ പ്രയോഗിക്കുക അഭംഗിയാണ്.

ഉദാ: അങ്ങനെ ഹാജരാകുന്ന ആളുകൾ ലേലത്തിൽ ചേർന്നു വിളികേൾക്കുന്നതിനു മുമ്പു പേരൊന്നിനു 15 രൂപാവീതം റെഡിമണി (ശ) കെട്ടിവയ്ക്കയും ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ നാലിലൊരു ഭാഗം (1) ഉടനേയും ശേഷം ഒരു (2) വാരത്തിനകവും ഒടുക്കി, സാമാനം കൈവശപ്പെടുത്തി (a) ക്കൊണ്ടുപോകയും (b) ചെയ്യേണ്ടതും ലേലം വിളികേൾക്കാത്ത ആളുകളുടെ റെഡിമണി ഉടൻ തിരികെ (c) കൊടുക്കുന്നതും ആകുന്നു. തി.ഗ. പേ. 1673. ധനു 6 – 69.

ഈ വാക്യത്തിൽ അവിടവിടെ ലക്കമിട്ടു കാണിച്ചപ്രകാരം മൂന്നുതരം ഉപവാക്യങ്ങളെ സമുച്ചയിക്കുന്നതിന് "ഉം" ഉപയോഗിച്ചിട്ടുണ്ട്. ഈമാതിരി വാക്യങ്ങളെ അന്വയിക്കുന്നതിൽ ഇംഗ്ലീഷ്, സംസ്കൃതം മുതലായ ഭാഷകളിൽ പരിചയിച്ചിട്ടുള്ള മലയാളികൾക്കുതന്നെ എത്രമാത്രം ക്ലേശം നേരിടുന്നുവെന്നുള്ളതിലേക്ക് അനുഭവംതന്നെ സാക്ഷിയാകുന്നു. എത്രതന്നെ ക്ലേശിച്ചാലും ഇതിനെ സ്വല്പം ഭേദപ്പെടുത്താതെ ഒരർത്ഥമുണ്ടാക്കുന്നതു പ്രയാസംതന്നെ. താഴെ കാണിക്കുംപ്രകാരം മുറിച്ചാൽ വാക്യം ശരിയായിരിക്കും:

> അങ്ങനെ ഹാജരാകുന്ന ആളുകൾ...റെഡിമണി കെട്ടിവയ്ക്കേണ്ടതും, ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ...സാമാനം കൈവശപ്പെടുത്തിക്കൊണ്ടു പോകേണ്ടതുമാകുന്നു. ലേലംവിളി...കൊടുക്കപ്പെടുകയും ചെയ്യും.

സമുച്ചയിക്കേണ്ടുന്ന പദങ്ങളെ വേർതിരിച്ച്, ഓരോന്നിലും, സമാനമായ വാക്യഭാഗം ചേർത്ത്, ഓരോ സ്വതന്ത്രവാക്യമാക്കിച്ചമയ്ക്കുമ്പോൾ യോജിച്ചുവന്നാൽ ഉം — ഇന്റെ പ്രയോഗം ശരിയായി എന്നു നിശ്ചയിക്കാം. ഓ എന്ന വികല്പാർത്ഥകത്തിന്റെ പ്രയോഗത്തിലും ഇതിന്മണ്ണം ഊഹിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 2

ഭാഗം ഏഴ്

ആകാംക്ഷാധികാരം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്തു് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്തു് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1

വാക്യപ്രകരണം

പിതൃപുത്രാദിസംബന്ധംപോലെ ക്രിയയ്ക്ക് കാരകങ്ങളോട്, കാരകങ്ങൾക്ക് ക്രിയയോട്, വിശേഷ്യത്തിന് വിശേഷണത്തോട്, വിശേഷണത്തിന്, വിശേഷ്യത്തോട്, ഗതിക്ക് വിഭക്തിയോട്, വിഭക്തിക്ക് ഗതിയോട് ഇത്യാദിയായ ശബ്ദങ്ങളുടെ വേർപെടുത്താൻ പാടില്ലാത്ത ബന്ധത്തിന് ആകാംക്ഷ എന്നുപേർ. ആകാംക്ഷയ്ക്കെല്ലാം പൂർത്തി വരുന്നവിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം.[1] വാക്യത്തിന് ആഖ്യ, ആഖ്യാതം എന്നു രണ്ടു ദളം കല്പിക്കാം. അനേകങ്ങളും നാനാജാതികളും ആയുള്ള പദങ്ങളെക്കൊണ്ടു കെട്ടിച്ചമച്ചിട്ടുള്ള ഒരു വാക്യത്തെ അഴിച്ചുനോക്കിയാൽ സർവ്വാധാരമായിട്ടു രണ്ടു ഭാഗം കാണും: (1) നാം ഏതിനെപ്പറ്റി സംസാരിക്കുന്നുവോ ആ വസ്തു. ഇങ്ങനെ ഒരു വസ്തു ഉണ്ടോ ഇല്ലയോ എന്നുള്ളതിലേക്കു നമുക്കു തർക്കമില്ല. ഇതു സിദ്ധംതന്നെ എന്നു സ്വീകരിച്ചുംകൊണ്ട് അതിന്റെ ഉപരിവിചാരണചെയ്യുന്നതിലാണ് വക്താവിന്റെ ഉദ്ദേശ്യം. അങ്ങനെ വിചാരണചെയ്യാൻ വേണ്ടി സിദ്ധവൽക്കരിക്കപ്പെട്ടതായ അതിനെ വക്താവ് അനുവദിക്കുന്നു (എടുത്തുകാണിക്കുന്നു). (2) ആ വസ്തുവിനെപ്പറ്റി നാം എന്തു സംസാരിക്കുന്നുവോ ആ സംഗതി. ഈ സംഗതിയാണ് വക്താവിന് വാക്യപ്രയോഗദ്വാരാ സാധിക്കേണ്ടതു്. വക്താവ് ഇതുകൊണ്ട്, ശ്രോതാവിന് വാസ്തവത്തിൽ അജ്ഞാതപൂർവ്വമോ അവ്വണ്ണമെന്നു കല്പിക്കപ്പെട്ടതോ ആയ ഒരു സംഗതിയുടെ സംബന്ധം ആ വസ്തുവിൽ കുറിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന രണ്ടു ഭാഗങ്ങളിൽ ആദ്യത്തേതു് ആഖ്യ; രണ്ടാമത്തേതു് ആഖ്യാതം. ഇവയുടെ യോഗം വാക്യവുമാകുന്നു.

---

[1] നിർവചിക്കാൻ എളുപ്പമുള്ളതല്ല വാക്യം. Structural Linguistics-ലെ സങ്കല്പങ്ങൾ ഈ ഘട്ടത്തിൽ ഓർമ്മിക്കുന്നതു നല്ലതാണ്. അർത്ഥൈകത്വാദേകം വാക്യം സാകാംക്ഷം ചേത്വിഭാഗേ സ്യാത് — മീമാംസാസൂത്രം 11, 1-46.
സാകാംക്ഷാവയവം ഭേദേ
പരാനാകാംക്ഷ ശബ്ദകം
കർമ്മപ്രധാനം ഗുണവത്
ഏകാർത്ഥം വാക്യമിഷ്യതേ — വാക്യപദീയം 11, 4.
ആകാംക്ഷ — Syntactical expectancy.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 33

ഉദാ: (1) വിവാഹംകഴിഞ്ഞു നഗരത്തിലേക്കു മടങ്ങിവന്ന രാമൻ.

(2) അച്ഛന്റെ നിയോഗത്താൽ വനവാസത്തിനു പോയി

ഇവിടെ രാമനെപ്പറ്റിയാണു നാം സംസാരിക്കുന്നത്; അങ്ങനെ ഒരാൾ ഉണ്ടെന്നു സിദ്ധവൽക്കരിച്ചിട്ട് "വനവാസത്തിനു പോയി" എന്നുള്ള അയാൾ ചെയ്ത പ്രവൃത്തിയെക്കുറിക്കുന്നതിന് ഈ വാക്യം പ്രയോഗിക്കുന്നു. ഈ സംഗതി ശ്രോതാവിന് അജ്ഞാതപൂർവ്വമെന്നു കല്പിച്ചിട്ട് അതിനെ രാമകൃതമായിട്ടു വിധിക്കുന്നു. അതിനാൽ ഈ വാക്യത്തിൽ (1) എന്നടയാളമിട്ട ഭാഗം ആഖ്യയും (2) എന്നടയാളമിട്ട ഭാഗം ആഖ്യാതവുമെന്നു സ്പഷ്ടമാകുന്നു.

ഇങ്ങനെ വാക്യങ്ങളെ അഴിച്ചു പ്രാധാന ഭാഗങ്ങളാക്കി പിരിക്കുന്ന ക്രിയയ്ക്ക് "അപോദ്ധാരം" എന്നു വൈയാകരണന്മാർ വ്യവഹരിക്കുന്നു. ആഖ്യ എന്നും ആഖ്യാതം എന്നും ഉള്ള ഈ വിഭാഗം തർക്കശാസ്ത്രരീത്യാ ചെയ്തിട്ടുള്ളതാകുന്നു. ഇതിനെ ഇനി വ്യാകരണവ്യവഹാരത്തോടു യോജിപ്പിക്കാം.

നാമമോ, സർവ്വനാമമോ, നാമവാക്യമോ, ആഖ്യയായി വരാം; മുറ്റുവിനതന്നെയാണ് ആഖ്യാതം. നടുവിനയെച്ചം ആഖ്യയായിട്ടും ആഖ്യാതമായിട്ടും വരാം. വിനയെച്ചപ്രകരണം നോക്കുക.

ആന കരിമ്പു തിന്നുന്നു; നീ അതിനെ ഓടിച്ചുകളക.
വ്യാജം പറക ശരിയല്ല; ആ ശീലമരുത്.

55 എന്നുദാഹരണങ്ങൾ. ഈ സംഗതികളെ സൂത്രംകൊണ്ടു സംക്ഷേപിക്കാം:

170. അന്യോന്യാപേക്ഷയാകാംക്ഷ;
സാകാംക്ഷപദസഞ്ചയം
ഏകാർത്ഥബോധകം വാക്യ —
മാഖ്യാഖ്യാതദളാന്വിതം.
ആഖ്യ സിദ്ധാനുവാദാംശം;
സാദ്ധ്യവിധ്യംശമന്യവും.

ഇത്രയുംകൊണ്ട് കർത്താവും ക്രിയാപദവും ചേർന്നതു് വാക്യം എന്നർത്ഥം തോന്നിയേ
65 ക്കാം. അപ്പോൾ വാക്യങ്ങൾ നീണ്ടുനീണ്ടുവരുന്നതെങ്ങനെ എന്നു വച്ചാൽ:

171. ആഖ്യാതത്തിനുമാഖ്യയ്ക്കും
യഥായോഗം പരിച്ഛദം.

ആഖ്യയ്ക്കും ആഖ്യാതത്തിനും ചേർച്ചപോലെ പരിച്ഛദങ്ങൾ ചെയ്യാം. പരിച്ഛദമെന്നാൽ പരിവാരമെന്നർത്ഥം. കർത്തൃക്രിയകൾക്ക് പ്രത്യേകം വിശേഷണങ്ങൾ ആ വിശേഷണങ്ങളിൽ അന്വയിക്കുന്ന മറ്റു പദങ്ങൾ ഇത്യാദി ക്രമേണ പരിച്ഛദങ്ങൾ യഥേഷ്ടം നീണ്ടുവരാം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

മുൻ കാണിച്ച ഉദാഹരണങ്ങളിൽ "മടങ്ങി വന്ന" എന്ന പേരച്ചം "രാമൻ" എന്ന ആഖ്യയുടെ വിശേഷണം."വിവാഹം കഴിഞ്ഞ്" എന്ന വിനയെച്ചവും "നഗരത്തിലേക്ക്" എന്ന വിഭക്ത്യാഭാസവും അതിൽ അന്വയിക്കുന്നു. അതിനാൽ "വിവാഹം കഴി...വന്ന" എന്ന ഭാഗം ഇവിടെ കർത്തൃപരിച്ഛദവും, അതിന്മണ്ണം "അച്ഛന്റെ...വാസത്തിനു" ഇത്രയുമംശം ക്രിയാപരിച്ഛദവുമാകുന്നു. ഇങ്ങനെ വിശേഷണങ്ങളെല്ലാം ഒന്നിച്ചുകൂട്ടിയതിനു തന്നെ പരിച്ഛദമെന്നു പേർ.

അപ്പോൾ, കർത്താവും കർത്താവിന്റെ പരിച്ഛദങ്ങളും കൂടിച്ചേർന്ന ഭാഗമാണ് ആഖ്യ; ക്രിയാപദവും അതിന്റെ പരിച്ഛദങ്ങളും ചേർന്നത് ആഖ്യാതം.

പേരെച്ചവും വിനയെച്ചവും മുറയ്ക്കു നാമത്തിന്റെയും ക്രിയയുടെയും വിശേഷണങ്ങളാണെന്ന് അതുകളുടെ സംജ്ഞകൾതന്നെ വെളിപ്പെടുത്തുന്നു. കാരകങ്ങളെ കുറിക്കുന്ന വിഭക്തികളെല്ലാം ക്രിയാവിശേഷണങ്ങളാണ്; സംബന്ധിക മാത്രം നാമവിശേഷണം. പേരച്ചം വിശേഷണവാക്യത്തിലേ ക്രിയാപദമാകയാൽ കർത്താവായും കർമ്മമായും മറ്റും വരുന്ന നാമങ്ങളെ വിശേഷിപ്പിക്കുന്നതിനു പേരച്ചങ്ങളെ ഉപയോഗിക്കുമ്പോൾ അതിൽ ഓരോന്നിനും വെവ്വേറെ പുതിയ കർത്തൃകർമ്മാദികൾ ചേർന്നു വാക്യം വളരെ നീണ്ടുവരാം. ഇതിനുപുറമെ ഒറ്റപ്പദത്തിനുപകരം വാക്യങ്ങളെ കർത്തൃകർമ്മാദികളായിട്ടുപയോഗിക്കാം. ഓരോരോ ക്രിയകൾക്ക് ഓരോരോ കാരകമായിരിക്കും പ്രധാനം — സകർമ്മകത്തിന് കർമ്മം; ഇരിക്കമുതലായതിന് അദികരണം: ചേരുക ഇത്യാദിപോലുള്ളതിന് സാക്ഷി ഇത്യാദി, ഏതിന് ഏതിന്റെ ആകാംക്ഷയോ ആ ക്രിയയ്ക്ക് ആ കാരകം ചേർന്നാൽ ആകാംക്ഷ ശമിക്കും; മറ്റു കാരകങ്ങൾ വേണമെങ്കിൽ ചേർക്കാമെന്നേ ഉള്ളൂ. ഇക്കൂട്ടത്തിൽ "ആവുക" എന്ന ക്രിയ്ക്ക് എല്ലാ ക്രിയയ്ക്കും വേണ്ടുന്ന കർത്താവൊഴികെ പ്രത്യേകിച്ച് ഇന്ന കാരകത്തിന്റെ ആണ് ആകാംക്ഷ എന്നില്ല. അതിനാൽ, ആവുകയുടെ പരിച്ഛദമായിട്ട് എല്ലാ കാരകവും എല്ലാ വിഭക്തിയും കാണും. ചിലെടത്ത് കർത്താവ് ഒരു വാക്യമാണെങ്കിൽ ആ വാക്യത്തിലേ ക്രിയപദത്തിന്റെ കാരകമായിരിക്കും ആവുകയുടെ ആകാംക്ഷാപൂരകമായിക്കാണുന്നത്. ആവുക എന്ന ക്രിയ അദ്വൈവതികളുടെ പരബ്രഹ്മംപോലെ നിരുപാധികമാണ്; അതിന് ഏതെങ്കിലും ഉപാധികൾ ചേർന്നാലേ പൂർത്തിവരികയുള്ളൂ. ഉപാധി ഏതും ചേരുകയും ചെയ്യും.

ഉദാ: സിംഹം മൃഗമാകുന്നു — വിധേയം കർത്താ — നിർദ്ദേശിക. ദമയന്തി വരിച്ചതു നളനെ ആണ്, ഇന്ദ്രാദികളെ അല്ല — കർത്താവായ വാക്യത്തിലെ ക്രിയയുടെ കർമ്മം.

ചോദിച്ചത് നിന്നോടാകുന്നു	— ക്രിയയുടെ സാക്ഷി.
ശ്രമം എനിക്കാകുന്നു	— ഉദ്ദേശ്യം.
തണുപ്പ് മഴയാലാകുന്നു	— ഹേതു.
ഗൃഹം രാമന്റെ ആകുന്നു	— സംബന്ധം.
നായാട്ട് കാട്ടിലാകുന്നു	— അധികരണം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ആവുകയുടെ വർത്തമാനകാലമായ ആകുന്നു — വിനെ (a) ആണ് എന്ന് ഇഷ്ടം പോലെ ചുരുക്കാറുണ്ട്. ചിലപ്പോൾ അതിന്റെ സ്ഥാനത്ത് (b) അത്ര, (c) തന്നെ എന്ന പദങ്ങളെയും ഉപയോഗിക്കാറുണ്ട്. മറ്റുചില ദിക്കുകളിൽ വർത്തമാനകാലത്തെ മാത്രമല്ല, (d) എല്ലാ രൂപങ്ങളേയും ഉപേക്ഷിച്ചു കാണും. ഉദാ:

(a) എന്റെ വാക്ക് സത്യമാണ്.

(b) പരസ്വമത്രേ കുലകന്യകാജനം.

(c) അത് ശരിതന്നെ.

(d) ഇതെന്തൊരാശ്ചര്യം!

നിഷേധമാർഗ്ഗത്തിൽ അല്ല എന്നത് ആകുന്നില്ല എന്നതിനും, ഇല്ല എന്നത് ഉണ്ടാകുന്നില്ല എന്നതിനും തുല്യമാകുന്നു.

124

1 പദക്രമം

172. കർത്താ, കർമ്മം, ക്രിയ — ഇതേ
വാക്യത്തുങ്കൽ പദക്രമം;
ഇതു മാറ്റി പ്രധാനത്തെ
മുന്നിലാക്കാം വിവക്ഷപോൽ.

ആദ്യം കർത്താവ്, പിന്നീട് കർമ്മമുണ്ടെങ്കിൽ അത്, ഒടുവിൽ ക്രിയാപദം എന്നാണു വാക്യത്തിൽ പദങ്ങളെ അടുക്കുന്നതിന് പൊതുവേ ഏർപ്പെട്ടിട്ടുള്ള ക്രമം.[2] എന്നാൽ ഈ ക്രമം ഭേദപ്പെടുത്തുന്നതിന് വിരോധമില്ല. ഏതിനു പ്രാധാന്യം വിവക്ഷിക്കുന്നുവോ അതിനെ പുരസ്കരിക്കാം. ഉദാ:

"വന്നു ശരത്സമയമംബുദമൊന്നകന്നു" — കൃ. ച.
"നിന്നോടുകൂടീട്ടു പോരുന്നു ഞാനും" — ഇരുപത്തിനാല്വൃത്തം.

[2] ദ്രാവിഡത്തിലെ പദക്രമത്തെക്കുറിച്ച് ഡോ. സുബ്രഹ്മണ്യശാസ്ത്രി ഇങ്ങനെ രേഖപ്പെടുത്തുന്നു:

i ആഖ്യയിൽ വാക്യം തുടങ്ങുന്നു; ആഖ്യാതത്തിൽ അവസാനിക്കുന്നു.
ii പ്രാധാന്യം പുരസ്കരിച്ച് ആഖ്യാതം ആദ്യവും പ്രയോഗിക്കാം.
iii സംബന്ധികാപ്രത്യയം വിശേഷ്യത്തിനു മുൻപിൽ ആയിരിക്കും.
iv പ്രതിഗ്രാഹികയുടെ പ്രയോഗം സാമാന്യേന ക്രിയയ്ക്കു മുൻപിൽ ആയിരിക്കും.
v മൂന്നും നാലും വിഭക്തികളുടെ പ്രയോഗം രണ്ടാംവിഭക്തിപ്രത്യയത്തിനും ആഖ്യാതത്തിനും മദ്ധ്യേ ആയിരിക്കും.
vi ഭൂതവർത്തമാനഭാവികളെ കുറിക്കുന്ന പ്രത്യയങ്ങൾ അവ വിശേഷിപ്പിക്കുന്ന നാമങ്ങളുടെ മുൻപിൽ ആയിരിക്കണം പ്രയോഗിക്കുക — ഡോ. പി. എസ്. സുബ്രഹ്മണ്യശാസ്ത്രി. (Comparative Grammar of the Tamil Language, P. 207.)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 149

"കണ്ടേൻ ഞാൻ സീതയെ" ടി
"ദംഭോദ്ദ്രിക്തമതേ! മദോത്കട! തൊടുന്നാകിൽ
വിടാ നിന്നെ ഞാൻ" — മ. ശാ.

173. വിശേഷണവിശേഷ്യങ്ങൾ
മുൻപിൻപായിട്ടു നില്ക്കണം.

വിശേഷണം ഏതുമാതിരിയിരുന്നാലും താൻ വിശേഷിപ്പിക്കുന്ന വിശേഷ്യത്തിന്റെ മുൻപിൽ നില്ക്കണമെന്നാണ് സമ്പ്രദായസിദ്ധമായപതിവ്. ഉദാ:

കറുത്ത പശു; സുന്ദരനായ രാമൻ; പുലിയുടെ തുകല്; വേഗം നടക്കുന്നു; ഏറ്റം സമർത്ഥൻ — ഇത്യാദി.

174. ഗതിതാൻ താൻ വിളക്കുന്ന
വിഭക്തിക്കു പരം വരും.

ഗതി ഏതു വിഭക്തിയുടെ അർത്ഥത്തെ പ്രകാശിപ്പിക്കുന്നുവോ ആ വിഭക്തിക്കടുത്തു പിന്നാലെതന്നെ പ്രയോഗിക്കണം. ഉദാ:

കൈകൊണ്ടടിക്കുന്നു; മാളികയിൽനിന്നു വീഴുന്നു.

എന്നാൽ വിഭക്തി ഗതിയോടു ചേർന്നു സമാസിക്കുന്നില്ല; പദം രണ്ടും വേറെ തന്നെ. അതിനാൽ ഒരേ വിഭക്തിയിലുള്ള അനേകം പദങ്ങൾക്ക് ഒരേ ഗതിതന്നെ ചേർക്കേണ്ടിവരുന്ന സ്ഥലങ്ങളിൽ വിഭക്തികളെ "ഉം" കൊണ്ടു സമുച്ചയിച്ചിട്ട് ആവശ്യപ്പെട്ട ഗതിയെ ഒടുവിൽ ചേർക്കാം. ഉദാ:

എന്നെയും നിന്നെയും കുറിച്ച്; കാറ്റും മഴയും കൊണ്ട്.

2 പൊരുത്തം

175. കർത്തൃക്രിയാപദങ്ങൾക്കു
പൊരുത്തം ലുപ്തമായിപോൽ.

കർത്താവിനും ക്രിയാപദമായ മറ്റുവിനയ്ക്കും ലിംഗപുരുഷവചനങ്ങളിൽ പൊരുത്തം ആചരിക്കുന്നത് മറ്റു ദ്രാവിഡങ്ങളിലെല്ലാം ഇന്നും ചെയ്തുവരുന്നതിനാൽ മലയാളത്തിൽ ലുപ്തപ്രചാരമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. നടപ്പില്ലാതെവരാനുള്ള കാരണങ്ങൾ ഇതിനു മുൻപുതന്നെ വിസ്തരിച്ചുകഴിഞ്ഞു.[3]

[3] പുരുഷഭേദനിരാസം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 191

176. വിശേഷണവിശേഷ്യങ്ങൾ
ലിംഗത്തിൽ വചനത്തിലും,
പൊരുത്തണം സമാനാധി-
കരണാന്വയമാവുകിൽ.

[4]വിഭാവകഭേദകത്തിനു മാത്രമേ ലിംഗവചനങ്ങൾക്കു പ്രസക്തിയുള്ളു; അത് സമാനാധികരണമായിട്ട് ഒരു നാമത്തെ വിശേഷിപ്പിമ്പോൾ ലിംഗത്തിലും വചനത്തിലും നാമത്തോടു
193 യോജിക്കണം. ഉദാ:

വയസ്സൻ ബ്രാഹ്മണൻ, ഒരു കിഴവി സ്ത്രീ, മിടുക്കരായ മക്കൾ.

ഒടുവിലെ ഉദാഹരണത്തിലെപ്പോലെ സമാനാധികരണസംബന്ധം കാണിക്കുന്നതിന് ആയ എന്ന ആവുകയുടെ പേരെച്ചത്തെ അവ്യയമായിട്ടുപയോഗിക്കേണ്ടതാണ്. ആകുന്ന എന്ന വർത്തമാനപേരെച്ചം അഭേദസംബന്ധം കുറിക്കുന്നു. ഇതുപയോഗിക്കുമ്പോൾ പൊരുത്തനിർബന്ധമില്ല. ഉദാ: മുഖമാകുന്ന ചന്ദ്രൻ. സംസ്കൃതത്തിൽ വിശേഷണങ്ങൾക്ക് വിഭക്തിപ്പൊരുത്തംകൂടി വേണമെന്നുണ്ട്. "സുന്ദരസ്യ രാമസ്യ; നീലാന്യുത്പലാനി". ഇതു
201 കണ്ടു ഭ്രമിച്ച് മണിപ്രവാളകവികൾ അടുത്ത കാലത്തും,

"നേർച്ചകളും മമ വിഫലാനി" — നള. ച.
"ഉരു ഹരിണികളോടു വാഴുമാറോ സതതമിയം മദിരേക്ഷണപ്രിയാഭിഃ" — മ. ശാ.

എന്ന മട്ടിൽ വിഭക്തിപ്പൊരുത്തം പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ശുദ്ധമലയാളത്തിന്റെ പോ
208 ക്ക് ലിംഗവചനങ്ങളിൽക്കൂടി പൊരുത്തം അത്യാവശ്യപ്പെട്ടാലേ ചെയ്യേണ്ടുവെന്നാണ്.[5]

177. നപുംസകത്തിൽ വചന-
പ്പൊരുത്തം ചെയ്വതിച്ഛപോൽ.

നപുംസകവിശേഷണങ്ങളിൽ വചനപ്പൊരുത്തം ചെയ്യണമെന്നു നിർബന്ധമില്ല. ഉദാ:

തക്കതായ കാരണങ്ങൾ — തക്കവയായ എന്നു വേണ്ട.
അന്യായമായ പ്രവൃത്തികൾ — അന്യായങ്ങളായ എന്നു വേണ്ട.

നപുംസകബഹുവചനത്തിൽ ഘടകങ്ങളായ വസ്തുക്കളിൽ ഓരോന്നിനെയും പ്രത്യേകിച്ചു
221 ഗണിക്കാറില്ല; ആകെക്കൂടെ ഒരു സമൂഹം എന്നേ ഗണിക്കാറുള്ളു; വ്യക്തിപ്രാധാന്യം പുംസ്ത്രീബഹുവചനങ്ങളിൽ മാത്രമേ വകവയ്ക്കേണ്ടൂ.

രണ്ടു കുതിരകെട്ടിയ വണ്ടിയിൽ നാലു ഭടന്മാർ കയറിവന്നു.

---

4 ഭേദകത്തെക്കുറിച്ച് നോട്ടുകളിലും പ്രസ്താവനയിലും പറഞ്ഞിട്ടുള്ളതു നോക്കുക.

5 അർത്ഥാനുസാരിയാണ് ദ്രാവിഡത്തിൽ ലിംഗവ്യവസ്ഥ; സംസ്കൃതത്തിൽ രൂപാനുസാരിയും. സംസ്കൃതലിംഗവ്യവസ്ഥയും, ലിംഗപ്പൊരുത്തവ്യവസ്ഥയും ആധുനികമലയാളം അതുപോലെ അംഗീകരിക്കുന്നില്ല. പ്രസ്താവനയിൽ ഇക്കാര്യം ചർച്ചചെയ്തിട്ടുള്ളതു നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

എന്നല്ലേ നാം പറയാറുള്ളത്? ഈ വ്യക്തിപ്രാധാന്യാഭാവംതന്നെയാണ് നപുംസകത്തിൽ വിശേഷണങ്ങൾക്കു വചനപ്പൊരുത്തം വേണമെന്നില്ലെന്നു പറയുന്നതിനും യുക്തി. ഇത്ര മാത്രമല്ല, 226

178. അർത്ഥംതാൻ പ്രത്യയത്തേക്കാൾ
വചനത്തിൻ നിയാമകം.

വചനം നിശ്ചയിക്കുന്നത് വചനപ്രത്യയം നോക്കീട്ടല്ല, നാമത്തിന്റെ അർത്ഥം നോക്കിയിട്ടാണ്. നാമം ഒരു സമൂഹത്തെ കുറിക്കുന്നതായാൽ അത് ബഹുവചനപ്രത്യയംകൂടാതെതന്നെ ബഹുത്വം കാണിക്കും. അതു പോലെ ബഹുവചനപ്രത്യയമിരുന്നാലും വ്യക്തിവിവക്ഷയില്ലാഞ്ഞാൽ നാമം ഏകവചനത്തിന്റെ ഫലമേ ചെയ്യുകയുള്ളൂ. ഉദാ: 230

വീരരായ പടജ്ജനത്തിനു നൂറു രൂപ സംഭാവന കിട്ടി;
അതുകൊണ്ട് അവർ സന്തോഷിക്കയും ചെയ്തു.

സംസ്കൃതത്തിൽ, 235

വീരസ്യ ഭടജനസ്യ ശതം രൂപികാഃ
സംഭാവനാ ലബ്ധാ; തയാ സ പരിതുഷ്ടശ്ച.

എന്നു ശബ്ദപ്രകാരം ലിംഗവും വചനവും ചെയ്യണം. വേറെ ഉദാഹരണങ്ങൾ: 240

രണ്ടു പരിഷയും സന്നദ്ധരായാർ — മ. ഭാ.
നാരീജനം മിക്കതും പരവശമാർ — മ. ഭാ.
സൈന്യം തിരിച്ചു മണ്ടിനാർ — മ. ഭാ. 248
ദുഷ്ടരാം ശത്രുക്കൂട്ടം — കേ. രാ.

179. ലിംഗം സംസ്കൃതനാമങ്ങൾ —
ക്കിഹ ഭാഷാനുരൂപമാം;
എന്നാൽ സ്ത്രീലിംഗമാത്രത്തിൽ
സംസ്കൃതത്തിൻ വ്യവസ്ഥയെ
മണിപ്രവാളകവികൾ
ഭക്ത്യാ മാനിച്ചിരുന്നുതേ.

സംസ്കൃതശബ്ദങ്ങളെ മലയാളത്തിൽ എടുത്തു പ്രയോഗിക്കുമ്പോൾ ആ ശബ്ദങ്ങൾക്ക് ആ ഭാഷയിലുള്ള ലിംഗനിയമത്തെ ഗൗനിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ സംസ്കൃതത്തിൽ ഭാഷയ്ക്കു നേരെ വിപരീതമായിട്ടു നാമങ്ങളുടെ ലിംഗം അർത്ഥാനുസാരിയാകുന്നില്ല. ഒരു പ്രയോജനവുംകൂടാതെ കൃത്രിമമായിട്ട് അലിംഗങ്ങൾക്കുകൂടിയും ഇന്നതെല്ലാം സ്ത്രീ, ഇന്നതെല്ലാം പുരുഷൻ എന്നൊരേർപ്പാടുചെയ്തിട്ടുണ്ട്. സംസ്കൃത്തിൽനിന്നു ശബ്ദങ്ങളെ കടം വാങ്ങാൻപോകുന്ന മലയാളി, അവയെ സ്ത്രീവേഷമോ പുരുഷവേഷമോ കെട്ടിക്ക പതിവ് എന്നുകൂടി ധരിച്ചിട്ടുവേണം തന്റെ ആവശ്യത്തിനുപയോഗിപ്പാൻ എന്നൊരു നിർബന്ധം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 264

ചെയ്തിട്ടു ഫലമില്ലല്ലോ. അതിനാൽ ശബ്ദം സംസ്കൃതമായാലും ഭാഷയിൽ പ്രയോഗിക്കുന്ന
264 സമയം അതിനു ഭാഷാനുരൂപമായ ലിംഗം മതി. ഉദാ:

ഉന്നതമായ വൃക്ഷം = ഉന്നതോ വൃക്ഷഃ മധുരമായ വാക്ക് = മധുരാ വാക്.

എന്നാൽ, സ്ത്രീലിംഗത്തിൽ മാത്രം, മണിപ്രവാളത്തിനു പ്രാധാന്യമിരുന്ന കാലംവരെ ഒരു ജഡഭക്തിനിമിത്തം അനുഷ്ഠിച്ചുവന്നു. ഉദാ:

മധുരയായ വാക്ക്	ശോചനീയയായ അവസ്ഥ
സരസയായ കഥ	മനോഹരയായ കൃതി
മഹതിയായ ആപത്ത്	പുണ്യയായ നദി

ഇങ്ങനെ ലിംഗവ്യവസ്ഥ സ്വീകരിക്കുന്നവരും സർവ്വനാമങ്ങളെക്കൊണ്ട് പരാമർശിക്കുന്ന സമയം അവർ എന്നു സ്ത്രീലിംഗം ഒരിക്കലും പ്രയോഗിക്കുമാറില്ല. അതിനാൽ ഇവർക്കും സംസ്കൃതവ്യവസ്ഥയെ സർവ്വഥാ അനുകരിക്കണമെന്ന നിർബ്ബന്ധമില്ലെന്നു സ്പഷ്ടമാകുന്നു. അവരുടെ അപേക്ഷ ഇത്രത്തോളമിരിക്കാം — സംസ്കൃതത്തിലെ അകാരാന്തപദങ്ങളെ ഭാഷയിലെടുക്കുമ്പോൾ പുല്ലിംഗമോ നപുംസകലിംഗമോ ആക്കുന്നതിന് ഏതെങ്കിലും (അൻ, അം) ഒരു പ്രത്യയം ചേർക്കേണ്ടിയശ്രമമുണ്ട്. സ്ത്രീലിംഗത്തിന്റെ പ്രത്യയം അ എന്നുതന്നെ ആകയാൽ യഥാസ്ഥിതം പ്രയോഗിച്ചേച്ചാൽ മതി. അതിനാൽ മൂക്കു മുറിച്ചും ശകുനം പിഴപ്പിക്കുന്ന രീതിക്ക് നപുംസകപ്രത്യയം സംസ്കൃതവിദ്വാന്മാർക്ക് കർണ്ണകഠോരമായ ഒരു പ്രയോഗം എന്തിനുണ്ടാക്കിത്തീർക്കുന്നു എന്നുള്ള ഉദാസീനതയാണ് ഇതിലേക്ക് കാരണമെന്നു തോന്നുന്നു.

കാവ്യചമത്കാരത്തിനുവേണ്ടി ജഡങ്ങളിലും ചേതനധർമ്മം ആരോപിക്കുന്ന ദിക്കുകളിൽ യുക്തംപോലെ നപുംസകങ്ങളെയും സ്ത്രീലിംഗമോ പുല്ലിംഗമോ ആക്കുക ധാരാളം പതിവുണ്ട്. അങ്ങനെ ചെയ്യുമ്പോൾ സംസ്കൃതത്തിന്റെ ഏർപ്പാടു തന്നെയാണ് സ്വീകരിക്കുന്നതും ആരോപത്തിൽ "അം" എന്ന നപുംസകത്തിൽ "ആൻ" ചേർത്ത് നാഗത്താൻ, വാനരത്താൻ, വണ്ടത്താൻ എന്ന മട്ടിൽ പുല്ലിംഗരൂപം ഉണ്ടാക്കാം. അതു യോജിക്കാത്തിടങ്ങ
289 ളിൽ "തെന്നലിവൻ" എന്ന മട്ടിൽ സർവ്വനാമരൂപംചേർത്ത് ലിംഗപ്രതീതി വരുത്താം.

കൂകീടിനാർ മാന്തളിർ തിന്നു നന്നായ്-
ത്തെളിഞ്ഞ കണ്ഠത്തൊടു കോകിലങ്ങൾ — കു. സം.
(മധുശ്രീ) മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം — കു. സം.

എന്നും മറ്റുംപോലെ ആഖ്യാതത്തിനു ലിംഗവചനങ്ങൾ കൊടുത്തിട്ട് ആരോപം സ്പഷ്ടമാ
296 ക്കാം.

180. നാമത്തെ വേറെ നാമത്താൽ വിവരിക്കുമിടങ്ങളിൽ വിഭക്തി രണ്ടാംനാമത്തിൽ വേണം; ചേർക്കാമിരണ്ടിലും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-32.tex/Line: 302

ഒരു നാമത്തെ മറ്റൊരു നാമംകൊണ്ടു വിവരിക്കുന്ന സ്ഥലങ്ങളിൽ രണ്ടാമത്തെ നാമത്തിനാണ് വിഭക്തിപ്രത്യയം വേണ്ടത്; രണ്ടിലും ചേർക്കുന്നതിനു വിരോധമില്ല. വിവരിക്കുന്ന നാമം (1) "എല്ലാം" എന്ന സർവ്വനാമമോ, (2) ഒരുവൻ, ഇരുവർ മുതലായ സാംഖ്യഭേദകങ്ങളുടെ നാമരൂപങ്ങളോ, (3) പേർ, ആൾ എന്ന നാമങ്ങളോ ആയിരിക്കും. ഉദാ:

ജനങ്ങളുടെ എല്ലാവരുടെയും സമ്മതം.
ജനങ്ങൾ എല്ലാവരുടെയും സമ്മതം.
അയൽവാസികളെ നാലുപേരെ വിളിച്ചു.
അയൽവാസികൾ നാലുപേരെ വിളിച്ചു.
നമ്മുടെ ഇരുവരുടെയും സ്നേഹിതൻ.
നമ്മൾ ഇരുവരുടെയും സ്നേഹിതൻ.
എന്നെ ഒരാളെക്കൊണ്ടു് ഇക്കാര്യം സാധിക്കയില്ല.

"രാധാകാന്തൻ ദേവനെ ശരണം പ്രാപിക്കുന്നു." ഇത്യാദികളിൽ രാധാകാന്തനായ ദേവനെ എന്നു് ആയ അർത്ഥസിദ്ധമാകുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

2

സമാസപ്രകരണം

9

180. വിഭക്തിക്കുറി കൂടാതെ[1] പദയോഗം സമാസമാം.

വിഭക്തികളുടെയും മറ്റും സഹായം കൂടാതെ ശബ്ദങ്ങളെ കേവലം കൂട്ടിച്ചേർക്കുന്നതിനാൽ ത്തന്നെ അവയ്ക്കു തമ്മിലുള്ള സംബന്ധത്തെ കുറിക്കുകയാകുന്ന സമാസത്തിന്റെ സ്വാഭാവം. "തലയിലെ വേദന" എന്നു പറയുന്നതിനു പകരം "തല", "വേദന" എന്ന ശബ്ദങ്ങളെ കേവലം ഒരുമിച്ചു ചേർത്തു പറയുന്നത് സമാസമാക്കുന്നു. ഇവിടെ ചേർന്നിരിക്കുന്ന രണ്ടുപദങ്ങൾക്കും തമ്മിലുള്ള സംബന്ധം കുറിക്കുന്നതിനു സമാസം (കൂടിച്ചേരുക) അല്ലാതെ പ്രത്യയം മുതലായ കാര്യങ്ങൾ ഒന്നുമില്ല. സമാസത്തിൽ മുന്നിരിക്കുന്ന പദത്തിന് പൂർവ്വപദമെന്നും പിന്നിരിക്കുന്നതിന് ഉത്തരപദമെന്നും പേർ.

താമര രണ്ടു തരത്തിലുണ്ട്. അതിനെ വേർതിരിക്കുന്നതിനു വെളുത്തതാമര, ചെമന്ന താമര എന്നു പ്രത്യേകിച്ചു പദംതിരിച്ചു കാണിക്കാൻ മടിച്ച് സൗകര്യത്തിനുവേണ്ടി ഭേദകപ്രകൃതികളെത്തന്നെ നാമത്തോടു് പ്രത്യയംപോലെ ചേർത്ത് വെതാമര, ചെന്താമര എന്നു ശബ്ദയോഗങ്ങൾ ചമയ്ക്കുന്നു. അതിനുമേൽ ചെന്താമരയുടെ പൂവ് എന്നതിനുപകരം ആ പദങ്ങളെ കൂട്ടിച്ചേർത്ത് ചെന്താമരപ്പൂവെന്നും, പിന്നീട് അതിന്റെ മണത്തിനു ചെന്താമരപ്പൂമണം എന്നും അതിനും ഉപരി മണം കൊഴുക്കെ ഉണ്ടെങ്കിൽ ചെന്താമരപ്പൂമണക്കൊഴുപ്പ് എന്നും വ്യാധികരണമോ സമാനാധികരണമോ ആയ വിശേഷണവിശേഷ്യങ്ങളെ കൂട്ടിച്ചേർക്കുംതോറും പദയോഗം നീണ്ടുനീണ്ടുവരാം. ഇങ്ങനെ സൗകര്യത്തിനുവേണ്ടി വാചകത്തിന്റെ

[1] സമാസത്തിന്റെ മൗലികലക്ഷണങ്ങളെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാം. വിഭക്തിലോപം സമാസലക്ഷണമാണെങ്കിൽ അലുപ്തസമാസത്തിന്റെ കഥ എങ്ങനെ? അലുപ്തസമാസങ്ങൾ മലയാളത്തിൽ അപൂർവ്വമാണെന്നു മേലിൽ പറയുന്നതും തിരുത്തേണ്ടതാണല്ലോ. അപ്പോൾ അലുപ്തസമാസങ്ങളെ മൗലികലക്ഷണത്തിന് അപവാദങ്ങളായോ മറ്റോ പരിഗണിക്കേണ്ടിവരും. സമാസവും പദസംഹിതയും (phrase) തമ്മിലുള്ള അന്തരത്തിന്റെ ചർച്ചയും ഇവിടെ പ്രസക്തമാണ്.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-33.tex/Line: 37

സ്ഥാനത്ത് പദങ്ങളെ മേല്ക്കുമേൽ കൂട്ടിച്ചേർക്കുന്നതാണ് സമാസം. സമാസിക്കുന്ന നാമങ്ങളിൽ പൂർവ്വപദം വിശേഷണമാണെന്നു കാണിക്കുന്നതിനു യോജിപ്പുനോക്കി പരസംക്രാന്തിസൂചകങ്ങളായ ദ്വിത്വഖരാദേശാദ്യുപായങ്ങളെ ഉപയോഗിക്കയും അംഗരൂപങ്ങളെ പ്രയോഗിക്കയുംചെയ്യാം. കാട്ടുപോത്ത്, ചെപ്പുക്കുടം, കൂവളത്തിൻവേര് ഇത്യാദി ലക്ഷ്യങ്ങളിൽ പൂർവ്വപദം വിശേഷണമാണെന്നു രൂപംകൊണ്ടുതന്നെ സ്പഷ്ടമാകുന്നു.

വേറെ ചില ഉദാഹരണങ്ങളിൽ അലിംഗനാമങ്ങൾക്ക് ലിംഗം ചേർത്തു കാണുകയാൽ സമാസഘടകങ്ങളായ പദങ്ങൾക്കും സ്വാർത്ഥത്തിൽ വിശ്രാന്തി വരുന്നില്ല, പരാർത്ഥത്തിൽ ആണ് അതുകളെ ഉപയോഗിച്ചിരിക്കുന്നത് എന്നു തെളിയും. അപ്പോൾ അർത്ഥചേർച്ചയ്ക്കു തക്കവണ്ണം ആവകപ്പദങ്ങളെ പരാർത്ഥത്തിൽ നാം അന്വയിക്കുന്നു. നാമുഖൻ, ആനക്കൊമ്പൻ, പേടക്കണ്ണി, അന്നനടയാൾ ഇത്യാദികൾ നോക്കുക. നാലുമുഖങ്ങൾ എന്നു മാത്രമേ വിവക്ഷയുള്ളുവെങ്കിൽ "അൻ" എന്ന പുല്ലിംഗപ്രത്യയം ചേർക്കാൻ പാടില്ല; അതുകൊണ്ട് "നാലു", "മുഖം" എന്ന പദംരണ്ടും ഒരുപുരുഷനെ കുറിക്കണം. അപ്പോൾ അന്വയം ഉണ്ടാകാൻവേണ്ടി നാലു മുഖമുള്ളവൻ എന്ന അർത്ഥം സമാസത്തിനു നാം കല്പിക്കുന്നു.ആനക്കൊമ്പുപോലുള്ളത് ആനക്കൊമ്പൻ; പേടയുടെ കണ്ണുപോലെ കണ്ണുള്ളവൾ പേടക്കണ്ണി; അന്നത്തിന്റെപോലെ നടയുള്ളവൾ അന്നനടയാൾ ഇങ്ങനെ അന്യപദാർത്ഥപ്രധാനമായി വരുന്ന സമാസത്തിന് "ബഹുവ്രീഹി" എന്നും മുന്നുദാഹരണങ്ങളിലെപ്പോലെ ഉത്തരപദം പ്രധാനമായുള്ളതിന് "തൽപ്പുരുഷൻ" എന്നും, താഴെ പറയാൻപോകുന്ന ഉഭയപദപ്രധാനത്തിന് "ദ്വന്ദ്വൻ" എന്നും പേരുകൾ അടുത്തു പറയും.

ഒരു വസ്തുവിനുതന്നെ ബഹുത്വം കാണിക്കുന്നതിനു പകരം, രണ്ടു വസ്തുക്കളെ കൂട്ടിച്ചേർത്തു ബഹുത്വം ചെയ്താൽ അതും ഇതും എന്നർത്ഥം കിട്ടാമല്ലോ. അച്ഛനും അമ്മയും എന്നു പറയുന്നതിനുപകരം അച്ഛനമ്മമാർ എന്നു രണ്ടു വിശേഷ്യപദങ്ങളെ കൂട്ടിച്ചേർത്തു സമാസമുണ്ടാക്കാം.

ഇങ്ങനെയാണ് സമാസങ്ങളുടെ ഉത്ഭവം. ദ്രാവിഡങ്ങളിൽ രണ്ടോ മൂന്നോ പദംചേർന്ന ചെറിയ സമാസങ്ങളേ ഉള്ളൂ; അതിനും പൂർവ്വപദത്തിന്റെ വിശേഷണീഭാവം കാണിക്കുന്നതിനു ദ്വിത്വഖരാദേശങ്ങളോ അംഗരൂപമോ ഉപയോഗിക്ക പ്രായേണ ചെയ്യാറുണ്ട്. അതുപോലെ പരാർത്ഥത്തിലുള്ള സമാസത്തിനു ലിംഗപ്രത്യയം കാണും. അതിനാൽ സമാസങ്ങളെ വേർതിരിച്ചറിവാനും, വിഗ്രഹം എന്നു പറയുന്നതും സമാസാർത്ഥം വിവരിക്കുന്നതും ആയ വാചകത്തെ നിർണ്ണയിക്കാനും ഒട്ടുമേ ശ്രമമില്ല. എന്നാൽ സംസ്കൃതത്തിന്റെ അധികാരം മുഴുത്തതോടുകൂടി ആ ഭാഷയെ അനുകരിച്ചു ദീർഘദീർഘങ്ങളായ ഒറ്റസമാസങ്ങളെ മാത്രമല്ല, മിശ്രസമാസങ്ങളെയും മലയാളകവിൾ പ്രയോഗിക്കാൻ തുടങ്ങീട്ടുണ്ട്.

> "ഗന്തവ്യാ തേ വസതിരളകാ നാമ യക്ഷേശ്വരാണാം
> ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാധൗതഹർമ്മ്യാ"

എന്ന മേഘസന്ദേശശ്ലോകാർദ്ധത്തിന്റെ തർജ്ജമയിൽ മൂലത്തെ അനുസരിച്ചും അനുകരിച്ചും,

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

"എൻതോഴർക്കയൽവാഴിശങ്കരമുടിത്തിങ്കൾക്കിടാവിൻനിലാ-
വാട്ടം മേടകളോടു മേവുമളകയ്ക്കാണങ്ങു പോകേണ്ടതും"

എന്നു ദീർഘസമാസം ചെയ്തിരിക്കുന്നതു നോക്കുക.

ഘടകപദങ്ങളുടെ ജാതിഭേദം പ്രമാണിച്ച് സമാസങ്ങളെ താഴെ വിവരിക്കുന്നപ്രകാരം വിഭജിക്കാം:

1. ക്രിയാംഗം ക്രിയയോട് — കൊണ്ടാടുക, രക്ഷിച്ചുകൊൾക.
2. നാമം ക്രിയയോട് — കൈവെടിയുക, ഭേദമാവുക, നിലനില്ക്കുക.
3. നാമാംഗം നാമത്തോട് — പെറ്റമ്മ.
4. നാമം നാമാംഗത്തോട് — തേനോലുംവാണി.
5. നാമം നാമത്തോട് — പൊല്ക്കടം, രാമനാട്ടം.
6. ഭേദകം നാമത്തോട് — വെൺചാമരം, ചെമ്പരത്തി.

ഘടകങ്ങളുടെ പ്രാധാന്യം പ്രമാണിച്ച് സമാസങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു. എങ്ങനെ,

1. തൽപ്പുരുഷൻ — ഉത്തരപദാർത്ഥപ്രധാനം — തലവേദന.
2. ബഹുവ്രീഹി — അന്യപദാർത്ഥപ്രധാനം — താമരക്കണ്ണൻ.
3. ദ്വന്ദ്വൻ — സർവ്വപദാർത്ഥപ്രധാനം — അച്ഛനമ്മമാർ.

അവ്യയീഭാവവും ദ്വിഗുവും ഭാഷയിലില്ലാത്തതിനാൽ ഇവിടെ പരിഗണിച്ചിട്ടില്ല. 90

181. വിശേഷണവിശേഷ്യങ്ങൾ
പൂർവ്വോത്തരപദങ്ങളായ്
സമാസിച്ചാൽ തൽപ്പുരുഷ-
നുളവാം പലജാതിയിൽ.

വിശേഷണം വിശേഷ്യത്തോടു സമാസിക്കുന്നത് തൽപുരുഷൻ. വിശേഷണം സമാനാധികരണമായോ വ്യധികരണമായോ ഇരിക്കാം; പദങ്ങളും നാമകൃതി ഭേദകങ്ങളിൽ ഏതുമാകാം. അതിനാൽ പലമാതിരിയിൽ തൽപ്പുരുഷസമാസം ഉളവാകും. (വിശേഷണം സമാനാധികരണമായിരുന്നാൽ അതിന് "കർമ്മധാരയൻ"[2] എന്നു പ്രക്രിയയ്ക്കുവേണ്ടി വിശേഷാൽ പേർ സംസ്കൃതക്കാർ ചെയ്തിട്ടുണ്ട്.) ഉദാ:

[2] കർമ്മധാരയൻ: അതു മൂന്നു വിധം — നിത്യസമാസം, രൂപകസമാസം, ഉപമിതസമാസം. — ശേഷഗിരിപ്രഭു; വ്യാകരണമിത്രം, വശം 210.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-33.tex/Line: 101

	വിഭക്ത്യർത്ഥം	സമാസം	വിഗ്രഹം
1.	നിർദ്ദേശിക	ഭേദമാവുക	ഭേദം ആവുക
	ടി കർമ്മധാരയൻ	കൊന്നത്തെങ്ങ്	കൊന്നയായ തെങ്ങ്
2.	പ്രതിഗ്രാഹിക	പാക്കുവെട്ടി	പാക്കിനെ വെട്ടുന്നത്
3.	സംയോജിക	പന്തൊക്കും	പന്തോടൊക്കുന്ന
4.	ഉദ്ദേശിക	ഹോമപ്പുര	ഹോമത്തിനുള്ള പുര
5.	പ്രയോജിക	മാങ്ങാക്കറി	മാങ്ങയാൽ കറി
6.	സംബന്ധിക	മരപ്പൊടി	മരത്തിന്റെ പൊടി
7.	ആധാരിക	തോൾവള	തോളിലെ വള
8.	നിന്ന്	നാടുനീങ്ങി	നാട്ടിൽനിന്നു നീങ്ങി
9.	കുറിച്ച്	ആനബ്ഭ്രാന്ത്	ആനയെക്കുറിച്ചുള്ള ഭ്രാന്ത്

വിശേഷ്യങ്ങൾക്കും അഭേദം അർത്ഥത്തിൽ തൽപ്പുരുഷസമാസം വരാം; അതിനു രൂപക
119 സമാസം എന്നു പേർ. ഉദാ:

അടിമലർ — അടിയാകുന്ന മലർ. മനക്കരുന്ന് — മനമാകുന്ന കരുന്ന്.

പ്രസിദ്ധിനിമിത്തം പ്രയോഗിക്കാതെതന്നെ അർത്ഥത്തിനു പ്രതീതിയുള്ളതായ മധ്യമപദം
തൽപ്പുരുഷനിൽ ലോപിപ്പിക്കാം. ഈ വക സമാസത്തിന്“മധ്യമപദലോപി” എന്നു പേർ.
ഉദാ:

വെണ്ണക്കൃഷ്ണൻ — വെണ്ണപ്രിയനായ കൃഷ്ണൻ
തീവണ്ടി — തീയാൽ ഓടിക്കപ്പെടുന്ന വണ്ടി.
മഞ്ഞുതൊപ്പി — മഞ്ഞിനെ തടുക്കുന്ന തൊപ്പി.

കാരകങ്ങൾ ധാതുവോടു സമാസിച്ചുണ്ടാകുന്നത് കാരകതൽപ്പുരുഷൻ. ഉദാ:

തപസ്സിരിക്കുക	കൂട്ടിരിപ്പ്	നാടുവാഴുന്നു
വേളികഴിക്ക	അമ്മാനയാടുക	പിടികൂടുക

ഇച്ചൊന്നപടി അവാന്തരവിഭാഗങ്ങൾ ചെയ്തു തുടങ്ങിയാൽ അവസാനിക്കുന്നതു പ്രയാസം.
വിഭക്ത്യർത്ഥങ്ങളിൽ വരുന്ന തൽപ്പുരുഷന് ആ വിഭക്തിയുടെയോ അതിന്റെ അർത്ഥമായ
കാരകത്തിന്റെയോ പേർ ചേർത്തു സംയോജികാ തൽപ്പുരുഷൻ എന്നോ കരണതൽപ്പുരു
ഷൻ എന്നോ ഈവിധം സംജ്ഞകൾ ചെയ്യാം. സംസ്കൃതത്തിലുള്ള അവാന്തരഭേദങ്ങളിൽ
ഭാഷയിൽ സംഭവിക്കാവുന്നവയെ ഇവിടെ വിവരിച്ചു കഴിഞ്ഞു. സംസ്കൃതത്തിൽ സമാസം
പ്രാധാന്യേന നാമങ്ങൾ തമ്മിൽ മാത്രമാകയാൽ “തേച്ചുകുളി”, “പിടിച്ചുപറി” മുതലായ ഭാ
ഷാതൽപ്പുരുഷങ്ങൾക്കു സംസ്കൃതപ്പേരുകൾ കാണുകയില്ല. സംജ്ഞകളുടെ എണ്ണം വർദ്ധി
പ്പിച്ചിട്ടാവശ്യമില്ലെന്നു കരുതി ഇവിടെ പുതിയ സംജ്ഞകളെ സൃഷ്ടിക്കാൻ ആരംഭിക്കുന്നു
144 മില്ല.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-33.tex/Line: 145

182. വിശേഷണം വിശേഷ്യത്തോ-
ടതുള്ളോനെന്നു കാട്ടുവാൻ
സമാസിച്ചാൽ ബഹുവ്രീഹി;
അതും പലവിധം വരാം.

വിശേഷണവിശിഷ്ടമായ വിശേഷ്യത്തെത്തന്നെ തൽപ്പുരുഷൻ പ്രധാനമാക്കിക്കാണിക്കുന്നു; ബഹുവ്രീഹിയാകട്ടെ ഒരു പടികൂടിക്കടന്നു വിശേഷണവിശിഷ്ടമായ വിശേഷ്യം ഏവനുണ്ടോ അവനെ കുറിക്കുന്നു.

പുല്ലിംഗം അവിവക്ഷിതം. ഉദാ:

മധുരമൊഴി	—	മധുരമായ മൊഴിയുള്ള (വൻ — വൾ — തു)
നെടുങ്കണ്ണി	—	നെടിയ കണ്ണുള്ളവൾ.
നാന്മുഖൻ	—	നാലു മുഖമുള്ളവൻ.
മുക്കണ്ണൻ	—	മൂന്നു കണ്ണുള്ളവൻ.

ബഹുവ്രീഹിയുടെ വകഭേദങ്ങൾ:

1. സാദൃശ്യവാചകമായ ഒരു മധ്യമപദമുള്ളത് ഉപമാഗർഭം. ഉദാ: കഞ്ജനേർമിഴി = കഞ്ജത്തോടു നേരായ മിഴിയുള്ളവൾ.
2. ഉപമാവാചകപദം അർത്ഥസിദ്ധമായി വന്നിട്ടുള്ളത് ഉപമാലുപ്തം. ഉദാ: മതിമുഖി = മതിയെപ്പോലുള്ള മുഖമുള്ളവൾ.
3. ഉപമാനപദം ലോപിച്ചിട്ടുള്ളത് ഉപമാനലുപ്തം. ഉദാ: പേടക്കണ്ണി = പേടയുടെ കണ്ണുപോലുള്ള കണ്ണുള്ളവൾ. 169

183. ദ്വന്ദ്വൻ സമുച്ചയാർത്ഥത്തിൽ
വിശേഷ്യങ്ങൾക്കു തങ്ങളിൽ;
സംഖ്യാനാമങ്ങളാണെങ്കിൽ
വികല്പാർത്ഥത്തിൽ വന്നിടും.

ഉദാ: അച്ഛനമ്മമാർ = അച്ഛനും അമ്മയും; അഞ്ചാറ് = അഞ്ചോ ആറോ;
കൈകാലുകൾ = കൈയും കാലും; പത്തുപതിനഞ്ച് = പത്തോ പതിനഞ്ചോ.

വ്യക്തിവിവക്ഷകൂടാതെ സമുദായത്തിനു പ്രാധാന്യം കല്പിക്കുന്നപക്ഷം നപുംസകദ്വന്ദ്വന് ഏകവചനവുമാകാം. ഉദാ: 180 185

"ജരാനര വിഭൂഷണം; കൈകാല്."

184. വിശേഷണീഭാവചിഹ്നം
ലിംഗസംഖ്യാദ്യലോപവും

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-33.tex/Line: 190

ശുദ്ധഭാഷാസമാസത്തിൽ
കാണും പൂർവ്വപദത്തിന്.

തൽപുരുഷനും ബഹുവ്രീഹിയും വിശേഷണവിശേഷ്യങ്ങൾ തമ്മിലുള്ള സമാസമാണല്ലോ. അതുകളിൽ ഘടകങ്ങൾ ശുദ്ധമലയാളപദങ്ങളാണെങ്കിൽ പൂർവ്വപദം വിശേഷണമാണെന്നു കാണിക്കാനുള്ള പ്രക്രിയകൾ പ്രസക്തിയുള്ളിടത്തെല്ലാം വന്നുകാണും. അതുപോലെ ലിംഗവചനവിഭക്തിപ്രത്യയങ്ങൾ ലോപിക്കാതെതന്നെ നില്ക്കുകയുമാകാം. വിശേഷണീഭാവചിഹ്നങ്ങളെ അതാതു ദിക്കുകളിൽ വിവരിച്ചിട്ടുണ്ട്. ഉദാ:

> ഉമ്പർകോൻ ദേവകൾദേവൻ, (വചനം ലോപിച്ചിട്ടില്ല.) കൃഷ്ണൻതിരുവടി, കാലന്നൂർ, രാമനാട്ടം, മരംകയറ്റം, (ലിംഗം ലോപിച്ചിട്ടില്ല.) ഇത്യാദി. താൻതോന്നി, പൊൽപ്പൂവിൽമാനിനി, തനിക്കുതാൻപോന്നവൻ (വിഭക്തിക്കു ലോപമില്ല.)

ആയിരത്താണ്ട്, കപികുലത്തരചൻ	—	അംഗരൂപം	—	അത്ത്,
കാട്ടുപോത്ത്, ആറ്റുമണൽ	—	അംഗരൂപം	—	ദ്വിത്വം.
കുന്നിൻമകൾ, പാക്കിൻതോട്ട്	—	ടി	—	ഇൻ ഇടനില.
ചെപ്പുക്കുടം, ആട്ടവെലി	—	ടി	—	അനുനാസികത്യാഗവും ഖരദ്വിത്വവും.
വള്ളിക്കുടില്, പുലിത്തോൽ	—	ടി	—	ഉത്തരപദാദിദ്വിത്വം

ലിംഗവചനവിഭക്തികൾക്കു ലോപംവരാത്ത സമാസത്തിന് അലുപ്തസമാസം എന്നു പേർ ചെയ്യാം. സംസ്കൃതാനുകരണംനിമിത്തം അലുപ്തസമാസം ഇപ്പോൾ അപൂർവ്വമാണ്; അതിലും വിശേഷിച്ച്, വിഭക്തിലോപം വരാതെയുള്ളവ വളരെച്ചുരുങ്ങും.[3] എന്നാൽ സംസ്കൃതത്തിലും സരസിജം, വനേചരൻ, ദേവാനാംപ്രിയൻ ഇത്യാദികൾപോലെ അലുപ്തസമാസങ്ങൾ ദുർല്ലഭങ്ങളല്ല. വ്യഞ്ജനാന്തശബ്ദങ്ങൾക്കാണല്ലോ അംഗത്തിന് "ഇൻ" ഇടനില; അത് സംബന്ധികാതൽപ്പുരുഷനിൽ പ്രായേണ കാണും. "കായാമ്പൂ", "മാങ്ങ" ഇത്യാദികൾ "കായാവിൻപൂ", "മാവിൻകാ" ഇത്യാദികളുടെ സങ്കോചിതരൂപങ്ങളായിരിക്കണം.

212

185. സമാസത്തിൽ പരാധീന-
പ്പെട്ടുപോയ പദങ്ങളിൽ
ദാസദാസന്യായരീത്യാ-
ചേരാ ബാഹ്യവിശേഷണം.

[3] അലുപ്തസമാസങ്ങൾ മലയാളത്തിൽ അപൂർവമല്ല, തൊഴുത്തിൽകുത്തു, തലയിലെഴുത്ത്, ഞാണിൽ ദണ്ഡിപ്പ് മുതലായവ നോക്കുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-33.tex/Line: 231

ലുപ്തസമാസത്തിൽ ലോപിച്ചിരിക്കുന്ന ലിംഗവചനാദികളുടെ അർത്ഥം യോഗബലംകൊണ്ടാണ് സ്ഫുരിക്കുന്നത്. അതുകൊണ്ട് രണ്ടുപദങ്ങൾ തങ്ങളിൽ സമാസിക്കുമ്പോൾ അതുകൾക്കു തനിയെ നില്ക്കുമ്പോൾ ഉണ്ടാകാവുന്ന സ്വാതന്ത്ര്യം നശിച്ചുപോകും. സമുദായത്തിനല്ലാതെ അംഗങ്ങൾക്കു പ്രത്യേകിച്ച് ഒരധികാരവുമില്ല. ഒറ്റപ്പദത്തിൽ ഘടകങ്ങളായ അക്ഷരങ്ങളുടെ നിലയേ സമാസത്തിൽ ഘടകപദങ്ങൾക്കുമുള്ളൂ. അതിനാൽ ഘടകപദങ്ങൾക്കു വെളിയിൽനിന്നു വിശേഷണം ചേർക്കാൻ ന്യായമില്ല. അതിലും വിശേഷിച്ച് സമാസത്തിൽത്തന്നെ അപ്രധാനമായി നില്ക്കുന്ന പദത്തിന് ഒട്ടും പാടില്ല. സ്വയമേ ദാസനായവന് എങ്ങനെ ഒരു ദാസൻ യോജിക്കും? പേടമാനിന്റെ മിഴിപോലുള്ള മിഴിയുള്ളവൾ "പേടമാൻ മിഴി" എന്നു സമാസംചെയ്തതിന്റെശേഷം ആ പേടമാനിനുഭയപ്പെട്ട (പേടമാൻ) എന്നൊരു വിശേഷണം ചേർത്ത് "ഭയപ്പെട്ട പേടമാൻമിഴി" എന്നു പ്രയോഗിച്ചുകൂടാ. ഭീതമായ മൃഗം = ഭീതമൃഗം" അതിന്റേതുപോലെ അക്ഷിയുള്ളവൾ ഭീതമൃഗാക്ഷി എന്നു സമാസത്തിനുമേൽ സമാസം ചെയ്യാൻ വിരോധവുമില്ല. അപ്പോൾ വിശേഷണം ബാഹ്യമാകുന്നില്ല: അലുപ്തസമാസങ്ങളിലാകട്ടെ ഇത്രത്തോളം നിർബ്ബന്ധമാവശ്യമില്ല. താഴെ ഉദ്ധരിച്ചിട്ടുള്ള പ്രാചീനപ്രയോഗങ്ങൾ അനുകരണയോഗ്യങ്ങളല്ല.

ചണ്ഡരാം രാക്ഷസനിഗ്രഹം — കേ. രാ.
നന്ദനസമമാമുദ്യാനഭംഗം ചെയ്താൽ — ടി
ശോകസാധനമായ സംസാരമോക്ഷം — ഭാഗ.

ഇനി പൂർവ്വസൂത്രത്തിൽച്ചെയ്ത നിർബ്ബന്ധത്തെ ഒന്നോട്ട് നിരസിക്കുന്നു: 240

186. പ്രതീതിക്കുറവില്ലെങ്കിൽ
പിരിഞ്ഞാലും സമാസമാം.

സമുദായത്തിന് ഏകാർത്ഥപ്രതീതിയുണ്ടാക്കാനാണ് സമാസം ചെയ്യുന്നത്: ആ പ്രതീതിക്കു ഹാനിവരാത്തപക്ഷം ഘടകങ്ങളെ പിരിച്ചു ദൂരെദൂരെ പ്രയോഗിച്ചാലും ആ പദങ്ങൾക്കു സമാസംതന്നെ.

"കാര്യം ഭവാനറി വേറെയില്ലേതുമേ"

എന്ന ചാണക്യനീതിയിലെ പ്രയോഗത്തിൽ കാര്യത്തിന്റെ അറിവ് = കാര്യമറിവ് എന്നോ; അറിവിനു വിഷയമാകുന്നില്ല = അറിവില്ല എന്നോ സമാസം സ്വീകരിച്ചാലേ അന്വയം യോജിക്കയുള്ളു. എന്നാൽ ഈ പദങ്ങൾ തങ്ങളിൽ അകന്നാണു നില്ക്കുന്നത്. എങ്കിലും അർത്ഥപ്രതീതി ശരിയായി വരുന്നുണ്ട്; അതിനാൽ ഈമാതിരി സമാസങ്ങളെ "വ്യവഹിതസമാസം" എന്നു പേരിട്ടു സ്വീകരിക്കാം.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 2

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

3

ശബ്ദോൽപ്പത്തി

വ്യാകരണം ഭാഷയുടെ ഉപയോഗത്തെ വ്യവസ്ഥപ്പെടുത്തുന്ന ശാസ്ത്രമാണല്ലോ. ഭാഷ എന്നാൽ മനോവൃത്തികളെ വെളിപ്പെടുത്തുവാനുള്ള ഉപായം. മനോവൃത്തികൾ പ്രപഞ്ചത്തെക്കുറിച്ചു പ്രവർത്തിക്കുന്നു. പ്രപഞ്ചം ദ്രവ്യം, ക്രിയ, ഗുണം — ഈ മൂന്നു തത്ത്വങ്ങളെക്കൊണ്ടു ചമച്ചതെന്നു സമർത്ഥിക്കാം.

ഏതെങ്കിലും ഒരു ചിത്തവൃത്തിയെ ഒറ്റതിരിച്ചു കാണിക്കുന്നത് ഒരു വാക്യം. ഒരു വാക്യത്തെ കെടുതൽ വരാത്ത വിധത്തിൽ അഴിച്ചാൽ (അപോദ്ധരിച്ചാൽ) കയറിൽനിന്നു ചകിരിനാരെന്നപോലെ പദങ്ങൾ കിട്ടുന്നു. അതിനാൽ ഭാഷയുടെ നാരായവേർ പദമാകുന്നു.

പ്രപഞ്ചം ദ്രവ്യക്രിയാഗുണാത്മകമെന്നു മുൻപറഞ്ഞുവച്ചതിനെ കൂട്ടിച്ചേർത്ത് ആലോചിക്കുമ്പോൾ പദത്തിന്റെ പൊരുളാകേണ്ടത് ഈ ദ്രവ്യക്രിയാഗുണങ്ങൾ മൂന്നിൽ ഒന്നാണെന്നു ബോധപ്പെടും. എന്നാൽ മുൻകാണിച്ച ദൃഷ്ടാന്തത്തിലെ ചകിരിനാരിനെ വേദാന്തികൾ പഞ്ചഭൂതാത്മകമെന്നും, രസതന്ത്രക്കാർ ചില ലോഹങ്ങളുടെയും അലോഹങ്ങളുടെയും പരിണാമമെന്നും വിഭജിക്കുംപോലെ നൈരുക്തന്മാർ, ബാലന്മാർക്ക്[1] ശബ്ദസ്വഭാവത്തിൽ വ്യുൽപ്പത്തി വരുത്താൻവേണ്ടി, പദങ്ങൾക്കും മൂലമായി പ്രകൃതി എന്നൊന്നിനെ കല്പിക്കുന്നു. ദ്രവ്യക്രിയാഗുണങ്ങൾ എന്ന അർത്ഥങ്ങളെയും ഈ പ്രകൃതികളിലാണു സമർപ്പിക്കുന്നത്. അതിനാൽ ദ്രവ്യം, ക്രിയ, ഗുണം, എന്നു മൂന്നു തത്ത്വങ്ങൾക്കെതിരായി ഭാഷയിൽ ക്രമേണ സത്ത്വം, ധാതു, ധർമ്മി എന്നു മൂന്നു പ്രകൃതികൾ ഉളവാകുന്നു. ഈ പ്രകൃതിക

---

1 "ഉപായാഃ ശിക്ഷമാണാനാം
ബാലാനാമുപലാളനാഃ
അസത്യേ വർത്മനി സ്ഥിത്വാ
തതഃ സത്യം പ്രതീയതേ."
വാക്യപദീയം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 31

ളിൽനിന്നു പീന്നിട്ടു മുറയ്ക്കു നാമം, കൃതി, ഭേദകം എന്ന പദങ്ങൾ ജനിക്കുന്നു. അതിനാൽ നാമാദിപദങ്ങളുടെ ഉൽപ്പത്തി താഴെ വിവരിക്കുന്ന വംശാവലിപ്രകാരം ആകുന്നു.



പദാർത്ഥങ്ങൾക്കും പദപ്രകൃതികൾക്കും ഇങ്ങനെ പ്രത്യേകം പേരേർപ്പെടുത്തിയതു വായനക്കാർക്കു ഭ്രമത്തിന്ന് ഇടകൊടുക്കാതിരിക്കാൻവേണ്ടിയാകുന്നു. ഗ്രന്ഥാരംഭത്തിൽ ചെയ്തിട്ടുള്ള പദവിഭാഗത്തിൽ നിപാതം എന്നൊരിനംകൂടി സ്വീകരിച്ചിട്ടുള്ളതിനെ നിരുക്തദൃഷ്ട്യാ നോക്കുമ്പോൾ വകവയ്ക്കേണ്ടതില്ല. ഇവ തനിയേ നിന്നാൽ ഒരർത്ഥത്തെയും കുറിപ്പാൻ അശക്തങ്ങളാകയാൽ അവയെ പ്രത്യയങ്ങളുടെ ശേഖരത്തിൽ ഗണിപ്പാനുള്ളതേ ഉള്ളു. പ്രത്യയം പ്രകൃതിയിൽ ചേരുന്നു; നിപാതം വികൃതിയിൽ (പദത്തിൽ) ചേരുന്നു എന്നു മാത്രം ഭേദം. ഇതിനാൽത്തന്നെയാണ് ഇവയ്ക്ക് ദ്യോതകം എന്നും, നാമാദികൾക്ക് വാചകം എന്നും പേർ ലഭിച്ചത്. സർവ്വനാമം നാമത്തിന്റെ വകഭേദം എന്നേ ഉള്ളു. അവ്യയമോ നാമാദികളിൽനിന്ന് ഉളവാകുന്നതെന്നു പ്രത്യക്ഷമാകുന്നു. അതിനാൽ പദപ്രകൃതികൾ സത്ത്വ — ധാതു — ധർമ്മികളെന്നു സ്ഥാപിച്ചതു ശരിതന്നെ എന്ന് എളുപ്പത്തിൽ ബോധപ്പെടും. സ്വല്പം ബലാല്ക്കാരംചെയ്താൽ ഇവയിലും ധർമ്മി എന്ന മൂന്നാമിനത്തെ ധാതു എന്ന രണ്ടാമിനത്തിന്റെ ഉള്ളിൽ തള്ളിക്കയറ്റാം.[2] ഭേദകങ്ങൾക്കു സ്വതന്ത്രപ്രയോഗം ചുരുങ്ങിപ്പോയതും ധാതുക്കളെപ്പോലെ ഉള്ള ത്രുപനിഷ്പത്തിയും (ഉദാ: നല്, നല്ല) ആണ് ഈ സാഹസത്തിൽ നമ്മെ സഹായിക്കുന്നത്. സംസ്കൃതനിരുക്തകാരന്മാരാകട്ടെ, ഒരുപടികൂടെ മുൻപെട്ടു കടന്നു നാമത്തെക്കൂടി ധാതുക്കളിൽനിന്നു ജനിച്ചവയെന്നു വാദിച്ചു ധാതുവെന്ന ഇനത്തെത്തന്നെ സംസ്കൃതത്തിലെ സകല ശബ്ദങ്ങൾക്കും മൂലപ്രകൃതിയെന്നു ശാഠ്യംപിടിക്കുന്നു. എന്നാൽ ശാകടായനാദികളുടെ ഈ ശാഠ്യം ഭ്രമമൂലകമെന്നു ശാകപൂർണ്ണി മുതൽ പേർ അന്നുതന്നെ എതിർവാദവും ബലമായി പുറപ്പെടുവിച്ചിട്ടുണ്ട്. ലൗകികവിഷയങ്ങളിൽ ഈ വിധം അദ്വൈതസിദ്ധാന്തം സ്ഥാപിപ്പാൻ പുറപ്പെടുന്നതു മഹാക്ലേശവും മുറട്ടുവാദവും ആകുന്നുവെന്നു യാസ്കനിരുക്തം, ഉണാദിസൂത്രം മുതലായ ഗ്രന്ഥങ്ങളിൽനിന്നു നമുക്കു സ്പ

[2] നാമാവിശേഷണങ്ങളുടെ അസ്തിത്വത്തിൽ ഉള്ള ഈ ശങ്ക സവിശേഷം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഭേദകാധികാരത്തിലെ കുറിപ്പുകളും പ്രസ്താവനയും കാണുക.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 57

ഷ്ടമാകുന്നു. മഹാനായ പാണിനിക്ക് ഈ ദുർവ്വാദം അഭിമതമല്ലായിരുന്നു എന്നതിലേക്ക് "ഉണാദയോ ബഹുലം" എന്ന സൂത്രം മുതലായി അനേകം ലക്ഷ്യങ്ങളുണ്ട്. ഈ അപ്രകൃതം ഇങ്ങനെ ഇവിടെ നില്ക്കട്ടെ.

പ്രകൃതത്തിൽ മലയാളത്തിലെ പദങ്ങൾ ഒട്ടുക്കു സത്ത്വം, ധാതു, ധർമ്മി എന്ന ഈ മൂന്നു വേരുകളിൽനിന്നു മുളച്ചുണ്ടായവയെന്നു പ്രതിപാദിച്ചുവല്ലോ. ഇവയിൽ ഭേദകങ്ങളുടെ വേരായ ധർമ്മി എന്ന പ്രകൃതി വളരെ ചുരുങ്ങും. സത്ത്വം അതിൽ കൂടും. ധാതുക്കളാണ് എണ്ണത്തിൽ അധികം. ധാതുക്കളുടെ സ്വഭാവം കാണിക്കാൻവേണ്ടി അതുകളിൽ പ്രധാനങ്ങളായ ഏതാനും എണ്ണങ്ങളെ പരിശിഷ്ടത്തിൽ ചേർത്തിട്ടുണ്ട്. സത്ത്വങ്ങൾക്ക് ഇവയെപ്പോലെ പ്രകൃതിഭേദംകൊണ്ട് രൂപഭേദം ഇല്ല. ധാതുപാഠം ഇങ്ങനെ ക്രിയാപദങ്ങളുടെ നിഷ്പത്തിക്ക് ഉപപത്തിയുണ്ടാക്കണം എന്നുള്ള ഉദ്ദേശ്യത്തിൻപേരിൽ ചമച്ചിട്ടുള്ളതാകയാൽ അതിൽ എല്ലാ ധാതുക്കളുടെയും സ്വരൂപംതന്നെ നിരുക്തദൃഷ്ട്യാ അത്ര ശരിയായിരിക്കുമെന്നു ഞാൻ ഉറപ്പു പറയുന്നില്ല. എന്നാൽ പാണിനിയുടെ മഹാപ്രസിദ്ധമായ ധാതുപാഠവും ഈ ദോഷത്താൽ അസ്പഷ്ടമല്ലെന്നു സൂക്ഷ്മങ്ങളായ ശബ്ദാനുശാസനരഹസ്യങ്ങൾ ഗ്രഹിച്ചിട്ടുള്ളവർ സമ്മതിക്കുകതന്നെ ചെയ്യും.

എണ്ണത്തിൽ ചുരുങ്ങുന്നതും ധാതുവിൽ ഉൾപ്പെടുത്താവുന്നതും ആയ ധർമ്മി എന്ന ഇനത്തെ വകവയ്ക്കാതെ നോക്കുന്നപക്ഷം പ്രകൃതികൾ സത്ത്വം എന്നും, ധാതു എന്നും രണ്ടേ ഉള്ളല്ലോ. ചിലേടത്ത് ഒരു പ്രകൃതി സത്ത്വമോ ധാതുവോ എന്നു നിശ്ചയിപ്പാൻ കഴിയുന്നതല്ലെന്നു വരും. എങ്ങനെ:

1.	ചൊല്:	സത്ത്വം — ചൊല്ലിന്റെ പൊരുൾ, പഴഞ്ചൊല്ല്.	ധാതു — ചൊല്ലുന്നു.
2.	നട:	സത്ത്വം — നടയുടെ വേഗം, അന്നത്തിന്റെ നട.	ധാതു — നടക്കുന്നു. 80
3.	കളി:	സത്ത്വം — കളിയുടെ രസം, പലകളികൾ	ധാതു — കളിക്കുന്നു.

187. മൂലപ്രകൃതിയിൽ സാരം
ബീജമക്ഷരമൊന്നുതാൻ
വിവർത്തനപ്രക്രിയയാ-
ലതു പിന്നുതിവീർത്തിടും.[3]

മൂലഭൂതമായ പ്രകൃതി സത്ത്വമായാലും ധാതുവായാലും ആദ്യത്തിൽ ഏകാക്ഷരമായിരിക്കണം എന്നാണ് ഊഹം. എന്നാൽ ഇപ്പോൾ പ്രകൃതിയായി കാണുന്ന സത്ത്വങ്ങളും ധാതുക്കളും ഊതിവീർത്ത് അനേകാക്ഷരങ്ങളായിത്തീർന്നിട്ടുണ്ട്. വീർക്കാനുള്ള കാരണം വിവർത്തനപ്രക്രിയയാകുന്നു. അതിന്റെ സ്വഭാവം അടുത്തു തന്നെ വിവരിക്കാം. ഉദാ:

സത്ത്വം:	കൈ, തീ, കാൽ, കൽ, നെൽ, മൺ, ഉൽ, നേർ.
ധാതു:	ആ, ചീ, ളു, തേ, പോ, അറ്, വീട്, പുക്, ഉണ്.

[3] Dravidian roots are monosyllable in origin — Caldwell, Comn. Grammar, p. 196. പൂർവ്വദ്രാവിഡത്തിൽത്തന്നെ ദ്ര്യക്ഷരാത്മകവും ത്ര്യക്ഷരാത്മകവും ആയ ധാതുക്കൾ ഉണ്ടായിരുന്നു.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 97

ഈ ഊഹത്തിനുള്ള അടിസ്ഥാനമെന്തെന്നു ചുരുക്കത്തിലെങ്കിലും പ്രസ്താവിക്കണമല്ലോ.

ഒന്നാമത് — പണ്ടുണ്ടായിരുന്ന ഏകമാത്രകധാതുക്കളിൽ മിക്കതും ഇപ്പോൾ ഖിലങ്ങളായി ത്തീർന്നിരിക്കുന്നു. എൻ, ഉൾ, ഇൽ, അൽ, വേൺ, തക്, മിക് ഇത്യാദികൾ നോക്കുക. എൻ — എന്നു, എന്ന; ഉൾ — ഉണ്ടു്, ഉള്ളു; ഇൽ — ഇല്ല; അൽ — അല്ല; വേൺ — വേണ്ടും, വേണ്ടി; തക് — തക്ക; മിക് — മിക്ക ഇങ്ങനെ ഏതാനും രൂപങ്ങൾ മാത്രമേ ഇതുകൾക്കു നടപ്പുള്ളു. ഇതിൽ എൻ മുതലായ ചില ധാതുക്കൾ അവ്യയങ്ങളായിപ്പോയി; ചിലതിന് അനുപ്രയോഗ മായിട്ടേ പ്രചാരമുള്ളു; തക്, മിക് മുതലായവയ്ക്കു മുറ്റുവിനയിൽ പ്രയോഗമേയില്ല. ഖിലമാകാ തെ നടപ്പിൽത്തന്നെ ഇരിപ്പുള്ളവയിൽ മിക്കതും മാത്രയോ വർണ്ണമോ അക്ഷരമോ ചേർന്നു നീണ്ടിരിക്കുന്നു. പുക് — പൂക്കു്. ഇതിപ്പോൾ സ്വരം ദീർഘിച്ചു പൂക് എന്നായിട്ടു് പൂകുന്നു. പൂ കി, പൂകും, എന്ന മട്ടിൽ എല്ലാ രൂപങ്ങളിലും നടക്കുന്നു. മീതു, മീതേ, മീത്തു, മീത്തൽ എന്ന പദങ്ങളിൽ മാത്രം ശേഷിച്ചിരിക്കുന്നതും ഉപരി എന്നർത്ഥമുള്ളതുമായ മീ എന്ന പ്രകൃതിക്ക് ഇപ്പോൾ മികക്കുന്നു, മികത്തു, മികക്കും എന്നോ, മികയ്ക്കുന്നു, മികച്ചു, മികയ്ക്കും എന്നോ നീ ണ്ടിട്ടുള്ള വേഷത്തിലാണു പ്രചാരം. "മിഞ്ചുക" എന്ന രൂപവും ഇതിന്റെതന്നെ വേഷഭേദമാ യിരിക്കണമെന്നു തോന്നുന്നു. കുഴി, കുഴൽ, കുഴങ്ങുക, കുണ്ടു്, കുളം, കുളി, കുണ്ടൻ ഇത്യാദി പദങ്ങളെ സൂക്ഷിച്ചുനോക്കുമ്പോൾ കുൾ എന്നോ കുൺ എന്നോ ഒരു പ്രകൃതി ഉണ്ടായിരിക്ക ണം എന്നും അതിന്റെ വകഭേദങ്ങളാണിതെല്ലാം എന്നും സ്പഷ്ടമാകുന്നു. ഒടുങ്ങുക എന്നതി ന്റെ ക്രിയാനാമം ആയിട്ടു് നാം "ഒടുവ്" എന്നു പ്രയോഗിക്കാറുണ്ടു്. ഇതിൽ ങകാരം കാണാ യ്കയാൽ ആദ്യത്തിൽ ധാതു ഒട് എന്നു മാത്രമായിരുന്നിരിക്കണം എന്നു പറയേണ്ടിവരുന്നു.

ഇതിനും പുറമേ ഏകമാത്രകധാതുക്കൾക്കാണ് 99-ആം സൂത്രത്തിൽ വ്യത്യസ്തം പറഞ്ഞി ട്ടുള്ളതു്. സൂത്രത്തിൽ കറടാന്തങ്ങളെ മാത്രമേ എടുത്തിട്ടുള്ളു. അതിലും അടുത്ത സൂത്രത്തിലും യുക്തി പറഞ്ഞുകൂട്ടത്തിൽ കകാരാന്തത്തിനു വ്യത്യസ്തം വരാൻ ഒരു സമാധാനവും ഉണ്ടായി ല്ല. പച് — പച്ച; മിച് — മിച്ചം ഇത്യാദികൾ നോക്കുമ്പോൾ കറടാന്തങ്ങൾ മാത്രമല്ല. ചകാരാ ന്താദികളും ഈ വിധത്തിൽ ഉണ്ടായിരുന്നിരിക്കാം. ഈ വ്യത്യസ്തങ്ങളുടെ കൂട്ടത്തിൽ ടകാ ററകാരാന്തങ്ങൾ മാത്രം ഖിലങ്ങളാകാതെ നില്ക്കുന്നുണ്ടു്. വിട് — വിടുന്നു, വിടും; പെറ് — പെ റുന്നു, പെറ്റു, പെറും ഇത്യാദി. ഇതുകൾക്കു വിശേഷവിധികൂടാതെതന്നെ സന്ധികാര്യംകൊ ണ്ടു് വിട് + തു = വിട്ടു, പെറ് + തു = പെ൮്തു = പെറ്റു എന്നു സാധാരണരൂപം വരാവുന്നതുമാ ണ്. അതിനാൽ വ്യത്യസ്തത്തിൽ ഉൾപ്പെടാത്തതുകൊണ്ടുതന്നെ ആയിരിക്കണം അതുകൾ ഖിലങ്ങളായിപ്പോകാത്തതു് എന്നു കല്പിക്കാൻ മാർഗ്ഗം കിട്ടുന്നു.

ഈവക തെളിവുകൾ എന്തൂഹത്തിലേക്കാണു നമ്മെ നയിക്കുന്നത്? പണ്ടു് ധാതുക്കൾ ഏക മാത്രങ്ങളായിരുന്നു; ഇപ്പോൾ അവ വ്യത്യസ്തങ്ങളുടെ കൂട്ടത്തിൽ ആയിപ്പോയി. സന്ധിപ്ര കരണത്തിൽ 18-ആം സൂത്രത്തിൽ "പദമില്ലൊറ്റമാത്രയിൽ" എന്നു സ്ഥാപിച്ചിട്ടുണ്ടല്ലോ. ആ യുക്തിതന്നെ കാലക്രമത്തിൽ പ്രകൃതികളിലുംകൂടി പ്രവർത്തിപ്പിച്ചിരിക്കണം.

രണ്ടാമത് — ശ്രുദ്ധഭേദകങ്ങളെല്ലാം പ്രകൃതിരൂപങ്ങളാണല്ലോ. അതുകളെ സമാസമായിട്ടേ ഉപയോഗിക്കാറുള്ളു; പിരിച്ചു പ്രയോഗിക്കയാണെങ്കിൽ അതുകൾക്ക് പേരെച്ചത്തിനുള്ള രൂ

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 147

പം വേണം. ഇതിൽനിന്ന് ഒരു സാമാന്യവിധി ഊഹിക്കരുതോ? ഏതുജാതി പദമായാലും സ്വതന്ത്രമായി പ്രയോഗിക്കുമ്പോൾ പ്രസ്തുതമായ പ്രകൃതി നാമമോ കൃതിയോ ഭേദകമോ ആയി പരിണമിച്ചിരിക്കുന്നു എന്നു കാണിക്കാനായിട്ട് അതിൽ പ്രക്രിയാവിശേഷണം ചെയ്യണം. ആ പ്രക്രിയ ആയിരിക്കാം വിവർത്തനപ്രക്രിയ. മൂലഭൂതമായ പ്രകൃതി അവ്യാകൃതമാണ്; അതു നാമമോ കൃതിയോ ഭേദകമോ ആയി പരിണമിക്കണമെങ്കിൽ അതിൽ ചില വികാരങ്ങൾ വരണം. "നാമാദിയാം വിഭാഗത്തിന്നെല്ലാമർത്ഥം നിയാമകം" (സൂത്രം 33) എന്നു ശബ്ദവിഭാഗത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക. തമിഴിലെ ശബ്ദവിഭാഗത്തിൽ ചെമ്മ, ചെറുമ എന്നു മ ചേർന്നിട്ടുള്ള രൂപംതന്നെയാണ് ഉരിച്ചൊൽ (ഭേദകം)[4] എന്നു കല്പിക്കപ്പെട്ടിരിക്കുന്നത്. ചെങ്കനൽ, ചെറുപയറ് എന്ന സമാസത്തിലാകട്ടെ മ ലോപിച്ചു എന്നു പറയുന്നതുപോലും ശരിയല്ല; അതു തനിയേ നീങ്ങിപ്പോയിരിക്കുന്നു എന്നുവേണം പറവാൻ. ഇങ്ങനെയാണ് ഭവനന്ദിയുടെ അഭിപ്രായം. ഈ മാതിരിക്കല്പനചെയ്യാനുള്ള യുക്തിയും നമ്മുടെ സിദ്ധാന്തത്തിന് അനുഗുണമായിരിക്കുന്നു.

മൂന്നാമത് — സംസ്കൃതത്തിൽ ധാതുക്കളെല്ലാം ഏകാക്ഷരങ്ങളാണ്. അതുകളെ ദ്രാവിഡത്തിൽ എടുക്കുമ്പോൾ അന്ത്യവ്യഞ്ജനത്തിൽ ഇകാരം ചേർത്ത് ദ്യക്ഷരങ്ങളാക്കാറുണ്ട്. വദ് = വദി; ഹസ് = ഹസി; പച് = പചി. സ്വന്തശബ്ദങ്ങളിലും നാമത്തെ ധാതുവാക്കുന്നതിനും, ധാതുക്കളിൽത്തന്നെ കേവലത്തെ പ്രയോജകമാക്കുന്നതിനും ഈ ഇകാരത്തെത്തന്നെ പ്രത്യയമാക്കിച്ചേർക്കുന്നു. കൽ = കല്പിക്കുന്നു; ഒന്ന് = ഒന്നിക്കുന്നു; വിട് = വിടുവിക്കുന്നു; കൺ = കാണിക്കുന്നു. തെലുങ്കിലും കർണ്ണാടകത്തിലും ധാതുക്കളെല്ലാം സ്വരത്തിലവസാനിക്കണം എന്നു നിർബ്ബന്ധമായിത്തീർന്നിരിക്കുന്നു. സ്വരാന്തമായാൽ ധാതുവിനു രൂപനിഷ്പത്തിയിൽ സൗകര്യമുണ്ടാകും. അതിനാൽ ഇപ്പോൾ അനേകാക്ഷരങ്ങളായിക്കാണുന്ന ധാതുക്കളിലെ അന്ത്യസ്വരം രൂപനിഷ്പത്തിക്കുവേണ്ടിച്ചേർത്തതായിരിക്കണം. അങ്ങനെയുള്ള അന്ത്യസ്വരം ചിലെടത്ത് ഓരോ ഭാഷയിലും ഓരോന്നായി കാണുന്നത് നമ്മുടെ ഊഹത്തിന് ഉപഷ്ടംഭകവുമാണ്. തമിഴ് മലയാളം — നട; പ്രാചീനകർണ്ണാടകം — നടി; നവീനകർണ്ണാടകം — നടെ; തെലുങ്കു — നടു; സഞ്ചാരാർത്ഥകമായ നടക്കുക എന്നതിന്റെ വേഷഭേദമാണിതെല്ലാം. ഇതിൽ അന്ത്യസ്വരം വേഷവും, നട് എന്ന ഏകാക്ഷരം ശരീരവും എന്നു തെളിയുന്നു.

നാലാമത് — നല്ല, നല്ല, നലം എന്നു പലജാതി പദങ്ങളിലും നൽ എന്ന അംശം തുല്യമായിക്കാണുകയാൽ ആവകപ്പദങ്ങൾക്കെല്ലാം അതു പ്രകൃതിയാണെന്നു നാം കല്പിക്കുന്നു. അതുപോലെ (1) വിടുക, വിടിരുക, വെടിയുക, വെട്ടുക, വിള്ളുക, വെടിക്ക; (2) തിരുകുക, തിരിയുക, തിരിക്കുക, തിരുമ്പുക, തെരിയുക, തിരുന്നുക; (3) വറുക, വറുക്കുക, വറളുക; (4) ചൂഴുക, ചുഴിയുക, ചുഴലുക; (5) വഴുക, വഴുതുക, വഴുകുക എന്നിങ്ങനെ ഒരേ ജാതി (ധാതു)പ്പദങ്ങളിൽത്തന്നെ അല്പാല്പമായ അർത്ഥവ്യത്യാസത്തോടുകൂടെ അനേകം സംഘങ്ങൾ കാണുന്നുണ്ട്. ഇവയുടെ അർത്ഥത്തിൽ സാമാന്യവിശേഷഭാവം സ്പഷ്ടമാണ്. ഇവ മുറയ്ക്ക് (1) വിശ്ലേഷം, (2) പ്രതിനിവർത്തനം, (3) ജലാംശത്യാഗം, (4) ഭ്രമണം, (5) സ്ഖലനം എന്നീ

[4] ഭേദകങ്ങൾ ഗുണനാമങ്ങൾ തന്നെ എന്ന് സൂചന.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 173

സാമാന്യക്രിയകളുടെ വിശേഷണങ്ങളാകുന്നു. ഈ സാമാന്യാർത്ഥം കുറിക്കുന്നഭാഗം (1) വിട്ട്, (2) തിർ, (3) വർ, (4) ചുഴ്, (5) വഴ് എന്ന് ഏകാക്ഷര പ്രകൃതികളുമാണ്. അതിനാൽ സാമാന്യമായ അർത്ഥത്തെ വിശേഷീകരിക്കാൻവേണ്ടിയും ധാതുക്കളെ നീട്ടാറുണ്ടെന്നുവരുന്നു.

രൂപനിഷ്പാദത്തിനുള്ള സൗകര്യത്തിനോ പൊതുവായി നില്ക്കുന്ന അർത്ഥത്തെ വിശേഷപ്പെടുത്താനോവേണ്ടി ഏകാക്ഷരാത്മകമായ മൂലപ്രകൃതിയിൽ ചെയ്യുന്ന വികാരങ്ങൾക്കാണ് വിവർത്തനപ്രക്രിയ[5] എന്നുപേർചെയ്തത്. അതിന്റെ സ്വരൂപം എന്തെന്നാൽ, 42.

188. ദ്വിത്വം, ദൈർഘ്യം, പ്രത്യയത്തിൻ
യോഗവുംതാൻ വിവർത്തനം.

മൂലപ്രകൃതി വ്യഞ്ജനാന്തമാണെങ്കിൽ അതിനെ ഇരട്ടിക്ക, അതിലുള്ള ഹ്രസ്വസ്വരത്തെ നീട്ടുക, പലമാതിരി പ്രത്യയങ്ങളെ ചേർക്കുക ഇതാകുന്നു വിവർത്തനം: പ്രത്യയം എന്തെല്ലാമെന്നുവെച്ചാൽ,

189. പ്രത്യയം സ്വരമോ ചില്ലോ
ഖരമോ ചേർച്ചപോലെയാം;
ഹ്രസ്വംതാൻ സ്വരവർഗ്ഗത്തിൽ;
ചില്ലോ രേഫലളങ്ങളാം;
ഖരങ്ങൾ തനിയെ നില്ക്കാം
സാനുനാസികമായുമാം.

സ്വരം, ചില്ല്, ഖരം ഈ വർണ്ണങ്ങളാണ് വിവർത്തനപ്രത്യയങ്ങളായി വരുന്നത്. അതിൽ സ്വരങ്ങളിൽ അ, ഇ, ഉ എന്ന ഹ്രസ്വങ്ങൾ മാത്രമേ കാണൂ. ചില്ലുകളിൽ ര-ല-ള എന്നും മൂന്നെണ്ണം പ്രധാനം; എന്നാൽ അതുകൾ നേരേ പ്രകൃതിയിൽ ചേരാത്തതിനാൽ ആദിയിൽ സ്വരം ചേർത്ത് അർ, അൽ, അൾ എന്ന മട്ടിൽ വേണം. ഖരങ്ങൾ ക്, ച്, ട്, ത്, പ്, റ് എന്ന കേവലമായിട്ടോ ങ്, ഞ്, ണ്ട്, ന്ത്, മ്പ്, ൻറ് (= ന്ത്) എന്ന് അനുനാസികം ചേർന്നോ ആകാം. ഉദാ:

ദ്വിത്വത്തിന്:	വറ് — വറ്റുന്നു; തള് — തള്ളുന്നു; പൊട് — പൊട്ടുന്നു.
ദീർഘത്തിന്:	മറ് — മാറുന്നു; നറ് — നാറുന്നു; പുക് — പൂകുന്നു; തങ് — താങ്ങുന്നു.
സ്വരത്തിന്, അ:	പറ് — പറക്കുന്നു; നട് — നടക്കുന്നു; ചെം — ചെമക്കുന്നു.
സ്വരത്തിന്, ഇ:	പട് — പടിയുന്നു; തുറ് — തുറിക്കുന്നു.
സ്വരത്തിന്, ഉ:	കറ് — കറുക്കുന്നു; വെള് — വെളുക്കുന്നു.

[5] വിവർത്തനപ്രക്രിയ: Formative additions to roots, Re-duplication, Euphonic additions എന്നീ ഭാഗങ്ങളിൽ കാൽഡ്വൽ ചെയ്തിട്ടുള്ള ചർച്ചകളുടെ സംഗ്രഹം. Comp. Grammar. P. 196–217.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 212

ഖരത്തിന്, ക്:	പെര് — പെരുകുന്നു; പഴ് — പഴകുന്നു.
ഖരത്തിന്, ച്:	വീ — വീശുന്നു (?); മി — മിച്ചം.
ഖരത്തിന്, ട്:	പിശ — പിശടുന്നു: ഞെരി — ഞെരിടുന്നു
ഖരത്തിന്, ത്:	പൊര് — പൊരുതുന്നു; എഴ് — എഴുതുന്നു.
ഖരത്തിന്, പ്:	അൻ — അൻപുന്നു.
ഖരത്തിന്, റ്:	വിത — വിതറുന്നു; ചിത — ചിതറുന്നു;

സാനുനാസികഖരത്തിന്, ങ്:	ഒടു — ഒടുങ്ങുന്നു; മുട — മുടങ്ങുന്നു.
സാനുനാസികഖരത്തിന്, ഞ്:	ഉറി — ഉറിഞ്ഞുന്നു
സാനുനാസികഖരത്തിന്, ണ്ട്:	ചുര — ചുരണ്ടുന്നു; പര — പരണ്ടുന്നു;
സാനുനാസികഖരത്തിന്, ന്ത്(ന്ന്):	മുട — മുടന്തുന്നു; പൊരു — പൊരുന്തു(ന്നു).
സാനുനാസികഖരത്തിന്, മ്പ് — തുളു:	തുളുമ്പുന്നു; തേ — തേമ്പുന്നു; കെടു — കെടുമ്പുന്നു.

മേൽക്കാണിച്ച ഉദാഹരണങ്ങളെല്ലാം ധാതുക്കൾ നീളുന്നതിനുള്ളതാകുന്നു; നാമഭേദകങ്ങളുടെ പ്രകൃതികൾ നീളുന്നതിനും പ്രക്രിയ ഇതുതന്നെ. നാമാദികളായിപ്പിരിയുന്നത് കേവലം അർത്ഥത്തെ ആശ്രയിച്ചുമാത്രമേ ഉള്ളുവെന്നു ശബ്ദവിഭാഗത്തിൽത്തന്നെ ഉപന്യസിച്ചിട്ടുണ്ട്. പ്രകൃതികളിൽ എണ്ണമധികം കൃതിജാതിയിൽ ഉൾപ്പെട്ടവയാണെന്നുമാത്രമേ വിശേഷമുള്ളൂ. എന്നാൽ ചിലേടത്തു രൂപനിഷ്പത്തിക്കു മുൻപ് ഒരു പ്രകൃതി ഏതുജാതിയിൽ ചേർന്നതെന്നു തീർച്ചപ്പെടുത്തുന്നതിനുതന്നെ മാർഗ്ഗമില്ല. അതിനാൽ വിവർത്തനപ്രക്രിയയ്ക്കു മുൻപ് പ്രകൃതിക്കു ജാതിഭേദം ആലോചിച്ചിട്ടേ ആവശ്യമില്ല. മുട്ട വിരിഞ്ഞു് പൂട മുളച്ചു കുട്ടി കൂവിത്തുടങ്ങിയതിനു മേലേ കാക്കയോ കുയിലോ എന്നു തിട്ടപ്പെട്ടൂ. എങ്കിലും നാമഭേദകങ്ങളുടെ പ്രകൃതി നീളുന്നതിനും ഏതാനും ഉദാഹരണങ്ങൾ കാണിക്കാം.

നാമം		ഭേദകം	
തൊട്ടി — തൊട്ടിൽ	തുരു — തുരുമ്പ്	നാൽ — നാങ്ങ്	തൊൾ — തൊണ്ടു്
നാർ — നരമ്പ്	തരി — തരിമ്പ്	ചെം — ചെമ്പ്	കരു് — കരി, കാർ
പെൺ — പെട	കുഴ — കുഴി, കുഴൽ	നൽ — നൻറി = നന്നി (നന്ദി)	മൂ — മൂൻറ്, മൂന്നു

ഇനി ശബ്ദവ്യുൽപ്പത്തി ഊഹിക്കുന്നതിനുള്ള മാർഗ്ഗം കാട്ടുന്നതിനായി വിവർത്തനപ്രക്രിയ ഉള്ളിടത്തു് അതു ചെയ്തു മുറ്റുവിനയായിട്ടുപയോഗിക്കത്തക്ക നിലയിൽ വന്നിട്ടുള്ള ധാതുക്കളിൽനിന്നുത്ഭവിച്ചിട്ടുള്ള ഏതാനും നാമങ്ങളെ ഉദാഹരിച്ചു കാണിക്കുന്നു:

	ധാതു:	നാമം:	അർത്ഥം:
1	വിരി	വിരൽ	വിരിയുന്നതു്
2	പകു	പകൽ	ദിവസത്തെ പകുക്കുന്നതു്
3	കട	കടൽ	കടക്കാൻ വയ്യാത്തതു്
4	കുട	കുടൽ	കുടയുന്നതു്
5	ഉരുൾ	ഉരൾ	ഉരുളുന്നതു്

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പുകളുടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 279

6	നില്പ്	നിലം	നില്ക്കുന്നത്
7	നടു	നാട്ട്	നടുന്നത് (കൃഷിയുള്ള)
8	വിൾ	വിൺ	വിളങ്ങുന്നത്
9	മിൻ	മീൻ	മിന്നുന്നത് (നക്ഷത്രം)
10	വെൾ	വെള്ളി	വെളുത്തത്
11	കുതി	കുതിര	കുതിക്കുന്നത്
12	കാൺ	കണ്ണ്	കാണുന്നത്
13	നക്ക്	നാക്ക്	നക്കുന്നത്
14	ചെയ്	കൈയ്	ചെയ്യുന്നത്
15	ഇറു	ഇറുമ്പ്	ഇറുക്കുന്നത്
16	കൊയ്	കൊമ്പ്	കൊയ്യുന്നത്
17	പായ്	പാമ്പ്	പായുന്നത്
18	കോത്	കൊതുമ്പ്	കോതുന്നത്
19	കൊൾ	കൊളമ്പ്	കൊള്ളുന്നത്
20	ഇരി	ഇരിമ്പ്	ഇരിക്കുന്നത്
21	കൊഴ	കൊഴമ്പ്	കൊഴുക്കുന്നത്
22	വിൾ	വിളമ്പ്	വിളങ്ങുന്നത്
23	കിഴ്	കിഴങ്ങ്	കിഴിയുന്നത്
24	തണ	തണങ്ങ്	തണുക്കുന്നത്
25	തൾ	തണ്ട്	തളങ്ങുന്നത്
26	ചുൾ	ചുണ്ട്	ചുളങ്ങുന്നത്
27	മര്	മരുന്ന്	മരുവുന്നത്
28	കൊഴ്	കൊഴുന്ത്	കൊഴുക്കുന്നത്
29	ഉഴ്	ഊഴി	ഉഴുന്നത്
30	ആഴ്	ആഴി	ആഴമുള്ളത്
31	കര്	കരി	കറുത്തത്
32	ചൂഴ്	ചുഴലി	ചൂഴുന്നത്
33	ചുട്	ചുടലി	ചുടുന്നത്
34	പൊലി	പലിശ	പൊലിയുന്നത്
35	തൾ	തളിർ	തളങ്ങുന്നത്
36	കുൾ	കുളിർ	കുളർമ്മയുള്ളത്

1 നാമത്തിൽനിന്നു ധാതുവുണ്ടാക്കാനുള്ള സമ്പ്രദായം നാമധാതു പ്രകരണത്തിൽ വിവരിച്ചി
283 2 ട്ടുള്ളതു മതിയാകും.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 284

190. ബാഹ്യാഭ്യന്തരഭേദത്താൽ[6]
ശബ്ദം രണ്ടുവിധം വരും.

ശബ്ദങ്ങളെ ആഗമം പ്രമാണിച്ചു വിഭജിക്കുന്നപക്ഷം അവ ആഭ്യന്തരമെന്നും ബാഹ്യമെന്നും രണ്ടുവിധമുണ്ട്. മലയാളം ദ്രാവിഡകുടുംബത്തിൽ ജനിച്ച ഒരു ഭാഷയാകുന്നു; മലയാളമൊഴികെ ആ കുടുംബത്തിൽ തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു എന്നു നാലു പ്രധാന താവഴികൾ ഉണ്ട്. ഇവയിൽനിന്ന് എടുക്കുന്നവയായോ ഇവയ്ക്കു സമമായി തനിക്കു ലഭിച്ചിട്ടുള്ള കുടുംബസ്വത്തായോ ഉള്ള ശബ്ദങ്ങൾ ആഭ്യന്തരങ്ങൾ; ദ്രാവിഡകുടുംബത്തിനു പുറമെ ഉള്ള സംസ്കൃതം. ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, പോർട്ടുഗീസ്, പരന്തിരീസ്, പറങ്കി മുതലായ ഭാഷകളിൽനിന്നു ലഭിച്ചിട്ടുള്ളവ ബാഹ്യങ്ങൾ. 295

191. സ്വന്തം സാധാരണം ദേശ്യ —
മെന്നിഹാഭ്യന്തരം ത്രിധാ.

ആഭ്യന്തരം എന്ന വിഭാഗത്തിന് സ്വന്തം,[7] സാധാരണം, ദേശ്യം എന്നു പിന്നീടും മൂന്ന് ഉൾപ്പിരിവുകൾ. ഇവയിൽ മറ്റു ദ്രാവിഡങ്ങളിൽ കാണാതെ മലയാളത്തിൽ മാത്രം നടപ്പുള്ള ശബ്ദങ്ങൾ സ്വന്തം; കുടുംബസ്വത്തായി എല്ലാറ്റിനും തുല്യമായുള്ളവ സാധാരണം; മലയാളത്തിൽത്തന്നെ ചില ദേശങ്ങളിൽ മാത്രം നടപ്പുള്ളവ ദേശ്യം. 304

192. ബാഹ്യം തത്ഭവമായിട്ടു
വരാം തത്സമമായുമാം.

ബാഹ്യം എന്ന വിഭാഗത്തിനും ഉൾപ്പിരിവുകൾ ഉണ്ട്. 1. തത്ഭവം, 2. തത്സമം എന്ന്. ഒരു കുടുംബത്തിൽ ജനിച്ച ആൾ മറ്റു കുടുംബത്തിലേക്കു പോകുന്നതു് രണ്ടുവിധം വരാം. ഒന്നാമതു ദത്തായിട്ട്; രണ്ടാമതു സഖ്യവും മറ്റുംകൊണ്ട്. ഇവയിൽ ഒന്നാമതുപോലുള്ള വിജാതീയശബ്ദങ്ങളാണ് തത്ഭവങ്ങൾ; ദത്തുപുത്രന്റെ ഗോത്രം എങ്ങനെ പൗരാണികർ മാത്രമേ അറിയുവോ അങ്ങനെ തത്ഭവത്തിന്റെ ഉൽപ്പത്തി നിരുക്തകാരനേ സ്പഷ്ടമായിരിക്കൂ. അതിൽ നിന്നു ഭവിച്ചതുതത്ഭവം, അതിനോടു സമം തത്സമം എന്ന് സംജ്ഞകളും അന്വർത്ഥങ്ങളാകുന്നു. അതിനാൽ തത്ഭവങ്ങൾക്കു പല കാരണങ്ങളാൽ വളരെ വ്യത്യാസം വന്നിരിക്കും. തത്സമം രണ്ടു ഭാഷകളിലും തുല്യരൂപമായിത്തന്നെ ഇരിക്കും. ഈ ഭേദം സംസ്കൃതത്തിൽ നിന്ന് എടുക്കുന്ന ശബ്ദങ്ങളിലാണ് അധികംകാണുന്നതു്. ഗാർത്തുവെറ്റുസായിപ്പ് ഈ

[6] 1. ആഭ്യന്തരം = ദേശി — ലീലാതിലകം, ശില്പം 2. സൂ. 13.

[7] സ്വന്തം = ശുദ്ധം, സാധാരണ = ഭാഷാന്തരസമം — ലീലാതിലകം. സ്വന്തത്തെ സ്വീയം ഇന്ന് ശേഷഗിരിപ്രഭ. സ്വന്തത്തിന് ഉദാഹരിച്ചിട്ടുള്ള ശബ്ദങ്ങളെ എമന, ബറോ തുടങ്ങിയവരുടെ ദ്രാവിഡഭാഷാപഠനങ്ങളുടെ വെളിച്ചത്തിൽ വീണ്ടും വിലയിരുത്തേണ്ടതായുണ്ട്. അൻപതിൽപരം വർഷങ്ങൾക്കു മുൻപ് കേരളപാണിനി മുൻപോട്ടു വച്ച ആശയങ്ങൾ പിൽക്കാലത്തെ ഗവേഷണഫലങ്ങളുടെ വെളിച്ചത്തിൽ വേണമല്ലോ വിലയിരുത്താൻ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 319

തത്ഭവതത്സമശബ്ദങ്ങളെ ഉപയോഗിക്കുന്നത് ഇവിടെ വിവരിച്ച താൽപര്യത്തിൽത്തന്നെ ആണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും നാം ഈ ശബ്ദങ്ങൾക്കു കൊടുത്തിട്ടുള്ള അർത്ഥം തെലുങ്കുവൈയാകരണന്മാരുടെ അനുവാദപ്രകാരവും, ഇവയെ സൃഷ്ടിച്ച കാവ്യാദർശകർത്താവായ ദണ്ഡിയെ അനുസരിച്ചും ശബ്ദവ്യുൽപ്പത്തിയെ അവലംബിച്ചും ആകുന്നു.

ശബ്ദം

1. ആഭ്യന്തരം { 1. സ്വന്തം, 2. സാധാരണം, 3. ദേശ്യം } 2. ബാഹ്യം { 1. തത്സമം, 2. തത്ഭവം }

ആഭ്യന്തരം

ഉദാ:

സ്വന്തം: പനി (= ജ്വരം); മുണ്ട് (= വസ്ത്രം); അണ്ടി, പോറ്റി, വേള (= കഴുത്ത്)

സാധാരണം: മഴ, മാടം, വടി; പണം (തമിഴ്, കർണ്ണാടകം) ഗഡു (ക. തു. തെ) കവടി (ത., ക., തു.) ചിപ്പി (ത, ക, തെ)

ദേശ്യം: അപ്പ, താപ്പ, തൊഴുത്ത്, പൊറ്റ, കരിക്കുറ, കരിങ്കണ്ണി, കരിങ്കന്നൽ.

പ്രകൃതി	വികൃതി	പ്രകൃതി	വികൃതി	പ്രകൃതിവികൃതി ഭേദമില്ല	
ശാസ്താ	ചാത്താൻ	പല്യങ്കം	പല്ലക്ക്	സുഖം	ആയുസ്സ്
ശ്രാദ്ധം	ചാത്തം	യുഗം	നകം	ദുഃഖം	മനസ്സ്
ശങ്ഖം	ചങ്ക്, ശംഖ്	പക്ഷം	പക്കം	സന്തോഷം	വിരോധം
ഭാണ്ഡാഗാരം	{ പണ്ടാരം	കുന്തളം	കുന്തൽ	വിരഹം	
	{ ഭണ്ഡാരം	Lantern	റാന്തൽ	വേദന	ക്ലാസ് } ഇംഗ്ലീഷ്
കൃഷ്ണൻ	കണ്ണൻ	Collector	കൽക്കട്ടർ	വിശ്വാസം	സ്ലേറ്റ് } ഇംഗ്ലീഷ്
സീതാ	ചിരുത	Judge	ജഡ്ജി	സമ്പത്ത്	
സുബ്രഹ്മണ്യൻ	ശുപ്പൻ, മണിയൻ	Heating	ഈരങ്കി	ആപത്ത്	ജൽദി–പെർഷ്യൻ
ഘനം	കനം	Report	റെപ്പട്ട്	പ്രയാസം	
ക്ഷാരം	ചാരം	Record	റിക്കാർട്ട്	വിശ്രമം	
ദ്രോണി	തോണി	Hospital	ആസ്പത്രി	വിചാരം	
സന്ധ്യാ	അന്തി	Apothecary	അപ്പോത്തിക്കിരി	സഭ	
ഉപാദ്ധ്യായർ	വാദ്ധ്യാർ	Engineer	ഇഞ്ചിനിയർ	ആലോചന	
രാജാ	അരചൻ	Superintendent	സൂപ്രേണ്ട്	രാജാ	
രുധിരം	ഉതിരം	Cinzel (Port.)	ചിന്തേർ	മന്ത്രി	
ദൃതം	ചൂത്	Frank	പറങ്കി	പ്രജ	
നാഡി	നാഴി			ധനം	
ശ്രേണി	ഏണി			ദാരിദ്ര്യം	
ഹിതം	ഇതം			സ്നേഹം	
പിശാചം	പേ			ദയ	
				ജീവൻ	

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-34.tex/Line: 344

തത്ഭവമായിട്ടോ തത്സമനായിട്ടോ സംസ്കൃതത്തിൽ നിന്നു നാമങ്ങളെ എടുക്കുമ്പോൾ അതു് കേവലപ്രാതിപദികരൂപത്തിലോ വിഭക്ത്യന്തപദരൂപത്തിലോ വേണ്ടതെന്നു് സംശയം വരാം. അതിൽ തീർച്ചചെയ്യുന്നു: 344

193. സംസ്കൃതപ്രഥമാരൂപം
നാമപ്രകൃതി ഭാഷയിൽ.
ദീർഘാന്തം ഹ്രസ്വമാക്കേണ-
മനേകാക്ഷരമാവുകിൽ

സംസ്കൃതത്തിൽ പ്രഥമൈകവചനത്തിലെ രൂപമാണ് മലയാളത്തിൽ പ്രകൃതിസ്ഥാനം വഹിക്കുന്നതു്. ഭാഷയിൽ പ്രകൃതിസ്വരൂപംതന്നെയാണ് പ്രഥമ; അതിനു പ്രത്യേകിച്ച് പ്രത്യയവുംമറ്റും ആവശ്യമില്ല. സംസ്കൃതത്തിൽ പ്രാതിപദികരൂപവും പദവും വെവ്വേറെ ആണെങ്കിൽ അതു നമുക്കുനോക്കീട്ടു കാര്യമില്ല. ഭാഷയിലെ നടപ്പനുസരിച്ച് പ്രഥമൈകവചനരൂപത്തെ പ്രകൃതിയായി സ്വീകരിക്കണം. ദീർഘാന്തശബ്ദങ്ങൾ ഭാഷയിൽ ഏറെ നടപ്പില്ലാത്തതുകൊണ്ട് അതുകളെ കുറുക്കണം. എന്നാൽ ഏകമാത്രകശബ്ദം അനിഷ്ടമാകയാൽ ഏകാക്ഷരപദങ്ങളെ ഹ്രസ്വമാക്കയും അരുതു്. ദീർഘം അത്യാവശ്യമെന്നു വരുന്നപക്ഷം ഭാഷാനിയമമനുസരിച്ച് യകാരവകാരങ്ങളെ ഒടുവിൽ ചേർത്തുകൊള്ളുക. ഉദാ:

പിതൃ:	പിതാ	= പിതാവ്,	പിതാവിനെ
മധുലിഹ്:	മധുലിട്	= മധുലിട്ട്,	മധുലിട്ടിനെ
ഗിര്:	ഗീഃ	= ഗീര്,	ഗീരിനെ
രാജൻ:	രാജാ	= രാജാവ്,	രാജാവിനെ
ശശിൻ:	ശശീ	= ശശി,	ശശിയെ
കർമ്മൻ:	കർമ്മ	= കർമ്മം,	കർമ്മത്തിനെ
സംസദ്:	സംസത്	= സംസത്ത്,	സംസത്തിനെ
മഹത്:	മഹാൻ	= മഹാൻ,	മഹാനെ
വാച്:	വാക്	= വാക്ക്,	വാക്കിനെ
ദിശ്:	ദിക്	= ദിക്ക്,	ദിക്കിനെ
ദ്വിഷ്:	ദ്വിട്	= ദ്വിട്ട്,	ദ്വിട്ടിനെ
വേധസ്:	വേധാഃ	= വേധാവ്,	വേധാവിനെ
വിദ്വസ്:	വിദ്വാൻ	= വിദ്വാൻ,	വിദ്വാനെ.

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

പരിശിഷ്ടം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 1

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

ധാതുപാഠം

താലവ്യ — അകാരാന്തം

അകാരിതം

അട = വഴി മറയ്ക്കുക, വന്നുചേരുകയും
അണ = ചേരുക
അയ = മുറുകാതിരിക്ക
അര = ദ്രവം ചേർന്ന് പൊടിയുക
അറ = തല്ലി നുറുക്കുക
അല = തെണ്ടി നടക്കുക
ഇട = ശണ്ഠകൂടുക
ഇഴ = പതിഞ്ഞു നടക്കുക
ഉട = പൊട്ടിച്ചിതറുക
ഉര = തമ്മിൽച്ചേർന്നുരസുക
ഉല = ഇളകുക, അയവുവരുകയും
ഉറ = കട്ടിയാവുക
കട = കലക്കുക
കര = കണ്ണീരൊലിപ്പിക്ക
കള = ഉപേക്ഷിക്ക
കിണ = വാശിപിടിക്ക
കുട = ആസകലം ഇളകുംവിധം കുലുക്കുക
കുറ = ചുരുങ്ങുക
കഴ = ദ്രവ്യത്തോടു ചേരുക, ക്ഷീണിക്കയും
പട = ക്ഷീണിക്ക
ചത = ഇറുക്കം കുറയുക
ചമ = വേഷം ധരിക്ക, ആയിത്തീരുകയും
ചവ = കടിച്ചതിനാൽ ചെറുതാവുക
ചില = ശബ്ദിക്കുക
തട = ഗതി മുടക്കുക
തറ = ഉള്ളിൽ ചേർന്നുറയ്ക്കുക
തിക = പൂർത്തിവരുക
തിര = അന്വേഷിക്കുക
തുല = നശിക്കുക
തുള = ദ്വാരമുള്ളതാകുക
തുഴ = വെള്ളം തള്ളുക
നന = ദ്രവത്തോടു യോജിക്ക
നിറ = പൂർണമാകുക
നുണ = പതുക്കെത്തിന്നുക
നുര = ചെറുകുമിളകളോടു കൂടുക
നുഴ = സുഷിരത്തിലൂടെ കടക്കുക
പത = ദ്രവ്യം കുതിക്കുക
പറ = സംസാരിക്കുക
പിണ(ന) = ഇടകലരുക
പുക = ധൂമം പുറപ്പെടുന്നതാകുക
പുള = അങ്ങോട്ടുമിങ്ങോട്ടും വളയുക
പൊത = പൊടിയിൽ താഴുക
മറ = കാണാതാവുക
മുള = കൂട്ടിലെത്തുക
മെട = നെയ്യുക
വര = രേഖവീഴുക
വല = കഷ്ടപ്പെടുക
വള = വക്രമാകുക
വിര = ശ്രദ്ധവയ്ക്കുക

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 66

വിള = മൂപ്പു വരുക

കാരിതം

അക = കരുന്നുണ്ടാവുക
അയ = പ്രേഷണം ചെയ്യുക
അറ = ജ്വരസ്സു തോന്നുക
ഇമ = ചിമ്മുക
ഐറ = വെള്ളം വറ്റിക്ക
ഇര = ഇരമ്പുക
ഇള = പിൻവാങ്ങുക
ഉര = പറയുക
ഉഴ = പുളയുക, ഛർദ്ദിപ്പാൻവരുകയും
കവ = കാലുകളകറ്റുക
കഴ = തരിപ്പു തോന്നുക
കിട = ലഭിക്കുക
കിത = വേഗത്തിൽ ശ്വസിക്കുക
കിള = മണ്ണിൽ വെട്ടുക
കുമ = അടിക്കുക
കുര = ശബ്ദവിശേഷം പുറപ്പെടുവിക്കുക
കുര = ഫലമുള്ളതാവുക
ചില = ശബ്ദിക്കുക
ചിന = പാകം വരുക
ചുണ = കോപിക്കുക
ചുമ = ശബ്ദവിശേഷം പുറപ്പെടുവിക്കുക
ചെര = ക്ഷൌരം ചെയ്യുക
തഴ = പുഷ്ടി വരുക
തള = ആനയെ കെട്ടുക
തിര = മേന്മേൽ ചുരുട്ടുക
തിള = ദ്രവം കതിക്കുക
തുക = അലക്കുക
തുട = തടകിക്കളക
നര = രോമം വെളുക്കുക
നിര = വരിയായി നിറുത്തുക
നിന = വിചാരിക്കുക
നില = വ്യവസ്ഥിതമാവുക
പക = സംഭ്രമിക്കുക
പട = പാത്രം മാറിപ്പകരുക
പിഴ = തെറ്റിപ്പോവുക
പുത = മറയ്ക്കുക
മല = സംഭ്രമിക്കുക
മുള = കുരുത്തുവരുക
മുഴ = നിരപ്പിൽ കവിയുക
വിത = വിത്തിടുക
വിറ = കിടുകിടുക്കുക

ഓഷ്ഠ്യ — അകാരാന്തം

(അകാരിതം ഇല്ല)

കാരിതം

അമ്പര = വിസ്മയിക്കുക
കട = അപ്പുറം പോക, പ്രവേശിക്കയും
കറ = ദ്രവം വലിച്ചുചോർത്തുക
കിട = ശയിക്കുക
തുര = കുഴിയുണ്ടാക്കുക
തുറ = മറവു മാറ്റുക
നട = കാലൂന്നി ദേശം പകരുക
നിര = വരിയായി നിൽക്കുക
പര = ചുറ്റും വ്യാപിക്ക
പറ = ആകാശത്തിൽ സഞ്ചരിക്ക
പിറ = ജനിക്കുക
മറ = ഓർമ്മ വിടുക
വിശ = ക്ഷുത്തുണ്ടാകുക

താലവ്യ — ആകാരാന്തം

അകാരിതം

ആ = ബലമൂന്നാൻ വലിയുക, കഴിയാതാവുകയും
ആരാ = അന്വേഷിക്കുക
കാ = ചൂടുപിടിക്കുക
ചാ = ഒരുവശം താഴുക
പാ = ബലത്തോടു മുട്ടുക
മായുക = ക്രമത്തിൽ ഇല്ലാതാവുക

ഓഷ്ഠ്യ — ആകാരാന്തം

കാരിതം

കാ = സൂക്ഷിക്ക, രക്ഷിക്ക, പ്രതീക്ഷിക്കയും

ഇകാരാന്തം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 155

അകാരിതം

അടി = കീഴിൽ താഴുക, ചേർന്നുകൂടുകയും
അണി = അലങ്കരിക്കുക
അരി = കഷണമാക്കുക
അലി = ദ്രവമാകുക
അറി = ഗ്രഹിക്കുക
അലി = പാകമേറി ദ്രവിക്കുക
അഴി = കെട്ടുവിടുക
ഇടി = ഉറപ്പുവിട്ടു വീഴുക
ഉരി = പറഞ്ഞുപോകുക
ഉഴി = വട്ടത്തിൽ ചുറ്റുക
എരി = കത്തുക
എറി = ദൂരത്താക്കുക
ഒടി = സന്ധി വിടുക
ഒളി = കാണാതാവുക
ഒഴി = വിട്ടുപോക
കരി = കറുപ്പുതട്ടുക
കവി = അവധിയിൽ അധികമാവുക
കഴി = അവസാനിക്ക, ശേഷിയുണ്ടാകയും
കിനി = ദ്രവമുണ്ടാക
കിഴി = താഴുക
കുനി = ദേഹം മുൻവശത്തേക്കു വളയ്ക്കുക
കുഴി = സുഷിരമുണ്ടാക
കൊഴി = പൊഴിയുക
ചൊറി = കണ്ഡൂയനം ചെയ്യുക
ചരി = ഒരു വശത്തേക്ക് നീളം കുറയുക
ചുഴി = തുനിയുക, തുരക്കുകയും
ചൊരി = വിതറുക
ചുളി = വളയുക
ഞെരി = നുറുങ്ങുക
ഞെളി = പിൻവശത്തേക്ക് വളയുക
ഞെറി = ഒരേമാതിരിയിൽ മടക്കുക
തണി = ചൂടുമാറുക
തിരി = വശം മാറുക, അറിയുകയും
തുനി = ഉദ്യമിക്ക
തെളി = പ്രസാദമുണ്ടാക
പടി = ഇരിക്കുക
പണി = ശില്പവേലചെയ്യ, നമസ്കരിക്കയും
പറി = ബന്ധം വിടുക
പിരി = വേർപെടുക
പിഴി = ഞെക്കുക
പൊടി = പൊടിയാവുക
പൊരി = വരളുക
പൊലി = വളരുക, മൂടുക, നശിക്കുകയും
പൊഴി = തനിയേ വീഴുക
പൊളി = കെട്ടു വിടുക
മറ = മറുവശത്താകുക
മുടി = നശിക്കുക, തീരുകയും
മുറി = ഖണ്ഡമാവുക
മെതി = മൃദുവാക, വേർതിരിയുകയും
മൊഴി = പറയുക
മെലി = കൃശമാവുക
മൊരി = വരളുക
വലി = വണ്ണം കുറുകി നീളുക
വഴി = മീതേ പ്രവഹിക്കുക
വരി = മുറുക്കിച്ചുറ്റുക
വിരി = വികസിക്കുക
വെടി = ഉപേക്ഷിക്ക

കാരിതം

അടി = തല്ലുക
അരി = ദ്രവത്തിൽകലക്കി വേർതിരിക്കുക
ഇരി = ആസനം ഊന്നുക
ഇളി = വല്ലതെ ചിരിക്കുക
ഒലി = പ്രവഹിക്കുക
കടി = പല്ലാൽ പിടിക്കുക
കലി = അസ്വാസ്ഥ്യമുണ്ടാക്കുക
കളി = വിഹരിക്ക
കുടി = ദ്രവം ഭക്ഷിക്ക
കുതി = വേഗം പ്രയോഗിക്ക
കുറി = എഴുതുക, ഉദ്ദേശിക്കയും
കുളി = സ്നാനം ചെയ്യ
കൊതി = ആഗ്രഹിക്ക
കൊറി = ഓരോന്നായി തിന്നുക
കൊഴി = ചേറി വേർപ്പെടുത്തുക
ചതി = വഞ്ചിക്ക
ചാലി = ദ്രവത്തോടു ചേർക്കുക
ചിരി = വിസ്മയാദിയാൽ പല്ലിളിക്ക
ചൊടി = കോപിക്കുക

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

തരി = അസഹ്യത തോന്നുക
തളി = ദ്രവം ചിതറുക
തുടി = ഇളകുക, ദ്രവത്തിൽ അടിക്കയും
തുറി = പൊന്തുക
തുളി = ദ്രവം വീഴ്ത്തുക
തൊഴി = തല്ലുക
മതി = നിശ്ചയിക്കുക
വിളി = ആഹ്വാനം ചെയ്യുക

ഈകാരാന്തം

അകാരിതം

ചീ = ദ്രവിക്കുക

(കാരിതം ഇല്ല)

ഉകാരാന്തം

അകാരിതം

ഉഴ = മണ്ണെളക്കുക
തൊഴ = കൈകൂപ്പുക
പൊരു = യുദ്ധം ചെയ്യ

കാരിതം

അടു = സമീപത്തുവരിക
അറു = ഖണ്ഡിക്ക
ഉടു = വസ്ത്രം ധരിക്ക
ഉളു = തെറുമ്പുക
എടു = ഗ്രഹിക്കുക
കറു = കറുത്ത നിറമാകുക
കരു = മുളയ്ക്കുക
തടു = തടയുക
തൊടു = ശരം ചേർക്കുക
തണു = ചൂടു നശിക്ക
തെറു = മേൻമേൽ ചുരുട്ടുക
പകു = പങ്കിടുക
പടു = കെട്ടിച്ചമയ്ക്ക
പഴു = പാകം വരുക
പെരു = ഗുണിക്കുക
പൊറു = സഹിക്കുക
മടു = ഇച്ഛാഭംഗംവരുക
മുഴു = വർദ്ധിക്കുക
വറു = പൊരിക്കുക
വെറു = വേണ്ടെന്നു തോന്നുക
വെളു = വെളുത്ത നിറമാവുക

വിവർത്തനപ്രക്രിയകൊണ്ടു നീളാതെ ഏതാനും ഏകമാത്രകങ്ങളായിട്ടു ശേഷിച്ചിട്ടുണ്ട്. അവ ക ട റ എന്ന വ്യഞ്ജനങ്ങളിൽ അവസാനിക്കുന്നവയാണ്. അതുകൾക്കെല്ലാം പ്രക്രിയാസാമ്യവുമുണ്ട്. ഒരു സംഘമയിട്ടു ചേർക്കാൻ വേണ്ടി അതുകളെ സംവൃത — ഉകാരാന്തങ്ങളായി കൽപിച്ചിരിക്കുന്നു.

സംവൃത — ഉകാരാന്തം

അറ് = മുറിയുക
ഇട്ട് = നിക്ഷേപിക്ക
കെട്ട് = തീയണയുക
ചൂട്ട് = ചൂടുപിടിക്ക
തക് = യോഗ്യമാവുക
തറ് = വസ്ത്രം ധരിക്ക
തൊട്ട് = സ്പർശിക്ക
നട്ട് = ഭൂമിയിലിടുക
പുക് = പ്രവേശിക്ക
പെട്ട് = പതിക്ക, ഒരു സ്ഥിതിയിലാവുകയും
പെറ് = പ്രസവിക്ക
മിക് = അധികപ്പെടുക
വിട്ട് = ഉപേക്ഷിക്ക

ഊകാരാന്തം

(അകാരിതമില്ല)

കാരിതം

ഊ = ദ്രവം കോരിച്ചൊരിയുക
ളു = ചവറു നീക്കുക
മൂ = പാകംവരുക

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 321

എകാരാന്തങ്ങളെല്ലാം കാലക്രമേണ താലവ്യാകാരാന്തങ്ങളായിത്തീർന്നതിനാൽ ഇപ്പോൾ എകാരാന്ത ധാതുക്കളേ ഇല്ല.

ഏകാരാന്തം

അകാരിതം

തേ = ക്രമത്തിൽ കുറയുക
മേ = പുല്ലുറുക്കുക, പുര മൂടുകയും
വെ = ചൂടേറ്റു മൃദുവാക

കാരിതം

ഏ = കൂട്ടിച്ചേർക്കുക

ഐകാരാന്തം

കൈ = തിക്തമാവുക
തൈ = നൂലുകൊണ്ടു കെട്ടുക

ഒകാരാന്തം

(അകാരിതമില്ല)

കാരിതം

ഒ = ശരിപ്പെടുക, ചെരുകയുകയും

ഓകാരാന്തം

അകാരിതം

പോ = ഗമിക്ക
നോ = വേദനപ്പെറ്റുക

(ഓകാരാന്തം കാരിതവും ഔകാരാന്തവുമില്ല)

കാരിതാകാരിതഭേദം സ്വരചില്ലന്തങ്ങളിലേ ഉള്ളൂ. കകാരാദി പൂർണവ്യഞ്ജനാന്തങ്ങളിലില്ല.

കകാരാന്തം

അഴക് = ദ്രവിക്ക
ഇളക് = ചലിക്ക
ഇറുക് = ഉറയ്ക്കുക
ഉരുക് = ദ്രവമാവുക
ഏക് = കൊടുക്കുക
ഒഴുക് = പ്രവഹിക്ക
കഴുക് = ജലത്താൽ ശുദ്ധിവരുത്തുക
കുറുക് = നീളം കുറയുക
തടക് = തേയ്ക്കുക
തഴുക് = പുണരുക
തിരുക് = ചെലുത്തുക
തേക് = ദ്രവം പകരുക
നക്ക് = ലേഹനംചെയ്ക
നൽക് = കൊടുക്കുക
നോക്ക് = കണ്ണുപതിക്ക
പഴക് = പഴയതാവുക
പാക് = നടുക
പുൽക് = പുണരുക
പെരുക് = വർദ്ധിക്ക
മുറുക് = അയയാതിരിക്കുക
മുഴുക് = മുങ്ങുക
മെഴുക് = തടകുക
രാക് = ഉരയ്ക്കുക
വിരക് = കൂട്ടിച്ചേർക്കുക
വൈ(വഴ)ക് = താമസിക്കുക

ങകാരാന്തം

അടങ് = കീഴ്പ്പെടുക, ഉൾപ്പെടുക, അവസാനിക്കയും
അനങ് = ഇളകുക
അമങ് = സമ്മർദ്ദമുണ്ടാക
ഇടുങ് = മധ്യത്തിൽപ്പെടുക
ഇണങ് = ചേരുക
ഇറങ് = കീൾപ്പോട്ടു പ്രവേശിക്ക
ഇരുങ് = മുറുകെച്ചെരുക
ഇയങ് = വർത്തിക്ക
ഉടങ്/ഉടക് = പിടികൂടുക, തടയുകയും
ഉണങ് = നനവുപോക
ഉറങ് = നിദ്രചെയ്ക
ഏങ് = തെരുതെരെ ശ്വസിക്ക
ഒടുങ് = അവസാനിക്ക
ഒതുങ് = പിൻവലിയുക, അടങ്ങുകയും

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

1 ഒരുങ് = തയ്യാറാവുക
2 ഓങ് = കൈയുയർത്തുക
3 കലങ് = കലുഷമാവുക
4 കറങ് = ചുറ്റുക
5 കിടുങ് = വിറയ്ക്കുക
6 കിലുങ് = ലോഹത്തിൽ തട്ടി ശബ്ദിക്കുക
7 കുടുങ് = ഉള്ളിൽപ്പെടുക
8 കുണുങ് = അഴകോടെ കുലുങ്ങുക
9 കുലുങ് = ഇളകുക
10 കുഴങ് = വ്യാകുലപ്പെടുക
11 ചതുങ്/ ചളുങ് = നിരപ്പു തെറ്റുക
12 ഞെങ് = സമ്മർദ്ദമുണ്ടാക
13 ഞെരുങ് = ദൃഢമായി ഞെങ്ങുക
14 തങ് = തടയുക
15 താങ് = ഊന്നുകൊടുക്ക
16 തിങ് = തമ്മിൽ മുട്ടിച്ചേരുക
17 തിളങ് = മിന്നിപ്രകാശിക്ക
18 തുടങ് = ആരംഭിക്ക
19 തിരങ്/തിരക് = തമ്മിൽ ചേർന്നു മർദ്ദിക്ക
20 ളങ് = ലംബിക്കുക
21 തേങ് = അലപോലെയടിക
22 നീങ് = ദൂരത്താവുക
23 നുറുങ് = ഖണ്ഡമാവുക
24 പതുങ് = സങ്കോചിക്ക
25 പരുങ് = വ്യാകുലപ്പെടുക
26 പിടുങ് = പറിച്ചെടുക്കുക
27 പിണങ് = കലഹിക്ക
28 പുഴങ് = ദ്രവം ചേർത്തു വേവിക്ക
29 പൊങ് = മേല്പെടുക
30 മങ് = കാന്തി കുറക
31 മടങ് = മേന്മേൽ മടിയുക, തോൽക്കുകയും
32 മയങ് = തളരുക
33 മിനുങ് = തെരുതെരെ മിന്നുക
34 മിഴുങ്/വിഴുങ് = ഗ്രസിക്കുക
35 മുങ് = വെള്ളത്തിൽ താഴുക
36 മുടങ് = വിഘ്നപ്പെടുക
37 മുനങ് = പിറുപിറുക്കുക
38 മുഴങ് = ശബ്ദം വർദ്ധിക്ക
39 മോങ് = നിലവിളിക്കുക
40 വണങ് = വന്ദിക്കുക
41 വാങ് = സ്വീകരിക്കുക
42 വിങ് = വേദനപ്പെടുക
43 വിലങ് = കുറുകെക്കിടക്കുക, മാറുകയും

44 ചകാരാന്തം

45 കൊഞ്ച് = വിലാസത്തോടെ സംസാരിക്ക
46 കോച്ച് = തണുത്തു ചുരുങ്ങുക
47 പിച്ച് = വിരൽ ചെർത്ത് അല്പമായി
48 ആകർഷിക്കുക
49 പീച്ച് = ദ്രവം ചാണ്ടുക
50 റാഞ്ച് = കാലിലുടക്കി എടുത്തുകൊണ്ടുപോക

51 ടകാരാന്തം

52 അലട്ട് = ബുദ്ധിമുട്ടിക്ക
53 ആട് = അങ്ങോട്ടുമിങ്ങോട്ടുമുലയുക
54 ഓട് = മണ്ടുക
55 കിട്ട് = ലഭിക്കുക
56 കെട്ട് = ബന്ധിക്കുക
57 കൊട്ട് = വാദ്യങ്ങളിൽ തട്ടുക
58 കോട് = ആകൃതി ഭേദിക്കുക
59 ചാട് = നിലംവിട്ടു കുതിക്ക
60 ചാണ്ട് = ആഞ്ഞടിക്കുക
61 ചൂട് = തലയിൽ വയ്ക്കുക
62 ചൂണ്ട് = നിർദ്ദേശിക്ക
63 ഞെട്ട് = ഭയപ്പെട്ടു വിറയ്ക്ക
64 ഞേട് = അല്പമായി പ്രഹരിക്കുക
65 ഞരട് = പെശയുക
66 ഞൊണ്ട് = മുടന്തുക
67 തട്ട് = ഘട്ടനംചെയ്യ
68 തികട്ട് = നിറഞ്ഞു കുതിക്ക
69 തീണ്ട് = അടുത്തുവരുക
70 തെണ്ട് = അങ്ങുമിങ്ങും നടക്കുക
71 തേട് = അന്വേഷിക്ക
72 തോണ്ട് = മാന്തിയെടുക്ക
73 നാട്ട് = ഉറപ്പിച്ചുനിറുത്തുക
74 നേട് = സമ്പാദിക്ക
75 പാട് = ഗാനംചെയ്യ
76 പൂട്ട് = തണ്ടുവീഴുക
77 മണ്ട് = ഓടുക

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 490

മിണ്ട് = സംസാരിക്ക
മാട് = പണിയുക, കൈക്രിയ കാണിക്കയും
മൂട് = മറയുക
മേട് = അടിക്കുക
വാട് = സത്വം ക്ഷയിക്കുക
വീട് = ഗുണശോധനം വരുക
വെട്ട് = പ്രഹരിക്ക

ണകാരാന്തം

ഉൺ = ഭക്ഷിക്ക
എൺ = തുക കുറിക്കുക
കൺ = ദർശിക്ക
നൺ = നിനയ്ക്കുക
പൂൺ = തഴുകുക
വേൺ = ആവശ്യപ്പെടുക

തകാരാന്തം

ഊത് = ശ്വാസം പ്രയോഗിക്ക
എഴുത് = അക്ഷരം കുറിക്ക
ഏന്ത് = ധരിക്ക
ഓത് = മന്ത്രം ജപിക്ക
കത്ത് = ജ്വലിക്ക
കരുത് = നിനയ്ക്കുക, സൂക്ഷിക്കയും
കുത്ത് = മുനകൊണ്ടു പ്രഹരിക്ക
കൊത്ത് = കൊക്കുകൊണ്ടു പ്രഹരിക്ക
കൊളുത്ത് = തീ പിടിപ്പിക്ക, ഉക്കുകയും
കോത് = ശിഖരം വകയുക
ചിന്ത് = ചിതറുക
ചീന്ത് = പൊളിക്കുക
ചെത്ത് = മുറിക്കുക
തത്ത് = തുള്ളുക
നീന്ത് = വെള്ളത്തിൽ സഞ്ചരിക്ക
പൊന്ത് = ഉയർന്നുനിൽക്ക
മാന്ത് = തോണ്ടുക
മോന്ത് = ചുണ്ടത്തുവച്ചു കുടിക്ക
വഴുത് = തെറ്റുക

നകാരാന്തം

ഊന്ന് = അവലംബിക്ക
കൂൻ = മുതുക് വളയുക
തിൻ = ഭക്ഷിക്ക
തുൻ = തൈക്കുക
തെൻ = കാലു തെറ്റുക
തോന്ന് = മനസ്സിലുദിക്കുക
മിൻ = പ്രകാശിക്ക

പകാരാന്തം

അമ്പ് = അമരുക
ഈമ്പ് = ചൂഷണം ചെയ്ക
ഒലുമ്പ് = ഒലയ്ക്കുക
കലമ്പ് = കലഹിക്ക
കൂപ്പ് = വന്ദിക്ക
ചപ്പ് = കടിച്ചുതിന്നുക
ചിലമ്പ് = ചിലയ്ക്കുക
തപ്പ് = തൊട്ടറിയുക
തുപ്പ് = വായിൽനിന്നു കളക
തുളുമ്പ് = നിറഞ്ഞുതെറിക്ക
പുലമ്പ് = വീൺമൊഴി പറയുക
വിളമ്പ് = ഭക്ഷിപ്പാൻ പകരുക

മകാരാന്തം

കമ്മ് = ഒന്നായി കടിച്ചുതിന്നുക
ചിമ്മ് = കണ്ണ് അടയ്ക്കുക
തിരുമ്മ് = മർദ്ദിക്കുക
തുമ്മ് = ശബ്ദത്തോടുകൂടി ഝടിതിയിൽ ശ്വാസംവിടുക

യകാരാന്തം

എയ് = ശരം പ്രയോഗിക്ക
കൊയ് = കതിരറുക്ക
ചെയ് = പ്രവർത്തിക്ക
നെയ് = നൂൽ ചേർക്കുക
പെയ് = മഴപോലെ വീഴുക

രേഫാന്തം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-35.tex/Line: 581

അകാരിതം

അമര് = വാഴുക, ഉറച്ചിരിക്കയും
ഉതിര് = പൊടിയായിച്ചിതറുക
ഉയര് = പൊങ്ങുക
ഉലര് = ജലാംശം പോക
ഊര് = അയഞ്ഞുവീഴുക
കലര് = ഇടയിൽ ചേരുക
കവര് = കക്കുക
കിളര് = പൊങ്ങുക
കുതിര് = ഉള്ളിൽ വെള്ളം കേറുക
കുളിര് = തണുപ്പ് തോന്നുക
കോര് = വാരിയെടുക്ക
ചേര് = യോജിക്ക
ചോര് = വീഴുക
തകര് = പൊടിയാവുക
തര് = ഇങ്ങോട്ട് ദാനംചെയ്യ
തളര് = ക്ഷീണിക്ക
തീര് = അവസാനിക്ക
തുടര് = അനുബന്ധിക്ക
തുവര് / തോര് = ജലം വറ്റുക
നിവര്/നീര് = കുനിവു തീരുക
നുകര് = ഓർത്തോർത്തു കുടിക്കുക
നേര് = പ്രാർത്ഥിക്ക
പകര് = പാത്രം മാറുക
പടര് = വ്യാപിക്ക
പുലര് = പ്രഭാതമാവുക
പോര് = ശക്തനാവുക, ഇങ്ങോട്ടു ഗമിക്കയും
മലര് = മുഖം മേല്പോട്ടാവുക
മുതിര് = ഒരുങ്ങുക, പ്രായം തികയുകയും
വര് = ആഗമിക്ക
വാര് = കോരിയെടുക്ക, നീളത്തിൽ മുറിക്ക, ഒലിക്കയും
വളര് = വർദ്ധിക്ക
വിടര് = വികസിക്ക

കാരിതം

എതിര് = നേരിടുക
ഓര് = ഓർമ്മയുണ്ടാക
കയര് = കോപിക്ക
കിളര് = കിളാവുവരുക
കോര് = തുളയിൽ ചരടിടുക
ചീര് = വീർക്കുക
തണര് = തൊലി തടിക്കുക
നേര് = കട്ടി കുറയുക, എതിർക്കയും
പാര് = കാണുക, വസിക്കയും
പേര് = പകർത്തുക
വിയര് = വിയർപ്പുണ്ടാക

റ(റ്റ)കാരാന്തം

(കാരിതാകാരിതഭേദമില്ല)

അമറ് = ജന്തുക്കളെപ്പോലെ ശബ്ദിക്ക
ആറ് = ചൂടുപോക
ഇടറ് = കാൽ തെറ്റുക
ഇളറ് = പുലമ്പുക
ഉഴറ് = വ്യസനിക്ക
ഊറ് = ജലമിറ്റുവരുക
ഏറ് = വർദ്ധിക്ക, കരേറുകയും
കയറ് / കേറ് / കരേറ് = ആരോഹണംചെയ്യ
കാറ് = കാസമുണ്ടാക്കുക
കീറ് = രണ്ടായിപ്പിളരുക
കോറ് = അല്പം മുറിയുക
പാറ് = അല്പമായിപ്പൊഴിയുക
ചിതറ് = ചിന്തുക
ചീറ് = കയർത്തു ശബ്ദിക്ക
ചുറ്റ് = കറങ്ങുക
തേറ് = വിശ്വസിക്ക
നാറ് = ദുർഗ്ഗന്ധം തോന്നുക
നീറ് = ഊഷ്മാവുണ്ടാക
പതറ് = തെറ്റിപ്പോക
പാറ് = പാടപോലെ നിൽക്ക
പേറ് = ഭരിക്ക
പോറ് = അല്പം മുറിയുക
മാറ് = ഒഴിയുക
വിതറ് = ചിതറുക
വിളറ് = വെളുപ്പ് തട്ടുക

ലകാരാന്തം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

അകാരിതം

അകല് = ദൂരെയാവുക
അനല് = ചൂടുപിടിക്ക
ഇയല് = ചേരുക
ഉഴല് = വേവലാതിപ്പെടുക
ഓല് = ഒഴിക്കുക
കൊല് = ഹനിക്കുക
കോല് = കലരുക
ചെല് = അണഞ്ഞെത്തുക
ചൊല് = പറയുക
തല് = പ്രഹരിക്കുക
വെല് = ജയിക്ക

കാരിതം

ഏല് = സ്വീകരിക്ക
തോല് = പരാജയം പ്രാപിക്ക
നില് = കാലൂന്നി സ്ഥിതിചെയ്യ
നോല് = വ്രതമനുഷ്ഠിക്ക
വില് = വിലയ്ക്കു കൊടുക്ക

വകാരാന്തം

ഉലാവ് / ഉലാത്ത് = സ്വച്ഛന്ദസഞ്ചാരം ചെയ്യ
കൂവ് = പക്ഷിയെപ്പോലെ ശബ്ദിക്ക
ചീവ് = മിനുസം വരുത്തുക
താവ് = പറഞ്ഞുകൊണ്ടിരിക്ക
തൂവ് = അല്പമായിച്ചിതറുക
മരുവ് = വസിക്കുക
മേവ് = മരുവുക

ശകാരാന്തം

ഏശ് = പറ്റുക, ഏൽക്കയും
പൂശ് = മീതെ തടകുക
പേശ് = സംസാരിക്ക
വീശ് = കാറ്റുണ്ടാകത്തക്കവിധം ഇളകുക

സകാരാന്തം

അലസ് = ഗർഭം പിഴയ്ക്കുക,
യോജിക്കാതിരിക്കയും
ഉരസ് = തമ്മിൽ ഉരയുക

ളകാരാന്തം

അകാരിതം

ആള് = നാട്ടുവാഴുക, ഉണ്ടായിരിക്കയും
അരുള് = ചെയ്യ, പറക, കൊടുക്കയും
ഇരുള് = ഇരുട്ടടയുക
ഉരുള് = വൃത്തത്തിലാവുക
ഉള് = ഉണ്ടാക
കരള് = എലിയെപ്പോലെ തിന്നുക
കാള് = കത്തിജ്ജ്വലിക്ക
കിള് = നുള്ളുക
കൊള് = ഒതുങ്ങുക, സ്വീകരിക്ക, ലാക്കിൽ
വെട്ടുക, പറ്റുകയും
ചുരുള് = അറ്റം വളയുക
തള് = മുന്നോട്ടായുക, ഉപേക്ഷിക്കയും
തുള് = നൃത്തംചെയ്യ
തിരള് = പ്രകാശിക്ക, ഋതുവാക
നീള് = ദീർഘമാവുക
നുള് = നഖത്താൽ പ്രഹരിക്ക
പാള് = ജ്വലിക്ക, ചീന്തുകയും
പുരള് = സ്പർശിക്ക
പൂള് = കഷണമായ് നുറുക്ക
പൊള് = ദഹിക്കുക
മൂള് = ഹുങ്കാരംചെയ്യ
വരള് = വെള്ളം വറ്റുക
വിള് = കീറുക
വിരള് = പരിഭ്രമിക്ക
വീള് = മടങ്ങിവരുക, തിരികെ ലഭിക്ക,
തീർക്കുകയും

കാരിതം

കള് = മോഷ്ടിക്ക
കേള് = കാതുകൊണ്ട് ഗ്രഹിക്ക
വേള് = വിവാഹംചെയ്യ

ഴകാരാന്തം

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

അകാരിതം

അമിഴ് = അമരുക
ആഴ് = താഴുക, അണയുകയും
കേഴ് = കരയുക
ചൂഴ് = ചുറ്റുക
താഴ് = അടിയിലേക്കു പോക
പുകഴ് = സ്തുതിക്ക
നൃഴ് = കീഴിലൂടെ പോക
വാഴ് = വസിക്ക, രാജ്യഭാരംചെയ്ക, കൃഷി
ചെയ്കയും
വീഴ് = കീഴോട്ടു ഗമിക്ക

(കാരിതം ഇല്ല)

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-36.tex/Line: 1

കാരികാസൂചിക

ലോപസന്ധി

1 സ്വരത്തിൻമുൻപു ലോപിക്കും 97
2 ചെയ്യു ചെയ്യുന്ന എന്നുള്ളൊ- 97
3 അല്ല–ഇല്ലല്ലന്ത്യലോപ- 98
4 പ്രാർത്ഥനാർത്ഥക്രിയാംഗത്തി- 99
5 അകാരം ലുപ്തമായ്ക്കാണും 99
6 അട്ടെ, ആതെ, ഉടെ, ഊടെ, ... 99

ആഗമസന്ധി

7 വർജ്ജിപ്പൂ സ്വരസംയോഗം 100
8 യാവിന്നുനാവും വാവിന്ന 101
9 വകാരാഗമമേ ചേരൂ 102
10 യവാഗമം നിപാതത്തിൻ- 103
11 ദീർഘത്തിന്നവസാനത്തിൽ 103
12 പ്രത്യയാദിക്കകാരത്തിൻ- 104

ദ്വിത്വസന്ധി

13 ഖരാതിഖരമൂഷ്മാവും 105
14 അല്പപ്രാഖ്യസമാസത്തിൽ 107
15 വിനയെച്ചങ്ങൾ മൂന്നെണ്ണം 107
16 കൂട്ടക്ഷരമിരട്ടിക്ക 108
17 ചുട്ടെഴുത്തിനു പിൻ വന്നാൽ 110
18 ഏകമാത്രപ്രകൃത്യന്തേ 111
19 പദാന്തേ വ്യഞ്ജനം വന്നാൽ 111

ആദേശസന്ധി

20 "തവർഗ്ഗത്തിന്നടുത്തുള്ള 112
21 ലകാരം വർത്സ്യമായ്ത്തീരും 112
22 വിനാമം ലളകൾക്കോതാം 113
23 ഖരത്തിൻമുൻപു ലാദേശം 113
24 അനുനാസികമാദേശം 114
25a മകാരംതാനനുസ്വാരം, ... ??
25b കൾപ്രത്യയത്തിന്നുമുൻപു . . . . . ??

ശബ്ദവിഭാഗം

26 അർത്ഥയുക്താക്ഷരം ശബ്ദ- 117
27 പദമെന്നാൽ പ്രയോഗിപ്പാൻ 117
28 വാചകം ദ്യോതകം രണ്ടു- 118
29 ദ്രവ്യത്തിൻ വാചകം നാമം; 118
30 സ്വവാച്യമായ് വസ്തുവൊന്നും 119
31 നിപാതമവ്യയം രണ്ടു- 119
32 വിഭക്തിയെ വിളക്കുന്ന 120

വാചകം

33 നാമാദിയാം വിഭാഗത്തി- 122
34 നാമവും കൃതിയുംതമ്മിൽ 122
35 കൃതിശബ്ദങ്ങൾ താനേറും; 122
36 സർവ്വത്തിനും നാമമായ 123
37 നാമാദി നാലിനും ചെയ്യാം 123

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-36.tex / Line: 65

പ്രകൃതിപ്രത്യയങ്ങൾ

38 പ്രത്യയത്തെ പ്രകൃതിയിൽ 131
39 നാരായവേരാം പ്രകൃതി,..... 131
40 വിഭക്തി, ലിംഗം, വചനം 132

ലിംഗം

41 നാമാർത്ഥവസ്തുവിന്നുള്ള 135
42 അകാരാന്തത്തിനേ ഉള്ളു..... 135
43 അനിയം (അൻ-ഇ-അം) തനിനാമത്തിൽ.. 136
44 ആനാളെന്നുള്ള പുംസ്ത്രീകൾ 137
45 അത്തിയെന്ന ചിലേടത്തു..... 137
46 നപുംസകമലിംഗംതാ- 139
47 അംപ്രത്യയം ദന്ത്യനാന്ത- 140
48 പദാന്തത്തിൽ നണങ്ങൾക്കും..... 141

വചനം

49 സ്വം രൂപമേകവചനം; 145
50 അരെന്നലിംഗപുംസ്ത്രീകൾ..... 146
51 രലോപമർ — കൾ ചേരുമ്പോൾ..... 147
52 എനേൻ യാൻ നാൻ ക്രമാൽ ഞാനായ്; ... 148
53 ലിംഗസംഖ്യാകൃതം ഭേദ- 152
54 അംഗത്തിൽനിന്നും വചനം 156

വിഭക്തി

55 തന്മ നിർദ്ദേശികാ കർത്താ; 163
56 വ്യഞ്ജനാന്തത്തിലിൻ ചേർത്തു..... 165
57 അൻതാനിൽ താൻ ചേർന്നിടാതെ 166
58 ടാവും റാവുമിരട്ടിപ്പ 166
59 ബന്താംഗത്തിൽ ക ലോപത്താ-..... 166
60 മേൽക്കുമേൽ ലിംഗവചന- 167
61 സംബോധനയിൽ ഏ ചേരു- 167
62 കർമ്മാർത്ഥം ക്ലീബനാമത്തിൽ 169
63 ഗതി ചേർന്ന വിഭക്ത്യന്ത- 172
64 മൂലം നിമിത്തമിത്യാദി 173

വിഭക്ത്യാഭാസം

65 ഖിലം ലുപ്തമിരട്ടിപ്പും 175
66 കാലദേശങ്ങളെച്ചൊല്ലു- 175
67 അത്തുവേതിലുമേ ചേരും 176
68 “ഇരുട്ടത്തു” “നിലാവത്തെ”- 176
69 ഇന്നംഗം തനിയേ നില്ക്കാം 177
70 അതിലുള്ളതിനെക്കാട്ടും 177
71 ആധാരികോദ്ദേശികക- 178
72 അതാതുപാധി കാട്ടാൻതാൻ 179
73 വെള്ളത്തിലോട്ടു താഴത്തോ- 180
74 സ്വതന്ത്രനായ കർത്താവിൻ- 180

കാരകം

75 നാമവും ക്രിയയും തമ്മി- 183
76 ഫലാനുകൂലം വ്യാപാരം 183
77 പ്രധാന കാരകം കർത്താ;..... 184
78 സാക്ഷിയെന്നാൽ ക്രിയയതിൽ 184
79 ഏവന്നു കർമ്മമുതക- 185
80 അസമാനാധികരണ- 186
81 ക്രിയോപകരണം തന്നെ 186
82 ആധാരമാം കാരകംതാ- 188
83 അകർമ്മകക്രിയകളി-..... 189
84 രണ്ടു കർമ്മം ചിലേടത്തു 189
85 കേവലക്രിയയിൽ കർത്താ 190
86 കർത്ത്യവ്യാപാരമെന്യേതാൻ..... 191
87 ഉദ്ദേശികാർത്ഥം ദിശേശ- 192
88 പ്രയോജികാധാരികകൾ 193
89 ആധാരികയ്ക്കർത്ഥമാകും 193
90 വിവക്ഷപോൽ മാറിമാറി 194

തദ്ധിതം

91 ഭേദകാർത്ഥപ്രകൃതിയിൽ 197
92 അതുള്ളതിത്യാദ്യർത്ഥത്തിൽ..... 198
93 അനൾതുവെന്ന ലിംഗംതാൻ 199
94 സംഖ്യാനാമത്തിലാമെന്നു 200
95 ദേശകാലപ്രമാണാർത്ഥം..... 200

കാലം

96 കാലത്തിന്നിയുമുന്നു (ഇ, ഉം, ഉന്നു)ക്കൾ ... 207
97 ധാത്വന്തം സ്വരമോ ചില്ലോ 207

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-36.tex/Line: 132

98 തു തകാരമിരട്ടിക്കും 208
99 ഏകമാത്രകമായുള്ള 209
100 റാവു ചില്ലല്ല കാലത്തിൽ 210
101 ആയിപോയ് ചത്തുവെന്നല്ലാം 211
102 കാരിതത്തിൽ ക്ക ചേർന്നംഗം 211
103 ഭാവ്യർത്ഥസ്പർശയോഗത്താ- 212
104 സാർവ്വകാലികമായിട്ടും 213
105 കാലവാചിപ്രത്യയാന്തം 214
106 മലയാളത്തിലാകട്ടെ 216
107 വിവൃതം ദീർഘയോഗ്യത്വം 216
108 അനുനാസികസംസർഗ്ഗം 217
109 ആനാൾതുവായേനേകത്തി- 229

പ്രകാരം

110 ധാതുവർത്ഥം കുറിക്കുന്ന 235
111 നിയോജകം നിയോഗത്തിൽ; 235
112 അട്ടേ നിയോജകത്തിങ്കൽ; 236
113 നിയോജകപ്രകാരത്തിൽ.....236
114 പിരിച്ചിട്ടും പ്രയോഗിക്കാം 238
115 അനുപ്രയോഗധാത്വർത്ഥം.....239
116 ആല്യം ചേർന്നുള്ള ഭൂതാന്ത-.....240
117 ആവൂ ചേർന്നാൽ ഭൂതരൂപ- 241
118 ആശിസ്സർത്ഥത്തിനു നടു-.....241

പ്രയോഗം

119 അകാരമാത്രകനടു- 244

പ്രകൃതിയും സ്വഭാവവും

120 പ്രയോജകം ജനിച്ചീട്ടു- 245
121 ഇ പ്പി രണ്ടും ചേർന്ന ധാതു-.....245
122 കാരിതത്തിൽ പ്പി ശേഷത്തി- 246

നാമധാതു

123 ഇ പ്രത്യയം വേണ്ട, ധാതു 246
124 ഖരാദേശമിരട്ടിപ്പും 247
125 ര-ല-ളാന്തങ്ങൾ, ഴാന്തങ്ങൾ 248
126 ഏകമാത്രകമായുള്ള 248
127 ഇ–പ്രത്യയത്താൽ കൃതിയായ് 255
128 നാമം സ്വരാന്തമാണെങ്കിൽ 255
129 വികാരമെന്നിയേ നാമം 256
130 കൊള്ളാംപെടുകയെന്നുള്ള 256
131 ഗുണം പ്രസക്തിയുണ്ടെങ്കിൽ 256

അനുപ്രയോഗം

132 വിനയെച്ചം ചേർച്ചപോലെ 265
133 അനുപ്രയോഗേ മൂലാർത്ഥം 265
134 വരാമനുപ്രയോഗങ്ങൾ 271

നിഷേധം

135 ആ നിഷേധ പ്രത്യയമാം; 278
136 ഇല്ലയല്ലകൾ ചേർന്നിട്ടു-.....278
137 ഭാവിയിൽ പ്രാക്പ്രയോഗത്തി-.....278
138 വിധായകത്തിൽ വേണിന്റെ 279
139 ശീലാർത്ഥക്ലീബരൂപത്താൽ.....280
140 ശേഷമാകാരാന്തമായ 281

അംഗക്രിയ

141 പേരിന്നു കീഴടങ്ങുന്ന 286

പേരെച്ചം

142 അ എന്നു മുറ്റുവിനയിൽ 289
143 കുറിക്കുടാതെതാൻ ശീല- 289
144 ഒരുവെന്നുള്ളതും കൊള്ളാം 290
145 വെറും ഭേദകമായിട്ടും 292
146 പേരെച്ചം ലിംഗയോഗത്താൽ 293

വിനയെച്ചം

147 വിനയെച്ചങ്ങളഞ്ചത്രു; 295
148 ദുർബലം ഭൂതരൂപം താൻ 295
149 ചേർപ്പ പിൻവിനയെച്ചത്തി-.....296
150 അനുപാധിക്രിയ നടു- 296
151 ഇൽ കില്ലകിൽ പ്രത്യയങ്ങൾ 298
152 ഭൂതകാലത്തിലാൽ ചേർന്നു- 298
153 ഏതാനവേതാൻ തൻവിന- 299

കൃതികൃത്ത്

154 അൽ, തൽ, പ്പ, വ്യ, ച, തി, ത്തു, ത്തം, ... 311

ഈ പതിപ്പ് അച്ചടിക്കാനോ വിതരണത്തിനോ പറ്റിയതല്ല, വായനക്കാരുടെ വിലയിരുത്തലിനായുള്ളതാണ്. തെറ്റുകൾ കാണുകയാണെങ്കിൽ, സദയം <info@sayahna.org> എന്ന വിലാസത്തിൽ പുറം/വരി നമ്പ്രകളടക്കം തിരുത്ത് അറിയിക്കുകയോ http://www.sayahna.org/?p=390-ൽ പ്രതികരണമായി ചേർക്കുകയോ ചെയ്യുക. ഈ ജനപങ്കാളിത്ത പ്രസിദ്ധീകരണ യത്നത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക. File: kp-36.tex/Line: 199

155 ബഹുലം പ്രക്രിയാകാര്യം 312
156 മ നിഷേധപ്രകൃതിയിൽ; 312
157 ദ്വിത്വം ഖരത്വവും ചേർന്നി- 313
158 ധാതു രൂപം ചിലേടത്തു 313
159 ചിലേടത്തുപധാദീർഘം, ... 313
160 രൂപത്തിനൊത്തു പൊരുള്ള- 314

കാരകകൃത്ത്

161 അകാരംതാൻ ഇകാരംതാൻ 315
162 കാരകാർത്ഥം പലേടത്തും 316

ഭേദകം

163 ഭേദകത്തിൽ പ്രകൃതിതാൻ 321
164 ആയ–ആയി–കൾ കൂടാതെ 321
165 സാംഖ്യം മുറയ്ക്കൊരിരുമ- 322
166 വിഭക്ത്യാഭാസരൂപങ്ങ- 324

നിപാതവും അവ്യയവും

167 എൻ നിരൂപകമാം ധാതു, ... 328
168 വിനയെച്ചം ദൃഷിച്ചുള്ളോ- 328
169 സമുച്ചയവികല്പങ്ങൾ 329

ആകാംക്ഷ

170 അന്യോന്യാപേക്ഷയാകാംക്ഷ; 334
171 ആഖ്യാതത്തിന്നുമാഖ്യയ്ക്കും 334
172 കർത്താ, കർമ്മം, ക്രിയ — ഇതേ 336
173 വിശേഷണവിശേഷ്യങ്ങൾ 337
174 ഗതിതാൻ താൻ വിളക്കുന്ന 337

പൊരുത്തം

175 കർത്തൃക്രിയാപദങ്ങൾക്കു 337
176 വിശേഷണവിശേഷ്യങ്ങൾ 338
177 നപുംസകത്തിൽ വചന- 338
178 അർത്ഥംതാൻ പ്രത്യയത്തേക്കാൾ 339
179 ലിംഗം സംസ്കൃതനാമങ്ങൾ — 339
180 നാമത്തെ വേറെ നാമത്താൽ 343

സമാസം

180 വിഭക്തിക്കുറി കൂടാതെ 343
181 വിശേഷണവിശേഷ്യങ്ങൾ 345
182 വിശേഷണം വിശേഷ്യത്തോ- 346
183 ദ്വന്ദ്വൻ സമുച്ചയാർത്ഥത്തിൽ 347
184 വിശേഷണീഭാവചിഹ്നം 347
185 സമാസത്തിൽ പരാധീന- 348
186 പ്രതിതിക്കുറവില്ലെങ്കിൽ 349

ശബ്ദോൽപത്തി

187 മൂലപ്രകൃതിയിൽ സാരം 353
188 ദ്വിത്വം, ദൈർഘ്യം, പ്രത്യയത്തിൻ 356
189 പ്രത്യയം സ്വരമോ ചില്ലോ 356
190 ബാഹ്യാഭ്യന്തരഭേദത്താൽ 358
191 സ്വന്തം സാധാരണം ദേശ്യ — 359
192 ബാഹ്യം തത്ഭവമായിട്ടു 359
193 സംസ്കൃതപ്രഥമാരൂപം 361

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • jwra 34, Jagathy • Trivandrum 695014 • india